## വാണിദാസ് എളയാവൂർ



# ഖുർആന്റെ മുന്നിൽ
# വിനയാന്വിതം

# ഖുർആന്റെ മുന്നിൽ വിനയാന്വിതം

വാണിദാസ് എളയാവൂര്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

**QUR'ANTE MUNNIL VINAYAANUITHAM** *(Malayalam)*
(Reiigion/Islam)
By VANIDAS ELAYAVURU
Publishers:
**ISLAMIC PUBLISHING HOUSE**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail: iphdir@gmail.com
Web: www.iphkerala.com
First Published : March 1998
10th Edition: August 2009
Printers: Printarts Offset, Feroke
Rights with the Publishers

Distribution:
I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@dataone.in
I.P.H, M.P. Road, Kozhikode - 673 001
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35
I.P.H, I.P.H. Tower, P.O. Road, Thrissur-1
I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -1
I.P.H, Masjid Building, Kunnumal, Malappuram- 676 505

**Price Rs : 90.00**

QMV Sub 20, SN 330/2000 TC 29500 ISBN 978-81-8271-492-2

# പ്രസ്താവന

ഇസ്ലാമിനെക്കുറിച്ച് അതിന്റെ അനുയായികളല്ലാത്തവരുടെ പഠനങ്ങൾ മലയാളത്തിൽ കുറവാണ്. ഉള്ളവതന്നെ മുൻധാരണയോടെ ഇസ്ലാമിന്റെ ഏതെങ്കിലും ഒരു വശത്തെ ഇകഴ്ത്തിയോ പുകഴ്ത്തിയോ രചിക്കപ്പെട്ടതും.

ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും മനുഷ്യസമൂഹത്തിന്റെ വികാസത്തിൽ ഇസ്ലാമിന്റെ സ്വാധീനം വിസ്മരിക്കാവതല്ല. അജ്ഞതയും അന്ധവിശ്വാസങ്ങളും മാത്രം കൈമുതലായിരുന്ന ജനപദങ്ങളെ ഭൗതികവും ആത്മീയവുമായ വിജ്ഞാനം പകർന്ന് സംസ്കാരത്തിന്റെ പാരമ്യതയിലേക്ക് ഉയർത്തുകയാണ് ഇസ്ലാം സാധിച്ച വിപ്ലവം. 21-ാം നൂറ്റാണ്ടിലെത്തി നിൽക്കുന്ന മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരവും ഇസ്ലാമാണെന്നതിൽ തർക്കമില്ല. കാലപ്രവാഹത്തെ അതിജീവിച്ച വിശുദ്ധഖുർആൻ മൊത്തം മനുഷ്യ സമൂഹത്തിന്റെ സ്വത്തായിട്ടും ജനമനസ്സുകളിൽ എങ്ങനെ തെറ്റിദ്ധാരണകൾക്ക് ഇടം കിട്ടി എന്നത് പഠനാർഹമാണ്.

ഇസ്ലാമിന്റെ ശത്രുക്കളുടെ കുതന്ത്രങ്ങളോടൊപ്പം കാലാന്തരത്തിൽ അനുയായികൾക്ക് വന്ന പിഴവുകളും ഇതിനു കാരണമാണ്. പുതുനൂറ്റാണ്ടിൽ ആധുനികതയുടെ സർവസന്നാഹങ്ങളുമൊരുക്കി പാശ്ചാത്യർ ഇസ്ലാമിനെതിരായ പ്രചാരണം തുടരുകയാണ്. ഇന്ത്യയിൽ ഏക സംസ്കാരത്തിനു വേണ്ടി വാദിക്കുന്നവർ പാശ്ചാത്യ മാധ്യമങ്ങൾ ദുഷ്ടലാക്കോടെ നടത്തുന്ന പ്രചാരണങ്ങൾ ഏറ്റുപിടിക്കുന്നു. രാഷ്ട്രീയാധികാരത്തിനു വേണ്ടി, ചരിത്രം ഏല്പിച്ച മുറിവുകൾ കൂടുതൽ സങ്കീർണമാക്കാനാണ് ശ്രമം.

സംസ്കാരത്തിലും സാക്ഷരതയിലും മുന്നിട്ടുനിൽക്കുന്ന കേരളത്തിൽ പോലും വിഭാഗീയതയുടെ വിത്തുകൾ പാകാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നു. ഈ പശ്ചാത്തലത്തിൽ ഭിന്നമതങ്ങൾ മനസ്സിലാക്കാൻ നടത്തുന്ന ഏതൊരു ശ്രമവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

കേരളത്തിലെ തലയെടുപ്പുള്ള എഴുത്തുകാരൻ ഇസ്ലാമിനെക്കുറിച്ച് നടത്തുന്ന സത്യസന്ധമായ അന്വേഷണമാണ് ഈ കൃതി. ചുറ്റും കാണുന്നതല്ല ഇസ്ലാം എന്ന മുൻവിധി മാത്രമേ ഇതിന്റെ രചനയിൽ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുള്ളൂ. ഇസ്ലാമിനെതിരായ ആരോപണങ്ങൾക്ക് മറുപടിയായല്ല ഈ ഗ്രന്ഥത്തിന്റെ രചനയെങ്കിലും പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കാര്യകാരണസഹിതം ബോധ്യപ്പെടുത്തുന്നു.

കേവലം നാമംകൊണ്ട് ഒരാൾ മുസ്ലിമാവുകയില്ല. ഇസ്ലാം വീണ്ടും സചേതനമാകാൻ അതിന്റെ അനുയായികൾ വിശ്വാസ-കർമ മേഖലകളിൽ പുനർവിചിന്തനത്തിനു തയാറാകണമെന്ന് ഗ്രന്ഥകാരൻ ഉണർത്തുന്നു.

തിരുവനന്തപുരം മുസ്ലിം അസോസിയേഷന്റെ, ഏറ്റവും നല്ല ഇസ്ലാമിക കൃതിക്കുള്ള 2000-ലെ എസ്.എം.എ. കരീം ചാരിറ്റീസ് അവാർഡ് ഈ കൃതി നേടുകയുണ്ടായി.

ഇസ്ലാമിനെക്കുറിച്ച് സ്വതന്ത്രവും സത്യസന്ധവുമായ പഠനം നടത്താൻ ആഗ്രഹിക്കുന്നവർക്ക് ഈ കൃതി വഴികാട്ടിയാവുമെന്നതിൽ തർക്കമില്ല.

**പ്രസാധകർ**

# വാണിദാസ് എളയാവൂര്

1935 ജൂൺ 4-ന് കണ്ണൂർ ജില്ലയിൽ എളയാവൂർ എന്ന ഗ്രാമത്തിൽ ജനിച്ചു. പിതാവ് എം.വി. കൃഷ്ണൻനമ്പ്യാർ. മാതാവ് പടിഞ്ഞാറേവീട്ടിൽ അമ്മാളുഅമ്മ. 36 വർഷ ത്തെ അധ്യാപനത്തിനുശേഷം കൂടാളി ഹൈസ്കൂളിൽനിന്ന് റിട്ടയർ ചെയ്തു. വിശിഷ്ടാധ്യാപകനുള്ള രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. സംഗം വാരിക, താളം ത്രൈമാസിക, സോഷ്യലിസ്റ്റ് വ്യൂ സായാഹ്ന ദിനപത്രം എന്നിവയുടെ പത്രാധിപരായിരുന്നു. ചിലമ്പൊലി, ചന്ദനത്തൈലം, കഥപറയുന്ന കോലത്തുനാട്, കഥചൊരിയുംനാട്, കഥകളുറങ്ങുന്ന കടലോരം, കഥകളുടെ നാട്, വിചാരമേഖല, പ്രവാചകകഥകൾ തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവ്. സാഹിത്യസാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളുമായി ഉറ്റ ബന്ധം. കേരള സർക്കാരിന്റെ ടെക്സ്റ്റ് ബുക് കമ്മറ്റി, സിലബസ് ഇവാല്വേഷൻ കമ്മറ്റി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തുഞ്ചൻസ്മാരക മാനേജിങ് കമ്മറ്റി, നേഷനൽ കൗൺസിൽ ഫോർ ചൈൽഡ് എഡ്യൂക്കേഷൻ നിർവാഹക സമിതി, കേരള ഗ്രന്ഥശാലാ സംഘം അഡ്വൈസറി ബോർഡ് എന്നിവയിൽ അംഗമായിരുന്നു. രചനയിൽ ഒരനുശീലനം എന്ന പ്രബന്ധത്തിന് എൻ.സി.ഇ.ആർ.ടിയുടെയും ഏകകബോധിനി എന്ന ഗ്രന്ഥത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷന്റെയും 'ഖുർആന്റെ മുന്നിൽ വിനയാന്വിതം എന്ന കൃതിക്ക് തിരുവനന്തപുരം മുസ്‌ലിം അസോസിയേഷന്റെയും അവാർഡ് ലഭിച്ചിട്ടുണ്ട്.

ഭാര്യ: കെ.എം. യശോദ

മക്കൾ: അമർനാഥ്, അജിത് കുമാർ, യശോധരൻ, ധർമ്മേന്ദ്രൻ.

വാണിദാസ് എളയാവൂര് എന്നത് തൂലികാനാമം.

ശരിയായ പേര് ഗംഗാധരൻ നമ്പ്യാർ പി.വി.

*വിലാസം:* കൃഷ്ണപുരം, എളയാവൂര്, കണ്ണൂർ - 690 594

# മുഖവുര

ഖുർആൻ അതിസ്ഫോടകമായ ഒരു ദാർശനികഗ്രന്ഥമാണ്. അതിന്റെ യശസ്സും മഹസ്സും സർവാതിശായിയാണ്. കാലാതിവർത്തിത്വം അതിന്റെ സ്ഥായീഭാവമാണെങ്കിലും സ്ഥാപിതതാൽപര്യക്കാർ തൊട്ടുഴിഞ്ഞ് അതിന്റെ മുഖം വിവർണമാക്കിയിരിക്കുന്നു. കാലപ്പാച്ചലിൽ, നമ്മുടെ അശ്രദ്ധകൊണ്ട് അതിന്റെ മുഖപടത്തിന് പൊടിപുരണ്ടിട്ടുണ്ട്. അസഹിഷ്ണുക്കളെപ്പോലെ, അനവധാനതകൊണ്ട് അടുത്തവരും അതിന്റെ അർഥദ്യുതി കെടുത്തിയിട്ടുണ്ട്. ഗ്രീക്കുകാരുടെയും പാശ്ചാത്യരുടെയും വാക്കുകൾ ഖുറാനിക വചസ്സുകളെ വികലമാക്കിയിട്ടുണ്ട്. അർഥമറിയാതെ അക്ഷരമുരുവിട്ടു കഴിയുന്നവരെക്കൊണ്ട് വന്നുപെട്ട ചേതവും ചെറുതല്ല. വിശ്വവിസ്മയം എന്ന് കീർത്തിക്കാവുന്ന ആ വേദഗ്രന്ഥം യഥാർഹം ആദരിക്കപ്പെടാതിരിക്കുന്നു എന്നത് നമ്മുടെ സാമൂഹിക മനസ്സിനെ ബാധിച്ചുകഴിഞ്ഞ ശാപശക്തികൊണ്ടാണ്.

ഖുർആൻ അഥവാ ഇസ്ലാം വീണ്ടും സചേതനവും രചനാത്മകവുമാവണമെങ്കിൽ, പണ്ടെന്നപോലെ മനുഷ്യപുരോഗതിക്കുള്ള പ്രചാലക ശക്തിയായി മാറാനും അനുയായികളെ ജീവിതപൂർണതയിലേക്ക് ആനയിക്കാനും കഴിയണമെങ്കിൽ ആദ്യകാല ഇസ്ലാമിന്റെ ചിന്താബന്ധുരവും സാർവലൗകികവുമായ അന്തഃചോദനം വീണ്ടും കൈവരേണ്ടിയിരിക്കുന്നു. പ്രഖ്യാതമായ 'മസ്നവി' എന്ന ഗ്രന്ഥത്തിൽ തത്കർത്താവായ ജലാലുദ്ദീൻ റൂമി ഇതാവശ്യപ്പെട്ടിട്ടുണ്ട്.

'ഉപ്പ'യുടെയും 'ഉമ്മ'യുടെയും മകനായാൽ മുസൽമാനായി എന്ന ധാരണ അസംബന്ധമാണ്. അചഞ്ചലമായ വിശ്വാസവും വിശ്വാസാവലംബിയായ അനുഷ്ഠാനങ്ങളുമാണ് ഒരുവനെ മുസൽമാനാക്കിമാറ്റുന്നത്. മുഖം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ പിടിച്ചുനില്ക്കുന്നതല്ല സദാചാരം. അല്ലാഹുവിലും അന്ത്യവിധിയിലും മാലാഖമാരിലും വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും ആര് വിശ്വസിക്കുന്നുവോ, തന്റെ സമ്പത്ത് സമസ്രഷ്ടങ്ങൾക്കും അർഥിക്കുന്നവർക്കും ആര് നല്കുന്നുവോ, അടിമകളെ സ്വതന്ത്രരാക്കുകയും അക്ഷരജ്യോതിസ്സിലൂടെ ആത്മവത്ത സാക്ഷാൽക്കരിക്കുകയും ശരിയായ ആരാധന കൈക്കൊള്ളുകയും ചെയ്യുന്നവരാരോ, അപരന്റെ ഹതവിധിയിൽ തിതിക്ഷാപൂർവം തങ്ങളുടെ കരാർ ആര് പാലിക്കുന്നുവോ അവരാണ് നന്മ നിറഞ്ഞവരെന്ന് തിരിച്ചറിയാനുള്ള മതാത്മക സംസ്കാരമാണ് ഒരുവനെ

സത്യവേദവിശ്വാസിയാക്കി മാറ്റുന്നത്.

ഒരു നൂതനസമൂഹത്തിന്റെ സംവിധാനത്തിന്നാവശ്യമായ ആധാര സംരചനയിലാണ് ഇസ്‌ലാം ആദ്യമായും അതിപ്രധാനമായും ശ്രദ്ധിച്ചത്. അതിന്ന് സാമൂഹികമായ ഒരു വിഭാവിതലക്ഷ്യം തെളിവാർന്ന രീതിയിൽ വരച്ചുകാട്ടി. ആ വിഭാവിതലക്ഷ്യത്തിന്നനുരോധമായി വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തെ രൂപപ്പെടുത്തുവാൻ ആചാരാനുഷ്ഠാനങ്ങൾ ചിട്ടപ്പെടുത്തി. അവ്യവസ്ഥിതവും അനാസൂത്രിതവും ഒരളവിൽ അപരിഷ്കൃതവുമായ മനുഷ്യജീവിതത്തെ നവീകരിച്ചെടുക്കുവാനുള്ള വിഭാവനയാണ് അതിന്റെ പിറകിൽ സ്പന്ദിക്കുന്നത്. ജന്തുസഹജമായ, സർവജീവി സാധാരണമായ പ്രാകൃതാവസ്ഥയിൽ നിന്നുള്ള മോചനമാണത്. ദൈവമാർഗത്തിലുള്ള വരിഷ്ടമായ ഒരു ഉപാസനം 'താനൊറ്റയിൽ' എന്ന അനാഗരികാവസ്ഥയിൽനിന്ന് 'സമൂഹത്തിലെ ഞാൻ' പിറക്കുന്നതവിടെയാണ്. സാമൂഹിക ജീവിയായ മനുഷ്യന്റെ ധർമദൗത്യങ്ങൾ അവിടെ തെളിഞ്ഞുവരുന്നു. സ്രഷ്ടാവായ പരംപൊരുളിന്റെ ഏകത്വവും അതുവഴി ബോധ്യപ്പെട്ട സമഷ്ടിയോടുള്ള തന്റെ അഭിന്നഭാവവും അവിടെ കതിർവെട്ടം ചൊരിയുന്നു. ഇവയെല്ലാം മനുഷ്യന്റെ സാമൂഹികാന്തരീക്ഷത്തിലെ പ്രതിഭാസങ്ങളാണെങ്കിൽ അവന്റെ ചിദാകാശത്തിലും തദനുസാരമായ മാറ്റങ്ങളുണ്ടാവണം. മനുഷ്യന്റെ ഹൃദയാകാശത്തിലവസ്ഥാനം ചെയ്യുന്ന പ്രാകൃത വികാരങ്ങളെ വിമലീകരിച്ച് അവിടെ ദേവഭാവനകൾ വിളയിക്കണം. ധാർമികമായി ഏറെ താഴ്ന്ന അവസ്ഥയിൽ കഴിയുന്ന മനുഷ്യനെ പടിപടിയായി ഉയർത്തി വളർത്തി ഈശ്വരസങ്കേതത്തിലെത്തിക്കാൻ പോരുന്ന നൈതികവ്യവസ്ഥകൾ ഖുർആൻ വരച്ചുകാട്ടിയിട്ടുണ്ട്.

പക്വതയും പ്രബുദ്ധതയുമാർന്ന വ്യക്തി; പരിഭ്രദ്രവും പ്രകാശമിയന്നതുമായ സമൂഹം - അടുത്തത് ദൈവസന്നിധിയിലുള്ള സമർപ്പണമാണ്. സർവജ്ഞനും സമസ്തലോകവിധാതാവുമായ ആ അഖണ്ഡസ്വരൂപത്തിനു മുന്നിലുള്ള ആത്മത്യാഗപ്രവണമായ സമർപ്പണം. ഒന്നും മാറ്റിവെക്കാതെ, ഉപാധികളേതുമില്ലാതെ, അനാസക്തമായ ആത്മസമർപ്പണം. അങ്ങനെയാണ് ഖുറാനികദർശനം 'ഇസ്‌ലാം' ആകുന്നത്. ജീവിതപൂർണത അവിടെ സാക്ഷാൽക്കരിക്കപ്പെടുന്നു. നിഷ്കാമകർമത്തിന്റെയും ആത്മപരയോരൈക്യത്തിന്റെയും അഭിരാമഭാവം അവിടെ പൂ വിരിക്കുന്നു. എനിക്ക് എന്റേതായൊന്നുമില്ലെന്നും ഉണ്ടെന്ന് തോന്നുന്നതെല്ലാം സകലാധിനാഥനായ ദൈവത്തിന്റേതാണെന്നും എന്റെ ധർമകർമങ്ങളും വികാരവിചാരങ്ങൾ പോലും ദേവാർച്ചനയ്ക്കുള്ള ഹവിസ്സുകളാണെന്നും അതിൽനിന്നന്യമായി മറ്റൊന്നുമില്ലെന്നുമുള്ള സമ്പൂർണസമർപ്പണത്തിലാണ് ഇസ്‌ലാം സായൂജ്യം കൊള്ളുന്നത്.

"നിശ്ചയമായും തന്റെ ജീവിതം ദൈവത്തിനായർപ്പിക്കുകയും പൂർണമായി അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടുകയും ചെയ്യുന്നവൻ, വാങ്മാത്രമായ വിശ്വാസം കൊണ്ട് തൃപ്തിപ്പെടാതെ അതിനെ സൽക്കർമങ്ങളാൽ സാക്ഷാൽക്കരിക്കുന്നവനത്രേ മുക്തൻ. അവന്ന്

തന്റെ രക്ഷിതാവിന്റെ പക്കൽ പ്രതിഫലമുണ്ട്. ഇങ്ങനെയുള്ളവർക്ക് യാതൊരു ഭീതിയുമില്ല. അവൻ ഖേദിക്കേണ്ടിവരുകയുമില്ല." (വി.ഖു. 2:112)

"പറയുക, എന്റെ പ്രാർഥനയും എന്റെ പരിത്യാഗവും എന്റെ ജീവിതവും എന്റെ മരണവും എല്ലാം ലോകാധിനാഥനായ, കൂട്ടുകാരനില്ലാത്തവനായിരിക്കുന്ന ദൈവത്തിനാകുന്നു. ഇതിന്നായിട്ടത്രേ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഇസ്‌ലാം എന്ന വാക്കിന്റെയർഥത്തിൽ ജീവിക്കുന്നവരിൽ, അതായത് ദൈവമാർഗത്തിൽ സ്വയം അർപ്പിച്ചിരിക്കുന്നവരിൽ ഞാൻ ഒന്നാമനാകുന്നു." (വി.ഖു. 6:163)

മനുഷ്യനെ പ്രാകൃതമായ ശാരീരികാവസ്ഥയിൽനിന്ന് ധാർമികാവസ്ഥയിലേക്കും അവിടെനിന്ന് അതിരില്ലാത്ത ആത്മീയൗന്നത്യത്തിലേക്കും ഉയർത്തിക്കൊണ്ടുപോവുകയാണ് ഖുർആൻ സാധിക്കുന്ന വരിഷ്ടകർമം.

ഖുർആൻ വായിച്ചു; ഹദീസുകളുടെ അക്ഷരപ്പടവുകളിലൂടെ വിയർത്തു നടന്നു. മഹിതാശയങ്ങളുടെ സ്വർഗകവാടങ്ങൾ തുറന്നുകിട്ടിയതുപോലൊരു തോന്നൽ. പിന്നെപ്പിന്നെ ഖുർആനും ഹദീസുകളും പ്രവാചകജീവിതവും വിശകലനം ചെയ്യുന്ന പരശ്ശതം ഗ്രന്ഥങ്ങൾ വായിക്കാൻ കഴിഞ്ഞു. ഖുർആന്റെ പതിനഞ്ചോളം ഭാഷ്യങ്ങൾ മനസ്സിരുത്തി വായിക്കാൻ ഭാഗ്യമുണ്ടായി. (പിക്താൾ, യൂസുഫലി, മൗദൂദി, ആസാദ്, ആർബറി, ടി.കെ., മുട്ടാണിശ്ശേരിയിൽ, ഹാഫിസ് അബ്ദുൾ ഗഫാർ, സി.എൻ. തുടങ്ങിയവരുടേത്.) അവയിലെ ഓരോ അധ്യായത്തിനും പണ്ഡിതന്മാർ നല്കിയിട്ടുള്ള വ്യാഖ്യാനങ്ങളും അർഥകല്പനകളും അപാരസാഗരം പോലെ എന്നിൽ വിസ്മയം വിരിയിച്ചു. ഹദീസുകളുടെ പശ്ചാത്തലത്തിൽ ഖുർആനിക സൂക്തങ്ങളെ പുനർവിചാരത്തിന് വിധേയമാക്കിയപ്പോൾ അത്യനവദ്യമായ സവിശേഷാസ്വാദനത്തിന്റെ ശാദ്വലഭൂതലത്തിലൂടെ സഞ്ചരിച്ച ദിവ്യാനുഭവമാണെനിക്കുണ്ടായത്. ഖുർആന്ന് സ്വജീവിതം കൊണ്ട് ഭാഷ്യം രചിച്ച പ്രവാചകൻ എന്നിൽ മറ്റൊരു മഹാവിസ്മയമായിരുന്നു.

ഖുർആനിക ദർശനം വിടർത്തിക്കാട്ടിയ മായൂരപിഞ്ഛത്തിന് മുന്നിൽ ഒന്നും തിരിയാത്ത ഒരു കൊച്ചുകുട്ടിയെപ്പോലെ ഞാൻ തരിച്ചുനിന്നു. എന്നെ വല്ലാതെ സ്വാധീനിച്ച വിശ്വമഹാഗ്രന്ഥങ്ങളിലൊന്നായി ഖുർആൻ മാറുകയായിരുന്നു. എന്റെ മനസ്സിൽ മണിനാദമായും നാക്കിൻ തലപ്പിൽ മധുരമായും തൂലികത്തുമ്പിൽ പൊലിമയായും വർത്തിക്കുന്ന ദിവ്യചൈതന്യത്തിന്റെ അക്ഷയസ്രോതസ്സായി ഖുർആൻ ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. 'വായിക്കാനറിയാത്ത ഒരു വ്യക്തി വായിച്ചു പറഞ്ഞ ദർശനവിസ്മയ'ത്തിന് മുന്നിൽ ഞാൻ നില്ക്കുന്നു, വിനയാന്വിതം. ഖുർആൻ എന്റെ മനസ്സിലുണ്ടാക്കിയ ആഘാത (impact)ങ്ങൾക്ക് അക്ഷരരൂപം നല്കിയവതരിപ്പിക്കുകയാണ് ഞാൻ. പ്രാർഥനയിതാണ്: ആരുമിതിൽ ധിക്കാരം കാണരുത്, വിനയാതിരേകമല്ലാതെ.

-വാണിദാസ് എളയാവൂര്.

# ഉള്ളടക്കം


1. തമസ്സിൽനിന്ന് ജ്യോതിസ്സിലേക്ക് ..... 13
2 പ്രവാചകന്മാരുടെ പ്രസക്തി ..... 17
3. പ്രവാചക ജീവിതം ..... 19
4. ഖുർആൻ രൂപമണിയുന്നു ..... 31
5. വിശുദ്ധിയുടെ കൈകളിൽ വിളമ്പിയ മൃതജീവനി ..... 38
6. സർവാതിശായിയായ വേദഗ്രന്ഥം ..... 44
7. വേദഗ്രന്ഥം വഴി നയിക്കുന്നു ..... 50
8. വഴികാട്ടിയും വെളിച്ചവും ..... 52
9. മുഖ്യപ്രമേയം മനുഷ്യൻ ..... 56
10. വിശുദ്ധ വിശ്വാസ ശിലകളും തെളിഞ്ഞുയർന്ന കർമ്മസ്തംഭങ്ങളും ..... 59
11. വിശുദ്ധ ഖുർആൻ പ്രതിപാദ്യത്തിന്റെ പ്രകൃതം ..... 62
12. സത്യവേദത്തിന്റെ സവിശേഷ സമീപനം ..... 67
13. ഇസ്‌ലാം – ഒരു സമന്വയ ദർശനം ..... 72
14. ഇസ്‌ലാം – വിശ്വമാനവിക ദർശനം ..... 77
15. ആത്മോന്നതിക്കും പരോൽക്കർഷണത്തിനും വേണ്ടി ..... 81
16. ജീവിത പൂർണതയ്ക്ക് ..... 87
17. ഒരു ധീരനൂതന സമൂഹം ..... 92
18. ഒരാദർശ സമൂഹം ..... 96
19. മനസ്സിൽ മുഴങ്ങുന്ന ശബ്ദം ..... 100
20. ഏകത്വം ഉപാസിക്കപ്പെടുന്നു ..... 106
21. സത്യവേദത്തിന്റെ അനുഷ്ഠാനതലം ..... 114
22. അറിവിന്റെ മുന്നിൽ സാദരം സത്യവേദം ..... 121
23. മനഃശുദ്ധിക്കുള്ള മംഗളവേള ..... 134
24. സംസ്കരിക്കാനും സമൃദ്ധമാക്കാനും സക്കാത്ത് ..... 141
25. അടിമവ്യവസ്ഥക്കെതിരെ ..... 148
26. കൃഷിഭൂമി കൃഷിക്കാരന് ..... 157
27. മുതലാളിത്തത്തിനും സോഷ്യലിസത്തിനുമപ്പുറത്ത് ..... 159
28. ഇസ്‌ലാം അക്രമണോത്സുകമല്ല ..... 164
29. സഹിഷ്ണുതയുടെ സത്യവേദം ..... 180
30. എല്ലാ വേദഗ്രന്ഥങ്ങളെയും ആദരിക്കുക ..... 187
31. സ്ത്രീയെ വെളിച്ചത്തിലേക്ക് നയിച്ച വിമോചന ശാസ്ത്രം ..... 190
32. സാമ്പത്തിക കാര്യത്തിൽ സമാനത, പിന്തുടർച്ചാവകാശത്തിൽ കേവല നീതി ..... 199
33. ബഹുഭാര്യാത്വം – ഒഴിവാക്കാൻ കഴിയാത്ത ഒരു വിന ..... 206
34. തലാഖ്: അനുവദിക്കപ്പെട്ട കാര്യങ്ങളിൽ ഏറെ വെറുക്കുന്നത് ..... 218
35. പൗരോഹിത്യം വികൃതമാക്കിയ മതതലം ..... 225
36. മഹത്തരമായ പൂർത്തീകരണം ..... 228
37. മതം മാർഗമാണ് ..... 232
38. മണ്ണിലേക്കോ വിണ്ണിലേക്കോ? ..... 235
39. അസദൃശം, അത്യുദാത്തം ..... 239

**വേദഗ്രന്ഥത്തെക്കുറിച്ച് ..... 242**

# 1. തമസ്സിൽനിന്ന് ജ്യോതിസ്സിലേക്ക്

●

താളപ്പിഴകളുടെ ലോകം!
''കരയിലും കടലിലും ഒരുപോലെ
അധർമ്മം വ്യാപിച്ചിരിക്കുന്നു.'' 30:41
അധർമ്മത്തിന്റെ മുഖത്തിന് കുറേക്കൂടി
കറുപ്പും കരുത്തും കൈവന്നതുപോലെ.
അജ്ഞത, അനാഗരികത, അനേകഭാര്യാത്വം
ആഭിചാരം, അധർമ്മകർമ്മങ്ങൾ, മദ്യപാനം
മനുഷ്യമാംസഭോജനം, വ്യഭിചാരം, ചൂതാട്ടം
ഈശ്വര നിഷേധം-
അവതാളങ്ങളുടെ വിസ്മയകരമായ വൈചിത്ര്യം!

ആ കാളരാത്രിയുടെ ഭീകരഭാവം
മനുഷ്യചേതനയെ വിറങ്ങലിപ്പിച്ചു.
നക്ഷത്രങ്ങൾ പോലും കണ്ണുകാട്ടാനറച്ചുനിന്നു!
അങ്ങ്, അനന്തതയിൽ, അവ്യക്തതയിൽ
ദേവവീണയുമായി വന്ന ഒരു ഗാനഗന്ധർവൻ
ശ്രുതിമീട്ടി........
''നിങ്ങൾക്ക് നിങ്ങളുടെ അമ്മമാർ
നിരോധിക്കപ്പെട്ടിരിക്കുന്നു.'' 4:23
''വ്യഭിചാരം ചെയ്യരുത്;
ജാര സംസർഗ്ഗമരുത്'' 5:5
''നിങ്ങളുടെ സന്താനങ്ങളെ
നിങ്ങൾ കൊല്ലാതിരിക്കുവിൻ'' 6:152
''മദ്യപാനവും ചൂതാട്ടവും പ്രതിമാപൂജനവും
ശകുനദർശനവുമെല്ലാം
അശുദ്ധവും പൈശാചികവുമായ കർമ്മങ്ങളാകുന്നു'' 5:90

വർത്തമാനകാല സമൂഹത്തിലെ ജീർണ്ണതകളെ നോക്കിയാണ് ആ പരാമർശങ്ങളെല്ലാം. അത്രമാത്രം ഹീനവും ഹേയവും ശ്മശാന സദൃശവുമായിരുന്നു സാമൂഹ്യാന്തരീഷം. മാനവികതയുടെ സൂക്ഷ്മ സ്ഫുരണം ജനജീവിതത്തിന്റെ നാലയലത്തുപോലും കാണാൻ കഴിഞ്ഞില്ല. സർവസംഹാരകമായ രാക്ഷസീയത കളിവിളയാട്ടം നടത്തുന്ന ആ കാളരാത്രിയിൽ ''കര

യിലും കടലിലും ഒരുപോലെ അധർമ്മം വ്യാപിച്ചിരുന്ന'' ആ ദശാസന്ധി യിൽ ഒരു പ്രവാചകന്റെ പ്രത്യക്ഷം അനിവാര്യമായിരുന്നു. അവിടെയാണ് വരവീണയുമായി ആ ദേവഗായകൻ കടന്നുവരുന്നത്.

സഫാമലയുടെ ഉയരങ്ങളിൽ ദേവവീണയുമായി റസൂൽ നിന്നു. കരാം ഗുലികൾ വീണാതന്ത്രികളിൽ പതുക്കെ ഇഴഞ്ഞുനീങ്ങി. ഗാനവീചികൾ ജന ഹൃദയങ്ങളിൽ പ്രതിസ്ഫന്ദമുളവാക്കി. വിശ്വവശ്യമായ ആ വരിഷ്ടഗാന ത്തിന്റെ മാസ്മരശക്തി ആയിരങ്ങളെ ആകർഷിച്ചു. സ്വന്തം അന്തര്യാമിയുടെ സ്വരധാരയായി അനുവാചകന് ആ ഗാനം അനുഭവപ്പെട്ടു.

വിശുദ്ധഖുർആന്റെ പരിഭാഷയ്ക്ക് ആമുഖം കുറിക്കവെ, എ.ജെ. ആർബറി ഇങ്ങനെ പരാമർശിച്ചു:

"When ever I hear the Quran chanted it is as though I am listening to music, underneath the following melody there is sounding all the time the insistend beat of a drum, it is like the beating of my heart."

ആർണോൾഡ് ജോസഫ് ടോയിൻബിയുടെ വചസ്സുകൾ വിശ്രുതങ്ങ ളാണ്.

"When the west was sunk in darkness a bright star rose in the eastern firmament and gave light and comfort to the groaning world."

(പടിഞ്ഞാറൻ ദിക്കാകെ അന്ധകാരത്തിലാണ്ടുമുങ്ങിയപ്പോൾ കിഴക്കിന്റെ നഭസ്ഥലിയിൽ ഒരുജ്ജ്വല താരകം ഉയർന്നുപൊങ്ങി. ദുഃഖാർത്തമായ ലോക ത്തിന് അത് പ്രകാശവും ആശ്വാസവും നൽകി).

ഇരുളിന്റെ ആഴക്കടലിൽനിന്ന് വെളിച്ചത്തിന്റെ പവിഴദ്വീപുയർത്താൻ, പ്രാകൃത മനുഷ്യനിൽനിന്ന് ദേവപ്രതിഭയെ കരുപ്പിടിപ്പിക്കാൻ, ബദ്ധപരികര നായി പ്രവാചകൻ പരിശ്രമിച്ചു.

ഉദാത്തോജ്ജ്വലമായ ഒരുവരിഷ്ട ലക്ഷ്യം–
പൂർണ്ണമനുഷ്യനെ രൂപപ്പെടുത്തുക!
ജീവിതത്തെ സാർത്ഥകവും
സമ്പൂർണ്ണവുമാക്കിപ്പരിവർത്തിപ്പിക്കുക!
അതിന്?
പൊട്ടിത്തകർന്ന വീണക്കമ്പികൾ
കെട്ടിമുറുക്കണം
ആ വീണയിൽ നാദാമൃതം പകരണം
അവയെ ദേവഗാനത്തിന്റെ
ആലാപനമാക്കി മാറ്റണം
അഥവാ
മൃഗതുല്യം ജീവിച്ചുപോന്ന ജനതയെ
മനുഷ്യസമൂഹമായി രൂപാന്തരപ്പെടുത്തണം.
മനുഷ്യനെ സാമൂഹ്യപ്രയോജനമുള്ള
പ്രബുദ്ധ പൗരനായി പരിവർത്തിപ്പിക്കണം.
അവനെ ദൈവികതയുടെ ഔന്നത്യത്തിലേക്ക്
ഉയർത്തിക്കൊണ്ടുപോകണം.

ആ ഉന്നതവും ഉദാത്തവുമായ ലക്ഷ്യമാണ് വേദഗ്രന്ഥത്തിന് നിർവഹി ക്കാനുണ്ടായിരുന്നത്. മൃഗപ്രായനെ മനുഷ്യനാക്കുവാനും മനുഷ്യനെ ആദ്ധ്യാ

ത്മിക സമുന്നതിയിലേക്കുയർത്താനും ഖുർആൻ ഒരു കൈവിളക്കായിവർത്തിക്കുന്നു. ആ കൈവിളക്കുമായി നിങ്ങളെ സമീപിക്കുന്നത് നിങ്ങൾക്കപരിചിതനല്ല. നിങ്ങളെ നേരിലറിയുന്ന, നിങ്ങളുടെ സമസ്ത സ്ഫന്ദങ്ങളും അനുഭവിച്ചറിഞ്ഞ 'വിശ്വസ്തനായ' ഒരെളിയ മനുഷ്യനാണ്.

തനിക്കുവേണ്ടിമാത്രം ജീവിച്ചുപോന്ന മനുഷ്യനെ
ദൈവത്തിനുള്ളതാക്കിത്തീർക്കുക
മഹത്തായ ഈ മാറ്റത്തിന്നാവശ്യമായതെല്ലാം
ഖുർആനിലുണ്ട്–
അത് ചൂണ്ടുന്ന വഴിയിലൂടെ മുന്നേറുക.

അത്യന്തബന്ധുരവും അത്യനവദ്യവുമായ ഒരു ഉപാസനയാണത് – ഒരാത്മത്യാഗം. പരം പൊരുളിന്റെ അസ്തിത്വത്തിൽ അചഞ്ചലമായ വിശ്വാസം പ്രഖ്യാപിക്കുക. ആ മഹിത ചൈതന്യത്തിനു മുന്നിൽ തന്റെ സരളവും ലളിതവും വിനീതവുമായ, ജീവസ്ഫുരണത്തെ നിരുപാധികം സമർപ്പിക്കുക. അനന്ത ചൈതന്യത്തിനു മുന്നിലുള്ള ആത്മചൈതന്യത്തിന്റെ നിരുപാധികമായ കീഴ്വഴങ്ങലാണ്, സമർപ്പണമാണ് ഇസ്‌ലാം. സമ്പത്തിനും പദവിക്കും അധികാരത്തിനും മുന്നിലല്ല, സത്യവും സനാതനവും നിത്യവുമായ ഈശ്വരത്വത്തിനു മുന്നിലാണ് സമർപ്പണം. സമ്പത്തും പദവിയും അധികാരവും പടുത്തുയർത്തുന്ന ശക്തി സൗധങ്ങളുടെ മുന്നിൽ അടിപണിയാനാവശ്യപ്പെടുന്ന നേർത്ത സൂചനപോലും ആ വേദഗ്രന്ഥത്തിലില്ല. സർവശക്തനായ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം, നിർഭയത്വത്തിലേക്കും അതുവഴി ആത്മബോധത്തിലേക്കും അനുവാചകനെ നയിക്കുന്നു. മനുഷ്യകൃതമായ അനീതിക്കും അധർമ്മത്തിനുമെതിരെ ആത്മവീര്യം വളർത്താൻ ഖുർആനിക ദർശനം പ്രേരണനൽകുന്നു.

''നിശ്ചയമായും തന്റെ ജീവിതം ദൈവത്തിനായി സമർപ്പിക്കുകയും പൂർണ്ണമായി അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടുകയും ചെയ്യുന്നവനാണ്, വാങ്മാത്രമായ വിശ്വാസം കൊണ്ട് തൃപ്തിപ്പെടാതെ അതിനെ സൽക്കർമങ്ങളിൽ സാക്ഷാൽക്കരിക്കുന്നവനാണ് മുക്തൻ. അവന്ന് തന്റെ രക്ഷിതാവിന്റെ പക്കൽ പ്രതിഫലമുണ്ട്, അവന്ന് നോവനുഭവിക്കേണ്ടിവരുന്നുമില്ല.'' 2:112.

ആ ദേവഗായകൻ – റസൂൽ – തന്റെ വരവീണയിലുയർത്തിയ ഗാനം നാമാസ്വദിക്കുന്നു. അതിന്റെ താളലയങ്ങൾ നമ്മെ രോമാഞ്ചമണിയിക്കുന്നു. ആ വിശിഷ്ടാനുഭൂതി നമ്മുടെ ഹൃദയത്തിന്റെ ചുണ്ടുകളിൽ സദാ അനുരണനം ചെയ്യുന്നു. ആ ദേവഗാനത്തിന്റെ പൊരുളും പെരുമയും നാം കീർത്തിക്കുന്നു. എന്നാൽ അത്തരം ''വാങ്മയ വിശ്വാസം കൊണ്ട് തൃപ്തിപ്പെടാതെ അതിനെ സൽക്കർമങ്ങളിൽ സാക്ഷാൽക്കരിക്കണ''മെന്ന വൈദികാനുശാസനം നാം മറക്കാതിരിക്കുക. ''അവന് മാത്രമെ മുക്തിയുള്ളു'' എന്ന പരികല്പനം നമ്മിലുണർന്നിരിക്കട്ടെ!

നമ്മുടെ ജീവിതവീണയിലെ തന്ത്രികളാകെ തകർന്നിരിക്കുന്നു. അതിനാൽ അതിലുണരുന്ന ശബ്ദം വികൃതവും ബീഭത്സവുമായിത്തീർന്നിരിക്കുന്നു. പ്രവാചകൻ നമ്മുടെ മുന്നിൽ നില്ക്കുന്നു. വരവീണ മീട്ടിപ്പാടുന്നു. നാമത് കാണുന്നു, കേൾക്കുന്നു. പൊട്ടിത്തകർന്ന നമ്മുടെ ഹൃദയവീണയിലെ തന്ത്രികൾ തദനുസാരം മുറുക്കിക്കെട്ടുക. അതിൽ ദേവഗാനത്തിന്നനു

സരണമായ സ്വരതരംഗങ്ങളുയർത്തുക. ഖുർആനിക ദർശനം നിറം കൊടുത്ത, മധുരം ചേർത്ത ജീവിതാനുഭൂതികളുടെ ഉടമകളായി നാം രൂപാന്തരപ്പെടുക – പുഴുവിൽനിന്ന് ശലഭം പോലെ.

''നിങ്ങൾ പടിപടിയായുയർന്ന് മേല്പോട്ട് പോയ്ക്കൊണ്ടേയിരിക്കും'' 84:19

അപരിഷ്കൃതിയിൽനിന്ന് നാഗരികതയിലേക്ക്, അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്ക്, തമസ്സിൽനിന്ന് ജ്യോതിസ്സിലേക്ക്.

# 2. പ്രവാചകന്മാരുടെ പ്രസക്തി

പ്രപഞ്ചശില്പങ്ങളെല്ലാം – മനുഷ്യൻപോലും – ഈശ്വരസമ്പത്താണ്. പ്രപഞ്ചപ്രതിഭാസങ്ങളുടെ ഉള്ളിൽ നിറഞ്ഞും പിന്നിൽ ഒളിഞ്ഞും പ്രവർത്തിക്കുന്ന ഏകവും പരമവുമായ ആ മഹച്ഛക്തിയെക്കുറിച്ചറിയാൻ കഴിഞ്ഞവരെ ലോകഹൃദയം അത്യാദരപൂർവം സ്മരിക്കുന്നു.

പ്രപഞ്ച വസ്തുക്കളിലും ജീവരാശികളിലാകെത്തന്നെയും നിത്യമായ ഒരു താളം സൂക്ഷ്മ ശ്രോത്രങ്ങൾക്ക് കേൾക്കാൻ കഴിയുന്നു. ഈ താളം പിഴയ്ക്കാത്തേടത്തോളം കാലം ജീവിതത്തിന്റെ സ്വസ്ഥത നഷ്ടപ്പെടുന്നില്ല. സ്വരവൈകൃതവും അവതാളവുമാണ് പ്രപഞ്ചത്തിലെ സമസ്ത ദുഃഖങ്ങൾക്കും പരമകാരണമായി വർത്തിക്കുന്നത്.

അമ്മയുടെ ഗർഭപാത്രത്തിൽനിന്ന് ഗർഭസ്ഥയായ ശിശു ഒരു താളം പരിചയിക്കുന്നുണ്ട്. അവനവിടെ സ്വസ്ഥനും സുഖിയുമാണ്. ഒരു മുഹൂർത്തത്തിലവൻ ഭൂമിയിലേക്കു കടന്നുവരുന്നു. ക്രമീകൃത താളങ്ങളുടെ അന്തരീക്ഷത്തിൽനിന്ന് അക്രമമായ താളങ്ങളുടെ പ്രപഞ്ചത്തിലേക്കാണ് അവൻ ഇറങ്ങുന്നത്. അവൻ പരിഭ്രമിച്ചു. അവൻ പൊട്ടിക്കരഞ്ഞു. പൊട്ടിക്കരഞ്ഞ അവനെ മാറോട് ചേർത്തുപിടിച്ച് പരിചിതമായ താളപ്രപഞ്ചവുമായി പുനർബന്ധിപ്പിക്കുന്നു. അവൻ ആശ്വാസം കൊള്ളുകയായി. കുരങ്ങുപോലും, അസ്വസ്ഥനായ തന്റെ കുട്ടിക്കുരങ്ങനെ നെഞ്ചിൽ ചേർത്തമർത്തിയാണ് ആശ്വസിപ്പിക്കുന്നത്. താളമാണ് സ്വാസ്ഥ്യത്തിന്റെ പരമാവലംബം. ഈ സുസ്വരതയാണ്, താളലയസുസ്ഥിതിയാണ് സുഖവും ആനന്ദവുമെല്ലാം.

നോവുതിന്നുന്ന മനുഷ്യാത്മാക്കളോട് അനുതപിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന വിശിഷ്ട വികാരമാണ് സ്നേഹം. മനുഷ്യാത്മാക്കളുടെ ഈ സഹഭാവം പ്രാകൃതികമായ ഒരു താളക്രമമാണ്. എന്നാൽ സ്വാർത്ഥപരതയുടെ ലഹരിയണിഞ്ഞുവരുന്ന ലോഭ മോഹങ്ങൾ ഈ താളക്രമത്തെ വികലമാക്കുന്നു. അനുക്ഷണ വിവർദ്ധകമായ ആ ലഹരി മനുഷ്യനെ പിശാചാക്കുന്നു. അവരുടെ സമൂഹം കാളരാത്രിയുടെ ഭീകരതയുമായി സമസ്ത സദ്ഭാവങ്ങൾക്കുമെതിരെ ആയുധമണിയുന്നു. അവിടെ, ആ താളപ്പിഴയിൽ ജീവിതം അത്യന്ത ഭീകരവും ദുസ്സഹവുമായി മാറുന്നു. അവിടെയാണ് പ്രവാചകന്മാരുടെ പ്രസക്തി. നഷ്ടപ്പെട്ട താളക്രമങ്ങളുടെ പുനഃസൃഷ്ടിയാണ് പ്രവാചകരുടെ ദൗത്യം. പ്രവാചകത്വത്തിന്റെ ദാർശനിക സാധുതയെക്കുറിച്ച് നമുക്കൊന്നന്വേഷിക്കാം:

പ്രത്യക്ഷം, അനുമാനം, ഉപമാനം, അർഥാവത്തി, അനുപലബ്ധി – ഇവ യഞ്ചും ഇന്ദ്രിയജ്ഞാനോപലബ്ധങ്ങളാണ്. അറിവിന്റെ അഞ്ചു മുഖങ്ങളാണവയെന്ന് ഭാരതീയ ദർശനതലം നമ്മെയറിയിക്കുന്നു. ഇവയെല്ലാം ഇന്ദ്രിയ ജ്ഞാനങ്ങളാണ്. ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയ്ങ്ങളും മനസ്സിന്റെ പ്രത്യക്ഷബോധവും സമാർജ്ജിക്കുന്ന ജ്ഞാനവിശേഷങ്ങളെല്ലാം ഈ ആശയ വിസ്തൃതിയാലുൾച്ചേരുന്നു. ഈ മേഖലകളിലാണ് ശാസ്ത്രകാരൻ വിഹരിക്കുന്നത്. അനുഭവങ്ങളിൽനിന്നും അനുഭവങ്ങളെ അവലംബമാക്കിയുള്ള വിഭാവനകളിൽനിന്നും ഉൽഭിന്നമാകുന്ന ജ്ഞാനസമ്പത്തുകളെയാകെ പ്രത്യക്ഷജ്ഞാനമെന്നാണ് ദാർശനികന്മാർ വിശേഷിപ്പിക്കുന്നത്.

അറിവിന്റെ അപരഖണ്ഡം ആദ്ധ്യാത്മികജ്ഞാനമാണ്. ജ്ഞാനേന്ദ്രിയങ്ങൾക്കും കർമേന്ദ്രിയങ്ങൾക്കും അപ്രാപ്യമാണാ രംഗം. മനസ്സിന്റെ ബോധതലമാകെ അവിടെ വഴിമുട്ടി നില്ക്കുന്നു. ജ്ഞാനേന്ദ്രിയങ്ങളും കർമേന്ദ്രിയങ്ങളും മനസ്സിന്റെ ബോധതലവും താൽപര്യപൂർവം ശ്രമിച്ചാൽ സമാർജ്ജിക്കാനും സ്വായത്തമാക്കാനും കഴിയുന്നതാണ് പ്രാപഞ്ചികമായ അറിവെങ്കിലും ആദ്ധ്യാത്മിക ജ്ഞാനം സ്വയമാർജ്ജിക്കാൻ എല്ലാ മനസ്സുകൾക്കും ഒരുപോലെ കഴിഞ്ഞെന്നുവരില്ല. പ്രത്യക്ഷജ്ഞാനത്തിന്നപ്പുറത്തുള്ള ആ അജ്ഞാതമേഖലയെക്കുറിച്ച് അറിവ് നൽകുന്നതിനുവേണ്ടിയാണ് പ്രവാചകന്മാരെ നിയോഗിച്ചിട്ടുള്ളത്. ഇസ്‌ലാമിക വീക്ഷണമനുസരിച്ച് പ്രവാചകന്മാരിലൂടെയാണ് ആദ്ധ്യാത്മികജ്ഞാനം ലോകത്തിന് കൈവരുന്നത്.

വിഷയവിലീനമായ ചിത്തത്തെ യോഗസാധനയിലൂടെ വിനിർമുക്തമാക്കി (യോഗഃ ചിത്തവൃത്തി നിരോധഃ) പരമാർത്ഥികജ്ഞാനസമാർജ്ജനത്തിന് പ്രാപ്തമാക്കാൻ കഴിയുമെന്ന് ഭാരതീയ ദർശനം പ്രഘോഷിക്കുന്നുണ്ട്. യോഗശാസ്ത്രജ്ഞനായ പതഞ്ജലിയുടെ സിദ്ധാന്തമനുസരിച്ച് യോഗാനുഭൂതിക്ക് മാർഗ്ഗങ്ങളുണ്ട്, അതുവഴി ആദ്ധ്യാത്മിക ജ്ഞാനോപാസനയ്ക്കും. എന്നാൽ, ഇസ്‌ലാമിക ദർശനമനുസരിച്ച് ആദ്ധ്യാത്മികജ്ഞാനം പ്രചരിപ്പിക്കാൻ സമർഹനായ പ്രവാചകനാവുകയെന്നതു ദൈവനിയോഗമാണ്. ആഗ്രഹിക്കുന്നവർക്കെല്ലാം കൈവരുന്ന ഒന്നല്ല പ്രവാചകത്വം. ദൈവം നിയോഗിക്കുന്നവർ പ്രവാചകന്മാരായിമാറുന്നു. ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ ചൈതന്യസ്ഫുരണമാണ് വെളിപാടുകളിലൂടെ പ്രവാചകന്റെ മനസ്സിലൊഴുകിയെത്തുന്നത്. അതിനാൽ ഇന്ദ്രിയജന്യങ്ങളായ പ്രത്യക്ഷജ്ഞാനവും പ്രവാചകനിലൂടെ അവതീർണമാകുന്ന ആധ്യാത്മിക ജ്ഞാനവും സമന്വയിക്കുമ്പോൾ മാത്രമെ മനുഷ്യൻ അറിവിന്റെ പൂർണ്ണതയെ സമാശ്ലേഷിക്കുന്നുള്ളൂ. അതിനാൽ പ്രവാചകനെ അനുസന്ധാനം ചെയ്യേണ്ടത് ആത്മീയമായ ഒര നിവാര്യതയായിപ്പരിണമിക്കുന്നു.

"നിശ്ചയമായും ഖുർആൻ ഏറ്റവും ചൊവ്വായതിലേക്ക് മാർഗദർശനം നൽകുന്നു 17:9

# 3. പ്രവാചക ജീവിതം

●

**വ്യ**ക്തികൾ വളർന്ന് പ്രസ്ഥാനങ്ങളായിപ്പരിണമിക്കാറുണ്ട്. അവർ കാലഘട്ടത്തേയും ചരിത്രത്തെയും പ്രതിനിധാനം ചെയ്യുന്നു. അത്തരക്കാരെ ചൂണ്ടി എമേഴ്സൺ ഇങ്ങനെ പറഞ്ഞു:

"Give me the names of ten powerful personalities, and I will tell you the whole of human history, without ever studying. Tell me about the prophet of Islam, and I will tell you about the whole history of Islam. Present me with Nepolean and I will expound for you the whole history of modern Europe."

പ്രസ്ഥാനവൽക്കരിക്കപ്പെട്ട മഹാവ്യക്തിത്വങ്ങളാണ് സമൂഹത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സാരഥികൾ. സമുഹപരിവർത്തനത്തിന്റെ നിയാമക ഘടകം ആൾക്കൂട്ടമല്ല, പ്രസ്ഥാനവൽക്കരിക്കപ്പെട്ട വ്യക്തിത്വങ്ങളാണ്. ജനപങ്കാളിത്തം വലുതുതന്നെ. പക്ഷേ അത് പങ്കാളിത്തമാണ്; പ്രാരംഭകത്വമല്ല. പ്രാരംഭകത്വം വലിയ വ്യക്തിത്വങ്ങളും മഹാമനസ്സുകളും നിർവഹിക്കുന്നു. രാഷ്ട്രീയ ദാർശനികന്മാർ പറയും, ജനപങ്കാളിത്തം പ്രത്യക്ഷമായിത്തന്നെ പ്രകടമാകുന്ന ഭരണവിധാനമാണ് യഥാർത്ഥ ജനാധിപത്യമെന്ന്. എന്നാൽ അതിന്നപ്പുറമാണ് സത്യം കിടക്കുന്നത്. മഹാവ്യക്തികളുടെ സന്നിധിയിലാണ് നാമപ്പോൾ ചെന്നെത്തുക.

പ്രചാലക ശക്തികളായി വർത്തിക്കുന്ന മഹാമനസ്സുകളെ രണ്ടായി വിഭജിക്കാം. ഒന്ന് കേവലം വ്യക്തിമനസ്സുകൾതന്നെ. ശ്രീബുദ്ധൻ ആ സമുന്നത വിഭാഗത്തിൽപെടുന്നു. അവർ തങ്ങളുടെ വിസ്മയകരമായ ദാർശനിക പ്രതിഭകൊണ്ട് സമൂഹത്തെയാകെ മാറ്റിമറിക്കാൻ പരിശ്രമിച്ചു. ആത്മീയ വിചാര പ്രചാരണമാണ് അതിന്നായി അവരവലംബിച്ച മാർഗ്ഗം. രണ്ട്, ചിലർ തങ്ങളുടെ വ്യക്തിപ്രഭാവം കൊണ്ടുതന്നെ പ്രാരംഭകത്വമെടുക്കുന്നു. ബുദ്ധിജീവികളും പ്രായോഗികമതികളും പ്രബുദ്ധവിഭാഗമാകെയും അവരോടൊപ്പം ചേരുന്നു. ക്രമത്തിൽ അതൊരു പ്രസ്ഥാനമായി മാറും. പ്രബുദ്ധജനപദങ്ങളുടെ പങ്കാളിത്തത്തോടെ സാമൂഹ്യമാറ്റത്തിന് അവർ പരിശ്രമിക്കുന്നു.

ഈ രണ്ട് വിഭാഗത്തിൽനിന്നും മുഹമ്മദ് നബി വേറിട്ട് നില്ക്കുന്നു. താൻ വഴികാട്ടിയും സന്ദേശവാഹകനും മാത്രമാണെന്നറിയിക്കുന്നു. ഇന്നോളമുള്ള പ്രവാചകമനസ്സുകളെ സമന്വയിക്കുകമാത്രമാണ് താനെന്നും തന്റേതായി തനിക്കൊന്നും സമ്മാനിക്കാനില്ലെന്നും മുഹമ്മദ് നബി അറിയിക്കുന്നു. വിനയാന്വിതനായ മുഹമ്മദ് തന്റെ വാക്കുകൾ ജനം കേൾക്കുമോ അനുസരി

ക്കുമോ എന്ന് പോലും ആശങ്കിക്കുന്നുണ്ട് അല്ലാഹു ആവർത്തിച്ചറിയിക്കുന്നു:

> ''നീ സന്ദേശമെത്തിക്കുന്നവർ മാത്രം. അതു മറക്കരുത്. മനുഷ്യരിൽ ഭയമുണർത്തുക. നല്ലതറിയിക്കുക. വഴികാണിക്കുക. പുരോഗതിയുടെയും അപചയത്തിന്റെയും കാരണക്കാരൻ താനല്ല, താൻ സന്ദേശകൻ മാത്രം.''

പ്രവാചക ലോകത്തിൽ ഇവിടെ കേട്ട സ്വരം അപരിചിതമാണ്. വിസ്മയകരമായ ദാർശനിക പ്രതിഭയുടെ പ്രഘോഷണമല്ല നാം കേട്ടത്. സകലജ്ഞനും പരമകാരുണികനുമായ ദൈവത്തിന്റെ മനസ്സറിയിക്കാൻ രംഗത്തു വന്ന ഒരു വിനീത വിശ്വാസിയുടെ നിവേദനമായിരുന്നു അത്.

മുഹമ്മദ് അഭ്യസ്ത വിദ്യനല്ലെന്നു മാത്രമല്ല അക്ഷരജ്ഞൻപോലുമായിരുന്നില്ല. ജ്ഞാനവിജ്ഞാനതലങ്ങളിൽ പ്രശസ്തരായ പ്രതിഭകളുമായി സംബന്ധം പുലർത്തിപ്പോന്ന അനുഭവങ്ങളും അദ്ദേഹത്തിനില്ല. നരവംശശാസ്ത്രവും ചരിത്രവും മതദർശനങ്ങളും മുഹമ്മദിന് അജ്ഞാതങ്ങളായിരുന്നു. ഓർക്കാൻ കഴിയുന്ന കാലംതൊട്ട് ദുരിതവും ദുഃഖവും നിറഞ്ഞ, സ്വസ്ഥത കുറഞ്ഞ ജീവിതമായിരുന്നു മുഹമ്മദിന്റേത്. പ്രായപൂർത്തിയായപ്പോൾ ഇടയ്ക്കെല്ലാം സാമൂഹ്യകാര്യങ്ങളിൽ ശ്രദ്ധിച്ചുവെങ്കിലും ദർശനവും സാഹിത്യവും ചരിത്രവും ധർമശാസ്ത്രങ്ങളുമൊന്നും ആവശ്യമില്ലാത്ത കച്ചവടകാര്യത്തിൽ മുഴുകിക്കഴിഞ്ഞ മുഹമ്മദ് അത്തരം വിഷയങ്ങളിൽ പൂർണ നിരക്ഷരനായിരുന്നു.

പ്രവാചകത്വത്തോടുകൂടിയാണ് അവിശ്വസനീയമായ മാറ്റം മുഹമ്മദിൽ അഭിദർശിക്കപ്പെട്ടത്.

അസാധാരണമായ വിവേകവും
അസദൃശമായ പക്വതയും അദ്ദേഹം പ്രകടിപ്പിച്ചു.
പരിണത പ്രജ്ഞനായ ഒരാചാര്യനെപ്പോലെ
അറിയാനിരിക്കുന്നവരുടെ മുന്നിൽ
അദ്ദേഹം വിരാജിച്ചു.
അനുഭവസമ്പത്തും ആജ്ഞാശക്തിയുമുള്ള
ഒരു നേതാവിനെപ്പോലെ
അദ്ദേഹം വഴിനയിച്ചു.
ഇഹ–പരങ്ങളെക്കുറിച്ചുള്ള തെളിഞ്ഞ അവബോധം
അദ്ദേഹത്തിൽ പ്രഭാസിച്ചു.
ഒരു നീതിപതിയെപ്പോലെ സത്യത്തിന്റെയും
ധർമത്തിന്റെയും വേദിയിൽ അദ്ദേഹം ഉറച്ചുനിന്നു.
ഒരു കുടുംബനാഥനെപ്പോലെ
സ്നേഹവും സൗമനസ്യവും
കോരിച്ചൊരിയാൻ അദ്ദേഹത്തിന് കഴിഞ്ഞു.
ഒരു വിപ്ലവകാരിയുടെ വീറോടെ
അദ്ദേഹം വിഭാവിത ലക്ഷ്യങ്ങളിലേയ്ക്ക്
ആഞ്ഞു നടന്നു.
ജ്ഞാനവിജ്ഞാനങ്ങളിൽ ആധികാരികത
ബോദ്ധ്യപ്പെടുത്തുവാനും

ആദർശാനുസാരം അനുഷ്ഠാനങ്ങളനുവർത്തിക്കാനും
അദ്ദേഹം കരുത്തുകാട്ടി.

സമഗ്രതയാർന്ന മുഹമ്മദിന്റെ മഹാവ്യക്തിത്വം മനുഷ്യമനസ്സുകളിൽ വിസ്മയം വിരിയിച്ചു. യഥാർത്ഥത്തിൽ ശൂന്യതയിലാണ് അവർക്ക് സമൃദ്ധിയനുഭവപ്പെട്ടത്. ഊഷരഭൂമികയിലാണ് വസന്തവാടി ദർശിച്ചത്. ഇതെങ്ങനെ സാധിച്ചു? മനുഷ്യബുദ്ധിക്കും യുക്തിചിന്തയ്ക്കും അപ്പുറത്ത് കതിരിട്ട് നില്ക്കുന്ന ഒരു വിസ്മയമായിരുന്നു അത്. തികച്ചും ഒരു വിശ്വവിസ്മയം!

താനൊരു മനുഷ്യൻ മാത്രമാണെന്നും അമാനുഷികതയും ദിവ്യത്വവും തന്നിലാരോപിക്കരുതെന്നും പ്രവാചകൻ പലവുരു ഓർമിപ്പിച്ചിട്ടുണ്ട്. ഒരു സാധാരണപൗരൻ എന്ന നിലയ്ക്ക് പ്രവാചകന്റെ നയസമീപനങ്ങളിൽ പോരായ്മകളനുഭവപ്പെട്ടതായിക്കണ്ട സന്ദർഭങ്ങളിൽ വെളിപാടുകളിലൂടെ അവയെ ചൂണ്ടിക്കാട്ടിത്തിരുത്തിയതായി ഖുർആനിൽ തെളിവുകളുണ്ട്. പ്രവാചകൻ ഒരു സാധാരണ മനുഷ്യനാണെന്നും ഒരു മനുഷ്യന്റെ കുറവുകളും അപൂർണ്ണതകളും പ്രവാചകനിലും അഭിദർശിക്കാമെന്നും ദൈവസന്നിധിയിൽ പ്രവാചകൻ പോലും വിനീതനും ആജ്ഞാനുവർത്തിയുമാണെന്നും പ്രകാരന്തരേണ ബോദ്ധ്യപ്പെടുത്തുകയാണ്. ഒരു സന്ദർഭമവതരിപ്പിക്കട്ടെ:

ഒരിക്കൽ പ്രവാചകൻ ബഹുദൈവവിശ്വാസിയായ അബൂജഹ്‌ലുമായി സംസാരിക്കുകയായിരുന്നു. ഇസ്‌ലാമിനെ ഭത്സിക്കുന്നതിൽ സായൂജ്യം കൊള്ളുന്നവനായിരുന്നു അബൂജഹ്ൽ. അന്നേരം സത്യവിശ്വാസിയായ അബ്ദുള്ളാഹിബ്നു ഉമ്മിമക്തൂം എന്ന അന്ധൻ അവിടെ കയറിവന്നു. സാത്വികനും സദ്‌വൃത്തനുമായിരുന്നു അദ്ദേഹം. സത്യവേദം സംബന്ധിച്ച് കുറേക്കൂടി തെളിച്ചം കിട്ടാനുള്ള ദാഹവുമായി തന്നെ സമീപിക്കാറുള്ള ആ അന്ധനോട് എന്തുകൊണ്ടോ തൽക്കാലം പ്രവാചകന് നീരസമാണ് തോന്നിയത്. പ്രവാചകമനസ്സിലൂടെ പെട്ടെന്ന് പാഞ്ഞുപോയ ചിന്തകളിതായിരുന്നു:

'താൻ അവിശ്വാസിയായ അബൂജഹ്‌ലുമായി സംസാരിക്കുകയാണ്. അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്ക് ശക്തവും സമർത്ഥവുമായ മറുപടി പറഞ്ഞില്ലെങ്കിൽ അത് സത്യവേദത്തിന്റെ ദൗർബ്ബല്യമായി വ്യാഖ്യാനിക്കപ്പെടും. സംവാദവേളയിൽ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂമിനോട് ഉപചാരം പറയുന്നതുപോലും ആശയ വിചിന്തനത്തിന്റെ ഏകാഗ്രതയ്ക്ക് ഭംഗമുണ്ടാക്കും. സമർത്ഥവും യുക്തിഭദ്രവുമായ മറുപടിയിലൂടെ അബൂജഹ്‌ലിനെ തൃപ്തിപ്പെടുത്തി അദ്ദേഹത്തെ തന്റെ വഴിക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ അത് ഇസ്‌ലാമിന് വലിയൊരു നേട്ടമായിരിക്കും. ഇബ്നു ഉമ്മിമക്തൂം ഇപ്പോൾ തന്നെ ഒരു സത്യവിശ്വാസിയാണ്. കൂടുതൽ പഠിക്കാനും അറിയാനും, അയാൾക്കിവിടെ എപ്പോഴും വരാം. ഇത്ര ധൃതി കാട്ടേണ്ടതില്ല.'

എന്നാൽ ഈ ചിന്തയും നിഗമനവും തെറ്റാണെന്ന് അല്ലാഹു കണ്ടു. ഉടൻതന്നെ ആ തെറ്റ് തിരുത്താൻ പോരുന്ന വെളിപാടുണ്ടായി:

> ''അദ്ദേഹത്തിന്റെ (നബിയുടെ)യടുത്ത് ആ അന്ധൻ വന്നതിനാൽ അദ്ദേഹം മുഖം ചുളിച്ച് തിരിച്ചുകളഞ്ഞു. (നബിയേ) നിനക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരു വേള വിശുദ്ധി പ്രാപിച്ചേക്കാമല്ലോ. അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തേക്കാമല്ലോ. സ്വയം പോന്നവനായി ചമയുന്നവനാരോ അവനെ താങ്കൾ ശ്രദ്ധിക്കുന്നു. എന്നാൽ അവൻ നന്നായില്ലെങ്കിൽ താങ്കൾക്കെന്ത്?

താങ്കളുടെയടുക്കൽ ഓടിയെത്തുകയും (അല്ലാഹുവിനെ) ഭയപ്പെടുകയും ചെയ്യുന്നവനോ അവനോട് താങ്കൾ വൈമുഖ്യം കാണിക്കുന്നു.'' 80: 1–10

മറ്റൊരു സന്ദർഭം കൂടി–

ഹിജ്റ ഒമ്പതാം വർഷം. തബൂക്ക് യുദ്ധ സന്ദർഭം. മദീനയിൽ ക്ഷാമം കൊടുമ്പിരിക്കൊണ്ട കാലം. മുസ്ലിംകൾ ദുർവഹമായ ദുരിതങ്ങളിലൂടെ കടന്നുപോകുന്ന ആ നേരത്ത് അവർക്കെതിരെ ആക്രമണം ആരംഭിച്ചാൽ അനായാസം അവരെ നിലംപതിപ്പിക്കാമെന്ന് റോമക്കാർ തീരുമാനിച്ചു. സത്യവിശ്വാസികൾക്കെതിരെ യുദ്ധം ചെയ്യാൻ അവർ ഗസ്സാൻ രാജാവിനെ നിയോഗിച്ചു; നാലായിരം റോമക്കാരെയുമയച്ചു. യുദ്ധത്തിന്റെ ഭീകരതയെക്കുറിച്ച് മനസ്സിലാക്കി മുഹമ്മദ് നബി അതിദ്രുതം ആവശ്യമായ തയ്യാറെടുപ്പ് നടത്തിത്തുടങ്ങി. കൊടുംചൂടും വറുതിയും ദുസ്സഹമായിരുന്നു. പലരും മടിച്ചുനിന്നു. ധനസംഭരണവും പ്രയാസമായി. എന്നാൽ സഹാബികൾ സകലതും മാറ്റിവെച്ച് ആത്മസമർപ്പണവ്യഗ്രതയോടെ യുദ്ധത്തിനിറങ്ങി. ഈ സമയം കപടവിശ്വാസികൾ (മുനാഫിഖുകൾ) ആളുകളെ പിൻതിരിപ്പിക്കാൻ ശ്രമം നടത്തുകയായിരുന്നു. നബിയേയും സഹചാരികളെയും അവർ പരസ്യമായിത്തന്നെ പരിഹസിക്കുകയും ഭത്സിക്കുകയും ചെയ്തു.

യുദ്ധം കഴിഞ്ഞ് നബിയും, സംഘവും മടങ്ങിയപ്പോൾ കപടവിശ്വാസികൾ നബിയെ സന്ദർശിച്ച് 'മുഖം മിനുക്കാൻ' തുടങ്ങി. അസൗകര്യവും കഴിവുകേടും കൊണ്ടാണ് യുദ്ധത്തിൽ പങ്കെടുക്കാനാവാതെ പോയതെന്ന് അവർ നബിയെ അറിയിച്ചു. ആ വാക്കുകൾ കേട്ട് വിശ്വസിച്ച നബി അവരോട് പൊറുത്തു. എന്നാൽ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതെപോയ ചില സത്യവിശ്വാസികളോട് (കഅ്ബ് ഇബ്നു മാലിക്, ഹിലാൽ ഇബ്നു ഉമയ്യത്ത്, മുറാറത്ത് ഇബ്നുർറബീഅ് തുടങ്ങിയവർ) സലാം ചെയ്യുകയോ സംസാരിക്കുകയോ ചെയ്യരുതെന്ന് മുഹമ്മദ് നബി അനുചരന്മാരെ വിലക്കി. അവരുടെ ഭാര്യമാർ അവരിൽനിന്ന് വിട്ടുനില്ക്കണമെന്നുപോലും പ്രവാചകൻ കർശനമായി നിർദ്ദേശിച്ചു. അമ്പത് ദിവസത്തെ നിസ്സഹകരണത്തിന് ശേഷമാണ് അവർക്ക് മാപ്പ് ലഭിച്ചത്. കപടവിശ്വാസികൾക്ക് മാപ്പുകൊടുത്തതിനെ പരാമർശിച്ചുകൊണ്ടുള്ള വെളിപാട് ശ്രദ്ധേയമാണ്:

''(നബിയേ) നേട്ടം ക്ഷിപ്രസാദ്ധ്യവും യാത്ര അനായാസവുമായിരുന്നുവെങ്കിൽ തീർച്ചയായും അവർ താങ്കളുടെ പിമ്പേ വരാൻ സന്നദ്ധരാകുമായിരുന്നു. പക്ഷേ, അവർക്ക് ഈ വഴി ദൂരം വളരെ ദുസ്സഹമായിരിക്കുന്നു. അവർ അല്ലാഹുവിനെപ്പിടിച്ച് ആണയിട്ടു കൊണ്ട് പറയും– ഞങ്ങൾക്ക് സാദ്ധ്യമായിരുന്നെങ്കിൽ നിശ്ചയമായും നിങ്ങളോടൊപ്പം പുറപ്പെടുമായിരുന്നു. അവർ അവരെത്തന്നെ ആപത്തിലെറിഞ്ഞുകൊണ്ടിരിക്കുകയാണ്. അവർ കള്ളം പറയുന്നവർതന്നെയാണെന്ന് അല്ലാഹു നല്ലവണ്ണമറിയുന്നുണ്ട്.

പ്രവാചകരേ, അല്ലാഹു താങ്കൾക്ക് മാപ്പ് ചെയ്തിരിക്കുന്നു. സത്യം പറഞ്ഞവർ ആരെന്ന് നിനക്ക് വ്യക്തമായി ബോദ്ധ്യപ്പെടുകയും കള്ളം പറയുന്നവരെ നീ തിരിച്ചറിയുകയും ചെയ്യുന്നതുവരെ നീ എന്തിനാണവർക്ക് അനുവാദം നൽകിയത്?'' 9:40–45. സത്യവിശ്വാസങ്ങളോടും ധർമദീക്ഷയോടുമുള്ള ഖുർആന്റെ നിരങ്കുശമായ സമീപനമാണ് അവ തെളിച്ചുകാട്ടുന്നത്.

ഖുർആൻ വ്യാഖ്യാനിക്കാനും വിശദീകരിക്കാനും അതേക്കുറിച്ച് ആധി

കാരികമായി സംസാരിക്കാനും ദൈവം നബിയെത്തന്നെയാണ് ചുമതലപ്പെടുത്തിയത്. അതനുസരിച്ച്

മുഹമ്മദ് നബി വിശദീകരണം നൽകി
വ്യാഖ്യാനിച്ചു.
ലോകദൃഷ്ടാന്തങ്ങളുടെ പശ്ചാത്തലത്തിൽ
സാധുത ബോദ്ധ്യപ്പെടുത്തി.
ചിലപ്പോൾ പ്രവൃത്തിമുഖേന
ധാരണവളർത്തി
ചിലപ്പോൾ രണ്ടുനിലയിലും സാധിച്ചു
അവസാന നാളുകളിൽ ഹജ്ജ് കർമ്മം
പൂർത്തിയാക്കിക്കാണിച്ചതും
നേരാംവണ്ണം ജനങ്ങളനുവർത്തിക്കാനാണ്.

ജനപദങ്ങളിൽ ഖുർആനിക സൂക്തങ്ങളുടെ സാരാംശമുൾക്കൊള്ളുന്ന സ്വരചലനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് നിറഞ്ഞ മനസ്സോടെ നബി അംഗീകരിക്കാറുണ്ടായിരുന്നു. ദൈവമാർഗ്ഗത്തിൽ വഴി നയിക്കുന്ന സത്കർമ്മങ്ങൾ എവിടെ കണ്ടാലും അത് ചൂണ്ടി ശ്ലാഘിക്കാനും അതനുസരിക്കാൻ അനുചരന്മാരോടാവശ്യപ്പെടാനും പ്രവാചകൻ ശ്രദ്ധിക്കാറുണ്ടായിരുന്നു.

പ്രവാചകന്റെ വാക്കുകളും പ്രവൃത്തികളും അദ്ദേഹത്തിന്റെ പ്രശംസയ്ക്കും അംഗീകാരത്തിനും വിധേയമായ പരാനുഭവങ്ങളും ചേർന്നതാണ് സുന്നത്ത്. പ്രവർത്തനരീതി, കർമ്മ മാതൃക, ജീവിതക്രമം എന്നൊക്കെയാണ് സുന്നത്തിന് നൽകപ്പെട്ട അർത്ഥാന്തരങ്ങൾ. മുഹമ്മദ് നബിയുടെ ചര്യ എന്ന അർത്ഥത്തിലാണ് ഈ പദം സാമാന്യമായി ഉപയോഗിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തിയും മൗനാനുവാദം പോലും ഇതിന്റെ അർത്ഥ വിസ്തൃതിയിൽപ്പെടും. സുന്നയും ഹദീസും ഭാഷാർത്ഥത്തിൽ വ്യത്യസ്തങ്ങളാണെങ്കിലും ഫലത്തിലും പരിഗണനയിലും ഒന്നാണ്. അതുകൊണ്ടാണ് ചില ഹദീസ് ശേഖരങ്ങൾ സുനൻ ( സുന്നയുടെ ബഹുവചനം) എന്ന പേരിലറിയപ്പെടുന്നത്.

ഖുർആൻ സൂക്തങ്ങളെപ്പോലെ നബിചര്യയും ഇസ്ലാമിക വ്യവസ്ഥയിൽ സമുൽകൃഷ്ടമാണ്. അതുകൊണ്ടുതന്നെ പ്രവാചകൻ എന്ത് ചെയ്തോ അത് ഇസ്ലാമിന് ദൃഷ്ടാന്തവും നിദാനവുമാണ്. ഖുർആനും സുന്നത്തും തുല്യ ആധികാരികതയുള്ളതാണ് എന്ന നിഗമനത്തിലേയ്ക്ക് ഇത് വഴിനയിക്കുന്നു. അതുവഴി അല്ലാഹുവിന്റെ ഹിതമാണ് പ്രവാചകന്റെ ചര്യ എന്ന ബോദ്ധ്യത്തിലേയ്ക്ക് നാമെത്തിച്ചേരുന്നു.

സത്യവേദത്തിന്റെ അവലംബശില ഖുർആൻ ആണെങ്കിൽ അടുത്ത പടവിൽ നിൽക്കുന്നത് ഹദീസാണ്. പ്രവാചക വചസ്സുകളും കർമ്മ മാതൃകകളുമാണ് ഹദീസ് എന്ന പദം ആവഹിക്കുന്നത്. സുന്നത്തിന്റെ പദാന്തരം തന്നെയാണ് ഹദീസ്. കേൾവിയിലൂടെയോ വെളിപാടിലൂടെയോ വിനിമയം ചെയ്യപ്പെടുന്ന വചനമാണ് ഹദീസ്, സാങ്കേതികമായി പ്രവാചകന്റെ വൃത്തികൾ, നടപടിക്രമങ്ങൾ, മൊഴികൾ എന്നിവയാണ് ഹദീസ്. കുറേക്കൂടി തെളിച്ചു പറഞ്ഞാൽ പ്രവാചകന്റെ കർമങ്ങളുടെയും വചനങ്ങളുടെയും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ സംഭവിക്കുകയും അദ്ദേഹത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്ത മറ്റ് കാര്യങ്ങളുടെയും സമാഹാരമാണ് ഹദീസ്.

ഹദീസിന്റെ പശ്ചാത്തലത്തിലാണ് വേദഗ്രന്ഥത്തിന്റെ മികവാർന്ന ആശയതലം പ്രകാശിതമാകുന്നത്. പ്രവാചകന്റെ വചനങ്ങളനുസരിക്കാനും ചര്യകളനുകരിക്കാനും ഖുർആൻ നിരവധി സന്ദർഭങ്ങളിൽ ഉൽബോധിപ്പിച്ചിട്ടുണ്ട്.

''പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻതുടരുക. എങ്കിൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കും'' 3:30

''നിങ്ങൾക്ക് ദൈവദൂതനിൽ അത്യുന്നതമായ മാതൃകയുണ്ട്'' 33:21

ഖുർആനിലെ ഗൂഢാർത്ഥവാചികളായ പ്രയോഗങ്ങൾക്കും അവ്യക്തമായ ആഖ്യാനങ്ങൾക്കും അത്യന്തം സംക്ഷിപ്തമായ സൂചനകൾക്കും വൈശദ്യമരുളാൻ പ്രയോജനപ്പെടുത്താവുന്ന ഹദീസുകൾ പ്രകാരാന്തരേണ ഖുർആന്റെ വ്യാഖ്യാനങ്ങളാണ്. ഖുർആനിലെ ഒരു സൂക്തം തദ്‌വിഷയകമായി ഉദ്ധരാണാർഹമായിത്തോന്നുന്നു.

''തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിക്കാണുന്ന നിരക്ഷരനായ പ്രവാചകദൂതനെ പിന്തുടരുന്നവരാരോ (അവരാകുന്നു ഇന്ന് ഈ അനുഗ്രഹത്തിന് അർഹരായിട്ടുള്ളവർ). അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു, തിന്മ വിലക്കുന്നു. അവർക്കായി ശുദ്ധവസ്തുക്കൾ അനുവദിച്ചു കൊടുക്കുന്നു. അശുദ്ധവസ്തുക്കളെ നിരോധിക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവെയ്ക്കുന്നു. അവരെ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബലപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതീർണ്ണമായ പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവരാരോ അവർ മാത്രമാകുന്നു വിജയം പ്രാപിക്കുന്നവർ'' 7:157

ഖുറൈശിമാരുടെയും ജൂത പ്രമാണിമാരുടെയും കടുത്ത വഞ്ചനയും ദുർവഹമായ പീഡനവും സഹിച്ച പരിവർത്തന വാദിയായ പ്രവാചകനെ ഖുറൈശികൾ മതഭ്രാന്തന്റെ വേഷമണിയിച്ചാണ് പരിചയപ്പെടുത്തിയത്. ചരിത്രപരമായ കാരണങ്ങളാൽ സത്യമത പ്രബോധനത്തോടൊപ്പം ആയുധമേന്തി പടവെട്ടാനും രാജ്യതന്ത്രജ്ഞനെന്ന നിലയിൽ രാഷ്ട്രം കെട്ടിപ്പടുക്കാനും സാഹസികത കാണിച്ച പ്രവാചകൻ അന്യമതങ്ങളോടും വിശ്വാസങ്ങളോടും സഹിഷ്ണുത പുലർത്തിയിരുന്നുവെന്ന് തെളിയിക്കുന്ന അനേക വചനങ്ങൾ ഖുർആനിലും ഹദീസുകളിലുമുണ്ട്. അദ്ദേഹത്തെ വളരെയേറെ ദ്രോഹിച്ച യഹൂദരോടുപോലും സഹവർത്തിത്വത്തിനും സൗഹൃദത്തിനും ശ്രമിച്ച പ്രവാചകൻ ഒപ്പുവെച്ച ഉടമ്പടികൾ ഇസ്‌ലാമിക ചരിത്രത്തിലെ തിളങ്ങുന്ന രേഖകളാണ്. തീർച്ചയായും അല്ലാഹുവിൽനിന്ന് തനിക്കു ലഭിച്ച അരുളപ്പാടുകളും വെളിപാടുകളും പ്രചരിപ്പിക്കാൻ നബി അത്യദ്ധ്വാനം ചെയ്തു. എന്നാൽ ബലപ്രയോഗം മത പരിവർത്തനത്തിന് ഉപയോഗിച്ചുകൂടെന്ന ഖുർആൻ വചനങ്ങൾ പ്രസിദ്ധങ്ങളാണ്. അന്ധതയിലും നിരന്തരവും നിരർത്ഥകവുമായ യുദ്ധത്തിലും കാലം പോക്കുകയും കുടുംബബന്ധം, ലൈംഗികത, ധനാർജനം എന്നിവയിലെല്ലാം അധാർമികത മുഖമുദ്രയാക്കുകയും ചെയ്തുപോന്ന അറബികളെ ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹനീയമായ സംസ്കൃതിയും നാഗരികതയുമുള്ള ഒരു രാഷ്ട്രമായി വളർത്തിയ ഐതിഹാസിക പ്രതിഭാസമാണ് നബി. അങ്ങനെയുള്ള പല വ്യക്തികളെയും അനുയായികൾ ദൈവമോ ദൈവാവതാരമോ ആക്കിയപ്പോൾ മനുഷ്യേതരമായ

ഒരു ദിവ്യപരിവേഷം ആരും പ്രവാചകനെ വാരിയണിയിച്ചില്ല. അതിന്റെ കാരണക്കാരൻ അദ്ദേഹംതന്നെയായിരുന്നു. തന്റെ പ്രതിമയോ ചിത്രമോ രചിക്കരുതെന്നും താൻ ദൈവവചനങ്ങളുടെ പ്രഘോഷകൻ മാത്രമാണെന്നും അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് അനുയായികളെ ധരിപ്പിച്ചു. താൻ വിശ്വാസികളുടെയും ദൈവത്തിന്റെയും ഇടയിലുള്ള മദ്ധ്യവർത്തിയുമല്ലെന്നും പുരോഹിതർ എന്ന് പറയപ്പെടുന്ന മദ്ധ്യവർത്തിവർഗ്ഗം ഇസ്‌ലാമിന് അന്യമാണെന്നും വിശ്വാസി അല്ലാഹുവിനെ നേരിട്ട് സമീപിക്കുകയാണെന്നും പ്രഘോഷിച്ച മറ്റൊരു മതസ്ഥാപകനില്ല. പരസ്പരം കടിച്ചുകീറുന്ന അന്ധവിശ്വാസികളും മന്ത്രവാദികളുമായ ക്ഷുദ്രഗോത്രങ്ങളിൽനിന്ന് വിജ്ഞാനത്തിന്റെയും വിശ്വനാഗരികതയുടെയും കേദാരമായി വർത്തിച്ച ഒരു മഹാ സാമ്രാജ്യത്തെ വാർത്തെടുത്ത പ്രവാചകൻ അസദൃശ്യനായ ഒരു മഹാവിപ്ലവകാരിയാണ്.

''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക് '' 33:21

ദൈവത്തിന് മുഹമ്മദിൽ പരിപൂർണ്ണ ബോദ്ധ്യമാണ് – നിറഞ്ഞ വ്യക്തിവൈശിഷ്ട്യത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം. അല്ലാഹു ഇങ്ങനെ പറഞ്ഞു:

''നിശ്ചയം താങ്കൾ മഹത്തായ സ്വഭാവത്തിലാണ്''. 68:4

സാമൂഹ്യരംഗത്ത് ഏറെ ശ്രദ്ധേയരായ വ്യക്തികളെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവരിൽ ഭിന്നങ്ങളും ചിലപ്പോൾ വിരുദ്ധങ്ങളുമായ ജീവിത പ്രകൃതങ്ങൾ നമുക്കഭിദർശിക്കാൻ കഴിയും. വീട്ടിലും വെളിയിലും പ്രകടമാക്കുന്ന ദ്വിമുഖമായ വ്യക്തിത്വം ജീവിതത്തിന്റെ ആദ്യകാലങ്ങളിലും പ്രശസ്തിയുടെ പരിവേഷം വന്നു വഴിഞ്ഞുനിന്ന പിൽക്കാലത്തും പ്രകൃതത്തിലും സ്വഭാവത്തിലും പ്രകടമായ വ്യത്യസ്തതകൾ ബോദ്ധ്യപ്പെട്ടു എന്നുവരാം. എന്നാൽ പ്രവാചകൻ ഇവിടെയൊരപവാദമാണ്. പൂർവാപരവിരുദ്ധമല്ലാത്ത ജീവിത പ്രകൃതമാണ് പ്രവാചകന്റേത്. അദ്ദേഹം അകത്തും പുറത്തും ഒരേ പ്രകൃതവും ഒരേ സ്വരവും സൂക്ഷിച്ചു. സകലരാലും പ്രിയംകൊണ്ടവനായിരുന്നു മുഹമ്മദ്. പ്രവാചകത്വലബ്ധിക്ക് മുമ്പേതന്നെ അവക്രവും അതിവിശുദ്ധവുമായ ജീവിത പ്രകൃതം കൊണ്ട് അദ്ദേഹം ജനമനസ്സുകളെ വശീകരിച്ചിരുന്നു. ബുദ്ധിയുറച്ചനാൾ തൊട്ട് പക്വതയാർന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ആരിലും എടുത്തുചാട്ടമുണർത്താറുള്ള യുവത്വത്തിലൂന്നി നില്കുന്ന കാലത്തും മുഹമ്മദ് അവിശ്വസനീയമാം വിധം പക്വമതിയായിരുന്നു. ഹജ്റുൽ അസ്‌വദ് പൊക്കിവെക്കാൻ ദൈവഗത്യാ കൈവന്ന സൗഭാഗ്യനിമിഷത്തിൽ ജനസാമാന്യം ഒരുപോലെ സംതൃപ്തികൊണ്ടത് മുഹമ്മദിലുള്ള സർവ ജന ബോദ്ധ്യത്തിന്റെ നിദർശനമായിരുന്നു.

സത്യവേദത്തെ നിരാകരിക്കാനും തള്ളിപ്പറയാനും തയ്യാറായ ഖുറൈശികളുടെ മനസ്സിൽപ്പോലും മുഹമ്മദിനെക്കുറിച്ച് മതിപ്പായിരുന്നു.

''ഞങ്ങൾ നിന്നെ അവിശ്വസിക്കുന്നില്ല. നീ കൊണ്ടുവന്നതിനെയാണ വിശ്വസിക്കുന്നത്'' എന്ന് അധർമിയും പരുഷപ്രകൃതിയുമായ അബൂജഹ്ൽ ഒരിക്കൽ പ്രവാചകനോട് പറഞ്ഞതായി ഹദീസുണ്ട്. (അലി ഉദ്ധരിച്ചത്) അത് വ്യക്തമാക്കുന്നത് ഖുർആന്റെ ബദ്ധവിരോധികളുടെ മനസ്സിൽ പോലും മുഹമ്മദിനെക്കുറിച്ചു കറകളഞ്ഞ ധാരണയായിരുന്നു എന്നാണ്. അയൽരാജ്യങ്ങ

ളിലെ ഭരണാധിപന്മാരെ ഇസ്‌ലാമിലേയ്ക്ക് ക്ഷണിച്ചുകൊണ്ട് പ്രവാചകൻ തരകുകളയച്ച ഒരു സന്ദർഭമുണ്ടായിരുന്നു. കൂട്ടത്തിലൊരാളായ റോമാചക്രവർത്തിയായ ഹിരാക്ലിയസ് സത്യവേദത്തെക്കുറിച്ച് കൂടുതലറിയാൻ താൽപര്യം കാണിച്ചു. ഖുറൈശി പ്രമുഖനായ അബൂസുഫ്യാനെയാണ് ഹിരാക്ലിയസ് ആദ്യമായി കണ്ടെത്തിയത്. അദ്ദേഹം ഇസ്‌ലാം സംസ്കൃതിയെ നഖശിഖാന്തം എതിർത്തുപോന്ന ഒരാളായിരുന്നു. എന്നിട്ടും മുഹമ്മദിനെക്കുറിച്ച് ഹിരാക്ലിയസ്സിനോട് മോശമായ എന്തെങ്കിലും പറയാൻ അദ്ദേഹം തയ്യാറായില്ല. പുതുവിശ്വാസത്തിനെതിരെ വിയോജിപ്പ് സൂക്ഷിക്കുന്നവർക്കു പോലും മുഹമ്മദിന്റെ വ്യക്തിജീവിതത്തെക്കുറിച്ച് അപ്രിയകരമായ ഒന്നും സൂചിപ്പിക്കാനുണ്ടായിരുന്നില്ല എന്നത് നിസ്സാരമായ കാര്യമല്ല.

മക്കാവിജയ വേളയിൽ പ്രവാചകന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം എന്തായിരിക്കുമെന്ന് ആശങ്കിച്ചു നില്ക്കുകയായിരുന്ന ഖുറൈശികളോട് താൻ എന്തുചെയ്യാൻ പോകുന്നുവെന്നാണ് നിങ്ങൾ കരുതുന്നത് എന്ന് ചോദിച്ചപ്പോൾ അവർ ഏകസ്വരത്തിൽ പറഞ്ഞത്:

''താങ്കൾ മാന്യനാണ്, മാന്യതമാത്രം പ്രതീക്ഷിക്കുന്നു'' എന്നാണ്.

വിടവാങ്ങൽ പ്രസംഗസന്ദർഭത്തിൽ, അറഫാ മലമുകളിൽ സംബന്ധിച്ച പരസഹസ്രങ്ങളോട് തന്റെ ജീവിതത്തെ സംബന്ധിച്ചു ദൈവസന്നിധിയിൽ നിങ്ങൾക്കെന്തു സമർപ്പിക്കാനുണ്ടെന്ന് ചോദിച്ചപ്പോൾ, അങ്ങ് ജീവിതദൗത്യം പൂർണ്ണമായി നിർവഹിച്ചു എന്ന് തങ്ങളറിയിക്കുമെന്നാണ് പറഞ്ഞത്. ദൈവാവതാരമോ മാലാഖയോ മറ്റസാധാരണത്വമുള്ള പ്രത്യേക പിറവിയോ ഒന്നുമല്ലാത്ത കേവലമൊരു പച്ചമനുഷ്യൻ തന്റെ കുടുംബത്തിലും സമൂഹത്തിലും പ്രകടിപ്പിച്ച പവിത്രമായ ജീവിത പ്രകൃതം അത്യന്തം ശ്രദ്ധേയമായിരുന്നു. ''പ്രഖ്യാപിക്കുക, ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്'' എന്ന ഖുർആൻ വചനംകൊണ്ട് സാധിക്കുന്നത് കേവലമൊരു മനുഷ്യനായ മുഹമ്മദിന്റെ നാക്കിലൂടെ വരുന്ന വചസ്സുകൾ ആർക്കും അഭിഗമ്യവും അനുകരണീയവുമാണെന്നാണ്. ദിവ്യത്വമവകാശപ്പെടുന്ന ഒരസാധാരണനായിരുന്നു മുഹമ്മദെങ്കിൽ അദ്ദേഹം നീട്ടിക്കാട്ടിയ വഴിയിലൂടെ സഞ്ചരിക്കാൻ സാധാരണ മനുഷ്യർക്ക് ആത്മാവേശമുണ്ടാകുമായിരുന്നില്ല.

ഒരു നല്ല മനുഷ്യന്റെ ഹൃദയത്തിന് മനസ്സിനേക്കാൾ അഗാധതയും വിശാലതയുമുണ്ടാകും. നോവനുഭവിക്കുന്നവരോട് സഹതപിക്കാനും അടിമകളോട് ആർദ്രതകാട്ടാനും കുട്ടികളോട് അലിവ് പ്രകടിപ്പിക്കാനും മിണ്ടാപ്രാണികളോട് ദയകാണിക്കാനും അശരണരോടും നിസ്സഹായരോടും അനുതപിക്കാനും കഴിയുന്നത് അതുകൊണ്ടാണ്. കരുണാർദ്രമായ ഹൃദയം എന്നത് ഒരു നല്ല മനുഷ്യന്റെ സർവാതിശായിയായ സവിശേഷതയാണ്. സമസൃഷ്ടികളോട് സ്നേഹവും സമസ്ത സൃഷ്ടിജാലങ്ങളോടും അനുകമ്പയും കാണിക്കാൻ കഴിഞ്ഞ പ്രവാചകൻ കാരുണ്യത്തിന്റെ പ്രചാരകനുമായിരുന്നു. ദൈവത്തിന്റെ മുന്നിൽ പൊറുത്തരുളിൽ അഹർനിശം പ്രാർത്ഥിക്കുന്ന നമ്മൾ നമ്മെയാശ്രയിച്ചു കഴിയുന്നവരോട് പൊറുക്കാനും അവരുടെ വിനകൾ സഹിക്കാനും തയ്യാറാവുന്നില്ലെങ്കിൽ നമ്മുടെ പൂർവവൃത്തി പരിഹാസ്യമായി പരിണമിക്കുന്നു എന്ന കാര്യം പലപ്പോഴും നാം ഓർക്കാറില്ല. ഈ വിശിഷ്ട ഭൂമികയിൽ പ്രവാചകൻ ഒരു മാതൃകാ മാനുഷനാണ്. അതുകൊണ്ടാണ് അല്ലാഹുവെ അനുസരിക്കുന്നതോടൊപ്പം പ്രവാചകനെ അനുസരിക്കണമെന്ന്

ഖുർആൻ പേർത്തും പേർത്തും അനുശാസിക്കുന്നത്.

"ആർ പ്രവാചകനെ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു " 40:80

"പ്രവാചകൻ നിങ്ങൾക്ക് കൊണ്ടുവന്നത് സ്വീകരിക്കുക, പ്രവാചകൻ നിഷിദ്ധമാക്കിയത് നിങ്ങളുപേക്ഷിക്കുക" 59:7

"അല്ലാഹുവിന്റെ പ്രവാചകനിൽ നിങ്ങൾക്ക് ഉത്തമമാതൃകകളുണ്ട്" 33:21

"പ്രവാചകൻ ഇച്ഛാനുസാരം സംസാരിക്കുകയല്ല. ദൈവികമായി നൽകപ്പെടുന്ന ബോധനം മാത്രം" 53:3,4

"നിന്റെ നാഥനിൽ സത്യം, അവർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ താങ്കളെ വിധികർത്താവായി സ്വീകരിക്കുകയും പിന്നീട് താങ്കളുടെ വിധിയെപ്പറ്റി മനസ്സിൽ (തെല്ലും) വിഷമം തോന്നാതിരിക്കുകയും പൂർണ്ണമായും താങ്കളെ അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല." 4:65

"രാഷ്ട്രത്തിന്റെ സ്ഥാപകനും നായകനുമായ അദ്ദേഹത്തെ (പ്രവാചകനെ) മറ്റുള്ളവരിൽനിന്ന് തിരിച്ചറിയാൻ പോലും സാധിച്ചിരുന്നില്ല. ഇരിക്കാൻ സിംഹാസനമോ ധരിക്കാൻ കിരീടമോ താമസിക്കാൻ കൊട്ടാരമോ കൂടെ നടക്കാൻ അംഗരക്ഷകരോ അദ്ദേഹത്തിനില്ലായിരുന്നു. പ്രതിരോധ പ്രവർത്തനങ്ങളിൽ തന്റെ സൈനികരോടൊപ്പം ഒരു സാധാരണ ജീവനക്കാരനെപ്പോലെയാണദ്ദേഹം ജോലി ചെയ്തത്."

(മുഹമ്മദലിയുടെ 'പ്രവാചകനായ മുഹമ്മദ്' എന്ന ഗ്രന്ഥത്തിൽനിന്ന്)

പ്രവാചക ജീവിതം സത്യവിശ്വാസികളിൽ ചെലുത്തിയ സ്വാധീനം അളവറ്റതായിരുന്നു. ചരിത്രത്തിൽ ഇതിന്ന് സമാനതകളില്ല.

"പറയുക, അല്ലാഹുവിനെയും ദൈവദൂതനെയും അനുസരിക്കുവിൻ. ഇനി താങ്കളുടെ ഈ സന്ദേശം അവർ സ്വീകരിക്കുന്നില്ലെങ്കിൽ നിശ്ചയം അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കാൻ വിസമ്മതിക്കുന്നവരെ  അവൻ സ്നേഹിക്കുക സംഭവ്യമല്ലതന്നെ." 3:31,32

"അല്ലാഹുവും അവന്റെ ദൂതനും ഒരുകാര്യം തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ ആ കാര്യത്തിൽ സ്വന്തമായ തീരുമാനമെടുക്കാൻ യാതൊരു വിശ്വാസിക്കും അവകാശമില്ലാതാകുന്നു. ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവർ സ്പഷ്ടമായ ദുർമാർഗ്ഗത്തിലകപ്പെട്ടുപോയി."

"പ്രവാചകരേ, നാമിതാ ഈ വേദം സത്യസമേതം താങ്കൾക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു. അത് അല്ലാഹു കാണിച്ചുതന്നതു പ്രകാരം താങ്കൾ ജനത്തിനിടയിൽ വിധി കല്പിക്കേണ്ടതിന്നാകുന്നു." 4:105

"നബി നിഷിദ്ധമാക്കിയ ഒരു കാര്യം അല്ലാഹു സ്വയം നിഷിദ്ധമാക്കിയതുപോലെയത്രെ." 59:7

പ്രവാചകചര്യയുടെ അനന്യദർശനീയത വിളിച്ചറിയിക്കാൻ പോന്ന അന്തഃസൗന്ദര്യമിയന്ന ഒരു ഹദീസ് ഇവിടെയുദ്ധരിക്കട്ടെ:

"ഞാൻ നിങ്ങളുടെ പക്കൽ രണ്ട് കാര്യം ഏല്പിക്കുന്നു. അവ രണ്ടിനെയും മുറുകെപ്പിടിക്കുന്ന പക്ഷം നിങ്ങൾക്ക് ഒരിക്കലും മാർഗ്ഗഭ്രംശം നേരിടുകയില്ല – അല്ലാഹുവിന്റെ ഗ്രന്ഥം, പ്രവാചകന്റെ ചര്യ."

ഖുർആനിക സൂക്തങ്ങൾക്ക് ആദ്യമായുണ്ടായ വ്യാഖ്യാനമാണ് പ്രവാ

ചകന്റെ ജീവിതം. അതുപോലൊരു ഊനമറ്റ, ഈണമൊത്ത ജീവിതഭാഷ്യം സമർപ്പിക്കുവാൻ പ്രവാചകന് മാത്രമെ സാധിക്കുകയുള്ളൂവെന്ന ആയിശയുടെ പരാമർശം ശ്രദ്ധേയമാണ്. ''മനസ്യേകോ വചസ്യേകോ കർമണ്യേകോ മഹാത്മനാ'' എന്ന പഴയ ചൊല്ലുപോലെ മനോവാക്കർമങ്ങളെക്കൊണ്ട് ഏകമുഖനായ പ്രവാചകൻ തന്റെ ജീവിതം കൊണ്ട് ഖുർആന് ഭാഷ്യം രചിക്കുകയായിരുന്നു.

ഖുർആനിക പ്രപഞ്ചവുമായി മുഹമ്മദ് സാത്മ്യം പ്രാപിച്ചു. അദ്ദേഹത്തിന്റെ സ്വരചലനങ്ങളെല്ലാം ഖുർആന്റെ വിധിവിലക്കുകൾക്ക് അനുസൃതമായിരുന്നു. ഖുർആൻ അദ്ദേഹത്തിന്റെ കണ്ണുകളിലെ തിളക്കമായും മുഖത്തെ പ്രസാദമായും പ്രഭാസിച്ചു.

സാങ്കേതികമായി പ്രവാചകന്റെ വൃത്തികൾ, നടപടിക്രമങ്ങൾ, മൊഴികൾ എന്നിവയാണ് ഹദീസ്.

ഖുർആൻ, സുന്നത്ത് – ഇവ രണ്ടും ചേർന്ന ഒരേകനാമമാണ് ദീൻ എന്നത്. (പ്രവാചക ചര്യകൾ സംബന്ധിച്ച കഥനങ്ങളാണ് സുന്നത്ത് എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. പ്രവാചകന്റെ കർമ്മങ്ങളുടെയും വചനങ്ങളുടെയും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ സംഭവിക്കുകയും അദ്ദേഹത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്ത മറ്റ് കാര്യങ്ങളുടെ സമുച്ചയമാണ് യഥാർത്ഥത്തിൽ ഹദീസ്.) സുന്നത്തിനെ ഖുർആനിൽനിന്ന് മാറ്റിവെച്ചാൽ പ്രവൃത്തിപഥത്തിൽ വരുത്താൻ പ്രയാസമോലുന്ന വ്യാമിശ്രമായ കുറേ ഇബാദത്തുകളുടെ പേരുകളും കുറേ വിശ്വാസകാര്യങ്ങളും അവ്യക്തതകൾ അടയിട്ട് കിടക്കുന്ന ആശയങ്ങളും മാത്രമായിരിക്കും ഖുർആൻ എന്നു പറയുന്നത് ആ മഹദ്ഗ്രന്ഥത്തോടുള്ള അനാദരം കൊണ്ടല്ല, പ്രവാചകൻ നിയോഗിക്കപ്പെട്ടത് ഖുർആനെ തന്റെ വാഗ്കർമ്മങ്ങളെക്കൊണ്ട് വിശദീകരിച്ചുകൊടുക്കാനാണെന്ന ബോദ്ധ്യം കൊണ്ടാണ്.

''നാം താങ്കൾക്ക് ഖുർആൻ അവതരിപ്പിച്ചത്, ജനങ്ങൾക്ക് ഇറക്കപ്പെട്ടത് (ഗ്രന്ഥം) അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയാണ്'' 16:44

• ദൈവം ഒരു ഗ്രന്ഥമവതരിപ്പിച്ചു. അതിന്റെ വക്താവും പ്രയോക്താവുമായി ഒരു പ്രവാചകനെ നിയോഗിച്ചു. ''കെട്ടിടം നിർമ്മിക്കാൻ ഒരു പ്ലാൻ നല്കി. ആ പ്ലാനനുസരിച്ചുള്ള കെട്ടിടം നിർമിക്കണമെന്നാണ് നിർദേശമെങ്കിൽ പ്ലാൻ സുവിശദമായിരിക്കണം. എന്നാൽ ഒപ്പമൊരു ഇഞ്ചിനിയരെക്കൂടി നിശ്ചയിച്ചു നൽകിയാൽ പിന്നെ പ്ലാൻ സുവിശദമായിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതുണ്ടോ? വേണ്ടാ. ഇഞ്ചിനിയരെ ശ്രദ്ധിക്കുക; അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിക്കുക. അതുപോലെ ഖുർആൻ വാചാലമല്ല, സുവിശദവുമല്ല, വാചം യമിത്വമാണതിന്റെ സൗന്ദര്യം. പ്രത്യക്ഷത്തിൽ ഖുർആൻ അവ്യക്തമായിത്തോന്നിയേക്കാം. എന്നാൽ അതിനൊപ്പം സുന്നത്തും ഹദീസും ചേരുമ്പോൾ അത് സുവ്യക്തവും സമ്പൂർണ്ണവുമായി.

ദൈവേച്ഛയുടെ വെളിപാടാണ് വേദഗ്രന്ഥമെങ്കിൽ അതിന്റെ പ്രായോഗികരൂപമാണ് പ്രവാചക ചര്യ. അതുകൊണ്ടാണ് പ്രവാചകനെ അനുധാവനം ചെയ്യാൻ ഇസ്‌ലാം ആവശ്യപ്പെടുന്നത്. സമ്പൂർണ്ണ മനുഷ്യനായിരുന്നു പ്രവാചകൻ.

മോസസ്സിൽ അചഞ്ചലനായ നേതാവിനെയല്ലാതെ
ദയാമയനായ ഗുരുവിനെ കണ്ടില്ല.

യേശു ദാക്ഷിണ്യങ്ങളുടെ മാതൃകയാണെങ്കിലും
അടിമകളുടെയും ദുർബലരുടെയും ദരിദ്രരുടെയും
ചോര ചൂടുപിടിപ്പിക്കുന്ന തീക്ഷ്ണത
അദ്ദേഹത്തിലില്ലായിരുന്നു.
മുഹമ്മദിൽ ഇവയെല്ലാം സമന്വയിച്ചു.

വൈവിധ്യമാർന്ന ജീവിതപഥങ്ങളിലെ സകല ജനപദങ്ങൾക്കും മുഹമ്മദിൽ മാതൃകയുണ്ട്:

''നിങ്ങൾ ഒരു ദരിദ്രനാണെങ്കിൽ
ശിഅ്ബു അബീത്വാലിബിലെ തടവുപുള്ളിയിലും
മദീനാ അഭയാർഥിയിലും നിങ്ങൾക്ക് മാതൃകയുണ്ട്.
നിങ്ങൾ ഒരു ചക്രവർത്തിയാണെങ്കിൽ
അറേബ്യയുടെ സർവ സാരഥ്യം വഹിച്ച
മുഹമ്മദിനെ ശ്രദ്ധിക്കുക.
നിങ്ങളൊരു അടിമയാണെങ്കിൽ
ഖുറേശികളുടെ ക്രൂരമായ മർദനപീഡനാനുഭവങ്ങൾ
ഏറ്റുവാങ്ങിയ ആ മഹാമനസ്സിനെയോർക്കുക.
നിങ്ങളൊരു ജേതാവാണെങ്കിൽ
ബദ്റിലും ഹുനൈനിലും തെളിഞ്ഞുനിന്ന
മുഹമ്മദിനെയനുസ്മരിക്കുക.
നിങ്ങൾ പരാജിതനായ ഒരു പോരാളിയാണെങ്കിൽ
ഉഹുദിൽ കുടുങ്ങിക്കിടന്ന അസാത്വിക മനസ്സിൽനിന്ന്
പാഠം ഗ്രഹിക്കുക.
നിങ്ങൾ ഒരദ്ധ്യാപകനാണെങ്കിൽ
സഫാ മലമുകളിൽ സമൂഹം കണ്ട
ആ വരിഷ്ടവ്യക്തിത്വത്തെ വിലയിരുത്തുക.
നിങ്ങൾ ഒരുവിദ്യാർത്ഥിയാണെങ്കിൽ
മാലാഖയുടെ മുന്നിൽ ഭയഭക്ത്യാദരങ്ങളോടെ
ശ്രദ്ധാലുവായി നിന്ന മുഹമ്മദിനെയോർമിക്കുക.
നിങ്ങൾ ഒരു പ്രഭാഷകനാണെങ്കിൽ
മദീനയിലെ പള്ളിയിൽ എന്നും സംസാരിക്കാറുള്ള
ആ ജനപ്രിയനെ ശ്രദ്ധിക്കുക.
ശത്രുപക്ഷത്തെ അടിപണിയിച്ച അധൃഷ്യനാണ്
നിങ്ങളെങ്കിൽ
മക്കാവിജയ വേളയിൽ ജ്വലിച്ചുനിന്ന
ആ മഹാവ്യക്തിത്വത്തെ കണ്ടറിയുക.
നിങ്ങളൊരു വ്യാപാരിയാണെങ്കിൽ
ഖദീജയുടെ വ്യാപാരവസ്തുക്കളുമായി
പരദേശങ്ങൾ താണ്ടിയ മുഹമ്മദിനെ മനസ്സിലാക്കുക.
നിങ്ങളൊരു തോട്ടം പരിപാലകനാണെങ്കിൽ
ഖൈബറിലെയും ഫദക്കിലെയും തോട്ടങ്ങൾ
എങ്ങനെ പരിപാലിക്കപ്പെട്ടു എന്നറിയുക.
ഒരാട്ടിടയന്റെ തൊഴിലാണ് നിങ്ങളനുഷ്ഠിക്കുന്നതെങ്കിൽ

മക്കയിലെ ആ ഇടയ ബാലനെയനുസ്മരിക്കുക.
ഒരു സംഘത്തെ നയിക്കുന്ന ചുമതലയാണ്
നിങ്ങൾക്കുള്ളതെങ്കിൽ
ബസ്വറയിലേക്ക് പോകുന്ന സാർത്ഥവാഹക സംഘ
ത്തിന്റെ നായകനെയൊന്ന് നിരീക്ഷിക്കുക.
നിങ്ങൾ ഒരു ന്യായാധിപനോ മാധ്യസ്ഥനോ
ആണെങ്കിൽ
ഹജ്റുൽ അസ്വദ് പൊക്കിവെക്കുന്നതിൽ
അസാധാരണത്വം കാണിച്ച മുഹമ്മദിനെയൊന്ന്
ശ്രദ്ധിക്കുക.
നിങ്ങൾ ഒരു ഭർത്താവാണെങ്കിൽ
ഖദീജയും ആയിശയും പറഞ്ഞുതന്ന
മുഹമ്മദിന്റെ ജീവിതതലമൊന്ന് വിലയിരുത്തുക.
ഒരു നല്ലപിതാവ് എങ്ങനെ എന്നന്വേഷിക്കുക
യാണ് നിങ്ങളെങ്കിൽ
ഫാത്തിമയുടെ വാക്കുകൾ ഹൃദിസ്ഥമാക്കുക.
നിങ്ങൾ നന്മയണിഞ്ഞുള്ള ആരുമാവട്ടെ എന്തുമാവട്ടെ
അതിന്നുവേണ്ട സമുജ്ജ്വല മാതൃകകളെല്ലാം മുഹമ്മദിലുണ്ട്.''

ആ വൈചിത്ര്യമാർന്ന അസാധാരണ വ്യക്തിത്വം ഒരു വലിയ ജനപദത്തെ തന്റെ ഇച്ഛാശക്തികൊണ്ട് മുന്നോട്ടു നയിച്ചു. കയ്പും, ചവർപ്പും, എരിവും മധുരവുമെല്ലാം ചേർന്ന സമൂഹമദ്ധ്യത്തിൽതന്നെ ജീവിച്ചു. ഘോരമായ സാഹചര്യങ്ങളിലും ക്രൂരമായ പീഡനങ്ങളിലും സ്ഥിതപ്രജ്ഞനെപ്പോലെ നിലകൊണ്ടു. നായകനായി, ജേതാവായി വാക്കും പ്രവൃത്തിയും പരസ്പരപൂരകമാക്കി ജനമനസ്സുകളിൽ അസദൃശ്യനായി, അൽഅമീനായി പ്രഭാസിച്ചു. പരസ്പരം പോരടിച്ചും കഴുത്തറുത്തും പ്രാകൃതമായി ജീവിച്ചുപോന്ന കുത്തഴിഞ്ഞുകിടന്ന ഒരു ഗോത്രസമൂഹത്തെ ഒരു ചരടിലിണക്കിക്കോർത്തു. ചരിത്രത്തിലിന്നോളം തുല്യതയില്ലാത്ത പരിവർത്തനത്തിന്റെ പതാകാവാഹകനെന്ന് എതിരാളികളാൽപോലും പ്രശംസിക്കപ്പെട്ട ഔന്നത്യത്തിലേയ്ക്ക് ഉയർന്നു.

# 4. ഖുർആൻ രൂപമണിയുന്നു

ചിലപ്പോൾ അതികാലത്തുണർന്ന് ഖദീജയെ വിളിക്കും. വിളികേട്ടാൽ പ്രഭാതകൃത്യങ്ങളെല്ലാം മാറ്റിവെച്ച് ഖദീജ മുഹമ്മദിന്റെ സമീപത്തേയ്ക്ക് പാഞ്ഞെത്തും. പതിഞ്ഞസ്വരത്തിൽ, ഗൗരവമിയന്ന രഹസ്യം പറയുന്ന മട്ടിൽ മുഹമ്മദ് പറഞ്ഞുതുടങ്ങും. തലേന്നാൾ രാത്രിയിലെ സ്വപ്നകഥയാകുമത്. നല്ലനല്ല സ്വപ്നങ്ങൾ. അതു കേൾക്കാൻ ഖദീജ കാത് കൂർപ്പിച്ചിരിക്കും. തന്റെ ഭർത്താവിനെ ദൈവം സ്വപ്നം ചൊരിഞ്ഞ് ഭാഗ്യവാനാക്കിത്തീർക്കുകയാണെന്ന് ഖദീജ അഭിമാനിക്കും.

ക്രമത്തിൽ ക്രമത്തിൽ മുഹമ്മദ് ഏകാന്തതയെ ഏറെ ഇഷ്ടപ്പെടുന്ന പ്രകൃതക്കാരനായി മാറി. എവിടെയെങ്കിലും ചെന്നിരിക്കും; ചിലപ്പോൾ മണിക്കൂറുകളോളം. ആ മനസ്സിൽ അപ്പോൾ വിളഞ്ഞുനില്ക്കാറുള്ള വിചാരഭാവം ആർക്കുമറിയില്ല, ഖദീജക്കുപോലും. എന്നാൽ അതിൽ അസഹ്യത കാണിക്കാനോ അത് ചൂണ്ടി വിമർശിക്കാനോ ആ സ്ത്രീരത്നം ഒരിക്കലും മുതിർന്നിട്ടില്ല. തന്റെ ഭർത്താവിൽ ദൈവികമായ എന്തോ ഒന്ന് തെളിഞ്ഞുവരികയാണെന്ന് അവർ കരുതിയിരിക്കണം.

ഭദ്രമായ ഏകാന്തത തേടിപ്പുറപ്പെട്ട മുഹമ്മദ് സ്വവസതിയിൽനിന്ന് കുറച്ചകലെയുള്ള ഹിറാഗുഹ കണ്ടെത്തി. പിന്നെ അവിടെ ചെന്നിരിക്കും. അവിടെയിരുന്നാൽ മനസ്സനുഭവിക്കുന്ന ശാന്തത അവാച്യമാണ്. ആ സുഖാസ്വാദനത്തിൽ എല്ലാം മറന്ന് മുഹമ്മദ് ദിനരാത്രങ്ങൾ അവിടെ കഴിയും. അവിടെനിന്ന് കൈവരുന്ന സ്വൈരവും സ്വസ്ഥതയും അനന്യലബ്ധമാണെന്ന് മുഹമ്മദ് പലവുരു ഖദീജയോട് പറഞ്ഞിട്ടുണ്ട്.

അഗാധതകളിൽ, അവ്യക്തതകളിൽ ആണ്ട് തിരയുന്ന ഒരു സത്യാന്വേഷിയുടെ തപസ്സായിരുന്നു അത്. കാലഭേദങ്ങളറിയാതെ, നിർന്നിദ്രങ്ങളായ രാപ്പകലുകളിലൂടെ നീങ്ങുന്ന തീവ്രതപസ്സ്! നാലും അഞ്ചും ദിവസങ്ങൾ കഴിഞ്ഞാണ് മുഹമ്മദ് ചിലപ്പോൾ വീട്ടിലേയ്ക്ക് തിരിക്കുന്നത്. ഇത് കരുതി വിഷമംകൊണ്ട ഖദീജ ഭക്ഷണപ്പൊതിപോലും ഗുഹായാത്രയിൽ മുഹമ്മദിന്റെ കയ്യിലേല്പിക്കാറുണ്ടായിരുന്നു.

ഒരു ദിവസം മുഹമ്മദ് ഹിറാഗുഹയിലിരിക്കുകയായിരുന്നു. ഒരു മഹാവിസ്മയത്തിന്റെ ദളപുടങ്ങൾ വിരിഞ്ഞുവരുമ്പോലെ ഒരു മലക്ക് അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ജീവസ്സണിഞ്ഞ ഒരു ദിവ്യാനുഭവം. മലക്ക്, സാത്ഭുതം തന്നെ ശ്രദ്ധിക്കുന്ന മുഹമ്മദിനോട് 'വായിക്കുക' എന്ന് ആവശ്യപ്പെട്ടു. അതേറെ വിസ്മയകരവും വിഭ്രാന്തിജനകവുമായിരുന്നു. അക്ഷരമറി

യാത്തവന് വായിക്കാനൊക്കുമോ? സത്യസന്ധനായ മുഹമ്മദ് തന്റെ നിസ്സഹായതയറിയിച്ചു. മലക്ക് മുഹമ്മദിനെ ഗാഢാലിംഗനം ചെയ്തു. വീണ്ടും പഴയതുപോലെയാവശ്യപ്പെട്ടു, വായിക്കാൻ. മുഹമ്മദിന്റെ പ്രതികരണം പഴയതുതന്നെ. മലക്ക് പലവുരു മുഹമ്മദിനെ നെഞ്ചോട് ചേർത്ത് ആലിംഗനം ചെയ്തു. തുടർന്ന് മലക്ക് ഇങ്ങനെ വിശദീകരിച്ചു:

"വായിക്കുക.
നിന്നെ സൃഷ്ടിച്ച ദൈവത്തിന്റെ നാമത്തിൽ
വായിക്കുക.
കേവലം ഒട്ടിപ്പിടിക്കുന്ന ഒന്നിൽനിന്ന്
നിന്നെ, മനുഷ്യനെ സൃഷ്ടിച്ചുവിട്ട
നിന്റെ രക്ഷകനായ
സർവലോകസ്രഷ്ടാവായ
ആ ഏകദൈവത്തിന്റെ
തിരുനാമത്തിൽ വായിക്കുക.
തൂലികകൊണ്ട്
മനുഷ്യനെ എഴുതാൻ പഠിപ്പിച്ച്
അവനെ വിജ്ഞനാക്കിയ
ആ അല്ലാഹുവിന്റെ
തിരുനാമത്തിൽ വായിക്കുക."

മലക്ക് അപ്രത്യക്ഷനായി. മുഹമ്മദ് പരിഭ്രാന്തനായി അവിടെത്തന്നെയിരുന്നു. എന്തുചെയ്യേണ്ടൂ എന്നറിയാതെ മുഹമ്മദ് വിഷമിച്ചു. ഹൃദയത്തിൽ പെരുമ്പറ മുഴങ്ങുന്നു. ശരീരമാകെ വിയർത്തു വിറയ്ക്കുന്നതുപോലെതോന്നി. തീർത്തും സ്വസ്ഥതകെട്ട മുഹമ്മദ് വീട്ടിലേക്കോടി.

പരിഭ്രാന്തനായി പാഞ്ഞുവരുന്ന മുഹമ്മദിനെ കണ്ട ഖദീജ നന്നെ വിഷമിച്ചു. 'എന്നെ പുതപ്പിക്കുക, എന്നെ പുതപ്പിക്കുക' എന്ന് വിഭ്രാന്തമായി പിറുപിറുത്തുകൊണ്ടിരുന്ന മുഹമ്മദിനെ പുതപ്പിച്ച് സമാധാനിപ്പിക്കാൻ ഖദീജ ശ്രമിച്ചു. കുറേ കഴിഞ്ഞപ്പോൾ മുഹമ്മദ് ഖദീജയെ വിളിച്ച് ഹിറാഗുഹയിലെ അനുഭവങ്ങൾ വിശദീകരിച്ചു. തനിക്ക് ഭയമാകുന്നുവെന്നും എന്തെല്ലാമാണ് വന്നുപെടാൻ പോകുന്നതെന്ന് തനിക്കൊട്ടും മനസ്സിലാകുന്നില്ലെന്നും തന്റെ ജീവിതംതന്നെ അപകടത്തിലായേക്കുമോ എന്ന പേടി തന്നെ വിടാതെ അസ്വസ്ഥനാക്കുകയാണെന്നും മുഹമ്മദ് ഖദീജയെ ധരിപ്പിച്ചു. ഖദീജ ആശ്വസിപ്പിച്ചു, പ്രതീക്ഷ വളർത്തി, ആവേശമണിയിച്ചു.

"അങ്ങയ്ക്ക് ഒരപകടവും ദൈവം വരുത്തുകയില്ല
അങ്ങ് നന്മ ചെയ്യുന്നവനാണ്.
കുടുംബസ്ഥനാണ്.
പാവങ്ങളെ സഹായിക്കുന്നവനാണ്.
വേദനിക്കുന്നവർക്ക് ആശ്വാസം നൽകുന്നവനാണ്
ത്യാഗം ചെയ്തുപോരുന്നവനാണ്.
വിശ്വസ്തനുമാണ്.
അങ്ങയ്ക്ക് ദൈവം ഒരപകടവും വരുത്തുകയില്ല."

കുറേ കഴിഞ്ഞപ്പോൾ ഖദീജ മുഹമ്മദിനെയുംകൂട്ടി വറഖത്തുബ്നു നൗഫലിന്റെ വീട്ടിലെത്തി. ഖദീജയുടെ പിതൃവ്യപുത്രനാണദ്ദേഹം. ജാഹിലി

യ്യകാലത്ത് ക്രിസ്തുമത വിശ്വാസമാശ്ലേഷിച്ചവരാണ് വറഖത്ത്. ഹീബ്രുഭാഷ നന്നായറിയാം. ഇഞ്ചീലിലെ സൂക്തങ്ങൾ വായിക്കുകയും അതേക്കുറിച്ച് ഗാഢമായി ചിന്തിക്കുകയും ചെയ്യാറുണ്ട്. ഇന്നിപ്പോൾ വാർധക്യത്തിന്റെ വൈവശ്യമുണ്ട്. കണ്ണിന് കാഴ്ച നന്നെ കുറവും.

അകത്ത് ഒരു മുറിയിലിരുന്ന് അവർ സംസാരിച്ചു തുടങ്ങി. മുഹമ്മദിനുണ്ടായ സവിശേഷാനുഭവങ്ങൾ ഖദീജ വറഖത്തിനെയറിയിച്ചു. അപ്പോഴും മനോവിഭ്രാന്തി പറ്റെ വിട്ടുമാറിയിട്ടില്ലാത്ത മുഹമ്മദ് അവിടെത്തന്നെയുണ്ടായിരുന്നു. ഖദീജയുടെ വാക്കുകൾ വറഖത്ത് ഗൗരവത്തോടും അത്യന്തം വിനയത്തോടും കൂടിയാണ് കേട്ടത്. വറഖത്ത് എഴുന്നേറ്റ് മുഹമ്മദിന്റെയടുത്തു ചെന്ന് അദ്ദേഹത്തിന്റെ രണ്ട് കൈകളും ചേർത്തുപിടിച്ച് നെഞ്ചിലമർത്തി ഒരു നിമിഷം കണ്ണടച്ചുനിന്നു. പ്രാർഥനയുടെ നിമിഷങ്ങളായിരുന്നു അത്. വറഖത്ത് വിനയപുരസ്സരം ഇങ്ങനെ പറഞ്ഞു:

''മുഹമ്മദേ, മൂസ്സായുടെയടുത്ത് അല്ലാഹുവയച്ച ജിബ്രീൽതന്നെയാണത്. മുഹമ്മദ് പ്രവാചകനായി മാറാൻപോവുകയാണ്. ധൈര്യത്തോടെ മുന്നോട്ടുപോവുക. വലിയൊരു ദൗത്യമാണ് മുഹമ്മദിന് നിർവഹിക്കാനുള്ളത്. എന്നാൽ ഒരു കാര്യം പറയട്ടെ, ഈ ദൗത്യം നിർവഹിച്ചവരെല്ലാം ജനങ്ങളുടെ മുന്നിൽ ശത്രുക്കളായിത്തീർന്ന കഥയേയുള്ളൂ. അതുകൊണ്ട് വിഭ്രമിക്കുകയല്ല, കരുത്തുകാട്ടുകയാണാവാശ്യം.''

ഇത്രയും കേട്ടപ്പോൾ മുഹമ്മദ് ഉദ്വേഗപൂർവം ചോദിച്ചു:

''ഇവരെന്നെ നാടുകടത്തിയേക്കുമോ?''

വറഖത്തിന്റെ പക്വമായ മറുപടി ഏറെ ശ്രദ്ധേയമായിരുന്നു:

''എല്ലാം പ്രതീക്ഷിക്കുക. പക്ഷേ, ജയിച്ചുവരുന്നത് അവരായിരിക്കുകയില്ല. ഞാൻ കൊതിക്കുകയാണ് മുഹമ്മദ്, താങ്കൾ പ്രബോധനമാരംഭിക്കുന്ന കാലത്ത് ഞാനൊരു യുവാവായിരുന്നെങ്കിൽ എന്ന്. കാരണം അന്ന് അങ്ങനെ ജീവിക്കാൻ കഴിഞ്ഞെങ്കിൽ താങ്കളെ കഴിവിനൊത്ത് സഹായിക്കാൻ എനിക്കും കഴിഞ്ഞേനെ.''

വറഖത്തിന്റെ ആശിസ്സുകളും ഖദീജയുടെ ആശ്വാസവചനങ്ങളും മുഹമ്മദിൽ ആത്മവിശ്വാസം വളർത്തി, ഒരു പുതിയ ആവേശം വാരിയണിയാൻ കഴിഞ്ഞതുപോലൊരു ബോദ്ധ്യം. മുഹമ്മദും ഖദീജയും വീട്ടിലേയ്ക്ക് മടങ്ങി.

വഴിയിൽ നിശ്ശബ്ദനായി നടന്നുനീങ്ങുന്ന മുഹമ്മദിനോട് ഖദീജ അനുനയവാക്കുകൾ പറഞ്ഞുകൊണ്ടേയിരുന്നു. ''മനുഷ്യരാശിയിൽ അല്ലാഹുവിന്റെ സംപ്രീതിക്ക് പാത്രമായ സുകൃതികളിൽ അങ്ങ് പ്രകാശമണിഞ്ഞുനില്ക്കുന്നുവെന്നും ഇതിൽപരമൊരു ധന്യത മറ്റില്ലെ''ന്നും ഖദീജ പറഞ്ഞപ്പോൾ മുഹമ്മദ് കൂടുതൽ വിനയവാനായിക്കാണപ്പെട്ടു.

വീട്ടിലെത്തി കുറച്ചു വിശ്രമിക്കണമെന്നാഗ്രഹിച്ചുവെങ്കിലും കുറേക്കൂടി സ്വസ്ഥത കൊതിച്ച് മുഹമ്മദ് തന്റെ ആത്മമിത്രമായ അബൂബക്കറെ കാണാൻ പുറപ്പെട്ടു.

മക്കയിലെ ഒരു പ്രാമാണിക കുടുംബത്തിലെ അംഗമാണ് അബൂബക്കർ. എല്ലാവരെയും സ്നേഹിക്കുക. ആർക്കും ആകാവുന്നത്ര സഹായം ചെയ്യുക-അതാണദ്ദേഹത്തിന്റെ പ്രകൃതം. പ്രായത്തിൽ കവിഞ്ഞ പക്വത സൂക്ഷിച്ചുപോന്ന അബൂബക്കറാണ് മുഹമ്മദിന്റെ ഹൃദയം സൂക്ഷിപ്പുകാരനെന്ന് ആളുകൾ പറയാറുണ്ടായിരുന്നു.

മുഹമ്മദിന്റെ വാക്കുകൾ അബൂബക്കർ അതീവശ്രദ്ധയോടും വിസ്മയത്തോടുംകൂടിയാണ് കേട്ടത്. കളിയായിപോലും പൊളിപറയാത്ത മുഹമ്മദിനെ അവിശ്വസിക്കാൻ അബൂബക്കറിന് കഴിയുമായിരുന്നില്ല. തന്റെ സുഹൃത്തിന് ദൈവത്തിൽനിന്നു ലഭിച്ച പരമാംഗീകാരത്തിൽ അബൂബക്കർ അകം നിറഞ്ഞാനന്ദിച്ചു.

അവിടെനിന്ന് മുഹമ്മദ് അലിയുടെ വസതിയിലേക്കാണ് പോയത്. പ്രായപൂർത്തിയാവാത്ത ഒരു ചെറുപ്പക്കാരനായിരുന്നു അന്ന് അലി. മുഹമ്മദിന്റെ പിതൃവ്യനായ അബൂത്താലിബിന്റെ മകൻ. ജ്യേഷ്ഠസഹോദരനായി അലി, മുഹമ്മദിനെ സ്നേഹിച്ചുപോന്നു. മുഹമ്മദ് അലിയെക്കണ്ട് തനിക്കുണ്ടായ അപൂർവാനുഭവമറിയിച്ചു. മുഹമ്മദിനു കൈവന്ന ഭാഗ്യാതിരേകത്തിൽ ആ കൊച്ചുഹൃദയം രോമഹർഷമണിഞ്ഞു.

വീട്ടിലേയ്ക്ക് തിരിക്കുമ്പോൾ വഴിയിൽ സൈദുബ്നു ഹാരിസത്തിനെ കണ്ടുമുട്ടി. വീട്ടിലെ പരിചാരകനാണദ്ദേഹം. മുഹമ്മദ് ഓടിച്ചെന്ന് സൈദിനെ കെട്ടിപ്പിടിച്ച് വിശേഷ വാർത്തയറിയിച്ചു. വാർത്ത കേട്ടപ്പോൾ സൈദ് സന്തോഷംകൊണ്ട് തുള്ളിച്ചാടി. മുഹമ്മദ് കുറേക്കൂടി ആത്മവിശ്വാസത്തോടും മനഃസമാധാനത്തോടുംകൂടി സ്വവസതിയിലേയ്ക്ക് നടന്നു.

വിശ്വവശ്യമായ ഇസ്ലാമിക സന്ദേശത്തിന്റെ ആദ്യക്ഷരം മറ്റാരെക്കാളും മുമ്പെ കേൾക്കാനും രോമഹർഷമണിയാനും സൗഭാഗ്യം ലഭിച്ച ആദ്യത്തെ മുസ്ലിമത്ത് ഖദീജയാണ്. പിന്നെ അബൂബക്കറും പിന്നെ അലിയും പിന്നെ സൈദ്ബ്നുഹാരിസത്തും.

തുടർന്ന് അല്പകാലത്തേയ്ക്ക് വെളിപാടുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം മുഹമ്മദ് മക്കയിലെ തെരുവീഥിയിലൂടെ സഞ്ചരിക്കുകയായിരുന്നു. പെട്ടെന്ന് ആകാശത്തിൽ ഒരു മുഴക്കമനുഭവപ്പെട്ടു. മുഹമ്മദ് മേല്പോട്ട് നോക്കി. മേഘമാലകൾക്കിടയിൽ ഒരു രൂപം തെളിഞ്ഞുവരുന്നതായിക്കണ്ടു. അത് മുമ്പു ഹിറാഗുഹയിൽ പ്രത്യക്ഷപ്പെട്ട ജിബ്രീലിന്റെ രൂപമണിയുന്നതുപോലെതോന്നി. ജിബ്രീലാണെന്ന് ബോദ്ധ്യമായപ്പോൾ മുഹമ്മദ് തീർത്തും അസ്വസ്ഥനായി. പേടിച്ചോടി. നേരെ വീട്ടിലെത്തി. വല്ലാത്തൊരസ്വാസ്ഥ്യം അനുഭവപ്പെട്ടു. തണുപ്പുറഞ്ഞതുപോലെ വിറയ്ക്കുന്നുണ്ടായിരുന്നു. പുതപ്പിട്ടുകൊടുക്കാൻ ഖദീജയോടാവശ്യപ്പെട്ടു. പുതപ്പിച്ചുകൊണ്ട് ഖദീജ മുഹമ്മദിനെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, അസ്വാസ്ഥ്യം കൂടിക്കൂടിവരികയായിരുന്നു. അത് വെളിപാടിന്റെ തുടക്കമായിരുന്നു. തന്റെ കാതുകളിൽ എന്തോ മുഴങ്ങുന്നതുപോലെതോന്നി. ശ്രദ്ധിച്ചപ്പോൾ ശബ്ദം തെളിഞ്ഞുവന്നു:

"ഹേ, മൂടിപ്പുതച്ചവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധമാക്കുകയും പാപം വെടിയുകയും ചെയ്യുക." (74:1–5)

പിന്നെ പല നേരങ്ങളിലായി വെളിപാടുകളുണ്ടായിക്കൊണ്ടിരുന്നു. ഒരു മഹാപ്രതിഭാസംപോലെ. അനുസ്യൂതമായി. ആ ദിവ്യവചനങ്ങളുടെ സമാഹാരമാണ് ഖുർആൻ. ഇരുപത്തിമൂന്ന് വർഷക്കാലത്തിന്റെ പരിവിസ്തൃതിയിലാണ് ഖുർആന്റെ പിറവി. പലപല ഘട്ടങ്ങളിലായാണ് അത് രൂപംകൊണ്ടത്. ചിലപ്പോൾ ഒരു ആയത്ത് (സൂക്തം) മാത്രം. മറ്റുചിലപ്പോൾ ഏറെയും. ആറായിരത്തിൽപരം ആയത്തുകൾ അങ്ങനെ രൂപംകൊണ്ടു. വെളിപാടനുഭവപ്പെ

ട്ടാൽ അത് തന്റെ സഹചാരികൾക്ക് ഓതിക്കൊടുക്കും. പിന്നെ വിശദീകരിക്കും. സംശയഛേദിയാംവിധം ബോധിപ്പിക്കും. സ്വജീവിതമാതൃകകൊണ്ട് അവയ്ക്ക് ഏറെ തെളിച്ചം നൽകും.

"ഇത് ലോകരക്ഷിതാവ് അവതരിപ്പിച്ചതാണ്, നിശ്ചയം. വിശ്വസ്തനായ മാലാഖ അത് നിന്റെ (നബിയുടെ) ഹൃദയത്തിലവതരിപ്പിച്ചു. നീ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻവേണ്ടി; സ്പഷ്ടമായ അറബ് ഭാഷയിൽ" (26: 192– 195).

സബൂർ, തൗറാത്ത്, ഇഞ്ചീൽ–എന്നിവയ്ക്ക് ശേഷം അവതരിച്ച നാലാം വേദമാണ് ഖുർആൻ. അതുകൊണ്ടാണ് ഖുർആൻ വിശ്വാസികളായ മുസ്ലിംകൾ നാലാംവേദക്കാരായി വിളിക്കപ്പെടുന്നത്. ദൈവം, ജിബ്രീൽ, മുഹമ്മദ്–എന്നീ മൂന്ന് പടവുകളാണ് വേദഗ്രന്ഥത്തിന് പിറകിൽ തെളിഞ്ഞുനില്ക്കുന്നത്. മുഹമ്മദിന്റെ കൈകളിലാണ് വേദഗ്രന്ഥം ഏല്പിക്കപ്പെട്ടത്, പരശ്ശതം സൂക്തങ്ങളായി. വേദഗ്രന്ഥം നൽകപ്പെട്ടതുകൊണ്ട് മുഹമ്മദ് റസൂലായി.

ഖുർആൻ എന്ന ശബ്ദത്തിന് വായിക്കപ്പെടുന്നത് എന്നാണർഥം. അവിരാമമായി തുടർന്നുവരുന്ന കാലതലങ്ങളിൽ വായിക്കപ്പെടുന്ന സാർവകാലികത്വമുൾക്കൊള്ളുന്നത് എന്നാണ് വിവക്ഷ. സത്യാസത്യ വിവേചകം എന്ന അർഥദ്യുതിയുള്ള 'ഫുർഖാൻ' എന്നും ഖുർആൻ വിളിക്കപ്പെടാറുണ്ട്.

മുഹമ്മദിന്റെ പ്രവാചകത്വത്തെയും ഖുർആന്റെ തിരു അവതരണത്തെയും കുറിച്ചുള്ള തെളിഞ്ഞ സൂചനകൾ തൗറാത്തിലും ഇഞ്ചീലിലുമുണ്ട്. ഖുർആനിൽ അക്കാര്യം അനുസ്മരിച്ചിട്ടുമുണ്ട്. മുഹമ്മദ് നബിയെയും ഖുർആനെയും കുറിച്ചുള്ള പരാമർശങ്ങൾ ബൈബിളിലും കാണാം:

(ആവർത്തന പുസ്തകം 18: 18,19
മത്തായി 21: 42, 44, 4:17
യോഹന്നാൻ 14: 15.16)

"ഇത് (ഖുർആൻ) കെട്ടിച്ചമച്ച ഒരു വാർത്തയല്ല. മറിച്ച് അതിന്റെ മുമ്പേ വന്ന ദിവ്യഗ്രന്ഥങ്ങളിലെ സന്തോഷവാർത്തകളെ സാക്ഷ്യപ്പെടുത്തുന്നതാണ്." (12:111)

"നാം ഗ്രന്ഥം നൽകിയവർക്കറിയാം തീർച്ചയായും ഇത് (ഖുർആൻ) നിന്റെ നാഥന്റെ പക്കൽനിന്ന് സത്യത്തോടുകൂടി അവതരിപ്പിക്കപ്പെട്ടതാണെന്ന്." (6:115)

"ഇസ്രായേലി പണ്ഡിതന്മാർ ഇത് തിരിച്ചറിയുന്നു എന്ന പരമാർഥം ഇവർക്കൊരു ദൃഷ്ടാന്തമാവുന്നില്ലേ?" (26:197)

"അവർ (ക്രിസ്ത്യാനികൾ) പ്രവാചകന്ന് അവതരിപ്പിക്കപ്പെട്ടത് (ഖുർആൻ) കേൾക്കുമ്പോൾ തങ്ങൾക്ക് സത്യം മനസ്സിലായതുകാരണം അവരുടെ നയനങ്ങളിൽ ബാഷ്പം നിറഞ്ഞൊഴുകുന്നത് കാണാം. നാഥാ ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളെ നീ സാക്ഷികളുടെ കൂട്ടത്തിൽ രേഖപ്പെടുത്തേണമേ എന്നവർ പറയുന്നു." (5: 83)

മുഹമ്മദിനെ സംബന്ധിച്ചിടത്തോളം തന്റെ പ്രവാചകദൗത്യനിർവഹണത്തിന്റെ പ്രഭാതകാലമായിരുന്നു അത്. സ്വന്തം പ്രദേശത്ത്, സ്വന്തം ഗോത്രത്തിൽ, സ്വന്തം കുടുംബത്തിൽ അതാരംഭിക്കണമെന്ന് മുഹമ്മദ് ആഗ്രഹിച്ചു.

സമാരംഭം എങ്ങനെവേണമെന്ന് മുഹമ്മദിന് തെളിഞ്ഞ വെളിപാടുണ്ടായിരുന്നു. സ്വജനങ്ങളോടും സ്വദേശീയരോടും സംസാരിക്കുന്നത് സ്വാഭാവികവും എന്നാൽ യുക്തിഭദ്രമായ രീതിയിലുമായിരിക്കണം. അക്കാലത്തെ, അവിടത്തെ സാമൂഹികാന്തരീക്ഷത്തിന്റെ നോവും നൊമ്പരവും സൗമ്യമായി വിശകലനം ചെയ്യുക; ജനമനസ്സുകളിൽ വേരൂന്നിനില്ക്കുന്ന അബദ്ധവിശ്വാസങ്ങളെക്കുറിച്ചും അവരുടെ ആചരണങ്ങളിലും അനുവർത്തനങ്ങളിലും തെളിഞ്ഞുനിന്ന അന്ധതകളെക്കുറിച്ചും പരാമർശിക്കുക. അത് നിലനില്ക്കുന്നതും തുടരുന്നതും സമൂഹത്തിന്റെ നിലനില്പിനും വികാസത്തിനും വിഘാതമാണെന്ന് മാത്രമല്ല മനഃസമാധാനം നശിപ്പിക്കുന്നതും ജീവിതപുരോഗതിയെ ഹനിക്കുന്നതും കൂടിയാണെന്നും ധരിപ്പിക്കുക. യുക്ത്യനുഭവങ്ങളുടെ വെളിച്ചത്തിൽ സൗമ്യമായി അവയെ ഖണ്ഡിക്കുക; തുടർന്ന് അനുസന്ധാനം ചെയ്യാൻ പറ്റുന്ന സദാചാരങ്ങളും ധർമങ്ങളും പരിചയപ്പെടുത്തുക; ദൈവിക മാർഗത്തിന്റെ വിശുദ്ധി ബോദ്ധ്യപ്പെടുത്തുക; ജീവിത പൂർണ്ണതയ്ക്കും ശാശ്വതസമാധാനത്തിനും അത് മാത്രമാണാശ്രയം എന്ന് ധരിപ്പിക്കുക–പ്രവാചകന്റെ ആദ്യകാല പ്രവർത്തനത്തിന്റെ പ്രകൃതമതായിരുന്നു.

മനഃശാസ്ത്രജ്ഞനും സഞ്ചയാനുഭവസമ്പന്നനുമായ ഒരദ്ധ്യാപകന്റേതുപോലെ ലളിതവും സുന്ദരവും അവക്രവുമായിരുന്നു ബോധനരീതി. പുതിയ പുതിയ കാര്യങ്ങൾ ചെറുചെറുവാക്യങ്ങളിൽ ആവിഷ്കരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. താളലയബദ്ധമായിരുന്നു അവതരണ രീതി. സമീപസ്ഥങ്ങളായ വസ്തുതകളെ ചൂണ്ടിയും സ്വാനുഭവങ്ങളെ കീർത്തിച്ചും പ്രവാചകൻ ചൊരിയുന്ന മൊഴിമുത്തുകൾ അനുവാചകന്റെ മനസ്സിൽ ആഞ്ഞുപതിച്ചു. ചിലർക്കത് ഹൃദ്യമായില്ലെങ്കിലും ആ മധുരവചസ്സുകൾ അവർ മന്ത്രിച്ചുകൊണ്ടിരിക്കും. ആർനോൾഡിന്റെ The preaching of Islam എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

''അനുവാചകാഭിരുചിക്കനുഗുണമായി അവ ഏറ്റവും മുന്തിയ കലാഭംഗിയിൽ കടഞ്ഞെടുത്തതായിരുന്നു. ഹൃദയങ്ങളിൽ അമ്പുപോലെ അവ ആഞ്ഞുതറയ്ക്കുന്നു. ശ്രവണസൗന്ദര്യംകൊണ്ട് അവ കാതുകളെ താനേ വശീകരിക്കുന്നു. രചനാ സൗകുമാര്യത്തിൽ മതിമറന്ന ചുണ്ടിണകൾ അവ സ്വയം ഉരുവിട്ടുപോന്നു. പ്രാദേശികച്ചുവ തുലോം കൂടുതലായിരുന്നു. ഈ പ്രാരംഭവാക്യങ്ങളിൽ സാർവലൗകിക സത്യങ്ങളാണ് ഉള്ളടക്കമെങ്കിലും തെളിവുകളും സാക്ഷ്യങ്ങളും ഉപമകളും അലങ്കാരങ്ങളുമൊക്കെ അനുവാചകവൃന്ദത്തിന് സുപരിചിതമായ ചുറ്റുപാടുകളിൽ നിന്നെടുത്തവയായിരുന്നു. അവരുടെ ചരിത്രപാരമ്പര്യങ്ങളും അനുദിനം അവർക്ക് ദൃശ്യമായിരുന്ന ദൃഷ്ടാന്തങ്ങളും അവരുടെതന്നെ വിശ്വാസപരവും ധാർമികവും സാമൂഹികവുമായ വൈകല്യങ്ങളുമാണവയിൽ പ്രതിപാദിച്ചിരുന്നത്.''

ഖുർആന്റെ അവതരണമാരംഭിക്കുന്നത് റമദാൻ മാസത്തിലെ ഒരു രാത്രികാലത്താണ്. ആ രാത്രിയെ 'അനുഗൃഹീതരാത്രി'യെന്നാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. ''ഇതിനെ (ഖുർആനെ) നാം വിധിനിർണ്ണയരാവിൽ അവതരിപ്പിച്ചു. വിധിനിർണ്ണയരാവ് എന്തെന്ന് നിനക്കെന്തറിയാം! വിധിനിർണ്ണയരാവ് ആയിരം മാസത്തെക്കാളും ശ്രേഷ്ഠമാകുന്നു. അതിൽ മലക്കുകളും റൂഹും അവരുടെ റബ്ബിന്റെ അനുമതിയോടെ സകല വിധികളും കൊണ്ടിറങ്ങുന്നു. ആ രാവ് തികച്ചും സമാധാനമാകുന്നു; പ്രഭാതം വരെ.'' 97: 1–5.

''മനുഷ്യർക്കാകമാനം മാർഗദർശകമായും സത്യാസത്യങ്ങളെ വിവേചിക്കുന്നതും സന്മാർഗം കാണിച്ചുതരുന്നതുമായ സുവ്യക്തനിർദ്ദേശങ്ങളായും ഖുർആൻ അവതരിച്ച മാസമാകുന്നു റമദാൻ'' 2:185.

ഹിജ്റക്ക് മുമ്പേ ഇറങ്ങിയതും ഹിജ്റക്ക് ശേഷം അവതീർണ്ണമായതുമായ ഖുർആനിക സൂക്തങ്ങളെ യഥാക്രമം മക്കീസൂറത്തുകൾ എന്നും മദനീസൂറത്തുകൾ എന്നും വിളിക്കുന്നു. സൂക്ഷ്മവിശകലനത്തിൽ ഇവയ്ക്ക് തമ്മിൽ പ്രകടമായ അന്തരംകാണാം. അന്നത്തെ സമൂഹം അനുവർത്തിച്ചുപോന്ന തെറ്റായ ആചാരങ്ങളും അനുഷ്ഠാനങ്ങളും തുറന്നുകാട്ടാനും അവരുടെ അന്ധവും മൂഢവുമായ വിശ്വാസങ്ങളുടെ നേരെ വിരൽചൂണ്ടാനും വിശ്വാസാനുഷ്ഠാനങ്ങളുടെ രംഗത്തു ഇസ്ലാം എങ്ങനെ ഔൽകൃഷ്ട്യം കാട്ടുന്നു എന്ന് ബോദ്ധ്യപ്പെടുത്താനുമാണ് മക്കീസൂറത്ത് മുഖ്യമായും ലക്ഷ്യം വെച്ചിട്ടുള്ളത്. സാമൂഹികരംഗത്തെ വൈകൃതങ്ങളെ ചൂണ്ടിക്കാട്ടി തിരുത്താനാവശ്യപ്പെടുകയും സത്യവേദത്തിന്റെ മഹിമാവുകളെ പ്രകീർത്തനം ചെയ്ത് അവയെ അനുസരിക്കാനഭ്യർഥിക്കുകയും ചെയ്യുന്നവയാണ് മക്കീ സൂറത്തുകൾ. കരുണാനിധിയും സർവശക്തനുമായ ഏകദൈവത്തിൽ അചഞ്ചലമായ വിശ്വാസം സൂക്ഷിക്കുവാനും അല്ലാഹുവിന്റെ സന്നിധിയിൽ മനുഷ്യജീവിതം ഒരു സമർപ്പണമാണെന്ന് മനസ്സിലാക്കുവാനും പ്രബോധിപ്പിക്കുന്നതാണവ. സത്യവേദത്തിന്റെ തിരുവുദയത്തിൽ അസഹിഷ്ണുക്കളായ പഴഞ്ചൻ വിശ്വാസികളിൽ നിന്നുണ്ടാകുന്ന ആക്രമണങ്ങൾ സഹിക്കുവാനുള്ള മനഃകരുത്ത് വിശ്വാസദാർഢ്യംകൊണ്ട് സമാർജ്ജിക്കണമെന്നും മക്കീസൂറത്തുകൾ ഉദ്ഘോഷിക്കുന്നു.

മനഃശുദ്ധി കൊണ്ടും തെളിഞ്ഞ ലക്ഷ്യബോധംകൊണ്ടും ജ്വലിക്കുന്ന അഗ്നിശാലകളായി ഓരോ സത്യവിശ്വാസിയും മാറിവരണമെന്ന ആഹ്വാനമാണ് ഹിജ്റക്കുശേഷമുള്ള മദനീസൂറത്തുകളിൽ മുഴങ്ങിക്കേൾക്കുന്നത്. അവയഖിലവും സത്യവിശ്വാസികളുടെ ധർമ-കർമങ്ങളിലേയ്ക്ക് വിരൽചൂണ്ടുന്നവയാണ്. എക്കാലത്തും സാമൂഹികയാഥാർഥ്യങ്ങൾ കണ്ടുറ് വിലയിരുത്തിയുമാണ് ദൈവിക വചസ്സുകൾ അവതീർണ്ണമാവാറെന്ന് കാണാൻ കഴിയും. മണ്ണിലിരുന്ന് മാനത്ത്നോക്കി സ്വപ്നംകാണുന്ന കേവലാദർശവാദത്തിന്റെ മായാചിത്രങ്ങളൊന്നും ഖുർആനിലില്ല.

ജീവിതത്തിന്റെ ആധാരശില, സാക്ഷാൽക്കരിക്കപ്പെടേണ്ട വിഭാവിത ലക്ഷ്യം, അനുവർത്തിക്കപ്പെടേണ്ട ചര്യകൾ, സർവേശ്വരനോടും സമഷ്ടിയോടുമുള്ള കടപ്പാട്-ഇവ സംബന്ധിച്ച തെളിഞ്ഞ കാഴ്ചപ്പാടൊന്നുമില്ലാതെ, ലഗാനില്ലാത്ത കുതിരകളെപ്പോലെ എങ്ങോട്ടെന്നില്ലാതെ പാഞ്ഞുപോകുന്ന ഒരന്ധസമൂഹത്തെയാണ് പ്രവാചകൻ മാറ്റിയെടുത്തത്. ഗോത്രപ്രശസ്തിയും കുടുംബമഹിമയും പെരുപ്പിച്ചെടുത്ത ഉച്ചനീചത്വങ്ങളും വിഭ്രാന്തമായ രീതിയിൽ കൊണ്ടാടിപ്പോന്ന ബിംബാരാധനയും മദ്യപാനം, ചൂതാട്ടം തുടങ്ങിയവയും ഉച്ഛൃംഖലമായ ലൈംഗികാരാജകത്വവും വികൃതമാക്കിയ ഒരു പ്രാകൃത സമൂഹം-മുറ്റത്ത് കൊടിനാട്ടി അകംകഥ വിളിച്ചറിയിക്കുന്ന വേശ്യാഗൃഹങ്ങൾ-സ്വപിതാവിന്റെ ഭാര്യമാരെപ്പോലും വേട്ടുകഴിയുന്ന പ്രാകൃതത്വം-അടിമപ്പണിയും കൊള്ളപ്പലിശയും താളമൊരുക്കിയ കാലം-കാട്ടുനീതികൾ കൊടി പറത്തുന്ന ആ പ്രാകൃത സമൂഹത്തിൽ മാറ്റത്തിന്റെ കൊടുങ്കാറ്റഴിച്ചുവിട്ടത് സത്യവേദഗ്രന്ഥമായിരുന്നു.

# 5. വിശുദ്ധിയുടെ കൈകളിൽ വിളമ്പിയ മൃതജ്ജീവനി

●

വിത്തിൽ വൃക്ഷമിരിക്കുന്നു. അതൊരു ജീവശാസ്ത്രപരമായ സത്യമാണ്. എന്നാൽ വിത്ത് മുളയ്ക്കുന്നതിനും വൃക്ഷം വളരുന്നതിനും സഹായകമായ സാഹചര്യങ്ങളാവശ്യമാണ്. ഭൂമി വെടുപ്പാക്കി പാകപ്പെടുത്തലും വെള്ളവും വളവുമേകി പരിപോഷിപ്പിക്കലും തണലും കുളിരും നൽകി പരിരക്ഷിക്കലും കീടനാശിനികളുപയോഗിച്ച് പ്രതിരോധിക്കലും വേലിയും തടയുമൊരുക്കി സുരക്ഷിതത്വം സമ്മാനിക്കലും വൃക്ഷത്തിന്റെ വളർച്ചയ്ക്കുള്ള സാഹചര്യങ്ങളാണ്. സാഹചര്യങ്ങളിലുള്ള കുറവ് വളർച്ചയുടെ അപൂർണ്ണതയ്ക്ക് കാരണമായിത്തീരുന്നു. കർഷകന്റെ നിതാന്ത ജാഗ്രതയും കാലോചിതമായ രക്ഷാവൃത്തികൾക്ക് കാരണമായിത്തീരുന്നു.

വ്യക്തികളുടെ കഥ ഇതിൽനിന്ന് വ്യത്യസ്തമല്ല. ജീവസന്ധാരണത്തിന് വായു അത്യാവശ്യമാണെങ്കിലും വായുകൊണ്ടുമാത്രം ജീവിക്കുക സാദ്ധ്യമല്ല. ജീവിക്കുക, വളരുക, എന്നീ പദങ്ങൾക്ക് അതിവിപുലമായ അർഥതലങ്ങളുണ്ട്. ശ്രദ്ധാപൂർവമായ പരിചരണത്തിലൂടെ മാത്രമെ വ്യക്തിത്വവികാസം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ. രക്ഷാകർത്താക്കളും ഗാർഹിക സാഹചര്യങ്ങളും സാമൂഹികാന്തരീക്ഷവും വ്യക്തിയുടെ വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു.

ജന്മദാതാവ് എന്നതിന്നപ്പുറം മാതാവിന് കുട്ടിയുടെ ജീവിതത്തിൽ അതിപ്രധാനമായ പങ്കുണ്ട്. ''മാതൃത്വം ദിവ്യമാണ്. ശരീരവളർച്ചയ്ക്കൊപ്പം കുട്ടിയുടെ ആത്മീയ വികാസത്തിന്റെ അങ്കുരം മുളപ്പിക്കുന്നത് അവരാണ്.'' എന്ന വിവേകാനന്ദവാണി ഇവിടെ ഉദ്ധരണാർഹമാണ്. നാളെ കുട്ടിയിൽ വികസ്വരമാവേണ്ട വൈകാരിക വളർച്ചയ്ക്കനുരോധമായ അടിപ്പടവൊരുക്കപ്പെടുന്നത് അക്കാലത്താണ്. ശിശുവിന്റെ മനസ്സിൽ സുപ്തമായിക്കിടക്കുന്ന നിരവധി ഘടകങ്ങളുണ്ട്. സ്നേഹമയിയായ ഒരമ്മയ്ക്ക് മാത്രമെ അവയെ തൊട്ടുണർത്താൻ കഴിയൂ. സ്വരചലനങ്ങളിലും ഹാവഭാവങ്ങളിലുമെല്ലാം മാതൃസാന്നിദ്ധ്യം അപരിമേയമായ സ്വാധീനം ചെലുത്തുന്നു. സ്നേഹത്തിന്റെ അമൃതവർഷംകൊണ്ട് കുട്ടിയുടെ ഹൃദയത്തിൽ സമുൽകൃഷ്ടവികാരങ്ങളുടെ മധുരവസന്തം വിളയിക്കാനാവശ്യമായ രംഗസജ്ജീകരണം മാതാവാണ് സാധിക്കുന്നത്. ഇവയൊന്നും ആസൂത്രിതവും സമയബന്ധിതവും ഔപചാരികവു

മായ വൃത്തികളിലൂടെയല്ല നിർവഹിക്കപ്പെടുന്നത്. മാതാവിന്റെ സാന്നിദ്ധ്യം കൊണ്ടുമാത്രം പൂവണിയുന്ന വികാസവൃദ്ധികളാണവ. അതുകൊണ്ടാണ് വിചാരമതികൾ ''നഃ മാതാ സമ ഗുരുഃ'' (മാതാവിന് തുല്യയായ ഗുരുനാഥ യില്ല) എന്ന് പറഞ്ഞത്.

''ഉപ്പോളം വരുമോ ഉപ്പിലിട്ടത്?'' എന്ന് പറഞ്ഞതുപോലെ പിതാവിന്റെ സ്ഥാനത്ത് പിതാവിനെപ്പോലെ മറ്റൊരാൾക്ക് ജീവിക്കുവാൻ സാദ്ധ്യമല്ല. കുട്ടിയുടെ വളർച്ചയിൽ മാതാവിനൊപ്പം പ്രവർത്തിക്കുവാൻ കഴിയുന്ന ഒരേ യാൾ പിതാവാണ്. പിതാവിന്റെ നെഞ്ചിലെ ചൂട് കുട്ടിയുടെ വളർച്ചയ്ക്കാവ ശ്യമാണ്. കുട്ടിയുടെ വളർച്ച ഒരു പൂവിരിയൽപോലെയാണ്. അതിന്ന് അര ങ്ങൊരുക്കാൻ പിതാവ് വേണം. ''മാതാവൊഴുക്കുന്ന അനിയന്ത്രിതമായ സ്നേഹലാളനകളെ ആരോഗ്യകരമായ രീതിയിൽ തടയിട്ട് നിയന്ത്രിക്കുക യാണ് പിതാവിന്റെ ഏറ്റവും വലിയ ചുമതല'' യെന്ന് ശിശുമനസ്സുകളെ അപ ഗ്രഥിക്കുന്നതിൽ ഏറെ ശ്രദ്ധേയനായ പെസ്റ്റലോസി സൂചിപ്പിച്ചിട്ടുണ്ട്. മാതാവ് കുട്ടിയിലുണർത്തുന്ന വൈകാരിക വളർച്ചയ്ക്കൊപ്പം വിചാരപരമായ വികാ സത്തിന്റെ തുടക്കം കുറിക്കുന്നത് പിതാവാണ്. വീടിന് പുറത്തൊരു ലോകമു ണ്ടെന്നും അവിടെ വൈവിദ്ധ്യമാർന്ന 'സചേതനാചേതനങ്ങൾ' നിറഞ്ഞുനി ല്പുണ്ടെന്നും മാതാപിതാക്കൾക്കുമപ്പുറത്ത് പടർന്നുനില്ക്കുന്നതാണ് തന്റെ ജീവകുടുംബമെന്നും അവൻ കാണുന്നു. പ്രകൃതിയുടെ വിസ്മയരഹസ്യങ്ങ ളുടെ പ്രപഞ്ചത്തിലേയ്ക്ക് ഒന്നേന്തിനോക്കാൻ അവനെ പരോക്ഷമായി പ്രേരി പ്പിക്കുന്ന ദിവ്യവൃത്തിയുടെ നിർവഹണമാണ് പിതാവ് സാധിക്കുന്നത്.

കുട്ടി വീട്ടിൽനിന്നും മാതാപിതാക്കളിൽനിന്നും ചിലതെല്ലാം മനസ്സിലാ ക്കിവെച്ചിട്ടുണ്ട്. അതിന്നപ്പുറത്ത് കുറേക്കൂടി അംഗസംഖ്യയുള്ള ഒരു കുടും ബമുണ്ടെന്നും പുറത്തെ ലോകം കുറേക്കൂടി വലുതാണെന്നും അവൻ മനസ്സി ലാക്കുന്നത് വിദ്യാലയജീവിതത്തോടുകൂടിയാണ്. അവനിൽ പ്രകൃതി ഒളി പ്പിച്ചുവെച്ചിട്ടുള്ള സിദ്ധികളും സാദ്ധ്യതകളും കണ്ടെത്തി അവയെ പ്രോജ്വലി പ്പിച്ച് പുറത്തുകൊണ്ടുവരുന്നത് അദ്ധ്യാപകരാണ്. ജന്മായത്ത വാസനകൾക്ക നുസരണമായി അവനെ വളർത്തി വലുതാക്കുന്നതും അവർതന്നെ. അവന്റെ കുരുന്നു മനസ്സിലെ ശിഥില വിചാരങ്ങളെ ജ്ഞാന-വിജ്ഞാനങ്ങളുടെ അമൃതം തളിച്ച് തെഴുപ്പിച്ചെടുക്കുന്നതും അവന്റെ വിശ്വാസങ്ങൾക്കും വീക്ഷണ ങ്ങൾക്കും തെളിച്ചം നൽകുന്നതും വിദ്യാലയമാണ്. പുറംലോകത്തെക്കുറി ച്ചുള്ള അറിവും അനുഭവവും സമ്മാനിക്കുന്ന വിദ്യാഭ്യാസകാലം ഒരു വ്യക്തി യുടെ ജീവിതത്തിലെ സുപ്രധാനമായ കാലയളവാണ്. ''ആചാര്യരും സതീർഥ്യരും സമ്മാനിക്കുന്ന അറിവും അനുഭവവും അനവദ്യമാണ്'' എന്ന് ടി.എൽ. വാസ്വാനി സൂചിപ്പിച്ചത് അർഥപൂർണമാണ്.

ഒരു പുഴു ശലഭമായി രൂപാന്തരം പ്രാപിക്കുന്നത് നിരവധി നാളുകൾ 'പ്യൂപ്പ'ക്കുള്ളിലിരുന്ന് തപസ്സനുഷ്ഠിച്ചിട്ടാണെന്ന് ജീവശാസ്ത്രം നമ്മെ പഠി പ്പിക്കുന്നു. അതുപോലെ ഒന്നുമറിയാത്ത, ഒന്നും തെളിച്ചുകാട്ടാനാവാത്ത ഒരു കുട്ടി വാസനാസിദ്ധികളുടെ വികസ്വരതകൊണ്ട് സമഗ്രവികാസം പ്രാപിച്ച ഒരു വലിയ മനുഷ്യനായി മാറുന്നതിന്ന് വിദ്യാലയമെന്ന പ്യൂപ്പക്കുള്ളിലെ ജീവിതം അനിവാര്യമെന്ന് സൂചിപ്പിക്കാത്ത ദാർശനികന്മാരില്ല.

ബാഹ്യലോകത്തെക്കുറിച്ചുള്ള വിപുലമായ അവബോധം ഒരുവനിൽ വളർത്തുന്നത് സമൂഹമാണ്. സമൂഹത്തിലെ വ്യത്യസ്ത ജനപദങ്ങൾ അനു

ഷ്ഠിച്ചുപോരുന്ന ആചാരസമ്പ്രദായങ്ങളും ജീവിതരീതികളും വിശ്വാസങ്ങളും സംസ്കാരങ്ങളും നാഗരികതയും സംഭാഷണശൈലികൾപോലും വ്യക്തിയിൽ സംക്രമിക്കുന്നു. ഒരുവനിലെ സിദ്ധികൾക്കും വാസനകൾക്കും പ്രതികൂലമായ അന്തരീക്ഷമാണ് അവൻ ജീവിക്കുന്ന സമൂഹത്തിലെങ്കിൽ വളമില്ലാതെ വളരുന്ന ചെടികൾപോലെ അവന്റെ വ്യക്തിത്വം വിളറി വിവർണ്ണമായിത്തീരും. വ്യക്തിയിൽ സമൂഹം ചെലുത്തുന്ന സ്വാധീനം അത്രമേൽ ശക്തവും പ്രകടവുമാണ്. ആട്ടിൻകൂട്ടത്തിൽ ജീവിക്കാൻ ഭാഗ്യദോഷമുണ്ടായ സിംഹക്കുട്ടിയോട് നമുക്കനുതാപം തോന്നുന്നു. വീര്യംകാട്ടി ധീരമായി ഗർജ്ജിക്കുന്നതിനുപകരം ദയനീയമായി കരയാൻമാത്രമറിയുന്ന അഭിശപ്തനായി അവനെയങ്ങനെ മാറ്റിയത് അവൻ വളർന്ന സാമൂഹ്യാന്തരീക്ഷമാണ്. വളരെ സാധാരണമായ, അപരിഷ്കൃതമായ ഒരു ഗ്രാമത്തിൽ വളർന്ന കുട്ടിയും ആധുനിക നാഗരികത വർണ്ണക്കുനുസുകളണിയിച്ച ഒരു നഗരത്തിൽ വളർന്ന കുട്ടിയും തമ്മിലുള്ള അന്തരം വിളിച്ചറിയിക്കുന്നത് അവർ ജീവിച്ച സാമൂഹ്യാന്തരീക്ഷങ്ങൾ അവരിലുണ്ടാക്കിയ സ്വാധീനമാണ്.

മുഹമ്മദ് പിറന്നു. കണ്ണു തുറന്നപ്പോൾ പിതാവിനെ കണ്ടില്ല. ഒരിക്കലും സ്വപിതാവിനെ കാണാനുള്ള ഭാഗ്യം ആ കണ്ണുകൾക്കുണ്ടായില്ല. മുഹമ്മദ് ജനിക്കുന്നതിനും മാസങ്ങൾക്കുമുമ്പെ മുഹമ്മദിന്റെ പിതാവ് ഇഹലോകം വെടിഞ്ഞിരുന്നു. പിതാവില്ലാത്തതുകൊണ്ടുണ്ടായ അനാഥത്വം മുഹമ്മദിന്റെ ജീവിതത്തെ നീരുണങ്ങിയ ചെടിപോലെ നിർജ്ജീവമാക്കി.

അക്കാലത്ത് ശിശുപരിചരണത്തിൽ ചില പ്രത്യേക സമ്പ്രദായങ്ങൾ അറേബ്യയിൽ നിലവിലുണ്ടായിരുന്നു. അവയിലൊന്ന്, കുലീന കുടുംബങ്ങളിൽ ജനിക്കുന്ന കുട്ടികളെ മുലയൂട്ടി വളർത്താൻ ഗ്രാമീണ സ്ത്രീകളെ ഏല്പിക്കുക എന്നതായിരുന്നു. വിശ്വസ്തതയിൽ കീർത്തികേട്ട ബനൂസഅ്ദ് ഗോത്രത്തിലെ സ്ത്രീകൾ കുട്ടികളെയന്വേഷിച്ചുകൊണ്ട് മക്കയിലെ കുലീനകുടുംബങ്ങളെ സമീപിക്കാറുണ്ട്. അവർ കുട്ടികളെ ഏറ്റെടുത്ത് കൊണ്ടുപോകും. സമ്പന്നകുടുംബത്തിലെ കുട്ടികളെയാണ് അവരേറെ ഇഷ്ടപ്പെടുക. അവരിൽനിന്ന് കിട്ടുന്ന അളവറ്റ പാരിതോഷികങ്ങളാണ് അതിന്ന് പ്രേരകം. അതുകൊണ്ട് മുഹമ്മദിനെ കൊണ്ടുപോകാൻ ആരും തയ്യാറായില്ല. ഒടുക്കം മറ്റുകുട്ടികളെ കിട്ടാതെവന്നപ്പോൾ ഹലീമ എന്ന സ്ത്രീ മുഹമ്മദിനെ കൂട്ടി ഗ്രാമത്തിലുള്ള സ്വവസതിയിലേയ്ക്ക് കൊണ്ടുപോയി. രണ്ടുകൊല്ലം മുഹമ്മദ് അവിടെ കഴിഞ്ഞു. രണ്ടുകൊല്ലത്തെ പരിചരണത്തിനുശേഷം ഹലീമ മുഹമ്മദിനെയും കൂട്ടി ആമിനയുടെ വീട്ടിലെത്തി. മാരകമായ ഏതോ പകർച്ചവ്യാധി മക്കയിലാകെ ഭീഷണി ഉയർത്തിയ കാലമായിരുന്നു അത്. പകർച്ചവ്യാധി ഭയന്ന് ആമിന കുട്ടിയെ ഹലീമയുടെ കൈകളിൽത്തന്നെ വീണ്ടുമേല്പിച്ച് തിരിച്ചയച്ചു.

അങ്ങനെ ശൈശവം ഏറിയപങ്കും പിന്നിട്ട (അഞ്ചാമത്തെ വയസ്സിൽ) കാലത്താണ് മുഹമ്മദ് സ്വന്തം മാതാവിന്റെ കൈകളിലേക്കെത്തുന്നത്. മാതാവിന്റെ പരിലാളനമേറ്റ് വളരാൻ മുഹമ്മദിന് ഏറെ ഭാഗ്യമുണ്ടായില്ല. ആമിന, മുഹമ്മദിനെ തീർത്തും അനാഥനാക്കിക്കൊണ്ട് അന്ത്യശ്വാസം വലിച്ചു. മാതാവിന് തുല്യം വളർത്തുമാതാവായ ഹലീമയും പിതാവിനു തുല്യം പിതാമഹനായ അബ്ദുൽ മുത്തലിബും പിന്നെ പിതൃവ്യനായ അബൂത്വാലിബും മുഹമ്മദിനെ പരിരക്ഷിച്ചുവെങ്കിലും യഥാർഥ മാതാപിതാക്കളുടെ പരിചരണക്കു

റവ് മുഹമ്മദിന്റെ ജീവിതത്തെ സാരമായി ബാധിച്ചിരുന്നു.

ഇന്ന് നാം പരിചയിച്ചുപോരുന്ന രീതിയിലുള്ള വിദ്യാലയങ്ങൾ അന്നുണ്ടായിരുന്നില്ലെങ്കിലും അത്തരം ആവശ്യങ്ങൾ സാധിച്ചുപോന്ന ഔപചാരിക സാമൂഹ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടാൻപോലും മുഹമ്മദിന് ഭാഗ്യമുണ്ടായിരുന്നില്ല. അക്ഷരംപോലുമറിയാത്ത ഒരു സാധാരണ ജീവിതത്തിന്റെ ഉടമയായി മുഹമ്മദ് വളർന്നു.

താളക്രമങ്ങളൊന്നും സൂക്ഷിച്ചുപോന്നിട്ടില്ലാത്ത സമൂഹം അന്ധവും മൂഢവുമായ ആചാരവിശ്വാസങ്ങൾപോലും 'ഉപ്പുകൂട്ടാതെ' അനുഭവിച്ചും അനുസരിച്ചുംപോന്ന ജഢികമായ ഒരു ജനപദം. ആടുമേയ്ക്കലും ദേശാന്തരങ്ങളിൽചെന്ന് കച്ചവടം ചെയ്യലുമായിരുന്നു മുഖ്യതൊഴിൽ. ഏതെങ്കിലും അറിയപ്പെടുന്ന ചിന്താധാരകളുടെ വക്താക്കളോ അനുഗാതാക്കളോ കലാപരവും സാങ്കേതികവുമായി ബന്ധപ്പെട്ടുകഴിയുന്നവരോ അക്കാലത്തധികമുണ്ടായിരുന്നില്ല. നിസ്സഹായതകൊണ്ടാണെങ്കിലും അതീവലളിതമായിരുന്നു മുഹമ്മദിന്റെ ജീവിതം. എന്നാൽ പുറത്തുകണ്ട ഭൗതിക ജീവിതത്തിന്റെ തിളക്കത്തിൽ അദ്ദേഹമൊരിക്കലും ആകൃഷ്ടനായിരുന്നില്ല. ജീവിക്കാനാവശ്യമായ ഭക്ഷണം–അതായിരുന്നു മുഹമ്മദിന്റെ തത്വശാസ്ത്രം. ''വിശക്കുന്നതുവരെ ഭക്ഷിക്കുകയില്ല; ഭക്ഷിക്കുമ്പോൾ വയറ് നിറയുകയുമില്ല.'' പ്രവാചകൻ തന്നെ തന്റെ ജീവിതത്തെക്കുറിച്ച് പിൽക്കാലത്ത് ഒരിക്കലിങ്ങനെ പറഞ്ഞിട്ടുണ്ട്.

തന്റെ പ്രായത്തിലുള്ള യുവാക്കൾ കളിയും തമാശയും പാട്ടുംകൂത്തുമായി അടിച്ചും രസിച്ചും കഴിഞ്ഞിരുന്നപ്പോൾ മുഹമ്മദ് അവയിൽനിന്നെല്ലാം അകന്നുകഴിഞ്ഞു. എന്നാലും സാമ്പത്തികമായി വിഷമിക്കുന്ന തന്റെ പിതൃവ്യനെ സഹായിക്കുന്നതിൽ ഉത്സുകനായിരുന്ന മുഹമ്മദ് കഴിയുന്ന ജോലികളേതും ചെയ്യാൻ പ്രായപൂർത്തിയാവുന്നതിന് മുമ്പേതന്നെ സന്നദ്ധനായിരുന്നു. അങ്ങനെയാണ് മുഹമ്മദ് തന്റെ കുടുംബത്തിന്റെ ആടുമാടുകളെ മേയ്ക്കുന്ന ജോലിയാരംഭിച്ചത്. പിന്നീടൊരിക്കൽ പ്രവാചകൻ ഇങ്ങനെ പറഞ്ഞു:

''മൂസാ പ്രവാചകനായി നിയോഗിക്കപ്പെട്ടു
അദ്ദേഹം ആടുകളെ മേയ്ച്ചിരുന്നു.
ദാവൂദ് പ്രവാചകനായി നിയോഗിക്കപ്പെട്ടു
അദ്ദേഹവും ആടുകളെ മേയ്ച്ചിരുന്നു.
ആടുകളെ മേയ്ക്കാത്ത ഒരു പ്രവാചകനെയും
അല്ലാഹു നിയോഗിച്ചിട്ടില്ല.''

മുഹമ്മദിന്റെ ജീവിതത്തിൽ അറിവും അനുഭവങ്ങളും കോരി നിറയ്ക്കാൻ കൂടി ഈ തൊഴിൽ സഹായകമായിട്ടുണ്ട്. അനന്തവിസ്തൃതമായ പ്രപഞ്ചം. അതിലധിവസിച്ചു മരിക്കുന്ന അനേകകോടി ചെറുതും വലുതുമായ സൃഷ്ടിജാലങ്ങൾ. വിവിധ പ്രകൃതക്കാരായ മനുഷ്യർ–സ്വരചലനങ്ങളിൽ അവർ പ്രകടിപ്പിക്കുന്ന വൈചിത്ര്യങ്ങൾ. വൈജാത്യമാർന്ന ആചാരസമ്പ്രദായങ്ങൾ–കാടുകളും മേടുകളും പുൽപ്പടർപ്പുകളും മരുപ്പറമ്പുകളും മരുപ്പറമ്പിലെ സ്വർഗ്ഗ ഖണ്ഡംപോലുള്ള മരുപ്പച്ചകൾ. പകൽനേരത്ത് പ്രകാശമൊഴുക്കി വെട്ടിത്തിളങ്ങുന്ന സൂര്യൻ. രാത്രിയിലെ കുളിരും നിലാവ് പെയ്യുന്ന ചന്ദ്രനും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളും അനുക്രമം വന്നുംപോയുംകൊ

ണ്ടിരിക്കുന്ന ദിനരാത്രങ്ങൾ-അങ്ങനെയൊരായിരം വസ്തുതകൾ, വിചിത്രാനുഭവങ്ങൾ-മുഹമ്മദിന്റെ മനസ്സിൽ നിറഞ്ഞു വഴിഞ്ഞു.

കച്ചവടസംഘത്തിലെ അംഗമായി ദേശാന്തരങ്ങളിലേയ്ക്ക് സഞ്ചരിച്ചപ്പോൾ അനുഭവസമ്പന്നനായ ഒരു മുഹമ്മദ് രൂപപ്പെടുകയായിരുന്നു. മാതാവിന്റെയും പിതാവിന്റെയും വിദ്യാലയത്തിന്റെയും കുറവ് മുഹമ്മദിൽ വലിയൊരു കുറവായിത്തന്നെയവശേഷിച്ചുവെങ്കിലും സമൂഹമെന്ന ആചാര്യൻ മഹാനുഭവങ്ങളെന്ന വരദാനത്തിലൂടെ മുഹമ്മദിന്റെ വിചാരപരവും വീക്ഷണപരവുമായ വളർച്ചയിൽ അസദൃശമായ പങ്കുവഹിച്ചിട്ടുണ്ട്. മുഹമ്മദിന് കൈവന്ന മാതാവും പിതാവും പാഠശാലയും സമൂഹമായിരുന്നു. അവിടെ നിന്നു ലഭിച്ച വൈചിത്ര്യമാർന്ന അനുഭവങ്ങൾ മുഹമ്മദിന്റെ മഹാചാര്യന്മാരായിരുന്നു. ഓതിപ്പഠിച്ച കാര്യങ്ങളല്ല മുഹമ്മദിന്റെ പൊതുവിജ്ഞാനം. പ്രത്യുത കണ്ടും കേട്ടും പരിചയിച്ച അനുഭവങ്ങളായിരുന്നു. തന്റെ വ്യക്തിത്വത്തിന്റെ വളർച്ചയ്ക്ക് മാതാവും പിതാവും വിദ്യാലയവും സ്വാധീനത ചെലുത്തിയില്ലെങ്കിലും ലോകാനുഭവങ്ങളുടെ മഹാദ്ധ്യാപനം മുഹമ്മദിന്റെ വിചാരവിശ്വാസങ്ങളിൽ വമ്പിച്ച മാറ്റമുണ്ടാക്കി.

എന്നാൽ അക്കാലത്തൊന്നും അറിയപ്പെടുന്ന ചിന്താധാരകൾ, സാംസ്കാരിക സവിശേഷതകൾ-മുഹമ്മദിൽ സ്വാധീനം ചെലുത്തിയതായിപ്പറഞ്ഞുകൂടാ. അന്ന് പുറംലോകത്ത് ശക്തമായ സ്വാധീനത സൂക്ഷിച്ചുപോന്ന സംസ്കാരങ്ങളിൽ ചിലതാണ് ഗ്രീക്ക് സംസ്കാരം, ജൂത സംസ്കാരം, ക്രിസ്ത്യൻ സംസ്കാരം, സൊറാസ്ട്രിയൻ സംസ്കാരം തുടങ്ങിയവ. ഇവയെക്കുറിച്ചൊന്നും പഠിക്കാനും വിശകലനം ചെയ്യാനും മുഹമ്മദിന് സാധിച്ചിട്ടില്ല. അതിനാൽ അവയൊന്നും അദ്ദേഹത്തിൽ നേർത്ത സ്വാധീനംപോലും ചെലുത്തിയതായി കരുതാൻ വയ്യ. അതുകൊണ്ട് മുൻധാരണകളും പരകീയ സ്വാധീനതകളും കൈപിടിച്ചുകൊണ്ടുപോയ ഒറ്റയടിപ്പാതയിലൂടെയല്ല മുഹമ്മദ് സഞ്ചരിച്ചത്. വ്യക്തികളും സ്ഥാപനങ്ങളും വർണ്ണം ചേർത്ത മാനസിക ഭാവങ്ങളോടെയല്ല മുഹമ്മദ് പ്രശ്നങ്ങളെയും പ്രതിഭാസങ്ങളെയും വിലയിരുത്തിയത്. അതുകൊണ്ട്, തന്റെ വിചാരത്തിനും വിശകലനത്തിനും തന്റേതായ, മൗലികമായ, സ്വതന്ത്രമായ വിശുദ്ധിയോലുന്ന നയസമീപനങ്ങളുണ്ടായി. പ്രപഞ്ചത്തിലെ പ്രതിഭാസങ്ങളൊക്കെ ശബ്ദമായും ദൃശ്യമായും തന്നിലൊഴുകി നിറഞ്ഞ മഹാവിസ്മയങ്ങളായിരുന്നു. ഈ മഹാത്ഭുതങ്ങളുടെ പിറകിലെ കാരക ശക്തിയെക്കുറിച്ച്, കൃത്യാന്തരങ്ങൾക്കിടയിലും ഒരു നിമിഷം ഓർത്തുപോകുന്നത് സ്വാഭാവികമായി. ആ വിസ്മയങ്ങളെ വിശകലനം ചെയ്യാനും അവയുടെ ആഴപ്പരപ്പുകളളക്കാനുമുള്ള മാപിനികളും അവയെ അമ്ലശുദ്ധിചെയ്ത് സത്യശോധന നടത്താനുള്ള രാസപദാർഥങ്ങളും മുഹമ്മദിന് ആരും സമ്മാനിച്ചിരുന്നില്ല. വിചാരലോകത്തിൽ തന്നെ വഴിനയിക്കാൻ ആരുമുണ്ടായിരുന്നില്ല. തന്റെ ആടുകൾക്ക് പുതിയ മേച്ചിൽപ്പുറങ്ങളും തേടി മുന്നോട്ട് നടക്കുകയായിരുന്ന മുഹമ്മദ് ചിന്തയുടെ രംഗത്തും പുതിയ പുതിയ മേച്ചിൽപ്പുറങ്ങളന്വേഷിക്കുകയായിരുന്നു. ഹിറാഗുഹയിലെ അകത്തളത്തിലിരുന്നുകൊണ്ടനുഷ്ഠിച്ച നിസ്തന്ദ്രമായ തപസ്സിന്റെ പ്രസക്തി ഇവിടെയാണ് തെളിഞ്ഞുവരുന്നത്.

സാംസ്കാരികവും നാഗരികവും മതപരവുമായ സ്വാധീനതകളേതുമില്ലാതെ, മുൻധാരണകളും പരഃസ്വാധീനതകളും ചങ്ങലക്കുരുക്കുകളിടാത്ത

കാലുകളോടെ മുഹമ്മദ് മുന്നോട്ടുനീങ്ങി. എല്ലാമറിയുന്ന ദൈവം മുഹമ്മദിനെ കണ്ടെത്തി. പ്രവാചകത്വത്തിന് മുഹമ്മദിലും തെളിഞ്ഞ വിമലപ്രഭാവമിയന്ന മറ്റൊരു വ്യക്തിത്വത്തെ കണ്ടെത്തുക പ്രയാസമായിരുന്നു. ആ കാതുകളിൽ മൊഴിമുത്തുകൾ വർഷിച്ചു. ആ കൈകളിൽ വേദഗ്രന്ഥം സമ്മാനിച്ചു. മുഹമ്മദ് റസൂലായി. വിശുദ്ധമായ കൈകളിൽ വിളമ്പപ്പെട്ട മൃതജീവനിയാണ് ഖുർആൻ.

തനിക്ക് ബോദ്ധ്യമായ, തന്നിലവതീർണ്ണമായ നൂതന ജീവിതദർശനവുമായി അദ്ദേഹം ആദ്യമായിച്ചെന്നത് സ്വന്തം കുടുംബസദസ്സിലേക്കാണ്. വിനയപൂർവ്വം അതവിടെ അവതരിപ്പിച്ചപ്പോൾ തന്റെ കുടുംബാംഗങ്ങൾ അതിനെ ഏകസ്വരത്തിലെതിർത്തു. മുഹമ്മദ് കാണിച്ച ധിക്കാരത്തെ പൊറുക്കാനാവില്ലെന്ന് അവരറിയിച്ചു. മുഹമ്മദിന് ആദ്യമായനുഭവപ്പെട്ട കനത്ത ആഘാതമായിരുന്നു അത്. തന്റെ ആത്മരേണുക്കൾ വിളയിച്ചെടുത്ത ആ വിശുദ്ധ ദർശനത്തോട് അദ്ദേഹത്തിന് തെല്ലുപോലും അവമതി തോന്നിയില്ല. അസഹ്യതയുടെ അമർത്തിപ്പിടിച്ച വികാരവുമായി സദസ്സ് നിശ്ശബ്ദത സൂക്ഷിച്ചു. അന്നേരം ഒരു ചെറുബാലൻ–ഉദ്ദേശം പത്ത് വയസ്സുകാണും–എഴുന്നേറ്റുനിന്നു തന്റെ സന്തോഷവും പിന്തുണയുമറിയിച്ചു. സദസ്സ് വിസ്മയവിവശമായതുപോലെ, (പിൽക്കാലത്ത് ഇസ്‌ലാമിക ദർശനത്തിന്റെ പ്രോജ്ജ്വല പ്രതീകമായി പ്രഭാസിച്ച അലിയായിരുന്നു അത്.) ആ സംഭവത്തെ ദാർശനികനായ കാർലേൽ തന്റെ The Prophet of Islam എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ വിശേഷിപ്പിച്ചിട്ടുണ്ട്:

"That Small hand was joined
to the large and
Changed the course of history"

(ആ കൊച്ചു കൈ വലിയ കൈയോടൊപ്പം ചേർന്നു. അത് ചരിത്രഗതി ആകെ മാറ്റി.)

മായം കലർന്ന്, തനിമ നഷ്ടപ്പെട്ട, ദുസ്സ്വാധീനതകൾക്കു വിധേയമായ മുതിർന്ന മനസ്സുകൾക്ക് തീർത്തും അപരിചിതവും അവിശ്വസനീയവുമായ പ്രവാചക വചസ്സുകളുൾക്കൊള്ളാൻ കഴിയാഞ്ഞത് ഒരു വിസ്മയമല്ല. അലിയുടെ നിഷ്കളങ്കത നിറഞ്ഞ മനസ്സിന് അതിനോടാഭിമുഖ്യമുണ്ടായെങ്കിൽ അതിലൊട്ടാശ്ചര്യവുമില്ല.

# 6. സർവാതിശായിയായ വേദഗ്രന്ഥം

●

ഇസ്‌ലാം എന്ന അറബി പദത്തിന് സമാധാനം, കീഴ്‌വണക്കം, സമർപ്പണം തുടങ്ങിയ അർഥഭേദങ്ങളുണ്ട്. ദൈവത്തിന്റെ മുന്നിൽ സ്വയം സമർപ്പിക്കുക എന്നാണ് ഈ പദം വിവക്ഷിക്കുന്നത്. ത്രികരണങ്ങളെക്കൊണ്ടും ഈ വിശ്വാസത്തെ സാക്ഷാൽക്കരിക്കാൻ ശ്രമിക്കുന്നവനാണ് മുസ്‌ലിം. അനുസരണമഖിലം അല്ലാഹുവിനർപ്പിക്കുന്നവൻ, അല്ലാഹുവിനെമാത്രം യജമാനനും ഉടമയും വിധികർത്താവും ആരാധ്യനുമായംഗീകരിക്കുന്നവൻ, തന്നെ പരിപൂർണമായി ദൈവത്തിന് സമർപ്പിച്ചുകൊണ്ട് അവന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുന്നവൻ എന്നൊക്കെയാണ് ഒരു മുസ്‌ലിമിനെ വിശേഷിപ്പിക്കാൻ സാധിക്കുക. ഈ ആദർശത്തിന്റെയും ജീവിതശൈലിയുടെയും പേരാകുന്നു ഇസ്‌ലാം. ഇതു തന്നെയായിരുന്നു മനുഷ്യോല്പത്തിമുതൽ ലോകത്തിന്റെ വിവിധഭാഗങ്ങളിലും ജനസമുദായങ്ങളിലും സമാഗതരായ പ്രവാചകന്മാരെല്ലാം പ്രബോധിപ്പിച്ചത്. കാലത്തിനൊപ്പം നടന്നുനീങ്ങാൻ കഴിയുന്ന, കാലാതിവർത്തിയായ സൗഭാഗ്യവും നിത്യനൂതനത്വവുമാണ് ഖുർആന്റെ സവിശേഷതകൾ. മാനവജീവിതപ്രകൃതി എത്ര ചടുലമായി മാറിക്കൊണ്ടിരുന്നാലും അതത് കാലഘട്ടത്തിന്നാവശ്യമായ ഉപദർശനം ഖുർആനിൽ നൽകപ്പെട്ടിരിക്കുന്നതായി വിചാരമതികൾ കണ്ടെത്തിയിരിക്കുന്നു.

ദൈവം-ആദികന്ദം-മൂലകാരണം മാത്രമല്ലെന്നും അവൻ സ്രഷ്ടാവും സംവിധായകനും പരിരക്ഷകനും നിയന്താവുമാണെന്നും ആകാശഭൂമികളുടെ കടിഞ്ഞാൺ അവന്റെ പക്കലാണെന്നും ഖുർആൻ വ്യക്തമാക്കുന്നു. ഇസ്‌ലാം ഒരു പ്രായോഗിക ജീവിതവ്യവസ്ഥയാണ്. ജീവിത നിഷേധത്തിന്റെയോ വരട്ടുവാദത്തിൽപ്പെട്ടുഴലുന്ന സങ്കീർണദർശനങ്ങളുടെയോ ഒരു മതമല്ലിത്. പ്രകൃതിയെ ചിട്ടപ്പെടുത്തുന്ന, ഈശ്വരന്റെ അനിഷേധ്യസാന്നിധ്യത്തിൽ ഇസ്‌ലാം ഉറച്ചു വിശ്വസിക്കുന്നു. പ്രകൃതിയുമായി ഇണങ്ങിയും സമരസപ്പെട്ടും അഭിരമിച്ചും മുന്നോട്ടുപോകാനാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. മനുഷ്യപ്രകൃതിയുടെ സംസ്കരണവും പൂരണവും ഉന്നമനവുമാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. സംസ്കരണാർഥം പ്രകൃതിയുടെ സഹജപ്രകൃതം മാറ്റാൻ ഇസ്‌ലാം ആവശ്യപ്പെടുന്നില്ല. തന്റെ വിചാരവിശ്വാസവൃത്തികളെക്കൊണ്ടും വേദഗ്രന്ഥം നീട്ടിക്കാട്ടുന്ന വഴിയിലൂടെയും അല്ലാഹുവിന്റെ സന്നിധിയിലേക്കുയരാൻ മനുഷ്യന് കഴിയണമെന്ന് ഇസ്‌ലാം സംസ്കൃതിയാഹ്വാനം ചെയ്യുന്നു.

കുടുംബത്തിനൊരു തലവൻ, വിദ്യാലയത്തിനൊരു ഹെഡ്മാസ്റ്റർ, നഗരത്തിനൊരു പിതാവ്, സ്റ്റെയിറ്റിനൊരു ഗവർണർ. ഓരോ രാഷ്ട്രത്തിനും ഒരോ രാഷ്ട്രപതി–ഈ വസ്തുതകൾ നമ്മെ നയിക്കുന്നത് നേതൃത്വത്തിന്റെ അനിവാര്യതയിലേക്കാണ്. കണ്ടറിഞ്ഞു നയിക്കാനൊരാളില്ലെങ്കിൽ ഒരു പ്രസ്ഥാനവും മുന്നോട്ടു നീങ്ങുകയില്ല.

പ്രപഞ്ചം എത്ര ചിട്ടയിലും ക്രമപൂർവകവുമായാണ് സ്പന്ദിക്കുന്നത്, ചലിക്കുന്നത്! ആയിരത്താണ്ടുകളായി പിഴക്കാതെ, അത് അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കുന്നു! ഇതൊക്കെ ആകസ്മികം എന്ന് പറയാൻപറ്റുമോ? ഇതൊക്കെ യാദൃച്ഛിക സംഭവങ്ങളെന്ന് അലക്ഷ്യമായി, അനായാസം വിശേഷിപ്പിക്കാമോ? മനുഷ്യന്റെ പിറവി ആകസ്മികവും യാദൃച്ഛികവുമാണെങ്കിൽ അവന്റെ അസ്തിത്വവും അനുഭവങ്ങളുമെല്ലാം ആകസ്മികതകൾകൊണ്ട് അപഹാസ്യമായിത്തീരുമായിരുന്നു. പക്ഷേ, വിവേകശാലികളും വിചാരമതികളും ജീവിതത്തെ നോക്കി അർഥശൂന്യം എന്ന് അപഹസിച്ചിട്ടില്ല. സഗൗരവം വിശകലനം ചെയ്യപ്പെടേണ്ട സങ്കീർണവും ദുർജ്ഞേയവുമായ ഒരു പ്രതിഭാസമാണ് ജീവിതം. (Man-the unknown എന്ന ഗ്രന്ഥത്തിൽ ദാർശനികനായ അലക്സിസ് കാറേൽ ഇക്കാര്യം എത്ര വശ്യമായ രീതിയിലാണാവിഷ്കരിച്ചിട്ടുള്ളത്!) ജീവിതപൂർണതയെ സംബന്ധിക്കുന്ന പഠന പരിശ്രമങ്ങളിൽ ഒരു ഗുരുവിന്റെ സാന്നിധ്യം അനുപേക്ഷണീയമാണെന്ന് ഭാരതീയ വിചാരമതികൾ പ്രാമാണികമായിത്തന്നെ സമർഥിച്ചിട്ടുണ്ട്. ഒരുവൻ എത്ര പ്രഗത്ഭനായാലും, മനുഷ്യസിദ്ധികളുടെയും ശാസ്ത്രത്തിന്റെയും കലകളുടെയും തലത്തിൽ ഒരുവനെത്ര സമുന്നതനായാലും വഴി നയിക്കാനൊരാചാര്യനില്ലെങ്കിൽ താളപ്പിഴയും മാർഗഭ്രംശവും അവന്റെ ജീവിതത്തെ വികലമാക്കുന്നതായിക്കാണാം.

ഈ രംഗത്ത് ഖുർആൻ ഒരു വഴിവിളക്കാണ്. മനുഷ്യനിലാവേശിച്ച ദേവഭാവമാണ് മറ്റ് മതദർശനങ്ങൾക്ക് രൂപം നൽകിയതെങ്കിൽ, മുഹമ്മദിനെ നിമിത്തമാക്കിക്കൊണ്ട് അല്ലാഹുതന്ന വഴി നയിക്കുകയാണിവിടെ. മനുഷ്യ ജീവിതത്തിന്റെ സൂക്ഷ്മവും സമഗ്രവുമായ തലങ്ങൾ ഇവിടെ യഥാതഥം വിശകലനം ചെയ്യപ്പെടുന്നു (ദൈവത്തിന്റെ അവതാരമായാണ് ശ്രീകൃഷ്ണൻ കല്പിക്കപ്പെടുന്നത്. ഭഗവാൻ കൃഷ്ണൻ അർജ്ജുനനെ നിമിത്തമാക്കിക്കൊണ്ട് പ്രപഞ്ചരഹസ്യങ്ങളൊക്കെ ലോകത്തോട് പ്രബോധിപ്പിച്ചപ്പോൾ രൂപംകൊണ്ടതാണ് ഭഗവദ്ഗീത എന്ന വസ്തുത ഇവിടെ സ്മരിക്കത്തക്കതാണ്.) മനുഷ്യന് ദൈവത്തോടും സമസ്രഷ്ടങ്ങളോടുമുള്ള ധർമ്മ ദൗത്യങ്ങളെക്കുറിച്ച് ഖുർആൻ വിശദീകരിക്കുന്നു. പൂർണതയിലേക്കുള്ള നേരാംവഴികാട്ടി അത് മനുഷ്യപഥത്തിൽ പ്രകാശം ചൊരിയുന്നു. മനുഷ്യന്റെ ഉത്തരവാദിത്തം (അമാനത്ത്) അത്യുദാത്തമാണെന്നും അലംഘനീയമാണെന്നും ഖുർആൻ അനുസ്മരിപ്പിക്കുന്നു. നവംനവങ്ങളായ ആശയങ്ങൾ വിളയിച്ചെടുക്കാനും അത് കൈമോശം വരാതെ വരും തലമുറക്ക് കൈമാറാനും മനുഷ്യൻ കടപ്പെട്ടവനാണ്. വിശിഷ്ടാശയങ്ങളുടെ കൈമാറ്റത്തിനും വ്യവഹരണത്തിനുമാണ് സംസാരശേഷിയും ലേഖന ചാതുരിയും ദൈവം മനുഷ്യന് സമ്മാനിച്ചത്.

വായിക്കാനും തൂലികകൊണ്ട് അക്ഷരം കുറിക്കാനും പഠിപ്പിച്ച ദൈവം മനുഷ്യരാശിയിൽനിന്ന് ഇതെല്ലാം പ്രതീക്ഷിക്കുന്നുണ്ട്. വിടവാങ്ങൽ പ്രസംഗവേളയിൽ അറഫാമലയ്ക്ക് മുന്നിൽ സംബന്ധിക്കാനും പ്രവാചകവചസ്സു

കൾ നേരിൽശ്രവിക്കാനും തരപ്പെടാത്തവരോടും പിറവിയെടുക്കാനിരിക്കുന്ന വരുംതലമുറകളോടും തന്റെ വാക്കുകളറിയിക്കണമെന്ന് പ്രവാചകൻ പ്രത്യേകം നിർദ്ദേശിച്ചപ്പോൾ സംസാരശേഷിയുടെയും ലേഖനസിദ്ധിയുടെയും വരിഷ്ടമായ പ്രയോജനം അവിടെ കീർത്തിക്കുകയായിരുന്നു.

ധർമ്മബോധം മനുഷ്യനിലങ്കുരിപ്പിക്കാൻ ശ്രമിച്ച ഖുർആൻ (91:7,8) തൊട്ടടുത്ത് പ്രതിപാദിക്കുന്നത് മനുഷ്യജീവിതത്തിലെ ജയപരാജയങ്ങളെക്കുറിച്ചാണ്. ജീവിതത്തെ ധർമ്മനിഷ്ഠമായി, സംശുദ്ധമാക്കി സംരക്ഷിച്ചു പോരുന്നവൻ വിജയിക്കുന്നുവെന്നും ധർമ്മവിസ്മൃതി മനുഷ്യനെ ദുഃഖത്തിന്റെയും പരാജയത്തിന്റെയും പടുകുഴിയിലാഴ്ത്തുന്നുവെന്നും ഖുർആൻ അറിയിക്കുന്നു. മഹാഭാരതത്തിലെ ''യതോധർമ്മസ്തതോജയ'' എന്ന പ്രസിദ്ധമായ വചനം വിചാരപരമായ ഒന്നത്യത്തിലെ സജാതീയതയ്ക്കുദാഹരണമായി വർത്തിക്കുന്നു. ''അതിനെ (അസ്തിത്വത്തെ) സംശുദ്ധമാക്കിയവൻ വിജയിച്ചിരിക്കുന്നു. അതിനെ കളങ്കപ്പെടുത്തിയവൻ പരാജയപ്പെട്ടിരിക്കുന്നു.'' (91:9,10) എന്നാണ് ഖുർആനിക വചനം.

അതിനാൽ വേദഗ്രന്ഥത്തെ വഴിവിളക്കായിക്കണ്ട്, മാർഗ്ഗഭ്രംശം വരാതെ മുന്നോട്ടുപോയാൽ അത് ജീവിതവിജയത്തിന്റെ സാക്ഷാൽക്കാരമായി പരിണമിക്കുമെന്ന് ഖുർആൻ പ്രബോധിപ്പിക്കുന്നു.

സ്വാതന്ത്ര്യം അഥവാ മോചനം എന്നത് ഇവിടെയാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യം എന്ന പദംകൊണ്ട് നാമിന്നർഥമാക്കുന്നത് രാഷ്ട്രീയ സ്വാതന്ത്ര്യമെന്നാണ്. തുടർന്ന് സാമ്പത്തിക സ്വാതന്ത്ര്യംകൂടി കൈവരിച്ചാലേ പൂർണസ്വാതന്ത്ര്യമാവുന്നുള്ളുവെന്നും സ്വാതന്ത്ര്യവാദികൾ പറയുന്നുണ്ട്. വിശപ്പാറ്റുക, ആവശ്യങ്ങൾ സാധിക്കുന്നതിന്ന് പോരുംവിധം സാഹചര്യങ്ങൾ ഭദ്രവും സമൃദ്ധവുമാക്കുക–അതിലൂടെ യഥാർഥ മോചനം കൈവരിക്കാൻ കഴിയുമെന്ന പ്രഖ്യാപനവുമായാണവർ നീങ്ങുന്നത്. അവരെ നോക്കി അനുതപിച്ചുകൊണ്ട്, ജീവിത പൂർണത അഥവാ യഥാർഥ മോചനം സാധിക്കണമെങ്കിൽ ആത്മീയ വികാസമാണ് അനിവാര്യമായിട്ടുള്ളതെന്നും മറ്റെല്ലാം അതിന്റെ മുന്നിൽ നിസ്സാരമാണെന്നും വാദിക്കുന്ന ആത്മാന്വേഷികളായ മതപ്രചാരകന്മാർ മറുവശത്തും വർത്തിക്കുന്നു. അവരുടെ ആത്മീയരംഗത്തെ വികാസം ''ഒറ്റയിൽ ബ്രഹ്മപദം കൊതിക്കുന്ന'' അവസ്ഥയോളം എത്തിനില്ക്കുന്നു.

ഭൗതികവരാഭവങ്ങളിൽ നിന്നുള്ള മോചന (തഹ്‌രീർ)വും ധർമ്മാധിഷ്ഠിതമായ ജീവിതത്തിലൂടെയുള്ള ആത്മീയ വികാസ(തസ്കിയാ)വും സമന്വയിച്ചുകൊണ്ടുള്ള ഒരു പൂർണ ദർശനമായി ഖുർആൻ വിരാജിക്കുന്നു. അങ്ങനെയാണ് ഖുർആനിലേയ്ക്ക് ഞാൻ ആകർഷിക്കപ്പെടുന്നത്.

ഞാൻ അറിയാൻ തുടങ്ങി

ഞാൻ അത്ഭുതപ്പെടാൻ തുടങ്ങി

ഞാൻ അനുകർത്താവായി മാറാൻ തുടങ്ങി.

ഖുർആൻ മറ്റു മതഗ്രന്ഥങ്ങളെപ്പോലെ, ആശയങ്ങളെ കേവലാശയങ്ങളായി എന്റെ മനസ്സിൽ കോരിനിറയ്ക്കാൻ ശ്രമിക്കുകയായിരുന്നില്ല. അത്യലൗകികമായ അപ്രമേയപ്രഭാവിലാസങ്ങളെക്കുറിച്ചുള്ള അമൂർത്താശയങ്ങൾ ആവഹിച്ചുകൊണ്ടുമായിരുന്നില്ല അതെന്റെ മുന്നിൽ കടന്നുവന്നത്. ഖുർആൻ എന്നെ ബോധ്യപ്പെടുത്തുകയായിരുന്നു. ചുറ്റും നോക്കാനാവാശ്യപ്പെ

ടുന്നു. പ്രപഞ്ചവസ്തുക്കളെയും പ്രാപഞ്ചിക പ്രതിഭാസങ്ങളെയും നമ്മുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു. ഓരോന്നിന്റെയും സംരചനയിലും പരസ്പര സംബന്ധത്തിലും ശ്രദ്ധയാകർഷിക്കപ്പെടുന്നു. അവ നമ്മുടെ വിചാരകോശത്തെ പ്രവർത്തിപ്പിക്കുന്നു. മനനവും യുക്തിഭദ്രമായ കാര്യാകാര്യവിവേചനവും അവിടെ കതിർവെട്ടം ചൊരിയുന്നു. ആ പ്രകാശവലയത്തിൽ പതിരൊന്നും കണ്ടില്ല. യുക്തി നിരപേക്ഷമായി ഒന്നും തോന്നിയില്ല. സന്ദേഹത്തിന്റെയും അവ്യക്തതയുടെയും നിഴൽപ്പാടുകൾ അവിടെയൊന്നും കാണാൻ കഴിഞ്ഞില്ല. വനകുല്യയിലെ തെളിനീർപോലെ സ്വച്ഛവും ശുദ്ധവുമാണെല്ലാം. എല്ലാം പരസ്പരാശ്രിതവും അന്യോന്യപൂരകവുമാണ്. പരംപൊരുളിന്റെ സോദ്ദേശ്യമായ, സബോധമായ സർഗ്ഗവൃത്തി അവിടെ ബോദ്ധ്യപ്പെട്ടു. അവയെല്ലാം വഴിനയിച്ചത് സൃഷ്ടികാരകനായ ഏക ദൈവത്തിന്റെ പവിത്രസങ്കേതത്തിലേക്കാണ്. അപ്പോൾ മനസ്സിന്റെ സൂക്ഷ്മകോശങ്ങളിൽപോലും സംതൃപ്തി സംത്രസിക്കുന്നതായിത്തോന്നി. മനസ്സിനെ അവിരാമമായി അസ്വസ്ഥമാക്കിക്കൊണ്ടിരുന്ന ജിജ്ഞാസക്ക് പരിശമനം കൈവന്നപോലൊരു ബോദ്ധ്യം. ഏതൊരു സത്യപഥത്തെ ലക്ഷ്യമാക്കി പ്രയാണമാരംഭിച്ചുവോ അവിടം സംപ്രാപിച്ചതുപോലൊരു തോന്നൽ, സത്യവേദം എന്നിലുണ്ടാക്കിയ പ്രതികരണമതാണ്.

പിന്നെപ്പിന്നെ എന്റെ മനസ്സിലെ ചിത്രശലഭം ഖുർആൻ തുറന്നുകാട്ടിയ വസന്താരാമത്തിൽ ചുറ്റിപ്പറക്കാൻ ഭ്രമം കൊള്ളുകയായി. എന്റെ ചിന്തകളിൽ ഖുർആനിക വചസ്സുകൾ വർണച്ചായം പുരട്ടി. എന്റെ വാക്കുകളിൽ കുളിരായും മധുരമായും വർത്തിച്ചത് മറ്റൊന്നായിരുന്നില്ല. എന്റെ വിചാരവിശ്വാസങ്ങളിലാകെ വെളിച്ചം പകർന്ന വേദഗ്രന്ഥമാണ് ഖുർആൻ. എന്റെ വീക്ഷണത്തിന് വൈശദ്യവും ആത്മീയ പരിവേഷവും സാമൂഹ്യപ്രസക്തിയും സമ്മാനിച്ചത് ആ വേദഗ്രന്ഥമാണ്.

പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ഒരുവനുണ്ടെന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. എന്നാൽ സൃഷ്ടികർത്താവിന്റെ മഹിതഗുണങ്ങളെക്കുറിച്ചും അവന്റെ കർമ്മപ്രപഞ്ചത്തെക്കുറിച്ചും അവൻ മാത്രമാണാരാധ്യൻ എന്ന മഹാസത്യത്തെക്കുറിച്ചും ഇസ്‌ലാം നൽകുന്ന ഉൽകൃഷ്ടവും സർവാദൃതവുമായ അധ്യാപനം മറ്റൊരു മതഗ്രന്ഥത്തിലും കാണാൻ സാധ്യമല്ല. സർവാരാധ്യൻ അഥവാ ഇബാദത്തിനർഹനായവൻ ദൈവം മാത്രമാണെന്നറിയിക്കുമ്പോൾ, ലോകത്തിൽ മനുഷ്യർക്കിടയിൽ കെട്ടിപ്പൊക്കിയ 'സർവാരാധ്യതയുടെ കപടവേഷങ്ങ'ളൊക്കെ കെട്ടഴിഞ്ഞൂർന്നു വീഴുകയാണ്. തട്ടുകളില്ലാത്ത മനുഷ്യമണ്ഡലം മറ്റേത് പരിഷ്കൃത സാമൂഹ്യ സങ്കല്പത്തെക്കാളും വരിഷ്ടവും ഉദാത്തവുമായി നമ്മുടെ മുന്നിൽ തെളിഞ്ഞുവരികയും ചെയ്യുന്നു.

പ്രപഞ്ചത്തിലെ സമസ്ത ജീവപ്രതിഭാസങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരകാരകത്വം വഹിച്ചു വർത്തിക്കുന്ന ദിവ്യമായ അസ്തിത്വത്തിന്റെ നാമാന്തരമാണ് അല്ലാഹു. 'അഖിലാണ്ഡകോടി ബ്രഹ്മാണ്ഡകടാഹ' ത്തിന്റെ അധീശത്വവും അല്ലാഹുവിന്തന്നെ. പരമാണുവിലെ സൂക്ഷ്മസ്പന്ദംതൊട്ട് താരാപഥത്തിലെ സുസ്ഥിതിക്കാവശ്യമായ വ്യവസ്ഥാപിത നിയമങ്ങൾവരെ അല്ലാഹുവിന്റെ നിയന്ത്രണത്തിന് വിധേയമാണ്. ''എന്നാൽ അല്ലാഹു കേവലമായ ഒരു ശക്തിയോ ഊർജരൂപമോ മാത്രമാണെന്ന് ഖുർആൻ നമ്മെ പ്രബോധിപ്പിക്കുന്നില്ല.'' മറ്റ് മതദർശനങ്ങളിൽനിന്ന് ഈ ബോധ്യവും സമീപ

നവുമാണ് ഇസ്‌ലാമിനെ വ്യത്യസ്തമാക്കുന്നത്.

ദേശീയവും കാലാവസ്ഥാപരവും പരമ്പരാഗതവുമായ കാരണങ്ങളാൽ മനുഷ്യനിലുള്ള വൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ടുതന്നെ മനുഷ്യർ ഒറ്റ ജാതിയാണെന്നും വർഗ്ഗമോ വർണമോ ദേശഭേദമോ പാരമ്പര്യമോ മനുഷ്യനെ മനുഷ്യനിൽനിന്ന് വേർതിരിക്കുന്നതിന് കാരണമല്ലെന്നും ഇസ്‌ലാം വ്യക്തമാക്കുന്നു. കുലമഹിമയിലും വംശീയതയിലും ഊറ്റംകൊണ്ട ഖുറൈശികളുടെയിടയിലാണ് ഖുർആൻ ഈ സ്ഫോടക സ്വരമുയർത്തിയത് എന്നത് അത്യന്തം ശ്രദ്ധേയമത്രേ.

നാലുകാലുകളിലൂന്നിനിന്ന മൃഗം മുൻകാലുകളുയർത്തി നിവർന്നുനിന്നപ്പോൾ അത് തന്റെ ജീവിതത്തിലെ മൃഗീയതയെ നിഷേധിക്കാൻ ശ്രമിക്കുകയായിരുന്നു. പൊക്കിയ കൈ നേരെ സമാന്തരമായുയർത്താം. അത് സമസ്രഷ്ടങ്ങളെ സമാശ്ലേഷിക്കാൻതന്നെ. കൈകൾ ലംബമായുയർത്താം. അത് അഖിലാധിനാഥനായ ദൈവത്തിന് സ്തുതിയർപ്പിക്കാനാണ്. സമസ്രഷ്ടങ്ങളോടുള്ള സ്നേഹവും ദൈവസന്നിധിയിലുള്ള സമർപ്പണവുമാണ് മതബോധത്തിന്റെ തെളിഞ്ഞ ലക്ഷണം. മനുഷ്യനും ദൈവവും തമ്മിൽ, മനുഷ്യനും മനുഷ്യനും തമ്മിൽ, മനുഷ്യനും പ്രപഞ്ചവും തമ്മിൽ–ഉള്ള ബന്ധം ഖുർആൻ സുവിശദമായി പ്രതിപാദിക്കുന്നു. അത്തരമൊരു സമ്പൂർണ സംസ്കൃതി, ആധ്യാത്മിക സംസ്കാരം, 'ഇൻസാഫ്' വളർത്തിയെടുക്കാൻ ഖുർആൻ പ്രബോധിപ്പിക്കുന്നു. ജീവിതബന്ധിയായ ഒരു സമ്പൂർണ മത ദർശനത്തിന്റെ മുഖമതാണ്. സ്ത്രീക്കും പുരുഷനും ദരിദ്രനും ധനികനും ദുർബ്ബലനും ശക്തനും കിഴക്കനും പടിഞ്ഞാറനും–ആർക്കും ഒരുപോലെ സ്വാഭിമാനം സംരക്ഷിച്ചുകൊണ്ട് ദൈവോന്മുഖമായി പ്രാർഥനാപൂർവം നില്ക്കാനും തരതമ ഭേദമില്ലാതെ വിശ്വാസമായും ആചാരമായും അനുഷ്ഠാനമായും അനുവർത്തിക്കാനും കഴിയുന്ന മതദർശനമാണ് ഇസ്‌ലാം. ഒരുപക്ഷേ, അതുകൊണ്ടായിരിക്കണം ബർണാഡ് ഷാ ഇസ്‌ലാമിനെ 'ഇലാസ്റ്റിക് മത'മെന്ന് വിശേഷിപ്പിച്ചത്. കാലാന്തരത്തിലുണ്ടാവുന്ന ഏതവസ്ഥാവിശേഷത്തിലും പൂർണ പ്രഭാവത്തോടെ വർത്തിക്കാൻ കഴിയുന്ന സത്യവേദ ദർശനത്തിനു മുന്നിൽ കാലവും ലോകവും കൈകൂപ്പുന്നു.

അതീവലളിതവും പ്രയോഗക്ഷമവും സാധാരണ മനസ്സിനുപോലും സംപ്രാപ്യവുമായ ഒരു മതതലം എന്ന നിലയിൽ ഇസ്‌ലാം യഹൂദമതത്തിൽനിന്നും ക്രൈസ്തവമതത്തിൽനിന്നും സൊറാസ്ട്രിയനിസത്തിൽനിന്നും വ്യത്യസ്തമായി നില്ക്കുന്നു എന്ന് എച്ച്.ജി.വെത്സ് പ്രസ്താവിച്ചത് ശ്രദ്ധേയമാണ്. കേവലം അഭൗമവും അപ്രായോഗികവുമായ ധർമോപദേശങ്ങളുടെ സമുച്ചയമല്ല ഖുർആൻ. ഖുർആനഖിലവും ജീവിതത്തിൽ പ്രായോഗികമാക്കാനുള്ളതും ദൈവഹിതം കീർത്തിക്കുന്നതുമാണ്. ജീവിത മൂല്യങ്ങൾ ഒരേ സമയത്തുതന്നെ ഭൗതികവും ആത്മീയവുമാണെന്നും അവ തമ്മിലുള്ള അഭിന്നത അവഗണിക്കാൻ പറ്റുന്നതല്ലെന്നും ഇസ്‌ലാം കരുതുന്നു. ഏതെങ്കിലും വ്യക്തിയുടെയോ വിഭാഗത്തിന്റെയൊ പ്രദേശത്തിന്റെയൊ അനുഭവങ്ങളെയല്ല ഇസ്‌ലാം സത്യമായ അനുഭവങ്ങളായിക്കാണുന്നത്. അവയ്ക്കെല്ലാം താൽക്കാലികവും സങ്കുചിതവും പരിസീമിതവുമായ സ്വഭാവമാണുള്ളതെന്നും നിത്യവും പ്രവിശാലവും അമേയവുമായ സവിശേഷതകളാണ് ഇസ്‌ലാം പ്രകാശിപ്പിക്കുന്നതെന്നും സൂക്ഷ്മദൃഷ്ടികൾക്ക് ബോധ്യമാകുന്നതാണ്. അപ

രിമേയമായ, അവ്യാഹതമായ, ഇഹപരസംബന്ധമാർന്ന കാലപ്രവാഹത്തെ കണ്ടുകൊണ്ടാണ് ഖുർആൻ സംസാരിക്കുന്നത്. ഒരു പ്രത്യേക ജനപദത്തെ യല്ല മനുഷ്യസാമാന്യത്തെയാണ് അത് അഭിസംബോധന ചെയ്യുന്നത്. വ്യക്തി യിൽ ആത്മാവും ശരീരവും തമ്മിലുള്ള സമീകരണവും ജീവിതത്തിൽ ആത്മീയ ഭൗതികമൂല്യങ്ങളുടെ ഏകീകരണവുമാണ് സത്യവേദം നിഷ്കർഷിക്കുന്നത്. നിരുപാധികമായ മാനസിക സ്വാതന്ത്ര്യവും സമ്പൂർണമായ മനുഷ്യസമത്വവും സുദൃഢമായ സാമൂഹ്യബാധ്യതയും സാമൂഹ്യനീതിയിൽ ഖുർആൻ നിഷ്കർഷിക്കുന്നു. അതിനാൽ ഖുർആൻ ഒരു സമഗ്ര മാനവദർശനമാണ്.

ദൈവികമാണെന്ന് വിശ്വസിച്ചാലും ഇല്ലെങ്കിലും ഖുർആൻ എന്ന സത്യ വേദഗ്രന്ഥത്തിന്റെ സർവാതിശായിത്വം അത്യന്തം ശ്രദ്ധേയമാണ്.

അത് കാലദേശാതിവർത്തിയായ
സ്വാധീനം ജനമനസ്സുകളിലുളവാക്കി;
മനുഷ്യചിന്തയെ പ്രോജ്ജ്വലിപ്പിച്ചു;
വിചാരവിശ്വാസങ്ങളിൽ വിപ്ലവം സൃഷ്ടിച്ചു;
ലോകനാഗരികതയ്ക്ക് പ്രോത്സാഹകമായി;
അടിമകളിൽ ആത്മവിശ്വാസം വളർത്തി;
അബലകളായി അവഗണിക്കപ്പെട്ട
സ്ത്രീസമൂഹത്തെ വിമോചിപ്പിച്ചു;
അക്ഷരത്തിനും അറിവിനും
അനല്പമായ അംഗീകാരം നൽകി
വിശ്വസാഹോദര്യം വിളംബരം ചെയ്തു.

അതുൾക്കൊള്ളുന്ന നിത്യഹരിതഭാവം കാലാതിവർത്തിത്വത്തെ സമാ ശ്ലേഷിക്കുന്നു എന്നതാണ് ഇസ്ലാം സംസ്കൃതിയുടെ സർവാതിശായിത്വം.

# 7. വേദഗ്രന്ഥം വഴിനയിക്കുന്നു

●

ദൈവസാമ്രാജ്യത്തിന് രണ്ട് തലങ്ങളുണ്ട്;
ഇഹവും പരവും
ഇഹപരങ്ങളിൽ ജീവിതം പടർന്നുനില്ക്കുന്നു.
ദൈവത്തിന്റെ ശ്രദ്ധ ഇരുതലങ്ങളിലും
പ്രസരിച്ചുനില്ക്കുന്നു.
ഇഹത്തിലെ പിറവിനാൾതൊട്ട്
പരത്തിലെ അന്ത്യദിനംവരെ നീണ്ടുനില്ക്കുന്നു.
ജീവിതത്തിന്റെ പ്രയാണപഥം
–ദൈവം വെട്ടിയൊരുക്കിയ പ്രയാണപഥം–
നമ്മുടെ മുമ്പിൽ നീണ്ടുകിടക്കുന്നു.
നാമതറിയുന്നില്ല.
പ്രവാചകനും വേദഗ്രന്ഥവും നമ്മെയതറിയിക്കുന്നു.
നമ്മുടെ നന്മയ്ക്കായി ദൈവം നേർവഴികാട്ടുന്നു
നമുക്കനുസരിക്കാൻ, അനുകരിക്കാൻ
ജീവിതം സാർത്ഥകവും ധന്യവുമാക്കാൻ
നമുക്കതുമതി.
അല്ലാഹുവിന്റെ വിധിനിഷേധ റജിസ്റ്ററിൽ
എല്ലാം രേഖപ്പെടുത്തപ്പെടുന്നു.
ഇഹത്തിലെ ജീവിതാനുഭവങ്ങൾ
അല്ലശുദ്ധിക്ക് വിധേയമാക്കിവിലയിരുത്തപ്പെടുന്നു.
നാമറിഞ്ഞാലുമില്ലെങ്കിലും
നാമംഗീകരിച്ചാലുമില്ലെങ്കിലും
പരലോകം ഒരു മഹാസത്യമാണ്.
മരണത്തിന്റെ തിരശ്ശീല നീക്കി
പരലോകത്തെത്തുന്ന മനുഷ്യന്റെ മുന്നിൽ
വസ്തുധിഷ്ഠിതമായ വിചാരണ നടക്കുന്നു.
അല്ലാഹുവിന്റെ പരമപവിത്രമായ
നീതിവേദിയിൽനിന്ന് വിധി പ്രഖ്യാപിക്കപ്പെടുന്നു.
വിധിയനുസരിച്ച് രക്ഷയോ ശിക്ഷയോ കൈവരുന്നു.
കറുത്തതായാലും വെളുത്തതായാലും
തീവ്രമായാലും മൃദുവായാലും

ഹിതമായാലും അഹിതമായാലും
വിധിയനുസരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.
അവിടെ രക്ഷനേടാൻ ഇവിടെ ജീവിതം
ദൈവമാർഗ്ഗത്തിലാക്കുകമാത്രമെ കരണീയമായുള്ളൂ.
മറ്റൊരുമാർഗ്ഗവുമില്ല, ഒരു മാർഗ്ഗവും.
അതിനാൽ വിശുദ്ധജീവിതം നയിക്കുക.
ധർമ്മാധിഷ്ഠിതമായ ജീവിതം നയിക്കുക
ദൈവഹിതാനുസാരിയായ ജീവിതം നയിക്കുക.
വേദഗ്രന്ഥവും പ്രവാചകനും നമ്മെ വഴിനയിക്കുന്നു.

# 8. വഴികാട്ടിയും വെളിച്ചവും

●

വാത്സല്യനിധിയായ സ്വപുത്രനോട് ഒരു പിതാവെന്നപോലെ ദൈവം മനുഷ്യനോട് ഇങ്ങനെ പറഞ്ഞു:

നിനക്ക് ഞാനൊരു വിളക്ക് നൽകി. അതാണ് വിശേഷബുദ്ധി. പ്രപഞ്ചത്തിൽ നിന്നെക്കൂടാതെ എന്റെ അനേകം സൃഷ്ടികളുണ്ട്. അവർക്കാർക്കും നൽകാത്ത അതിവിശിഷ്ട വസ്തുവാണ് ഞാൻ നിനക്ക് തന്നത്. അതിന്റെ വിലയറിയാനും വിവേകപൂർവം വിനിയോഗിക്കാനും നിനക്ക് കഴിയണം. ഒന്ന്മാത്രം സൂചിപ്പിക്കാം–പ്രപഞ്ചം മുഴുവൻ തെളിച്ചുകാട്ടാൻപോന്ന വിളക്കാണത്. അത് നിന്റെ നിലയും വിലയും വർദ്ധിപ്പിക്കും. ഒരു പരീക്ഷണം വഴി ഒരിക്കൻ നിന്നെ ഞാനത് ബോദ്ധ്യപ്പെടുത്തി. നിന്റെ വിശേഷബുദ്ധിയിൽ ഞാൻ തിരികൊളുത്തി. മലക്കുകളെപ്പോലും പരാജയപ്പെടുത്തിക്കൊണ്ട് നീയതിന്റെ മികവ് കാണിച്ചു. ഞാൻ സംതൃപ്തനായി. ഞാൻ മലക്കുകളോട് നിന്നെയാദരിക്കാൻ പറഞ്ഞു. ഒന്ന് ബോധ്യമായി. വിശേഷ ബുദ്ധി നിന്നിൽ പ്രോജ്ജ്വലിക്കുമെന്ന്. ഒന്ന് ഞാനാശ്വസിച്ചു–സൃഷ്ടികളിൽ ശ്രേഷ്ഠനായി ഞാൻ തിരഞ്ഞെടുത്ത നീ ലോകത്ത് അജയ്യനായി, അധൃഷ്യനായി പരിണമിക്കുമെന്ന്. കാലത്രയങ്ങളെ പ്രകാശമണിയിക്കാൻ പോന്ന വിളക്കാണത്. ആ വിളക്ക് ''ഒരു പർവതത്തിലേക്കാണ് ഞാനയച്ചുകൊടുത്തതെങ്കിൽ ദൈവത്തെ ഭയന്ന് ആ പർവതം പൊട്ടിത്തകരുന്നത് നിനക്ക് കാണാമായിരുന്നു.'' അത്രയും സ്ഫോടക സ്വഭാവമിയന്നതാണ് അതിന്റെ പ്രകാശവിസ്മയം. അതുകൊണ്ടാണ് അത് മറ്റാർക്കും നൽകാതെ നിനക്ക് സമ്മാനിച്ചത്.

അറിവിന്റെ സ്ഫോടക സ്വഭാവത്തെ സംബന്ധിച്ച് പ്രവാചകന്റെ ഒരനുസ്മരണമുണ്ട്.

പ്രവാചകൻ പള്ളിയിലെത്തി. അവിടെ അന്നേരമൊരാൾ പ്രാർഥിക്കുന്നുണ്ടായിരുന്നു. വാതിൽപ്പടിയിൽ മറ്റൊരാളിരിക്കുന്നത് പ്രവാചകന്റെ ദൃഷ്ടിയിൽപ്പെട്ടു. ആരെന്ന് മനസ്സിലായില്ല. പ്രവാചകന്റെ കാൽപ്പെരുമാറ്റം കേട്ട് വാതിൽപ്പടിയിലെ ആൾ തിരിഞ്ഞുനോക്കി. പ്രവാചകന്ന് ആളെ മനസ്സിലായി. അത് ഇബ്‌ലീസായിരുന്നു. പ്രവാചകൻ ഇങ്ങനെ ചോദിച്ചു:

''ഇബ്‌ലീസ്, ഇവിടെയെന്താ കാര്യം?''

ചിരിച്ചുകൊണ്ട്, പ്രാർഥിക്കുന്നവന്റെ നേരെചൂണ്ടി ഇബ്‌ലീസ് ഇങ്ങനെ പറഞ്ഞു:

''ദാ ഒരാളവിടെ പ്രാർഥിക്കുന്നു. അവനെയൊന്ന് പിഴപ്പിക്കണം''

പ്രവാചകൻ കൗതുകത്തോടെ ഇങ്ങനെ അന്വേഷിച്ചു:

''എന്നാൽ താൻ എന്തുകൊണ്ട് തന്റെ ജോലി തുടങ്ങുന്നില്ല?''

അന്നേരം സ്വല്പമൊരു വിഷമത്തോടെ ഇബ്‌ലീസ് മറ്റൊരു മൂലയിലേക്ക് വിരൽചൂണ്ടി. അവിടെയൊരാൾ കിടന്നുറങ്ങുന്നുണ്ട്. നല്ല ഉറക്കം. പ്രവാചകൻ തുടർന്നു:

''അയാൾ ഉറങ്ങുകയല്ലേ, ഉറങ്ങുന്നവനെ താനെന്തിന് പേടിക്കണം?''

ഇതിന്ന് ഇബ്‌ലീസ് നൽകിയ മറുപടി അത്യന്തം ശ്രദ്ധേയമായിരുന്നു:

''തിരുമേനീ, ഉറങ്ങുകയാണെങ്കിലും അയാൾ അറിവുള്ളവനാ. അറിവുള്ളവൻ ഉറങ്ങുകയാണെങ്കിലും അപകടകാരിയാ.''

തന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്ന മനുഷ്യനോട് ദൈവം തുടർന്നു:

പരാശ്രയമൊഴിവാക്കി സ്വന്തം കഴിവിൽ വിശ്വാസമർപ്പിക്കുവാനും അതിലൂന്നി ഉയരുവാനും ദൈവത്തിൽമാത്രം ശരണമർഥിക്കുവാനും ഞാൻ നിന്നെ പ്രബോധിപ്പിച്ചു.

''നിന്റെ ആജ്ഞകൾക്ക് മാത്രമെ ഞങ്ങൾ കീഴ്പ്പെട്ട് ജീവിക്കുകയുള്ളൂ. നിന്നോട് മാത്രമെ ഞങ്ങൾ സഹായമപേക്ഷിക്കുകയുള്ളു.'' (1:5)

ആരുടെ മുന്നിലും വിനമ്രശിരസ്സായി നില്ക്കേണ്ടവനല്ല നീ. കാലവേഗത്തെ മറികടക്കാനും ലോകവിസ്തൃതിയെ ഉള്ളിലൊതുക്കാനും സമസ്ത ശക്തികളെയും കൈങ്കരീയത്തിലമർത്തിവെക്കാനും പോന്ന സിദ്ധിസാധ്യതകൾ നിന്നിൽ ഞാൻ നിക്ഷേപിച്ചു. അത് നിന്നിൽ സൂക്ഷിച്ച എന്നെ–എന്നെ മാത്രം–ഭയഭക്ത്യാരാധനാഭാവത്തോടെ നീയോർക്കുക. എനിക്ക് മുന്നിൽ മാത്രം നീ നമിക്കുക. നീ എന്നെയോർക്കുമ്പോൾ, എനിക്കുമുന്നിൽ അടിപണിയുമ്പോൾ എന്റെ നിക്ഷേപത്തെക്കുറിച്ച് നീയോർക്കും. എന്റെ നിർദ്ദേശങ്ങൾ നിന്റെ വിചാരവൃത്തികൾക്ക് വിധേയമാകും. നിന്റെ വികാസവൃദ്ധികളാണ് മാനവസൃഷ്ടിയിൽ എന്റെ വിഭാവിത ലക്ഷ്യമെന്ന് നീയന്ന് മനസ്സിലാക്കും.

നിന്റെ ധർമ്മകർമ്മങ്ങൾ വിധിപൂർവകം നടക്കണം. നിന്റെ വിശേഷബുദ്ധി പ്രോജ്ജ്വലിക്കണം. ഞാനയച്ച വേദഗ്രന്ഥം അതിന്നുള്ള ഊർസ്രോതസ്സാണ്.

''നേരം പോക്കാനുള്ള ഒരു കളിയായല്ല

ഞാൻ എന്റെ കൈകൊണ്ട് നിന്നെ സൃഷ്ടിച്ചത്.''

അനന്തവിസ്തൃതമായ പ്രപഞ്ചത്തെയും എണ്ണമറ്റ ജീവജാലങ്ങളെയും ഞാൻ സൃഷ്ടിച്ചത് നിനക്കുവേണ്ടിയാണ്. നിന്റെ ജന്മത്തിലൂടെമാത്രം സാക്ഷാൽക്കരിക്കാൻ കഴിയുന്ന മഹത്തായ ഒരു ദൗത്യമുണ്ട്. അതിന്ന് പോരുന്ന കളരിയും കർമ്മരംഗവുമായാണ് ഞാൻ ഈ പ്രപഞ്ചത്തിന് രൂപവിധാനം നൽകിയത്.

''ആകാശ ഭൂമികളെയും അവയ്ക്കിടയിലുള്ള വസ്തുക്കളെയും നാം സൃഷ്ടിച്ചിരിക്കുന്നത് വിനോദത്തിനുവേണ്ടിയല്ല. (മറിച്ച്) ചില ന്യായമായ ലക്ഷ്യങ്ങളെ മുൻനിർത്തിക്കൊണ്ടുതന്നെയാണ് അവ രണ്ടിനെയും നാം സൃഷ്ടിച്ചിരിക്കുന്നത്.''

''രാപ്പകലുകളെയും സൂര്യചന്ദ്രന്മാരെയും അല്ലാഹു നിങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു. അതേപോലെ നക്ഷത്രങ്ങളെയും അവന്റെ കല്പന

ക്കനുസരിച്ചു (നിങ്ങൾക്ക്) കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു.''

കളിക്കളത്തിൽ ഞാൻ കരുക്കളെല്ലാം നിരത്തിയിട്ടിരിക്കുന്നു. നീയവയുപയോഗപ്പെടുത്തി കളിച്ചു ജയിക്കണം.

അസംസ്കൃത വസ്തുക്കളെല്ലാം ഞാൻ ഇവിടെ സൃഷ്ടിച്ചുവെച്ചിട്ടുണ്ട്. നീയവയുപയോഗപ്പെടുത്തി വിശിഷ്ടഭോജ്യങ്ങളൊരുക്കണം. ഇന്ധനം ഇവിടെയും യന്ത്രം നിന്നിലുമുണ്ട്. നീയതുപയോഗപ്പെടുത്തി യന്ത്രത്തെ പ്രവർത്തനക്ഷമമാക്കണം. തിന്നും ഉറങ്ങിയും പ്രജനനം സാധിച്ചും കഴിയാനല്ല നിനക്കിവിടെ ജന്മം നൽകിയത്. ജന്തുസഹജമായതേ നിന്നിൽ നിന്നനുഭവപ്പെടുന്നുള്ളുവെങ്കിൽ നീയെങ്ങനെ സൃഷ്ടികളിൽ ശ്രേഷ്ഠനാകും! അപ്പോൾ അതിന്നപ്പുറമൊന്ന് ഞാൻ നിന്നിൽനിന്ന് പ്രതീക്ഷിക്കുന്നുണ്ട്. സമുന്നതിയുടെ എന്റെ സങ്കേതം പ്രാപിക്കുകയാണ് ഞാൻ നിന്നിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഉൽകൃഷ്ടസൃഷ്ടി എന്നതിൽ സായൂജ്യമടയാതെ, അലംഭാവം കൊള്ളാതെ, ധർമ്മവിസ്മൃതിക്കടിപ്പെടാതെ നീ ഉയർന്നുപൊങ്ങണം. ക്ലേശഭൂയിഷ്ടമാണ് മാർഗ്ഗം. അവ്യക്തതയാണ് മുന്നിൽ. അന്ധകാരമാണെങ്ങും. സ്വന്തം കൈനിലകളിലമർന്നിരിക്കുന്ന താമസവികാരങ്ങളുടെ തള്ളിമാറ്റാനാവാത്ത പ്രലോഭനങ്ങളും ഭീഷണിയും നിനക്കുണ്ടാകും–ഞാനതറിയുന്നു. അവിടെയാണ് ഒരു വഴികാട്ടിയുടെ ആവശ്യം ഞാൻ കണ്ടത്. തെളിഞ്ഞുകാണാൻ വെളിച്ചവും വേണം. പ്രവാചകനും വേദഗ്രന്ഥവും അവിടെയാണ് പ്രസക്തമാകുന്നത്.

കുഴക്കുന്ന വഴികളാണെങ്ങും. സൂക്ഷ്മബോധമില്ലാതെ സത്യശുദ്ധമായ മാർഗ്ഗത്തെക്കുറിച്ചറിയാതെ എങ്ങോട്ടെന്നില്ലാതെ ഓടുന്നു. ഇതാണ് തന്റെ ശരിയായ മാർഗ്ഗമെന്നു കരുതി കുറേനേരം സമാധാനിച്ചുവെന്നുവരും. അപ്പോഴാണബദ്ധമറിയുന്നത്. ഉടനെ തിരിഞ്ഞോടും. കുറേ ചെന്നപ്പോൾ അതുമൊരു പിഴയായിപ്പോയെന്നറിയുന്നു. ഇങ്ങനെ പലകുറി ആവർത്തിക്കപ്പെടുന്നു. ഗതികിട്ടാതെ പരിഭ്രാന്തമായി പരക്കംപായുന്ന മനുഷ്യനെ ഖുർആൻ മാടിവിളിച്ച് വഴി നയിക്കുന്നു.

ശരിയായ മാർഗ്ഗത്തിലാണെങ്കിലും വിചാരിക്കാതെ വന്നുപെടുന്ന ദുരനുഭവങ്ങൾ അളവറ്റതാണ്. താദൃശാനുഭവങ്ങളെ നേരിടേണ്ടിവരുമ്പോൾ മനഃസ്വാസ്ഥ്യം നഷ്ടപ്പെടുന്നു. ആലസ്യം അടിപ്പെടുത്തുന്നു. മുന്നോട്ടുള്ള യാത്ര ദുസ്സഹമായിത്തീരുന്നു. അന്നേരം മനസ്സിനെ അമൃതസേചനം ചെയ്തുകൊണ്ടെന്നോണം നവോന്മേഷമണിയിച്ച് സ്വധർമ്മ നിർവഹണത്തിന് ശക്തവും പ്രാപ്തവുമാക്കിത്തീർക്കുന്ന പ്രഭവമായി ഖുർആൻ അവതീർണമായി. അവശവും വിവശവുമായി, സ്വയം ശപിച്ച്, വിശ്വാസത്തെപ്പോലും പഴിച്ച്, ജീവിതത്തെ വൃഥാഭാരമായി വലിച്ചിഴഞ്ഞുനീങ്ങുന്ന മനുഷ്യനിൽ ഖുർആൻ ആത്മവീര്യം പകരുന്നു. ഒരാചാര്യനെപ്പോലെ അടുത്തുനിന്നുപദേശിക്കാനും ഒരു സുഹൃത്തിനെപ്പോലെ അനുനയംകൊണ്ട് സമാധാനിപ്പിക്കാനും ഒരാപൽബാന്ധവനെപ്പോലെ ആശ്വാസമരുളാനും ഒരു ഭിഷഗ്വരനെപ്പോലെ സാന്ത്വനമേകാനും ഒരു രക്ഷകർത്താവിനെപ്പോലെ കാവലാളായിക്കഴിയാനും സകല സന്ദർഭങ്ങളിലും പ്രത്യക്ഷപ്പെട്ട് നമ്മെ വഴി നയിക്കാനും പോരുന്ന സമസ്തവും ആ വിശിഷ്ടഗ്രന്ഥത്തിലുണ്ട്. ജീവിതബന്ധിയായ സകല വിഷയങ്ങളും അതിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഗുരുലഘുഭേദമില്ലാതെ മനുഷ്യന്റെ വിഭാവനകളെക്കുറിച്ചുള്ള തെളിഞ്ഞ ചിത്രങ്ങളുമതി

ലുണ്ട്. 323760 അക്ഷരങ്ങളിലൂടെ 86430 വാക്കുകളിലൂടെ 6666 വചനങ്ങളിലൂടെ 114 അധ്യായങ്ങളിലായി ആ സത്യവേദശില്പം രൂപപ്പെടുത്തിയപ്പോൾ ദോഷൈകദൃക്കുകളാകെ നിസ്സഹായരാവുകയായിരുന്നു. അസംഗതം, അപ്രസക്തം, വ്യാഥാസ്ഥൂലം എന്നൊന്നും ആ വേദശില്പത്തിന്റെ മുഖത്തുനോക്കി പഴിക്കാൻ മുൻവിധിയോടെ നില്ക്കുകയായിരുന്ന പ്രതിദ്വന്ദികൾക്കുപോലും കഴിയാതെവന്നു. അവ്യക്തതയുടെ നിഴലും അജ്ഞതയുടെ ഇരുളും കളിയാടുന്ന മനുഷ്യമനസ്സുകളിൽ ഖുർആനിലെ അക്ഷരങ്ങൾ നക്ഷത്രജ്യോതിസ്സുകളായി കതിർവെട്ടം ചൊരിഞ്ഞു. കവിതപോലെ സുന്ദരവും ആലോചനാമൃതവുമാണ് അതിലെ സൂറകളോരോന്നും. കൂടുതൽ തെളിഞ്ഞമർന്ന വായനയിൽ അനവദ്യ സൗന്ദര്യത്തിന്റെ മഹിമാവുകൾ നമ്മെ ഹഠാദാകർഷിക്കും. ശ്രദ്ധാപൂർവമായ ഓരോ വായനയും നവനവോന്മേഷശാലിയായ ഓരോ വിശിഷ്ടാനുഭൂതിയായിരിക്കും. അതിന്റെ പിറവിയും പ്രകൃതവും പ്രകീർത്തിക്കുമ്പോൾ നിറം മങ്ങാത്ത ഒരു വിശ്വവിസ്മയമായി ആ വരിഷ്ടഗ്രന്ഥശില്പം മനുഷ്യമനസ്സുകളിൽ എന്നും ജീവിക്കും. കുളിരലകൾ വർഷിക്കുന്ന തൈമണിക്കാറ്റായും പ്രത്യാശയുടെ നറുപൂക്കൾ വിരിയിക്കുന്ന വസന്തർത്തുവായും രോഗമൂർച്ഛയിൽ ശമനൗഷധമായും വർത്തിക്കുന്ന സത്യവേദഗ്രന്ഥത്തിൽ അസദൃശമായ പവിത്ര വചസ്സുകൾ പ്രകാശമണിഞ്ഞുനില്ക്കുന്നു. ആർദ്രവും എന്നാൽ സ്ഫോടകവുമാണ് അതിലെ വചസ്സുകളാകെ. ആ മഹിത വചസ്സുകളുടെ ലോലസ്ഫുരണങ്ങൾപോലും പ്രസരിച്ചെത്തുന്ന മനസ്സുകളിൽ സംഭവിച്ചുകണ്ട പരിവർത്തനങ്ങൾ വിശ്വവിസ്മയങ്ങളായി കീർത്തിക്കപ്പെട്ടിട്ടുണ്ട്. പുഴുവെ ശലഭമാക്കുംപോലെ 'കാട്ടറബിയെ വാറ്റിയെടുത്ത് ഖലീഫയാക്കി'യ മാസ്മരിക ശക്തി ഖുർആന്റെ സുര്യതേജസ്സിന്റെ സവിശേഷതയാണ്.

# 9. മുഖ്യപ്രമേയം-മനുഷ്യൻ

ദൈവം മണ്ണുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദേവഭാവത്തിന്റെയും മൃഗീയതയുടെയും സൂക്ഷ്മബീജങ്ങൾ അവനിൽ നിക്ഷേപിക്കുകയായിരുന്നു. ഇതൊരു പൂർവാപരവിരുദ്ധതയായിത്തോന്നാം. എന്നാൽ, അതൊരു പരീക്ഷണവും മനുഷ്യനിലർപ്പിച്ച വിശേഷബുദ്ധിയോടുള്ള ഒരു വെല്ലുവിളിയുമായിരുന്നു.

അവന്റെ ദൃഷ്ടിയിൽ ആന്ധ്യംനിറയ്ക്കുവാൻ
അവന്റെ മുന്നിൽ വഴിതടയുവാൻ
അവന്റെ ചിന്താശക്തിയെ മരവിപ്പിക്കുവാൻ
അവനിലെ മൃഗീയശക്തി ശ്രമമാരംഭിക്കും.
അതറിഞ്ഞ്, അവയെ ഒതുക്കി
ദേവഭാവത്തിലൂന്നിയുയർന്ന്
അല്ലാഹുവിന്റെ തിരുസന്നിധിയിലേക്ക്
അവനെത്തണം.
അതിന്നാണവന്ന് വിശേഷബുദ്ധി നൽകിയത്.
പ്രകൃതിയെ കണ്ടും അറിഞ്ഞും ആസ്വദിച്ചും
ദൃഢരൂഢബോധ്യത്തോടെ
ദൈവസന്നിധിയിലേക്കെത്തണം.
സമസൃഷ്ടങ്ങളെ അകവും പുറവുമറിഞ്ഞ്
സ്നേഹിച്ച്, സേവിച്ച്
'വാഗ്ദത്ത ഭൂമി' യിലേക്കെത്തണം.
ദൃഷ്ടാന്തങ്ങളിലൂടെ ചാഞ്ചല്യങ്ങളൊഴിവാക്കി
സന്ദേഹങ്ങളകറ്റി, ദൃഢബോധംവരിച്ച്
ഭൂമിയിലെ ദേവഭാവങ്ങളുടെ
കാവലാളായി അവൻ മാറണം.
സത്യനിഷേധത്തിൽ കെട്ടിപ്പൊക്കിയ
കരിങ്കൽകോട്ടകൾക്കെതിരെ കൊടുങ്കാറ്റായി
ചീറിയടിക്കാനവന് സാധിക്കണം
സത്യമോർക്കുമെങ്കിൽ മനുഷ്യസാഹോദര്യം
ഒരസാധ്യതയല്ല, മരീചികയുമല്ല.
ഒരനിവാര്യതയാണ്.
അതിന്ന് വേണ്ടി സ്വയമർപ്പിക്കാൻ

ദൈവമാർഗ്ഗത്തിൽ വരിഷ്ടരക്തസാക്ഷിത്വം വരിക്കാൻ
അവൻ ശക്തനായിരിക്കണം.
അവന്റെ യാത്രാപഥത്തിൽ
അബൂബക്കറിന്റെ വിശുദ്ധിയോലുന്ന സാത്വികതയും
ഉമറിന്റെ നിരങ്കുശമായ നീതിബോധവും
ഉസ്മാന്റെ സമർപ്പണപൂർവകമായ ആത്മത്യാഗവും
അലിയുടെ ശിലോച്ചയപ്രകൃതമായ ആന്തരികധീരതയും
ഖദീജയുടെ അനുപമമായ ഹൃദയവിശുദ്ധിയും
ആയിഷയുടെ സമർപ്പണപ്രവണമായ ധൈഷണികസിദ്ധിയും
ബിലാലിന്റെ അനന്യദർശനീയമായ ആത്മസ്ഥൈര്യവും
അവനിൽ സ്വാധീനിച്ചിരിക്കണം.
അവൻ ഏകദൈവ വിശ്വാസത്തിന്റെ
പ്രഘോഷകനായിരിക്കണം
അവൻ പ്രവാചകനിൽ ദത്തശ്രദ്ധനായിരിക്കണം
അവൻ വേദഗ്രന്ഥത്തിന്റെ പ്രചാരകനായിരിക്കണം
അവൻ ഹദീസുകളുടെ സംവാഹകനായിരിക്കണം.
ആ പുതിയ മനുഷ്യൻ ഇസ്‌ലാം സംസ്കൃതി
വളർത്തിയെടുത്ത മാതൃകാമാനവനായിരിക്കും.
ആ മാതൃകാമാനവനിൽ
മൂന്ന് ഭാവങ്ങൾ പ്രകടമായിരിക്കും-
സത്യം (Truth) ശിവം (Goodness) സുന്ദരം (beauty)
പ്രകൃതിയുടെ മുന്നിൽ അവൻ
മൂന്ന് ചക്രവാളങ്ങൾ വിരിയിച്ചുകാട്ടണം-
അവബോധം (awareness) സ്വാതന്ത്ര്യം (freedom) സർഗ്ഗപ്രതിഭ (creativity)
കല-അവന്നൊരു കളിക്കോപ്പല്ല.
ഊർജം കളയാനുള്ള ഒരു വൃത്തീഭേദവുമല്ല.
അല്ലാഹു തന്റെ പ്രതിപുരുഷനെയേല്പിച്ച
വിശ്രുത സമ്പത്താണത്.
സ്രഷ്ടാവിന്റെ സർഗ്ഗാത്മകതയുടെ തൂലികയാണത്.
അതുപയോഗിച്ച് മനുഷ്യൻ
രണ്ടാമതൊരുലോകം സൃഷ്ടിക്കണം
പുതിയൊരു പറുദീസയും പണിയണം
പുതിയ ജീവിതശില്പങ്ങൾ വിരചിക്കണം
പുതിയ വിചാരപ്രപഞ്ചം
പുതിയ സൗന്ദര്യം
പുതിയ ചൈതന്യം
പുതിയ ആത്മശക്തി
പുതിയ സന്ദേശം
സമഗ്രതയാർന്ന
പുതിയൊരുകാലം വിരിയിച്ചെടുക്കണം
അല്ലാഹു പരമമായ സ്വാതന്ത്ര്യവും
അപാരമായ സർഗ്ഗശക്തിയും

അനന്തമായ ജാഗ്രതയും
അവനിൽ സൂക്ഷിച്ചിട്ടുണ്ട്.
ലോകത്തിലെ ദൈവത്തിന്റെ പ്രതിപുരുഷൻ
സ്വാതന്ത്ര്യത്തിന്റെയും സർഗ്ഗശക്തിയുടെയും
ജാഗ്രതയുടെയും പുതിയ മുഖങ്ങളവതരിപ്പിക്കണം
അല്ലാഹു സ്വന്തം വിഭാവനയ്ക്കനുസരിച്ചാണ്
മനുഷ്യനെ സൃഷ്ടിച്ചത്.
എന്നിട്ട് അല്ലാഹു പറഞ്ഞു:
''നീ എന്നെ തേടിവരികയാണെങ്കിൽ
കാണാനാഗ്രഹിക്കുന്നുവെങ്കിൽ
നീ നിന്റെ സ്വത്വത്തെ കണ്ടറിയുക, അതാണ് വഴി''എന്ന്.

മനുഷ്യനാണ് ഖുർആന്റെ പ്രമേയം. മനുഷ്യന്റെ ദൈവദത്തമായ കഴിവുകളിൽ പ്രമുഖം അവന്റെ ബുദ്ധിശക്തിയാണ്. ഗവേഷണവും നിരീക്ഷണവും പരീക്ഷണവും പ്രയോഗവൽക്കരണവും മനുഷ്യമേധയുടെ സവിശേഷതകളാകുന്നു. സമഗ്രവികാസം കൈവന്ന പൂർണമനുഷ്യനെ ഖുർആൻ വിഭാവനം ചെയ്യുന്നു. അപ്പോൾ മനുഷ്യന്റെ ബുദ്ധിയുടെയും ചിന്തയുടെയും വ്യക്തിത്വത്തിന്റേയുമെല്ലാം സംരചന ഖുർആന്റെ കർമ്മതലത്തിലെ മുഖ്യതയാർന്ന വശങ്ങളായി മാറുന്നു. സൃഷ്ടികളിൽ ശ്രേഷ്ഠനായ മനുഷ്യൻ പ്രപഞ്ചത്തെ കീഴടക്കുമെന്ന് സൂചിപ്പിക്കുന്ന അറുന്നൂറോളം സൂക്തങ്ങളുണ്ട് ഖുർആനിൽ. അവ, അലസമായ കേവലം പരാമർശങ്ങളല്ല, ഗുരുതരവും അർഥപൂർണവുമായ അനുശാസനങ്ങളാണ്.

# 10. വിശുദ്ധ വിശ്വാസ ശിലകളും തെളിഞ്ഞുയർന്ന കർമ്മസ്തംഭങ്ങളും

●

ദൈവം ഏകനാണ്
ദൈവം ജഗന്നിയന്താവാണ്, സകലാരാദ്ധ്യനാണ്
പരമകാരുണികനും സർവജ്ഞനുമാണ്.
സർവശക്തനും അസദൃശനും
അപ്രതിരോദ്ധ്യനുമാണ്.

മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ്
മുഹമ്മദ് പ്രവാചകരിൽ പ്രകാണ്ഡമാണ്
വേദഗ്രന്ഥം നൽകപ്പെട്ടവനാണ്
മനുഷ്യരാശിയുടെ മുഴുവൻ വഴികാട്ടിയും
സന്ദേശവാഹകനുമാണ്.

ജിബ്രീൽ എന്ന മലക്കുവഴി
സത്യവേദവചസ്സുകൾ
മുഹമ്മദിന് ലഭിച്ചു
ഖുർആൻ ദൈവ വചസ്സുകളുടെ സമുച്ചയമാണ്.
അത് നേർവഴി കാട്ടുന്നു.
അത് ധർമ്മം പ്രബോധിപ്പിക്കുന്നു.
ഇഹ – പരങ്ങളെക്കുറിച്ചുള്ള
അവബോധം വളർത്തുന്നു
വിശുദ്ധമായ വേദഗ്രന്ഥമാണ് ഖുർആൻ.

മലക്കുകൾ ദൈവത്തിന്റെ
സന്ദേശവാഹകരാണ്.
മലക്കുകൾക്ക് നിർദ്ദിഷ്ട ദൗത്യങ്ങളുണ്ട്.
മലക്കുകൾ അല്ലാഹുവിന്റെ സിംഹാസനം വഹിക്കുന്നു.
മലക്കുകൾ പ്രകാശംകൊണ്ട് സൃഷ്ടിക്കപ്പെട്ടു.
അവരാണ് വിധി–നിഷേധ റജിസ്റ്ററിൽ
മനുഷ്യകർമ്മങ്ങൾ രേഖപ്പെടുത്തുന്നത്.
മനുഷ്യന് ആത്മീയ ജീവിതമുണ്ടെന്നനുസ്മരിപ്പിക്കാൻ

മലക്കുകളിലുള്ള വിശ്വാസം അനിവാര്യം.

അന്ത്യദിനം ഒരു മഹായാഥാർത്ഥ്യം
അന്ത്യദിനത്തിലുള്ള വിശ്വാസം
ജീവിതത്തെ ക്രമപൂർവകം ചിട്ടപ്പെടുത്തുന്നു.
ദൈവത്തിന്റെയും ദൈവഹിതത്തിന്റെയും
അമോഘമായ അനുസ്മരണത്തിന്
അന്ത്യദിനത്തിലുള്ള വിശ്വാസം
മറ്റൊരനിവാര്യതയാണ്.

ദൈവത്തിന്റെ വിധി – നിഷേധങ്ങളാണ്
അന്തിമം എന്നതിൽ പക്ഷാന്തരമില്ല.
നൻമയും തിൻമയും നിശ്ചയിക്കുന്നത് ദൈവം.

വിശ്വാസംകൊണ്ട് മാത്രം ഒരാൾ മുസൽമാനാകുന്നില്ല. വിശ്വാസത്തിനൊത്ത കർമ്മാനുഷ്ഠാനം അനുപേക്ഷണീയം. അതിനാൽ വിശുദ്ധ വിശ്വാസ ശിലകളിൽ കർമ്മസ്തംഭങ്ങളുയർത്തി.

അല്ലാഹു ഏകനാണെന്നും
മുഹമ്മദ് അവന്റെ ദൂതനാണന്നും
ഉറച്ച സ്വരത്തിൽ ഉദ്ഘോഷിക്കുക

അല്ലാഹുവിന്റെ തിരുസ്മരണയിൽ
ദിനംതോറും പഞ്ചനമസ്കാരങ്ങൾ നിർവഹിക്കുക

അല്ലാഹുവിന്റെ അനുജ്ഞയ്ക്കൊത്ത്
സക്കാത്തനുഷ്ഠിക്കുക.

സ്വധർമ്മനിർവഹണത്തിനുള്ള കരുത്താർജ്ജിക്കാൻ
വ്രതാനുഷ്ഠാനങ്ങൾ മുടങ്ങാതെ നടത്തുക.

കർമ്മസിദ്ധാന്തങ്ങളുടെ പരിസ്ഫൂർത്തിക്ക്
ഹജ്ജ് കർമ്മമാചരിക്കുക
അല്ലാഹുവിന്റെ തിരുമുമ്പിൽ,
അഖണ്ഡമായ ലോകസാഹോദര്യത്തിന്റെ
ശുഭ്രസുന്ദരശില്പം വികസ്വരമാവുന്നു.
ഇസ്‌ലാം എന്ന സമർപ്പണം.
അവിടെ സാക്ഷാൽക്കരിക്കപ്പെടുന്നു.

"അല്ലാഹുവിനോടുള്ള സ്നേഹത്തെ മുൻനിർത്തി അവൻ ദരിദ്രനെയും അനാഥക്കുട്ടിയെയും തടവുകാരനെയും ഊട്ടുന്നു. അവൻ പറയും : നിശ്ചയമായും അല്ലാഹുവിൽ നിന്നുള്ള തൃപ്തിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങളെ ഊട്ടുന്നത്. പ്രതിഫലമോ, കൃതജ്ഞതയോ നിങ്ങളിൽനിന്ന് ഞങ്ങളാഗ്രഹിക്കുന്നില്ല." 76:9–10

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുന്നതല്ല സൽകൃത്യം. എന്നാൽ നിശ്ചയമായും അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും വിശ്വസിക്കുകയും

അല്ലാഹുവിന്റെ സ്നേഹത്തിനു വേണ്ടി ബന്ധുക്കൾക്കും അനാഥർക്കും പാവങ്ങൾക്കും പാന്ഥർക്കും ദാനം ചോദിക്കുന്നവർക്കും തടവുകാരുടെ മോചനത്തിനും വേണ്ടി ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവരത്രെ സുകൃതികൾ. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരും സക്കാത്ത് നൽകുന്നവരും വാഗ്ദത്തം പാലിക്കുന്നവരും ഇല്ലായ്മയിലും വിഷമങ്ങളിലും സഹനം കൈക്കൊള്ളുന്നവരും സമരകാലത്ത് അടിയുറച്ചുനില്ക്കുന്നവരും–ആണ് സത്യസന്ധൻമാർ. ഇവർതന്നെയാണ് ഭയഭക്തിയുള്ളവരും.'' 2:178 ''നിന്റെ നാഥൻ കല്പിച്ചിരിക്കുന്നു – അവനെയല്ലാതെ മറ്റാരെയും ആരാധിക്കരുത്. മാതാപിതാക്കളോട് ഭയാദരങ്ങളോടെ പെരുമാറുക. അവരിലാരെങ്കിലും അഥവാ അവരിരുവരും വാർദ്ധക്യം പ്രാപിച്ചനിലയിൽ നിന്നോടൊപ്പമുണ്ടായാൽ, അവജ്ഞാപൂർവമായ ഒരു വാക്കുപോലും അവരുടെ മുമ്പാകെ ഉച്ചരിക്കരുത്; അവരെ ശകാരിക്കുകയുമരുത്. ഏറ്റവും ബഹുമാനപൂർവമായ നിലയിൽ അവരോട് സംസാരിക്കുക. ആർദ്രതയോടുകൂടി അവർക്ക് വിനയത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക. എന്റെ രക്ഷിതാവേ, എന്റെ ശൈശവത്തിൽ എന്നെ തീറ്റിപ്പോറ്റിയതുപോലെ അവരുടെ മേലും നീ കാരുണ്യം ചൊരിയേണമേ' എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.'' 17:24–25.

# 11. വിശുദ്ധ ഖുർആൻ പ്രതിപാദ്യത്തിന്റെ പ്രകൃതം

●

ദർശനങ്ങളും വിചാരവിശ്വാസങ്ങളും വിശകലനം ചെയ്യുന്ന വിശ്വോത്തരങ്ങളായ നിരവധി ഗ്രന്ഥങ്ങളുണ്ട്. ചരിത്രഗതിയിൽ കാലത്തിന്റെ സ്വാധീനം അവയിൽ നിറവ്യത്യാസങ്ങളുണ്ടാക്കിയതായിക്കാണാം. അവയുടെ ഭാഷ്യങ്ങളിലും വ്യാഖ്യാനങ്ങളിലും വിവിധങ്ങളായ പാഠാന്തരങ്ങൾ സംക്രമിച്ചെത്തിയിട്ടുമുണ്ട്. അടിസ്ഥാനധാരകളിൽ പോലും വ്യതിയാനങ്ങൾ സംഭവിച്ചതായിക്കാണാം. എന്നാൽ ജനപദങ്ങളുടെ രുചിഭേദങ്ങളെയും കാലക്കാറ്റിന്റെ സ്വര വ്യത്യാസങ്ങളെയും അതിജീവിച്ചുകൊണ്ട്, സാർവജനീനവും സാർവകാലികവുമായ ശാശ്വതമൂല്യങ്ങളണിഞ്ഞ് പ്രഭാസിക്കുന്ന അപൂർവം ഗ്രന്ഥങ്ങളുണ്ട്. അവയിലൊന്നാണ് വിശുദ്ധ ഖുർആൻ.

അനുവാചക മനസ്സുകളിൽ വിഷമം സൃഷ്ടിക്കാനും അവരുടെ സംസ്കാരത്തിൽ വിഷം പ്രസരിപ്പിക്കാനും പ്രേരകമായ പുസ്തകങ്ങൾ ഇന്ന് വിരളമല്ല. ഇവിടെയാണ് ഖുർആൻ എന്ന മഹദ്ഗ്രന്ഥത്തിന്റെ ഔന്നത്യവും ഔൽകൃഷ്ട്യവും നമ്മെ ഹഠാദാകർഷിക്കുന്നത്. ജ്ഞാനവിജ്ഞാനങ്ങളുടെ സമാഹാരമെന്ന നിലയിൽ ഭൗതികവും ആത്മീയവുമായ പ്രപഞ്ചത്തെ അത് സൂക്ഷ്മമായും സമഗ്രമായും വിശകലനം ചെയ്യുന്നുണ്ട്. സുനിശ്ചിതമായ പ്രകൃതിനിയമങ്ങളുടെ അടിസ്ഥാനത്തിലാണ് എല്ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന മൗലിക വിശ്വാസത്തിലൂന്നിക്കൊണ്ടുള്ളതാണ് ഖുർആനിലെ പ്രകൃതിപരങ്ങളായ പരാമർശങ്ങളെല്ലാം. എല്ലാ അറിവുകളും സൂക്ഷ്മവിശകലനത്തിൽ പരസ്പരബന്ധിതങ്ങളാണ്. അവയെല്ലാം വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയ ശാസ്ത്രമാണെന്നും ശാസ്ത്രത്തെ വേർതിരിച്ചുകാണാൻ തുടങ്ങിയാൽ അതിന് ജീവിതവുമായുള്ള അഭിന്ന ഭാവം ബോദ്ധ്യപ്പെടാൻ അസൗകര്യമായിത്തീരുമെന്നും അതിനാൽ എല്ലാ അറിവുകളെയും അവ ജീവിതബന്ധികളാണെന്ന നിലയിൽ ശാസ്ത്രം (ഇൽമ്) എന്നപദം കൊണ്ടാണ് ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളതെന്നും മനസ്സിലാക്കാം.

പ്രപഞ്ചവും അതിലുള്ള സകലതും അവയുടെ പ്രകൃതവും ധർമ്മവും അവ ഏതേത് പ്രകൃതിനിയമങ്ങളുടെ അടിസ്ഥാനത്തിലാണോ നടക്കുന്നത് ആ നിയമങ്ങളുമെല്ലാം ശാസ്ത്രം ഉൾക്കൊള്ളുന്നു. മനുഷ്യന്റെ ധർമ്മവും ദൗത്യവും സാമൂഹികമായ ബന്ധങ്ങളും ബാദ്ധ്യതകളും മനുഷ്യന്റെ മാനസിക – ആദ്ധ്യാത്മിക സവിശേഷതകളുമെല്ലാം വിശകലനം ചെയ്യുന്ന ഒരു

സമഗ്രവേദഗ്രന്ഥമാണ് ഖുർആൻ. എന്നാൽ ജ്ഞാനിയെയും ശാസ്ത്രജ്ഞനെയും സൃഷ്ടിക്കുകയല്ല ഖുർആന്റെ ലക്ഷ്യം. പ്രത്യുത ജ്ഞാനവിജ്ഞാനങ്ങൾ സമാഹരിച്ച് അവ നൽകുന്ന വെളിച്ചത്തിലൂടെ മനുഷ്യജീവിതത്തെ പടിപടിയായുയർത്തി ഈശ്വരസന്നിധി പ്രാപിക്കുവാൻ സഹായിക്കുകയാണ് ആ വേദഗ്രന്ഥത്തിന്റെ വിഭാവിതലക്ഷ്യം. മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങൾക്കും പ്രഹേളികകൾക്കും ഖുർആൻ പരിഹാരം നിർദ്ദേശിക്കുന്നു. മനസ്സിന്റെയും ആത്മാവിന്റെയും നോവുകളെ പരിശമിപ്പിക്കാൻ പോരുന്ന ദിവ്യൗഷധം ഖുർആൻ സമ്മാനിക്കുന്നു. രാഗദ്വേഷാദിമനോമാലിന്യങ്ങളെ വിശുദ്ധീകരിച്ച് സാത്വികമായ ദിവ്യഭാവങ്ങളാക്കിവിളയിച്ചെടുക്കാൻ പോന്നതാണ് ഖുർആൻ എന്ന് ബോധ്യപ്പെടുത്തുന്ന നിരവധി സന്ദർഭങ്ങളതിലുണ്ട്. പ്രതികാരദാഹം കൊണ്ട് കലിയുറഞ്ഞ ഉമറിന്റെ മാനസാന്തരം ഖുർആനിക സൂക്തങ്ങളുടെ ഔഷധപരമായ ഗുണപുഷ്കലതയാണ് വിളിച്ചറിയിക്കുന്നത്. ഖുർആനിക വചസ്സുകളാവാഹിച്ചു നില്ക്കുന്ന ആത്മീയ സംസ്കൃതിയുടെ വന്യമായ ശക്തിസിദ്ധികൾക്ക് മുന്നിൽ ഹൃദയദാനം നിർവഹിച്ച അബ്സീനിയൻ ചക്രവർത്തിയുടെ കഥാതലം തെളിച്ചുകാട്ടുന്നതും അതുതന്നെയാണ്. പ്രവാചകനെ വകവരുത്താൻ കുടിലതന്ത്രം മെനഞ്ഞെടുക്കുകയായിരുന്ന പ്രതിയോഗികൾപോലും ദുരഭിമാനം ഒതുക്കി മടക്കിവെച്ച് ഖുർആനിക സൂക്തങ്ങളുടെ അമൃതകണം നുണയാൻ ഇരുളിന്റെ മറപറ്റി ഒളിഞ്ഞിരുന്ന് കാതോർത്ത സംഭവങ്ങൾ വ്യക്തമാക്കുന്നതും മറ്റൊന്നല്ല.

ലോകോൽപത്തിമുതൽ ലോകാന്ത്യം വരെ പ്രപഞ്ചത്തെ ആസകലം ആവരണം ചെയ്യാൻ പോരുമാറ് അനന്തവിശാലമാണ് ഖുർആനിലെ പ്രതിപാദ്യം. പ്രപഞ്ചത്തിന്റെ ഉല്പത്തി, പരിണാമം, ഘടന, വ്യവസ്ത തുടങ്ങിയ എല്ലാറ്റിനെയും ഖുർആൻ വിശകലനം ചെയ്യുന്നു. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവും ആരെന്നും അവന്റെ പ്രകൃതവും അധികാരങ്ങളും എന്തെന്നും ഏത് ബലിഷ്ഠമായ അടിത്തറയിലാണ് അവൻ ഈ പ്രപഞ്ചവ്യവസ്ത കെട്ടിപ്പടുത്തതെന്നും ഈ ലോകത്ത് മനുഷ്യന്റെ ധർമ്മവും പദവിയുമെന്തെന്നും ഖുർആൻ വിശദമാക്കുന്നു. ഒരു വരട്ടുതത്വശാസ്ത്രമായല്ല ഖുർആൻ അവതീർണ്ണമായത്. ഒരു തത്വശാസ്ത്രത്തിന്റെ ചട്ടക്കൂടും അതിനില്ല. ഉപയോഗിതയോ പ്രായോഗികതയോ ഉന്നംവെക്കാതുള്ള 'നിരപേക്ഷമായ അറിവ്' പ്രദാനം ചെയ്യുന്ന ഒരു ദർശന ശില്പവുമല്ല ഖുർആൻ. ജീവിതത്തിന്റെ കർമ്മമണ്ഡലത്തെ ചൂഴ്ന്നുനില്ക്കുന്ന ഒരു വിജ്ഞാന സ്രോതസ്സാണത്. ദൈവം, പ്രപഞ്ചം, മനുഷ്യൻ - ഇവ തമ്മിലുള്ള അവിച്ഛിന്നമായ ബന്ധത്തെ വിശദീകരിച്ചുകൊണ്ട് ബോധപ്രപഞ്ചത്തെ ഉജ്ജീവിപ്പിക്കുകയാണ് ഖുർആന്റെ ഉദ്ദേശ്യം. ഇതുവഴി ആത്മീയമായ ഒരു ചൈതന്യ പ്രഹർഷം മനുഷ്യജീവിതത്തിലുദയം ചെയ്യുന്നു. ചലനാത്മകമായ ഊർജ്ജസ്വലമായ - ഒരാദർശസമൂഹത്തിന്റെ സംസ്ഥാപനമാണ് ഖുർആന്റെ വിഭാവിതലക്ഷ്യം.

> "ജനങ്ങൾക്കിത് വഴികാട്ടിയാണ്. എല്ലാ മാർഗ്ഗങ്ങളും ഇത് വിശദമായി നിർദ്ദേശിക്കുന്നു."
>
> "അവികലമായ യുക്തിവിചാരംകൊണ്ട് സത്യാസത്യങ്ങൾ വിവേചിക്കുന്ന ഈ ഗ്രന്ഥം സംശയലേശമന്യേ വിശ്വസ്തനായ ഒരു ന്യായാധിപനത്രെ."

"ഇതിനെപ്പറ്റി എതിരഭിപ്രായമുള്ളവർക്ക് കാര്യങ്ങൾ വ്യക്തമാക്കുന്ന

തിന്നല്ലാതെ നാം ഈ ഗ്രന്ഥം നിനക്ക് വെളിവാക്കിത്തന്നിട്ടില്ല. വിശ്വസിക്കുന്നവർക്ക് ഇതിൽ മാർഗ്ഗനിർദ്ദേശവും കാരുണ്യവുമുണ്ട്.''

''കഴിഞ്ഞ കാലങ്ങളിൽ ഇറക്കിട്ടുള്ളതും ചിന്നിച്ചിതറിക്കിടക്കുന്നതുമായ സകല അനുശാസനങ്ങളും അദ്ധ്യാപനങ്ങളും ഇതിലടങ്ങിയിരിക്കുന്നു.''

''ഇതിൽ അസത്യത്തിന്റെ കണിക പോലുമില്ല.'' ഇതാണ് ഖുർആന്റെ പ്രതിപാദ്യത്തിന്റെ പ്രകൃതം. ജീവിത പൂർണ്ണതയെ സമാലോകനം ചെയ്തുകൊണ്ടുള്ള വരിഷ്ടമായ ഒരാഖ്യാനമാണിത്.

സാമാന്യ മനുഷ്യ ബുദ്ധിയെ എന്നും വിസ്മയ വിവശമാക്കാറുള്ള മൂന്ന് ചോദ്യങ്ങളുണ്ട്.

ആരാണ് മനുഷ്യൻ?

എന്താണ് പ്രപഞ്ചം?

എന്തിനാണ് ജീവിതം?

ഉത്തരം കണ്ടെത്താൻ മനുഷ്യൻ പിന്നിട്ട രാപ്പകലുകൾ – കാലദൈർഘ്യം – അളവറ്റതാണ്. അവൻ നടത്തിയ സാഹസിക ശ്രമങ്ങൾ അവ്യാഖ്യേയങ്ങളാണ്. പ്രവാചകൻമാരും വേദഗ്രന്ഥങ്ങളുമാണ് അവയ്ക്ക് മറുപടി നൽകിയത്. ഋജുവും ലളിതവും അവക്രവും പൂർണ്ണവുമായ രീതിയിൽ ഖുർആൻ നൽകിയ മറുപടി ഏറെ ശ്രദ്ധേയമായിതോന്നി. ഖുർആൻ അനുഗാനം ചെയ്യുന്ന സനാതനാശയങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം:

ഏകനും സർവശക്തനുമായ അല്ലാഹുവാണ്
പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവ്.
ആരാധനയ്ക്കും അനുസരണത്തിനും സമർഹനായി
അവൻ മാത്രം.
ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയും
സൃഷ്ടികളിൽ ശ്രേഷ്ഠനുമാണ് മനുഷ്യൻ.
പ്രപഞ്ചം മനുഷ്യന്റെ നൻമക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടു.
ഇഹ–പരങ്ങളിൽ നീണ്ടുനിൽക്കുന്നതാണ് ജീവിതം.
അതിനാൽ മനുഷ്യജീവിതം അനന്തവും ശാശ്വതവുമാണ്.
അതിലെ നശ്വരവും ക്ഷണികവുമായ
ഒരു കണ്ണി മാത്രമാണ് ഐഹിക ജീവിതം.
ഈ ജീവിതവും അതിലെ സ്വാതന്ത്ര്യവും
പരീക്ഷണാർത്ഥം നൽകപ്പെട്ട അനുഭവങ്ങളാണ്.
ദൈവം തിരഞ്ഞെടുത്ത അനുഗൃഹീതരാണ് പ്രവാചകൻമാർ.
ജീവിത വിമോചനത്തിന്റെ മഹാമന്ത്രങ്ങളാണ്
വേദസാരങ്ങൾ.
വേദഗ്രന്ഥങ്ങളും പ്രവാചക ചര്യകളും
മനുഷ്യവംശത്തിന്റെ വഴികാട്ടികളാണ്.
ആ മാർഗ്ഗത്തിലൂടെ ഏകദൈവത്തെ മാത്രം
ആരാധിച്ചുകൊണ്ട്
പരലോക മോക്ഷത്തിന്നായി
യത്നിക്കുവാൻ മനുഷ്യൻ കല്പിക്കപ്പെട്ടിരിക്കുന്നു.
മനുഷ്യനാണ് ഖുർആന്റെ കേന്ദ്രാശയം.

അവന്റെ പുനഃസൃഷ്ടിയാണ്
അതിന്റെ വിഭാവിത ലക്ഷ്യം.
സാമ്യ ഭാവ സുന്ദരമായ സമൂഹസൃഷ്ടിക്കുവേണ്ടി
ഖുർആൻ നിലകൊള്ളുന്നു.
അതുകൊണ്ട് ഇസ്‌ലാം മനുഷ്യസമത്വവും
സ്വാതന്ത്ര്യവുമുദ്ഘോഷിച്ചു.
സാമ്പത്തിക നീതിയും സാമൂഹിക സമത്വവും
വിളംബരം ചെയ്തു.
എല്ലാ വിധേയത്വങ്ങളും അടിമത്തങ്ങളും
അത് അറുത്തെറിഞ്ഞു.
കുടുംബവ്യവസ്ഥകൾ പുനരാവിഷ്കരിച്ചു.
നവ നാഗരികതയുടെ പെരുമ്പറ മുഴക്കി.
ധീര നൂതന മാനവചരിതത്തിന്
പശ്ചാത്തലമൊരുക്കി.
ചിന്തയുടെയും ചര്യകളുടെയും മേഖലകൾ
സമഗ്രവും പൂർണ്ണവുമാക്കാൻ
പൂർവഗാമികളുടെ വിചാരവൃത്തികളെ വിനിയോഗിച്ചു.
ഖുർആൻ പ്രവാചക പരമ്പരയുടെ
ദർശന സാരം സമാവഹിക്കുന്നു.
അത്, ജനനമരണങ്ങൾക്കിടയിലുള്ള
സകലാനുഭവങ്ങളും വിശകലനം ചെയ്യുന്നു.
അത്, സസ്യലതാദികൾ, പക്ഷിമൃഗാദികൾ
നിശ്ചേതനശിലാതലങ്ങൾ –അങ്ങനെ
അതിസാധാരണങ്ങളായ പ്രകൃതി പ്രതിഭാസങ്ങൾ–
അവയിലേക്ക് നമ്മെയാകർഷിക്കുന്നു;
നമ്മുടെ ചിന്താശക്തിയെ തട്ടിയുണർത്തുന്നു.
അത്, സൗരമണ്ഡലമടക്കം എല്ലാറ്റിനെയും
പ്രപഞ്ച ചലനങ്ങളെയും വിചാരവിധേയമാക്കുന്നു.
അവയ്ക്ക് പിറകിലെ സൃഷ്ടിവൈഭവത്തെ
ബോദ്ധ്യപ്പെടുത്തുന്നു.
അത് സകലാധിനാഥനായ സ്രഷ്ടാവിന്റെ
തിരുസന്നിധിയിലേക്ക് നമ്മെ നയിക്കുന്നു.

ആ മധുരവീണ നമ്മുടെ ഹൃദയത്തിനടുത്തുവെച്ച് മീട്ടുമ്പോൾ നമ്മുടെ ഹൃദയവീണയിലെ തന്ത്രികളാകെ അനുസ്പന്ദഭരിതമാകുന്നു. മനസ്സിലെ മാലിന്യങ്ങളും മ്ലാനതകളും അത് കഴുകിക്കളയുന്നു. അത് മനസ്സിൽ ദേവ ഭാവനകൾ വിളയിക്കുന്നു. പ്രപഞ്ചപരാഭവങ്ങളിൽനിന്നുള്ള വിനിർമുക്തി അവിടെ സാക്ഷാൽക്കരിക്കപ്പെടുന്നു! ഖുർആനിലെ കണ്ടെത്തലുകൾ ഖണ്ഡിതമാണ്; നിരപേക്ഷമാണ്; ആത്യന്തികമാണ്. കാരണം അത് മനുഷ്യാതീതമായ ഒന്നിന്റെ പ്രകാശനമാണ്. മനുഷ്യ ഗവേഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും പരിമിതികളുണ്ട്. സന്ദർഭങ്ങൾ, ഉപാധികൾ എന്നിവയാൽ പരിസീമിതവുമാണവ. ഖുർആനിക യാഥാർത്ഥ്യങ്ങൾ, മനുഷ്യവിജ്ഞാനം എത്തിച്ചേരുന്നതിന്റെ സമസ്തവും ഉൾക്കൊള്ളുന്നുണ്ടെങ്കിലും ഖുർആനെ മനു

ഷ്യന്റെ ആത്യന്തികയാഥാർത്ഥ്യങ്ങളുമായി ബന്ധിപ്പിക്കാനും തുലനം ചെയ്യാനും ശ്രമിക്കുന്നത് ശരിയല്ല. സത്യത്തിന്റെ വെളിപാടുകളാണ് ഖുർആനിൽ. 'നേതിനേതി'യാമന്ത്രിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന മനുഷ്യൻ സത്യദർശനത്തിനുള്ള ശ്രമത്തിലാണ്. ആ ശ്രമവേളയിലെ അനുഭവങ്ങളും അനുഭൂതികളും കേവല സത്യവുമായി താരതമ്യം ചെയ്തുകൂടാ.

ഖുർആൻ ഇന്നോളമുണ്ടായിട്ടുള്ള വേദങ്ങളെയെല്ലാം അംഗീകരിക്കുന്നു. പരിമിതികൾ പരിഹരിച്ച് പൂർണ്ണവൽക്കരിക്കപ്പെട്ട ഒന്നാണ് ഖുർആൻ. അതിനാൽ ഖുർആന്റെ ആവിർഭാവത്തോടെ മറ്റു വേദഗ്രന്ഥങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. പ്രവാചക ശ്രേഷ്ഠനായി ഖുർആൻ മുഹമ്മദിനെ വിലയിരുത്തുന്നു. പ്രവാചകർ മനുഷ്യരാണെന്നും അവരിൽ ദിവ്യത്വം ആരോപിക്കരുതെന്നും ഖുർആൻ ഖണ്ഡിതമായി വിലക്കുന്നു. എല്ലാ ജനവിഭാഗങ്ങളിലും പ്രവാചകൻമാരുണ്ടായിരുന്നുവെന്നും ഒരു പ്രവാചകനും മനുഷ്യസാമാന്യത്തിനായല്ലാതെ ഒരു വിഭാഗീയ വേദിക്കുവേണ്ടിമാത്രം പിറന്നവരല്ലെന്നും ഖുർആൻ പ്രബോധിച്ചിരിക്കുന്നു.

സൃഷ്ടികളിൽ തിരഞ്ഞെടുക്കപ്പെട്ട വരിഷ്ടസൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യരിൽനിന്ന് സാത്വിക വിശുദ്ധികൊണ്ട് തിരഞ്ഞെടുക്കപ്പെട്ടവനാണ് മുഹമ്മദ്. അതിനാൽ മുഹമ്മദ് തിരഞ്ഞെടുക്കപ്പെട്ടവരിൽ തെരഞ്ഞെടുക്കപ്പെട്ടവനായി.

സകലസ്പർശിയാംവിധം സമ്പൂർണ്ണവും സനാതനത്വം കൊണ്ട് നിത്യഭാസുരവുമായ ദൈവ വചസ്സുകളുടെ സമുച്ചയമാണ് വിശുദ്ധഖുർആൻ.

# 12. സത്യവേദത്തിന്റെ സവിശേഷ സമീപനം

ദൈവത്തെ ആരാധിക്കുവാനും അതുവഴി കൈവരുന്ന ജ്വലിക്കുന്ന ആത്മഭാവത്തെ പ്രയോജനപ്പെടുത്തി സമഷ്ടിയെ സേവിക്കുവാനും സത്യവിശ്വാസിക്ക് കഴിയുന്നു. നിരന്തരം ക്രമപൂർവകം ആവർത്തിക്കപ്പെടുന്ന നമസ്കാരക്രിയയുടെ നിർവഹണത്തിൽ നിമഗ്നനായി നില്ക്കുന്ന സത്യവിശ്വാസിക്ക് തന്റെ പിന്നിൽ ശക്തി ശ്രോതസ്സായി ദൈവം അവസ്ഥാനം ചെയ്യുന്നുണ്ട് എന്ന ബോധം അപാരമായ ആത്മവിശ്വാസം .സമ്മാനിക്കുന്നു.

മറ്റൊരു മത തലത്തിലുമില്ലാത്ത സവിശേഷത പഞ്ച നമസ്കാരക്രിയയിലൂടെ ഇസ്ലാം സ്വായത്തമാക്കിയിരിക്കുന്നു. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം ദൈവം അവന്റെ മനസ്സിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്ന നേരമില്ല. ഉണർന്നിരിക്കുന്ന കാലയളവിനെ അഞ്ചായി പകുത്ത് അടിക്കടി ദൈവത്തെയോർക്കാൻ പ്രേരിപ്പിക്കുമാറ് പ്രാർഥനാ ക്രമം സംവിധാനം ചെയ്ത ഇസ്ലാം സംസ്കൃതിയോളം ദൈവത്തിന്റെ സമാരാദ്ധ്യതയംഗീകരിക്കുകയും അതിന്റെ ശക്തിസിദ്ധികളെ ജീവിതത്തിലാവാഹിക്കാൻ ആത്മാർഥമായി ശ്രമിക്കുകയും ചെയ്യുന്ന മറ്റൊരു മതമില്ല. പരകാര്യ വ്യഗ്രതകൊണ്ട് മറക്കാൻ തുടങ്ങുമ്പോഴേക്കും ഓർക്കാൻ പ്രേരിപ്പിക്കുമാറ് പ്രാർഥനാ നേരങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു. പ്രാണശ്വാസത്തേക്കാൾ പ്രാമുഖ്യവും പരിഗണനയും നൽകി ഇടവിട്ടിടവിട്ട് നമസ്കാര ക്രിയയനുവർത്തിച്ച് അത് ശരീരത്തിന്റെ പോലും സ്വഭാവമാക്കിമാറ്റിയ സത്യവിശ്വാസിക്ക് ദൈവവിസ്മൃതി ഒരസാദ്ധ്യതയാണ്. ദൈവത്തെ എല്ലാ നിമിഷങ്ങളിലും ഓർക്കാൻ കഴിയുമ്പോൾ വിശ്വാസിക്ക് മാർഗ്ഗഭ്രംശം വരുന്നില്ല. ഭൗതിക ജീവിതത്തിന്റെ പരാഭവങ്ങളിലും പ്രവൃത്തികളിലും ആത്മീയമായ പ്രകാശകിരണങ്ങൾ വർഷിച്ച് കർമതലത്തെ വിശുദ്ധമാക്കാൻ സത്യവിശ്വാസിക്ക് സാധിക്കുന്നു.

ദൈവം തന്നെ കൈവെടിയാത്തേടത്തോളം തന്റെ മാർഗ്ഗം പിഴയ്ക്കില്ലെന്നും, ആത്മസ്ഥൈര്യം അചഞ്ചലമായി വർത്തിക്കുമെന്നും വിശ്വാസിക്ക് ബോദ്ധ്യമുണ്ട്. അദ്ദേഹം പ്രാർഥനയിലൂടെ നമസ്കാര കർമങ്ങളിലൂടെ ആത്മശക്തി വർദ്ധിപ്പിക്കുകയും അത്രയും സമഷ്ടിയുടെ മോചനത്തിന്നായി വിനിയോഗിക്കുകയും ചെയ്യുന്നു. സത്യവിശ്വാസി ദൈവത്തെയും ലോകത്തെയും തന്റെ ചിന്തയുടെ വേദിയിൽ അന്യോന്യബന്ധിതങ്ങളല്ലാത്ത വെള്ളം കേറാത്ത അറകളിലായി ഉറപ്പിച്ചുനിർത്തുകയല്ല ചെയ്യുന്നത്. രണ്ടും പരസ്പര ഭിന്നങ്ങളോ വിരുദ്ധങ്ങളോ അല്ല. ദൈവത്തിന്റെ കളിവിളയാട്ടമാണ് പ്രപഞ്ചവേദിയിൽ അഭിദർശിക്കപ്പെടുന്നത്. ഒരു ദിവ്യയാഥാർഥ്യത്തിന്റെ ഇരു

പുറങ്ങളായി ഇഹപരങ്ങളെ കാണുവാനുള്ള മതബോധമാണ് സത്യവിശ്വാസം വളർത്തിക്കൊണ്ടുവന്നിട്ടുള്ളത്. ലൗകിക ജീവിതത്തെ ത്യാജ്യഗ്രാഹ്യ വിവേചനപടുതയോടെ അല്ലശുദ്ധിക്ക് വിധേയമാക്കിയാണ് പരലോക ജീവിതത്തിലേക്കുള്ള പരിക്രമണം നിർവഹിക്കുന്നത്. ലോകജീവിതം ദൈവമാർഗ്ഗത്തിൽ രൂപപ്പെടുത്തി പരലോകപഥത്തിലേക്ക് നീളുമ്പോൾ മാത്രമേ ജീവിതത്തിന്റെ ജയപരാജയങ്ങളെക്കുറിച്ച് വിധിപറയാൻ സാധിക്കുകയുള്ളൂ. തിരുസന്നിധിയിലെ ഈ അഗ്നിപരീക്ഷയിൽനിന്ന് ആർക്കും മാറിനില്ക്കുക സാദ്ധ്യമല്ല. തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനായി, വേദഗ്രന്ഥം നൽകപ്പെട്ടവനായി, മഹാമതിയായി ശ്ലാഘിക്കപ്പെട്ട പ്രവാചകനെപോലും അവസാനനാളിലെ പരീക്ഷകളിൽനിന്ന് ഒഴിവാക്കിയിരുന്നില്ല! അതറിയാവുന്നതുകൊണ്ടാണ് തന്റെ വിടവാങ്ങൽ പ്രസംഗവേളയിൽ അദ്ദേഹം തന്റെ മുന്നിൽ തടിച്ചുകൂടിയ ജനസഹസ്രങ്ങളോട് തന്റെ ജീവിത ദൗത്യത്തിന്റെ നിർവഹണ കാര്യത്തെക്കുറിച്ച് അഭിപ്രായമാരാഞ്ഞത്. ''അങ്ങ് ദൗത്യം യഥാവിധി പൂർത്തീകരിച്ചിരിക്കുന്നു'' എന്ന് അവരറിയിച്ചപ്പോൾ പ്രവാചകൻ തന്റെ ഭാഗ്യാതിരേകത്തിൽ ദൈവത്തിന് സ്തുതി പറഞ്ഞു.

പരലോക ജീവിതവും ഇഹലോക ജീവിതവും സമന്വയിച്ചാലേ ജീവിതപൂർണ്ണത കൈവരികയുള്ളൂവെന്നും ജീവിതത്തിലെ സമസ്ത ചലനങ്ങലും വിലയിരുത്തപ്പെടുന്നുണ്ടെന്നും സത്യവിശ്വാസി ഉറച്ചു കരുതുന്നു. ഒരേ നേരത്ത് ദൈവത്തെയും സമഷ്ടിയേയും സ്നേഹിക്കാൻ കഴിയുക എന്നതാണ് ഇസ്ലാമിക സംസ്കൃതിയെന്ന് ഖുർആൻ നമ്മെ ധരിപ്പിക്കുന്നു. മതത്തേയും രാഷ്ട്രത്തേയും അഭിന്നമായിക്കാണുന്ന സംസ്കാരം അങ്ങനെയാണ് പ്രാദുർഭവിക്കുന്നത്.

ലൗകികജീവിതത്തെ നിസ്സാരമായിക്കാണുകയും അതിൽനിന്ന് വെളിക്കുചാടി ബ്രഹ്മപദം തേടുകയും ചെയ്യുന്ന ലോക നിഷേധികൾക്ക് ഒരിക്കലും മോക്ഷം കൈവരികയില്ല. കാരണം, അവർക്ക് തങ്ങൾ തേടുന്ന ഈശ്വരത്വത്തെക്കുറിച്ച് അറിയാൻ കഴിയുന്നില്ല.

ഉരുളച്ചോറു കൈവിട്ടി–
ട്ടുള്ളം കൈനക്കുവോ നിവൻ

എന്ന് പഞ്ചദശീകാരൻ (ഭാഷാപഞ്ചദശി) പറഞ്ഞതുപോലെ എവിടെയോ ചെന്ന് ഇരുളിൽ തപ്പുകയാണവൻ. മതത്തെയും രാഷ്ട്രീയത്തെയും സമന്വയിപ്പിക്കുമ്പോൾ മാത്രമെ പൂർണ്ണ സത്യത്തെ സാക്ഷാൽക്കരിക്കാനും അതിന്റെ അനുഗാതാക്കളായി മാറാനും നമുക്ക് സാധിക്കുകയുള്ളൂ.

രാഷ്ട്രീയത്തിൽനിന്ന് മതത്തെ മാറ്റിനിർത്തുമ്പോൾ രാഷ്ട്രീയം അധർമികളുടെയും അവിവേകികളുടെയും അവസ്ഥാനമായി പരിണമിക്കും. രാഷ്ട്രീയത്തെ മതത്തിൽനിന്ന് തട്ടിയകറ്റുമ്പോൾ മതം ജീവിത ഗന്ധിയല്ലാത്ത ഏതോ അവ്യക്താശയങ്ങളുടെ സ്വപ്ന ഭൂമിയായവശേഷിക്കുകയും ചെയ്യും. അതിനാൽ മതവും രാഷ്ട്രീയവും അഭേദ്യമായി വർത്തിക്കുന്നു. ഈ സവിശേഷ സമത്വ സംസ്കാരം മറ്റു മതങ്ങളിലൊന്നും ഇത്രയും ശക്തമായിക്കാണാൻ കഴിഞ്ഞിട്ടില്ല. മതത്തിന്റെ ആത്യന്തികബോധം–ധർമ ബോധം – രാഷ്ട്രീയത്തിലേക്കാനയിച്ച ആദ്യത്തെ മതദർശനമായി ഇസ്ലാം ശ്ലാഘിക്കപ്പെടുന്നു.

സ്രഷ്ടാവായ ദൈവം പരമകാരുണികനും സർവശക്തനുമാണ്. എല്ലാ

ജീവജാലങ്ങൾക്കും ദൈവം വ്യത്യസ്തമായ ജീവിതചര്യകൾ ചിട്ടപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. സൃഷ്ടികളിൽ ഉൽകൃഷ്ടപദമാണ് ദൈവം മനുഷ്യന് നൽകിയിട്ടുള്ളത്. ദൈവം മനുഷ്യന് വിശേഷബുദ്ധി കൂടി സമ്മാനിച്ചു. സമസ്രഷ്ടങ്ങളെ സേവിക്കാനും ദൈവ സന്നിധിയിലേക്കുയർന്നെത്താനും അവന്ന് മാത്രമാണ് ദൈവശക്തി സമ്മാനിച്ചത്. മനുഷ്യന്റെ ധർമ്മവും ദൗത്യവും ബോദ്ധ്യപ്പെടുത്തി അവന്റെ പ്രയാണപഥം തെളിച്ചുകാട്ടി അവനെ പിഴക്കാതെനയിക്കാൻ ദൈവഹിതത്തിന്റെ വക്താക്കൾ, സംവാഹകർ കാലാകാലങ്ങളിൽ ജനപദങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പ്രവാചകപരമ്പരയിലൂടെ പ്രകാശിതമായ ദൈവിക നിയമങ്ങളുടെ സമുച്ചയമാണ് ശരീഅത്ത് അഥവാ ജീവിത വ്യവസ്ഥ. ശരീഅത്ത് എന്ന പദത്തിന്റെ അർഥംതന്നെ മാർഗ്ഗം അഥവാ ദൈവികമാർഗ്ഗം എന്നാണ്. സാർഥകമായ മനുഷ്യ ജീവിതത്തിൽ സകലജ്ഞനായ ദൈവം ഒരുക്കിയേല്പിച്ച ജീവിത വ്യവസ്ഥയാണ് ശരീഅത്ത്.

''എല്ലാ വസ്തുക്കൾക്കും അവയുടെ സൃഷ്ടിപ്പ് നൽകുകയും പിന്നെ മാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്തവനത്രെ അവൻ'' (20:50) എന്ന ഖുർആനിക വചനം പ്രതിനിധാനം ചെയ്യുന്ന തത്വം മറ്റൊന്നല്ല. ശരീഅത്തിന്റെ അനുശാസനങ്ങളെ അനുധാവനം ചെയ്യുകയെന്നത് ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം അലംഘ്യമായ ധർമമാണ്. കാരണം ''വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാണ്'' 6:57

പിന്നെ നാം മതകാര്യങ്ങളിൽ നിനക്കൊരു ശരീഅത്ത് ഏർപ്പെടുത്തിയിരിക്കുന്നു. അതിനെ നീ അനുഗമിക്കണം. അറിവില്ലാത്തവരുടെ താൽപര്യങ്ങളുടെ പിറകിൽ പോകരുത് (45:18) എന്നു കൂടി ഖുർആൻ ആവശ്യപ്പെടുമ്പോൾ ഒരു വിശ്വാസിയുടെ ധാർമിക ബാദ്ധ്യത അനുക്തസിദ്ധമാണ്. ''ശരീഅത്തിന്റെ സ്രോതസ്സ് ഖുർആനും അതിന്റെ വിശദീകരണമായ സുന്നത്തും ആകുന്നു. അതിനാൽ ശരീഅത്തിന്റെ യഥാർഥ നില ഗ്രഹിക്കുന്നതിന് ഖുർആനെയും അതിന്റെ വിവരണമായ സുന്നത്തിനെയും പറ്റിനടക്കണം''.

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. അതിനാൽ അവകാശങ്ങളും കടമകളും നിർണ്ണയിക്കുന്ന നിയമങ്ങളുണ്ടായി. അത് വളർന്നു വികസിച്ച് രാഷ്ട്രാന്തരീയ ബന്ധങ്ങളെപ്പോലും ചിട്ടപ്പെടുത്തുന്ന രാഷ്ട്ര നിയമങ്ങളുമുണ്ടായി.

ശരീഅത്ത് സ്വല്പം വ്യത്യസ്ഥമാണ്. ഇസ്ലാമിക വിശ്വാസമനുസരിച്ച് പൂർണ്ണ ജീവിതമെന്നതു ഇഹ-പരങ്ങളിലെ കർമ പ്രപഞ്ചത്തിന്റെ സമന്വയമാണല്ലോ. അതിനാൽ പ്രാപഞ്ചിക ജീവിതത്തിലെ വിവാഹം, സാമ്പത്തിക ഇടപാടുകൾ, രാഷ്ട്രഭരണം, ശിക്ഷകൾ തുടങ്ങി പരലോക ജീവിതത്തിലേക്കു കൂടി ഉന്നംവെച്ചുള്ള വിശ്വാസം, നമസ്കാരം, നോമ്പ്, സക്കാത്ത് എന്നിവ കൂടി ഉൾക്കൊള്ളുന്നതാണ് മുസൽമാന്റെ ജീവിത വ്യവസ്ഥകൾ. ഈ വിഷയങ്ങളെല്ലാം ശരീഅത്ത് കൈകാര്യം ചെയ്യുന്നു. ഇങ്ങനെ ശരീഅത്ത് സാർവകാലികമായ സവിശേഷതകളണിഞ്ഞ കിടയറ്റ സമ്പൂർണ്ണ ജീവിതത്തെ വിഭാവനം ചെയ്യുന്നു എന്നതിനാൽ അടിസ്ഥാന വിഷയങ്ങളിൽ ഒരു മാറ്റം ആവശ്യമായി വരുന്നില്ലെന്ന് ഒരു മുസൽമാൻ വിശ്വസിക്കുന്നു. ഇസ്ലാമിക ശരീഅത്ത് അഥവാ ജീവിത വ്യവസ്ഥ പ്രവാചക ജീവിതത്തിന്റെ ഇരുപത്തി മൂന്ന് വർഷത്തെ കാലയളവുകൊണ്ട് വ്യക്തമായി പൂർണ്ണമായി വെളിവാക്കപ്പെട്ടിരിക്കുന്നുവെന്നും ആദം മുതലുള്ള പ്രവാചക മനസ്സുകളിൽ വിളഞ്ഞ സവിശേ

ഷാശയങ്ങളെല്ലാം ഇസ്‌ലാം സ്വാംശീകരിക്കുന്നുവെന്നും ശരീഅത്തിന്റെ പൂർണ്ണതയും കാലാതിവർത്തിത്വവും പ്രഘോഷിക്കപ്പെട്ടിരിക്കുകയാൽ ഇനി മറ്റൊരു പ്രവാചകന്റെ തിരുവുദയമുണ്ടാവുകയില്ലെന്നും ഒരു സത്യവിശ്വാസി ദൃഢമായി വിശ്വസിക്കുന്നു.

''ഇന്ന് ഞാൻ നിങ്ങളുടെ മതം പൂർത്തീകരിച്ചു തരികയും എന്റെ അനുഗ്രഹം നിങ്ങൾക്ക് സമ്പൂർണ്ണമാക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് ജീവിത വ്യവസ്ഥയാക്കി തൃപ്തിപ്പെട്ടുതരുകയും ചെയ്തിരിക്കുന്നു'' (5:3) എന്ന സൂക്തം അതാണ് വെളിവാക്കുന്നത്.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം ദൈവദത്തമായി കരുതപ്പെടുന്ന ശരീഅത്തിനെ, തന്റെ ജീവിതത്തിന്റെ ഭരണഘടനയെ ഇഷ്ടംപോലെ കെട്ടാനും തോന്നുമ്പോൾ അഴിച്ചോഴിക്കാനും അധികാരം നൽകുന്ന ഒരു കെട്ട നീതിശാസ്ത്രമാക്കി ഭർത്സിക്കാനും അപഹസിക്കാനുമൊരുമ്പെടുന്നത് അവിവേകമാണ്.

മനുഷ്യനന്മയാണ് ഇസ്‌ലാമിക ശരീഅത്തിന്റെ വിഭാവിതലക്ഷ്യം. അടിസ്ഥാനപരമായ അഞ്ച് അവകാശങ്ങളുടെ സംരക്ഷണം അത് ഘോഷിക്കുന്നു. മതം, ജീവൻ, ബുദ്ധി, സ്വത്ത്, സന്താനം എന്നിവയാണവ. മൗലികം എന്ന് പറയാവുന്ന ഈ പഞ്ചശിലാഖണ്ഡങ്ങളിലാണ് ഇസ്‌ലാമിക ശരീഅത്ത് ഉയർത്തപ്പെട്ടിട്ടുള്ളത്. അതിനാൽ അതിന്റെ സംരക്ഷണം മനുഷ്യനന്മയുടെ പരിവേഷമണിഞ്ഞു നില്ക്കുന്നു.

മതം മനുഷ്യനെ വന്യമായ മൃഗാവസ്ഥയിൽ നിന്നുയർത്തുന്ന വരദാനമാണെന്ന ബോധം മുസൽമാന്റെ മനസ്സിൽ ദൃഢരൂഢമാണ്. അവന്റെ ആന്തരിക ലോകത്തെ ഉണർത്തുന്നതും അവനെ ദൈവ സന്നിധിയിലേക്കുന്മുഖനാക്കുന്നതും അവന്റെ മതബോധമാണ്. അതിനാൽ വ്യക്തിയുടെ മതവീക്ഷണത്തിന്റെ സ്വതന്ത്രതയും പവിത്രതയും ഇസ്‌ലാം മുഖ്യമായി കാണുന്നു. ''മതത്തിന്റെ വിഷയത്തിൽ യാതൊരു നിർബന്ധവും ചെലുത്താൻ പാടില്ലെ''ന്നും (2:256) ''മതമർദ്ദനം കൊലപാതകത്തെക്കാൾ കഠിനമാണെ''ന്നും (2:191) പ്രഘോഷിക്കുന്ന സത്യദർശനത്തിന്റെ അകം പൊരുളിനെ വികൃതമാക്കാൻ ശ്രമിക്കുന്നത് അവിവേകമാണ്–അരാതികളുടെ അസഹിഷ്ണുത കൊണ്ടായാലും–ആരാധകരുടെ അതിഭക്തികൊണ്ടായാലും അത് അക്ഷന്തവ്യമാണ്.

സാമൂഹ്യമാറ്റമാണ് ഏത് മാനവിക ദർശനവും വിഭാവനം ചെയ്യുന്നത്. ഖുർആൻ ഇതിൽനിന്ന് വ്യത്യസ്തമല്ല. അതുകൊണ്ടാണ് സത്യവേദത്തിൽ ഉടനീളം ജനം (അന്നാസ്) എന്ന പദം നിറഞ്ഞുനില്ക്കുന്നത്. ജനങ്ങളിലാണ് ഖുർആൻ മാറ്റമാഗ്രഹിക്കുന്നത്. താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കുന്ന സാമാന്യമാനസികാവസ്ഥയിൽനിന്ന് തീർത്തും വ്യതിരിക്തമാണീ സമീപനം. പ്രവാചകൻ എന്നും സംസാരിച്ചത് ജനങ്ങളോടാണ്. വിടവാങ്ങൽ പ്രസംഗം വരെ പ്രവാചകൻ ആ നിഷ്കർഷ പാലിച്ചിട്ടുണ്ട്. അന്നവിടെ നേരിൽ സംബന്ധിക്കാൻ കഴിയാതെപോയ ജനപദങ്ങൾക്കും ഈ കാലഗതിയിൽ തുടർന്നു വരുന്ന ജനപരമ്പരയ്ക്കും തന്റെ വചസ്സുകൾ കൈമാറണമെന്ന് അവിടെക്കൂടിയ ലക്ഷത്തിൽപരം വരുന്നവരോട് അദ്ദേഹമഭ്യർഥിച്ചു. ജനങ്ങളെ–സാമാന്യജനത്തെ–സാമൂഹിക പുരോഗതിയുടെ അടിസ്ഥാനഘടകമായി അംഗീകരിച്ച ലോകത്തിലെ ആദ്യത്തെ മതതലമാണ് ഇസ്‌ലാം. സമൂഹ

സംവിധാനത്തിലും ചരിത്രനിർമിതിയിൽത്തന്നെയും ശ്രദ്ധിക്കപ്പെടേണ്ട അടിസ്ഥാനഘടകം സാമാന്യ ജനമാണെന്ന് ആദ്യമായി കണ്ടതും ഘോഷിച്ചതും ഇസ്‌ലാമാണ്. ഇത് നിഷേ (Nietzsche)യുടെ കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമാണ്. ഇത് പ്ലേറ്റോവിന്റെ സമീപനത്തിൽനിന്ന് വ്യതിരിക്തമാണ്. ഇത് എമേർസൺ (Emerson) വിഭാവനം ചെയ്തതിൽനിന്ന് വിഭിന്നമാണ്. ഇത് അലക്സിസ് കാറേൽ (Alexis Carrel) സ്വപ്നം കണ്ടതുപോലെയുമല്ല. പുരോഹിതന്മാരെയും ബുദ്ധിജീവികളെയുമല്ല ഇസ്‌ലാം പരമാവലംബമായിക്കണ്ടത്. സാമാന്യജനത്തിലാണ് ഇസ്‌ലാം ശ്രദ്ധ കേന്ദ്രീകരിച്ചത്.

നവദർശനത്തിന്റെ പ്രചരണാർഥം
ചിലർ അഭ്യസ്തവിദ്യരെയാണാശ്രയിച്ചത്
ചിലർ സവർണ്ണ വിഭാഗത്തെ
ചിലർ സമ്പന്നരെ
ചിലർ വേലക്കാരെ
മറ്റുചിലർ സമൂഹത്തിലെ ഏതെങ്കിലുമൊരുജന
വിഭാഗത്തെ

എന്നാൽ സാമുഹ്യമാറ്റത്തിനും വികാസത്തിനും പരമമായ ഘടകം സാമാന്യ ജനമാണെന്ന് (അന്നാസ്) ഇസ്‌ലാം വിശ്വസിച്ചു. ജാതി വർഗ്ഗവർണ്ണ വിഭാഗങ്ങൾക്കതീതമായി വർത്തിക്കുന്ന സാമാന്യ ജനത്തോടാണ് ഇസ്‌ലാം സംസാരിച്ചത്. മാറ്റത്തിന് സമൂഹമാണ് പ്രാരംഭകത്വമെടുക്കേണ്ടത്. സഫലമായ, സ്ഥായിയായ മാറ്റം അതുവഴിമാത്രമെ സാധിക്കുകയുള്ളൂ. "ഒരു സമൂഹം സ്വയം നന്നാവാൻ ശ്രമിക്കാത്തിടത്തോളം കാലം അല്ലാഹു അവരെ നന്നാക്കുകയില്ല" (13:11) സമൂഹത്തിലെ ഓരോ ആത്മകണവും തന്റെ മാർഗ്ഗത്തിൽ എങ്ങനെ സ്പന്ദിച്ചു എന്ന് ദൈവം സശ്രദ്ധം വീക്ഷിക്കുന്നുണ്ടെന്ന ഖുർആനിക സൂചന (74:38) ആ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇത് വ്യക്തിയുടെ സാമൂഹ്യബാദ്ധ്യത കുടി അനുസ്മരിപ്പിക്കുന്നു.

# 13. ഇസ്‌ലാം ഒരു സമന്വയദർശനം

●

ഒരു നൂതനവ്യവസ്ഥിതിയുടെ സമുൽഘാടനമാണ് ഇസ്‌ലാം സാധിച്ചത്. അതുകൊണ്ട് മനുഷ്യൻ അഭിമുഖീകരിക്കുന്ന സകല വിഷയങ്ങളുടെയും ആഴപ്പരപ്പുകളിലേക്ക് വെളിച്ചം വിതറുവാൻ ഇസ്‌ലാം ശ്രദ്ധിച്ചു. ദൈവം, പ്രപഞ്ചം, ജീവിതം, മനുഷ്യൻ എന്നീ നാലു മണ്ഡലങ്ങളിലും അതിന്റെ കൈവിരലുകൾ നീങ്ങി. മറ്റു പല മതദർശനങ്ങളെയും പോലെ ദൈവത്തെക്കുറിച്ചുള്ള ഏകമുഖമായ അന്വേഷണമായി ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൂടാ. അതുകൊണ്ടാണ് ഇസ്‌ലാം ഒരു സമഗ്രജീവിത ദർശനമായി മാറിയതും.

ഏകമായ ഈ പ്രപഞ്ചം ഏകോദ്ദേശ്യത്തിൽ നിന്നുടലെടുത്തതാണ്. മനുഷ്യനാവട്ടെ പ്രപഞ്ചത്തിന്റെ അഭിന്നഘടകവും പ്രപഞ്ചത്തിന്റെ ഇതര ഭാഗങ്ങളുമായി പൂർണ്ണമായി ബന്ധിക്കപ്പെട്ടവനും സഹകരിക്കുന്നവനുമാണവൻ. അതിനാൽ ഓരോ വ്യക്തിയും പ്രപഞ്ച വ്യവസ്ഥയോടും ഇതര വ്യക്തികളോടും സഹകരണത്തിലും ഏകീഭാവത്തിലും വർത്തിക്കേണ്ടതുണ്ട്. മനുഷ്യരാശി ഒരു ഏകകമാണെന്ന് ഇസ്‌ലാം സിദ്ധാന്തിക്കുന്നു. മനുഷ്യർ ഏകീകരണത്തിനുവേണ്ടി വിഭിന്നരായിരിക്കുന്നു. അടുക്കാൻ വേണ്ടി അകന്നിരിക്കുന്നു. ഒരേ ലക്ഷ്യത്തിലെത്താൻ മാത്രം വ്യത്യസ്തമാർഗ്ഗങ്ങളവലംബിച്ചവരാണവർ. സയ്യിദ് ഖുതുബിന്റെ വാക്കുകൾ ശ്രദ്ധേയം:

''സമ്പൂർണ്ണമായ ഒരേകകമാണ് മനുഷ്യൻ, വ്യക്തിയെന്ന നിലയിലും സമൂഹമെന്ന നിലയിലും. പ്രത്യക്ഷത്തിൽ വിഭിന്നമായ അവനിലെ ശക്തികൾ പരമാർത്ഥത്തിൽ ഏകോന്മുഖമാണ്. ബഹിർപ്രകടനങ്ങൾ പല രൂപത്തിലാണെങ്കിലും ഏക ശക്തിയാണല്ലോ പ്രപഞ്ചം. അതുതന്നെയാണ് മനുഷ്യന്റെയും നില.''

സന്തുലിതവും സംയോജിതവും കേവലവുമായ ഏകത്വം. വ്യക്തികൾക്കും സമൂഹങ്ങൾക്കും ഇടയിലുള്ള കൂട്ടുത്തരവാദിത്തം – ഈ രണ്ട് അടിസ്ഥാനങ്ങളിലാണ് ഇസ്‌ലാം അതിന്റെ സാമൂഹിക നീതി സാക്ഷാൽക്കരിക്കുന്നത്. ആ സാക്ഷാൽക്കരണത്തിന് മനുഷ്യപ്രകൃതിയുടെ മൗലിക ഭാവങ്ങളെ വിഗണിക്കുന്നുമില്ല. അവന്റെ ശക്തിയും ദൗർബ്ബല്യവും കണക്കിലെടുത്തു കൊണ്ടാണ് അതിന്റെ പ്രയാണം.

വ്യക്തിയുടെ മനോമാലിന്യങ്ങളായ രാഗദ്വേഷാദികൾ സമഷ്ടിയുടെ മേൽ ദുസ്സ്വാധീനം ചെലുത്തുന്നതു അക്രമവും അനീതിയും അധർമവുമാണ്. വ്യക്തിയുടെ പ്രകൃതിയെ ഹനിക്കുകയും നിരോധിക്കുകയും ചെയ്യുന്നതും

തെറ്റാണെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു. അങ്ങനെ ചെയ്യുന്നത് സമൂഹത്തോടുതന്നെ ചെയ്യുന്ന വിനയാണെന്നും ഇസ്ലാം പ്രബോധിപ്പിക്കുന്നു. വ്യക്തികളുടെ ജന്മായത്തമായ അഭിരുചികളെയും വാസനകളെയും സർഗ്ഗശക്തിയേയും നിഹനിക്കുന്നത് വ്യക്തിയുടെ അവകാശദ്ധ്വംസനം മാത്രമല്ല അതിന്റെ ആസ്വാദനവും പ്രയോജനവും അനുഭവിക്കാൻ സമർഹമായ സമൂഹത്തിന്റെ അവകാശ നിഷേധം കൂടിയായിരിക്കും. ഇതിന്റെയർഥം വ്യക്തി സ്വാതന്ത്ര്യം അനിയന്ത്രിതവും അപ്രതിരോദ്ധ്യവും അപ്രമാദിത്വമിയന്നതുമാണെന്നല്ല, വ്യക്തിയുടെ മൗലിക സ്വാതന്ത്ര്യത്തെ അംഗീകരിച്ചുകൊണ്ടും സർഗ്ഗസിദ്ധികൾക്ക് വികസ്വരത കൈവരിക്കാൻ പോരുന്ന സാഹചര്യമനുവദിച്ചുകൊണ്ടും സമഷ്ടിയുടെ താൽപര്യങ്ങൾക്ക് തടസ്സമാവാത്തവിധം വ്യക്തിഗതമായ അഭിരുചികളെ പരിപോഷിപ്പിച്ചും ആശാസ്യമായ നിയന്ത്രണം സൂക്ഷിക്കുവാൻ ഇസ്ലാം സംസ്കൃതി ശ്രദ്ധിക്കുന്നു. അതിന്റെ അവലംബവും മാനദണ്ഡവും ദൈവഹിതമാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും ദൈവമാർഗ്ഗത്തിലൂടെയുള്ള സമ്പൂർണ്ണ വികാസമാണ് ഇസ്ലാമിന്റെ വിഭാവിത ലക്ഷ്യം. വിധിവിലക്കുകളുടെ സൂക്ഷ്മ സ്വഭാവം പരിശോധിച്ചാൽ അതേറെ ബോദ്ധ്യപ്പെടും.

വൈവിദ്ധ്യമാർന്ന സിദ്ധിസാദ്ധ്യതകളോടെയാണ് മനുഷ്യൻ പിറക്കുന്നത്. അതിലൊരു സമീകരണമെന്നത് അസാദ്ധ്യവും പ്രകൃതി വിരുദ്ധവുമാണ്. സിദ്ധികൾ ആരിലെന്ന് പരിഗണിക്കാതെ അവയെ പൂർണ്ണമായി പ്രഫുല്ലമാക്കി സമഷ്ടിക്ക് പ്രയോജനപ്പെടുത്തുകയാണ് കരണീയം. അങ്ങനെ വളർത്തപ്പെട്ട ശാരീരികവും ബൗദ്ധികവും ആത്മീയവുമായ സിദ്ധിസാദ്ധ്യതകൾ സമൂഹത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കുള്ള പൂജാദ്രവ്യമായി മാറുമ്പോൾ വ്യക്തിജീവിതം പൂർണ്ണവും ഈശ്വരോന്മുഖവുമായി പരിണമിക്കുന്നു. സാമ്പത്തിക സമത്വം പോലുള്ള മുദ്രാവാക്യങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യം, സാംസ്കാരിക സ്വാതന്ത്ര്യം തുടങ്ങിയ വിലക്ഷണ ലക്ഷ്യങ്ങളുമല്ല അവസര സമത്വവും മനുഷ്യ സ്വാതന്ത്ര്യവുമാണ് മോക്ഷദായകമായ വിഭാവനകളെന്ന് ഇസ്ലാം കണ്ടെത്തിയിരിക്കുന്നു. സാമ്പത്തിക സമത്വം അപ്രായോഗികമാണെന്നും അത് കേവലം മരീചികയാണെന്നും നിയമത്തിന്റെ ശക്തിയിലൂടെ അതൊരിക്കൽ സ്ഥാപിക്കാൻ കഴിഞ്ഞാൽതന്നെ അതിന്ന് ചിരസ്ഥായിത്വമുണ്ടാവില്ലെന്നും ഇസ്ലാം നമ്മെയറിയിക്കുന്നു. എന്നാൽ സമസ്ത മേഖലകളിലും മാനവിക നീതിയുടെ അലംഘനീയത ഇസ്ലാം ആവർത്തിച്ചുറപ്പിക്കുന്നു. മാനവിക നീതിയുടെ പശ്ചാത്തലത്തിലേ വ്യഷ്ടി സമഷ്ടി വികാസങ്ങൾ നിർബാധം സാക്ഷാൽക്കരിക്കാൻ കഴിയുകയുള്ളൂവെന്നും ഇസ്ലാമറിയിക്കുന്നു.

മനുഷ്യനെ സമഗ്രമായിക്കണ്ട് വിലയിരുത്താൻ പലപല മാനവിക ദർശനങ്ങളും വിമുഖത കാണിച്ചപ്പോൾ, മനുഷ്യൻ ഒരു സമന്വയ ശില്പമാണെന്നും അവനിലെ വികാരവിചാരപ്രപഞ്ചങ്ങളൊന്നും അന്യോന്യഭിന്നിങ്ങളല്ലെന്നും ഭൗതിക ആദ്ധ്യാത്മിക സമുന്നതികളിലേ അവന്റെ പൂർണ്ണവികാസം പൂവണിയുകയുള്ളൂവെന്നും ഇസ്ലാം ഉറക്കെ പ്രഘോഷിച്ചു.

ആത്മീയതയേയും ഭൗതികതയേയും പരസ്പര വിരുദ്ധങ്ങളായിക്കണ്ട മനുഷ്യൻ ഒന്നിനെ നിഷേധിച്ചുകൊണ്ടാണ് മറ്റൊന്നിനെ സ്ഥാപിക്കാൻ ശ്രമിച്ചത്. ഒന്നിനെ തിരസ്കരിച്ചുകൊണ്ടാണ് മറ്റൊന്നിനെ സ്വീകരിച്ചത്. ആത്മീ

യവും ഭൗതികവുമായ ശക്തികൾക്കിടയിൽ സംഘട്ടനവും സംഘർഷവുമാണ് അവർ ദർശിച്ചത്. രണ്ടിനുമിടയിൽ അടിസ്ഥാനപരമായൊരന്തരം! ത്രാസിന്റെ ഒരു തട്ട് താഴ്ന്നാലേ മറ്റേത് ഉയരുകയുള്ളൂ. അതുപോലെ ഭൗതികതയെ ഹിംസിച്ചുകൊണ്ടേ ആത്മീയത നേടാനാവൂ എന്നവർ കരുതി. കാരണം അവരുടെ ദൃഷ്ടിയിൽ പ്രസ്തുത സംഘട്ടനം പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും പ്രകൃതിതന്നെയാണ്. ഭൗതികവും ആത്മീയവുമായ ഈ സംഘട്ടനം തുടർന്നുപോന്നു. പരസ്പരപൂരകമായിവർത്തിക്കേണ്ട രണ്ട് വിഷയതലങ്ങൾ വിരുദ്ധതകളുടെ ധ്രുവങ്ങളിലേക്ക് വലിച്ചെറിയപ്പെട്ടതുപോലെ തോന്നി. ഭൗതികവും ആത്മീയവുമായ ശക്തികൾക്കിടയിൽ വൈരുദ്ധ്യമില്ലാത്ത, സുഭദ്രവും സമ്പൂർണ്ണവുമായ ഒരു സിദ്ധാന്തമാണ് ഇസ്‌ലാം സമർപ്പിച്ചത്. വിരുദ്ധശക്തികളെ ഏകീകരിക്കുകയും അഭിലാഷങ്ങൾ, അഭിനിവേശങ്ങൾ, പ്രവണതകൾ എന്നിവയെ സംയോജിപ്പിക്കുകയുമാണ് ഇസ്‌ലാമിന്റെ സമീപനം. മനുഷ്യന്റെ അകത്തും പുറത്തുമുള്ള ശക്തികളുടെ ഐക്യമാണ് അത് അഭിദർശിക്കുന്നത്. ആകാശം, ഭൂമി, മതം, ലോകകാര്യം, ശരീരം ആത്മാവ്, വിശ്വാസം, പ്രവൃത്തി എന്നിവയെ ഏകോന്മുഖമായി ഒരേ മാർഗ്ഗത്തിൽ നയിക്കുകയാണ് അതിന്റെ ലക്ഷ്യം. അറിയുന്നതും അറിയാത്തതും കാണുന്നതും കാണാത്തതും ചേർന്ന ഒരേകകമാണ് പ്രപഞ്ചം. ഭൗതികവും ആത്മീയവുമായ ശക്തികൾ സമന്വയിച്ച ഒരേകകമാണ് ജീവിതം. അവയെ താളം തെറ്റാതെ വേർതിരിക്കുക സാദ്ധ്യമല്ല. വിണ്ണിലേക്ക് എത്തിനോക്കുന്ന ഉന്നതവികാരങ്ങളുടെയും മണ്ണിൽ ഒട്ടിപ്പിടിച്ച അഭിലാഷങ്ങളുടെയും സമ്മിശ്രരൂപമാണ് മനുഷ്യൻ. മനുഷ്യനിലെ ഈ രണ്ട് അഭിനിവേശങ്ങൾക്കുമിടയിൽ വൈരുദ്ധ്യമുണ്ടാകാവതല്ല. പ്രകൃതിയിൽ ആകാശഭൂമികൾക്കിടയിലോ അറിയുന്നതും അറിയാത്തതും തമ്മിലോ വൈരുദ്ധ്യമില്ല. ഈ പരിനിഷ്ഠിതമായ പശ്ചാത്തലത്തിൽ ഇഹവും പരവും തമ്മിലോ വിശ്വാസവും അനുഷ്ഠാനവും തമ്മിലോ ആദർശവും ആചരണവും തമ്മിലോ വൈരുദ്ധ്യമില്ല. ഇവയ്ക്കെല്ലാം പിന്നിൽ അനശ്വരമായ ഒരു മഹച്ഛക്തിയുണ്ട്. സൃഷ്ടിസ്ഥിതി സംഹാരകാരകത്വം നിർവഹിക്കുന്ന ഒരു മഹച്ഛക്തി – അതത്രെ അല്ലാഹു.

അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ സൃഷ്ടിസ്ഥിതി സംഹാരകാരകത്വത്തിലും അസദൃശഭാവത്തിലും ദൃഢരൂഢ വിശ്വാസം സൂക്ഷിക്കുന്ന സത്യവിശ്വാസിക്ക് അല്ലാഹുവും അല്ലാഹുവിന്റെ വിലാസ വേദികളും അന്യമാവുന്നില്ല. ശരണം അവൻ മാത്രമാണെന്ന തെളിഞ്ഞ അവബോധം സൂക്ഷിക്കുന്ന മുസൽമാൻ സഹായത്തിന് കൈ ഉയർത്തുന്നതും ആശ്വാസത്തിനപേക്ഷിക്കുന്നതും ഉയരങ്ങളിലേക്ക് നോക്കിയാണ്. ഈശ്വര സന്നിധിയും തന്റെ മോക്ഷത്തിനായി തനിക്ക് സമ്മാനിച്ച പ്രപഞ്ചവും തനിക്ക് വേണ്ടി ചിട്ടപ്പെടുത്തിയ ജീവിതവും താനും അഭിന്നങ്ങളാണെന്ന ബോദ്ധ്യമാണ് അവന്റെ സത്യദർശനം. പരസ്പരം അനന്യഭാവം സൂക്ഷിക്കുകയും സമസ്രഷ്ടങ്ങളോടും പ്രപഞ്ചത്തോടാകത്തന്നെയും ഹൃദയംഗമത പാലിക്കുകയും ചെയ്യാനനുശാസിക്കുന്ന ഇസ്‌ലാം ഏകീകരണത്തിന്റെയും സമന്വയത്തിന്റെയും മതദർശനമാണ്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ വിശാലതയിൽ, മാനുഷ്യകത്തിന്റെ സമഗ്രതയിൽ ഊന്നിയുറച്ച് ദൈവഹിതം സാക്ഷാൽക്കരിക്കാൻ പ്രതിജ്ഞാബദ്ധമായ ഇസ്‌ലാമിനെങ്ങനെ വിശ്ലഥനവും വിഭാഗീതയും സൃഷ്ടിക്കാൻ സാധിക്കും! സത്യവേദത്തിന്റെ ഉള്ളറിയാതെ ഉയർത്തുന്ന

ഭർത്സനങ്ങളാണവ. വേദഗ്രന്ഥം മനുഷ്യരാശിയോട് സംസാരിച്ചു. അത് ലോക സാഹോദര്യത്തിനു വേണ്ടി വാദിച്ചു. പ്രവാചകന്മാരെ ലോകത്തിന്റെ വഴികാട്ടികളാക്കി. സമസ്ത വേദഗ്രന്ഥങ്ങളെ സ്വാംശീകരിച്ച് മനുഷ്യവംശത്തിന് സമ്മാനിച്ചു. ജാതിമതദേശ വർണ്ണഭാഷാഭേദങ്ങൾക്കതീതമായി മനുഷ്യന്റെ കർമകാണ്ഡത്തെ മാത്രം വിശകലനം ചെയ്ത് വിലയിരുത്തി. അവനെ തിരശ്ശീലയ്ക്കപ്പുറത്തുള്ള പുനരുത്ഥാനത്തിന്റെ പരലോകജീവിതത്തിന്നായി റിക്രൂട്ട് ചെയ്തയച്ചു. ആ വിശ്വദർശനം ഏകീകരണത്തിന്റെയും സമന്വയത്തിന്റെയും മാനവിക ദർശനമാണ്.

"നിശ്ചയം ഏകസമുദായമാണ് നിങ്ങൾ
ഞാൻ നിങ്ങളുടെ പരിപാലകനും. അതിനാൽ
എനിക്ക് വഴിപ്പെട്ട് ജീവിക്കൂ."

അതാണ് അല്ലാഹുവിന്റെ തിരുവചനം. അതിന്റെ പ്രയോഗതലമാണ് ഇസ്ലാമിന്റെ കർമപഥം.

അഖിലാധി നാഥനായ ദൈവത്തെ ഖുർആൻ വിളിച്ചത് അല്ലാഹു എന്നാകുന്നു. അത് ഒരു പ്രത്യേക മതവിഭാഗത്തിനോ വിശ്വാസവേദിക്കോ മാത്രം സ്വന്തമെന്നവകാശപ്പെടാവുന്ന ഒരു പദമല്ല. ഖുർആന്ന് മുമ്പ്പോലും സകലലോക സ്രഷ്ടാവായ ദൈവത്തെ അല്ലാഹു എന്ന പേരിലാണ് വിളിച്ചുപോന്നത്. ലാത്ത, മനാത്ത, ഉസ്സ, ഹുബ്ലു തുടങ്ങിയ അനേക ദൈവങ്ങളുടെ കാലമായിരുന്നു അതെങ്കിലും അവയ്ക്കെല്ലാമധിപനായ സർവശക്തൻ അല്ലാഹുവാണെന്ന അവബോധം അന്നേ പ്രചുരമായിരുന്നു.

മുഹമ്മദിന്റെ ജനനവേളയിൽ ഹൃദയം നിറഞ്ഞാഹ്ലാദിച്ച അബ്ദുൾ മുത്ത്വലിബ് 'അതി വിശിഷ്ടനായ ഈ കുഞ്ഞിനെ എനിക്കു നൽകിയ അല്ലാഹുവിന് സ്തുതി' എന്നാലപിച്ചതായി നാമറിയുന്നു. മുഹമ്മദിന്റെ പിതാവിന്റെ നാമധേയം അബ്ദുല്ല എന്നായിരുന്നു. അല്ലാഹുവിന്റെ ദാസൻ എന്നാണ് ആ നാമധേയത്തിന്നർഥം. അജ്ഞാനത്തിന്റെ കാലത്തുപോലും അപ്പേരിൽ വിളിക്കപ്പെട്ട പലരുമുണ്ടായിരുന്നു. ഹിറാഗുഹയിൽനിന്നുള്ള നവ്യാനുഭവവുമായി വിഭ്രാന്ത ചിത്തനായി തന്റെ മുന്നിലെത്തിയ മുഹമ്മദിനെ "അങ്ങ്, വിഷമിക്കേണ്ട, അല്ലാഹു അങ്ങയെ ഒരിക്കലും കൈവെടിയുകയോ ക്ലേശിപ്പിക്കുകയോ ഇല്ല" എന്നു പറഞ്ഞാണ് ഖദീജ ആശ്വസിപ്പിച്ചത്. സർവശക്തനായ, സകലാധിനാഥനായ ദൈവത്തെ ഓർത്തുകൊണ്ട് ഖദീജ ഉപയോഗിച്ച പദം അല്ലാഹു എന്നാണ്. കഅ്ബയുടെ സന്നിധിയിൽ സംസം ജലാശയത്തിലെ വെള്ളത്തിന് പലരും അവകാശവാദമുന്നയിച്ചപ്പോൾ മുഹമ്മദിന്റെ പിതാമഹൻ അബ്ദുൾ മുത്ത്വലിബ് ആത്മഗതമായി ദൈവസമക്ഷം സമർപ്പിച്ച പ്രാർഥനയിൽ സ്തുത്യർഹനും രാജാധിരാജനുമായ അല്ലാഹുവേ എന്നാണ് സംബോധന ചെയ്തത്.

മുഹമ്മദിനും മുമ്പ് ഖുസ്സുബ്നുസാഇദ എന്ന പേരുള്ള പ്രശസ്തനായ ഒരു പ്രസംഗകൻ അറേബ്യയിലുണ്ടായിരുന്നു. അദ്ദേഹം എന്നും അല്ലാഹുവിന് സ്തുതി ചൊരിഞ്ഞുകൊണ്ടാണ് തന്റെ പ്രസംഗമാരംഭിക്കാറ്. അക്കാലത്തെ വിശ്വാസികൾ–ബഹുദൈവ വിശ്വാസികൾ പോലും–വിലപ്പെട്ട രേഖകൾ തയ്യാറാക്കുമ്പോഴും കത്തെഴുതാനാരംഭിക്കുമ്പോഴും 'അല്ലാഹുവിന്റെ നാമത്തിൽ' എന്ന് രേഖാരൂപത്തിലനുസ്മരിക്കാറുണ്ടായിരുന്നു.

"അവരോട് പറയുക, ഈ ഭൂമിയും അതിലുള്ളതൊക്കെയും ആരുടേ

താണെന്ന് നിങ്ങൾക്കറിയുമെങ്കിൽ പറയുവിൻ –തീർച്ചയായും അവൻ പറയും അല്ലാഹുവിന്റേത് – ചോദിക്കുക: പിന്നെ എന്തുകൊണ്ട് നിങ്ങൾ ബോധവാന്മാരാകുന്നില്ല? അവരോട് ചോദിക്കുക: സപ്തവാനങ്ങളുടെയും മഹദ്സിംഹാസനത്തിന്റെയും നാഥനാര്? തീർച്ചയായും അവർ പറയും: അല്ലാഹു . പറയുക: എങ്കിൽ നിങ്ങൾ ഭയപ്പെടാത്തതെന്ത്? അവരോട് പറയുക: സകല വസ്തുക്കളിലും പരമാധികാരമുള്ളവനും അഭയം നൽകുന്നവനും തനിക്കെതിരിൽ അഭയം നൽകാൻ കെല്പുള്ളവരാരുമില്ലാത്തവനും ആരെന്ന് നിങ്ങൾക്കറിയാമെങ്കിൽ പറയുവിൻ. തീർച്ചയായും അവർ പറയും: 'ഈ ഗുണങ്ങൾ അല്ലാഹുവിന് മാത്രമുള്ളതാകുന്നു.' പറയുക: എങ്കിൽ നിങ്ങൾ വഞ്ചിക്കപ്പെടുന്നതെങ്ങനെ? 'സത്യമെന്താണോ അതാണ് നാം അവരുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ജനം കള്ളം പറയുന്നവർതന്നെയാണെന്നുള്ളതിൽ സംശയമേയില്ല. അല്ലാഹു ആരെയും മക്കളായി വരിച്ചിട്ടില്ല. അവന്റെ കൂടെ വേറൊരു ദൈവവുമില്ല. അങ്ങനെയുണ്ടായിരുന്നെങ്കിൽ ഓരോ ദൈവവും തന്റെ സൃഷ്ടികളെയും കൊണ്ട് വേറിട്ട് പോയ്ക്കളയുമായിരുന്നു. പിന്നെ അവർ തമ്മിൽ കലഹിക്കുകയും ചെയ്യുമായിരുന്നു. ഈ ജനം കല്പിക്കുന്നതിൽനിന്നെല്ലാം പരിശുദ്ധനല്ലോ അല്ലാഹു. തെളിഞ്ഞതും ഒളിഞ്ഞതും അറിയുന്നവൻ. ഈ ജനം സങ്കൽപിക്കുന്ന പങ്കാളിത്തങ്ങൾക്കൊക്കെയും അവൻ അതീതനായിരിക്കുന്നു.' വി.ഖു. 23: 84–92.

# 14. ഇസ്‌ലാം വിശ്വമാനവിക ദർശനം

മുസ്‌ലിം സമൂഹത്തിന്റെ ദൈവമാണ് അല്ലാഹു എന്നും അവരുടെ മാത്രം പ്രവാചകനാണ് മുഹമ്മദ് നബി എന്നും മുസ്‌ലിംകളുടെ വേദഗ്രന്ഥത്തിന്റെ പേരാണ് ഖുർആൻ എന്നും കരുതിക്കഴിയുന്ന ചിലരുണ്ട്. തെറ്റായി വ്യാഖ്യാനിക്കപ്പെടാനിടയുള്ള അബദ്ധ ഗർഭിതങ്ങളായ വികലധാരണകളാണവ. പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ അല്ലാഹു മുസ്‌ലിം വിഭാഗത്തിന്റെ മാത്രം സ്രഷ്ടാവാണെന്ന് വരുന്നത് വിരോധാഭാസമാണ്. 'ഒരു പ്രത്യേക ജനപദത്തിനുവേണ്ടിയല്ല, മാനുഷ്യകത്തിനായല്ലാതെ' എന്ന തിരുവചനമോർക്കുമ്പോൾ മുസ്‌ലിം സമുദായത്തിന്റെ മാത്രം വഴികാട്ടിയാണ് മുഹമ്മദ് നബി എന്ന് കരുതുന്നതും അവിവേകമാണ്. മനുഷ്യ സാമാന്യത്തിന്റെ മോചന മാർഗ്ഗമാണ് ഖുർആനിക വചസ്സുകൾ കീർത്തിക്കുന്നതെന്നറിയാവുന്ന മനസ്സുകൾ എങ്ങനെ ഖുർആനെ സാധാരണ അർത്ഥത്തിൽ ഒരു മുസ്‌ലിം ഗ്രന്ഥമായി വിശേഷിപ്പിക്കും?

അല്ലാഹു, പ്രവാചകൻ, വേദഗ്രന്ഥം – എന്നിവ വലിയ ഗരിമയുള്ള പദങ്ങളാണ്. അവയെ ഏതെങ്കിലുമൊരു ജനപദത്തിന്റെയോ വിശ്വാസ വിഭാഗത്തിന്റെയോ ഇടുങ്ങിയ വലയത്തിനകത്തൊതുക്കിപ്പരിചയപ്പെടുത്തുന്നത്, അതിനാൽ അനീതിയാണ്.

വൈവിദ്ധ്യമെന്നത് സൃഷ്ടികളിൽ ദൈവം വർണ്ണംകൊടുത്തു രൂപപ്പെടുത്തിയ വൈചിത്ര്യമാണ്; ദൈവദത്തമായ സൗന്ദര്യമാണത്. അതിനാൽ വൈവിദ്ധ്യങ്ങളുടെ മുഖത്തുനോക്കി പഴിക്കുകയല്ല വേണ്ടത്, അവയെ സൂക്ഷ്മ സുന്ദരമായ രീതിയിൽ സംവിധാനം ചെയ്ത ദീർഘദർശിയായ സ്രഷ്ടാവിന്റെ സൗന്ദര്യബോധത്തിനു മുന്നിൽ സ്തുതി ചൊരിയുകയും വൈവിദ്ധ്യങ്ങളുടെ തേജസ്സിയെന്ന സഹവർത്തനത്തിന് സഹായകമാംവിധം സാഹചര്യങ്ങളൊരുക്കി അതിലാനന്ദിക്കുകയുമാണാവശ്യം. വർണ്ണവൈവിദ്ധ്യങ്ങളും സ്വരഭേദങ്ങളും രുചിവ്യത്യാസങ്ങളും ഭാവ വൈചിത്ര്യങ്ങളുമെല്ലാം ചിട്ടപ്പെടുത്തിയ ജഗന്നിയന്താവ്, മനുഷ്യരാശി അവയോടു കാട്ടുന്ന പ്രതികരണങ്ങളെല്ലാം നിതാന്ത ജാഗ്രതയോടെ ശ്രദ്ധിക്കുന്നുണ്ടെന്ന് നാമോർക്കുക.

എവിടെ താളപ്പിഴ ബോധ്യപ്പെടുന്നുവോ അവിടെ സുസ്വരത പുനഃസൃഷ്ടിക്കുവാൻ ദൈവം ശ്രദ്ധിക്കുന്നു. സാമഞ്ജസ്യമിയലുന്ന സാമൂഹ്യ ജീവിതത്തിന്റെ സുനിയതമായ സംവിധാനക്രമത്തിൽ എവിടെ നൂലിഴകൾ നുറുങ്ങുന്നുവോ അവിടെ ഊടും പാവുമുറപ്പിച്ചു നിർത്താൻ ദൈവം ശ്രദ്ധിക്കുന്നു. ധർമ്മസംസ്ഥാപനത്തിന് പ്രവാചകൻമാർ നിയോഗിക്കപ്പെടുന്നു. ദിവ്യദൗത്യം

നിർവഹിക്കാൻ നിയുക്തരായ പ്രവാചകൻമാർ മാനുഷ്യകത്തിന്റെ ചികിത്സ കരാണ്. സമൂഹസ്ഥലിയുടെ പുനഃസംവിധായകരാണ്. പലകാലങ്ങളിലായി, പല പ്രദേശങ്ങളിലായി പല ഗോത്രങ്ങളിലായി പ്രവാചകൻമാർ പ്രത്യക്ഷ പ്പെട്ടിട്ടുണ്ട്. മതവിഭാഗങ്ങൾക്കും പ്രാദേശിക പരിമിതികൾക്കും കാലഘട്ട ങ്ങൾക്കും അപ്പുറത്ത് വിശ്വമാനവികതയുടെ വിശാലഭൂമികയിലാണ് അവർ അമൃത സേചനം സാധിച്ചത്. മുഹമ്മദ് എന്ന പ്രവാചകനിലൂടെ ആവിഷ്കൃ തമായ ഖുർആനിക വചസ്സുകളുടെ സാര സന്ദേശം ശ്രദ്ധിക്കുക:

ദൈവം ഏകൻ
അവൻ എല്ലാം സൃഷ്ടിച്ചു.
രക്ഷാശിക്ഷകൾ അവന്റേതാണ്.
പരിവിസ്തൃതമായ പ്രപഞ്ചത്തിൽ
ഒരു ചെറിയ o വട്ടമാണ് ഭൂമി.
ഭൂമിയിൽ അവൻ മനുഷ്യനെ സൃഷ്ടിച്ചു.
മറ്റനേകം സൃഷ്ടികൾക്കും അവൻ
രൂപം നൽകിയിരുന്നു.
സൃഷ്ടികളിൽ ശ്രേഷ്ഠനായി മനുഷ്യനെ തിരഞ്ഞെടുത്തു.
മനുഷ്യന് വിശേഷ ബുദ്ധിയും സമ്മാനിച്ചു.
വിചാരശക്തിയും വിവേചനാധികാരവും
അതുവഴി മനുഷ്യന് കൈവന്നു.
ഭൂമിയിൽ തന്റെ പ്രതിനിധിയായി
ദൈവം മനുഷ്യനെ നിശ്ചയിച്ചു.
സമസ്ത വസ്തുക്കളുടെയും
ഭൗമിക ജീവരാശികളുടെയും
കൈകാര്യ കർത്തൃത്വം
അവന്ന് നൽകി.
മനുഷ്യന്റെ സുഖത്തിനും സന്തോഷത്തിനും വേണ്ടി
ദൈവമൊരുക്കിയതാണെല്ലാം.
ദൈവം മനുഷ്യനെ ചുമതലകളറിയിച്ചു.
എന്റെ നിർദ്ദേശാനുസാരം ജീവിക്കുക
നിനക്കരുളിയ മാർഗ്ഗത്തിൽനിന്ന്
നീ വ്യതിചലിക്കരുത്.
ഇഹ - പരങ്ങളിലായി
നീണ്ടുനിൽക്കുന്നതാണ് നിന്റെ ജീവിതം
ഇവിടത്തെ ജീവിതം
ഒരു പരീക്ഷണമാണ്.
അതിനാൽ ഇവിടം ഒരു പരീക്ഷണ ശാലയും
ഇത് കഴിഞ്ഞ് നീ എന്റെ സന്നിധിയിലേക്ക് വരും
ഇവിടത്തെ പരീക്ഷയിലെ
ജയപരാജയങ്ങൾ
അവിടെ വച്ച് ഞാൻ നിന്നെയറിയിക്കും
സദാചാരമൂല്യങ്ങളിലൂന്നി
ധർമ്മമാർഗ്ഗത്തിലാണ്

ഇവിടെ നീ കഴിഞ്ഞതെങ്കിൽ
നിനക്കവിടെ സുഖവും സമാധാനവും കൈവരും
എന്റെ സന്നിധിയിലെത്തിയാൽ
നീയർഹിക്കുന്നുവെങ്കിൽ
നിത്യശാന്തിയുടെ സ്വർഗ്ഗകവാടം
നിന്റെ മുന്നിൽ തുറക്കപ്പെടും
പിഴച്ചു ജീവിച്ചവർക്ക്
ദുഃഖവും ദുരിതവുമായിരിക്കുമവിടെ.
മറക്കാതിരിക്കുക.

സ്വന്തം സൃഷ്ടികളെ ദുരിതാർണ്ണവത്തിലേയ്ക്ക് തള്ളിയിടുന്നതിൽ ദൈവത്തിന് സന്തോഷമില്ല. അതുകൊണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയാണ് ദൈവം ആദ്യത്തെ മനുഷ്യനെ ഭൂമിയിലേക്കയച്ചത്. ഒരു പുതിയ പ്രപഞ്ചത്തിന്റെ തുടക്കമാണത്. ആദമിനോട് ദൈവം കാണിച്ച വാത്സല്യ വായ്പിൽ മലക്കുകൾ പോലും വിസ്മയിച്ചിട്ടുണ്ട്.

അവനിൽ അറിവിന്റെ അമൃതം നിറയ്ക്കുവാൻ, ദൈവം അദമ്യമായ താൽപര്യം കാണിച്ചു. പ്രകാശം മാത്രം നിറഞ്ഞ ഭൂതലത്തിലാണ് ദൈവം അവനെയിറക്കിയത്.

കാലം ചിറകടിച്ചു പറന്നു. മനുഷ്യ സമൂഹത്തിനു മുന്നിൽ പലതരം പ്രലോഭനങ്ങളുമുയർന്നു. അവയെ അതിജീവിക്കാൻ പലർക്കും കഴിയാതായി. ആത്മവീര്യം ആടിയുലഞ്ഞു. ഓർക്കേണ്ടത് പലതും മറന്നു. അരുതാത്തത് പലതും ആചരിച്ചു. കേൾക്കാൻ പാടില്ലാത്തതിൽ താൽപര്യമേറി. കാണാൻകൊള്ളാത്തതിൽ ഹരം നിറഞ്ഞു. കൈക്കുടന്നയിലെ ആഗ്രഹങ്ങളനുഭവിച്ച് തൃപ്തികൊള്ളേണ്ടവർ മോഹങ്ങളുടെ കടൽവെള്ളം കുടിച്ചു തീർക്കാൻ വെറികൊണ്ടു. വിലക്കപ്പെട്ട വഴികൾ വിലാസപഥങ്ങളായിമാറി. നിയോഗിച്ചവനെപ്പോലും ചോദ്യംചെയ്യാൻ അവൻ സാഹസികത കാട്ടി. നിന്ദകരുടെയും നിഷേധികളുടെയും എണ്ണം കൂടി. ഭൂമിയിലെ പ്രകാശം പൊലിഞ്ഞുതുടങ്ങി.

ദൈവം ചികിത്സ തുടങ്ങി. മനുഷ്യകുലത്തിന്റെ ജീവതാളം സുസ്വരമാക്കാൻ ശ്രമമാരംഭിച്ചു. ധർമ്മ കർമ്മങ്ങളും നേർവഴി പോലും മറന്ന മനുഷ്യർക്ക് മാർഗ്ഗദർശനം നൽകണം. അതിന്നുപോരുന്നവരെ അവരിൽ നിന്നു തന്നെ നിയോഗിക്കണം. അവർ വ്യത്യസ്ത ജനപദങ്ങളിലുള്ളവരായിരിക്കണം. തങ്ങളിലൊരാൾ എന്ന തോന്നൽ ഓരോ സമൂഹത്തിനുമുണ്ടാവണം. അവർ വിശ്വസ്തരും മനോ–വാക്–കർമ്മങ്ങളിൽ അതിവിശുദ്ധരുമായിരിക്കണം.

മനുഷ്യകുലത്തിന് ആദിയിൽ ദൈവം നൽകിയ
ഉപദേശങ്ങളനുസ്മരിപ്പിക്കാൻ
വിശുദ്ധമാർഗ്ഗം തെളിച്ചുകാട്ടാൻ
വികലമായിക്കഴിഞ്ഞ ജീവതാളം
സുസ്വരമാക്കാൻ
പ്രവാചകൻമാർ നിയോഗിക്കപ്പെട്ടു.
അവർക്ക്, മനുഷ്യ സാമാന്യത്തിന്റെ
മോചനമന്ത്രം കതിർവെട്ടം ചൊരിയുന്ന
വേദഗ്രന്ഥങ്ങൾ നൽകി.

പ്രവാചകൻമാരുടെ ദൗത്യം ഒന്നാണ്:
മനുഷ്യരാശിയെ നേർവഴിക്ക് നടക്കുക
പ്രവാചകൻമാരുടെ കർമ്മരംഗം ഒന്നാണ്:
മനുഷ്യകുലം

ആദ്യത്തെ പ്രവാചകനായ ആദംതൊട്ട് മുഹമ്മദ് വരെയുള്ള പ്രവാചക പരമ്പരയുടെ മഹത്തായ ആശയങ്ങളുടെ സമുച്ചയമാണ് മുഹമ്മദിലൂടെ അവതീർണ്ണമായ ഖുർആൻ. അതുകൊണ്ട് വിവിധ കാലങ്ങളിൽ ഭിന്ന ദേശങ്ങളിൽ വ്യത്യസ്ത ജനപദങ്ങളിൽ ദൈവ ദൗത്യം നിർവഹിച്ച പ്രവാചകൻമാരുടെ ചിന്തകളെല്ലാം ഒരുമിച്ചു കാണുമ്പോൾ അതിന്നു നേരെ കാലത്തിന്റെയോ പ്രദേശത്തിന്റെയോ ജനപദങ്ങളുടെയോ സങ്കുചിതത്വമാരോപിക്കാൻ വയ്യ. അത്രമാത്രം സമഗ്രവും സമ്പൂർണ്ണവും അവികലവും അനുഭവവേദ്യവുമായ ദർശനസാരങ്ങളുടെ സമുച്ചയമാണ് ഖുർആൻ.

# 15. ആത്മോന്നതിക്കും പരോൽക്കർഷത്തിനും വേണ്ടി

●

സാമ്യഭാവ സുന്ദരമായ ഒരു സാമൂഹ്യ വ്യവസ്ഥിതിയാണ് ഖുർആൻ വിഭാവന ചെയ്യുന്നത്. വർഗ്ഗ വർണ്ണ ഗോത്ര വ്യത്യാസങ്ങളൊന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നില്ലെന്നും സമൂഹത്തിലെ തട്ടുകൾ–സവർണ്ണാവർണ്ണ ഭേദങ്ങൾ – ഭേദ ഭാവനകളെല്ലാം ദൈവഹിതത്തിനെതിരാണെന്നും സത്യവേദം ഘോഷിക്കുന്നു. എന്നാൽ വർഗ്ഗം, ഗോത്രം, വർണ്ണം തുടങ്ങിയ സാമൂഹിക യാഥാർഥ്യങ്ങളുടെ നേരെ ഇസ്‌ലാം കണ്ണടയ്ക്കുന്നില്ല. മനുഷ്യരന്യോന്യം കൂടുതൽ അറിഞ്ഞിടപെടുന്നതിന്നുവേണ്ടി മാത്രമാണ് അത്തരം വേർതിരിവുകളുണ്ടായതെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

ഒരു പ്രത്യേക സമുദായത്തിൽ പിറന്നതുകൊണ്ടുമാത്രം ആരും വലിയവനോ ചെറിയവനോ ആകുന്നില്ല. ധർമ്മാവലംബിയായ സാത്വിക ജീവിതമാണ് സമുന്നതിയുടെ മാനദണ്ഡം. ദൈവമാർഗ്ഗത്തിൽ ഒരുവൻ കാണിക്കുന്ന താൽപര്യവും അഭിനിവേശവുമാണ് അവനെ വ്യത്യസ്തനും വിശുദ്ധനുമാക്കിത്തീർക്കുന്നത്.

ബിലാൽ ഒരടിമയായിരുന്നു; നിരക്ഷരനായിരുന്നു, നിസ്വനുമായിരുന്നു. പ്രവാചകൻ ബിലാലിനെ സ്നേഹിച്ചത് അദ്ദേഹം ദൈവമാർഗ്ഗത്തിൽ അഭിനിവേശം കൊണ്ട ഒരു സാത്വികമനസ്സായിരുന്നു എന്നതുകൊണ്ടാണ്. താൻ കൂടി വിയർപ്പൊഴുക്കി നിർമ്മിച്ച ആദ്യത്തെ മുസ്‌ലിം ദേവാലയത്തിൽ പ്രവാചകൻ ബിലാലിനെയാണ് മുഅദ്ദിനായി നിയമിച്ചത്. സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതനായ ഒരു പാവത്തിന്റെ കണ്഻ത്തിലൂടെ ഉയരുന്ന ശബ്ദമാണ് മറ്റാരുടെ ശബ്ദത്തെക്കാളും വേഗത്തിൽ ദൈവത്തിന്റെ ശ്രദ്ധയിൽ പതിയുകയെന്ന് പ്രവാചകൻ ചിന്തിച്ചുകാണും. ദൈവ സന്നിധിയിൽ, ഹൃദയ സമർപ്പണത്തിനുള്ള കാലമായെന്നറിയിക്കാനുള്ള ബാങ്കുവിളിക്ക് ബിലാലിന്റേതുപോലുള്ള ഒരു വിശുദ്ധ മനസ്സിന്റെ സമർഹത പ്രവാചകൻ അതിലൂടെ ബോധ്യപ്പെടുത്തുകയായിരുന്നു. തന്റേതെന്നവകാശപ്പെടാനൊന്നുമില്ലാത്ത ഒരു മനസ്സിനേ, കള്ളക്കണ്ണും കുടിലതാല്പര്യങ്ങളുമില്ലാതെ, ദൈവഭാവത്തെ അനായാസം സമീപിക്കാൻ കഴിയൂ എന്ന് പ്രവാചകൻ പ്രകാരാന്തരേണ പ്രഖ്യാപിക്കുകയായിരുന്നു. ആദ്യത്തെ പള്ളിയിൽ മുഅദ്ദിനായി ബിലാൽ നിയമിക്കപ്പെട്ടത് ഒരാകസ്മിക കാര്യമായിരുന്നില്ല. പ്രവാചകന്റെ സംബോധവും സുചിന്തിതവുമായ തീരുമാനമായിരുന്നു അത്. അതുകൊണ്ടാണ്

മക്കാവിജയത്തിനുശേഷം കഅ്ബയിൽ പ്രവേശിച്ച പ്രവാചകൻ ബാങ്കുവിളി നടത്തി സത്യവിശ്വാസികളുടെ മനം കുളിർപ്പിക്കാൻ ബിലാലിനെത്തന്നെ നിയോഗിച്ചത്.

സമ്പത്തും ഭൗതിക സൗഭാഗ്യങ്ങളും മറ്റ് സമൃദ്ധജീവിത സാഹചര്യങ്ങളുമൊന്നും സത്യവിശ്വാസത്തിന്റെ പവിത്രവേദിയിൽ സ്വാധീനശക്തികളേയല്ലെന്ന് ഇസ്‌ലാം സംസ്‌കൃതി പ്രഘോഷിക്കുന്നു. അവയ്ക്കടിപ്പെട്ടതിനുള്ള ഒരു നേർത്ത സൂചന പോലും സത്യവിശ്വാസത്തിന്റെ വിശുദ്ധ സംസ്‌കൃതിയെ മലിനപ്പെടുത്തിയതായിക്കാണാൻ കഴിയില്ല.

മദീനയിലഭയം തേടിയെത്തിയ പ്രവാചകനെ സൽക്കരിക്കാൻ അവിടത്തെ ശക്തിയും സ്വാധീനതയുമുള്ള സമുദായ പ്രമാണിമാർ ആവേശത്തോടെ മുന്നോട്ടുവന്നെങ്കിലും, ഉൽക്കണ്ഠാകുലമായ ആ നാളുകളിൽ പോലും താരതമ്യേന നിസ്വനായ അബൂ അയ്യൂബുൽ അൻസാരിയുടെ കൊച്ചു വസതിയിലാണ് പ്രവാചകൻ അന്തിയുറങ്ങാൻ തീരുമാനിച്ചത്. അതിഭീഷണമായ അന്തരീക്ഷമായിട്ടുപോലും ഇസ്‌ലാം സംസ്‌കൃതിയുടെ പ്രഭാത കാലത്ത് പ്രതീക്ഷയുടെയും പ്രത്യാശയുടെയും പ്രകാശകിരണങ്ങളാണവ എന്ന് ബോദ്ധ്യപ്പെട്ട് പാഞ്ഞുവന്നവരിലേറെപ്പേരും അടിമകളും നിസ്വരും നിരാലംബരുമായിരുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമെത്തുന്ന ഭക്തജനങ്ങൾ ധനിക ദരിദ്ര വ്യത്യാസമില്ലാതെ, വ്യത്യസ്ത ഭാഷകളും വ്യത്യസ്ത ജീവിത സമ്പ്രദായങ്ങളും വ്യത്യസ്ത ഭക്ഷണരീതികളുമുള്ള ഭക്തജനങ്ങൾ – എല്ലാവരും ഒരേ വേഷത്തിൽ, ഒരേ രീതിയിൽ തൊട്ടുരുമ്മി നിന്ന് രാജാവും ഫക്കീറുമെന്നോർക്കാതെ കഅ്ബയുടെ തിരുമുറ്റത്ത് ദൈവത്തെ വണങ്ങുന്നു. ഭേദഭാവനകളില്ലാത്ത സമുദായ പഥമാണ് ഖുർആൻ വിഭാവന ചെയ്യുന്നത്. പ്രവാചകന്റെ വിടവാങ്ങൽ പ്രസംഗത്തിലെ ഒരു പരാമർശം ഇവിടെ ഓർക്കത്തക്കതാണ്.

''നിങ്ങളെല്ലാം പരസ്പരം സഹോദരൻമാരാണ്, എല്ലാവരും തുല്യരുമാണ്. നിങ്ങളിൽ ആർക്കും ആരുടെ മേലും ഒരു വിശേഷാധികാരവും അവകാശപ്പെട്ടുകൂടാ. ഒരു അറബിക്ക് അറബിയല്ലാത്ത മറ്റൊരാളെക്കാൾ ഒരു മഹത്വവുമില്ല. അതുപോലെ ഒരനറബിക്ക് ഒരറബിയേക്കാൾ മേൻമയുമില്ല. വെളുത്തവന് കറുത്തവനെക്കാളോ കറുത്തവന് വെളുത്തവനേക്കാളോ ഔന്നത്യമില്ല, സാത്വികതയുടെ അടിസ്ഥാനത്തിലല്ലാതെ.''

ഒരിക്കൽ ദൈവം തന്റെ സകല സൃഷ്ടികളെയും വിളിച്ച് ഇങ്ങനെയറിയിച്ചു:

''എന്റെ കൈവശം ഒരു നിധിയുണ്ട്. ഞാനത് നിങ്ങൾക്കെല്ലാമായി സമ്മാനിക്കാൻ പോവുകയാണ്.''

മനുഷ്യനൊഴിച്ച് മറ്റെല്ലാവരും ഒരേ സ്വരത്തിൽ തങ്ങൾക്കതാവശ്യമില്ലെന്നറിയിച്ചു. അപ്പോൾ മനുഷ്യൻ ഇങ്ങനെ പ്രതിവചിച്ചു:

''സകലജ്ഞനായ ദൈവമേ, ഞാനത് സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളാം.''

ദൈവം സംപ്രീതനായി, ദൈവസൃഷ്ടികളായ സകല ചരാചരങ്ങളാലും നിരാകരിക്കപ്പെട്ട നിധി. അതെന്താണെന്നറിയുകയോ അറിയാനുള്ള ഉദ്വേഗം കാണിക്കുകയോ ചെയ്യാതെ മനുഷ്യൻ പൂർണമനസ്സോടെ സ്വീകരിക്കുവാ

നൊരുങ്ങി. മനുഷ്യൻ കാണിച്ച വിവേകത്തിന്റെ തികവിലും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിലും സന്തോഷിച്ച ദൈവം നിധി അവനെയേല്പിച്ചാശീർവദിച്ചു. ഖുർആൻ വ്യക്തമാക്കിയതുപോലെ മനുഷ്യൻ ദൈവത്തിന്റെ ഭൂമിയിലെ പ്രതിപുരുഷൻ മാത്രമല്ല നിധി സൂക്ഷിക്കുന്നവൻ കൂടിയാണ്. (പല ദാർശനികൻമാരും വ്യാഖ്യാതാക്കളും ആ നിധിയെ ഭിന്ന രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. മനുഷ്യനിലെ പ്രതിഭാശക്തി അഥവാ വിശേഷബുദ്ധിയാണത്രെ ദൈവം മനുഷ്യന് സമ്മാനിച്ചത്.)

നൈസർഗിക വാസനകൾക്കെതിരെ – ജൻമായത്ത വികാരങ്ങൾക്കെതിരെ – പ്രതികരിക്കാനുള്ള കഴിവ് ജീവരാശികളിൽ മനുഷ്യന് മാത്രമുള്ള സവിശേഷതയാണ്. സസ്യലതാദികൾക്കും ജന്തുവർഗ്ഗങ്ങൾക്കും ഇത് സാദ്ധ്യമല്ല. രണ്ട് ദിവസം ഭക്ഷണം കഴിക്കാതിരിക്കാമെന്ന് ഒരു മൃഗത്തിന് ചിന്തിക്കാൻ കഴിയില്ല. ഒരു സസ്യത്തിന് ദുഃഖാർത്ഥമായി ആത്മഹത്യചെയ്യാനൊക്കില്ല; മൃഗത്തിനും വയ്യ. സൃഷ്ടിയുടെ നേരത്ത് ഉദ്ദേശിക്കപ്പെട്ടതിൽനിന്ന് വ്യത്യസ്തമായി പക്ഷി മൃഗാദികൾക്കൊന്നും പ്രതികരിക്കാനാവില്ല. മനുഷ്യന് അതൊക്കെ കഴിയും. അവ സാധിക്കാൻ, അവനെ കരുത്തനാക്കുമാറ്, അവനിൽ പ്രവർത്തിക്കുന്നത് വിശേഷ ബുദ്ധിയാണ്. നല്ലവനായി മാറാനോ, ചീത്തയായിത്തീരാനോ ഉള്ള സ്വാതന്ത്ര്യമവനുണ്ട്. മൃഗമായി മാറാനും ദേവസന്നിഭനായിത്തീരാനും അവന് കഴിയും. ഇതിന്ന് നിയാമകം അവന്റെ ചിന്താശക്തിയും വിശേഷ ബുദ്ധിയുമാണ്. ദൈവം അവനെയേല്പിച്ച ഏറ്റവും വലിയ സമ്പത്ത് അവന്റെ വിശേഷ ബുദ്ധിയാണ്.

ദൈവത്തിന്റെ വരദാനമായ വിശേഷ ബുദ്ധിയെ വിനിയോഗിക്കുന്നതിന്നാവശ്യമായ ഊർജ്ജവും സ്വാതന്ത്ര്യവും ദൈവംതന്നെ മനുഷ്യന് സമ്മാനിച്ചിട്ടുണ്ട്. അപ്പോൾ വിശേഷബുദ്ധിയുടെ വിനിയോഗം, അത് നൻമയിലേക്കായാലും തിൻമയിലേക്കായാലും ദൈവ നിഷേധമോ ദൈവ നിരാകരണമോ അല്ല. എന്നാൽ ദൈവ പ്രീതി വിശേഷ ബുദ്ധിയുടെ വിവേകപൂർവമായ വിനിയോഗത്തിലും വിശിഷ്ടമാർഗ്ഗത്തിലൂന്നി ദൈവ സന്നിധി പൂകാനുള്ള ശ്രമത്തിലും മാത്രമാണ്. നന്നാവാനും നശിക്കാനുമുള്ള സ്വാതന്ത്ര്യമവനുണ്ട്. എന്നാൽ വിശേഷ ബുദ്ധിയുടെ നേരാംവണ്ണമുള്ള വിനിയോഗത്തിലാണ് അവന്റെ വിവേകവും സംസ്കാരവും വിജയവും കുടികൊള്ളുന്നത്.

മനുഷ്യരിൽ വ്യത്യസ്തതകൾ പ്രകടമാണ്. ആകൃതിയിലും പ്രകൃതിയിലും രുചിയിലും വ്യത്യസ്തരാണ് മനുഷ്യർ. ''ഭിന്നരുചിർഹിലോകഃ'' എന്ന ചൊല്ല് അർത്ഥപൂർണ്ണം. ഭിന്നരുചി അഥവാ വൈവിദ്ധ്യം ജൈവ പ്രകൃതമാണ്. അവിടെ സമത്വം ആഗ്രഹിക്കുന്നതും പ്രഖ്യാപിക്കുന്നതും പ്രകൃതി വിരുദ്ധമാണ്. പ്രാകൃതികമായി, ദൈവികമായി കൈവന്ന വ്യത്യസ്തതകളാണവ. ആ വ്യത്യസ്തതകൾ സൂക്ഷിക്കുമ്പോൾതന്നെ മനുഷ്യർ സഹോദരങ്ങളാണ്. തടിച്ച മനുഷ്യനെന്ന വലിയ സഹോദരനും മെലിഞ്ഞ മനുഷ്യനെന്ന ചെറിയ സഹോദരനുമില്ല–മനുഷ്യ സഹോദരൻമാർ മാത്രം. സാഹോദര്യമാണ് സത്യം.

സ്ത്രീയും പുരുഷനും തുല്യരാണ്. പുരാതന ലോകത്തിലെ വിശ്വാസങ്ങൾക്കും ധാരണകൾക്കുമെതിരെ ഇസ്ലാം ഉയർത്തിയ മുദ്രാവാക്യമാണത്. ഒരേ വസ്തുകൊണ്ട് ഒരേ നേരത്ത് ഒരേ രീതിയിൽ സൃഷ്ടിക്കപ്പെട്ടവരാണ് സ്ത്രീയും പുരുഷനും. ഒരാണിൽനിന്നും പെണ്ണിൽനിന്നും പിറന്നവർ,

സഹോദരങ്ങൾ.

വ്യക്തിസ്വാതന്ത്ര്യത്തെ ഞെരുക്കിഞെരുക്കിയൊതുക്കുന്ന ഒരു ദർശന വിശേഷമല്ല ഇസ്‌ലാം. വ്യക്തിസ്വാതന്ത്ര്യത്തെ ഏറ്റവും സ്വച്ഛമായ രീതിയിൽ ഇസ്‌ലാം അനുവദിക്കുന്നുണ്ട്. വ്യക്തിക്ക് തന്നോട്തന്നെയും കുടുംബത്തോടും സമൂഹത്തോടും സമൂഹത്തിന് മറ്റ് സമൂഹങ്ങളോടും തലമുറയ്ക്ക് തലമുറകളോടും ബാദ്ധ്യതകളുണ്ടെന്ന് ഇസ്‌ലാം അനുസ്മരിപ്പിക്കുന്നു. സമൂഹത്തിന്റെ ചമുതലാബോധമുള്ള കാവൽക്കാരനെന്ന നിലയിൽ സാമൂഹ്യതാല്പര്യം സംരക്ഷിക്കാൻ വ്യക്തിക്കുത്തരവാദിത്തമുണ്ട്. സമുദ്രത്തിലെ കപ്പലാണ് മനുഷ്യ സമൂഹമെന്നും സാമൂഹ്യരക്ഷയ്ക്കുത്തരവാദി അതിലെ ഓരോ യാത്രക്കാരനാണെന്നും ഇസ്‌ലാം കരുതുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ കപ്പലിന്റെ തനിക്കവകാശപ്പെട്ട ഭാഗം പൊളിക്കാൻ ആരും മുതിരരുതെന്ന് ഇസ്‌ലാം വിലക്കുന്നു. പ്രബുദ്ധമായ പൗരബോധം ഉദാത്തമായ കുടുംബ സമൂഹ സംവിധാനത്തിന് എത്രമേൽ അനുപേക്ഷണീയമാണെന്ന് ഇസ്‌ലാം വിശദീകരിക്കുന്നുണ്ട്. ദൈവമാർഗ്ഗത്തിൽ നൻമയുടെ ഭാഗത്തുനിന്നുകൊണ്ട് വ്യക്തികൾ പരസ്പരം സഹകരിക്കേണ്ടത് അനുപേക്ഷണീയമാണ്.

> ''നൻമയ്ക്കും ദൈവ ദൗത്യത്തിന്റെ സാക്ഷാൽക്കാരത്തിനും വേണ്ടി പരസ്പരം സഹകരിക്കുക. തിൻമയ്ക്കും ശത്രുതയ്ക്കും സഹകരിക്കരുത്.'' –അൽമാഇദ – 2
>
> ''നിങ്ങളാരെങ്കിലും അരുതാത്തത് വല്ലതും കണ്ടാൽ കൈകൊണ്ട് അതിനെ തടയണം. അതിന് കഴിയാത്തപക്ഷം നാവുകൊണ്ട്, അതിന്നും കഴിയാത്തപക്ഷം മനസ്സുകൊണ്ട് – വിശ്വാസത്തിന്റെ ഏറ്റവും താഴ്ന്ന പടിയാണത്.'' –മുസ്‌ലിം

സമൂഹത്തിൽ നടമാടുന്ന ഓരോ അധർമ്മത്തിന്റെ പേരിലും അതിൽ ഭാഗഭാക്കുകളും അല്ലാത്തവരുമായ ഓരോ പേരും ചോദ്യം ചെയ്യപ്പെടും. കാരണം സമൂഹമെന്നത് അവിച്ഛിന്നമായ ഒരു യാഥാർത്ഥ്യമാണ്, പ്രതിഭാസമാണ്, – ഒരേകതയാണ്. അധർമ്മം അതിനെ അപകടപ്പെടുത്തും. അതുകൊണ്ട് സമൂഹത്തിന്റെ സംരക്ഷണവും പ്രതിരോധവും വ്യക്തിയുടെ അലംഘ്യമായ ബാദ്ധ്യതയായി മാറുന്നു.

സമൂഹത്തിൽ, അടുത്തായാലും അകലത്തായാലും അധർമ്മത്തിന്റെ ലാഞ്ചന കാണുമ്പോൾ അതിനെതിരെ സടകുടയാനുള്ള ആത്മവീര്യം സത്യവിശ്വാസിയിൽ ഇസ്‌ലാം പ്രതീക്ഷിക്കുന്നു. അത്, തന്നെ നേരിട്ട് ബാധിക്കുന്നില്ലെന്ന മട്ടിൽ അധർമ്മത്തോട് പൗരൻ നിസ്സംഗത കാണിക്കാനൊരുങ്ങുകയാണെങ്കിൽ ദുർവഹമായ അപരാധമാണവൻ ചെയ്യുന്നത്. തുടർന്നെന്നും – ഇഹപരങ്ങളിൽ – ആ ഷണ്ഡമായ നിസ്സംഗത – നിഷ്ക്രിയത്വം – അവനെ പിൻതുടർന്നുകൊണ്ടേയിരിക്കും. കാരണം എല്ലാവരാലും സംരക്ഷിക്കപ്പെടേണ്ട ഒന്നാണ് സമൂഹം. കൃത്യവിലോപം ധർമ്മച്യുതിയായും ദൈവശാസനങ്ങളുടെ ലംഘനമായും ഇസ്‌ലാം കരുതുന്നു. 'രക്ഷയന്തി പരസ്പരം' എന്ന ഔപനിഷദികസംസ്കാരം ഇവിടെ ഓർത്തുപോകുന്നു.

''സത്യവിശ്വാസികളും വിശ്വാസിനികളും അന്യോന്യം രക്ഷാകർത്താക്കളാണ്. അവർ നന്മ ഉപദേശിക്കുകയും തിൻമയെ നിരോധിക്കുകയും ചെയ്യുന്നു.'' എന്ന അത്തൗബ (71) അവതരിപ്പിച്ച അദ്ധ്യാപനം ശ്രദ്ധേയമാണ്.

അശരണരെയും അനാഥരെയും രക്ഷിക്കാനും അവരുടെ സുരക്ഷിതത്വം

ഉറപ്പുവരുത്താനും ആവശ്യമെങ്കിൽ ആയുധമെടുക്കേണ്ടിവരും.

''നിങ്ങൾക്കെന്തുപറ്റി! ദൈവമാർഗ്ഗത്തിലും അനാഥരായ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും നിങ്ങൾ യുദ്ധം ചെയ്യുന്നില്ല!'' അന്നിസാഅ്– 75

അഗതികളുടെയും അനാഥരുടെയും ജീവിതഭദ്രതയെക്കുറിച്ച് മുഹമ്മദ് നബി സൂക്ഷിച്ചുപോന്ന ഉൽകണ്ഠ അപാരമായിരുന്നു.

''വിധവകളുടെയും അഗതികളുടെയും സേവനത്തിൽ നിരതനായവൻ ദൈവമാർഗ്ഗത്തിൽ സമരം ചെയ്യുന്നവനെപ്പോലെയോ രാത്രിനിന്ന് നമസ്കരിക്കുകയും പകൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവനെപ്പോലെയോ ആണ്.'' ബുഖാരി - മുസ്‌ലിം

സമുദായത്തിലെ അശരണർക്കും അഗതികൾക്കും ആവശ്യമായത് ചെയ്തുകൊടുക്കാനുള്ള ഉത്തരവാദിത്തം സമുദായത്തിന്നുള്ളതാണ്. സക്കാത്ത് സംഭരിച്ച് അതിന്റെ അവകാശികൾക്കിടയിൽ വിളംബംവിനാ വിതരണം ചെയ്യണം. ആ തുക മതിയാവാതെവന്നാൽ വേണ്ടത്ര സംഖ്യ, ഉള്ളവരിൽനിന്ന് നിർബന്ധപൂർവ്വം സംഭരിക്കണം. സമുദായത്തിൽ ഒരു വ്യക്തി ഒരു ദിവസം പട്ടിണികിടക്കേണ്ടിവന്നാൽ, അവന്ന് ഭക്ഷണം നൽകാൻ പ്രേരിപ്പിക്കുന്നില്ലെങ്കിൽ, ആവശ്യമായ പരിഹാരമാർഗ്ഗം കണ്ടെത്തുന്നില്ലെങ്കിൽ, സമുദായമാകെ കുറ്റഭാരം വഹിക്കേണ്ടിവരും. ഇവ്വിഷയകമായ ഖുർആനിക പരാമർശം ഏറെ ശ്രദ്ധേയമത്രെ:

''അങ്ങനെയല്ല, പ്രത്യുത നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല. അഗതിക്ക് ആഹാരം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നില്ല. അനന്തരസ്വത്ത് നിങ്ങൾ അക്രമമായി തിന്നുന്നു. ധനത്തെ കണ്ണടച്ചു സ്നേഹിക്കുന്നു. അങ്ങനെ വേണ്ടാ. ഭൂമി തകർക്കപ്പെടുമ്പോൾ നിന്റെ നാഥനും അണിയണിയായി മലക്കുകളും വരുമ്പോൾ–ആ ദിനത്തിൽ നരകം കൊണ്ടുവരപ്പെടുമ്പോൾ അന്ന് മനുഷ്യൻ സ്മരിക്കും. പക്ഷേ, അവനെന്ത് സ്മരണ! ഹ! എന്റെ ജീവിതത്തിന് മുൻകൂട്ടി വല്ലതും ചെയ്തിരുന്നെങ്കിൽ! എന്നാൽ അവൻ ശിക്ഷിക്കുംപോലെ ആരും ശിക്ഷിക്കുകയില്ല. അവൻ ബന്ധിച്ചിടുംപോലെ ആരും ബന്ധിച്ചിടുകയുമില്ല.''
അൽഫജ്ർ 17–26

''ഏതെങ്കിലും നാട്ടിൽ ഒരു മനുഷ്യൻ വിശന്നു കഴിയേണ്ടിവന്നാൽ ആ നാട്ടുകാരെ രക്ഷിച്ചുപോരുന്ന ഉത്തരവാദിത്തത്തിൽനിന്ന് അല്ലാഹു ഒഴിവായി.'' അഹ്മദ്

''കൂടുതൽ വാഹനമുള്ളവർ വാഹനമേതുമില്ലാത്തവർക്ക് നൽകട്ടെ.''
മുസ്‌ലിം–അബൂദാവൂദ്

''രണ്ടാളുടെ ഭക്ഷണത്തിന് മൂന്നാമതൊരാളെ കൂട്ടുക. നാലാളുടെ ഭക്ഷണത്തിന് ഒരഞ്ചാമനെ കൂട്ടുക.'' ബുഖാരി – മുസ്‌ലിം

''സ്നേഹം കാരുണ്യം കനിവ്–എന്നിവയിൽ ഒരു ശരീരംപോലെയാണ് മുസ്‌ലിംകൾ. ഒരവയവത്തിന് വല്ലതും പിണഞ്ഞാൽ ശരീരം മുഴുവൻ പനിപിടിച്ച് അതിൽ പങ്കുചേരുന്നു.'' ബുഖാരി – മുസ്‌ലിം

''വിശ്വാസികൾ ഒരു കെട്ടിടംപോലെയാണ്. അതിന്റെ ഭാഗങ്ങൾ പരസ്പരം ശക്തിപ്പെടുത്തും.'' ബുഖാരി – മുസ്‌ലിം

''അക്രമം പ്രവർത്തിക്കുകയും ഐഹിക ജീവിതം അത്യഭികാമ്യ

മെന്ന് കരുതിക്കഴിയുന്നതാരോ അവന്റെ സങ്കേതമാണ് നരകം. രക്ഷിതാവിന്റെ പദവിയെ ഭയപ്പെടുകയും ആത്മാവിനെ ദേഹേച്ഛകളിൽനിന്ന് തടയുകയും ചെയ്തവന്റെ വിശ്രമസ്ഥാനമാണ് സ്വർഗ്ഗം.''

അന്നാസിആത്ത് 37-41

''വല്ലവനും നേർമാർഗ്ഗം പ്രാപിച്ചാൽ അതിന്റെ ഫലം അവന്നുതന്നെ യാകുന്നു. വല്ലവനും ദുർമാർഗ്ഗം പ്രാപിച്ചാൽ അതിന്റെ ദോഷവും അവന്നുതന്നെ. അവരുടെ കാര്യത്തിൽ നീ ഉത്തരവാദിയല്ല.''

അസ്സുമർ 41

''മാതാപിതാക്കൾക്ക് നന്മചെയ്യണം. അവരിൽ ഒരാളോ, രണ്ടാളും കൂടിയോ വൃദ്ധരായി നിന്റെയടുക്കൽ കഴിയുമ്പോൾ നീയവരോട് 'ഛെ' എന്നുപോലും പറഞ്ഞുപോകരുത്. അവരോട് നല്ലതു പറയുക-എളിമയുടെ കരുണാർദ്രമായ ചിറക് നീ അവർക്കായി താഴ്ത്തിക്കൊടുക്കുക. നീ പറയുക എന്റെ നാഥാ ചെറുപ്പകാലം അവരെന്നെ പോറ്റിയതുപോലെ നീയവർക്ക് കരുണചെയ്യേണമേ!''

അൽഇസ്റാഅ് 23-24

തനിക്കും സമൂഹത്തിനും ദോഷകാരിയല്ലാത്ത സമസ്ത സ്വാതന്ത്ര്യങ്ങളും ഇസ്ലാം വ്യക്തിക്കനുവദിച്ചിട്ടുണ്ട്. വ്യക്തിയും സമൂഹവും ഒരുപോലെ ആദരിക്കേണ്ട ചില ജീവിത മൂല്യങ്ങളുണ്ട്. അവയുടെ സാക്ഷാൽക്കരണം വ്യക്തി-സമൂഹങ്ങളുടെ ബാദ്ധ്യതയാണ്. അതിൽ വ്യക്തി സമ്പൂർണ്ണ സഹകരണം സമർപ്പിക്കണം.

# 16. ജീവിത പൂർണതയ്ക്ക്

മതങ്ങളെല്ലാം ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുന്നു. പ്രപഞ്ചത്തിന് ഒരു സൃഷ്ടികർത്താവുണ്ടെന്ന് എല്ലാ പ്രവാചകന്മാരും ലോകത്തെ അറിയിച്ചിട്ടുമുണ്ട്.

വിശ്വാസത്തിന് മനുഷ്യവംശത്തിന്റെ പ്രായമുണ്ട്. വിശ്വാസത്തിന്നനുരോധമായി നിഷേധവും പിറന്നിരുന്നു എന്നതാണ് ഒരു വിശേഷം. എന്നാൽ ഒരിക്കലും വിശ്വാസികളുടേതുപോലെ നിഷേധികളുടെ മാത്രമായ ഒരു ജനപദമുണ്ടായിട്ടില്ല. നിഷേധം വൈയക്തികമായിരുന്നു എന്നാണിവിടെ വിവക്ഷ.

പ്രാചീന ഭാരതത്തിൽതന്നെ അറിയപ്പെടുന്ന നിരവധി നിഷേധികളുണ്ടായിരുന്നു. കപിലൻ, സാംഖ്യൻ, കണാദൻ, യാജ്ഞവല്ക്യൻ, ദത്താത്രേയൻ തുടങ്ങിയവർ അക്കൂട്ടത്തിലാണ്. പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടുകളിൽ യൂറോപ്പിലുണ്ടായ ചലനങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു. ക്രിസ്തീയമതവും അതിവേഗം വികാസവൃദ്ധികൾക്ക് വിധേയമായിക്കൊണ്ടിരുന്ന ശാസ്ത്രവും തമ്മിലുണ്ടായ സംഘർഷം ചരിത്രത്തെ ഏറെ സ്വാധീനിച്ചതായിക്കാണാം. ഈ അകൽച്ചയെ നിഷേധികൾ നന്നായി പ്രയോജനപ്പെടുത്തുകയുണ്ടായി. ശാസ്ത്രത്തിന്റെ പിൻതുണയോടെയാണ് പിൽക്കാലത്ത് നിഷേധവാദം അഥവാ അനാത്മവാദം രംഗത്തുവന്നത്.

വിശ്വാസം, വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഒരാശ്വാസമാണ്. ആശ്വാസമെന്നത് ഒരനുഭവവും. അനുഭവങ്ങളെ നിരാകരിക്കാൻ ആർക്കും സാദ്ധ്യമല്ല; അത്രയുമാണ് വിശ്വാസത്തിന്റെ യുക്തിപരത. ''ഈശ്വരനെന്നൊന്നില്ലെങ്കിൽ മനുഷ്യജീവിതത്തിന്റെ സ്വസ്ഥതയ്ക്കും ഭദ്രതയ്ക്കും വേണ്ടി ഒരീശ്വരനെ നാം സൃഷ്ടിക്കേണ്ടിവരുമായിരുന്നു'' എന്നുപോലും ചിന്തിച്ച വിശ്വാസികൾ ഇവിടെയുണ്ടായിരുന്നു.

ദൈവവിശ്വാസം ഒരു ദർശനമെന്ന രീതിയിൽത്തന്നെ ഇസ്ലാം സംസ്കൃതിയുടെ അംഗിയായ ഭാവമാണ്. ഇസ്ലാം ഏകദൈവത്തിൽ വിശ്വസിക്കുന്നു. ഇസ്ലാം പിറന്ന അറേബ്യാഭൂഖണ്ഡം പരമ്പരയാ ദൈവവിശ്വാസികളുടെ പ്രദേശമായിരുന്നു. അനേക ദൈവങ്ങളെ അവരാരാധിച്ചുപോന്നു. ''ബഹുദൈവാരാധനയുടെ പേരിൽ അറേബ്യയിൽ നടന്ന വൈകൃതങ്ങളും മനുഷ്യോചിതമല്ലാത്ത ഹീനവൃത്തികളും അവർണ്യമായിരുന്നു'' എന്ന് രേഖപ്പെടുത്തിയ ചരിത്രഗ്രന്ഥങ്ങളുണ്ട്.

പ്രവാചകനിലൂടെ തെളിഞ്ഞുവന്ന ഇസ്ലാം ഇതിനെ എങ്ങനെ നേരിട്ടു എന്നന്വേഷിക്കുന്നത് ഉചിതമായരിക്കും. ഒരു പ്രതിഷ്ഠിത വിശ്വാസത്തിന്റെ

ലംഘനം ശിലാഭേദനം പോലെ ശ്രമാവഹമായിരിക്കുമെന്ന് വിചാരമതികൾക്കറിയാം. എന്നാൽ ഇസ്ലാംമതം ഇത് നിർവഹിച്ചത് അനായാസമായിരുന്നു എന്ന് പറഞ്ഞുകൂടെങ്കിലും പുതിയൊരു മാർഗ്ഗം അവലംബിച്ചുകൊണ്ടാണ്. ബഹുദൈവ വിശ്വാസത്തിന്റെ സാധുതയെ ചോദ്യം ചെയ്യുക എന്ന രീതി മാറ്റി ഏകദൈവത്വത്തിന്റെ സമർഥനത്തിലൂടെയാണ് ഇസ്ലാം സമൂഹമനസ്സിനെ സ്വാധീനിച്ചത്. അതുവഴി പ്രവാചകൻ പുതിയ ദർശനത്തിന്റെ പ്രതിഷ്ഠാപനമാണ് ജനമനസ്സുകളിൽ നിർവഹിച്ചത്. ''അവന്ന് തുല്യമായയൊതൊരു വസ്തുവുമില്ല'' (112:4) എന്ന് ലോകം നിറഞ്ഞുനിൽക്കുന്ന സചേതനങ്ങളായ ദൃഷ്ടാന്തങ്ങൾ നിരത്തി സമർഥിച്ചുകൊണ്ടാണ് പ്രവാചകൻ മുന്നോട്ടു നീങ്ങിയത്. പഴയ തലമുറ ദൈവങ്ങളെ അവതരിപ്പിച്ച് പരിചയപ്പെടുത്തിയപ്പോൾ വൈവിദ്ധ്യമാർന്ന നാമരൂപങ്ങൾ അവതീർണങ്ങളായിട്ടുണ്ട്. അവയൊക്കെ മനുഷ്യമനസ്സിൽ കുഴപ്പങ്ങളുണ്ടാക്കാൻ കാരണങ്ങളായിഭവിച്ചു. ആശയക്കുഴപ്പങ്ങളുടെ ഇരുണ്ട ഇടനാഴിയിലൂടെ കയറിയിറങ്ങിപ്പോന്ന മനുഷ്യരെ 'ഇതല്ല ഇതല്ല' എന്ന് ബോദ്ധ്യപ്പെടുത്തി സംശയച്ഛേദിയാം വിധം പ്രവാചകൻ ഇങ്ങനെ പറഞ്ഞു: ''അവന്ന് തുല്യമായി യാതൊന്നുമില്ല''. സാദൃശ്യം കല്പിക്കുമ്പോൾ ബഹുത്വദർശനത്തിന് പ്രസക്തിയില്ല. അതുല്യമാണ്, അസദൃശമാണ് എന്ന് ഖണ്ഡിതമായിപ്പറയുമ്പോൾ 'ഏകമേവാദ്വിതിയം ബ്രഹ്മം' ദൃഢരൂഢമായിത്തീരുകയാണ്. അവൻ അനാദ്യനും അനന്ത്യനുമാണെന്നും അവൻ ബാഹ്യവും ആഭ്യന്തരവുമാണെന്നും അവൻ സ്വയംഭൂവാണെന്നും ഖുർആൻ പ്രഖ്യാപിക്കുമ്പോൾ ദൈവ പ്രകൃതിയെക്കുറിച്ചുള്ള സത്യശുദ്ധമായ സാമാന്യബോധം നമ്മിലങ്കുരിക്കുന്നു.

അവന്ന് മാതാപിതാക്കളും ഭാര്യയും സന്താനങ്ങളുമുണ്ടെന്ന് പറയുമ്പോൾ അവൻ അവന്റെ സൃഷ്ടിയായ മനുഷ്യനെപ്പോലെതന്നെ എന്നൊരു വികലബോധം നമ്മിലുണ്ടാകും. ജന്തു സഹജമായ വികാരങ്ങളും അനുഭൂതികളും അവനിലാരോപിക്കുമ്പോൾ ദൈവപ്രകൃതിയോട് നാം നീതികാണിക്കുന്നില്ല എന്നാണ് ഖുർആന്റെ പക്ഷം. അതിനാൽ താദൃശങ്ങളായ സകല പരാമർശങ്ങളോടും ഖുർആൻ വിപ്രതിപത്തി കാണിക്കുന്നു.

''ഉറക്കമോ മയക്കമോ അവനെ ബാധിക്കുന്നില്ലെ''ന്നും ''ആകാശഭൂമികളിലുള്ളതെല്ലാം അവന്റെ അധീനത്തിലാണെ''ന്നും ''അവന്റെ അനുമതി കൂടാതെ അവങ്കൽ ശുപാർശ സമർപ്പിക്കാൻ ആർക്കും സാദ്ധ്യമല്ലെ''ന്നും ''അവന്റെ സിംഹാസനം ആകാശ ഭൂമികളെ ചൂഴ്ന്നിരിക്കുന്നു'' വെന്നും രേഖപ്പെടുത്തുമ്പോൾ അവൻ അത്യുന്നതനും അസദൃശനും അഖിലാരാദ്ധ്യനുമാണെന്ന് ബോദ്ധ്യമാകുന്നു.

സത്യമായി, സനാതനമായി ഒന്നുമാത്രമേയുള്ളൂവെന്നും അ സനാതന സത്യത്തിന്റെ സചേതന സാന്നിദ്ധ്യമാണ് സകല ജീവരാശികളിലും സ്പന്ദിക്കുന്നത് എന്നുമുള്ള അദ്വൈത സിദ്ധാന്തസാരം നാമിവിടെയനുസ്മരിക്കുന്നു. അഖിലാരാദ്ധ്യനായ ദൈവം ഏകനാണെന്നും അവന്റെ സൃഷ്ടിയാണ് പ്രപഞ്ചം എന്നും ഖുർആൻ സമർഥിക്കുന്നു; സ്രഷ്ടാവും സൃഷ്ടിയും രണ്ടായി നിലകൊള്ളുന്നു. സ്രഷ്ടാവിന്റെ കൈക്രിയയാണ് പ്രപഞ്ചം എന്നതുകൊണ്ട് പ്രപഞ്ചത്തിന് സ്ഥായീഭാവമില്ല.

ദൈവത്തിന്റെ മഹിമാവുകളറിയുകയും അവയെ വരിഷ്ട മാതൃകകളാക്കി അനുധാവനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നവരിൽ ദൈവം

കാരുണ്യം വർഷിക്കുമെന്ന ഖുർആനിക സൂചന അർഥവത്താണ്.

"ദൈവപ്രീതി കാംക്ഷിക്കുന്നവരെ സമാധാനത്തിന്റെ പാതയിലേക്കും സന്മാർഗ്ഗത്തിലേക്കും അല്ലാഹു വഴികാണിക്കും" (5: 16) എന്ന സൂക്തം അതാണ് വെളിപ്പെടുത്തുന്നത്.

സാന്നിദ്ധ്യത്തിന്റെ അപരിമേയമായ തീവ്രതകൊണ്ടാണ് ദൈവം നമ്മുടെ കണ്ണിന് അഗോചരമായിത്തീരുന്നത്. അകൽച്ചയുടെ അധികതയിലും വസ്തു ദൃഷ്ടിഗോചരമായിത്തീരാറില്ല. (മുട്ടുസൂചിയെടുത്ത് കണ്ണിലെ കൃഷ്ണമണിക്കടുത്ത് പിടിച്ചു. അപ്പോഴത് അദൃശ്യമായിരിക്കുന്നു. പറന്നകലുന്ന വിമാനം ചെറുതായി ചെറുതായി പിന്നെ അപ്രത്യക്ഷമാകുന്നത് അകൽച്ചയുടെ ആധിക്യം കൊണ്ടാണ്.) "തന്റെ സാന്നിദ്ധ്യത്തിന്റെ തീവ്രതകൊണ്ട് സൃഷ്ടികളിൽനിന്ന് മറഞ്ഞിരിക്കുകയും തന്റെ പ്രകാശത്തിന്റെ തിളക്കത്താൽ അവരുടെ ദൃഷ്ടികളിൽനിന്നും മറയ്ക്കപ്പെട്ടിരിക്കുന്നവനുമായ ഒരുവന്ന് സ്തുതി" എന്ന് ഖുർആൻ ദൈവ ചൈതന്യത്തെയവതരിപ്പിക്കുമ്പോൾ "ഭാവത്തിൻ പരകോടിയിൽ സ്വയമഭാവത്തിൻ സ്വഭാവം വരാം." എന്ന മനഃശാസ്ത്രാവലംബിയായ ചിന്താശകലം നാമോർക്കുന്നു.

"കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണ്. നിങ്ങൾ എവിടേയ്ക്ക് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്" (2:15) എന്നും "അവൻ എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു" (41:54) എന്നും "അവൻ അതിവിശാലനാണ്"(2:115) എന്നും "നിങ്ങൾ എവിടെയിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്" (57:4) എന്നുമുള്ള ഖുർആനിക സൂക്തങ്ങൾ വായിക്കുമ്പോൾ അവൻ സർവ്വത്തെയും ചൂഴ്ന്നുനില്ക്കുന്നവനാണെന്നാണ് ബോദ്ധ്യപ്പെടുന്നത്. ഹൈന്ദവഗ്രന്ഥങ്ങളിലെ സഹസ്രനാമങ്ങൾ പോലെ ഖുർആനിൽ അർഥവാചിയായ അനേകം നാമാന്തരങ്ങളുണ്ട്.

"അവൻ കരുണാനിധിയാണ്, പരമകാരുണികനാണ്" (1:2)

സർവ്വശക്തനാണ് (2:20)

സർവജ്ഞനാണ് (2:282)

"എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണ്" (4:58) "സൂക്ഷ്മജ്ഞനാണ്" (6:103) "പരാശ്രയമില്ലാത്തവനാണ്" (27:40) "സർവരെയും അതിജയിക്കുന്നവനാണ്" (40:2) "സഹനശീലനാണ്" (85:51) "തെറ്റുകൾ പൊറുക്കുന്നവനാണ്" (40:3) "ക്ഷമാനിധിയാണ്." (4:43) "നീതിനിഷ്ഠനാണ്." (3:18) "അനീതികാട്ടാത്തവനാണ്" (4:124) "ഭയരക്ഷകനാണ്" (65:3) "പ്രകാശത്തിലേക്ക് വഴിനയിക്കുന്നവനാണ്" (5:16) "സുകൃത ബാന്ധവനാണ്" (2:222) "ഉദാരശീലനാണ്" (27:40) "സത്യ സന്ധനാണ്" (33:4) "രാജാധിരാജനാണ്" (3:26) "അഖില നിയന്താവാണ്" (2:255) "പ്രപഞ്ച രക്ഷകനാണ്." (6: 164) "അന്ന ദാതാവാണ്." (2: 212) "സകലജ്ഞനാണ്" (6:3) "ന്യായാധിപനാണ്." (5:1)

മേലുദ്ധരിച്ച 'സഹസ്രനാമങ്ങളി'ൽനിന്ന് ഖുർആനിലെ ദൈവസങ്കല്പത്തെ സംബന്ധിച്ചുള്ള തെളിഞ്ഞ ചിത്രം നമുക്കു ലഭിക്കും. ഓരോ നാമവും പ്രതിനിധീകരിക്കുന്ന ആശയലോകത്തെ സമന്വയിപ്പിച്ചാൽ അത് ഇസ്ലാം സംസ്കൃതി വരച്ചുകാണിക്കുന്ന ദൈവ പ്രകൃതത്തെയും ദൈവ ധർമ്മങ്ങളെയും അനാവരണം ചെയ്യുന്നതായി മാറും. ഏകനും കരുണാനിധിയും അഖിലാരാധ്യനുമായ വിശ്വശിൽപി – അതാണ് ഖുർആനിക ദൈവ

സങ്കല്പം .

ഭൗതികയാഥാർഥ്യങ്ങളുടെ മേഖലയിൽ അധൃഷ്യതയവകാശപ്പെട്ടു കഴിയുന്നവൻ പോലും ഇവിടെ എന്ത് ചെയ്യേണ്ടൂ എന്നറിയാതെ വിഷമിക്കുന്ന നിമിഷങ്ങളുണ്ട്. മറ്റുള്ളവരിൽ വിസ്മയം വിളയിച്ചുകൊണ്ട് അവൻ വേപഥു കൊള്ളുകയും ഗദ്ഗദാക്ഷരനായിത്തീരുകയും ചെയ്യുന്നു. ഒന്നുമാലോചിച്ചല്ലെങ്കിലും ദൈവമേ എന്ന് വിളിക്കുകയും സബോധനായല്ലെങ്കിലും എന്തോ യാചിക്കാനെന്നപോലെ കൈകൾ ആകാശത്തിലേയ്ക്കുയർത്തുകയും ചെയ്യുന്നു. ഈശ്വരോന്മുഖമാണ് മനുഷ്യന്റെ പ്രയാണം. സമൃദ്ധമായ പരിസര പ്രപഞ്ചത്തിനുപോലും പരിശമിപ്പിക്കാൻ കഴിയാത്ത അദമ്യമായ ഒരന്തർദാഹം അവനിൽ പ്രകടമാണ്. എന്തു നേടിയാലും നേടേണ്ടത് നേടിയില്ലെന്നൊരു തോന്നൽ. എന്ത് കണ്ടാലും കാണേണ്ടത് കണ്ടില്ലെന്ന അവ്യാഖ്യേയമായ ഒരസ്വാസ്ഥ്യം. തന്റെ അനുഭവങ്ങളുടെയും ആസ്വാദനങ്ങളുടെയും മേഖലകളിൽ ആവേണ്ടതായില്ല എന്നൊരസംതൃപ്തി. അവന്റെ ബുദ്ധിയും മനസ്സും 'ഇതല്ല ഇതല്ല' എന്ന് സദാ മന്ത്രിച്ചുകൊണ്ടിരിക്കുമ്പോൾ ഏതാണെന്നറിയാനുള്ള ഉൽക്കണ്ഠയും ജിജ്ഞാസയും അതിൽ നിലീനമാണ്. തന്റെ പരിമിതികളെക്കുറിച്ചും അപൂർണതകളെക്കുറിച്ചും ഒരാൾ ബോധവാനാണെന്നു വരുമ്പോൾ പൂർണവും അപരിമേയവുമായ ഒരജ്ഞാത മേഖലയിലേയ്ക്ക് അവൻ കൈകളുയർത്തിപ്പോവുകയാണ്. തന്റെ കൈകൾ, താനറിയാതെയാണെങ്കിലും ഉയർത്തപ്പെടുന്നത് എവിടേക്ക് എന്നു സ്വയം ചോദിക്കുമ്പോൾ അവന്റെ മനസ്സ് നിശ്ശബ്ദമാവുന്നു. ആ നിശ്ശബ്ദതയ്ക്ക് ഭാഷ്യം നൽകിയാൽ ലഭിക്കുന്ന സമാധാനം പൂർണതയിലേയ്ക്ക്, നിത്യസത്യത്തിലേയ്ക്ക് അഥവാ ശാന്തിയിലേയ്ക്ക് എന്നായിരിക്കും.

ഭക്ഷണവും നിദ്രയും പ്രജനനശേഷിയും വിചാരശക്തിയും വിവേചനബോധവും ഭാഷണ സിദ്ധിയുമെല്ലാമുള്ള മനുഷ്യൻ മറ്റ് ജീവരാശികളെയപേക്ഷിച്ച് കുറേക്കൂടി ലക്ഷ്യബോധമുള്ളവനാണ്. അവന്ന് ദൈവദത്തമായ വിശേഷബുദ്ധി അവന്റെ ലക്ഷ്യപ്രാപ്തിയിൽ അവന് വളരെയേറെ സഹായകമാണ് ''ആകാശഭൂമികളുടെ പ്രകാശമായ'' (24:35) സത്യവേദഗ്രന്ഥം അവനെ വഴിനയിക്കാനുമുണ്ട്. അപ്പോൾ അവന്റെ ജീവിതം വിഭാവിത ലക്ഷ്യം സാക്ഷാൽക്കരിച്ച പരമധന്യതയ്ക്ക് വിധേയമാവണമെങ്കിൽ ദൈവസന്നിധിയിലേയ്ക്ക് അവൻ ഉയർന്നുപൊങ്ങേണ്ടതുണ്ട്. ദാർശനികനായ ക്രെസ്റ്റി മോറിസൺ ഇങ്ങനെയെഴുതി:

''മനുഷ്യഹൃദയത്തിൽ ദൈവാസ്തിത്വത്തെക്കുറിച്ച് ബോധമുണ്ടെന്നതാണ് എന്റെ അഭിപ്രായത്തിൽ ദൈവാസ്തിത്വത്തിന്നുള്ള ഏറ്റവും വലിയ ദൃഷ്ടാന്തം. ദൈവികവിഭാവന ഹൃദയത്തിലങ്കുരിപ്പിക്കത്തക്ക ആത്മീയ ശക്തിയുള്ള ഏക ജീവി ഈ പ്രപഞ്ചത്തിൽ മനുഷ്യർ മാത്രമാണ്. ഈ ശക്തിയെ നാം വിചാരശേഷി എന്ന് വിളിക്കുന്നു. വിചാരങ്ങൾ ശേഷികൊണ്ടും ദൈവികദൃഷ്ടാന്തങ്ങളെ അവലംബമാക്കിയുള്ള വിചിന്തനംകൊണ്ടും മനുഷ്യന്റെ അന്തരംഗത്തു വമ്പിച്ച ആത്മീയോൽക്കർഷം സംജാതമാകുന്നു. ഈ അവസ്ഥാവിശേഷത്തിൽ അദൃശ്യവസ്തുക്കളുടെ യാഥാർഥ്യം അവന്ന് ഉൾക്കൊള്ളാൻ കഴിയുന്നു. ഈ ശക്തിവിശേഷം ഒരു മനുഷ്യന് മുമ്പിൽ യാഥാർഥ്യങ്ങളുടെ ദിവ്യ വെളിപാടിന്റെ വിശാലരംഗം തുറന്നുവെക്കുന്നു. അവന്റെ മാനസിക ഭാവനകൾ ആത്മീയ യാഥാർഥ്യങ്ങളുടെ രൂപം പ്രാപിക്കുന്നു. അവന്ന്

പ്രാപഞ്ചികവും ആത്മീയവുമായ അസംഖ്യം ദൃഷ്ടാന്തങ്ങളിലൂടെ ദൈവ സന്നിധിയെക്കുറിച്ച് തെളിവു ലഭിക്കുന്നു. ദൈവം എല്ലാ വസ്തുക്കളിലുമുണ്ടെന്നും സർവോപരി തന്റെ ഹൃദയത്തിന് സമീപത്തുതന്നെയുണ്ടെന്നും അവൻ അറിഞ്ഞുതുടങ്ങുന്നു.'' ഇതൊരു മഹായാത്രയുടെ മംഗളപൂർണമായ സമാരംഭമാണ്.

# 17. ഒരു ധീര നൂതന സമൂഹം

നാം ആരാണെന്നോ നാം വഹിച്ചുകൊണ്ടുപോകുന്ന ജീവിതം എന്തിനാണെന്നോ എന്താണീ പ്രപഞ്ചമെന്നോ അറിയാതെ എല്ലാം കണ്ട് വിസ്മയിക്കാൻ മാത്രം ശീലിച്ച ആദിമമനുഷ്യൻ പ്രകൃതി പ്രതിഭാസങ്ങൾക്ക് മുന്നിൽ അങ്ങനെ അന്തംവിട്ടുനിന്നു. ക്രമത്തിലവനിൽ ജിജ്ഞാസയുണർന്നു. അത് അന്വേഷണത്തിലേക്ക് വഴിനയിച്ചു. ആദ്യം അതൊരു കൂട്ടായ ശ്രമമൊന്നുമായിരുന്നില്ല. പല കാലങ്ങളിലായി പല തലങ്ങളിലായി അന്വേഷണം തുടർന്നു. കണ്ടും കൊണ്ടും മായ്ച്ചും തിരുത്തിയുമായിരുന്നു അവന്റെ പ്രയാണം. (ഈ പ്രയാണഗതിയുടെ പ്രകൃതത്തെ ഉപനിഷത്തുകൾ 'നേതി നേതി' എന്ന മന്ത്രവാക്കുപയോഗിച്ചാണ് വിശേഷിപ്പിച്ചത് – ഇതല്ല ഇതല്ല എന്നാണതിന്റെ വിവക്ഷ) മനുഷ്യനിലെ കഴിവുകൾ പ്രവൃദ്ധങ്ങളായി. കാഴ്ചപ്പാടുകൾക്ക് തീക്ഷ്ണത കൂടി. അവന്റെ ചിന്തയ്ക്ക് ക്രമീകൃതത്വവും ചുടുലതയും വർദ്ധിച്ചു. ജ്ഞാനം എന്ന് പറയാൻ ധൈര്യം തോന്നിയില്ലെങ്കിലും ഏതോ ഒരദൃശ്യശക്തിയുടെ കളിവിളയാട്ടം അവന്ന് ബോദ്ധ്യപ്പെട്ടു. ഇന്ദ്രിയഗോചരങ്ങളായ സകലമാന പ്രാപഞ്ചിക പ്രതിഭാസങ്ങളും അതിലേക്കാണവനെ നയിച്ചത്. സൃഷ്ടി സ്ഥിതി സംഹാരകാരകത്വം ആ അദൃശ്യ ശക്തിയുടെ സിദ്ധിയാണെന്നും അതിന്ന് വിധേയമായാണ് സമസ്ത ചരാചരങ്ങളും വന്നിരിക്കുന്നതെന്നും അവൻ കണ്ടെത്തി.

പ്രാചീന ഭാരതത്തിലെ ഋഷിപുംഗവന്മാർ മനുഷ്യചരിത്രത്തിന് നൽകിയ സംഭാവനകൾ വലുതായിരുന്നു. യവനനാഗരികതയുടെ പതാകാവാഹകരുടെ കണ്ടെത്തലുകളും ശ്രദ്ധേയമായിരുന്നു. പല ദർശനങ്ങളും മതങ്ങളും ജന്മമെടുത്തു. ആത്മീയ വാദത്തിന്റെയും ഭൗതിക വീക്ഷണത്തിന്റെയും മായാ വാദത്തിന്റെയുമെല്ലാം രീതിഭേദങ്ങൾ ചിന്തയുടെ വേദിയിൽ സങ്കീർണ്ണങ്ങളായ ചലനങ്ങളുണർത്തി. ഇവയ്ക്കെല്ലാം സാമാന്യമായ ഒരു സവിശേഷതയുണ്ടായിരുന്നു. എല്ലാ ദർശനങ്ങളും മതതത്വസംഹിതകളും പ്രതിഭാശാലികളുടെയും വിചാരമതികളുടെയും വേദികളിൽ മാത്രം പ്രസരിച്ചു നില്ക്കുകയായിരുന്നു. പ്രതിഭാശാലികളുടെ ചിന്തയ്ക്കൊപ്പം നടക്കാൻ സാമാന്യമനസ്സുകൾക്ക് സാധിച്ചില്ല. എന്നാൽ അറിഞ്ഞുകൊണ്ടല്ലെങ്കിലും അവയ്ക്ക് പിറകിൽ അനുധാവനം ചെയ്യാനാളുകളുണ്ടായി. അജ്ഞാതമായ ഒരാന്തരിക ദാഹത്തിന്റെ പരിശമനത്തിന്നുള്ള അവ്യക്തമായ പ്രേരണയാകാം അതിന്റെ പിന്നിൽ. എന്തായാലും ഒരു പ്രവാഹത്തിലെ ജലകണം പോലെ അവരും ഒപ്പമൊഴുകി.

അവിടെയാണ് ഖുർആന്റെ തിരുവുദയം ശ്രദ്ധേയമാകുന്നത്. ഒരു കൂർമ ബുദ്ധിയുടെ മസ്തിഷ്ക്കത്തിന്റെ അഗാധതയിൽ നിന്നുയർന്ന സങ്കീർണ്ണത യണിഞ്ഞ ചിന്തകളുടെ സമുച്ചയമല്ല ആ വേദഗ്രന്ഥം. ആരുടെ മുന്നിലും ഒരു കീറാമുട്ടിയായി അവശേഷിപ്പിക്കുന്ന ഒന്നും ഖുർആന് നൽകാനില്ല. അതി സാധാരണനായ അതും നിരക്ഷരനായ ഒരാളിലൂടെയാണ് ഖുർആൻ അവത രിക്കുന്നത്. അവിടെ സ്വാഭാവികമായും സങ്കീർണ്ണതകളും ദുർഗ്രഹതകളും വ്യാമിശ്രതകളും മുഖം കാണിക്കുകയില്ലല്ലൊ.

അറിയാത്തവനാണ് താനെന്ന്
ബോദ്ധ്യമുള്ളവനാണ് മുഹമ്മദ്
അതിനാൽ മുഹമ്മദിന്റെ ഭാവം
വിനയമസൃണമായിരുന്നു
ഔപചാരിക വിദ്യാഭ്യാസമൊന്നും
നേടിയിരുന്നില്ലെങ്കിലും മുഹമ്മദിനെക്കുറിച്ച്
സാർവത്രികമായി പ്രചരിച്ച അഭിപ്രായം
അൽഅമീൻ (വിശ്വസ്തൻ) എന്നാണ്.
അതിനാൽ വിശ്വസ്തതയിൽ, സത്യസന്ധതയിൽ
മുഹമ്മദ് അസദൃശനായിരുന്നു
ആശയാദർശങ്ങളുമായി വിയോജിക്കുന്നവർപോലും
ലഘുത്വവും സത്യസന്ധതയുമാണ്
മുഹമ്മദിന്റെ പ്രകൃതമെന്ന്, പറയുമായിരുന്നു.

മുഹമ്മദ് പറയുന്നത് ആർക്കും മനസ്സിലാകുമായിരുന്നു. അതിന്റെ ആഴ ങ്ങളറിയാൻ മറ്റൊരു ഭാഷ്യകാരൻ ആവശ്യമായിരുന്നില്ല. അദ്ദേഹത്തിന്റെ നാക്കിലൂടെ ഒഴുകിയെത്തിയ ആശയങ്ങൾക്ക് എന്തെങ്കിലും അവ്യക്തത തോന്നിയെങ്കിൽ മുഹമ്മദിന്റെ ചര്യകൾ നോക്കി ശുദ്ധ രൂപമുറപ്പിക്കാൻ ആർക്കുമൊട്ടും വിഷമമില്ലായിരുന്നു.

ജീവിത ധർമങ്ങളെക്കുറിച്ച് ഖുർആൻ നൽകിയ വിശദീകരണം ലളി തവും അവക്രവുമായിരുന്നു. ഒരുപക്ഷേ അന്നോളം മറ്റൊരു മതദർശന ത്തിലും ഇത്രമേൽ തെളിവുറ്റതും ലാളിത്യമിയന്നതുമായ ഒരാഖ്യാനം ലോകം കണ്ടിട്ടില്ല. അന്നോളം അർഥമറിയാതെ ഒത്തിരുന്നു പാടാൻ പോരുന്ന ജപമാ ലകളുടെയും സ്ത്രോത്രരത്നങ്ങളുടെയും സമുച്ചയമായിരുന്നു സാധാരണ ക്കാരന് മതദർശനം. അഥവാ സാമാന്യനെ സംബന്ധിച്ചേടത്തോളം ദുർഗ്രഹ മായിരുന്നു അന്നേവരെയുള്ള ദൈവദർശനങ്ങളെല്ലാം. മതാനുഗാമികളായിട്ടും സാമാന്യ ജനം ജീവിതത്തെ തദനുസാരം ലക്ഷ്യോന്മുഖമായി പൂർണ്ണതയി ലേക്ക് നയിക്കാൻ ശ്രമിക്കാതെ അഥവാ ആഗ്രഹിച്ചാലും സാധിക്കാതെ പ്രപഞ്ച പ്രതിഭാസങ്ങളുടെ വിധാതാവും സകലാധിനാഥനുമായ ദൈവ ത്തിന്റെ മുന്നിൽ ഭക്ത്യാദരങ്ങളോടെ നില്ക്കുകയായിരുന്നു. എവിടെ നിന്നാ ണേറെ പ്രസാദം ലഭിക്കുകയെന്നറിയാതെ പല ദൈവങ്ങളുടെയും മുന്നിൽ വിഭ്രാമകമായി ഉഴലുകയായിരുന്നു!

ഉരുളച്ചോറു കൈവിട്ടി–
ട്ടുള്ളം കൈ നക്കുവോനിവൻ

എന്ന് ദൈവവിശ്വാസി പരിഹസിക്കപ്പെടുന്നതുവരെ കാര്യങ്ങൾ ചെന്നെത്തി–അപ്പോൾ ഖുർആൻ:

സങ്കീർണ്ണതകളില്ലാതെ, വളച്ചുകെട്ടില്ലാതെ
ദൈവത്തെ ലളിതമായി, സരളമായി പരിചയപ്പെടുത്തി
ദൈവഹിതത്തെയും പരിചയപ്പെടുത്തി
സർവശക്തനും പരമകാരുണികനും
ഏകനുമായ അല്ലാഹു.
അവനാണ് പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവ്
സൃഷ്ടികളുടെ രക്ഷാശിക്ഷകളെല്ലാം
അവന്റെ നിശ്ചയമനുസരിച്ച് നടക്കുന്നു.
ഭൂമിയിൽ ദൈവത്തിന്റെ
പ്രതിപുരുഷനാണ് മനുഷ്യൻ
അതിനാൽ മനുഷ്യൻ സൃഷ്ടികളിൽ ശ്രേഷ്ഠനായി
ജീവിതം വരിഷ്ടമായ ഒരു തീർഥാടനമാണ്
ദൈവസന്നിധിയിലേക്കാണവന്റെ യാത്ര
ഈ ജീവിതം ആ യാത്രയുടെ ഒന്നാം ഘട്ടമാണ്.
ഇഹലോക ജീവിതത്തിന്റെ നേരും നെറിയും
പരലോകത്ത് തെളിയിക്കപ്പെടുന്നു.
മഹത്തായ ലക്ഷ്യപ്രാപ്തിക്ക് ആ ചിന്ത
മനുഷ്യനെ പ്രാപ്തനും സമർഹനുമാക്കുന്നു.
ദൈവം നിയോഗിച്ച വഴികാട്ടികളാണ് പ്രവാചകന്മാർ
വേദഗ്രന്ഥം വഴിവിളക്കും
ഭൂമിയിൽ സ്വതന്ത്രനും സർവാധികാരിയുമാണ് മനുഷ്യൻ
മാതാപിതാക്കളെ നാം ആദരിക്കണം
പക്ഷേ ആരാധന ദൈവത്തിനു മാത്രം.
സമസൃഷ്ടികളെ നാം സ്നേഹിക്കണം
പക്ഷേ, പരമമായ സ്നേഹം ദൈവത്തോടുമാത്രം.
ജീവരാശികളോട് കാരുണ്യം കാണിക്കണം
പക്ഷേ സമസ്താരാധനയും ദൈവത്തിനു മാത്രം.

ദൈവമാഗ്രഹിക്കുന്നത് പ്രപഞ്ചത്തിൽ ആരുടെ മുന്നിലും, വിസ്മയമുണർത്തുന്ന പ്രകൃതി പ്രതിഭാസങ്ങളുടെ മുന്നിൽ പോലും നാം തലകുനിക്കരുത് എന്നാണ്. ഉത്തിഷ്ഠമാനനായ, ഉദ്ധതശിരസ്സായ സ്വതന്ത്രപൗരനെയാണ് ദൈവമാഗ്രഹിക്കുന്നത്. ദൈവമാർഗ്ഗത്തിൽ നിർഭയനായി മനുഷ്യൻ മുന്നോട്ടുപോകണം.

ദൈവം മനുഷ്യന്-മനുഷ്യനുമാത്രം-വിശേഷബുദ്ധിസമ്മാനിച്ചു. വിശേഷബുദ്ധി പ്രോജ്ജ്വലിപ്പിച്ച് അവൻ കൂടുതൽ പൂർണ്ണതയിലേക്കും പ്രകാശത്തിലേക്കും മുന്നേറണം. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധമറിയാതെ, ആരാധനീയങ്ങളായ പലതുമുണ്ടെന്ന് നാം ധരിച്ചു. വിഭ്രാമകബുദ്ധിയോടെ പരതന്ത്രതാഭാവത്തോടെ അവയ്ക്ക് മുന്നിലെല്ലാം തലകുനിച്ചു നില്ക്കേണ്ട അടിമകളല്ല നാമെന്ന് ഖുർആൻ നമ്മെ പ്രബോധിപ്പിക്കുന്നു. ശാരീരിക പരിമിതികൾക്കകത്ത് ഇന്ദ്രിയങ്ങളുടെ വേലിക്കെട്ടിനുള്ളിലൊതുങ്ങിക്കഴിയേണ്ട നിസ്സാര ജീവിയല്ല മനുഷ്യൻ. നമ്മിൽ സുപ്താവസ്ഥയിൽ ചൈതന്യം വർത്തിക്കുന്നു. ആ ചൈതന്യ വിശേഷത്തെ കണ്ടെത്തി പ്രോജ്ജ്വലിപ്പിക്കണം. അത് സാധിക്കുമ്പോഴേ നമ്മെക്കുറിച്ചും നമ്മുടെ ധർമങ്ങളെക്കു

റിച്ചുമുള്ള ബോധം നമ്മിൽ പ്രഫുല്ലമാവുകയുള്ളൂ. അനുകമ്പയും ദയയും സേവന മനസ്സും അവിടെയാണ് രംഗപ്രവേശം ചെയ്യുക.

> ദൈവം തന്റെ വശമുള്ള കാരുണ്യത്തെ നൂറായി പങ്കുവെച്ചു. അതിലൊന്നെടുത്ത് തന്റെ സൃഷ്ടികളധിവസിക്കുന്ന ലോകത്തിനു സമ്മാനിച്ചു. ദൈവകാരുണ്യത്തിന്റെ ഒരു ശതമാനമാണിവിടെ സ്നേഹം, പ്രേമം, വാത്സല്യം, കരുണ, ദയ, പ്രിയം, ഭക്തി–അങ്ങനെ ആയിരം രൂപത്തിൽ വിളങ്ങുന്നത്. ഒരു ശതമാനത്തിന്റെ വിലാസലാസ്യങ്ങളാണിവയെങ്കിൽ തൊണ്ണൂറ്റിയൊമ്പതു ശതമാനം സൂക്ഷിക്കുന്ന ദൈവത്തിന്റെ കരുണാപരതയ്ക്ക് അതിരുണ്ടോ? നാമങ്ങനെ സ്വയം ചോദിച്ചുപോകുന്നു. അതിനാൽ ഖുർആൻ ദൈവത്തെ കരുണാമയൻ എന്ന് വിശേഷിപ്പിച്ചു. എത്ര സത്യശുദ്ധമായ വിശേഷണം!

കേവലം ശാരീരികമായ പരിമിതികൾക്കകത്ത് ഒതുങ്ങിക്കഴിയുന്ന കാലത്തോളം നാം നിസ്സാരന്മാരാണ്. അതുകൊണ്ട് സ്വയമറിഞ്ഞ്, സൃഷ്ടിയിൽ ശ്രേഷ്ഠമാണെന്ന സത്യം ഗ്രഹിച്ച് ദൈവഹിതം മാനിച്ച് ദൈവത്തിന്റെ തിരുസന്നിധിയിലേക്കുള്ള തീർഥാടനമാണ് ജീവിതം എന്ന മഹാസത്യം മനസ്സിലാക്കി നിർഭയം മുന്നോട്ടു പോകണം. അത്തരം സ്വതന്ത്ര മനുഷ്യരുടെ സമുത്കൃഷ്ട സമൂഹമാണ് സത്യവേദം പ്രത്യാശിക്കുന്നത്.

സമൂഹ ജീവിതത്തെ സ്നേഹമസൃണവും സേവന പൂർണ്ണവുമാക്കാൻ പോരുംവിധം സദ്വൃത്തരായ മനുഷ്യരെ എങ്ങനെ വാർത്തെടുക്കാമെന്ന് ലളിതമായി വിശദമായി ഖുർആൻ പ്രതിപാദിക്കുന്നു. സൂക്ഷ്മവും സമഗ്രവുമാണ് അതിന്റെ വീക്ഷണം. ദൈനംദിന ജീവിത്തിലെ നിസ്സാരമെന്ന് തോന്നാവുന്ന കാര്യങ്ങളെപ്പോലും ഗൗരവപൂർവം തൊട്ടുഴിഞ്ഞുകൊണ്ടാണ് വേദഗ്രന്ഥം കാര്യസാരമറിയിക്കുന്നത്. ഒരു നൂതന മാനവ സമൂഹവീക്ഷണം ഖുർആനിൽ കതിർവെട്ടം പരത്തുന്നതായിക്കാണാം.

ഖുർആൻ വിഭാവനം ചെയ്യുന്ന സമൂഹത്തിൽ തട്ടുകളില്ല. ബാഹ്യസൗഭാഗ്യം കീർത്തിച്ചും ആർഥികമാനദണ്ഡങ്ങളുപയോഗിച്ചും നിർമിച്ച വിഭാഗീയതകൾ സവർണ്ണാവർണ്ണഭേദങ്ങൾ ഖുർആന്റെ അന്തഃസംസ്കൃതിയുടെ മുന്നിൽ തീർത്തും അസാധുവാണ്. സാമൂഹ്യസ്ഥാപനങ്ങളുടെയും നീതിനിയമങ്ങളുടെയും പരംപൊരുളായ ദൈവത്തിന്റെയും മുന്നിൽ മനുഷ്യർ തുല്യരാണെന്ന് നിരങ്കുശ സമീപനത്തോടെ ഖുർആൻ പ്രബോധിപ്പിക്കുന്നു. സമത്വവും സ്വാതന്ത്ര്യവും കളിയാടുന്ന ധീരനൂതനമായ ഒരു സമൂഹവ്യവസ്ഥിതി ഖുർആൻ വിഭാവനം ചെയ്യുന്നു.

# 18. ഒരാദർശസമൂഹം

സത്യദർശനത്തെ ഗൗരവമിയന്ന ഒരു മനോവൃത്തിയായി, ആത്മാന്വേഷണമായി പലരും ഗണിക്കാറില്ല. ദൈനംദിന ജീവിതത്തിലെ സുഖാസ്വാദനവേളകളിൽ ഈശ്വരനെപ്പറ്റിയോർക്കാൻ മനുഷ്യന് കഴിയാറില്ല. അപ്പോഴതിന്ന് സമയം കാണാറില്ല. അതൊരാവശ്യമാണെന്നും തോന്നാറില്ല. എന്നാൽ പ്രാപഞ്ചികമായ പരാഭവങ്ങൾക്കടിപ്പെട്ട്, വൈതരണികളിൽകുരുങ്ങി ക്ലേശങ്ങളനുഭവിക്കേണ്ടിവരുമ്പോൾ ആശ്രയമായി, അത്താണിയായി, നാം കാണാറുള്ള ഒരു പദമാണ് ഈശ്വരൻ എന്നത്. അപ്പോഴവിടെ സ്മരണയുണ്ട്, പ്രാർഥനയുണ്ട്, ജപഹോമാദികളുണ്ട്, ആത്മ സമർപ്പണം വരെയുണ്ട്. ഒന്ന് വ്യക്തം. അക്കാലത്തെ ഈശ്വരസ്മരണയെന്നത് സത്യദർശനവ്യഗ്രതകൊണ്ടോ ആത്മീയ പിപാസകൊണ്ടോ നിർവഹിക്കപ്പെടുന്ന ഒന്നല്ല. ക്ഷണികമായ സുഖാസ്വാദനങ്ങൾക്കും താൽക്കാലികമായ കാര്യലാഭത്തിനും വേണ്ടി തൊണ്ടപൊട്ടുമാറ് വിലപിക്കുകയും കനമുള്ള കാണിക്ക നൽകുകയും ചെയ്താൽ പ്രീതിപ്പെടുന്ന ദൈവങ്ങളെക്കുറിച്ചുള്ള ധാരണയാണിവിടെ പ്രചുരമായിട്ടുള്ളത്. ലാഭോന്മുഖമായ ഒരു വ്യവസായമായി ദൈവവിശ്വാസവും ഈശ്വരാരാധനയും ഇന്ന് രൂപാന്തരം പ്രാപിച്ചിരിക്കുന്നു!

എല്ലാ മതമണ്ഡലങ്ങൾക്കും മൂന്ന് തട്ടുകളുണ്ട് ഏറ്റവും മേലെ തെളിഞ്ഞുകാണുന്നത് ആചാരാനുഷ്ഠാനങ്ങളുടെ തലമാണ്. വേഷഭൂഷാദികളും ആചാരമര്യാദകളുമാണവിടെ. മതഭേദമനുസരിച്ച് ഇവയിൽ വ്യത്യാസം കാണാം. ഭസ്മചന്ദനലേപനങ്ങളും രുദ്രാക്ഷവും ഹൈന്ദവനോടൊപ്പമേ കാണൂ. ഇന്ന് നന്നെ കുറഞ്ഞുവന്നിട്ടുണ്ടെങ്കിലും തസ്ബിയെടുത്തും ഇടത്തുടുത്തും തൊപ്പിവെച്ചും വരുന്നവനെ കണ്ടാൽ മുസൽമാനാണെന്നുറപ്പിക്കാം. ളോഹയും കുരിശുമാലയും ക്രിസ്ത്യാനിയുടേതാണെന്ന് പറയേണ്ടതില്ലല്ലോ. ഓരോ മത വിഭാഗത്തിനും വ്യത്യസ്തമായ ആചാര സമ്പ്രദായങ്ങളും ജീവിതരീതി പോലുമുണ്ടായിരുന്നു. അതുനോക്കി ഒരു വ്യക്തിയുടെ മതവിശ്വാസം നിർണ്ണയിക്കാനൊക്കുമായിരുന്നു. മതമണ്ഡലത്തിന്റെ ഏറ്റവും മേലെ കിടക്കുന്ന ആചാര പ്രവണമായ (റിച്വലിസം) വേദിയാണിത്.

അതിന്റെ ചുവടെയാണ് മതത്തിന്റെ ഇതിഹാസതലം അഥവാ കാല്പനികതലം (Mythology) നിലകൊള്ളുന്നത്. മതസാരമുൾക്കൊള്ളുന്ന കഥകളും ഇതിഹാസങ്ങളും പുരാണങ്ങളുമാണവിടെ. ഓരോ മതവിഭാഗത്തിനും വ്യത്യസ്തമായ കഥാതലങ്ങളുണ്ട്. ആ സാഹിത്യ സൃഷ്ടികൾ നോക്കി അവ ഏതേത് മതവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നു എന്ന് പറയാൻ പ്രയാസ

മില്ല.

ഏറ്റവുമടിയിൽക്കിടക്കുന്ന മതതലം ദർശനങ്ങളുടേതാണ്. ഒരർഥത്തിൽ മതമണ്ഡലത്തിന്റെ അവലംബശിലയാണത്. വിചാരപരമായ ആസ്വാദനത്തിന് കഴിവുള്ളവരേ ആ വേദിയിലേക്കിറങ്ങാറുള്ളൂ. മതത്തിന്റെ വ്യക്തിസത്തഘനസാന്ദ്രമായി വർത്തിക്കുന്നതവിടെയാണ്. മതം വ്യാഖ്യാനിക്കപ്പെടുന്നതും മതം വിഭാവനംചെയ്യുന്ന സനാതനമായ ഉണ്മയെ വിശകലനം ചെയ്യുന്നതും ദർശനത്തിന്റെ (ഫിലോസഫി) ആ വേദിയിലാണ്.

ഈ മൂന്ന് വേദികളിൽ മതം എന്ത് എന്ന് വ്യക്തമാക്കുന്നത് ദർശനത്തിന്റെ ഭൂമികയാണ്. മറ്റ് രണ്ടു വേദികളും മതവിശ്വാസത്തെ പരിചയപ്പെടുത്താനും ആചാരാനുഷ്ഠാനങ്ങളിലൂടെ പ്രയോഗവൽക്കരിക്കാനും സഹായിക്കുന്നു. മതസാരം മനസ്സിലാക്കാൻ, മതത്തെ ആഴത്തിൽ സ്വാംശീകരിക്കാൻ ദർശനപഥത്തെ സമീപിക്കുകതന്നെ വേണം. ദർശനപഥം ശ്രദ്ധിക്കുമ്പോൾ സകല മതങ്ങളുടെയും 'അവിശ്വസനീയമായ സമാനത' നമ്മെ വിസ്മയിപ്പിക്കും. ദാർശനിക വിശകലനത്തിലേ 'പലമതസാരവുമേകമാം' എന്ന സനാതന സത്യം നമ്മിൽ സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ.

നമുക്ക് നമ്മോടും പ്രകൃതിയോടും ദൈവത്തോടുമുള്ള അവിച്ഛിന്നമായ ബന്ധം ബോദ്ധ്യപ്പെടുത്തി തദനുസാരം ജീവിതത്തെ ചിട്ടപ്പെടുത്തി ആസൂത്രിതവും താളലയബദ്ധവുമായ ജീവിതത്തിലൂടെ ആനന്ദവും ശാന്തിയും സാക്ഷാൽക്കരിച്ച് ദൈവസന്നിധി പ്രാപിക്കുവാൻ കഴിയും എന്നാണ് ഇസ്‌ലാം മതം പ്രബോധിപ്പിക്കുന്നത്. അങ്ങനെ ദൈവസമക്ഷം സമസ്തവും സമർപ്പിച്ച് വിശുദ്ധ വൃത്തികളാചരിക്കുന്ന സത്യവിശ്വാസിയാണ് മുസ്‌ലിം. ഒരർത്ഥത്തിൽ ഇസ്‌ലാമിന്റെ സാമൂഹ്യസംസ്കൃതിയുടെ അവലംബശിലയും അതുതന്നെയാണ് 3:19

അവ്യക്തവും ദുർഗ്രഹവും സങ്കീർണ്ണവുമായ ആശയ ശില്പങ്ങളൊന്നും ഇസ്‌ലാമിലില്ല. ഒരു ദൈവവും ദൈവം സൃഷ്ടിച്ച സമൂഹവും. സമൂഹത്തിൽ തട്ടുകളില്ല. ധനികദരിദ്ര ഭേദങ്ങളെ പരിഗണിക്കുന്നില്ല. സവർണാവർണ വ്യത്യാസമില്ല. സ്ത്രീ പുരുഷ വിഭാഗീയതക്കും അവിടെയിടമില്ല. ഭാഷാദേശ വൈജാത്യങ്ങൾ ഒരു പ്രശ്നമല്ല. കാലഭേദങ്ങൾ പോലും ആ വിശ്വമാനവിക സംസ്കൃതിയിൽ ഒരു വിഷയമല്ല. അറബിയും അനറബിയും ഒരുപോലെ സത്യവേദത്തിന്റെ വിധി വിലക്കുകൾ അനുസരിക്കുന്നു. വിശുദ്ധമായ ഒരേ ആശയാദർശങ്ങളാൽ ആവേശിതരായി തങ്ങളുടെ സ്വര ചലനങ്ങളെല്ലാം സസൂക്ഷ്മം ശ്രദ്ധിച്ച് വിലയിരുത്തി തദനുസാരം തങ്ങൾക്ക് പരലോകത്ത് പ്രതിഫലം നൽകാൻ പരമകാരുണികനായ ഒരു ദൈവമിരിപ്പുണ്ട് എന്ന അചഞ്ചലമായ വിശ്വാസത്തോടെ സുഘടിതമായ കുടുംബ–സമൂഹ–രാഷ്ട്ര ജീവിതത്തിലൊതുങ്ങി നീങ്ങുന്ന മുസ്‌ലിം ജനപദം അന്തഃശുദ്ധിയിലും ബാഹ്യശക്തിയിലും ഒരു ഉത്തമ സമുദായമായി രൂപപ്പെടുന്നു. അതുകൊണ്ടാണ് ഖുർആൻ ''ജനങ്ങൾക്കുവേണ്ടി ഉയിർത്തെഴുന്നേല്പിക്കപ്പെട്ട ഉത്തമസമുദായം'' എന്ന് മുസ്‌ലിംസമൂഹത്തെ വിശേഷിപ്പിച്ചത്. ആ വെളിപാട് ആവതീർണ്ണമായ വിശേഷണ സന്ദർഭം അവിസ്മരണീയമാണ്.

അറഫാകുന്നിൻമുകളിൽ പ്രവാചകൻ. ലക്ഷക്കണക്കിന് മുസ്‌ലിംകൾ മുന്നിൽ. അവരെ അഭിസംബോധന ചെയ്തു കൊണ്ട് പ്രവാചകൻ വികാരഭരിതനായി സംസാരിച്ചു:

''ജനങ്ങളേ! അല്ലാഹു എന്നിലർപ്പിച്ച ഉത്തരവാദിത്തം ഞാൻ പൂർണ്ണമായും നിർവഹിച്ചിട്ടുണ്ടോ? നിങ്ങൾ സാക്ഷ്യം വഹിക്കുമോ?'' എന്ന് മൂന്ന് പ്രാവശ്യം ചോദിച്ചു. ജനലക്ഷങ്ങൾ ഒരേ സ്വരത്തിൽ പ്രതിവചിച്ചു:

''അതെ, അതെ അവിടന്നു പൂർണ്ണമായും നിർവഹിച്ചിരിക്കുന്നു.''

പ്രവാചകൻ സംതൃപ്തനായി. ഉദ്വേഗം നീങ്ങി. അദ്ദേഹം ഇരുകൈകളും ആകാശത്തിലേക്കുയർത്തിക്കൊണ്ട് ഇങ്ങനെ പ്രാർഥിച്ചു:

''അല്ലാഹുവേ, നീ സാക്ഷ്യം വഹിക്കേണമേ! നീ സാക്ഷ്യം വഹിക്കേണമേ, സാക്ഷ്യം വഹിക്കേണമേ!''

പ്രവാചകൻ അനുയായികളെ നോക്കി ഇങ്ങനെ പറഞ്ഞു: ''അറിയുക, ഈ സന്ദേശം ലഭിച്ചവൻ ലഭിക്കാത്തവന് അതെത്തിക്കട്ടെ:''

സമഷ്ടി എന്തെന്നറിയുക. സ്രഷ്ടാവിന്റെ പരമോന്നതഹിതവും മനസ്സിലാക്കുക. അവയ്ക്ക് മുന്നിൽ തന്റെ ബുദ്ധിപരമായ ഹിതാഹിതങ്ങൾ ഒന്നുമല്ലെന്നുറപ്പു വരുത്തുക. അഖിലാണ്ഡകോടി ബ്രഹ്മാണ്ഡകടാഹത്തെ സൃഷ്ടിച്ചരുളുന്ന ദൈവത്തിന്റെ അനന്ത വിശാലമായ താൽപര്യങ്ങൾക്കു മുന്നിൽ 'താൻ കേവലം നിസ്സാരൻ,' എന്ന അവബോധം ദൃഢ രൂഢമാക്കുക. ദൈവത്തിന്റെ മഹാഭാവത്തിനു മുന്നിൽ സ്വയം സമർപ്പിച്ചുകൊണ്ട് ദൈവമാർഗ്ഗത്തിൽനിന്നും കടുകിട വ്യതിചലിക്കാതെ മുന്നോട്ടു നീങ്ങുക.

അയം നിജ പരോ വേദി
ഗണനാ ലഘു ചേതസാ
ഉദാര ചരിതാനാം തു
വസുധൈവ കുടുംബകം

എന്റേത് നിന്റേത് എന്ന ധാരണാ വൈകൃതത്തെ വിപാടനം ചെയ്തുകൊണ്ട് വിശ്വകുടുംബത്തിലെ ഒരു നേർത്ത കണമായി സ്വയം ബോദ്ധ്യപ്പെട്ട് മുന്നോട്ട് നീങ്ങുക. കാലപ്പാച്ചലിൽ കഥയെന്തരങ്ങേറിയാലും വിചാരവിശ്വാസങ്ങളെ പിടിച്ചുലയ്ക്കുമാറുള്ള സാമൂഹിക സംത്രാസങ്ങളുണ്ടായാലും ഏകദൈവത്തിലും മനുഷ്യ സമഷ്ടിയിലുമുള്ള വിശ്വാസത്തിന് തരിമ്പും ഭംഗമേൽക്കില്ലെന്ന അചഞ്ചല ബോദ്ധ്യം ഒരു മുസൽമാന്റെ ആത്മവീര്യത്തെ പ്രഘോഷണം ചെയ്യുന്നു. ജീവിതത്തെ ദൈവസന്നിധിയിലേക്കുള്ള തീർഥപ്രയാണമായിക്കരുതാനും ദൈവമാർഗ്ഗത്തിൽ പൊരുതി മുന്നേറാനും അവിടെ ആത്മാഹുതിയാവശ്യമാണെങ്കിൽ അത് സുകൃതൈകലഭ്യമായ മഹാഭാഗ്യമാണെന്ന് കണ്ട് നിർവൃതിയണിയാനും ഇസ്‌ലാം സംസ്കൃതിയാവശ്യപ്പെടുന്നു.

മതങ്ങളെല്ലാം അനുയായിവൃന്ദത്തിന്റെ ജീവിത വേദിയെ ധർമ്മാനുസാരം ചിട്ടപ്പെടുത്തിയിട്ടുണ്ട്. അതിന്നകത്തൊതുങ്ങി ഈശ്വരോപാസന പോലെ ജീവിക്കുക എന്നതാണ് ഓരോ മതത്തിന്റെയും അനുശാസനം. ഇസ്‌ലാം സംസ്കൃതി വിഭാവനചെയ്യുന്ന ജീവിതചര്യ ലളിതവും അവക്രവും തീർത്തും പ്രയോഗക്ഷമവുമാണ്. വിശ്വാസത്തെ വരിഷ്ടമായ അനുഷ്ഠാനമാക്കിയ ഒരു വിശുദ്ധ ജനപദം– അതാണ് ഇസ്‌ലാം പ്രതീക്ഷിക്കുന്നത്.

''ഉത്തമ വിഷയങ്ങളിലേക്ക് (മനുഷ്യരെ) ക്ഷണിക്കുകയും നല്ല കാര്യങ്ങളുപദേശിക്കുകയും നിഷിദ്ധ കാര്യങ്ങൾ തടയുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ ജന്മമെടുക്കട്ടെ–അവരത്രെ ജീവിത വിജയം പ്രാപിച്ചവർ'' വി.ഖു. 3:104.

ഈശ്വരോന്മുഖമായ ഒരു ഉപാസനയുടെ ഉപോല്പന്നമാണത്. അതിവിടെ സാധിച്ചാലേ ജീവിതത്തിന്റെ രണ്ടാം ഭാഗമായി കീർത്തിക്കപ്പെടുന്ന പരലോകജീവിതത്തിന് ഒരുവൻ പ്രാപ്തനാകുന്നുള്ളൂ. ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം പൂവണിയുന്നത് അവിടെവെച്ചാണ്. ആ മഹായാത്രയ്ക്കുള്ള സുഗമമായ വഴിത്താര വെട്ടിയൊരുക്കുകയാണ് ഇഹലോക ജീവിതംകൊണ്ട് സാധിക്കുന്നത്. ജീവിത വിജയം സാധിച്ചവരായിത്തീരണമെങ്കിൽ, നിയന്ത്രണം വിട്ട കുതിരയെപ്പോലെ എങ്ങെന്നില്ലാതെ പാഞ്ഞു തിമർക്കുന്ന കുത്തഴിഞ്ഞ ജീവിതത്തിന്റെ ഉടമകളായ മനുഷ്യർ കുറേയേറെ നിയന്ത്രണങ്ങൾക്ക് വിധേയരാവേണ്ടിവരും. നിയന്ത്രിതമായ ജീവിത പ്രകൃതം ജീവിത വിജയത്തിലേക്കുള്ള യാത്രയിൽ വലിയൊരുനുഗ്രഹമാണ്.

ഹൈന്ദവ വിശ്വാസമനുരിച്ച് ജീവിത പൂർണ്ണതക്ക് പുരുഷാർഥങ്ങളുടെ നിർവാണം പ്രഘോഷിക്കപ്പെട്ടിട്ടുണ്ട്. സൂക്ഷ്മവും വിശാലവുമായ അർഥതലങ്ങളതിനുണ്ടെങ്കിലും സാമാന്യ ജനത്തെ സംബന്ധിച്ചേടത്തോളം താരതമ്യേന ദുർഗ്രഹമാണത്.

ഇസ്ലാം സംസ്കൃതി ജീവിതവിജയത്തിന് ആദർശപരമായ ഒരു മാതൃകാ സൗധം നിർമിച്ചു കാണിക്കുന്നുണ്ട്. അത് പഞ്ചസ്ഥൂപങ്ങളിലധിഷ്ഠിതമാണ്. ഒരു സത്യവിശ്വാസിയെ വാർത്തെടുക്കുകയാണ് വിഭാവിത ലക്ഷ്യം-വിശ്വാസം, നമസ്കാരം, വ്രതാനുഷ്ഠാനം, സക്കാത്ത്, ഹജ്ജ്. ഇഹലോക ജീവിതത്തിന്റെവിജയസംപൂർത്തിഅതിലൂടെ സാർഥകമാം വിധം സാക്ഷാൽക്കരിക്കപ്പെടുന്നു. വിശുദ്ധമായ, അച്ചടക്കപൂർണ്ണമായ ഒരു ജീവിത പ്രകൃതം അത് സമ്മാനിക്കുന്ന-ഈശ്വരോന്മുഖമായി, ആത്മോന്നതിക്കും പരോൽക്കർഷത്തിനും വേണ്ടി പരിശ്രമിക്കുന്ന സത്യവിശ്വാസികളുടെ ഒരു തലമുറ!

''ഖേദിച്ചുമടങ്ങുന്നവർ, അല്ലാഹുവിന് പൂർണ്ണമായി കീഴ്പ്പെട്ട് ജീവിക്കുന്നവർ, ഭൂമിയിൽ സഞ്ചരിക്കുന്നവർ, ദൈവസന്നിധിയിൽ തലകുനിക്കുന്നവർ, സാഷ്ടാംഗം പ്രണമിക്കുന്നവർ, നല്ലകാര്യങ്ങൾ കല്പിക്കുകയും നിഷിദ്ധകാര്യങ്ങൾ വിരോധിക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ നിയമപരിധികളെ സൂക്ഷിക്കുന്നവർ, ഈ സത്യവിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുക'' 9:112

ഒരു സൂക്തം കൂടി സമാനമായ ശ്രദ്ധയർഹിക്കുന്നു.

കാലംതന്നെ സത്യം. മനുഷ്യൻ നഷ്ടത്തിൽതന്നെയാകുന്നു. സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും സത്യം കൈക്കൊള്ളാൻ പരസ്പരം ഉപദേശിക്കുകയും ക്ഷമ അവലംബിക്കാൻ അന്യോന്യമഭ്യർഥിക്കുകയും ചെയ്യുന്നവരൊഴികെ'' -103: 1-3

ദൃഢരൂഢമായ വിശ്വാസവും അനുകരണീയമായ കർമരീതികളും പുലർത്തുന്ന ഒരു സമൂഹത്തെ സംവിധാനം ചെയ്യുക. പ്രവാചകന്റെ കാൽനഖേന്ദു മരീചികളെയനുസന്ധാനം ചെയ്തുകൊണ്ട് ഇസ്ലാമിന് സാക്ഷ്യം വഹിക്കുക-മാതൃകാ ജീവിതം നിർവഹിച്ച തങ്ങളെല്ലാവരെയുംപോലെ തങ്ങൾക്ക് ശേഷം ഈ കർത്തവ്യം അനുസ്യൂതം തുടരുവാൻ പോരുന്ന മറ്റൊരു സംഘത്തെ വാർത്തെടുക്കുക-അങ്ങനെ ഈ പ്രക്രിയ അവസാനം വരെ അഭംഗം തുടരുമാറാകുക എന്നതാണ് ഇസ്ലാമിക പ്രബോധനത്തിന്റെ നിലനില്പിന് അല്ലാഹു നിശ്ചയിച്ച മാർഗ്ഗം.

# 19. മനസ്സിൽ മുഴങ്ങുന്ന ശബ്ദം

●

പലരുടെയും നാക്കുകളിൽ പ്രതിഷേധസ്വരമാണ്. പക്ഷേ മനസ്സിന്റെ ആഴങ്ങളിൽ അവർ പ്രവാചകന്റെ പ്രകാശമണിഞ്ഞ സ്മൃതിബിംബങ്ങൾ സൂക്ഷിക്കുന്നു. പ്രവാചകൻ നടന്നുനീങ്ങുന്നത് ഒളിഞ്ഞുനിന്ന് നോക്കാനും അദ്ദേഹത്തിന്റെ വാക്കുകൾ മറ്റാരുമറിയാതെ കേൾക്കാനും അവർ കൊതിക്കുന്നു. തങ്ങൾ പ്രതിഷേധിക്കുമ്പോഴും ശകാരവർഷം ചൊരിയുമ്പോഴും അക്ഷോഭ്യനായി, ചുണ്ടിൽ മന്ദഹാസവുമായി നില്ക്കുന്ന മുഹമ്മദ് അവർക്കൊരതിശയമാണ്. തങ്ങളുടെ വിശ്വാസപ്രമാണങ്ങൾ വ്രണപ്പെടുന്നതിലും ആരാധിച്ചു പോരുന്ന ബഹുദൈവങ്ങളുടെ അസ്തിത്വം നഷ്ടപ്പെടുന്നതിലും അടങ്ങാത്ത അമർഷം അവർക്കുണ്ടെങ്കിലും അവരിൽ പലരും മുഹമ്മദിന്റെ തിളങ്ങുന്ന വ്യക്തിത്വം മനസ്സുകൊണ്ടംഗീകരിച്ചവരായിരുന്നു. മുഹമ്മദിന്റെ സ്വകാര്യജീവിതംപോലും കണ്ണാടിപോലെ തിളക്കമാർന്നതാണെന്നും അവർക്കറിയാം.

മുഹമ്മദിനെതിരെ വായ്ത്താരി ചൊല്ലുന്ന ഖുറൈശി പ്രമാണിമാരിലൊരാളാണ് അബൂസുഫ്‌യാൻ. സത്യവിശ്വാസികളുടെ മുന്നിൽ മുഹമ്മദ് നടത്താറുള്ള പ്രഭാഷണങ്ങൾ നേരിലൊന്നു കേൾക്കാൻ അദ്ദേഹത്തിനൊരു കൊതി. മറ്റാരുമറിയുകയുമരുത്. അറിഞ്ഞാൽ തന്റെ പേരിനും പെരുമയ്ക്കും അത് മങ്ങലേല്പിക്കും.

ഒരു രാത്രി അബൂസുഫ്‌യാൻ രഹസ്യമായി വീട്ടിൽ നിന്നിറങ്ങി. ഇരുളിന്റെ മറപറ്റി അദ്ദേഹം നടന്നു. മുഹമ്മദിന്റെ വസതിക്ക് സമീപമെത്തി. അവിടെയൊരിടത്ത് ഒളിച്ചിരുന്നു. അവിടെയിരുന്നാൽ മുഹമ്മദിന്റെ വീട്ടിലെ സംഭാഷണങ്ങളെല്ലാം നന്നായി കേൾക്കാം. അങ്ങനെ ആരോരുമറിയാതെ തന്റെ ആഗ്രഹം സാധിച്ചു മടങ്ങാം.

അതേ രാത്രിതന്നെ അതേ മോഹത്തോടെ ഖുറൈശി പ്രമാണിമാരായ അബൂജഹ്‌ലും അഖ്നസും മുഹമ്മദിന്റെ വസതിക്കടുത്ത് വന്നിരിപ്പുണ്ടായിരുന്നു. അപരന്റെ സാന്നിദ്ധ്യമറിയാതെയാണ് ഓരോരുത്തരും വന്നിരിക്കുന്നത്.

നിശയുടെ നിതാന്ത നിശ്ശബ്ദതയിൽ മുഹമ്മദിന്റെ ശബ്ദം അവർ തെളിഞ്ഞുകേട്ടു. ഖുർആനിക സൂക്തങ്ങളുടെ ദിവ്യാലാപനമായിരുന്നു അത്. അനുവാചകരുടെ ഹൃദയതന്ത്രികളിൽ അനുരണനമുണ്ടാക്കിക്കൊണ്ട് ആലാപനം തുടർന്നു. മനഃക്ലേശങ്ങളകറ്റി, ആശ്വാസത്തിന്റെ കുളിര് പെയ്യാൻ പോരുന്ന വശ്യമായ ഒരലൗകിക ശക്തി അതിന്നുള്ളതായിത്തോന്നി.

എത്രനേരം അവിടെയിരുന്നു എന്നൊന്നുമോർക്കാൻ അവർക്ക് കഴി

ഞ്ഞില്ല. ഇരുണ്ടയാമങ്ങൾ പ്രഭാതത്തെ തലോടിത്തുടങ്ങി. മുഹമ്മദ് ആലാപനമവസാനിപ്പിച്ചു. സ്ഥലകാലബോധം വന്നതുപോലെ ഖുറൈശി പ്രമാണിമാർ ഞെട്ടിയുണർന്നു. ഇടംവലം നോക്കി ഭദ്രത ബോദ്ധ്യപ്പെട്ടപ്പോൾ പതുക്കെ നടന്നുനീങ്ങി.

വഴിയിൽ മൂന്നുപേരും പരസ്പരം കണ്ടുമുട്ടി. ആർക്കും 'കള്ളക്കളി' ഒളിച്ചുവെക്കാൻ തോന്നിയില്ല. മൂന്നുപേരും അന്യോന്യം ഗുണദോഷിക്കുകയും പഴിക്കുകയും ചെയ്തു. ഖുറൈശികൾ ഇതറിഞ്ഞാലുള്ള കുറച്ചിൽ അവർ ഭയാശങ്കകളോടെ അനുസ്മരിച്ചു. ഒരിക്കലും ഇതാവർത്തിച്ചുകൂടെന്ന ദൃഢനിശ്ചയത്തോടെ അവർ പിരിഞ്ഞു.

അടുത്ത ദിവസം അതേ സമയമായപ്പോൾ മനസ്സിനൊരു വിഷമം. പിടിച്ചുനിർത്താനാവാത്ത വിധത്തിൽ അതൊരു ശക്തിയായ പ്രേരണയായിമാറി. അബൂസുഫ്യാൻ ഇറങ്ങിനടന്നു. അബൂജഹ്ലും അഖ്നസും ഇന്നലെ ചെയ്ത തെറ്റ് ഒരിക്കലുമാവർത്തിക്കുകയില്ലെന്ന് അവരെ നന്നായറിയാവുന്ന അബൂസുഫ്യാൻ കരുതി. അതിനാൽ ഇന്നിനി പേടിക്കേണ്ടതില്ല. മറ്റാരെങ്കിലും കണ്ടുപോകാതിരിക്കാൻ ജാഗ്രതപാലിച്ചുകൊണ്ട് അബൂസുഫ്യാൻ നടന്നു. അദ്ദേഹം തലേദിവസത്തെ ഭദ്രമായ കേന്ദ്രത്തിൽതന്നെ ചെന്ന് ഇരുൾപറ്റിയിരുന്നു.

മുഹമ്മദ് പതിവുപോലെ പാരായണമാരംഭിച്ചു. പ്രബോധനങ്ങളുടെ സ്വരസ്ഫുടതയാസ്വദിക്കാൻവന്ന സത്യവിശ്വാസികൾ പ്രവാചകന്ന് മുന്നിൽ കൂട്ടമായിരിക്കുന്നത് ജനൽപ്പാളിയിലൂടെ അബൂസുഫ്യാൻ കണ്ടു. സ്നേഹവിശ്വാസങ്ങളാൽ അന്യോന്യം ബന്ധിക്കപ്പെട്ട കുറേ ഹൃദയങ്ങൾ! അവരുടെ ജീവിതങ്ങൾ പുതിയമാനങ്ങളും അർഥതലങ്ങളും തേടിപ്പോകുന്നതുപോലെ തോന്നി. നിർവൃതികരമായ സുഖാസ്വാദനത്തിന്റെ അനവദ്യനിമിഷങ്ങൾ!

മുഹമ്മദ് വായനയവസാനിപ്പിച്ചു. അപ്പോഴാണ് പ്രഭാതം പൊട്ടി വിരിഞ്ഞ കഥയറിഞ്ഞത്. അബൂസുഫ്യാൻ ധൃതിയിലെഴുന്നേറ്റ് നടന്നു.

വിസ്മയകരമെന്നുപറയട്ടെ, ഇരുവഴികളിലൂടെ പെരുവഴിയിലേക്ക് പാർത്തും പതുങ്ങിയും കള്ളപ്പുള്ളികളെപ്പോലെ അബൂജഹ്ലും അഖ്നസും നടന്നുവരുന്നു. പരസ്പരം കണ്ടപ്പോൾ മൂന്നുപേരും അന്ധാളിച്ചുപോയി. തുടർന്ന് കുറ്റസമ്മതങ്ങളുടെ ബഢപ്പാടായിരുന്നു. അബൂസുഫ്യാൻ പറഞ്ഞു:

''ഇനിയൊരിക്കലും ഈ തെറ്റ് ആവർത്തിക്കുകയില്ലെന്ന് ഉറപ്പിച്ചതായിരുന്നു ഞാൻ. എന്നാൽ, രാത്രി ഇരുളുറയാൻ തുടങ്ങുമ്പോഴേക്കും എന്റെ കാലുകൾ എന്റെ നിയന്ത്രണത്തിലല്ലാതാവുന്നതുപോലെ തോന്നി. ഞാനറിയാതെ ഇറങ്ങി നടക്കുകയായിരുന്നു; ഒരാകർഷണശക്തിക്കടിപ്പെട്ടതുപോലെ. ഞാനുറപ്പിച്ചുപറയുന്നു ഇനി ഒരിക്കലും ഇതാവർത്തിക്കുകയില്ല.''

അബൂജഹ്ലിനും അഖ്നസിനും മറ്റൊന്നല്ല പറയാനുണ്ടായിരുന്നത്. പരമരഹസ്യമായി ഇക്കാര്യമവശേഷിക്കട്ടെ എന്ന് പറഞ്ഞ് മൂവ്വരും മൂന്നുവഴിക്ക് പിരിഞ്ഞു.

രാത്രിയായി. ഒരു തരത്തിലുമുള്ള പ്രലോഭനങ്ങൾക്കും അടിപ്പെടാതെ സ്വയം നിയന്ത്രിക്കാനുള്ള ബോധപൂർവമായ ശ്രമമുണ്ടായിട്ടും അന്നും അതാവർത്തിക്കപ്പെട്ടു. മുഹമ്മദിന്റെ മുന്നിൽ തങ്ങളുടെ ദൗർബ്ബല്യം അവർക്ക് നന്നായി ബോദ്ധ്യപ്പെട്ടു. മുഹമ്മദിന്റെ വ്യക്തിത്വം അസദൃശമാണെന്നും പരോക്ഷമായിപ്പോലും ആ വ്യക്തിത്വം ചെലുത്തുന്ന സ്വാധീനം അമേയമാ

ണെന്നും അവർ സമ്മതിച്ചു. സമ്മതിക്കാനും അംഗീകരിക്കാനും അവർ തയ്യാറല്ലെങ്കിലും അവരുടെ മനസ്സിന്റെ ആഴങ്ങളിൽ ഏറ്റവും ശക്തമായി മുഴങ്ങുന്ന ശബ്ദം മുഹമ്മദിന്റേതായിമാറി.

ഖുറൈശി പ്രമുഖനായ വലീദുബ്നുൽ മുഗീറ ഇസ്‌ലാമിന്റെ ബദ്ധശത്രുവായിരുന്നു. രോഷം പതയുന്ന ആ മനസ്സിൽപ്പോലും ഖുർആൻ വിസ്മയം വിളയിച്ചു. പ്രവാചകന്റെ സ്വരവും വേദഗ്രന്ഥത്തിന്റെ മാസ്മരികശക്തിയും പലകുറി അദ്ദേഹത്തിന്റെ പരാമർശത്തിനും പ്രശംസയ്ക്കും വിധേയമായിട്ടുണ്ട്. ഒരിക്കലദ്ദേഹം സവിസ്മയം ഇങ്ങനെ പറഞ്ഞു:

''അല്ലാഹുവാണസത്യം അവന്റെ വചനങ്ങൾക്ക് വിസ്മയാവഹമായ ഒരു മാധുര്യമുണ്ട്; ഒരു സവിശേഷ സൗന്ദര്യമുണ്ട്. അതിന്റെ തരുക്കൾ തഴച്ചു വളരുന്നവയും ശാഖകൾ ഫലസമൃദ്ധങ്ങളുമാണ്. തീർച്ചയായും അത് സർവ വചനങ്ങളെക്കാളും സമുന്നതമാണ്.''

കഅ്ബയുടെ ഭിത്തികളിൽ ഉത്കൃഷ്ട കാവ്യശകലങ്ങളെഴുതിതൂക്കിയിടാറുണ്ടത്രെ. അറേബ്യയിലെ സഹൃദയരെ ഹരംകൊള്ളിക്കാറുള്ള 'സപ്ത കവികളുടെ കാവ്യശകലങ്ങൾ' അക്കൂട്ടത്തിൽ പെടും. അവ വായിച്ചാസ്വദിക്കാൻ അവിടത്തെ സന്ദർശകർ ആവേശം കാണിക്കാറുണ്ട്. എന്നാൽ ദേവാലയത്തിന്റെ സമീപത്തിരുന്നുകൊണ്ട് നിരക്ഷരനായ മുഹമ്മദ് ആലപിക്കാറുള്ള ഖുർആനിക സൂക്തങ്ങളുടെ മുന്നിൽ അവയെല്ലാം അനാകർഷകങ്ങളായിത്തീർന്നു. ഓജസ്സിയന്ന, ആശയവാഹികളായ ഖുർആനിക വചസ്സുകളാണ് മുഹമ്മദിലേക്ക് പരശ്ശതങ്ങളെ ആകർഷിച്ചത്. ഒരർഥത്തിൽ മുഹമ്മദിന്റെ പ്രവാചകത്വത്തിന്റെ പ്രഥമദൃഷ്ടാന്തംതന്നെ വിശുദ്ധ ഖുർആന്റെ സർവാതിശായിത്വമാണ്. ബുദ്ധിജീവികളെയും പണ്ഡിതന്മാരെയും ഇസ്‌ലാമിലേക്കാകർഷിച്ചത് സർവോപരി ഖുർആൻ ആയിരുന്നു.

ഒരിക്കൽ ഉമർ ഇങ്ങനെ പറഞ്ഞു:

''ഞാൻ ഇസ്‌ലാമിന്റെ ബദ്ധവൈരിയായിരുന്നു. ജാഹിലിയ്യാകാലത്ത് മദ്യം എനിക്ക് പത്ഥ്യമായിരുന്നു. പലപ്പോഴും ഞാൻ മദോന്മത്തനായി നടന്നിട്ടുണ്ട്. ഖുറൈശികളിൽ പല പ്രമുഖരും ഒരുമിച്ചുകൂടുന്ന ഒരു സദസ്സുണ്ടായിരുന്നു ഞങ്ങൾക്ക്. അങ്ങനെ ഒരു രാത്രി ഞാനെന്റെ കൂട്ടുകാരെയന്വേഷിച്ച് അങ്ങോട്ട് പുറപ്പെട്ടു. പക്ഷേ, ആരെയും കണ്ടില്ല. എന്നാൽ അല്പം മദ്യം സേവിക്കണമെന്ന് വിചാരിച്ച് മദ്യഷാപ്പുകാരനെ തിരഞ്ഞുനടന്നു. അയാളെയും കണ്ടുകിട്ടിയില്ല. കുറച്ച് 'തവാഫ്' ചെയ്യാമെന്ന് വിചാരിച്ച് കഅ്ബയുടെ അടുത്തേക്ക് നടന്നു. അപ്പോൾ റസൂൽ അവിടെനിന്ന് നമസ്കരിക്കുന്നതുകണ്ടു. ഞാൻ കരുതി 'മുഹമ്മദ് എന്താണ് ദൈവത്തോടു പറയുന്നതെന്ന് രഹസ്യമായി കേൾക്കാൻ പറ്റിയ സന്ദർഭമിതാണെ'ന്ന്. അങ്ങനെ ഞാൻ 'ഹിജ്‌റ' ന്റെ ഭാഗത്തൂടെ ചെന്ന് കഅ്ബയുടെ 'ഖില്ല' യുടെ മറവിൽ ഒളിഞ്ഞുനിന്നു. തിരുമേനി ഖുർആൻ ഓതിക്കൊണ്ട് നമസ്കരിക്കുകയായിരുന്നു. ഖുർആൻ ശ്രവിച്ചപ്പോൾ എന്റെ ഹൃദയം ഉരുകിയൊഴുകുംപോലെ തോന്നി. ഞാൻ വിതുമ്പിക്കരഞ്ഞു. തിരുമേനിയുടെ മുന്നിൽചെന്നുനിന്നു. തിരുമേനി അല്ലാഹുവിനെ സ്തുതിക്കുകയും എനിക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തു.''

കാട്ടറബിയായി വിളിക്കപ്പെട്ട ഉമറിന്റെ ക്രൂരവും കരാളസദൃശവുമായ ഹൃദയത്തെപ്പോലും ദയാർദ്രമാക്കാൻ കഴിഞ്ഞ ഖുർആന്റെ വശ്യശക്തി അമേയമാണ്.

ഖുറൈശി പ്രമുഖനായ ഒരു വലിയ പണ്ഡിതനായിരുന്നു വലീദുബ്നുൽ മുഗീറ. ഒരിക്കലദ്ദേഹം നബിയെ സമീപിച്ചു. നബി ഖുർആനിലെ ചില സൂക്തങ്ങൾ അദ്ദേഹത്തെ ചൊല്ലിക്കേൾപ്പിച്ചു. അതുകേട്ടപ്പോൾ അദ്ദേഹം വിസ്മയാധീനനായി. ആ വാക്കുകൾ അദ്ദേഹത്തിന്റെ മനസ്സിൽ കുളിരുപെയ്യുന്ന അനുഭവമുണ്ടാക്കി. ചില വാക്കുകൾ മനസ്സിൽ മുഴക്കമായി പ്രതികരിച്ചു. ചില വാക്കുകൾ മധുരമായി പ്രസരിച്ചു. സ്ഫോടകസ്വഭാവമുള്ള വാക്കുകളുമുണ്ടായിരുന്നു. വല്ലാത്തൊരു മയക്കത്തിന് വിധേയനായതുപോലെ, യാത്രപറയാൻപോലും കഴിയാതെ അദ്ദേഹം ഇറങ്ങിനടന്നു. വീട്ടിലെത്തി വിശ്രമിക്കുകയായിരുന്നു. അന്നേരവും അദ്ദേഹത്തിന്റെ മനസ്സിൽ ഖുർആനികവചസ്സുകൾ പ്രതിധ്വനിക്കുകയായിരുന്നു. വലീദുബ്നുൽ മുഗീറ മുഹമ്മദിനെ കാണാൻ പോയിരുന്നുവെന്നറിഞ്ഞ അബൂജഹ്ൽ ഉൽകണ്ഠയോടും ഉദ്വേഗത്തോടും കൂടി വലീദിനെത്തേടി വീട്ടിലെത്തി. അബൂജഹ്ൽ പറഞ്ഞു:

''ബഹുമാന്യനായ പിതൃസഹോദരാ, താങ്കൾ മുഹമ്മദിനെ കാണാൻ പോയെന്നറിഞ്ഞു. ഇനിയൊന്ന് സമൂഹസമക്ഷം താങ്കളുടെ അഭിപ്രായമറിയിക്കണം. അവന്റെ കപടനാട്യം തുറന്നുകാണിക്കണം. അവന്റെ വാക്കുകൾ പതിരാണെന്നും കള്ളമാണെന്നും താങ്കളൊന്ന് ജനസമക്ഷം വിളിച്ചുപറയണം. വഞ്ചിതരാവാതിരിക്കാൻ അത് അവരെ സഹായിക്കും.''

വലീദ് പതുക്കെപ്പറഞ്ഞു:

''അറബി സാഹിത്യം സമ്പന്നമാണ്. അതിന്റെ സമസ്ത ശിഖരങ്ങളെക്കുറിച്ചും ഞാൻ സാമാന്യമായി മനസ്സിലാക്കിയിട്ടുണ്ട്. അവയുടെ ശക്തിയും ദൗർബ്ബല്യവും ഞാനറിയുന്നു. എന്നാൽ ദൈവനാമത്തിൽ ഞാൻ സത്യംചെയ്യുന്നു, ഈ മനുഷ്യന്റെ വാക്കുകൾക്ക് അവയെക്കാളൊക്കെ ശക്തിയും ഓജസ്സുമുണ്ട്. വല്ലാത്തൊരു വശീകരണശക്തി. അനവദ്യമായ സൗന്ദര്യം–ആ വാക്കുകൾ മനസ്സിൽ മുഴക്കവും പൊട്ടിത്തെറിയുമുണ്ടാക്കുന്നു. ഞാൻ ഇന്നോളം കേട്ട വാക്കുകളെക്കാളെല്ലാം അവ ഉൽകൃഷ്ടങ്ങളാണ്, അനവദ്യമാണ്, അസദൃശമാണ്.''

ഉമറിനെപ്പോലെ ഖുർആൻ സൂക്തങ്ങൾ കേട്ട് മനഃപരിവർത്തനം വന്ന ഒരാളായിരുന്നു തുഫൈലുബ്നു അംറ്. അദ്ദേഹം അക്കാലത്തെ അറിയപ്പെട്ട ഒരു മഹാകവിയുമായിരുന്നു. മുഹമ്മദിനെക്കുറിച്ച് ഖുറൈശികൾ ഭർത്സനം ചൊരിഞ്ഞുപോന്ന കാലമായിരുന്നു അത്. മുഹമ്മദിനെ നേരിലൊന്ന് കാണാനും അദ്ദേഹത്തിന്റെ നൂതനദർശനം സംബന്ധിച്ച് വിശകലനം ചെയ്യാനും തുഫൈൽ ആഗ്രഹിച്ചു. ഇതറിഞ്ഞ ഖുറൈശികൾ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചു. ശ്രമം പരാജയപ്പെട്ടപ്പോൾ മുഹമ്മദിനെ കാണരുതെന്ന് ഭീഷണിയുയർത്തി. മുഹമ്മദുമായി സംസാരിക്കാനിടവന്നാൽ, നവദർശനവുമായി പരിചയപ്പെടാനവസരം ലഭിച്ചാൽ തുഫൈലുബ്നു അംറ് മുഹമ്മദിന്റെയും സത്യവേദത്തിന്റെയും മാസ്മരികശക്തിക്ക് കീഴ്പ്പെട്ടുപോകുമെന്ന് ഖുറൈശികൾ ഭയന്നു. ഒടുക്കം ഖുറൈശികളുടെ ഭീഷണിക്ക് വഴങ്ങിയ തുഫൈലുബ്നു അംറ് ചെവിയിൽ പഞ്ഞിതിരുകിക്കൊണ്ടാണ് അന്ന് പള്ളിയിൽ പോയത്. മുഹമ്മദിന്റെ വാക്കുകൾ കേൾക്കുകയില്ലെന്ന് അദ്ദേഹം ഖുറൈശികൾക്ക് ഉറപ്പുകൊടുത്തു.

പള്ളിയിലെത്തി മുഹമ്മദ് പള്ളിയിൽ പ്രാർഥനാ നിമഗ്നനായി നില്ക്കുകയായിരുന്നു. തുഫൈൽ നിശ്ശബ്ദമായി മുഹമ്മദിന്റെ സമീപത്തുചെന്നു.

മുഹമ്മദ് പതുക്കെ മന്ത്രിച്ചുകൊണ്ടിരുന്ന വാക്കുകൾ തുഫൈലിന്റെ കാതിൽ പതിഞ്ഞു. അതിന്റെ മാധുര്യം അദ്ദേഹത്തെ ഒരു പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചു. ചെവിക്കുള്ളിൽ തിരുകിക്കയറ്റിയ പഞ്ഞി തുഫൈൽ നീക്കം ചെയ്തത് താനറിഞ്ഞുകൊണ്ടായിരുന്നില്ല.

റസൂൽ വീട്ടിലേയ്ക്ക് തിരിച്ചപ്പോൾ തുഫൈൽ അദ്ദേഹത്തെ അനുധാവനം ചെയ്തു. നടന്ന സംഭവങ്ങൾ റസൂലിനെ ധരിപ്പിച്ചു. റസൂൽ ചില ആയത്തുകൾ ഓതിക്കേൾപ്പിച്ചു. തുഫൈലിന്റെ ഹൃദയത്തിൽ പ്രകാശം വഴിഞ്ഞു. അദ്ദേഹം ഖുർആനിക വചസ്സുകൾ ഉരുവിടാൻ തുടങ്ങി. അദ്ദേഹം ഇസ്‌ലാമിനുവേണ്ടി സ്വയം സമർപ്പിച്ച ഒരു വിശുദ്ധമനസ്സായി മാറി.

ഉത്ത്ബത്തുബ്നു റബീഅ ആയിരം നാക്കുകളിൽ സംസാരിക്കാൻ കഴിവുള്ള കുപ്രസിദ്ധനായ ഒരു ദുർമന്ത്രവാദിയായിരുന്നു. ആഭിചാരംപോലുള്ള ദുരാചാരങ്ങളാണ് ഉത്ത്ബത്തിന്റെ കുലവൃത്തി. സാത്വികമനസ്സുകൾ ഉത്ത്ബത്തിനെ കണ്ടാൽ വഴിമാറും.

ഒരു ദിവസം അദ്ദേഹം മുഹമ്മദ് നബിയെ കണ്ടു. പരിഹാസം കലർന്ന സ്വരത്തിൽ ഇങ്ങനെ ചോദിച്ചു:

''മുഹമ്മദേ നീയാണോ പ്രഗത്ഭൻ
അതോ അബ്ദുല്ലയോ?''

മുഹമ്മദ് മിണ്ടിയില്ല. ഉത്ത്ബത്ത് ചോദ്യം കുറച്ചുകൂടി ഉറക്കെ ആവർത്തിച്ചു. മുഹമ്മദ് നിശ്ശബ്ദത പാലിച്ചുതന്നെനിന്നു.

ഉത്ത്ബത്ത്: ''അവരെല്ലാം നിന്നെക്കാൾ ഉത്തമന്മാരും പ്രഗത്ഭരുമാണെന്ന് നിനക്കഭിപ്രായമുണ്ടെങ്കിൽ നീയിന്നധിക്ഷേപിക്കുന്ന ആരാദ്ധ്യന്മാരെയാണ് അവരാദരിച്ചിരുന്നത്. നീ അവരെക്കാൾ നല്ലവനാണെന്ന് നിനക്കഭിപ്രായമുണ്ടെങ്കിൽ നീയത് പറയൂ. അത് കേൾക്കാൻ ഞങ്ങൾക്ക് താൽപര്യമുണ്ട്. നിന്നെപ്പോലെ സ്വസമുദായത്തിന് ദ്രോഹം ചെയ്യുന്നവരായി ആരുമില്ല. ഞങ്ങളുടെ ഐക്യത്തെ ശിഥിലമാക്കുകയും മതത്തെ അവഹേളിക്കുകയും ജനങ്ങൾക്കിടയിൽ ഞങ്ങളെ പരിഹാസ്യരാക്കുകയും ചെയ്തിരിക്കുന്നു നീ. നിന്റെ ഈ ചെയ്തികൾക്കു പിന്നിൽ എന്തെങ്കിലും സാമ്പത്തികലക്ഷ്യമാണുള്ളതെങ്കിൽ നിന്നെ ഞങ്ങൾ ഖുറൈശികളിലെ ഏറ്റവും വലിയ ധനാഢ്യനായി വാഴിക്കാം. തരുണീമണികളിലാണ് നിനക്കഭിമോഹമെങ്കിൽ നീയാഗ്രഹിക്കുന്ന പത്ത് ലലനാമണികളെ നിനക്ക് വിവാഹംചെയ്തു തരാം.''

മുഹമ്മദ് മറുപടിയൊന്നും പറഞ്ഞില്ല. പക്ഷേ, മൗനം ഭഞ്ജിച്ച് ഖുർആനിക സൂക്തമായ 'സുറത്തുഫുസ്സിലെത്തി'ന്റെ ആദ്യഭാഗം പതുക്കെയാലപിച്ചു–ഒരാത്മഗതത്തിന്റെ ഭാവതീവ്രതയോടെ.

ഉത്ത്ബത്ത് വിസ്മയസ്തബ്ധനായി. കൂടുതൽ കേൾക്കാൻ കരുത്തില്ലാത്തവനെപ്പോലെ മുഹമ്മദിനോട് ആലാപനം നിർത്താനാവശ്യപ്പെട്ടു. ഉത്ത്ബത്ത് തിരിഞ്ഞുനടന്നു. നേരേ ഖുറൈശിക്കൂട്ടത്തിലേക്കാണ് ചെന്നത്. ഉത്ത്ബത്തിന്റെ മുഖഭാവവും പെരുമാറ്റരീതികളും കണ്ട് അവർ വിസ്മയിച്ചു. അവർ സോൽക്കണ്ഠം ഉത്ത്ബത്തിനോട് ചോദിച്ചു:

''എന്തുപറ്റി?''

ഉത്ത്ബത്ത് പതുക്കെ മറുപടി പറയാൻ തുടങ്ങി:

''ഞാനിപ്പോൾ, എന്റെ ജീവിതത്തിന്റെ മുമ്പൊരിക്കലും കേൾക്കാത്ത ചില കാര്യങ്ങൾ കേട്ടു. അതു മാരണവൃത്തിയല്ല, ആഭിചാരക്രിയയല്ല, ദുർമ

ന്ത്രവാദവുമല്ല. എന്റെ ഖുറൈശികളേ, ഞാൻ പറയുന്നത് കേൾക്കുക– മുഹമ്മദിനെ അദ്ദേഹത്തിന്റെ വഴിക്ക് വിട്ടേക്കൂ. ഞാൻ കുറേ വാക്കുകൾ കേട്ടു, കാലം കനകംപോലെ സൂക്ഷിക്കാൻ പോകുന്ന ചില വാക്കുകൾ. നാളെ ആ വാക്കുകൾ നിങ്ങളുടെ മനസ്സുകളിലും പ്രസാദമായി പ്രസരിക്കും, നാം പ്രചരിപ്പിച്ചുവരുന്നതുപോലെ നുണയും അസത്യവുമല്ല അവന്റെ വാക്കുകൾ. മന്ത്രവും മറിമായവും കവിടി നിരത്തിപ്പറച്ചിലുമല്ലത്. ഹൃദയഹാരിയായ പവിത്രവചസ്സുകളാണവ. മറക്കാനാവാത്ത ആ വചനങ്ങൾ എന്റെ മനസ്സിനെ ഇപ്പോഴും വിരുന്നൂട്ടുന്നു.''

ഉത്ത്ബത്ത് വാചാലനായി. ഖുറൈശികൾ ഇങ്ങനെ പ്രതിവചിച്ചു:

''താങ്കളും ആ വായാടിയുടെ വാഗ്ജാലത്തിൽ കുടുങ്ങിപ്പോയി, അല്ലേ?''

അത്രയുമാണ് ഖുർആനിക വചസ്സുകളുടെ വശ്യത!

അഭയപ്രാർഥനയുമായെത്തിയ സത്യവേദവിശ്വാസികൾക്ക് ആവശ്യമായ സഹായങ്ങളെല്ലാം നജാശി രാജാവ് ചെയ്തുകൊടുത്തു. വിവരമറിഞ്ഞ ഖുറൈശികൾ അവിടെയെത്തി മുസ്ലിംകളെ വിട്ടുകൊടുക്കാനാവശ്യപ്പെട്ടു. രാജാവ് മുസ്ലിംകളെ വിളിച്ച് അവരെക്കുറിച്ച് കൂടുതലന്വേഷിച്ചു. അബൂത്വാലിബിന്റെ പുത്രനായ ജാഫർ വിശദീകരിച്ചു. ഖുർആനിലെ ചില സൂക്തങ്ങൾ ഓതിക്കേൾപ്പിക്കാൻ രാജാവ് ആവശ്യപ്പെട്ടു. സൂറത്തുൽ അൻകബൂത്തും സൂറത്തുറൂമും ഓതിക്കേൾപ്പിച്ചു. ദത്തശ്രദ്ധനായ നജാശിയുടെ കണ്ണുകൾ നിറഞ്ഞു. നിർത്താതെ തുടർന്നും ഓതാനാവശ്യപ്പെട്ടു. സൂറത്തുൽ കഹ്ഫ്കൂടി ഓതിത്തുടങ്ങി. രാജാവ് എഴുന്നേറ്റ് നിന്ന് ആദരസൂചകമായി ഉപചാരങ്ങളർപ്പിച്ചു. അത് സത്യവേദവിശ്വാസത്തിന്റെ തിരുസന്നിധിയിലുള്ള ഹൃദയസമർപ്പണത്തിന്റെ തുടക്കമായിരുന്നു.

ഒരു സായന്തനം. കഅ്ബ ദേവാലയത്തിനു മുന്നിൽ പരശ്ശതങ്ങൾ ഒത്തുകൂടിയിട്ടുണ്ട്. സത്യവിശ്വാസികളും അല്ലാത്തവരും കൂട്ടത്തിലുണ്ട്. കഅ്ബക്ക് സമീപം പ്രവാചകനിരിക്കുന്നു. പ്രവാചകൻ ഖുർആൻ പാരായണമാരംഭിച്ചു. ശബ്ദബഹുലമായ ആ പവിത്രാന്തരീക്ഷം ക്രമേണ ശാന്തമായി. സത്യവേദത്തോട് താൽപര്യമില്ലാത്തവർപോലും ശബ്ദമുയർത്തി അന്തരീക്ഷത്തെ അലങ്കോലപ്പെടുത്തിയില്ല. സാന്ദ്രനിശ്ശബ്ദതയിൽ പ്രവാചകന്റെ വചോധാര തെളിഞ്ഞൊഴുകി. ആലാപനത്തിന്റെ അവസാന ഘട്ടത്തിൽ ''നിങ്ങളെല്ലാം അല്ലാഹുവിന് സുജൂദ് ചെയ്യുക, ഇബാദത്ത് ചെയ്യുക'' എന്ന് പ്രവാചകൻ അഭ്യർഥിച്ചപ്പോൾ ഒരു യാന്ത്രികവൃത്തിപോലെ, വിശ്വാസത്തിന്റെ വേർതിരിവില്ലാതെ, അവിടെ കൂടിയിരുന്നവരെല്ലാം സുജൂദിൽ പങ്കെടുത്തു, ഖുർആൻ സൂക്തങ്ങളുടെ വല്ലാത്ത വശ്യതയ്ക്കടിപ്പെട്ടവരെപ്പോലെ.

# 20. ഏകത്വം ഉപാസിക്കപ്പെടുന്നു

●

സകല മതങ്ങളും ദൈവവിശ്വാസത്തിലധിഷ്ഠിതമാണ്. മനുഷ്യ മനസ്സിൽ ദൈവ വിശ്വാസത്തിന്റെ പിറവിയെങ്ങനെ എന്ന ചോദ്യത്തിന് അന്യോന്യഭിന്നങ്ങളായ പല അഭിപ്രായങ്ങളുമുണ്ടായിട്ടുണ്ട്. ആഫ്രിക്കയിലെയും അമേരിക്കയിലെയും ആദിവാസികളുടെ വിശ്വാസ പ്രപഞ്ചത്തെ വിശകലനം ചെയ്തുകൊണ്ട് ദൈവ വിശ്വാസത്തിന്റെ പ്രഭവം ഭൂതാരാധനയാണെന്ന് ചിലർ സൂചിപ്പിച്ചിട്ടുണ്ട്.

അധൃഷ്യങ്ങളായ പ്രകൃതി പ്രതിഭാസങ്ങളുടെ മുന്നിൽ നിസ്സഹായനായി നില്ക്കേണ്ടിവന്ന മനുഷ്യൻ ആശ്വാസത്തിന് കണ്ടെത്തിയ ഒരത്താണിയാണ് ദുർഭൂതങ്ങളിലുള്ള വിശ്വാസം. 1857-ൽ ക്യാമട്ട് എന്ന ചിന്തകനവതരിപ്പിച്ച ഫെറ്റിഷിസം അത്തരമൊരു ധാരണയിലേക്കാണ് നമ്മെ നയിക്കുന്നത്. ദുർഭൂതങ്ങളെ ആരാധിച്ച് പ്രസാദിപ്പിച്ചാൽ നമ്മുടെ ആഗ്രഹങ്ങൾക്കൊത്ത് അവയെ പ്രയോജനപ്പെടുത്താമെന്ന് അന്നത്തെ അപരിഷ്കൃത ജനപദങ്ങൾ ധരിച്ചുപോന്നു. ഈ വിശ്വാസത്തിന്റെ രൂപാന്തരമാണ് ഹെർബട്ട് സ്പെൻസർ അവതരിപ്പിച്ച പ്രേതാരാധനാ സിദ്ധാന്തം. നൈലിന്റെയും യൂപ്രട്ടീസ്-റ്റൈഗ്രീസ് നദികളുടെയും തീരങ്ങളിലധിവസിച്ചുപോന്ന ജനങ്ങളിൽ നിലനിന്നു കണ്ട പുരാതന നാഗരികതയെ സംബന്ധിച്ച് ഗവേഷണം നടത്തിയ ശാസ്ത്രകാരൻമാർ കുറേക്കൂടി യുക്തിഭദ്രമായ മറ്റൊരു കണ്ടെത്തലാണ് ലോകത്തിന് സമർപ്പിച്ചത്. ആകാശത്തിലും ഭൂമിയിലും നിരന്തരമായാവർത്തിക്കപ്പെടുന്ന വിശ്രുത വിസ്മയങ്ങൾക്കു മുന്നിൽ അവർ മിഴിച്ചുനിന്നു. അവയെല്ലാമൊരു മഹശ്ശക്തിയുടെ കളിവിളയാട്ടമാണെന്ന് അവർ കരുതി. പിന്നീടവതീർണ്ണമായ 'ജ്യോതിർഗ്ഗോള പ്രകൃതി പുരാണ സിദ്ധാന്തം' (Astral and Natural Mythology) കുറേക്കൂടി യുക്തിസഹമാണെന്ന് ലോകത്തിന് ബോദ്ധ്യപ്പെട്ടു. ദാർശനികരംഗത്ത് അതൊരു വഴിത്തിരിവായിരുന്നു. ആകാശത്തിലും ഭൂമിയിലും നിരന്തരമായനുഭവപ്പെട്ടുകൊണ്ടിരുന്ന ഉത്തരം കിട്ടാത്ത പ്രഹേളികൾ മനുഷ്യമനസ്സിലുണ്ടാക്കിയ ഭയവിഹ്വലതകളാണ് ദൈവ വിശ്വാസത്തിന്റെ പ്രാഗ് രൂപം. ശിഥിലങ്ങളായ നിരവധി ശക്തികളെക്കുറിച്ചുള്ള വിശ്വാസമല്ല, ഒരു മഹശ്ശക്തിയുടെ സജീവ സാന്നിദ്ധ്യമാണ് ഈ ഭാവനാഭേദങ്ങളൊക്കെ വിളിച്ചറിയിക്കുന്നത്.

പ്രകൃതി പ്രതിഭാസങ്ങളെ ദൈവമായിക്കരുതി ആരാധിക്കുന്നതിന് മുമ്പും ആദിമ മനുഷ്യരുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും ഏകദൈവവിശ്വാസം നിഴലിട്ടുനിന്നതായി സമർഥിച്ചുകൊണ്ട് വിയന്ന യൂനിവേർസിറ്റിയിലെ മി.ഷിമിറ്റ്

പറഞ്ഞത് ''പുരാതന നാഗരികതകളിലെ പരാശക്തി ഏക ദൈവ ദർശനത്തിലധിഷ്ഠിതമായ ദൈവവും അവയുൾക്കൊണ്ടിരുന്ന മതം ശുദ്ധമായ ഏക ദൈവത്തിലധിഷ്ഠിതമായതുമായിരുന്നു'' എന്നാണ്.

ദൈവത്തിന്റെ അദ്വയഭാവവുമായി മതതലങ്ങൾക്കുള്ള ബന്ധമെങ്ങനെ എന്നൊന്നന്വേഷിക്കാം.

ഹിന്ദുമതം:

പെട്ടെന്ന് സമ്മതിക്കാൻ പ്രയാസം തോന്നുമെങ്കിലും ഹിന്ദുമതം എന്ന പേരിലൊരു മതം ഇവിടെയുണ്ടായിരുന്നില്ല. ക്രൈസ്തവ മതം, ഇസ്‌ലാം മതം എന്നിവയ്ക്കൊപ്പം തുലനം ചെയ്യാൻ പോരുന്ന ഒരു സംഘടിതമതമല്ലത്. എങ്കിലും ഹിന്ദുമതമെന്നത് ഇന്നൊരു സാമൂഹ്യയാഥാർഥ്യമാണ്. സനാതന ധർമമാണിവിടെ ഹിന്ദുമതമായി വിളിക്കപ്പെടുന്നത്. സനാതന ധർമമെന്നത് പരിസീമിതമായ ഒരു പ്രത്യേക പ്രദേശത്ത് അധിവസിക്കുന്നവരുടേതോ സംഘടിതമായ ഏതെങ്കിലുമൊരു ജനപദത്തിന്റേതോ ഏതെങ്കിലുമൊരു പ്രത്യേക മനുഷ്യന്റെ മസ്തിഷ്കത്തിൽനിന്ന് പ്രാദുർഭവിച്ചതോ ആയ ഒരു സംഘടിത മതമല്ല. അതൊരു മാനവിക ദർശനമാണ്, ഒരു വിശ്വമാനവിക ദർശനം. ഉപനിഷത്തുകളും ഗീതയുമെല്ലാം സനാതനധർമ മനുഗാനം ചെയ്യുന്ന ദാർശനിക ഗ്രന്ഥങ്ങളാണ്.

ഹിന്ദുമതത്തിന്റെ ആദി ഗ്രന്ഥങ്ങളായി ശ്രുതികളും സ്മൃതികളും അറിയപ്പെടുന്നു. ശ്രവിക്കപ്പെട്ടതെന്നും ഓർമയിൽ നിന്നെടുത്തെഴുതപ്പെട്ടതെന്നുമാണിവയ്ക്കർഥം. വേദങ്ങൾ, ഉപനിഷത്തുകൾ, ആരണ്യകങ്ങൾ, ബ്രാഹ്മണങ്ങൾ എന്നിവയാണ് ശ്രുതികൾ. ദൈവത്തിൽ നിന്ന് കേൾക്കപ്പെട്ടത് എന്നാണ് വിവക്ഷ. ഇതിഹാസ പുരാണങ്ങളും നീതിശാസ്ത്രങ്ങളുമെല്ലാം ഋഷിമാർ ഓർമിച്ചെഴുതിയ വിശിഷ്ട ഗ്രന്ഥങ്ങളാണത്രെ. വേദങ്ങളുടെ ജ്ഞാന കാണ്ഡമാണ് ഉപനിഷത്തുകൾ. വേദാന്തമാണ് അവയിൽ കീർത്തിക്കപ്പെടുന്നത്. അവയിലെല്ലാം പല ദേവൻമാരും നിറഞ്ഞുനില്ക്കുന്നുണ്ടെങ്കിലും അവയിലാകെ വഴിഞ്ഞുനില്ക്കുന്നത് ഏകനും സർവശക്തനുമായ പരംപൊരുളാണ്.

''പ്രകാശ സ്വരൂപിയും സൂര്യൻ തുടങ്ങിയ പ്രകാശവസ്തുക്കളെ സൃഷ്ടിച്ചു വഹിക്കുന്നവനും ജഗത്തിന്റെ സംരക്ഷകനും ഏകനുമായ ഹിരണ്യഗർഭൻ ജഗത്തുണ്ടാകുന്നതിന് മുമ്പുതന്നെ വെളിപ്പെട്ടു. അവൻ ഭൂമിയേയും സ്വർഗ്ഗത്തേയും വഹിക്കുന്നു.'' തുടങ്ങിയ ഋഗ്വേദപരാമർശം മറ്റൊന്നല്ല വ്യക്തമാക്കുന്നത്.

തത്വമസിയും അഹം ബ്രഹ്മാസ്മിയും ഏകമേവാദ്വിതിയം ബ്രഹ്മഃവും ഏകം സദ് വിപ്രാബഹുധാവദന്തിയും പ്രഘോഷിക്കുന്ന ഹിന്ദുമതം അഥവാ സനാതനധർമം സൂക്ഷ്മാർഥത്തിൽ ഏക ദൈവത്തെ ഉപാസിക്കുന്നു.

ക്രിസ്തുമതം:

ക്രിസ്തുമതം ത്രിത്വത്തെ ഘോഷിക്കുന്നുണ്ടെങ്കിലും വേദഗ്രന്ഥങ്ങളുടെ (പഴയ നിയമം, പുതിയ നിയമം) പിൻബലം അതിന്നില്ല.

''ഞാനാണ് ദൈവം മറ്റൊരു ദൈവമില്ല. ഞാനാണ് ദൈവം എന്നെപ്പോലെ ആരുമില്ല. ആദിമുതലേ ഞാൻ അന്ത്യം പ്രവചിച്ചു. പുരാതന കാലം മുതലേ സംഭവിക്കാനിരിക്കുന്നവ പ്രവചിച്ചു.'' (യെശയ്യ 46; 9.10) എന്ന് രേഖപ്പെടുത്തിയ പഴയ നിയമം ബഹുദൈവത്വത്തിന് അസ്തിത്വം കൊടുത്തു

എന്നു കരുതാൻ വയ്യ. ന്യായപ്രമാണത്തിൽ മോശ പ്രവാചകന് നൽകിയ കല്പനകൾ വിശോധനത്തിന് വിധേയമാക്കാവുന്നതാണ് :

''നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു, ഈജിപ്ത് ദേശത്ത് അടിമ ഭവനത്തിൽ നിന്ന് നിന്നെ മോചിപ്പിച്ചുകൊണ്ടു വന്നവൻ. ഞാനല്ലാതെ മറ്റു ദേവൻമാർ നിനക്കുണ്ടാവരുത്. ഒരു വിഗ്രഹവും എനിക്കായുണ്ടാക്കരുത്. മുകളിൽ സ്വർഗ്ഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുത്. നീ അവയ്ക്ക് മുന്നിൽ തലകുനിക്കുകയോ അവയെ സേവിക്കുകയോ അരുത്.'' (പുറപ്പാട് 20 : 1–5)

ക്രിസ്തുവിന്റെ വചനങ്ങളെല്ലാം ഏക ദൈവത്വം പ്രബോധനം ചെയ്തു കൊണ്ടുള്ളതാണ്.

''എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുക്കലേക്ക് ഞാൻ ആരോഹണം ചെയ്യുന്നു'' (യോഹന്നാൻ 20:17) എന്ന് സ്വർഗ്ഗാരോഹണത്തിന് മുമ്പ് മഗ്ദലനമറിയത്തോട് പറഞ്ഞ വാക്കുകൾ പോലും അതിന്ന് സാക്ഷ്യമാണ്.

ഹിന്ദുമത ദർശനവും ക്രൈസ്തവ സംസ്കൃതിയും പ്രവാചകൻമാരുമെല്ലാം പ്രബോധിപ്പിച്ചത് ഏകദൈവ വിശ്വാസമായിരുന്നു. വൈദിക കാലത്തിന് ശേഷമാണ് ഹിന്ദുമതത്തിൽ ബഹുദൈവധാരണ വളർന്നുവന്നത്. അതുപോലെ ക്രൈസ്തവരംഗത്ത് പിന്നീടുണ്ടായ സഭകളാണ് ത്രിയേക വിശ്വാസത്തിന് രൂപം നൽകിയത്. ഏക ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം ദൃഢരൂഢഭാവത്തിൽ ഒരിക്കലും പൊലിമകുറയാതെ പ്രഖ്യാപിച്ചു പോന്നത് ഇസ്ലാം ദർശനമാണ്. ഖുർആനിലെ സൂറതുൽ ഇഖ്ലാസിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

> ''പറയുക, കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു പരാശ്രയം വേണ്ടാത്തവനും സകലർക്കും ആശ്രയമായിട്ടുള്ളവനും ആകുന്നു. അവൻ പിതാവോ സന്തതിയോ അല്ല. അവന്ന് തുല്യമായി ഒന്നും തന്നെയില്ല.'' 112 : 1 – 4.

ഏകദൈവത്തിന്റെ അനാദ്യന്തപ്രകൃതം എവിടെയും മുഴങ്ങിക്കേൾക്കാമെങ്കിലും സൃഷ്ടിസ്ഥിതി സംഹാരകാരകത്വം നിർവഹിക്കാൻ മൂന്നായ് പകുത്ത മട്ടിലാണ് ഹിന്ദുമതത്തിൽ ദേവ സങ്കല്പം. ഏകം സദ് വി പ്രാബഹു ധാവദന്തി എന്ന സൂക്തമനുസരിച്ച് ദൈവത്തിന്റെ ഏകത്വം ബോദ്ധ്യപ്പെടുന്നുണ്ടെങ്കിലും പല രൂപങ്ങളിലും പല നാമങ്ങളിലും ദൈവാസ്തിത്വം കീർത്തിക്കപ്പെടുമ്പോൾ സാധാരണ മനസ്സുകളിൽ ഒരവ്യക്തത നിഴൽ പരത്തുന്നുണ്ട്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ത്രിത്വം ആരോപിച്ചുകൊണ്ടാണ് ക്രൈസ്തവ മതത്തിലെ ദൈവധാരണയെന്ന് സൂചിപ്പിച്ചുവല്ലോ. ഇതിലാരെയാരാധിച്ചാലും ദൈവാരാധനയായെന്നാണ് ത്രിയേകത്വവാദ സംസ്കൃതി. ഇവയെല്ലാം ദൈവത്തിന്റെ ഏകത്വത്തെ ദുർബ്ബലമാക്കാൻ പോന്ന വിലക്ഷണവാദങ്ങളാണെന്ന് പറയാതെ വയ്യ. എന്നാൽ സൃഷ്ടിസ്ഥിതി സംഹാര കൃത്യങ്ങളഖിലവും ഒരു മഹശ്ശക്തിയിലർപ്പിച്ചും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കാരുണ്യപൂരം ഒരു ശക്തിയിൽ നിന്നു തന്നെ വർഷിച്ചും ദൈവത്തിന്റെ ഏകത്വത്തെ ഇസ്ലാം പ്രഘോഷിക്കുന്നു.

''നിങ്ങൾ അല്ലാഹുവിനെ നിഷേധിക്കുന്നതെങ്ങനെ? നിങ്ങളോ നിർജ്ജീ

വരായിരുന്നു. അവൻ നിങ്ങൾക്ക് ജീവൻ പ്രദാനം ചെയ്തു. പിന്നെ അവൻ തന്നെ നിങ്ങളെ മൃതരാക്കുകയും പിന്നേയും അവൻ തന്നെ നിങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് അവങ്കലേയ്ക്കുതന്നെ നിങ്ങൾ തിരിച്ചുവിളിക്കപ്പെടുന്നതുമാകുന്നു. ഭുവനത്തിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചുവെച്ചത് അവനാകുന്നു. എന്നിട്ടവൻ ഉപരിലോകത്തിലേയ്ക്ക് തിരിയുകയും അതിനെ സപ്തവാനങ്ങളായി സംവിധാനിക്കുകയും ചെയ്തു. അവൻ സർവ സംഭവജ്ഞനത്രെ.'' 2. 28–29.

ഏകദൈവ വിശ്വാസമെന്നത് ഇസ്‌ലാം മതത്തിന്റെ പ്രമുഖമായ മുഖമുദ്രയാണ്. അറബി ഭാഷയിലെ തൗഹീദ് എന്ന പദം അതുദ്ദേശിച്ചുള്ളതാണ്. ഏക ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ദൈവത്തിന്റെ അപ്രമേയ പ്രഭാവത്തിലും പരമകാരുണികതയിലുള്ള ബോദ്ധ്യവുമാണ് തൗഹീദ് എന്ന പദവിശേഷത്തിന്റെ വ്യാഖ്യാനം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും ഭരണാധികാരിയും നിയന്താവും അവനാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെല്ലാം അവന്റെ വൃത്തീഭേദങ്ങളാണ്. ഈ വൈചിത്ര്യമാർന്ന വൃത്തിവിശേഷങ്ങൾക്ക് താളലയബദ്ധമായ പ്രകൃതവും സുനിയതമായ ലക്ഷ്യവുമുണ്ട്. എല്ലാം പരസ്പരാദിതങ്ങളും അന്യോന്യപൂരകങ്ങളുമാണ്. സൃഷ്ടികളിൽ ശ്രേഷ്ഠമായിക്കരുതപ്പെടുന്ന മനുഷ്യന്റെ നൻമയ്ക്കാണ് സമസ്തവും സജ്ജമാക്കിയിട്ടുള്ളത്. അതറിയാനും ആസ്വദിക്കാനും– അന്തസ്ഥിതമായ ഏകതയുടെ നിത്യ സത്യഭാവമുൾക്കൊള്ളാനും മനുഷ്യന് കഴിയണം.

കർമകാണ്ഡത്തിൽ ദൈവം അതീവ നിഷ്ണാതനാണെങ്കിലും അവിശ്രമമായ അധ്വാനപ്രകൃതം ദൈവത്തിന്റെ സഹജഭാവമാണെങ്കിലും പ്രപഞ്ചകാര്യങ്ങൾ ശ്രദ്ധിക്കാൻ ദൈവം ഒരു ഉപദൈവത്തെയോ സഹകാരിയേയോ നിയമിച്ചിട്ടില്ല. അതുകൊണ്ട് ദൈവത്തിന് സമൻമാരില്ല. ദേവവൃത്തിക്ക് സമാനതകളുമില്ല. ദൈവവേദിയിൽ അധികാരത്തിനുള്ള വടംവലികളുമില്ല. ചിന്തിക്കുന്ന മനുഷ്യന് ദൈവ ബോധത്തെ സംബന്ധിച്ച് അവ്യക്തതയില്ല, ആശയക്കുഴപ്പവുമില്ല.

''നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. പരമകാരുണികനും കരുണാനിധിയുമായ അവനല്ലാതെ മറ്റൊരു ദൈവമില്ല. ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറി വരുന്നതിലും ജനങ്ങൾക്ക് ഉപകാരപ്രദമായ വസ്തുക്കളുമായി സമുദ്രത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളിലും അല്ലാഹു ആകാശത്തിൽനിന്നു വർഷിച്ച ജലത്തിലും അങ്ങനെ അതു മുഖേന ഭൂമിയെ അതിന്റെ നിർജ്ജീവാവസ്ഥയ്ക്കുശേഷം സജീവമാക്കുകയും നാനാതരം ജീവികളെ അതിൽ വ്യാപരിപ്പിക്കുകയും ചെയ്തതിലും കാറ്റിനെയും ആകാശ ഭൂമികൾക്കിടയിൽ അധീനപ്പെടുത്തപ്പെട്ട മേഘത്തെയും നിയന്ത്രിച്ചുനിർത്തുന്നതിലും ബുദ്ധിയുള്ള മനുഷ്യർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.'' (2 : 163 – 164)

അതിനാൽ പ്രപഞ്ച പ്രതിഭാസങ്ങളുടെ പിറകിൽ അദ്വിതിയനും നിഖിലജ്ഞനും അഖിലാരാധ്യനുമായ ഏക ദൈവത്തിന്റെ ഉൺമയും അസ്തിത്വവും മനുഷ്യന് സംശയാതീതമായി ബോധ്യപ്പെടുന്നു. ഈ മഹാസത്യത്തെ ഇസ്‌ലാം ഉദ്ഗാനം ചെയ്യുന്നു. സത്യവിശ്വാസികളുടെ നാക്കിൻ തലപ്പിൽ സദാ നൃത്തം വെയ്ക്കുന്ന അമൃത നിഷ്യന്ദിയായ വചനമാണ് ''ലാ ഇലാഹ

ഇല്ലല്ലാഹു'' (അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹ് ഇല്ല) എന്നത്. പണ്ഡിതൻമാർ ഇലാഹ് എന്ന പദത്തെ വിശകലനം ചെയ്ത് 'ഇബാദത്തിന് അർഹനായവൻ' എന്ന സൂക്ഷ്മാർഥം കണ്ടെത്തിയിരിക്കുന്നു. ഇബാദത്തിന് ആരാധന എന്ന അർഥ വിശേഷണമാണ് ഇവിടെ നിഷ്പന്നമാവുന്നത്. ആരാധനയ്ക്കർഹനായവൻ അല്ലാഹു മാത്രമാണെന്ന് അത് അഭിവ്യക്തമാക്കുന്നു.

''ബുദ്ധിയുള്ള മനുഷ്യർക്ക് ദൃഷ്ടാന്തങ്ങളുണ്ട്'' എന്ന ഖുർആൻ വചനം അത്യന്തം ശ്രദ്ധേയം. നമ്മുടെ ആനുഭവിക പ്രപഞ്ചത്തിൽ നിറഞ്ഞുനില്ക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങളിലൂടെ ദൈവത്തിന്റെ സാന്നിധ്യം ബോദ്ധ്യപ്പെടുകയാണ് കരണീയമായിട്ടുള്ളത്. അതിന്ന് പശ്ചാത്തലമായി മറ്റൊരു തെളിഞ്ഞ ബോധ്യംകൂടി അനിവാര്യമാണ്. ദൈവസത്തയെ പൂർണമായി മനസ്സിലാക്കുക, ദൈവത്തെ പ്രാപിക്കുക എന്നെല്ലാമുള്ളത് അനായാസം സാധിക്കാവുന്നതല്ല. കാരണം പ്രാപഞ്ചികവും പദാർഥപരവുമായ കാര്യങ്ങൾ മാത്രമെ മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുകയുള്ളു. സകലാന്തര്യാമിയായ ദൈവത്തെ നമ്മുടെ സ്ഥൂല ചക്ഷുസ്സുകൊണ്ട് അഭിദർശിക്കുവാനോ പ്രപഞ്ചവസ്തുക്കളുമായി ഇഴുകിനില്ക്കുന്ന മനുഷ്യ മനസ്സിന് അത് വിഭാവന ചെയ്യാനോ സാധ്യമല്ല. അതിനാൽ നമ്മുടെ മുന്നിലെ ദൈവിക ദൃഷ്ടാന്തങ്ങളിലൂടെ ഈശ്വരാസ്തിത്വം ബോദ്ധ്യപ്പെടുക; പ്രപഞ്ച ചലനങ്ങൾ അകർത്തൃകമാണെന്നും അർഥശൂന്യമാണെന്നും ആകസ്മികമാണെന്നും കരുതാതെ അതിന്റെ പിറകിലെ പ്രതിഭാസ വിശേഷമെന്തെന്നറിയാനുള്ള സത്യദർശന പ്രവണമായ സിദ്ധികൾ ശ്രദ്ധയിലൂടെയും നിതാന്ത ജാഗ്രതയിലൂടെയും വളർത്തിയെടുക്കുക. സ്രഷ്ടാവിന്റെ സർഗ്ഗപരതയുടെ നിസർഗ്ഗലാവണ്യം അവിടെ നമ്മെ വിരുന്നൂട്ടും, അതിലൂടെ അചഞ്ചലമായ സത്യവിശ്വാസത്തിന്റെ പ്രകാശ ഭൂമിയിലേക്ക് നടന്നടുക്കാൻ നമുക്ക് സാധിക്കും. മനസ്സിന്റെ അടയ്ക്കാത്തോട്ടിൽ ദൈവത്തെ ഒതുക്കാനും ലാഘവ ബുദ്ധിയോടെ ദൈവത്തെ പ്രാപിക്കുവാനുമുള്ള നമ്മുടെ ഏത് ശ്രമവും പരിഹാസ്യമായിരിക്കും. അതാണ് ഈ മഹദ്വചനം ഗൗരവപൂർവം നമ്മെയോർമിപ്പിച്ചത്:

> ''അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക; എന്നാൽ അല്ലാഹുവിന്റെ സത്തയെക്കുറിച്ച് നിങ്ങൾ ചിന്തിക്കരുത്'' എന്ന്.

മറ്റൊരിടത്ത് :

> ''മനുഷ്യർ ചോദിച്ചുകൊണ്ടിരിക്കും. അവസാനം അവർ പറയും സൃഷ്ടിയെയെല്ലാം സൃഷ്ടിച്ചത് അല്ലാഹുവാണ്. അപ്പോൾ അല്ലാഹുവെ സൃഷ്ടിച്ചതാര് എന്ന്. അത്തരം അനുഭവങ്ങളുണ്ടായാൽ ഞാൻ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് അവൻ പറഞ്ഞുകൊള്ളട്ടെ.'' മുസ്ലിം.

'ഞാൻ പറയുന്നു – അതുകൊണ്ട് നിങ്ങളനുസരിക്കുക' എന്ന സമീപനമല്ല പ്രവാചകനവലംബിച്ചത്. ചുറ്റുപാടും ശ്രദ്ധിക്കുവാനും ഇന്ദ്രിയങ്ങളിലൂടെ അവയുടെ വിസ്മയകരമായ വൈചിത്ര്യങ്ങളുൾക്കൊള്ളുവാനും അവയെ സൂക്ഷ്മമായ വിശകലനത്തിന് വിധേയമാക്കി അതിന്റെ പിറകിലെ അപ്രമേയ പ്രഭാവമിയന്ന മഹാസത്യത്തെക്കുറിച്ചുള്ള തെളിഞ്ഞ ബോധ്യം രൂപപ്പെടുത്തുവാനുമാണ് പ്രവാചകനാഹ്വാനം ചെയ്തത്. യുക്ത്യനുഭവങ്ങളെ ആസ്പദമാക്കിയുള്ള സമർഥന സമ്പ്രദായമാണത്. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളെയും അനുക്രമം ആവർത്തിക്കപ്പെടുന്ന കാലാവസ്ഥകളെയും ഇവയ്ക്കെല്ലാമടിയിൽ സൗമ്യമായി സ്പന്ദിക്കുന്ന സുനിയതമായ പ്രപഞ്ചതാള

ത്തെയും ചൂണ്ടിക്കാട്ടി ഖുർആൻ മനുഷ്യ സാമാന്യത്തോട് ചോദിക്കുന്നത് :

"നിങ്ങൾ ചിന്തിക്കുന്നില്ലേ, നിങ്ങൾക്കു ബുദ്ധിയില്ലേ? ബുദ്ധിയുള്ള വർക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്" എന്നാണ്.

പദാർഥലോകത്തെക്കുറിച്ച് മാത്രമെ ചിന്തിക്കാൻ കഴിയൂ എന്നതാണ് മസ്തിഷ്കത്തിന്റെ പരിമിതി. പദാർഥാതീതമായ യാതൊന്നിനെക്കുറിച്ചും ചിന്തിക്കാൻ മനുഷ്യബുദ്ധിക്ക് സാധ്യമല്ല. സ്ഥല – കാല നൈരന്തര്യത്തിന കത്ത് ജനിച്ചു മരിക്കുന്ന കഥയേ മസ്തിഷ്കത്തിന് പറയാൻ കഴിയൂ. സ്ഥല കാലങ്ങൾക്കപ്പുറത്തുള്ള യാതൊന്നിനെക്കുറിച്ചും ചിന്തിക്കാൻ കഴിയുന്ന രീതിയിലല്ല മസ്തിഷ്കം സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്. "ബുദ്ധികൊണ്ട് ചിറകുകൾ സമ്പാദിച്ചെത്ര മേലോട്ട് കേറിപ്പറന്നാലും" പ്രാപിക്കാൻ കഴി യാത്ത ഒരജ്ഞാത മേഖലയുണ്ട്. അവിടെയാണ് മത–ആദ്ധ്യാത്മികദർശന ങ്ങൾ വിരൽ ചൂണ്ടുന്നത്. സ്ഥലകാലതലങ്ങളുടെ സംരചന സാധിച്ച മഹച്ഛ ക്തിയാണ് ദൈവം. ദൈവത്തിന്റെ അവസ്ഥാനം പദാർഥാതീതമായ അനന്ത വിസ്തൃതമായ ഒരജ്ഞാതമേഖലയിലാണെന്ന് വ്യക്തം. സ്ഥലകാല പരിസീ മിതികളുള്ള മനുഷ്യ മസ്തിഷ്കത്തിന് സ്ഥലകാലാതീതനായ ദൈവത്തെ തൊട്ടുഴിയാനെങ്ങനെ സാധിക്കും?

അപ്പോൾ ദൈവത്തിന്റെ സത്താവിശേഷങ്ങളെക്കുറിച്ച് ദൈവംതന്നെ വെളിപ്പെടുത്തിയ കാര്യങ്ങളെ ആശ്രയിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ. ഖുർആൻ ദൈവിക വചസ്സുകളുടെ സമുച്ചയമായതിനാൽ അതിനെയവലം ബിക്കുകയും അറിയുകയും അനുസരിക്കുകയുമാണ് ഒരു സത്യവിശ്വാസി യുടെ ധർമം.

"പ്രഖ്യാപിക്കുക –കാര്യം, അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്ര യിക്കപ്പെടുന്നവനുമാകുന്നു. അവന്ന് സന്തതിയേതുമില്ല. അവൻ ആരു ടെയും സന്താനവുമല്ല; അവന് തുല്യനായും ആരുമില്ല." 112; 1–4.

"അവിടെയുള്ള (ഭൂമുഖത്തുള്ള) എല്ലാവരും നശിച്ചുപോകുന്നതാകു ന്നു. നിന്റെ റബ്ബിന്റെ പ്രൗഢവും മഹത്തരവുമായ അസ്തിത്വം മാത്രമേ അവശേഷിക്കുന്നുള്ളൂ." 55: 26–27.

"അല്ലാഹുവിന് തുല്യനായി ആരുംതന്നെയില്ല." 112 : 4

"അവന്ന് സദൃശമായി ഒന്നുംതന്നെയില്ല" 42 : 11

"സ്തുതി സർവലോക പാലകനായ അല്ലാഹുവിനാകുന്നു." 1:1

"എല്ലാ വസ്തുക്കളെയും ഇണകളാക്കി സൃഷ്ടിച്ചവനാണവൻ." 43 : 12.

ഇണയാണ്, കൂട്ടാണ്, സമന്വയാവസ്ഥയാണ് പദാർഥത്തിന്റെ ശക്തിയും സൗഭാഗ്യവുമെല്ലാം. പദാർഥത്തിന്റെ ഏക കണം അന്വേഷിച്ചുകൊണ്ടുള്ള പ്രയാണഗതിയിൽ മനുഷ്യമനസ്സ് കണ്ടെത്തിയ ഒരു മഹാസത്യം ഏകകണ മെന്നവകാശപ്പെടാവുന്ന ഒരു വസ്തുവും പ്രപഞ്ചത്തിലില്ലെന്നാണ്. എല്ലാം ഒന്നിനൊന്ന് ബന്ധപ്പെട്ടുകൊണ്ട് വർത്തിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ട് ആറ്റംവരെ ആണ്ടിറങ്ങി. ഇരുപതാം നൂറ്റാണ്ടാണ് ആറ്റംപോലും സമന്വയ ശക്തിയാണെന്ന് കണ്ടെത്തിയത്. ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നീ മൗലിക കണങ്ങളാലാണ് ആറ്റം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെങ്കിൽ സ്വാഭാ വികമായുമുയരുന്ന മറ്റൊരു ചോദ്യം ഈ 'മൗലിക കണങ്ങൾ' എന്തുകൊണ്ട് സൃഷ്ടിക്കപ്പെട്ടു എന്നാണ്. അതിന്റെ അന്വേഷണ പഥത്തിലാണ് ശാസ്ത്ര

ലോകം വ്യാമുഗ്ദ്ധമായിട്ടുള്ളത്. പദാർഥത്തിന്റെ പൊരുൾ തേടിയുള്ള പ്രയാണം നിതരാം തുടർന്നുകൊണ്ടേയിരിക്കുന്നു. ''അത്യന്ത സൂക്ഷ്മമായ മൂന്നുതരം ക്വാർക്കുകൾ (Quarks) കൊണ്ടാണ് പ്രോട്ടോൺ തുടങ്ങിയ കണങ്ങൾ നിർമിക്കപ്പെട്ടിട്ടുള്ളതെന്ന് ജോർജ്ജ്, സ്വിഗ്ഗ് തുടങ്ങിയ ശാസ്ത്രമനീഷികൾ കണ്ടെത്തിയിരിക്കുകയാണ്. ഒരിക്കലും വേർപിരിക്കാനാവാത്ത ക്വാർക്ക് – പ്രതിക്വാർക്കുകളുടെ പാരസ്പര്യത്തിൽ നിന്നാണ് പദാർഥത്തിന്റെ മൗലിക കണങ്ങൾ നിർമിക്കപ്പെട്ടിട്ടുള്ളത്'' എന്ന നിഗമനം വിരൽ ചൂണ്ടുന്നത് ''എല്ലാ വസ്തുക്കളെയും ഇണകളാക്കി സൃഷ്ടിച്ചവനാണവൻ'' എന്ന ഖുർആൻ സൂക്തത്തിലേക്കാണ്. പദാർഥത്തിന്റെ അടിസ്ഥാന സ്വഭാവമാണ് അതിന്റെ ബഹുത്വമെന്നും പരമമായ ഏകത്വമവകാശപ്പെടാൻ സ്രഷ്ടാവിന് മാത്രമെ സാധിക്കൂ എന്നുമാണ്. (അവലംബം – ഇസ്‌ലാം വിശ്വാസ ദർശനം)

''അല്ലാഹു – അവനല്ലാതെ ദൈവമില്ല – എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ, മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളവയെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്! അവരുടെ മുന്നിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.'' 2 : 255

> ''നബിയേ പറയുക: സമുദ്രജലം എന്റെ രക്ഷിതാവിന്റെ വചനങ്ങളെഴുതാനുള്ള മഷിയായിരുന്നുവെങ്കിൽ, എന്റെ രക്ഷിതാവിന്റെ വചനങ്ങൾ തീരുന്നതിന്നുമുമ്പായി സമുദ്രജലം തീർന്നുപോവുകതന്നെ ചെയ്യുമായിരുന്നു; അതിന്നു തുല്യമായ മറ്റൊരു സമുദ്രം കൂടി നാം സഹായത്തിന് കൊണ്ടുവന്നാലും ശരി.'' 18 : 109.
>
> ''ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാവുകയും അതിന് പുറമെ ഏഴ് സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.'' 31:27
>
> ''അപ്പോൾ, ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും ലോക രക്ഷിതാവുമായ അല്ലാഹുവിന് സ്തുതി.'' 45:36
>
> ''നിശ്ചയം, അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമത്രെ.'' 31:34
>
> ''അല്ലാഹു – അവനല്ലാതെ ആരാദ്ധ്യനില്ല;
> എന്നെന്നും ജീവിച്ചിരിക്കുന്നവൻ,
> എല്ലാം നിയന്ത്രിക്കുന്നവൻ.'' 2:255
>
> ''നിങ്ങളുടെ ആരാദ്ധ്യൻ അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ മറ്റൊരാരാദ്ധ്യനില്ല. അവന്റെ അറിവ് എല്ലാ കാര്യത്തെയും ഉൾക്കൊള്ളാൻ മാത്രം വിശാലമാകുന്നു.'' 20:98

അല്ലാഹുവിന്റെ അദ്വയഭാവവും അപ്രമേയപ്രഭാവവും പ്രകീർത്തിക്കുന്ന പരശ്ശതം സൂക്തിരത്നങ്ങൾ ഖുർആനിലുണ്ട്. അവയെല്ലാം മനുഷ്യന്റെ ചിന്താശക്തിയെ പ്രകാശമണിയിക്കുന്നു. മനുഷ്യന്റെ അജ്ഞതയേയും ദൗർബല്യത്തേയും ചൂഷണം ചെയ്തുകൊണ്ട് ആളുകളെ പാട്ടിലാക്കാനുള്ള ചപല

മായ മാർഗ്ഗമല്ല ഖുർആൻ അവലംബിച്ചത്.

ദൈവത്തിന്റെ സത്തയുൾക്കൊള്ളാൻ മനുഷ്യന് സാദ്ധ്യമല്ല. ദൈവിക ദൃഷ്ടാന്തങ്ങൾ വഴി ദൈവബോദ്ധ്യം സാധിക്കുക മാത്രമാണ് കരണീയം. പ്രാപഞ്ചികവും പദാർഥപരവുമായ വസ്തുതകൾ മാത്രമെ മനുഷ്യബുദ്ധിക്ക് വശഗമാവുകയുള്ളൂ. പ്രപഞ്ച പ്രതിഭാസങ്ങൾക്ക് പിറകിലുള്ള സൃഷ്ടി വൈഭവത്തെക്കുറിച്ച് ചിന്തിക്കുവാനാണ് ഖുർആൻ നമ്മോടാവശ്യപ്പെടുന്നത്. സൃഷ്ടികളെക്കുറിച്ചുള്ള വിചിന്തനം – അത് വഴി നയിക്കുന്നത് അല്ലാഹുവിന്റെ അസ്തിത്വത്തിലേക്ക്. സ്രഷ്ടാവിന്റെ മഹിമാവുകളെക്കുറിച്ചറിയുമ്പോൾ അതിൽനിന്ന് പ്രകാശവും ചൈതന്യവും നമ്മിൽ പ്രസരിക്കും. ദൈവമഹത്വം നമ്മിൽ നിലാവ് ചൊരിയും. ദൈവിക വിശേഷങ്ങളെക്കുറിച്ച് ഖുർആൻ നമ്മെ പ്രബോധിപ്പിക്കുന്നു. ഭാഷ മനുഷ്യനിർമിതിയാണ്. ആ നിലയിൽ ദൈവ വിശേഷങ്ങൾ പൂർണ്ണമായവതരിപ്പിക്കുന്നതിൽ മനുഷ്യബുദ്ധിയും അതിന്റെ സൃഷ്ടിയായ ഭാഷയും പരാജയപ്പെടുന്നു എന്നു വരാം. 'ഇന്ന് ഭാഷ യതപൂർണ്ണം' എന്ന സത്യം നമുക്കനുഭവപ്പെടുന്നത് അപ്പോഴാണ്. എങ്കിലും നമുക്ക് വിഷമമില്ല.

വേദഗ്രന്ഥമുണ്ട്, പ്രവാചക ജീവിതവുമുണ്ട്.
ദൈവദത്തമായ വിശേഷബുദ്ധിയും നമുക്കുണ്ട്.
ഇവ ഉപയോഗപ്പെടുത്തുന്നവർക്ക് രക്ഷാമാർഗ്ഗവുമുണ്ട്.

# 21. സത്യവേദത്തിന്റെ അനുഷ്ഠാനതലം

ആദം മുതലാരംഭിക്കുന്ന പ്രവാചക പരമ്പരയുടെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ്. മുഹമ്മദിലൂടെ ലോകത്തിന് നൽകപ്പെട്ട ദൈവിക സന്ദേശമാണ് ഇസ്‌ലാം. അതിനാൽ പ്രവാചക പരമ്പരയുടെ സനാതന സന്ദേശങ്ങളുടെ സാരസമുച്ചയമാണ് ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്നത്. ആ പദത്തിന് ദൈവാഭീഷ്ടത്തോടുള്ള സമർപ്പണം എന്നാണ് അറബി ഭാഷയിലുള്ള ഭാഷ്യം.

ഇസ്‌ലാമിന്റെ അവലംബശിലകളായിക്കീർത്തിക്കപ്പെടുന്ന അടിസ്ഥാന പ്രമാണങ്ങളെയാണ് 'ഈമാൻ' എന്ന് വിളിക്കുന്നത്. ദൈവത്തിലും, ദൈവദൂതൻമാരിലും അന്ത്യവിധിയിലും മരണാനന്തര ജീവിതത്തിലുമുള്ള വിശ്വാസമാണ് ഈ പ്രമാണങ്ങൾ. ഒരു മുസൽമാൻ വ്യതിയാനം വരുത്താതെ അനുഷ്ഠിക്കേണ്ട കർമവിശേഷങ്ങളെക്കുറിച്ചും ഇസ്‌ലാം നിഷ്കർഷിക്കുന്നുണ്ട്. മുഹമ്മദ് നബി ദൈവദൂതനാണെന്ന് ഹൃദയംഗമമായംഗീകരിച്ച് പ്രഖ്യാപനം ചെയ്യുക. ദിവസത്തിൽ അഞ്ചുനേരം നമസ്കാരകർമം നിർവഹിക്കുക, സക്കാത്ത് നൽകുക, വ്രതമാചരിക്കുക, ഹജ്ജ് കർമമനുഷ്ഠിക്കുക എന്നിവയാണവ. ഒരു യഥാർഥമുസൽമാനെ സംബന്ധിച്ചേടത്തോളം ഇവയിൽ മാറ്റിവെക്കാനൊന്നുമില്ല. ആദ്ധ്യാത്മിക വിഷയങ്ങളെ വേറിട്ട് കണ്ട് അവയെക്കുറിച്ച് മാത്രം അപഗ്രഥിക്കുന്ന ഒരു മതദർശനമല്ല ഇസ്‌ലാം. ആത്മീയ ധാർമ്മിക വ്യവസ്ഥകളും കുടുംബ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ നിയമങ്ങളും ഇസ്‌ലാം ദർശനത്തിന്റെ പരിധിയിൽ പെടുന്നു. സാത്വിക സംസ്കൃതിയിലൂടെ ആത്മശക്തി സ്വാംശീകരിച്ച മനസ്സുകൾക്ക് മാത്രമെ നിയതമായ അർഥൗചിത്യ പുഷ്കലതകളോടെ ഇസ്‌ലാമിന്റെ അനുശാസനങ്ങൾ നിർവഹിക്കാൻ സാധിക്കുകയുള്ളു. ആത്മസംസ്കരണത്തിന്റെ അനിവാര്യത ഇസ്‌ലാം പ്രഘോഷിക്കുന്നു.

പ്രപഞ്ച സ്രഷ്ടാവായ ദൈവം പരമപദത്തിൽ പ്രഭാസിക്കുന്നു. പ്രപഞ്ചം സ്പന്ദിക്കുന്നതും ചലിക്കുന്നതും വൃദ്ധിക്ഷയങ്ങൾക്ക് വിധേയമാകുന്നതും ജീവത്തായി വർത്തിക്കുന്നതുമെല്ലാംതന്നെ സകലാധിനാഥനായ ദൈവത്തിന്റെ ഹിതാനുസാരമാണ്. അവൻ അസദൃശനും അദ്വിതിയനുമാകുന്നു. അതിനാൽ അവനല്ലാതെ മറ്റൊരാരാദ്ധ്യനില്ല.

മനുഷ്യജീവിതം ഇവിടത്തോടെയവസാനിക്കുന്നില്ലെന്നും മരണാനന്തരവും അത് തുടരുന്നുവെന്നും ഇസ്‌ലാം അറിയിക്കുന്നു. കാലഗതിയിൽ ഈ മഹാ പ്രപഞ്ചം കീഴ്മേൽ മറിയുന്ന ഒരു ദിവസം വരുമെന്നും അന്ന് ഈ ഭൂമുഖത്ത് ജീവരാശികളൊന്നുമുണ്ടാവുകയില്ലെന്നും സത്യവേദം പ്രഘോഷി

ക്കുന്നു. കല്പാന്തകാല പ്രളയത്തെക്കുറിച്ച് അഥവാ ഇസ്‌ലാം സംസ്കൃതി സൂചിപ്പിക്കുന്ന ലോകാവസാനത്തെ(ഖിയാമത്ത്)ക്കുറിച്ച് എല്ലാ മതതലങ്ങളും സൂചന നൽകുന്നുണ്ട്. ലോകാവസാനത്തിന് ശേഷമുള്ള വിശ്വ പ്രതിഭാസ ത്തെക്കുറിച്ച് ഖുർആൻ ഇങ്ങനെ പരാമർശിക്കുന്നു:

''ലോകാരംഭം മുതൽ അന്ത്യനാൾ വരെയുണ്ടായിരുന്ന സകലമാന ജീവജാലങ്ങളെയും താന്താങ്ങളുടെ ശരീരത്തോടും ആത്മാവോടും കൂടി പുതിയൊരു ലോകത്ത് അന്ന് ഒരുമിച്ചൊരിടത്ത് നിർത്തും. ഈ ചടങ്ങി നെയാണ് പുനരുത്ഥാനം (ഹശ്ർ) എന്ന് വിളിക്കുന്നത്. മരണാനന്തര ജീവിതം അവിടെയാണാരംഭിക്കുന്നത്. എല്ലാവരും ദൈവസന്നിധിയിലേക്കാനയിക്ക പ്പെടുന്നു. വ്യക്തിയുടെ ഇഹലോകജീവിതത്തിലെ കർമകാണ്ഡമാകെ വിശ കലനം ചെയ്യപ്പെടുന്നു, വിലയിരുത്തപ്പെടുന്നു. ഉദാത്ത വൃത്തികൾകൊണ്ട് സമുത്കൃഷ്ട ജീവിതമാചരിച്ചവർക്ക് അസുലഭ സുന്ദരമായ സ്വർഗ്ഗരാജ്യം കൈവരുന്നു. മറിച്ചാണെങ്കിൽ ദുരിതമായ നരകപ്രാപ്തിയും. അപ്പോൾ ഇഹ ലോക ജീവിതത്തിലെ കർമഫലമാണ് ഒരുവനെ സ്വർഗ്ഗസ്ഥനാക്കുന്നതും നര കീയാനുഭവങ്ങൾക്ക് വിധേയനാക്കുന്നതും. മരിച്ചവർ മനുഷ്യരായിത്തന്നെ പുനർജ്ജനിച്ചാണ് ദൈവ സന്നിധിയിൽ അന്ത്യവിചാരണയ്ക്ക് നില്ക്കു ന്നത്. പ്രാർഥനയും ശുപാർശയും ദയാഹരജിയും – ഒന്നുംതന്നെ അവിടെ പരിഗണിക്കപ്പെടുന്നില്ല. ജീവിതാനുഭവങ്ങളുടെ അല്ലപരിശോധനയും നിഷ്പ ക്ഷവും വസ്തുനിഷ്ഠവും സത്യശുദ്ധവുമായ വിലയിരുത്തലുമാണ് അന്ത്യ വിധിക്കാധാരമായി നില്ക്കുന്നത്.''

ദൈവത്തിന് തന്റെ സൃഷ്ടികളിൽ ഏറ്റവും പ്രിയപ്പെട്ടവനാണ് മനു ഷ്യൻ. അവൻ അരുതാത്തത് ആചരിക്കരുതെന്നും അവന്ന് മാർഗ്ഗഭ്രംശം സംഭ വിക്കരുതെന്നും ദൈവത്തിന്നാഗ്രഹമുണ്ട്. നന്നായി ജീവിക്കാനുള്ള സാഹച ര്യങ്ങളെല്ലാം അവൻ മനുഷ്യന് സമ്മാനിച്ചു. നേർവഴി കാട്ടുവാനാണ് ദൈവം പ്രവാചകൻമാരെ നിയോഗിച്ചിട്ടുള്ളത്. ദൈവത്തോട് വിധേയത്വം കാണിച്ച് ദൈവത്തെയനുസരിച്ച് ദൈവസന്നിധിപ്രാപിക്കുകയാണ് മനുഷ്യനിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത്. ഈ രംഗത്ത് മനുഷ്യനെ സഹായിക്കുകയാണ് പ്രവാചക ദൗത്യം. പ്രവാചകനിലൂടെ മനുഷ്യരാശിക്ക് ദൈവം തന്റെ സന്ദേ ശങ്ങളെത്തിക്കുന്നു. അനായാസം, സുലളിതമായി അവ മനസ്സിലാക്കാൻ ഓരോ പ്രവാചകനും സ്വസമുദായത്തിന്റെ ഭാഷയിലാണ് സംസാരിച്ചത്. ഭയംകൊണ്ടനുകരിക്കാതെ അറിഞ്ഞനുസരിക്കാൻ മനുഷ്യന് കഴിയണം എന്ന നിഷ്കർഷയാണ് അതിന്ന് പിന്നിലഭിദർശിക്കപ്പെടുന്നത്.

ലോകത്തിലെ സകല ജനപദങ്ങളിലും ദൈവം പ്രവാചകൻമാരെ നിയോ ഗിച്ചിട്ടുണ്ട്. അടിസ്ഥാനപരമായി അവരുടെയെല്ലാം ദൗത്യം ഒന്നായിരുന്നു. ഏത് സമുദായത്തിൽ പിറന്നാലും പ്രവാചകൻമാരെല്ലാം മനുഷ്യസാമാന്യ ത്തോടാണ് സംസാരിച്ചത്. സമീപനത്തിൽ വ്യത്യാസങ്ങൾ കണ്ടേക്കാമെ ങ്കിലും വിചാരത്തിലും വാക്കിലും വൃത്തിയിലും വീക്ഷണത്തിലും അവ രെല്ലാം സമാനത പുലർത്തി. ദൈവം മനുഷ്യ രൂപത്തിലവതരിക്കുന്നുവെന്നും ദൈവം മനുഷ്യപുത്രനായി പിറക്കുന്നുവെന്നും മനുഷ്യൻ ദൈവമായി മാറുന്നു എന്നുമെല്ലാമുള്ള വിശ്വാസ സമീപനങ്ങളോട് ഇസ്‌ലാം യോജിക്കുന്നില്ല.

പ്രവാചകൻമാരെല്ലാം സമുന്നതമനസ്സുകളും സാത്വിക സംസ്കാര ത്തിന്റെ അനുഗാതാക്കളുമായിരിക്കും. അറിയപ്പെടുന്ന ഒരു പ്രവാചകനും മറി

ച്ചല്ല. എല്ലാ പ്രവാചകൻമാരോടും ഹൃദയബന്ധം സൂക്ഷിക്കുവാൻ മുസൽമാൻ ബാദ്ധ്യസ്ഥനാണ്. അവർ തമ്മിൽ വലുപ്പച്ചെറുപ്പവും ഭേദത്വവുമാരോപിക്കുന്നത് ഇസ്‌ലാം വീക്ഷണമനുസരിച്ച് അരുതാത്തതാണ്. ഏതൊരു പ്രവാചകന്റെയും നാമശ്രവണ മാത്രയിൽ അദ്ദേഹത്തിനുവേണ്ടി പ്രാർഥിക്കാൻ ഇസ്‌ലാം അനുശാസിക്കുന്നു. എന്നാൽ അന്ത്യപ്രവാചകൻ എന്ന നിലയിൽ മുഹമ്മദ് നബിയുടെ പ്രബോധനങ്ങളായിരിക്കണം ഒരു മുസൽമാന്റെ ജീവിതമാതൃക.

അപേക്ഷിച്ചാലനുവദിക്കപ്പെടുന്ന ഒന്നല്ല പ്രവാചകത്വം. ദൈവബോധ്യമാണ് പരമമായ മാനദണ്ഡം. കർമത്രയങ്ങളിലൂടെ കറകളഞ്ഞ ജീവിതം കരുപ്പിടിപ്പിച്ച മഹാമതികളെയാണ് പ്രവാചകത്വത്തിനായി ദൈവം പരിഗണിക്കുന്നത്. ഭോജ്യവസ്തുക്കളുടെ വൈശിഷ്ട്യം പോലെതന്നെ വിളമ്പുന്ന പാത്രങ്ങളും വിശുദ്ധമായിരിക്കണമെന്ന് ദൈവത്തിന് നിഷ്കർഷയുണ്ട്. തിരഞ്ഞെടുക്കപ്പെട്ടാൽ തന്റെ സന്ദേശം ചിലപ്പോൾ നേരിട്ടും മറ്റു ചിലപ്പോൾ ദൂതവാഹകർ മുഖാന്തിരവുമാണ് ദൈവം പ്രവാചകന്നെത്തിക്കുന്നത്. അതിസാധാരണത്വം കാരണമായി ദൈവിക സന്ദേശങ്ങൾ അവഗണിക്കപ്പെട്ടുപോകരുതെന്ന് കരുതി അസാധാരണങ്ങളും അമാനുഷികങ്ങളുമായ ദൃഷ്ടാന്തങ്ങളവതരിപ്പിച്ച് സന്ദേശങ്ങളെ ശക്തിപ്പെടുത്താൻ ദൈവം ശ്രമിക്കാറുണ്ട്. സാമാന്യനും കേവലം നിരക്ഷരനുമായ മുഹമ്മദിലൂടെ ഒഴുകിയെത്തിയ തിരുവചനങ്ങളിൽ വിസ്മയാതിരേകങ്ങളുടെ ഗിരിശിഖരങ്ങൾ കാണാൻ കഴിയുന്നത് അതുകൊണ്ടാണ്. സമുന്നത വിചാരമതികളുടെ മനസ്സിൽ ഖുർആൻ ഒരു നിത്യവിസ്മയമായി വർത്തിക്കുന്നു എന്നതും അതിന്ന് തെളിവാണ്.

പരസഹസ്രം പ്രവാചകൻമാരുണ്ട്. ഇരുപത്തഞ്ച് പേരെ ഖുർആൻ സവിശേഷം അനുസ്മരിക്കുന്നു. ആദം നബി തൊട്ട് ഈസാനബി വരെയും പിന്നെ മുഹമ്മദ് നബിയും.

ആദ്യമായി ദൈവിക സന്ദേശവുമായി മുഹമ്മദിനെ സമീപിച്ചത് ജിബ്‌രീൽ ആയിരുന്നു. ജിബ്‌രീൽ ഒരു മലക്കാണ്. മനുഷ്യരെ ദൈവത്തിന്റെ ആജ്ഞാനുവർത്തികളാക്കി പര്യവസാനിപ്പിക്കാൻ ഒരു വിശേഷ വ്യൂഹത്തെ ദൈവം സൃഷ്ടിച്ചുവെച്ചിട്ടുണ്ട്. അവരാണ് മലക്കുകൾ. ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലാണ് അവരുടെ കർമപഥം; ദൗത്യവാഹകരാണവർ. അങ്ങ് അനന്തതയിലെങ്ങോ കഴിയുന്ന ദൈവത്തിൽനിന്ന് ഇങ്ങ് മനുഷ്യനായ പ്രവാചകന് സന്ദേശമെത്തിക്കുന്ന തപാൽക്കാരന്റെ ദൗത്യമാണ് മലക്കുകൾ നിർവഹിക്കുന്നത്. ആകാശ സഞ്ചാരത്തിന് ചിറകുകൾ അനുപേക്ഷണീയമാണ്. അതിവേഗം സഞ്ചരിക്കേണ്ടതിനാൽ മലക്കുകൾക്ക് ദൈവമനുവദിച്ച ചിറകുകൾ നാലാണ്.

മനുഷ്യനെ മണ്ണുകൊണ്ടാണ് ദൈവം സൃഷ്ടിച്ചത്. ജിന്നിനെ തീകൊണ്ടും. എന്നാൽ മലക്കുകൾ പ്രകാശത്തിൽനിന്നും തീജ്വാലകളിൽ നിന്നും സൃഷ്ടിക്കപ്പെട്ടു. ഇങ്ങനെയാണെങ്കിലും മലക്കുകൾ സാമാന്യ മനുഷ്യദൃഷ്ടിക്ക് വിധേയരല്ല. കാണാൻ കഴിയുന്നില്ല എന്നു കരുതി മലക്കുകളുടെ അസ്തിത്വത്തെ നിഷേധിക്കുന്നതും ശരിയല്ല. നമ്മുടെ ദൃഷ്ടിക്ക് വീര്യവും കാരവും കുറവാണെന്നും അവയ്ക്ക് ഗോചരമല്ലാത്ത പലതും ഈ പ്രപഞ്ചത്തിലുണ്ടെന്നും ബോദ്ധ്യപ്പെട്ടവരാണ് നാം. മനുഷ്യബുദ്ധി അഥവാ ശാസ്ത്രം, നമുക്ക് കാണാനും കേൾക്കാനും കഴിയാത്ത പലതിനെയും പരിചയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കണ്ടുപിടിക്കപ്പെടുന്നതുവരെ അങ്ങ

നെയൊന്നുണ്ടായിരുന്നില്ലെന്നും, അറിഞ്ഞേടം തൊട്ടാണവയുണ്ടായതെന്നും പറയുന്നത് മൗഢ്യമാണ്.

കണ്ടെത്തിയ പ്രപഞ്ച പ്രതിഭാസങ്ങളിൽ ഏറ്റവും വേഗം കൂടിയത് പ്രകാശമാണെന്ന് നാമറിയുന്നു. അതിനാൽ പ്രകാശവേഗമാണിന്ന് പരമം. നിമിഷത്തിൽ രണ്ടുലക്ഷത്തി എൺപത്തെട്ടായിരം കിലോമീറ്റർ വേഗതയിൽ പ്രകാശം സഞ്ചരിക്കുന്നുണ്ടത്രെ. അപ്പോൾ നമ്മുടെ മാംസ ചക്ഷുസ്സുകൾക്ക് പ്രകാശഗതി ഗോചരമാവാത്തതിൽ അതിശയമില്ല. അതുകൊണ്ട് പ്രകാശ സ്വരൂപികളായ മലക്കുകളെ നമുക്ക് കാണാൻ പറ്റുകയില്ല എന്ന പ്രസ്താവം ചോദ്യം ചെയ്യപ്പെടേണ്ടതല്ല. ദൈവത്തിന്റെ ദൂതവാഹകനെ പ്രപഞ്ചത്തിലെ ഏറ്റവും വേഗതയുള്ള സവിശേഷ പ്രതിഭാസംകൊണ്ടാണ് സൃഷ്ടിച്ചത് എന്ന റിയുമ്പോൾ അതിന്റെ അർഥൗചിത്യങ്ങളും യുക്തിഭദ്രതയും നമ്മെ വിസ്മ യവിവശരാക്കുന്നു.

> ''എല്ലാ സ്തുതിയും അല്ലാഹുവിന്, മുൻ മാതൃകയില്ലാതെ ഉപരിലോക ങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവന്ന്; മലക്കുകളെ രണ്ടും മൂന്നും നാലും ചിറകുകളുള്ള ദൂതൻമാരാക്കിയവന്ന്; താനുദ്ദേശിക്കുന്നതിനെ സൃഷ്ടിയിൽ അവൻ വർദ്ധിപ്പിക്കും; എല്ലാറ്റിനും ശക്തിയുള്ളവനാണ് അല്ലാഹു.'' ഫാത്തിർ–1

കേവലമൊരു ദൂതവാഹകനിൽ പ്രതീക്ഷിക്കാൻ കഴിയാത്ത ചില സവി ശേഷതകൾ മലക്കുകളിൽ അഭിദർശിക്കപ്പെടുന്നു. വിശ്വാസിയുടെ മനസ്സിൽ ആശ്വാസത്തിന്റെ കുളിർമഴ പെയ്യിക്കാൻ പോന്ന വാഗമൃതം മലക്കുകളുടെ കൈയിലുണ്ട്.

> ''ഞങ്ങളുടെ നാഥൻ അല്ലാഹു മാത്രമാണെന്ന് പറയുകയും നേരാം വണ്ണം ജീവിക്കുകയും ചെയ്തവരുടെയടുക്കൽ മലക്കുകൾ ഇറങ്ങി വരും. നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ടാ. നിങ്ങളോട് വാഗ്ദാനം ചെയ്ത സ്വർഗംകൊണ്ട് നിങ്ങൾ സന്തോഷിക്കുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്ര ങ്ങളാണ്. (എന്ന് അവർ പറയും.)''

ഇസ്ലാം സംസ്കൃതിയുടെ വേദഗ്രന്ഥമാണ് ഖുർആൻ. ദാവൂദ് നബി യുടെ 'സങ്കീർത്തനങ്ങളും' മൂസാനബിയുടെ 'തൗറാത്തും' ഈസാനബി യുടെ 'ഇഞ്ചീലും' ഖുർആനിൽ ഉദ്ധരിച്ചിട്ടുണ്ട്. മറ്റ് പ്രവാചകൻമാരുടെ വേദ ഗ്രന്ഥങ്ങളിൽ കാലം ചില കൈക്രിയകൾ നടത്തിയിട്ടുണ്ടെന്നും അടിസ്ഥാന പരതയിൽ മാറ്റമേതും വരുത്താതെ കാലാതിവർത്തിയായിക്കഴിയുന്ന സങ്കീർത്തനങ്ങളും തൗറാത്തും ഇഞ്ചീലും അംഗീകരിക്കാൻ സത്യവിശ്വാസി സന്നദ്ധമാവണമെന്നും അവയുടെയെല്ലാം സാരസമുച്ചയമാണ് ഖുർആൻ എന്നും ഇസ്ലാം അറിയിക്കുന്നു.

ദൈവ വിധിയിൽ അവലംബിതമാണ് ഇസ്ലാം. ദൈവ വിധിയെ പ്രതി രോധിക്കാൻ മറ്റൊരു ശക്തിക്കും വയ്യെന്ന് ഇസ്ലാം ഉറച്ചുവിശ്വസിക്കുന്നു. ''ദൈവവിധിക്കഥവാ ഭുവനൈസ്മിൻ നൈവ കവാടനിരോധമൊരേടം'' എന്നും ''വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ'' എന്നും ''അലംഘനീയാ കമലാ സനാജ്ഞ'' എന്നുമുള്ള ചൊല്ലുകൾ ഇവിടെ അനുസ്മരണീയങ്ങളാണ്.) ആത്യന്തികമായി ദൈവ വിധിയാണ് ജയിച്ചുവരുന്നതെങ്കിലും ഒരളവോളം മനുഷ്യന്റെ ഇച്ഛാശക്തിക്കും ദൈവം സ്വാതന്ത്ര്യമനുവദിച്ചിട്ടുണ്ട്.

ഉടയതമ്പുരാന്റെ മുന്നിൽ അടിമയാണെന്ന ബോധത്തോടുകൂടി സർവ സമർപ്പണ പ്രവണമായി കൈ കെട്ടി നിന്നുകൊണ്ട് ദിവസത്തിൽ അഞ്ചുതവണയെങ്കിലും പ്രാർഥിക്കാൻ ഇസ്‌ലാം നിഷ്കർഷിക്കുന്നുണ്ട്. അംഗശുദ്ധി വരുത്തി, വൃത്തിയുള്ള വസ്ത്രം ധരിച്ച് വെടുപ്പുള്ള ഒരിടത്തുവെച്ചാണ് നമസ്കാര കർമം നിർവ്വഹിക്കേണ്ടത്. സൂര്യോദയത്തിനു മുമ്പും ഉച്ചതിരിയുന്നേടത്തും. ഉച്ചതിരിഞ്ഞല്പം കഴിഞ്ഞും സൂര്യാസ്തമയം കഴിഞ്ഞ ഉടനെയും അസ്തമയത്തിനു ശേഷം രണ്ടു മണിക്കൂർ കഴിഞ്ഞാലുമാണ് നമസ്കാരം സാധിക്കേണ്ടത്. ഒരു മുസൽമാന്റെ അലംഘ്യമായ കർമാനുഷ്ഠാനങ്ങളിലൊന്നാണിത്. യുദ്ധം, രോഗം, യാത്ര മുതലായ അസൗകര്യങ്ങളുണ്ടാകുമ്പോൾ അല്പം വൈകിയുമാകാം. ഈ പഞ്ച നേരങ്ങളിൽ ലോകത്തെവിടെയുമുള്ള സത്യവിശ്വാസികൾ കഅ്ബക്കഭിമുഖമായെന്നോണമാണ് നമസ്കാരമാചരിക്കുന്നത്. അതിവിശിഷ്ടമായ, ആത്മീയമായ, സാർവലൗകികമായ ഒരു ഉദ്ഗ്രഥനവൃത്തിയായി ഇസ്‌ലാം ഇതിനെ പരിഗണിക്കുന്നു. ലോകമുസൽമാന്റെ ഹൃദയങ്ങളെ സംബന്ധിപ്പിക്കുന്ന വൈകാരികമായ ഒരു സുവർണ ശൃംഖലയാണിത്. നമസ്കാരം എവിടെവെച്ചുമാവാം. എന്നാൽ പവിത്രതമമായ പള്ളിയിൽ വെച്ച് സമൂഹമായി നിന്ന് പ്രാർഥിക്കുന്നത് അത്യന്തം അഭികാമ്യമായി ഇസ്‌ലാം കരുതുന്നു. വെള്ളിയാഴ്ചകളിലെ 'ജുമുഅ' പ്രാർഥന പ്രത്യേക പ്രാധാന്യമർഹിക്കുന്നു. പ്രാർഥനാകാലമറിയിക്കാനാണ് ബാങ്കുവിളി.

ദൈവകല്പന നിറവേറ്റുവാൻവേണ്ടി മനുഷ്യൻ തന്റെ അടിസ്ഥാനാവശ്യങ്ങൾപോലും സംത്യജിക്കുവാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുന്ന ഒരാത്മ സംസ്കരണ പരിപാടി എന്ന നിലയിൽ ഇസ്‌ലാം വ്രതാനുഷ്ഠാനങ്ങളെ വിശിഷ്ടമായിക്കാണുന്നു. ഇസ്‌ലാമിക സംസ്കൃതിയിൽ സുപ്രധാനമായ നാല് കർമാനുഷ്ഠാനങ്ങളാണ് നമസ്കാരവും വ്രതവും (ഉപവാസം), സക്കാത്തും ഹജ്ജും. കർമ പാപങ്ങളിൽനിന്ന് വിരമിച്ച് (ഉപാവർത്തനം ചെയ്ത്) ഗുണങ്ങളോടൊത്തു വസിക്കുക എന്നതാണ് ഉപവാസം അഥവാ വ്രതം.

ഉപാവൃത്തസ്യ പാപേ ഭ്യോ
യസ്തുവാസോ ഗുണൈഃ സഹ
ഉപവാസം സവിജ്ഞേയഃ
സർവഭോഗ വിവർജ്ജിതഃ

അതിനാൽ പരിപൂർണമായ അച്ചടക്കവും നിയന്ത്രണവും ശീലിക്കുകയാണ് വ്രതാനുഷ്ഠാനത്തിന്റെ വിഭാവിത ലക്ഷ്യം എന്ന് സിദ്ധിക്കുന്നു. ഇസ്‌ലാം സംസ്കാരമനുസരിച്ച് വ്രതാനുഷ്ഠാനങ്ങൾ മൂന്ന് വിധത്തിലുണ്ട്.

1. നിർബ്ബന്ധ ഉപവാസം

റംസാൻ മാസത്തിലെ വ്രതമതാണ്.

2. ഐഛിക വ്രതം

പ്രഖ്യാതമായ രണ്ട് പെരുന്നാൾ ദിവസങ്ങളിലൊഴിച്ച് മറ്റ് പലപ്പോഴായി നിർവഹിക്കാവുന്ന വ്രതമാണത്.

3. പ്രായശ്ചിത്തോപവാസം

കഠിനമായ കുറ്റങ്ങൾക്കുള്ള പ്രതിവിധിയാണത്. ഖുർആൻ രണ്ടാമദ്ധ്യായത്തിലെ 196–ാം വാക്യം പ്രായശ്ചിത്തോപവാസത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്.

ദൈവത്തിന്റെ മുന്നിൽ സമസ്തഭോഗേച്ഛകളും ഭക്ഷണപാനീയങ്ങളും

ഉപേക്ഷിക്കുക എന്നതാണ് ഉപവാസത്തിന്റെ പൊരുൾ. ശരീരേച്ഛകൾക്ക് അടിമപ്പെടാതിരിക്കുകയെന്ന ഉറച്ച നിശ്ചയത്തോടെ വേണം ഉപവാസത്തിലേർപ്പെടുന്നത്. പ്രഭാതം മുതൽ പ്രദോഷം വരെ ഭക്ഷണപാനീയങ്ങൾ പൂർണ്ണമായും ഒഴിവാക്കണം. മാനസികമായ വിശുദ്ധിയും പ്രമുഖമാണ്. ഭക്ഷണപാനീയങ്ങളുപയോഗിച്ചാൽ വ്രതം ഭംഗപ്പെടുമെന്നതുപോലെ മനോമാലിന്യങ്ങൾ ഉപവാസത്തിന്റെ ഉൽകൃഷ്ടലക്ഷ്യത്തെ കെടുത്തിക്കളയുകയും ചെയ്യും. ശാരീരികവും മാനസികവും സാമൂഹികവുമായ വരിഷ്ടലക്ഷ്യങ്ങളോടെയാണ് ഉപവാസം ഇസ്ലാമിൽ കഷ്ടിച്ചിട്ടുള്ളത്.

സക്കാത്ത് എന്ന പദത്തിന് ശുദ്ധീകരണം എന്നാണ് വിവക്ഷ. കൊടുക്കേണ്ട അളവിൽ യഥാർഹം സക്കാത്ത് കൊടുത്തു കഴിഞ്ഞാൽ അവശേഷിക്കുന്ന സമ്പത്ത് മതപരമായും നിയമപരമായും ശുദ്ധമായിത്തീർന്നു എന്നാണ് സങ്കല്പം. ഉള്ളവൻ ഇല്ലാത്തവന് നൽകുന്ന ഔദാര്യമല്ല സക്കാത്ത്. സമൂഹം അതിന്ന് ചുമതലപ്പെടുത്തപ്പെട്ടവർ മുഖേന പിരിച്ചെടുത്ത് പൊതുനിധിയിൽ നിക്ഷേപിക്കുകയും ആവശ്യാനുസരണം സമൂഹനന്മയ്ക്കായി അതർഹിക്കുന്ന ജനപദങ്ങൾക്കിടയിൽ വിനിയോഗിക്കുകയും ചെയ്യേണ്ട ഒന്നാണത്. അത് ഒരാരാധനയുടെ അതിദിവ്യമായ അനുഷ്ഠാനമാണ്. സഹായമോ സൗജന്യമോ അനുഭവിക്കേണ്ടി വരുമ്പോഴുണ്ടാകാവുന്ന അപകർഷബോധം അവിടെ ഉപഭോക്താവിനുണ്ടാകുന്നില്ല. ഉപഭോക്താവിന്റെ മുന്നിൽ നൽകുന്നവന് മേലാളത്വ ബോധത്തിന്റെ മാലിന്യങ്ങളുമുണ്ടാവുന്നില്ല.

ഒരു മുസൽമാൻ വിശ്വാസപരമായ പൂർണ്ണത കൈവരിക്കുന്നത് ഹജ്ജ് കർമത്തിന്റെ അനുഷ്ഠാനത്തോടുകൂടിയാണ്. ജീവിതപൂർണ്ണതയ്ക്ക് അതനിവാര്യമാണെന്ന് മുസൽമാൻ കരുതുന്നു. ദുൽഹജ്ജ്മാസം 8–ന് തുടങ്ങി 12–ന് അവസാനിക്കുന്ന മംഗളവേളയിൽ, മക്കയിൽ സത്യവിശ്വാസികളുടെ വിശ്വകുടുംബം സമന്വയിക്കുകയും ഏകദൈവത്തിന്റെ തിരുസ്മരണയിൽ അന്തരംഗവിശുദ്ധി കൈവരിക്കുകയും ചെയ്യുന്നു. സത്യവിശ്വാസികൾ അനുഷ്ഠിച്ചു പോരുന്ന ഹജ്ജ് കർമം പോലെ സുനിയതവും ക്രമീകൃതവും ആത്മീയപ്രഭാവം നിറഞ്ഞുവഴിയുന്നതുമായ മറ്റൊരു മതാചാരം വിശ്വസംസ്കൃതിയിൽ ചൂണ്ടിക്കാണിക്കുവാനില്ല. പഴുതുകളടച്ച് പരിഭദ്രമാക്കിയ, അർത്ഥപൂർണ്ണവും പ്രതീകാത്മകവുമായ ആചാരാനുഷ്ഠാനങ്ങളാണ് അവിടെ നടക്കുന്നത്. മക്കയുടെ ആറ് നാഴിക ദൂരെവെച്ച്, തന്നെ വ്യതിരിക്തനാക്കുന്ന സാധാരണവസ്ത്രങ്ങളുപേക്ഷിച്ച്, നഗ്നപാദനായി നമ്രശിരസ്കനായി വിശ്വാസി മുന്നോട്ട് നീങ്ങുന്നു. ഏഴ് പ്രാവശ്യം കഅ്ബയെ വലംവെയ്ക്കുന്നു. ഇബ്രാഹിം നബിയുടെ പള്ളി സന്ദർശിക്കുന്നു. ചരിത്രമുറങ്ങുന്ന സഫാ മർവാകുന്നുകൾ ഏഴ് പ്രാവശ്യം കയറിയിറങ്ങുന്നു. അറഫയുടെ സന്നിധിയിലെത്തുന്നു. മതഭാഷണം ശ്രദ്ധിച്ച് മനഃപ്രക്ഷാളനം സാധിക്കുന്നു. പ്രവാചകന്റെ വിടവാങ്ങൽ പ്രസംഗത്തിലാവശ്യപ്പെട്ട വരിഷ്ടജീവിതധർമം അനുസ്മരിക്കുന്നു. ദൃഢമനസ്സായി സ്വയം മാറി, മിനായിൽച്ചെന്ന് സ്തൂപത്രയങ്ങൾക്കു നേരെ കല്ലെറിയുന്നു. വിശുദ്ധിയുടെ പുത്തൻ പ്രതീകങ്ങളായി, സാർവലൗകിക സാഹോദര്യത്തിന്റെ മധുനുണഞ്ഞ് ലോകമനസ്സിന്റെ തിരുവുദയത്തിന് പ്രാർത്ഥിച്ച് നാലുനാൾ മക്കയിൽ പ്രശാന്തിയുടെ അന്തരീക്ഷത്തിൽ മനസ്സടക്കിക്കഴിഞ്ഞ് മദീനയിൽച്ചെന്ന് പ്രവാചകന്റെ ശവകുടീരം ദർശിച്ച് പുതിയ പ്രതിജ്ഞയുമായിത്തിരിക്കുന്നു. പ്രദേശം, ഭാഷ, ആചാരമര്യാദകൾ, ആഹാരരീതികൾ,

ജീവിതസമ്പ്രദായങ്ങൾ, ആർത്ഥിക പരിഗണനകൾ, വലുപ്പച്ചെറുപ്പങ്ങൾ തുടങ്ങിയ ഭേദഭാവനകൾ–ഞാനെന്ന ഭാവം പോലും –അലിഞ്ഞലിഞ്ഞില്ലാതായിത്തീരുന്ന ആ ദൈവസാമ്രാജ്യത്തിൽനിന്ന് പുനർജ്ജനിക്കുന്ന ഹാജിമാർ സത്യവിശ്വാസത്തിന്റെ അഗ്നിശലാകകളായി സ്വദേശത്തേക്ക് തിരിക്കേണ്ടവരാണ്. അതാണ് സത്യവേദമനുശാസിക്കുന്നത്.

# 22. അറിവിന്റെ മുന്നിൽ സാദരം സത്യവേദം

●

**പ**ണ്ടുകാലത്ത് മതാധികാരികൾ വിദ്യയോടും വിജ്ഞാനത്തോടും ഉദാരത കാണിച്ചിരുന്നില്ല. ലോകത്തെവിടെയും അങ്ങനെയായിരുന്നു. വിശേഷിച്ചും പാശ്ചാത്യനാടുകളിൽ അവരുടെ പെരുമാറ്റം ക്രൂരവും ഹീനവുമായിരുന്നു. വിദ്യയുടെ വികാസത്തിൽ, അറിവിന്റെ മുന്നേറ്റത്തിൽ, തങ്ങളുടെ അസ്തിത്വത്തിന്റെ അടിപ്പടവിളകിയേക്കുമോ എന്നായിരുന്നു അവർ ഭയപ്പെട്ടത്. അതുകൊണ്ട് വിദ്യയുടെ വാതായനങ്ങളടയ്ക്കുവാനും ചിന്താ സ്വാതന്ത്ര്യത്തിന്റെ തിരി മുറിച്ചെറിയാനും അവർ ജാഗ്രത പാലിച്ചു. മധ്യ നൂറ്റാണ്ടുകളിലാണ് ഇതിന്റെ കൊടും ക്രൂരതകൾകണ്ട് ലോകം ഏറെ ഞെട്ടിയത്.

പ്രകൃതിശാസ്ത്രജ്ഞന്മാരുടെ ചിന്താപഥത്തെയാണ് അവരേറെ ആശങ്കയോടെ വീക്ഷിച്ചത്. അവരുടെ യാത്ര ഭംഗമില്ലാതെ തുടർന്നാൽ ഇവിടെ ദൈവത്തിന്റെ പേരിൽ കെട്ടിപ്പൊക്കിയ ആചാര വിശ്വാസങ്ങളും ക്രമത്തിൽ തങ്ങളുടെ നിലനില്പുപോലും അപകടത്തിലാകുമെന്ന് ഭയന്ന പൗരോഹിത്യം, പള്ളി വളർത്തിയെടുത്ത വിശ്വാസാചാരങ്ങൾക്കെതിരെ ചിന്തിക്കുന്നതുപോലും കുറ്റകരമായി പ്രഖ്യാപിച്ചു. ചർച്ചിന്റെ പ്രഖ്യാപനങ്ങൾക്കെതിരെ നീങ്ങുന്ന 'ധിക്കാരിക'ളെ കുറ്റവിചാരണയെന്ന പ്രഹസനത്തിന് വിധേയമാക്കി കടുത്ത ശിക്ഷ നല്കാൻ പ്രത്യേകം കോടതികൾ പോലും അന്ന് രൂപപ്പെടുത്തിയിരുന്നു. തന്റെ ദൃഷ്ടിയിൽ ഭൂമി ഉരുണ്ടതാണെന്ന് ബോധ്യപ്പെട്ട ശാസ്ത്രജ്ഞൻ അക്കാര്യം പുറത്തു പറഞ്ഞപ്പോൾ അത് അക്ഷന്തവ്യമായ അപരാധമായി മാറുകയും അദ്ദേഹം തീയിലെറിഞ്ഞ് കൊല്ലപ്പെട്ട ദുരവസ്ഥയോളം കാര്യങ്ങൾ നീങ്ങുകയും ചെയ്തു. ജീവനോടെ ചുട്ടെരിക്കപ്പെട്ട ശാസ്ത്രകാരൻമാർ, ഉയരങ്ങളിൽനിന്ന് താഴേക്ക് വലിച്ചെറിയപ്പെട്ടതുകാരണം പിടഞ്ഞുമരിക്കേണ്ടിവന്ന ബുദ്ധിജീവികൾ–അക്കാല ചരിത്രത്തിന്റെ മൂകസാക്ഷികളാണ്. സ്വതന്ത്രമായ ബൗദ്ധിക വ്യാപാരം തങ്ങളാവർത്തിക്കുകയില്ലെന്ന് അധികാരികളുടെ സമക്ഷം രേഖപ്പെടുത്തി മാപ്പിരന്ന് രക്ഷപ്പെട്ട പലരും അന്നുണ്ടായിരുന്നു. പള്ളിയും മതാധികാരികളും അപ്രമാദിത്വം അവകാശപ്പെട്ടുപോന്ന കാലമായിരുന്നു അത്. മതപരമായ അച്ചടക്കം ഏത് സമൂഹത്തിലും ഒരളവോളം നിഷ്കർഷിക്കപ്പെട്ടിരുന്നുവെങ്കിലും ജ്ഞാനവിജ്ഞാനങ്ങൾക്കും ചിന്താ സ്വാതന്ത്ര്യത്തിനും തടയിടാനാവശ്യപ്പെട്ട് ഒരൊറ്റ മതദർശനവും ലോകത്തിന്നോളം അവതീർണമായിട്ടില്ല. മതത്തിന്റെ പാലാഴിയിൽ പൗരോഹിത്യം നഞ്ഞുകലക്കിയപ്പോഴാണ് ഈ ദുരവസ്ഥയുണ്ടായത്.

കാലാന്തരത്തിൽ ക്രിസ്ത്രീയ മതരംഗത്ത് അസ്വാസ്ഥ്യം ഇരുണ്ടുകൂ

ടാൻ തുടങ്ങി. ചോദ്യംചെയ്തുകൊണ്ട് ഒരു വിഭാഗം മുന്നോട്ടുവന്നു. പ്രൊട്ടസ്റ്റന്റുകാരുടെ രംഗപ്രത്യക്ഷമായിരുന്നു അത്. മതം വിലക്കിയതുകാരണം നിശ്ശബ്ദരായിക്കഴിയുന്ന വിചാരമതികളുടെ മനസ്സറിയാൻ കഴിഞ്ഞ പ്രൊട്ടസ്റ്റന്റുകാർ ചിന്താ സ്വാതന്ത്ര്യത്തെ പൊക്കിപ്പിടിച്ചുകൊണ്ട് പ്രചാരവേലയാരംഭിച്ചു. അത് പലരെയും ആകർഷിച്ചു. ഒരു ഘട്ടമെത്തിയപ്പോൾ ചർച്ചിന്റെ സങ്കുചിത താൽപര്യങ്ങൾക്കെതിരെ വിശ്വാസികൾ പ്രതികരിക്കാൻ തുടങ്ങി. വിദ്യയുടെയും വിജ്ഞാനത്തിന്റെയും വിഭാത കാന്തി യൂറോപ്പിലാകെ പ്രസരിച്ചുതുടങ്ങി. ശാസ്ത്രവും സ്വതന്ത്രചിന്തയും ഇതൾ വിടർന്നുതുടങ്ങി.

അക്കാലത്ത് ശാസ്ത്രകാരൻമാരുടെ മനസ്സിൽ പൂർവാനുഭവങ്ങൾ ഉലയൂട്ടിയ പ്രതികാരാഗ്നി ആളിക്കത്താൻ തുടങ്ങിയോ എന്ന് ചില ചരിത്രകാരൻമാർ സംശയിച്ചിട്ടുണ്ട്. മതത്തിനെതിരെ യുക്തിപൂർവകമായ സമർഥനശ്രമമാണ് ശാസ്ത്രകാരൻമാരുടെ ഭാഗത്തുനിന്നുണ്ടായതെങ്കിലും അവയ്ക്ക് തീവ്രത കൊടുക്കാൻ മനസ്സ് നിറഞ്ഞുനില്ക്കുന്ന പ്രതികാരത്തിന്റെ തീപ്പൊരി സഹായകമായിരുന്നുവെന്നുവേണം കരുതാൻ. മതമുയർത്തി വളർത്തിപ്പോന്ന വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമെതിരെ അവർ ശക്തിയുക്തം ശബ്ദമുയർത്തി. മതം മനുഷ്യനെ പ്രാകൃതാവസ്ഥയിലേക്ക് വലിച്ചുകൊണ്ടുപോവുകയാണെന്ന് അവർ വാദിച്ചു. അപരിഷ്കൃത മനുഷ്യന്റെ വികലമായ മാനസികാവസ്ഥ വരച്ചെടുത്തതാണ് മതകല്പനകളെന്നുപോലും അവർ വാദിച്ചു. മതം യാഥാസ്ഥിതികവും അപരിഷ്കൃതവുമായ ഒന്നാണെന്ന് പ്രചരിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞു. മതനവീകരണത്തിനപ്പുറത്ത് മതനിഷേധത്തിന്റെ ചക്രവാളത്തോളം ഉച്ഛൃംഖലമായ ചിന്താസ്വാതന്ത്ര്യം ചിറകു വിടർത്തി എന്നതും സത്യമാണ്. അക്കാലത്തെ ശാസ്ത്രവേദികളുടെ മനസ്സറിയാൻ പോകുന്ന ഒരു പരാമർശമുദാഹരിക്കാം:

19–ാം നൂറ്റാണ്ടിൽ പ്രസിദ്ധീകൃതമായ ലാറോസിന്റെ സർവ വിജ്ഞാന കോശത്തിൽ മതാധ്യക്ഷൻമാരെ പരാമർശിക്കുന്ന ഭാഗത്ത് ഇങ്ങനെ കാണാം:

''ബുദ്ധിക്ക് നിരക്കാത്ത കാര്യങ്ങൾ വിശ്വസിക്കാൻ മനുഷ്യൻ നിർബന്ധിതനാണെന്ന് നാം പറയുമ്പോൾ അരുത് എന്ന് അവർ പറയും. എന്നിട്ട് നന്മയും തിൻമയും നീതിയും അനീതിയും വിവേചിക്കാൻ കഴിയുമെന്ന് സ്വയം അവകാശപ്പെടുന്ന ബുദ്ധിയെ കൈയടക്കാൻ അവർ ശ്രമിക്കുന്നു. ഇങ്ങനെ അത്ഭുതങ്ങൾ സാധാരണ സംഭവങ്ങളായും വെളുപ്പ് കറുപ്പായും നീചത്വം അന്തസ്സായും മനസ്സിലാക്കത്തക്ക പരുവത്തിൽ ബുദ്ധിയുടെയും ഉൾക്കാഴ്ചയുടെയും കണ്ണ് കെട്ടിയശേഷം ജനങ്ങളോട് അനുസരിക്കാൻ അവർ കല്പിക്കുന്നു. ഞങ്ങൾ ഏതനുസരിക്കണം, ബുദ്ധിയെയോ പ്രകൃതി സഹജമായ കടമകളെയോ മാനസിക പ്രചോദനങ്ങളെയോ മനുഷ്യന്ന് ഗുണകരമായ തത്ത്വങ്ങളെയോ ഏതിനെയാണനുസരിക്കേണ്ടത് എന്ന് ചോദിക്കുമ്പോൾ അവരുടെ ഉത്തരം 'അല്ല, നീ കണ്ണ് ചിമ്മി അനുസരിക്കുക' എന്നായിരിക്കും.''

ആയിശ നിവേദനം ചെയ്ത ഒരു ഹദീസ് ഇമാം ബുഖാരി ഇങ്ങനെ ഉദ്ധരിക്കുന്നു:

ഹിറാ ഗുഹയിലിരിക്കുന്ന ദിവസങ്ങളിൽ ഇടയ്ക്കിടെ തിരുമേനി ചില സ്വപ്നങ്ങൾ കാണുമായിരുന്നു. പിന്നീട് സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കപ്പെട്ടതുപോലുള്ള അനുഭവങ്ങളുണ്ടായി. അതാവർത്തിച്ചുകൊണ്ടിരുന്നു. ഒരു

രാത്രി തിരുമേനി ഹിറാഗുഹയിലിരിക്കുമ്പോൾ ജിബ്‌രീൽ മുഹമ്മദിനെ സമീപിച്ചു. ''വായിക്കുക'' എന്നാവശ്യപ്പെട്ടു. മുഹമ്മദ് തനിക്ക് വായിക്കാനറിയില്ലെന്ന് പ്രത്യുത്തരം നല്കി. അപ്പോൾ മലക്ക് മുഹമ്മദിനെ ഗാഢാലിംഗനം ചെയ്തു. എന്നിട്ട് വീണ്ടും വായിക്കുക എന്നാവശ്യപ്പെട്ടു. അപ്പോഴും ആദ്യത്തെപ്പോലെത്തന്നെ, തനിക്ക് വായിക്കാനറിയില്ലെന്ന് മുഹമ്മദ് മറുപടി നല്കി. ഇത് മൂന്നുവട്ടം ആവർത്തിക്കപ്പെട്ടു. തുടർന്ന് വാക്യങ്ങൾ വായിക്കപ്പെട്ടു. ഖുർആനിലെ 96- ാം അധ്യായത്തിന്റെ ആരംഭത്തിൽ ''ഇഖ്‌റഅ്'' എന്നു തുടങ്ങുന്ന ഒന്നുമുതൽ അഞ്ചുവരെയുള്ള വാക്യങ്ങൾ. ആ വാക്യങ്ങളുടെ അർത്ഥതലമിതാണ്:

സർവ സൃഷ്ടി ജാലങ്ങളെയും സൃഷ്ടിച്ച നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക-മനുഷ്യനെ ഒട്ടിപ്പിടിച്ച ഒന്നിൽനിന്നാണ് അവൻ സൃഷ്ടിച്ചിരിക്കുന്നത്-വായിക്കുക, പേനകൊണ്ട് എഴുതാൻ പഠിപ്പിച്ച അത്യുദാരനാണ് നിന്റെ രക്ഷിതാവ്-അറിവില്ലാത്ത കാര്യങ്ങൾ അവൻ മനുഷ്യന്ന് പഠിപ്പിച്ചുകൊടുത്തിരിക്കുന്നു.

അന്നത്തെ അറബ് ജനതയെമാത്രമല്ല, അധഃപതന കൂപത്തിലാണ്ടുകിടക്കുന്ന ഏത് ജനവിഭാഗത്തെയും ഉദ്ധരിക്കാനൊരുങ്ങുമ്പോൾ ഏറ്റവും ആദ്യമായി ചെയ്യേണ്ടത് വിദ്യാഭ്യാസവും അതിന്റെ പ്രാഥമികോപാധിയായ അക്ഷര ജ്ഞാനവും പ്രചരിപ്പിക്കലാണെന്നു കാണാം. അക്ഷരജ്ഞാനമില്ലാത ഒരു ജനതയെ മറ്റേതു വിധത്തിൽ ഉദ്ധരിക്കാൻ ശ്രമിച്ചാലും വിജയിക്കുകയില്ല എന്നാണ് ഉപര്യുദ്ധൃതമായ അനുഭവം പരോക്ഷമായി വിളിച്ചറിയിക്കുന്നത്. മനുഷ്യ ജീവിതം എവിടെനിന്നാരംഭിച്ചു, മനുഷ്യൻ മുമ്പ് ഏതവസ്ഥയിലായിരുന്നു, എങ്ങനെയാണ് പടിപടിയായി പുരോഗമിച്ച് ഇന്നത്തെ സ്ഥിതിയിലെത്തിയത് എന്നീ യാഥാർഥ്യങ്ങൾ ചിന്തിച്ചുനോക്കുവാൻ അല്ലാഹു മുഹമ്മദിനെ ഉപദേശിച്ചു. ഒരു രക്തകണം മാത്രമായിരുന്ന മനുഷ്യൻ പടിപടിയായി വളർന്ന് ഇന്നത്തെ നില പ്രാപിച്ചെങ്കിൽ മൃഗതുല്യനായി ജീവിച്ച് അധഃപതിച്ചു കിടന്ന മനുഷ്യന് അക്ഷരാഭ്യാസം നേടി പടിപടിയായി വളർന്ന് മേൽപ്പോട്ട് വരാൻ കഴിയുമെന്നാണ് അല്ലാഹു തിരുമേനിയെ ഉണർത്തുന്നത്. ഇത് മാത്രമല്ല, പേനകൊണ്ടെഴുതാനും പഠിക്കാനും പഠിപ്പിക്കാനും അല്ലാഹു ചെയ്തുവെച്ചിരിക്കുന്ന വ്യവസ്ഥ അവന്റെ മഹത്തായ ഔദാര്യവും അനുഗ്രഹവുമാണെന്നും അത് ഗ്രഹിക്കാതിരിക്കുന്നത് വലിയ മണ്ടത്തരമാണെന്നും അല്ലാഹു തിരുമേനിയെ ഉണർത്തുന്നു. ചുരുക്കത്തിൽ, ഖുർആൻ ഏറ്റവും ആദ്യമായി തിരുമേനിയേയും മനുഷ്യരാശിയേയും ഉദ്ബോധിപ്പിച്ചത് അറിവിന്റെ ഔൽകൃഷ്ട്യത്തെയാണ്. അപ്പോൾ അക്ഷരാഭ്യാസത്തിനും ജ്ഞാനവിജ്ഞാനങ്ങൾക്കും ഖുർആൻ നല്കുന്ന പ്രാധാന്യം അനുക്ത സിദ്ധമാണല്ലോ.

ഏകത്വ സിദ്ധാന്തമാണ് (തൗഹീദ്) ഖുർആന്റെ ആത്മഭാവം. 'അല്ലാഹു അല്ലാതെ വേറൊരു ദൈവമില്ലെന്നും മുഹമ്മദ് അവന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' ഇതാണ് ഒരു മുസൽമാന്റെ സത്യപ്രതിജ്ഞ. ദൃശ്യങ്ങളും അദൃശ്യങ്ങളുമായ പ്രകൃതി പ്രതിഭാസങ്ങളെ മനസ്സിലാക്കി വിശേഷ ബുദ്ധികൊണ്ട് വിശകലനംചെയ്ത് വിലയിരുത്തി സകലാന്തര്യാമിയായ ദൈവമെന്ന ഉണ്മയെ കണ്ടെത്തി ഏകത്വബോധം പൂർണമായും സാക്ഷാൽക്കരിക്കാൻ അറിവുള്ളവന് മാത്രമേ സാധിക്കൂ എന്ന് സൂചിപ്പി

ക്കുന്ന നിരവധി ഹദീസുകളുണ്ട്. ആത്മാർഥമായ ഉത്സാഹവും ജ്ഞാനതൃഷ്ണയും കൊണ്ടാർജിച്ച അഗാധ ജ്ഞാനമാണ് യഥാർഥത്തിൽ ഒരുവനെ ദൈവഭയമുള്ളവനാക്കിത്തീർക്കുന്നത്. ജ്ഞാനവിജ്ഞാനങ്ങളുടെ അഗാധത വർധിക്കുന്തോറും ദൈവഭയം കൂടിക്കൂടിവരുന്നു എന്നാണ് വിചാരമതികളറിയിക്കുന്നത്. ജ്ഞാനവിജ്ഞാന തലങ്ങളിൽ അഗാധത നേടിയവർ മാത്രമേ ദൈവസൃഷ്ടിയിലും പ്രാപഞ്ചിക നിയമങ്ങളിലും സുനിശ്ചിതത്വം ദർശിക്കുന്നുള്ളൂ. ദൈവത്തിന്റെ വിസ്മയാത്മക വൈചിത്ര്യമിയന്ന പ്രകൃതി സംവിധാനങ്ങളിൽ അവൻ അസാധാരണമായ ബുദ്ധിപ്രഭാവവും ഭാവനാ വിലാസവും ദർശിക്കുന്നു. ആ ബോധം, സൃഷ്ടികർത്താവിന്റെ മുന്നിൽ വിനയാന്വിതം നില്ക്കാനും പ്രണാമമർപ്പിക്കാനും അവനെ നിർബന്ധിതനാക്കിത്തീർക്കുന്നു. അറിവിന്റെ ഫലമായ ദൈവഭയം തൗഹീദിൽ ഊന്നിനില്ക്കുന്ന സത്യവിശ്വാസിയുടെ കണ്ണുകളിൽ തെളിഞ്ഞുകാണാം. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ഇങ്ങനെ പറഞ്ഞത്:

''നിശ്ചയമായും അല്ലാഹുവിന്റെ ദാസൻമാരിൽ അവനെ ശരിയായി ഭയപ്പെടുന്നവർ ജ്ഞാനം സമ്പാദിച്ചവരാണ്.'' (35:28)

വിദ്യക്കും വിദ്യാപ്രചാരണത്തിനും ഇസ്‌ലാം പ്രാമുഖ്യം നല്കി. വിശേഷബുദ്ധിക്കുള്ള ഇന്ധനം വിദ്യയാണെന്ന് ഇസ്‌ലാം ഘോഷിച്ചു. മനുഷ്യനെ പൂർണതയിലേക്കുയർത്തുന്ന മഹത്തായ ഊർജം വിദ്യയിൽനിന്നാണുദ്ഭിന്നമാവുന്നതെന്ന് ഇസ്‌ലാം പ്രബോധിപ്പിച്ചു.

ന്യൂയോർക്ക് സർവകലാശാലയിലെ പ്രൊഫസറായിരുന്ന ഡ്റീബർ തന്റെ 'ശാസ്ത്രവും മതവും തമ്മിലുള്ള സംഘട്ടനം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

''എ.ഡി. 638-ൽ അലക്സാണ്ട്റിയ കീഴ്പ്പെടുത്തിയതോടെ മുസ്‌ലിംകൾ ശാസ്ത്രപഠനത്തിൽ ഏർപ്പെട്ടുതുടങ്ങി. അതായത്, മുഹമ്മദ് നബി മരിച്ച് ആറ് വർഷം കഴിഞ്ഞശേഷം. അര നൂറ്റാണ്ട് പിന്നിട്ടില്ല, എല്ലാ ഗ്രീക്ക് ശാസ്ത്ര ഗ്രന്ഥങ്ങളും അവർ പരിചയപ്പെടുകയും അവയ്ക്ക് അർഹമായ സ്ഥാനം കല്പിക്കുകയും ചെയ്തു. എ.ഡി. 813-ൽ ഭരണം മഅ്മൂന്റെ കൈകളിൽ വന്നപ്പോൾ ലോകത്തിലെ മുഖ്യ വിജ്ഞാന കേന്ദ്രം-തലസ്ഥാനം-ബാഗ്ദാദായിത്തീർന്നു. ഖലീഫ അവിടെ എണ്ണമറ്റ ഗ്രന്ഥങ്ങൾ ശേഖരിക്കുകയും ശാസ്ത്രജ്ഞൻമാർക്ക് സ്ഥാനമാനങ്ങൾ നല്കി ബഹുമാനിക്കുകയും ചെയ്തു. (ഈ സുപ്രധാന ശാസ്ത്രീയ മുന്നേറ്റത്തിന്റെ സംഭാവനകൾ മുഴുവൻ രേഖപ്പെടുത്താൻ ഈ കൃതിയിൽ ഒതുങ്ങുകയില്ല.) പൗരാണിക ശാസ്ത്രങ്ങളെ വിപുലവും ഗണ്യവുമായ തോതിൽ അവർ വികസിപ്പിച്ചെടുക്കുകയും ഇല്ലാതിരുന്ന പല നവീന ശാസ്ത്രങ്ങൾക്കും ജൻമം നല്കുകയും ചെയ്തുവെന്ന് ചുരുക്കിപ്പറയാം.''

''ചരിത്രത്തിന്റെ വെള്ളിത്തിരയിൽ അറബികൾ പ്രത്യക്ഷപ്പെട്ടിരുന്നില്ലെങ്കിൽ യൂറോപ്പിന്റെതന്നെ ഉയർത്തെഴുന്നേൽപ് അനേക നൂറ്റാണ്ടുകൾ വൈകിയേനേ'' എന്ന പ്രൊഫ. ലൈബറിയുടെ വാക്കുകൾ ഇവിടെ ഉദ്ധരണാർഹമാണ്.

ഖുർആൻ ബുദ്ധി വിനിയോഗിക്കാൻ ഊന്നിപ്പറഞ്ഞതുകൊണ്ട് മുസ്‌ലിംകൾ ആ വഴിയിൽ മുന്നേറുകയും വിജ്ഞാനത്തിന്റെ നായകത്വം വഹിക്കാൻ പ്രാപ്തരാകുകയും ചെയ്തു. അറേബ്യൻ ജനത ബുദ്ധിവ്യാപാരങ്ങളിൽ,

ജ്ഞാനവിജ്ഞാന മേഖലകളിൽ ശ്രദ്ധേയമായ എന്തെങ്കിലും സംഭാവനകൾ അതിനുമുമ്പ് നിർവഹിച്ചതായി ചരിത്രരേഖകളിലില്ല. അത്രയുമല്ല, യുക്തിരഹിതങ്ങളും അശാസ്ത്രീയങ്ങളുമായ ആചാര-വിശ്വാസങ്ങളുടെ വക്താക്കളായാണ് ഖുറൈശികളിൽ വലിയൊരു വിഭാഗം അറിയപ്പെട്ടിരുന്നത്. "അക്ഷരജ്ഞാനമില്ലാത്ത അറബ് ജനങ്ങളെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപ്പിക്കുകയും അതുവഴി അവരിൽ സംസ്കാരം വളർത്തുകയും അവരെ വേദവും തത്ത്വങ്ങളും അഭ്യസിപ്പിക്കുകയും ചെയ്യുവാൻ വേണ്ടി അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ അയച്ചവനാണവൻ. ഇതിന്നു മുമ്പ് അവർ വ്യക്തമായ വഴികേടിൽതന്നെയായിരുന്നു" (62:2)

ജ്ഞാനവിജ്ഞാനങ്ങൾ പ്രചരിപ്പിക്കുകയും സംസ്കരണവും ശുദ്ധീകരണവും സാധിക്കുകയുമാണ് പ്രവാചകദൗത്യം. ഇസ്‌ലാം സന്ദേശത്തിന്റെ അർധഭാഗം വിജ്ഞാനവും പരാർധം സംസ്കരണവും ശുദ്ധീകരണവുമാണെന്ന് സൂക്ഷ്മദൃക്കുകൾക്ക് കണ്ടറിയാവുന്നതാണ്. അറിവിന്റെയും ആത്മവിശുദ്ധിയുടെയും അനിവാര്യത, അനുപേക്ഷണീയത ഇത്രമേൽ ശക്തമായി സമർഥിച്ച, യുക്തിസഹമായി പ്രബോധിപ്പിച്ച മറ്റൊരു മതമില്ല.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന അറിവ് മതപരമായ അറിവ് മാത്രമല്ല, മനസ്സിലെ അന്ധകാരത്തെ വിപാടനം ചെയ്യാൻ പോരുന്നതെല്ലാം ഇസ്‌ലാമിന്റെ വീക്ഷണത്തിൽ വിദ്യയാണ്. പ്രപഞ്ച വസ്തുക്കളെല്ലാം ദൈവത്തിന്റെ കരവിരുതുകളാണ്, സർഗ്ഗ സൗഭാഗ്യങ്ങളാണ് - അവയിലെല്ലാം ദൈവത്തിന്റെ ശക്തി സ്വാധീനതകൾ പ്രകടമായിക്കാണാം. അത് ബോധ്യപ്പെടുമ്പോൾ സകലാധിനാഥനായ ദൈവത്തിന്റെ മഹിമാവുകളെക്കുറിച്ചറിയാനും ആസ്വദിക്കാനും ദൈവബോധം ദൃഢതരമാക്കാനും സഹായിക്കും.

മതവിജ്ഞാനം, മനഃശാസ്ത്രം, സാമൂഹികശാസ്ത്രം, പ്രകൃതിശാസ്ത്രം, ഭൂമിശാസ്ത്രം, സസ്യശാസ്ത്രം, ചരിത്രം-എല്ലാം ഈശ്വരോൻമുഖമായ പഠന നിരീക്ഷണങ്ങൾക്ക് വിധേയമാക്കണമെന്ന് ഖുർആൻ അനുശാസിക്കുന്നു. ബുദ്ധിയുടെയും മനസ്സിന്റെയും ഹൃദയത്തിന്റെയും സ്ഥൂലശരീരത്തിന്റെയും പോലും വ്യാപാരങ്ങളെല്ലാം സർവേശ്വര ബോധ്യത്തിനായും ഈശ്വരാർപ്പണത്തിന്നായും വിനിയോഗിക്കണമെന്നാണ് ഇസ്‌ലാമിക സംസ്കൃതിയുടെ അന്തസ്സാരം. പ്രപഞ്ചത്തിലെ സമസ്തവും ഈശ്വരബന്ധിയും ഈശ്വരോന്മുഖവുമാണ്. അറിവിന് ദൈവിക പരിവേഷം നല്കി അതിനെ ഉപാസിക്കാൻ ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. അറിവ് ഉള്ളിലൊതുക്കി സംതൃപ്തി കൊള്ളുക എന്ന നയമല്ല ഇസ്‌ലാം വിശ്വാസികളനുവർത്തിച്ചിട്ടുള്ളത്. അവർ അന്ന് എല്ലാ അർഥത്തിലും അറിവിന്റെ ഉപാസകരായിരുന്നു. സത്യവേദം പ്രചരിപ്പിക്കാൻ മുസ്‌ലിംകൾ രാജ്യാന്തരീയ സഞ്ചാരം നടത്തിയപ്പോൾ ജ്ഞാനവിജ്ഞാന ശകലങ്ങൾ സമാഹരിക്കാനും ശ്രമിച്ചുപോന്നു. കിട്ടാവുന്നേടത്തോളം ഗ്രന്ഥങ്ങൾ പല നാടുകളിൽനിന്നുമായി സംഭരിച്ചു. ഗവേഷണങ്ങൾ നടത്തി അവയുടെ പ്രവിശാലതകളിലേക്ക് കടന്നുചെന്നു. ദൈവോപാസന എന്ന നിലയിൽ ഇതിന്നായി ആവശ്യമായത്ര ധനം വിനിയോഗിച്ചു. ഗ്രീസിലും റോമിലും മാത്രമായിരുന്നു അക്കാലംവരെ അറിവിന്റെ പ്രകാശം പ്രസരിച്ചു നിന്നിരുന്നത്. ഇതോടെ കിഴക്കൻ നാടുകളിൽ വെളിച്ചമൊഴുകി. ഈജിപ്ത് പ്രകാശത്തിന്റെ നാടായി. സിറിയയിലും പേർഷ്യയിലും ചൈനയിലും അത് പരന്നൊഴുകി. അങ്ങനെയൊരു നവോത്ഥാനം സാക്ഷാൽക്കരിക്കപ്പെട്ടു.

സഡില്ലറ്റ് തന്റെ അറബ് ചരിത്രം എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

''മദ്ധ്യ നൂറ്റാണ്ടുകളിൽ ശാസ്ത്രത്തിലും തത്ത്വചിന്തയിലും മുസ്ലിംകൾ കുത്തകക്കാരായിരുന്നു. കാലുകുത്തിയേടത്തെല്ലാം അവർ അത് പ്രചരിപ്പിച്ചു. അവരിൽനിന്ന് അത് യൂറോപ്പിലേക്ക് വ്യാപിച്ചു. യൂറോപ്പിന്റെ നവോത്ഥാനത്തിനും ഉയർച്ചയ്ക്കും അവരായിരുന്നു കാരണക്കാർ.''

ഡോ. ഗോസ്റ്റഫ് ലോബൺ എന്ന സാമൂഹിക ശാസ്ത്രജ്ഞൻ തന്റെ വിഖ്യാതമായ അറബ് സംസ്കാരം എന്ന ഗ്രന്ഥത്തിൽ ഇങ്ങനെയെഴുതി:

''പൗരസ്ത്യലോകം പേർഷ്യക്കാർ, ഗ്രീക്കുകാർ, റോമാക്കാർ എന്നിങ്ങനെ പല സമൂഹങ്ങളുടെയും മേധാവിത്വത്തിന് വഴങ്ങേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഈ സമൂഹങ്ങൾ ചെലുത്തിയ രാഷ്ട്രീയ സ്വാധീനം വലുതാണെങ്കിലും സാംസ്കാരിക സ്വാധീനം അതീവ ശുഷ്കമായിരുന്നു. പൗരസ്ത്യനാടുകളിൽ ഗ്രീക്കുകാർക്കും റോമാക്കാർക്കും പേർഷ്യക്കാർക്കും കഴിയാഞ്ഞത് ദ്രുതഗതിയിലും ബലപ്രയോഗം നടത്താതെയും അറബികൾക്ക് കഴിഞ്ഞു. ഈജിപ്തിൽ അറബികൾ ചെലുത്തിയ സാംസ്കാരിക സ്വാധീനം ക്രമത്തിൽ ആഫ്രിക്ക, സിറിയ തുടങ്ങിയ രാജ്യങ്ങളിലും സംക്രമിച്ചു. അവർ ഇന്ത്യയിലെത്തിയത് സഞ്ചാരികളായിട്ടാണെങ്കിലും അവിടെയും അവർക്ക് സാംസ്കാരികമായ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞു. കച്ചവടാവശ്യത്തിന് സന്ദർശിച്ച ചൈനയിലും അവർക്ക് വ്യക്തമായ സ്വാധീനം ചെലുത്താൻ സാധിച്ചു.''

അറിവിന് അളവില്ലെന്നും അത് അമേയവും അനന്തവുമാണെന്നും അതിനാൽ തന്നിലുള്ള അറിവിന്റെ അളവിൽ ആരും ഔദ്ധത്യം കാട്ടരുതെന്നും അറിയുമ്പോൾ അറിയാൻ കൂടുതൽ ബാക്കി കിടക്കുന്നു എന്ന അറിവിന്റെ ബോധ്യം ഒരുവനെ വിവേകിയും വിനയവാനുമാക്കുന്നു എന്ന് ഖുർആൻ ഓർമിപ്പിക്കുന്നുണ്ട്:

''ഓരോ അറിവുള്ളവന്റെയും മുകളിൽ കൂടുതൽ അറിവുള്ളവനുണ്ട്.'' എന്ന പ്രബോധനശകലം അതാണഭിവ്യക്തമാക്കുന്നത്. കൂടുതൽ അറിവരുളി തന്റെ ജീവിതത്തെ സാർഥകമാക്കണമെന്നും അറിവ് നേടാനുള്ള ജിജ്ഞാസയും ആവേശവും തന്നിൽ പ്രോജ്ജ്വലിപ്പിക്കണമെന്നും അല്ലാഹുവിനോട് അഹർന്നിശം പ്രാർഥിക്കണമെന്ന് ഇസ്ലാം പ്രബോധിപ്പിക്കുന്നു.

ബുദ്ധിയിലൂടെ, അഥവാ ചിന്തയിലൂടെ വിളങ്ങിത്തിളങ്ങി വരുന്നതിനെ മാത്രമേ അംഗീകരിക്കാവൂ എന്ന് ഖുർആൻ ഖണ്ഡിതമായി നിർദേശിക്കുന്നുണ്ട്.

''നിനക്കറിവില്ലാത്ത ഒന്നിന്റെയും പിന്നാലെ നീ പോകരുത്. കാത്, കണ്ണ്, ഹൃദയം-ഇവയോരോന്നിനെപ്പറ്റിയും മനുഷ്യൻ ചോദ്യം ചെയ്യപ്പെടും, തീർച്ച.''

വിശ്വാസങ്ങളുടെയും ജ്ഞാനവിജ്ഞാനങ്ങളുടെയും പരമമായ അടിസ്ഥാനം ബോധ്യമാണ്. ദൃഢബോധ്യമില്ലാതെ, കേൾക്കുന്നതിന്റെയെല്ലാം പിന്നാലെ ഉഴറിപ്പായരുതെന്നും അസത്യവും അറിവില്ലായ്മയും അബദ്ധധാരണയും പ്രചരിപ്പിക്കാൻ അത് കാരണമായിത്തീരുമെന്നും അങ്ങനെയവ കണ്ണിനെയും കാതിനെയും ഹൃദയത്തെയും ദുരുപയോഗപ്പെടുത്തുമെന്നും ദൈവദത്തമായ അവയെ ദുർവിനിയോഗം ചെയ്യുന്നത് വിചാരണയുടെ

മുഹൂർത്തത്തിൽ നിരങ്കുശമായി ചോദ്യം ചെയ്യപ്പെടുമെന്നുമാണ് മേലുദ്ധരിച്ച ഖുർആനികവചസ്സിന്റെ ഭാഷ്യം.

അന്ധമായ അനുകരണത്തെ ഖുർആൻ അനുകൂലിക്കുന്നില്ല. പണ്ടുള്ളവർ ചെയ്തു എന്ന ഒറ്റക്കാരണം കൊണ്ട് ഒരു കാര്യം സാധുവാണെന്ന് കരുതുന്ന മാനസികാവസ്ഥ അപകടകാരിയാണെന്നും ഇസ്‌ലാം സംസ്കൃതിയനുസ്മരിപ്പിക്കുന്നു. പൂർവികൻമാർ അനുവർത്തിച്ചുപോന്നതാണെന്നതുകൊണ്ടു മാത്രം ഒരു കാര്യം അപരിഷ്കൃതിയോലുന്നതുമാവുന്നില്ല. പുത്തനെല്ലാം ശരിയാണെന്ന് കരുതരുത്. അന്വേഷിച്ചംഗീകരിക്കുക. അറിഞ്ഞാദരിക്കുക എന്ന മുദ്രാവാക്യമാണ് തദ്വിഷയകമായി ഖുർആൻ സമ്മാനിക്കുന്നത്.

(പുരാണമിത്യേവ നസാധുസർവം
നചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷന്യതരൽ ഭജന്തേ
മൂഢഃപരപ്രത്യയനേയ ബുദ്ധി:)

അന്ധമായ അനുകരണം സത്യനിഷേധിയുടെ സ്വഭാവമാണ്. ചിന്തിച്ചു മനസ്സിലാക്കുകയും വിശേഷബുദ്ധിയുപയോഗിച്ച് വിവേചിച്ചറിയുകയും ബോധ്യപ്പെട്ടതിനെ അംഗീകരിക്കുകയും ചെയ്യുമ്പോഴേ ഒരാൾ യഥാർഥ സത്യവിശ്വാസിയുടെ മാർഗം അവലംബിക്കുന്നുള്ളൂ. മറിച്ചായിരുന്നു ഇസ്‌ലാമിന്റെ പിറവിക്ക് മുമ്പുണ്ടായിരുന്ന അറേബ്യയുടെ അവസ്ഥ. ''അല്ലാഹു ഇറക്കിയതിലേക്കും പ്രവാചകനിലേക്കും വരൂ എന്ന് അവരോട് പറഞ്ഞാൽ ഞങ്ങളുടെ പിതാക്കളെ ഞങ്ങൾ ഏതുനിലയിൽ കണ്ടിരുന്നുവോ അതു തന്നെ ഞങ്ങൾക്കും മതി എന്ന് അവർ പറയും. അവരുടെ പിതാക്കൾ ഒരു വിവരമില്ലാത്തവരും നേർമാർഗം കാണിക്കാത്തവരുമായിരുന്നാൽ പോലുമോ?''–അങ്ങനെയാണ് വേദഗ്രന്ഥം അറബികളുടെ അനുകരണ ഭ്രമത്തെ പരാമർശിച്ചത്.

''വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കുകയും അതിൽനിന്ന് നല്ലതിനെ സ്വീകരിക്കുകയും ചെയ്യുന്നവരത്രേ (എന്റെ അടിമകൾ.) അല്ലാഹു നേർവഴിയിലാക്കിയവരാണവർ; ബുദ്ധിമാൻമാരും അവർതന്നെ.''

നീരം ചേർത്തീടുകിലും
ക്ഷീരം മാത്രം ഭുജിക്കുമരയന്നം
പുരുഷനതുപോൽ യുക്ത്യാ

സാരം കൈക്കൊണ്ടസാരമറിയേണം – എന്ന ശിവയോഗിയുടെ വാക്കുകൾ സത്യവേദന സമീപനത്തോട് സജാതീയത പുലർത്തുന്നു. 19–ാം നൂറ്റാണ്ടിൽ ലോകത്തിന്ന് ബോധ്യപ്പെട്ട ചിന്തയിലെ ഔന്നത്യം ആറാം നൂറ്റാണ്ടിലേ ഇസ്‌ലാം സംസ്കൃതിയുടെ ഗിരിശിഖരങ്ങളിൽ കാണാൻ കഴിഞ്ഞു എന്നതാണ് സത്യം.

ഖുർആൻ ബുദ്ധിയോട് സംസാരിക്കുന്നു– ബുദ്ധിയോട് തീരുമാനമെടുക്കാനാവശ്യപ്പെടുന്നു. ബുദ്ധിയുപയോഗിക്കാത്തവരെ അപലപിക്കുന്നു. ദൈവദത്തമായ ബുദ്ധിയുടെ ചെപ്പ് തുറന്ന് വിസ്മയങ്ങൾ കണ്ടാസ്വദിക്കാൻ മടിക്കുന്നവരെക്കുറിച്ച് ഖുർആൻ മതിപ്പ് സൂക്ഷിക്കുന്നില്ല. അനന്ത സാധ്യതകളുള്ള ബുദ്ധിയെ ശ്രദ്ധിക്കാതെ, അതിനെ തഴുകിത്തലോടി പരിപോഷിപ്പിക്കാതെ ഉള്ളിലൊതുക്കിക്കഴിയുന്നവൻ നിധി കാക്കുന്ന ഭൂതമാണ്. ബുദ്ധി

പ്രയോജനപ്പെടുത്തി ചിന്തിക്കുകയും വിഭാവനം ചെയ്യുകയും ചെയ്യുന്നതോടൊപ്പം അനുഭവലോകത്തെ അവഗണിക്കാതിരിക്കാനും ശ്രദ്ധിക്കണമെന്ന് ഖുർആൻ നിഷ്കർഷിക്കുന്നുണ്ട്. യുക്ത്യനുഭവങ്ങളിൽ അനുഭവങ്ങളുടെ സ്ഥാനം പ്രഥമമാണെന്നുകൂടി വേദഗ്രന്ഥം അനുസ്മരിപ്പിക്കുന്നു.

''താങ്കൾ പറയുക, നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച്, അല്ലാഹു സൃഷ്ടി ആരംഭിച്ചത് എങ്ങനെയെന്ന് നോക്കൂ.''

മറ്റൊരിടത്ത്–

''എന്നാൽ അവർ, ഭൂമിയിൽ സഞ്ചരിക്കുന്നില്ലേ? അപ്പോൾ ചിന്തിച്ചു മനസ്സിലാക്കാൻ പറ്റുന്ന ഹൃദയങ്ങളും കേട്ട് മനസ്സിലാക്കാനുതകുന്ന കാതുകളും അവർക്കുണ്ടാകും. കണ്ണുകൾ അന്ധമാകുന്നില്ല. നെഞ്ചിനകത്തുള്ള ഹൃദയമാണ് അന്ധമാകുന്നത്.''

ഇന്ദ്രിയങ്ങൾ സൂക്ഷ്മാർഥത്തിൽ ജ്ഞാനേന്ദ്രിയങ്ങളാണെന്നും അവയുപയോഗപ്പെടുത്തിയാണ് മനുഷ്യൻ വളരുന്നതെന്നും ഖുർആൻ സൂചിപ്പിക്കുന്നു. ഒരു ശിശുവെ ബാഹ്യലോകവുമായി ബന്ധപ്പെടുത്താതെ ഒരു മുറിയിലിട്ടടച്ച് ആഹാരം കൊടുത്താൽ അവൻ ശാരീരികമായി വളരുമെങ്കിലും ബൗദ്ധികമായി വളരില്ല എന്ന ശാസ്ത്രമതം ഖുർആൻ തെളിഞ്ഞ ഭാഷയിൽ അന്നേ നമ്മെ ധരിപ്പിച്ചിട്ടുണ്ട്.

''നിങ്ങളുടെ മാതാപിതാക്കളുടെ ഉദരങ്ങളിൽനിന്ന് ഒന്നും അറിയാത്തവരായ അവസ്ഥയിൽ നിങ്ങളെ അല്ലാഹു പുറത്തുകൊണ്ടുവന്നു. നിങ്ങൾക്കവൻ കണ്ണും കാതും ഹൃദയവും തന്നു, നിങ്ങൾ നന്ദി കാണിക്കുവാൻവേണ്ടി.''

അറിവ്, ബുദ്ധി, ബുദ്ധിമാൻമാർ– തുടങ്ങിയ ബുദ്ധിയുമായി ബന്ധപ്പെട്ട നിരവധി പരാമർശങ്ങൾ ഖുർആനിലുണ്ട്. മറ്റേത് ആശയതലത്തെക്കാളും പ്രാമുഖ്യം ഖുർആൻ അതിന്നാണ് നല്കിയിട്ടുള്ളത്.

''ബുദ്ധി ഉപയോഗിക്കുന്നവർക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.''

''ബുദ്ധിയുപയോഗിക്കുന്നവർക്ക് നാം ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുന്നു.''

''അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ദുഷിച്ച ജന്തുക്കൾ ബുദ്ധിയുപയോഗിച്ച് ഗ്രഹിക്കാത്ത മൂകരും ബധിരരുമായ മനുഷ്യരാണ്.''

''അഥവാ താങ്കൾ കരുതുന്നുണ്ടോ, അവരിൽ മിക്കവരും കേട്ട് മനസ്സിലാക്കുകയോ ബുദ്ധിയുപയോഗിച്ച് ചിന്തിക്കുകയോ ചെയ്യുന്നവരാണെന്ന്. അവർ മൃഗതുല്യരാണ്, അല്ല കൂടുതൽ വഴിപിഴച്ചവരത്രേ അവർ.''

''കേട്ടു മനസ്സിലാക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നുവെങ്കിൽ ഞങ്ങൾ നരകവാസികളിൽ പെടുമായിരുന്നില്ലെന്ന് അവർ പറയും.''

''താങ്കൾ പറയുക, നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച്, അല്ലാഹു സൃഷ്ടികർമ്മം ആരംഭിച്ചത് എങ്ങനെ എന്ന് നോക്കൂ.''

''എന്നാൽ അവർ ഭൂമിയിൽ സഞ്ചരിക്കുന്നില്ലേ? അപ്പോൾ ചിന്തിച്ചു മനസ്സിലാക്കാൻ പറ്റുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കാനുതകുന്ന കാതുകളും അവർക്കുണ്ടാകും. കണ്ണുകൾ അന്ധമാവുന്നില്ല. നെഞ്ചിനകത്തുള്ള ഹൃദയമാണ് അന്ധമാകുന്നത്.''

''അല്ലാഹു മാനത്തുനിന്ന് വെള്ളം വീഴ്ത്തുന്നത് നീ കണ്ടിട്ടില്ലേ? അങ്ങനെ അതുവഴി വിവിധ തരത്തിലുള്ള പാതകൾ അടങ്ങിയവ മലകളുടെ കൂട്ടത്തിലുണ്ട്. അല്ലാഹുവിന്റെ അടിമകളിൽ അവനെ ഭയപ്പെടുന്നത് അറിവു

ള്ളവർ മാത്രമാണ്.''

''മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ, എന്തുകൊണ്ടാണവനെ സൃഷ്ടിച്ചതെന്ന്. തെറിച്ചുവീഴുന്ന ഒരു തുള്ളി വെള്ളംകൊണ്ട് അവനെ സൃഷ്ടിച്ചു. മുതുകിന്റെയും നെഞ്ചെല്ലുകളുടെയും ഇടയിൽനിന്ന് അതുദ്ഭവിക്കുന്നു.''

''നിങ്ങളുടെ മനസ്സുകളിലും (ദൃഷ്ടാന്തങ്ങളുണ്ട്.) നിങ്ങൾ കാണുന്നില്ലേ?''

നബി പറഞ്ഞു:

''അറിവന്വേഷിച്ച് യാത്ര ചെയ്യുന്നവർക്ക് അവരുടെ സ്വർഗത്തിലേക്കുള്ള മാർഗത്തെ ലഘുവാക്കിക്കൊടുക്കുന്നു.'' (അബുഹുറയ്റ)

''ഭൂമിയിലെ പണ്ഡിതൻമാർ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയാകുന്നു. കരയിലും കടലിലും ഇരുൾ നിറഞ്ഞ രാത്രികളിൽ അവരിൽനിന്ന് മാർഗദർശനം ലഭിക്കുന്നു. നക്ഷത്രങ്ങൾ ഒരിക്കൽ മാഞ്ഞുകഴിഞ്ഞാൽ മാർഗനിർദ്ദേശം മാർഗവിഭ്രംശമായിത്തീരാൻ സാധ്യതയുണ്ട്.'' (അനസ് ഇബ്നു മാലിക്ക്)

''രണ്ടുതരം ആളുകൾ അസൂയാർഹരാണ്. ഒന്ന്, തന്റെ സമ്പത്ത് സത്യമാർഗത്തിൽ ചെലവഴിക്കുന്ന സമ്പന്നനായ ഒരാൾ. രണ്ട്; ദൈവം നല്കിയ ജ്ഞാനസമ്പത്ത് മറ്റുള്ളവർക്ക് പങ്കുവെക്കുകയും അതുകൊണ്ട് തീരുമാനമെടുക്കുകയും ചെയ്യുന്ന ആൾ.'' (അബ്ദുല്ല ഇബ്നു മസ്ഊദ്.)

''ഒരു മുസ്ലിമിന്ന് ഉചിതമായ ധർമം ജ്ഞാനം സമ്പാദിക്കലും അത് മറ്റൊരു സഹോദരന്ന് പകർന്നുകൊടുക്കലുമാകുന്നു.'' (അബൂഹുറെയ്റ)

''നിങ്ങളിലെ വിശ്വസിച്ചവർക്കും വിജ്ഞാനം നല്കപ്പെട്ടവർക്കും അല്ലാഹു ഉയർന്ന പദവികൾ നല്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെ സ്സംബന്ധിച്ച് നന്നായറിയാവുന്നവനാണ് അല്ലാഹു''(വി.ഖു: അൽ മുജാദില–11.)

''അല്ലാഹുവിൽനിന്ന് താങ്കൾക്ക് അവതീർണമായതുതന്നെയാണ് സത്യമായതും, സ്തുത്യർഹനും പ്രതാപശാലിയുമായ അല്ലാഹുവിന്റെ മാർഗത്തിലേക്ക് നയിക്കുന്നതും എന്ന് ജ്ഞാനം ലഭിച്ചവർ മനസ്സിലാക്കുന്നു.'' (വി.ഖു: സബഅ്–6)

''അല്ലാഹുവല്ലാതെ ഒരിലാഹുമില്ലെന്ന് അവൻ സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും ജ്ഞാനികളും അതിന്ന് സാക്ഷ്യം വഹിച്ചിരിക്കുന്നു. അവൻ നീതി നിലനിർത്തുന്നവനാണ്. അജയ്യനും യുക്തിമാനുമായ അവനല്ലാതെ വേറെ ദൈവമില്ലതന്നെ.'' (വി.ഖു. ആലി ഇംറാൻ–18.)

''നാഥാ നീ എനിക്ക് അറിവ് അധികരിപ്പിച്ച് തരേണമേ എന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുക.'' –(ത്വാഹാ 114.)

''വായിക്കുക, പേനകൊണ്ട് പഠിപ്പിച്ച അത്യുദാരനാണ് നിന്റെ നാഥൻ മനുഷ്യന് അറിയാത്തത് അല്ലാഹു അവനെ അഭ്യസിപ്പിച്ചിരിക്കുന്നു.'' (അലഖ് 3–5)

''പറയുക, ഭൂമിയിലൂടെ സഞ്ചരിച്ച് സൃഷ്ടിയുടെ ആരംഭം എങ്ങനെയെന്ന് നിരീക്ഷിക്കുക. പിന്നീട് അല്ലാഹു പുനഃസൃഷ്ടി നടത്തുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനത്രേ.'' (അൽ അൻകബൂത്ത്–20.)

''പക്വമായ പാണ്ഡിത്യം പ്രാപിച്ചവർ പറയുന്നു ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിൽ നിന്നുള്ളതാണ്. ബുദ്ധിയുള്ള

വരല്ലാതെ ചിന്തിക്കുന്നില്ല.'' (ആലി ഇംറാൻ–7.)

''അല്ലാഹു ആരിലൂടെ നന്മ വരുത്താനുദ്ദേശിക്കുന്നുവോ അവനെ മത പണ്ഡിതനാക്കുമെന്ന് പ്രവാചകൻ പറഞ്ഞിരിക്കുന്നു.'' (മുആവിയ)

''അറിവ് ആഗ്രഹിച്ച് ആരെങ്കിലും ഒരു മാർഗത്തിൽ പ്രവേശിച്ചാൽ അതുവഴി അല്ലാഹു സ്വർഗത്തിലേക്കുള്ള അയാളുടെ സരണി സുഗമമാക്കും. വിദ്യാർഥിക്ക് അയാളുടെ ശ്രമത്തിലെ സംതൃപ്തിയിൽ മലക്കുകൾ തങ്ങളുടെ ചിറകുകൾ വിരിച്ചുകൊടുക്കും. വെള്ളത്തിലെ മത്സ്യമുൾപ്പെടെ ആകാശഭൂമികളിലുള്ള സകലതും പണ്ഡിതന്റെ പാപമോചനത്തിന്നായി പ്രാർഥിക്കും. ചന്ദ്രന് ഇതര നക്ഷത്രങ്ങൾക്കിടയിലെ ശ്രേഷ്ഠതപോലെ അറിവുള്ളവന് ആരാധകനെക്കാൾ ശ്രേഷ്ഠതയുണ്ട്. തീർച്ചയായും പണ്ഡിതൻമാർ പ്രവാചകൻമാരുടെ അനന്തരാവകാശികളാണ്. ദൈവദൂതൻമാർ ദിർഹമും ദീനാറും അനന്തരം നല്കിയിട്ടില്ല. മറിച്ച്, വിജ്ഞാനം മാത്രമാണ് അവർ അനന്തരമായി വിട്ടത്. അതിനാൽ അത് ആർജിക്കുന്നവൻ അതീവ സൗഭാഗ്യവാനത്രേ.'' (അബുദ്ദർദാഅ്)

''ആരെങ്കിലും അറിവാർജിക്കാൻ ഇറങ്ങിത്തിരിച്ചാൽ തിരിച്ചുവരുംവരെ അവൻ അല്ലാഹുവിന്റെ മാർഗത്തിലാണ്.'' (അനസ്)

''ജനങ്ങളെ നന്മ അഭ്യസിപ്പിക്കുന്നവർക്കുവേണ്ടി മാളത്തിലെ ഉറുമ്പുകളും മത്സ്യങ്ങളുമുൾപ്പെടെ ആകാശ ഭൂമികളിലുള്ള സകലതും മലക്കുകളും പ്രാർഥിക്കുമെന്ന് നബി അറിയിച്ചിരിക്കുന്നു. ഒരൊറ്റ മനുഷ്യൻ താങ്കളിലൂടെ സൻമാർഗ്ഗം പ്രാപിക്കുന്നത് താങ്കൾക്ക് ചുവന്ന ഒട്ടകക്കൂട്ടങ്ങളുണ്ടാകുന്നതിനെക്കാൾ എത്രയോ ഉത്തമമാണെന്ന് നബി അലിയോട് പറയുകയുണ്ടായി.'' (സഹ്‌ലുബ്നു സാഇദ്)

''നബി അരുളിച്ചെയ്തിരിക്കുന്നു: എന്നിലൂടെ അല്ലാഹു അവതരിപ്പിച്ച അറിവിന്റെയും സൻമാർഗ്ഗത്തിന്റെയും ഉദാഹരണം ഭൂമിയിൽ പതിക്കുന്ന മഴപോലെയാണ്. അതിലെ ചില ഭാഗങ്ങൾ നല്ലതായിരിക്കും. അവ അത് ആഗിരണം ചെയ്യുകയും അങ്ങനെ ധാരാളമായി പുല്ലും പച്ചപ്പും ഉദ്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു. അപ്രകാരംതന്നെ ചെടിമുളയ്ക്കാത്ത സ്ഥലങ്ങളും അതിലുണ്ട്. അത് വെള്ളം ശേഖരിച്ച് വെക്കുകയും ജനങ്ങൾക്ക് അത് കുടിക്കാനും നനക്കാനും ഉപകരിക്കുകയും ചെയ്യുന്നു. എന്നാൽ ആ മഴ പതിക്കുന്ന വേറ ചില സ്ഥലങ്ങൾ മരുപ്രദേശങ്ങളാണ്. അവ വെള്ളം ശേഖരിക്കുകയോ ചെടി മുളപ്പിക്കുകയോ ഇല്ല. അല്ലാഹുവിന്റെ ദീനീ വിജ്ഞാനം നേടുകയും ഞാൻ കൊണ്ടുവന്നത് ഉപകരിക്കുകയും അങ്ങനെ അറിയുകയും അറിയിക്കുകയും ചെയ്തവന്റെയും അതുവഴി ഔന്നത്യം പ്രാപിക്കാനും എന്നിലൂടെ അവതീർണമായ ദൈവിക സൻമാർഗം സ്വീകരിക്കാനും സാധിക്കാത്തവന്റെയും ഉദാഹരണമാണിത്.'' (അബൂമൂസ)

''നബി അറിയിച്ചിരിക്കുന്നു– സൻമാർഗത്തിലേക്ക് ക്ഷണിക്കുന്നവന് തന്നെ പിൻപറ്റിയവരുടേതുപോലുള്ള പ്രതിഫലം ലഭിക്കുന്നതാണ്. അവരുടെ പ്രതിഫലത്തിൽ ഒരു കുറവും വരുത്തുകയുമില്ല.'' (അബൂഹുറൈറ)

''പ്രവാചകൻ പറഞ്ഞിരിക്കുന്നു: നമ്മിൽ നിന്ന് വല്ലതും കേൾക്കുകയും അതുപോലെ മറ്റുള്ളവരിലേക്കെത്തിക്കുകയും ചെയ്യുന്നവനെ അല്ലാഹു അനുഗ്രഹിക്കട്ടെ. കേൾക്കുന്നവനെക്കാൾ ശ്രദ്ധയും സൂക്ഷ്മതയും പുലർത്തുന്ന പ്രബോധിതരുണ്ടായേക്കാം.'' (ഇബ്നു മസ്ഊദ്)

''പ്രവാചകൻ പറഞ്ഞിരിക്കുന്നു. അല്ലാഹു സമ്പത്തു നല്കുകയും സത്യമാർഗത്തിൽ അതു ചെലവഴിക്കാൻ കഴിവു നല്കുകയും ചെയ്ത മനുഷ്യനും അല്ലാഹു അറിവു നല്കുകയും എന്നിട്ട് അതനുസരിച്ച് ജീവിക്കുകയും അത് അഭ്യസിപ്പിക്കുകയും ചെയ്യുന്ന ആളും മാത്രമേ അസൂയാർഹരാകുന്നുള്ളൂ.'' (ഇബ്നു മസ്ഊദ്)

''പ്രവാചകൻ പറഞ്ഞിരിക്കുന്നു: ലോകത്ത് നാലു തരക്കാരാണുള്ളത്. ഒന്ന്: അല്ലാഹു അറിവും ധനവും നല്കിയ വ്യക്തി. അയാളതിൽ തന്റെ രക്ഷിതാവിനെ സൂക്ഷിക്കുകയും കുടുംബ ബന്ധം സൂക്ഷിക്കുകയും അല്ലാഹുവിനോടുള്ള ബാധ്യതകൾ പൂർത്തീകരിക്കുകയും ചെയ്യുന്നു. ഏറ്റവും ശ്രേഷ്ഠമായ സ്ഥാനത്താണയാൾ.

രണ്ട്: അല്ലാഹു അറിവ് നല്കുകയും സമ്പത്ത് സമ്മാനിക്കാതിരിക്കുകയും ചെയ്ത ആൾ. സത്യസന്ധമായ വികാരത്തോടെ അയാൾ പറയുന്നു- എനിക്ക് ധനമുണ്ടായിരുന്നെങ്കിൽ അയാളെപ്പോലെ ഞാനും ചെയ്യുമായിരുന്നു. എങ്കിൽ അദ്ദേഹം തന്റെ തീരുമാനം കാരണമായി ആദ്യത്തെ ആളെപ്പോലെ പ്രതിഫലാർഹനാണ്.

മൂന്ന്: അല്ലാഹു അറിവ് നല്കാതെ സമ്പത്തുമാത്രം കൊടുത്തയാൾ. യാതൊരു ബോധവുമില്ലാതെ അയാൾ തന്റെ ധനം കൈകാര്യം ചെയ്യുന്നു. അതിൽ തന്റെ രക്ഷിതാവിനെ സൂക്ഷിക്കുകയോ കുടുംബബന്ധം ചേർക്കുകയോ തന്റെ നാഥനോടുള്ള ബാധ്യതകൾ നിർവഹിക്കുകയോ ചെയ്യുന്നില്ല. ഏറ്റവും മോശമായ അവസ്ഥയിലാണിയാൾ.

നാല്: അല്ലാഹു അറിവും ധനവും നല്കാത്ത മനുഷ്യൻ. എനിക്ക് ധനമുണ്ടായിരുന്നെങ്കിൽ ഞാൻ ഇന്നയാളിനെപ്പോലെ ചെയ്യുമായിരുന്നുവെന്ന് അയാൾ പറയുന്നു. എങ്കിൽ അവരിരുവരുടെയും നിലവാരം ഒരുപോലെയത്രേ. അറിവിന്റെ അടിസ്ഥാനത്തിൽ കർമമനുഷ്ഠിക്കുന്നവന് ഭാവുകം.

വിജ്ഞാനം തേടിയവനോട് അത് മറച്ചുവെക്കുന്നവൻ അന്ത്യദിനത്തിൽ അഗ്നിയാലുള്ള കടിഞ്ഞാൺ അണിയിക്കപ്പെടുമെന്ന് നബി അറിയിച്ചിരിക്കുന്നു. (അബൂഹുറെയ്റ).

പ്രവാചകൻ പറഞ്ഞിരിക്കുന്നു: നിരന്തരം നിലനില്ക്കുന്ന ദാനം, ഉപകരിക്കപ്പെടുന്ന അറിവ്, തനിക്കുവേണ്ടി പ്രാർഥിക്കുന്ന ഉത്തമസന്താനം എന്നീ മൂന്ന് അല്ലാത്ത എല്ലാ കർമങ്ങളും മനുഷ്യൻ മരിക്കുന്നതോടെ എല്ലാം വേർപിരിയുന്നതാണ്. ഏറ്റവും ശ്രേഷ്ഠമായ ഇബാദത്ത് വിജ്ഞാനമാണ്.

പ്രവാചകൻ പറഞ്ഞിരിക്കുന്നു ഒരൊറ്റ പണ്ഡിതൻ ആയിരം ആരാധകരെക്കാൾ പിശാചിന് പ്രയാസകരമാണ് എന്ന്.

പ്രവാചകൻ പറഞ്ഞിരിക്കുന്നു: വിജ്ഞാനം വിശ്വാസിയുടെ വീണുപോയ വസ്തുവാണ്. അതിനാൽ അതെവിടെ കണ്ടാലും അതിന്റെ അവകാശി അവനത്രേ എന്ന്.

''വിജ്ഞാനവും തേടി പുറപ്പെടുന്നവന് അല്ലാഹു സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കുന്നു. വിദ്യയും തേടി പോകുന്നവന്നായി മാലാഖമാർ ചിറക് വിരിച്ചുകൊടുക്കുന്നു. സ്വർഗവാസികളും ഭൂവാസികളുമെല്ലാം ജ്ഞാനിക്കുവേണ്ടി പ്രാർഥിക്കുന്നു. ചന്ദ്രൻ മറ്റു ഗോളങ്ങളെ പ്രകാശത്തിൽ അതിശയിക്കുന്നതു പ്രകാരം ജ്ഞാനിയായ ഒരാൾ ഭക്തനെക്കാൾ പ്രകാശം ചൊരിയുന്നു. ഭക്തൻമാർ പ്രവാചകരുടെ അനന്തരാവകാശികളാകുന്നു. അവരുടെ

അറിവുകൾ അവകാശപ്പെടുന്നവരാകട്ടെ നൻമകളിൽ സമ്പന്നരുമത്രേ.'' (തിർമിദി)

പ്രവാചകനുമായി ബന്ധപ്പെടുത്തി ഒരു കഥ പറഞ്ഞു കേട്ടിട്ടുണ്ട്: ഒരിക്കൽ മുഹമ്മദ് നബി പള്ളിയിലേക്ക് പോവുകയായിരുന്നു. വഴിയിലോ പള്ളിക്കുള്ളിലോ ആരെയും കണ്ടില്ല. എന്നാൽ പള്ളിയുടെ വാതിൽപ്പടിയിൽ ഇബ്‌ലീസിനെ കണ്ടു. കാല്പെരുമാറ്റം കേട്ട് ഇബ്‌ലീസ് തിരിഞ്ഞുനോക്കി. പ്രവാചകനാണ് പള്ളിയിലേക്ക് വരുന്നതെന്നറിഞ്ഞപ്പോൾ ഇബ്‌ലീസ് അസ്വസ്ഥനായി. കാഴ്ചയിൽപ്പെടാതെ മാറിനില്ക്കാനിടവും കണ്ടില്ല. മറ്റൊന്നാലോചിക്കാൻ തുടങ്ങുമ്പോഴേക്കും പ്രവാചകൻ ഇബ്‌ലീസിന്റെ മുന്നിലെത്തിക്കഴിഞ്ഞിരുന്നു.

പ്രവാചകൻ ഇബ്‌ലീസിനോട് സ്വല്പം മന്ദഹാസത്തോടെ, വാതിൽപ്പടിയിലിരിക്കുന്നതിന്റെ കാരണമന്വേഷിച്ചു. ഇബ്‌ലീസ് ഇങ്ങനെ മറുപടി പറഞ്ഞു: 'അകത്ത് ഒരാൾ നമസ്കരിക്കുന്നുണ്ട്. അതുകൊണ്ടാണ് ഞാനിങ്ങോട്ട് കയറിയത്. അയാളെയൊന്ന് പിഴപ്പിക്കണമെന്ന് തോന്നി. പക്ഷേ, ഭാഗ്യദോഷംകൊണ്ട് സ്വല്പം വിഷമം നേരിട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ തൊട്ടടുത്ത് ദാ കണ്ടില്ലേ, ഒരാൾ കിടന്നുറങ്ങുന്നു....'

പ്രവാചകന് ഇബ്‌ലീസിന്റെ വാക്കുകൾ കേട്ടപ്പോൾ തമാശയാണ് തോന്നിയത്.

'ഉണർന്നിരിക്കുന്ന ആളെ പേടിക്കാതെ ഉറങ്ങുന്നവനെ പേടിക്കുന്നതിലെന്താണർഥം?' പ്രവാചകൻ ചോദിച്ചു.

ഇബ്‌ലീസ്: നമസ്കരിക്കുന്ന ആൾ അജ്ഞാനിയാണ്. അയാളെ പാട്ടിലാക്കാനും പിഴപ്പിക്കാനും ഞൊടിയിടകൊണ്ട് കഴിയും. പക്ഷേ, ആ ഉറങ്ങുന്നവനാവട്ടെ, ജ്ഞാനിയും പണ്ഡിതനുമാണ്.

ഇതുകേട്ടപ്പോൾ ഒരാത്മഗതം പോലെ പ്രവാചകൻ ഇങ്ങനെ പറഞ്ഞു:

'ശരിയാണ് അജ്ഞാനിയുടെ ആരാധനയെക്കാൾ അറിവുള്ളവന്റെ ഉറക്കത്തിന് ശക്തിയുണ്ട്.'

ബ്രഹ്മരഹസ്യമറിഞ്ഞ് ജീവിതം സാർഥകമാക്കുവാൻ അറിവിന്റെ ഉപാസകരായി മാറണമെന്ന് ഇസ്‌ലാംസംസ്കൃതി പ്രബോധിപ്പിക്കുന്നു. ജീവിതത്തിന്റെ അർഥപൂർണത സാക്ഷാൽക്കരിക്കുവാൻ അതല്ലാതെ മറ്റൊരു മാർഗവുമില്ലെന്ന് ഇസ്‌ലാം അനുശാസിക്കുന്നു.

'ജ്ഞാനം സമ്പാദിക്കുക–എന്തുകൊണ്ടെന്നാൽ ദൈവമാർഗത്തിൽ അത് സമ്പാദിക്കുന്നവൻ ഒരു പുണ്യകർമമാണ് ചെയ്യുന്നത്. അതിനെസ്സംബന്ധിച്ച് പറയുന്നവൻ അവന്റെ നാഥനെ പുകഴ്ത്തുന്നു. അതന്വേഷിക്കുന്നവൻ ദൈവത്തെ ആരാധിക്കുന്നു. അതിനെ ഉപദേശിക്കുന്നവൻ ദാനധർമ്മങ്ങൾ ചെയ്യുന്നു. അതിനെ നേരാംവണ്ണം വിനിയോഗിക്കുന്നവൻ ദൈവഭക്തി പ്രകടിപ്പിക്കുന്നു. ജ്ഞാനം–അത് സമ്പാദിച്ചവന് നിഷിദ്ധമായതിനെയും അല്ലാത്തതിനെയും വേർതിരിച്ചറിയാൻ കഴിവുണ്ടാകുന്നു. അത് സ്വർഗത്തെ പ്രകാശമാനമാക്കുന്നു. അത് മരുഭൂമിയിൽ നമ്മുടെ സുഹൃത്തും ഏകാന്തതയിൽ നമുക്ക് കൂട്ടുകാരനും സുഹൃത്തുക്കളില്ലാത്തിടത്ത് നമ്മുടെ സഹചാരിയുമാകുന്നു. അതു നമ്മെ ആനന്ദത്തിലേക്ക് നയിക്കുന്നു. ദുഃഖാവസ്ഥയിൽ അത് നമ്മെ സ്ഥിരചിത്തരാക്കുന്നു. സജ്ജന സന്നിധിയിൽ അത് നമുക്കൊരലങ്കാരമാകുന്നു. ശത്രുക്കളുടെ മുന്നിൽ നമുക്കത് കവചമാണ്. ജ്ഞാന സമ്പാദനത്തോടുകൂടി ദൈവത്തിന്റെ ദാസൻ സമുന്നതിയിലേക്കുയരുന്നു. അങ്ങനെ

അതിമഹത്തായ പദവി സാക്ഷാൽക്കരിക്കുന്നു. ഈ ലോകത്തിലെ ഏകച്ഛത്രാധിപതികളും അവനൊപ്പം നില്ക്കും. പരലോകത്ത് അവൻ ആനന്ദസമ്പൂർത്തി സാധിക്കുന്നു.'

വിദ്വാന്റെ മഷി രക്തസാക്ഷിയുടെ രക്തത്തെക്കാൾ പാവനമാണ്. ജ്ഞാനമന്വേഷിച്ച് സ്വഭവനമുപേക്ഷിക്കുന്നവൻ ദൈവമാർഗത്തിൽ ചരിക്കുന്നു. ജ്ഞാനമന്വേഷിച്ച് യാത്ര ചെയ്യുന്നവന് ദൈവം സ്വർഗത്തിലേക്ക് മാർഗദർശനം നല്കുന്നു.

മനുഷ്യന് വൈവിധ്യമായ ശക്തിസിദ്ധികൾ സംലബ്ധമായിട്ടുണ്ട്. പെട്ടെന്നുറ്റം കൊള്ളാൻ തോന്നുമെങ്കിലും സൂക്ഷ്മ വിചിന്തനത്തിൽ നമ്മുടെ ശക്തിസിദ്ധികളുടെ അളവും വ്യാപ്തിയും തുലോം പരിമിതമാണെന്ന് നമുക്ക് ബോധ്യമാകും. പരിസീമിതമായ ഒരു പരിധിക്കപ്പുറത്ത് അവയ്ക്ക് കടന്നെത്താനാവില്ല. ഇന്ദ്രിയ ശുദ്ധിയും ഒരു കായികശക്തിയും അസ്ത്രപ്രദമായിത്തീരുന്ന വിസ്മയകരമാംവിധം സാക്ഷാൽക്കരിക്കപ്പെട്ട ആധുനിക യുഗത്തിൽപോലും പ്രകൃതി ശക്തികൾക്കുപോലും മുന്നിൽ നിസ്സഹായനായി നില്ക്കേണ്ടിവരുന്ന മനുഷ്യൻ തന്റെ കഴിവുകളുടെ പരിമിതിയെക്കുറിച്ച് ബോധമുള്ളവനായി മാറുന്നു. മനുഷ്യൻ തന്നിൽ ചെറിയതിന്റെ മുന്നിൽ ജയിക്കുകയും തന്നെക്കാൾ വലുപ്പമുള്ളതിന്റെ മുന്നിൽ പരാജയപ്പെടുകയും ചെയ്യുന്നു. നമുക്ക് ചുവടെ പരശ്ശതങ്ങളുണ്ടെന്നതുപോലെ ഈ ലോകത്ത് നമുക്ക് മുകളിലും ജീവരാശികളുണ്ട്. അവയെ നിയന്ത്രിക്കുവാനും അവയ്ക്ക് മേൽ ആധിപത്യം സ്ഥാപിക്കുവാനും മനുഷ്യന് കഴിയും. തനിക്ക് കൈവന്ന വരസിദ്ധികൊണ്ടാണ് മനുഷ്യൻ ജീവരാശികളുടെ ആധിപത്യം കൈവശപ്പെടുത്തിയത്. തന്റെ ബാഹ്യപ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളെയും സ്വേച്ഛാനുസാരം പ്രയോജനപ്പെടുത്താൻ അവന്ന് കഴിയുന്നത് അതുകൊണ്ടാണ്. ഈ കഴിവുകളെ പ്രോജ്ജ്വലിപ്പിച്ചുകൊണ്ടാണ് മനുഷ്യൻ പുതിയ ലോകങ്ങൾ കണ്ടെത്തുന്നതും അവയുടെ സാരഥ്യം കൈയേല്ക്കുന്നതും. എന്നാൽ, എത്ര വളർന്നാലും, വരസിദ്ധി പരമാവധി പ്രയോജനപ്പെടുത്തിയാലും, മനുഷ്യൻ ദൈവമല്ലാത്തതുകൊണ്ട് പരിസീമിതമായ വലയത്തിനുള്ളിലെ പരമാവധി നേടാനേ ബുദ്ധിപ്രഭാവംകൊണ്ട് അവന്ന് സാധിക്കുകയുള്ളൂ. അതിനപ്പുറം അജ്ഞേയമാണ്. അതവന് അപ്രാപ്യവുമാണ്. അതുകൊണ്ടാണ് സർവജ്ഞത മനുഷ്യന്റേതല്ല, ദൈവത്തിന്റെ ഭൂഷണമാണെന്ന് വിചാരമതികൾ ഉപദേശിക്കുന്നത്. വിശുദ്ധ ഖുർആനിലെ വരികൾ ഇവിടെയുദ്ധരിക്കട്ടെ:

''ഒരുവന്റെയറിവ്, അതെത്ര സാർവവിജ്ഞാനീയമായിരുന്നാലും 'അജ്ഞേയ'മായതിനെ ഗ്രഹിക്കാൻ സാധ്യമല്ല. അജ്ഞേയമായത് അതിമഹത്തരമത്രേ. എല്ലാമറിയുന്നവനായി, അല്ലാഹുവല്ലാതെ മറ്റാരുമില്ല. അറിവിന്റെ അനന്ത പ്രകൃതം ഇതിൽനിന്ന് വ്യക്തമാകുന്നു. ആകാശഭൂമികൾ നിലനില്ക്കുന്നേടത്തോളം കാലം ഒരിക്കലും പരിസമാപ്തിയില്ലാതെ, അജ്ഞേയമായത് ദുർഗ്രാഹ്യമായിത്തന്നെ നില്ക്കും.''

അറിവ് ലഭിച്ചുകൊണ്ടിരിക്കുമ്പോൾ അറിയാത്തതിനെക്കുറിച്ചറിയാൻ ജിജ്ഞാസ വളരുന്നത് സ്വാഭാവികം. നേടിക്കഴിഞ്ഞതല്ല തേടിപ്പോകുന്നതെന്ന സത്യം അവന്ന് ബോധ്യമാകും. അവിടെ അവന്റെ ജ്ഞാനപിപാസ പെരുകുന്നു. അവന്റെ അന്വേഷണം തുടരുന്നു. അനന്തമായ, അവിരാമമായ അന്വേഷണം-ഒരു തീർത്ഥയാത്രപോലെ അതി ദിവ്യമായ സത്യാന്വേഷണം! ഈ വിശുദ്ധ ബോധ്യം സത്യവിശ്വാസിയെ വിനയവാനാക്കിപ്പരിവർത്തിപ്പിക്കുന്നു.

# 23. മനഃശുദ്ധിക്കുള്ള മംഗളവേള

●

"യാതന അനുഭവിക്കുന്ന ആത്മാവ്, യജമാനനും അധിപതിയുമായ അദൃശ്യശക്തിയോട് സ്ഥാപിക്കുന്ന ലക്ഷ്യാധിഷ്ഠിതബന്ധം എന്ന് മതത്തെ നിർവചിക്കാം. ഈ നിലക്ക് പ്രാർഥന മതത്തിന്റെ കർമരൂപമാണ്. മനുഷ്യാത്മാവ് തന്റെ ഉദ്ഭവകേന്ദ്രത്തിൽ ശരണം പ്രാപിച്ച് നാശത്തിൽനിന്ന് രക്ഷ നേടാൻ ആത്മാർഥമായിച്ചെയ്യുന്ന ജീവസ്സുറ്റ കർമമായിത്തീരുമ്പോഴേ മതം യഥാർഥ മതമാവുന്നുള്ളൂ. ഈ കർമമത്രെ പ്രാർഥന. ഇത് എന്റെ വീക്ഷണത്തിൽ ഏതാനും പദങ്ങളോ വാക്യങ്ങളോ ഉരുവിടലല്ല. സംസാരിക്കാൻ പ്രായമെത്തുന്നതിന് മുമ്പേതന്നെ അനുഭവപ്പെട്ടു തുടങ്ങിയ അദൃശ്യശക്തിയോട് വ്യക്തിപരമായി ബന്ധം സ്ഥാപിക്കാൻ മനുഷ്യൻ നടത്തുന്ന ചലനമാണത്. ഈ ആന്തരികബന്ധമില്ലെങ്കിൽ മതവുമില്ല.'' (പ്രൊ. അഗസ്റ്റ് സബാറ്റി മതതത്ത്വശാസ്ത്രം എന്ന ഗ്രന്ഥത്തിൽ.)

ഉന്നത ലക്ഷ്യങ്ങളിലേക്ക് നിരന്തരം തിരിച്ചുവിടുന്ന ഒരാത്മീയശക്തി മാനവരാശിക്കാവശ്യമാണ്. ഭൗതികകാര്യങ്ങളിലും വ്യക്തിതാൽപര്യങ്ങളിലും ഇഴുകി മുഴുകിക്കഴിയുന്ന ലോകത്ത് കുഴപ്പം വ്യാപിക്കാതിരിക്കാൻ ഇതനിവാര്യമാണ്. സമൂഹനന്മയ്ക്ക് അനുപേക്ഷണീയമായ ഈ ആത്മീയ ശക്തിയാണ് നമസ്കാരം എന്ന അനുഷ്ഠാനം സമ്മാനിക്കുന്നത്. ഏകദേശം ഈ അർഥത്തിലാണ് പാരീസ് യൂണിവേഴ്സിറ്റി പ്രൊഫസ്സറായിരുന്ന അഗസ്ററ് സബാറ്റി പ്രാർഥനയ്ക്ക് ഭാഷ്യം നല്കിയിട്ടുള്ളത്. ദൈവത്തെ സമുചിതം കീർത്തിക്കുക എന്നും പരമാരാധ്യനായ ദൈവത്തോട് മനസാ വാചാ കർമണാ ആശ്രയത്വം പ്രകടിപ്പിക്കുക എന്നും പ്രാർഥനയ്ക്ക് ഭാഷ്യഭേദങ്ങളുണ്ട്.

ദൈവം ഉണ്ടെങ്കിലും ഇല്ലെങ്കിലും അത്യുന്നതങ്ങളിൽ അവരോധിച്ചിരുത്താൻ നമുക്കൊരു ദൈവം അനിവാര്യമാണ്. ജീവിതത്തിന്റെ താളക്രമങ്ങൾ ചിട്ടപ്പെടുത്തി, ആ പരമോന്നതിയിലേക്ക് ലക്ഷ്യമിട്ട് നാം നടന്നുനീങ്ങുന്നു. വ്യക്തിയും കുടുംബവും സമൂഹവും ലോകവും തമ്മിലുള്ള ആന്തരികസംബന്ധത്തിന് അവലംബമായി വർത്തിക്കുന്നതും സർവേശ്വരന്റെ അസ്തിത്വമാണ്. തിന്നും കുടിച്ചും മദിച്ചും കഴിയുന്ന മനുഷ്യനെന്ന മൃഗത്തെ, കാണപ്പെടുന്ന ജഡികതയ്ക്കുമപ്പുറത്ത് അവസ്ഥാനം ചെയ്തുകൊണ്ട് സകല ഭൗതിക പ്രതിഭാസങ്ങൾക്കും ശക്തിപ്രഭാവമായി വർത്തിക്കുന്ന ഈശ്വരത്വത്തെ ഓർമിപ്പിക്കാൻ കഴിയുമ്പോൾ മാത്രമേ ക്ഷണികതയിലമരുന്ന ജീവിതത്തിന് കുറേക്കൂടി അർഥൗചിത്യങ്ങളുണ്ടെന്നുള്ള അവബോധം മനുഷ്യനിൽ മുളപൊട്ടു

ന്നുള്ളൂ. അതോടെ അവ്യാഖ്യേയമായ ആനന്ദത്തിന്റെയും സൗന്ദര്യത്തിന്റെയും ആത്മീയ പ്രപഞ്ചം അനാവരണം ചെയ്യപ്പെടുകയായി. ദൈവദത്തമായ വിശേഷബുദ്ധിയുടെ പ്രയോഗത്തിലൂടെയാണ് ആത്മീയതയുടെ അനവദ്യലോകത്തിലേക്ക് കടന്നു ചെല്ലാനവന് കഴിയുന്നത്. ക്ഷണികവും നശ്വരവുമായ പ്രപഞ്ച ജീവിതത്തിന്റെ ചക്രവാളസീമയ്ക്കപ്പുറത്തും ജീവിതം തുടരുന്നുവെന്നും ജീവിതത്തിന്റെ, താരതമ്യേന അർഥപൂർണമായ ഭാഗമതാണെന്നും ഇവിടത്തെ ജീവിതത്തിന്റെ മൂല്യശോധനയും ഫലപ്രാപ്തിയും അവിടെയാണ് സാക്ഷാൽക്കരിക്കപ്പെടുന്നതെന്നും ഇസ്‌ലാം പ്രബോധിപ്പിക്കുന്നു. അപ്പോൾ പിഴയ്ക്കാതെ ദൈവമാർഗത്തിലൂടെ സഞ്ചരിച്ചാലേ ജീവിതത്തിന്റെ പരമലക്ഷ്യം കൈവരികയുള്ളുവെന്നും അത്യുൽകൃഷ്ടമായ പ്രതിഫലം അങ്ങനെ മാത്രമെ സംലബ്ധമാവുകയുള്ളൂവെന്നും ദൈവസന്നിധിയിലേക്കുള്ള ആ മഹാപ്രയാണത്തിന് പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും നമ്മെ വഴി നയിക്കുന്നുവെന്നും ഇസ്‌ലാം സംസ്കൃതി നമ്മെയനുസ്മരിപ്പിക്കുന്നു.

ഈ ആശയപരമായ സവിശേഷപശ്ചാത്തലത്തിലാണ് ഇസ്‌ലാമിക ജീവിതം പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. ഇതുപോലെ ലക്ഷ്യോന്മുഖമായി ഭദ്രമായി പ്രായോഗിക ജീവിതത്തെ ചിട്ടപ്പെടുത്തിയ മറ്റൊരു മതമില്ല. ഏകദൈവത്തിലും അവന്റെ പ്രവാചകനിലും പ്രവാചകനിലൂടെ അവതീർണമായ വേദഗ്രന്ഥത്തിലുമുള്ള അചഞ്ചലമായ വിശ്വാസം, നമസ്കാരക്രിയകൾ, കുറേക്കൂടി ഉപാസനാപ്രവണമായ വ്രതാനുഷ്ഠാനം, സമൂഹ ബാധ്യതയുടെ കർമതലമായി രൂപപ്പെടുത്തിയ സക്കാത്ത്, ഈശ്വരോന്മുഖമായ സമർപ്പണത്തിന്റെ ഹജ്ജ് കർമ്മം – ഈ ആധാരശിലകളിലാണ് ഇസ്‌ലാം ഉയർത്തപ്പെട്ടത്.

നേരം കിട്ടുന്ന നേരത്ത് അതിലാഘവത്തോടെ ഓർക്കപ്പെടേണ്ട ഒന്നല്ല ഈശ്വരാസ്തിത്വം എന്ന് നിർബന്ധമുള്ളതുകൊണ്ടാണ് പഞ്ചനമസ്കാരങ്ങൾ സനിഷ്കർഷം ചിട്ടപ്പെടുത്തിയിട്ടുള്ളത്. വാഹനങ്ങളിൽ ഗതിവേഗംകൊണ്ട് ചൂടുപിടിക്കുന്ന യന്ത്രഭാഗം പൊട്ടിത്തകരാതിരിക്കുന്നതിനു വേണ്ടിയാണ് യന്ത്രത്തിന്നഭിമുഖമായി ഫേനിട്ട് കുളിരേകിക്കൊണ്ടിരിക്കുന്നത്. ജീവിതത്തിൽ ആത്മീയ ചിന്തയുടെ അഥവാ മതാനുഷ്ഠാനങ്ങളുടെ പ്രയോജനം അതുകൂടിയാണ്. ജീവിതത്തിനും സമൂഹനന്മയ്ക്കും അനുപേക്ഷണീയമായ ഈ ആത്മീയ ശക്തിയാണ് നമസ്കാരവൃത്തി സമ്മാനിക്കുന്നത്. ഈശ്വരവിശ്വാസവും നമസ്കാര ക്രിയകളും ഒരുവന്റെ ജീവിതത്തിലെ ക്രിയാത്മക ശക്തിയായി പരിണമിക്കുന്നു. അതുവഴി വികാരങ്ങളെ നിയന്ത്രിക്കുവാനും നീചവൃത്തികളിൽനിന്ന് വിട്ടുനില്ക്കാനും കഴിയുന്നു.

ആത്മീയചര്യകൾക്ക് അനന്യ സാധാരണമായ ഒരു സവിശേഷതയുണ്ട്. സാധാരണ സാഹചര്യങ്ങളിൽ നാമതറിയുന്നില്ല. നമ്മിൽ നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്ന മഹത്തായ ശക്തിവിശേഷങ്ങളെ പ്രോജ്ജ്വലിപ്പിച്ച് പുറത്തുകൊണ്ടുവരുവാൻ ആത്മീയചര്യകളുടെ അനുധ്യാനം കൊണ്ടും അനുഷ്ഠാനം കൊണ്ടും സാധിക്കുന്നു. വ്രതാനുഷ്ഠാനങ്ങളുടെ മനഃശാസ്ത്രപരമായ വിശകലനം ആ ദിശയിലേക്കാണ് നമ്മെ നയിക്കുന്നത്. ബാഹ്യജീവിതത്തിന്റെ വികാസവൃദ്ധികൾക്ക് നാം സഹിക്കേണ്ടിവരുന്ന ക്ലേശങ്ങൾ നിരവധിയാണ്. അത്രതന്നെയോ ഒരുപക്ഷേ അതിലേറെയോ ശ്രമംകൊണ്ടുമാത്രം കൈവരിക്കാൻ കഴിയുന്ന ഒന്നാണ് ആത്മീയോൽക്കർഷം എന്നാണനുമാനിക്കേണ്ടത്. ക്ലേശപർവ്വങ്ങളെ അതിദിവ്യമായ ലക്ഷ്യസാക്ഷാൽക്കാരത്തിനുള്ള തപസ്യ

യായി സ്വയം വരിക്കാൻ കഴിയുന്നവർക്ക് മാത്രമേ ആ രംഗത്ത് മുന്നേറാനൊക്കൂ. അവിടെയാണ് വ്രതാനുഷ്ഠാനങ്ങളുടെ പ്രസക്തി പ്രകടമാകുന്നത്. വികാര വിചാരങ്ങളെ കഴുകി വെടുപ്പാക്കാനും അല്ലശുദ്ധിക്ക് വിധേയമാക്കാനും വ്രതചര്യകൾക്ക് സാധിക്കുന്നു. വ്രതാനുഷ്ഠാനത്തിലൂടെ മനസ്സിന്റെ ധർമ്മ പ്രവണമായ പുനഃസൃഷ്ടിയാണ് സാധിക്കുന്നത്. ആത്മീയ വിരേചനത്തിലൂടെ നവീകരിക്കപ്പെട്ട മനസ്സുമായി അനുകർത്താവ് പുനർജനിക്കുകയാണ്.

മതാത്മകതയുടെ വിശിഷ്ടാനുഭൂതി യഥാർഹം പകർന്നുതരുവാൻ മനസ്സിനൊപ്പം ശരീരവും വിശുദ്ധവും ചൈതന്യവത്തുമാകണം. ''മനുഷ്യ ശരീരം വിസ്മയകരമായ ചൈതന്യത്തെ സംവഹിച്ചുനില്ക്കുന്ന ഒരു ശക്തിസംഭരണിയാണ്. ഈ ശക്തി യഥായോഗ്യം പ്രവർത്തിപ്പിക്കപ്പെടുന്നില്ലെങ്കിൽ അതിന്റെ പ്രവർത്തനശേഷി നിർവീര്യമാകുകയോ ദുർവിനിയോഗം ചെയ്യപ്പെടുകയോ ചെയ്തേക്കും. അധർമികളും അവിവേകികളും ഭ്രാന്തചിത്തരുമായിപ്പോകുന്നതിൽനിന്ന് നമ്മെ രക്ഷിക്കുകയെന്നതത്രേ ദേഹത്തിന്റെ സ്വാസ്ഥ്യത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വ്രതാനുഷ്ഠാനം കൊണ്ട് സാധിക്കുന്നത്. ഉപവാസംകൊണ്ട് ശരീരത്തിന്റെ 'രസതന്ത്ര'മാകെ മാറുന്നു. പരിമിതമായ ജോലിയേ ശരീരത്തിന് അപ്പോഴുള്ളൂ. വയറിന്ന് ഒന്നും ചെയ്യാനില്ല. വയറിന്ന് ഒന്നും ചെയ്യാനില്ലാതാകുമ്പോൾ വയറിൽനിന്ന് അധികം ഊർജം മസ്തിഷ്കത്തിലേക്ക് തിരിച്ചുവിടപ്പെടുന്നു. ഒരാൾ അധികം തിന്നുമ്പോൾ ആലസ്യവും മയക്കവും അനുഭവപ്പെടുന്നു; പെട്ടെന്ന് ഉറക്കം വരുന്നു. അതിന് കാരണം, കൂടുതൽ ഊർജം ദഹനക്രിയയ്ക്കായി ഉപയോഗിക്കുന്നു എന്നതാണ്. തലയിൽ ആലസ്യം കടന്നെത്തുന്നത് അപ്പോഴാണ്. സംസാര സാഗരത്തിലെ കടത്തുവഞ്ചിയാണ് ശരീരമെങ്കിൽ ശരീരത്തിന്റെ ആരോഗ്യം പ്രഥമത പരിഗണിക്കപ്പെടേണ്ടതാണെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു.

''നീ നമസ്കാരം മുറയ്ക്ക് നിർവഹിക്കുക. നമസ്കാരം ദുർവൃത്തിയെയും നിഷിദ്ധ കർമ്മങ്ങളെയും തടയും. അല്ലാഹുവെ ഓർമിക്കൽ ഒരു മഹാകാര്യം തന്നെയാണ്.'' (വി.ഖു. 29:45)

വേദഗ്രന്ഥത്തിൽ എങ്ങനെ നമസ്കരിക്കണം, അഥവാ നമസ്കാരക്രമമെന്ത് എന്ന് വിശദീകരിച്ചിട്ടില്ലെങ്കിലും പ്രവാചകൻ അതിന്റെ സുവിശദ രൂപം ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഖുർആനിലെ വചനങ്ങൾക്കും വരികൾക്കിടയിലുള്ള നിഗൂഢാർഥങ്ങൾക്കും സ്വജീവിതംകൊണ്ട് വ്യാഖ്യാനം നിർവചിച്ച പ്രവാചകന്റെ ചര്യകൾ ശ്രദ്ധേയങ്ങളാണ്. തന്റെ അന്ത്യനാളുകളിലാണ് പ്രവാചകൻ വിധിപൂർവകമായ ഹജ്ജ് നിർവഹിച്ചത്. അത് സോദ്ദേശ്യമായിരുന്നു. എങ്ങനെ ഹജ്ജ് കർമമനുഷ്ഠിക്കണമെന്ന് അനുചരന്മാരെ ബോധ്യപ്പെടുത്തുവാനായിരുന്നു അത്. അന്നാണ്, ഇന്നും അനുസന്ധാനം ചെയ്യപ്പെടുന്ന ഹജ്ജ് കർമ്മത്തിന്റെ സചേതനമായ മാതൃകാരൂപം ആവിഷ്കൃതമായത്. അതുപോലെ നമസ്കാര കാര്യത്തിൽ പ്രവാചകന്റെ വാമൊഴി അവിസ്മരണീയമാണ്. പ്രവാചകൻ പറഞ്ഞു:

''ഞാൻ നിസ്കരിക്കുന്ന രീതിയിൽ നിങ്ങൾ നമസ്കരിക്കുക'' എന്ന്. ആഹാരമൊഴിവാക്കുകയല്ല, സുഖഭോഗങ്ങളുപേക്ഷിക്കുകയുമല്ല വ്രതാനുഷ്ഠാനത്തിന്റെ ലക്ഷ്യം അഥവാ ലക്ഷണം. ഈശ്വരോൻമുഖമായി ആത്മനിയന്ത്രണം പാലിച്ച് ദോഷബാധയുടെ നേരെ ജാഗ്രത സൂക്ഷിക്കുകയാണ്

വ്രതാനുഷ്ഠാനംകൊണ്ടുദ്ദേശിക്കുന്നത്. ''നീ നമസ്കാരംമുറയ്ക്കു നിർവഹിക്കുക'' എന്ന് ഖുർആൻ നിർദേശിക്കുമ്പോൾ മുടങ്ങാതെ നിർവഹിക്കുക എന്ന് മാത്രമല്ല അർഥം. നമസ്കാരകർമത്തിന്റെ ഉദാത്തമായ ലക്ഷ്യവും വിശുദ്ധിയുമുൾക്കൊണ്ട് ഹൃദയംഗമമായി നിർവഹിക്കുക എന്നതാണർഥം. നില്ക്കുക, കുനിയുക, ഏതാനും വാകൃങ്ങളുരുവിടുക എന്നിങ്ങനെ ആർക്കും അനായാസം ചെയ്യാവുന്ന പുറംചടങ്ങുകളല്ല നമസ്കാരംകൊണ്ടുദ്ദേശിക്കുന്നത്. അങ്ങനെ ആരാധനയുടെ ആത്മഭാവമവഗണിച്ച് പുറംചടങ്ങുകളിലും വാചിക വ്യായാമങ്ങളിലും നമസ്കാരത്തെ ഒതുക്കിനിർത്തുന്നത് ഗർഹണീയമായ കാര്യമാണെന്ന് ''നമസ്കാരക്കാർക്ക് വമ്പിച്ച നാശം – അതായത് നിസ്കാരത്തിൽ അശ്രദ്ധരാവുന്നവർക്ക്'' (107:4–5) എന്ന ദൈവവചനം അസന്ദിഗ്ദമായി വെളിവാക്കുന്നു. അപ്പോൾ 'മുറയ്ക്കു നിർവഹിക്കുക'എന്നതിന്റെ ശുദ്ധമായ ഭാഷ്യം, മനസ്സറിഞ്ഞു നിർവഹിക്കുക എന്നാണ്. ദൈവത്തിൽ മനസ്സ് കേന്ദ്രീകരിക്കുക, ദുഷ്കൃത്യങ്ങളെ തടയാൻ പര്യാപ്തമാംവിധം ഭയമുണ്ടാക്കുക – എന്നിവ അതിന്റെ അവിഭാജ്യഘടകങ്ങളാണെന്നുവരുന്നു.

അഭിശപ്തരായി നരകത്തിൽ കഴിയുന്നവരോട് അവരുടെ ദുരവസ്ഥയ്ക്ക് കാരണമെന്തെന്ന് ആരായുന്ന രംഗം ഖുർആനിൽ ഇങ്ങനെ ചിത്രീകരിച്ചിട്ടുണ്ട്. ''നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചതെന്തുകൊണ്ടാണ്? അവർ പറയും: ഞങ്ങൾ നമസ്കരിക്കുന്നവരിൽ പെട്ടവരല്ല; ഞങ്ങൾ അഗതികൾക്ക് ആഹാരം കൊടുത്തിരുന്നുമില്ല''എന്ന് (വി.ഖു: 74:42–44)'' നമസ്കാരക്രിയയിൽനിന്ന് മാറിനില്ക്കുന്നവൻ മാത്രമല്ല, വികലമായി, അവിശുദ്ധമായി നമസ്കാരക്രിയയാചരിക്കുന്നവനും ദൈവസന്നിധിയിൽ അപരാധിയാണ്. മനസ്സിലെ മാലിന്യങ്ങൾ കഴുകിക്കളയുന്നതിനും തുടർന്ന് മാലിന്യമേശാത്ത വിധം മനസ്സിന്റെ പ്രതിരോധശക്തി വളർത്തിയെടുക്കുന്നതിനുമുള്ള ആന്തരിക ചികിത്സയാണ് വ്രതാനുഷ്ഠാനംകൊണ്ട് സാധിക്കുന്നത്. പക്ഷേ, അതിന്റെ ശക്തിസാധ്യതകൾ വ്രതമനുഷ്ഠിക്കുന്നവന്റെ ആത്മാർഥതയേയും തദ്വിഷയകമായ അവബോധത്തെയും ആശ്രയിച്ചുനില്ക്കുന്നു. ഗാന്ധിജിയുടെ കൈയിൽ നിരാഹാരം ഉത്കൃഷ്ടവും ഉദാത്തവുമായ ഒരായുധമായിരുന്നുവെങ്കിൽ ഇന്നത് പലരുടെയും കൈകളിൽ ദുർബലവും പരിഹാസ്യവുമായ കേവലമൊരു ക്രീഡനീയകമായി പരിണമിച്ചിരിക്കുന്നു. കള്ളക്കമ്മട്ടങ്ങളും വ്യാജവാറ്റ് കേന്ദ്രങ്ങളും പെരുകുമ്പോൾ മൗലികത ഒരു മരീചികയായി മാറുന്നു എന്നതാണ് സത്യം. ''ഡിസംബർ 24, 25 തിയ്യതികളിൽ ക്രിസ്തുമസ്സിന്റെ അന്തഃസൗഭാഗ്യത്തിന് നിരക്കാത്തതാണ് ലോകത്താചരിച്ചുവരുന്നത്'' എന്ന് പ്രസിദ്ധമായ റോമാസന്യാസിയായ ഡയോനീഷ്യസ് എക്സിഗ്യൂസ് സൂചിപ്പിക്കുകയുണ്ടായി. മറ്റെല്ലാം പോലെ വ്രതാനുഷ്ഠാനങ്ങളും ആത്മാവ് നഷ്ടപ്പെട്ട കേവലാചാരങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈശ്വരോന്മുഖമായി, ആത്മനിയന്ത്രണം സാധിച്ച്, ദോഷബാധയുടെ നേരെ നിതാന്ത ജാഗ്രത പാലിക്കുക എന്ന വ്രതാനുഷ്ഠാനങ്ങളുടെ വിഭാവിതലക്ഷ്യം അറിഞ്ഞനുസരിക്കുന്നവർ അപൂർവ്വമായെങ്കിലുമാണ്ടാകാം എന്ന് നമുക്കാശ്വസിക്കുക.

വ്രതമനുഷ്ഠിക്കാത്ത മതതലങ്ങൾ വളരെ വിരളമാണ്. പ്രാചീനകാലം മുതല്ക്കേ ഇതിന്റെ അനുവർത്തനം ആരംഭിച്ചിരുന്നു എന്നു കാണാം. പുരാതന ഈജിപ്തിൽ പുരോഹിതന്മാരും ഭക്തജനങ്ങളും ഒന്നര മാസക്കാലം നീണ്ടുനില്ക്കുന്ന വ്രതങ്ങളാചരിച്ചതായി ചരിത്രരേഖകളുണ്ട്. സുപ്രധാന

കാര്യങ്ങളാരംഭിക്കാൻ തീരുമാനിച്ചാൽ നിലത്ത് ചമ്രംപടിഞ്ഞിരുന്ന് മണിക്കൂറുകളോളം, ജലപാനംപോലുമുപേക്ഷിച്ച് ഉപവാസമാചരിച്ചുപോന്ന ഗ്രീസിലെ ചില ജനപദങ്ങളെ ഇവിടെ ഓർത്തുപോകുന്നു. കുടുംബത്തിനും സമൂഹത്തിനും വന്നുപെടുന്ന വിപത്തുകളുടെ നാളുകളിൽ രാപ്പകലുകളില്ലാതെ, ഉമിനീരുപോലുമിറക്കാതെ ചീനക്കാർ വ്രതമാചരിക്കാറുണ്ടെന്നാണ് ചരിത്രസൂചന. ജൂതന്മാരുടെ വേദഗ്രന്ഥമായ തൗറാത്തിൽ വ്രതാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. അവരുടെ പ്രവാചകനായ മൂസാനബി നാല്പതു ദിവസം ഉപവാസമനുഷ്ഠിച്ചതായും സമൂഹ രക്ഷയ്ക്കായി ആരാധനാലയങ്ങൾക്കു സമീപം പകലന്തിയോളമിരുന്ന് വ്രതചര്യമനുഷ്ഠിക്കാറുള്ളതായും ചരിത്രരേഖകളുണ്ട്. വ്രതാചരണത്തിൽ ക്രിസ്തുമത വിശ്വാസികളും പിൻനിരക്കാരല്ല. നിരാഹാരവ്രതവും ഉപവാസവും മൗനാചരണവും ഗാന്ധിജി പകർത്തിയത് ഹൈന്ദവാചാരങ്ങളിൽനിന്നാണ്. എന്നാൽ വ്രതാനുഷ്ഠാനത്തിൽ കാലക്കാറ്റേറ്റുലയാതെ ആദർശനിഷ്ഠയോടും നിർബന്ധ ബുദ്ധിയോടും കൂടി മുന്നോട്ടു പോകുന്ന ഇസ്‌ലാംവിശ്വാസികൾ ഏറെ ശ്രദ്ധേയരാണ്. സൂക്ഷ്മ ചൈതന്യത്തിന്റെ സത്യശുദ്ധമായ വിശകലനംകൊണ്ട് കാലാതിവർത്തിത്വം നേടിക്കഴിഞ്ഞ ഖുർആനിലെ സൂക്തങ്ങൾ സാർവദേശീയ തലത്തിൽ ആദരിക്കപ്പെടുന്നു. പവിത്രതയോതുന്ന റമദാന്റെ തിരുപ്പിറവിയിൽ പടിഞ്ഞാറൻ ചക്രവാളത്തിൽ തെളിഞ്ഞുയരുന്ന ചന്ദ്രക്കല കാണുമ്പോൾ സത്യവിശ്വാസികൾ രോമഹർഷമണിയും. പുതിയ പ്രഭാതത്തിന്റെ കതിർവെട്ടത്തിൽ വ്രതാനുഷ്ഠാനത്തിന്റെ ജപമാല കൈവിരലുകളിൽ ഉലഞ്ഞാടും. കാലത്തിന്റെ കാന്തിപ്രസരം ശവ്വാൽ മാസത്തിന് കൈമാറും വരെ വ്രതാനുഷ്ഠാനം അഭംഗം തടരും.

വ്രതമാചരിക്കുന്ന സത്യവിശ്വാസിയുടെ മനസ്സിന്റെ ആഴങ്ങളിൽ വലിയൊരു സ്വപ്നമുണ്ട്. സത്യ വിശ്വാസിക്ക് യഥാർഥ ജീവിതവും സത്യശുദ്ധമായ വിലയിരുത്തലിലൂടെ നല്കപ്പെടുന്ന പ്രതിഫലവും കൈവരുന്നത് പരലോകത്തുവെച്ചാണ്. അതിലേക്കുള്ള തയ്യാറെടുപ്പാണ് അവന്റെ ഇഹലോക ജീവിതം. ഇവിടത്തെ സ്വരചലനങ്ങളെല്ലാം അവിടെ നിഷ്പക്ഷമായി വിലയിരുത്തപ്പെടും. ആ വിശോധനാവൃത്തിയിൽ വിജയിക്കാനുള്ള വിരുതും വിഭൂതിയും ഇവിടെ വെച്ചാണ് സമാർജിക്കുന്നത്. പിഴയ്ക്കാതെ, മനഃശുദ്ധിയോടെ, വേദഗ്രന്ഥം തെളിച്ചുകാട്ടുന്ന വിശുദ്ധ മാർഗത്തിലൂടെ മുന്നോട്ടു നീങ്ങണം. ആ തീർഥപ്രയാണത്തിലെ ഗതിക്രമം പുനഃക്രമീകരിക്കാനുള്ള മംഗളവേളയാണ് വ്രതകാലം. വിധി പൂർവകം വിജയകരമായി നൊയമ്പ് നിർവഹിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തവർക്കേ അന്ത്യദിനത്തിൽ സ്വർഗത്തിലെ റയ്യാൻ എന്ന പേരിലുള്ള സുവർണ കവാടത്തിലൂടെ കടന്നു പോകാൻ സാധിക്കുകയുള്ളൂ.

മനുഷ്യരുടെ പരിമിതികളെക്കുറിച്ചും പരിഭവങ്ങളെക്കുറിച്ചും അല്ലാഹു തികച്ചും ബോധവാനാണ്. കഠിനവും കർക്കശവുമായ ഉപാധികളും പരീക്ഷണങ്ങളും വഴി–സ്ട്രിക്റ്റ് സെൻസറിംഗ് വഴി – സ്വർഗപ്രാപ്തിക്കുള്ള റയ്യാൻ കടക്കുന്നവരുടെ എണ്ണം കുറച്ചുകൊണ്ടുവരണമെന്ന ക്രൂരമനസ്സൊന്നും ദൈവത്തിനില്ല. ദൈവം പരമകാരുണ്യകനും ദയാപരനുമാണ്. അതുകൊണ്ട് മനുഷ്യരോട് ഉദാരതകാണിച്ച് വ്രതാനുഷ്ഠാനങ്ങളിലും നിരവധി ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

എണ്ണപ്പെട്ട ഏതാനും ദിവസങ്ങളേ
വ്രതമാചരിക്കേണ്ടതുള്ളൂ.
രോഗബാധ, മാറ്റിവെക്കാൻ കഴിയാത്ത യാത്ര
എന്നിവകാരണമായി, അസൗകര്യമുണ്ടായാൽ
മറ്റ് ദിവസങ്ങളിൽ വ്രതമെടുത്ത്
അവ പൂർത്തിയാക്കണം.
പ്രയാസപ്പെട്ട് നോമ്പുനോല്ക്കേണ്ടിവരുന്ന
സന്ദർഭങ്ങളിൽ ഒരുവൻ നോമ്പ് ഉപേക്ഷിക്കുന്നപക്ഷം
അവൻ ഒരഗതിക്ക് പ്രായശ്ചിത്തമായി
ആഹാരം നല്കണം.
വ്രതരാത്രികളിൽ ഭാര്യമാരിൽനിന്ന്
അകന്ന് ജീവിക്കേണ്ടതില്ല.
കാരണം "അവർ നിങ്ങൾക്ക് വസ്ത്രവും
നിങ്ങൾ അവർക്ക് വസ്ത്രവും ആകുന്നു."
ഗർഭിണികൾക്കും മുലകൊടുക്കുന്ന സ്ത്രീകൾക്കും
ഋതുവായവർക്കും പെറ്റ് കിടക്കുന്നവർക്കും
സൗകര്യങ്ങളനുവദിച്ചിട്ടുണ്ട്.

അനുവർത്തിക്കാനാവാത്ത വ്യവസ്ഥകളവതരിപ്പിച്ച് വിശ്വാസികളെ വിഷമിപ്പിക്കാനല്ല വേദഗ്രന്ഥമാഗ്രഹിക്കുന്നത്. അല്ലാഹുവിന് മാത്രമറിയാവുന്ന ചില മഹാ സത്യങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് റമദാനിലെ വ്രതാനുഷ്ഠാനം വിശ്വാസികൾ പ്രയോജനപ്പെടുത്തണം എന്ന് അനുശാസിച്ചത്. നല്ല മനസ്സുള്ളവർക്ക് ഭൂമിയിൽ സമാധാനം എന്നുമാത്രമല്ല പരലോകത്തിലെ പരമമായ അംഗീകാരവും അനന്യ ലബ്ധമായ പ്രതിഫലവും കൈവരുന്നു എന്നു കൂടി അല്ലാഹു അറിയിക്കുന്നു. റമദാൻ മാസം സമുൽകൃഷ്ടമാണ്. റമദാൻ രാത്രി ആയിരം മാസങ്ങളെക്കാൾ ഉൽകൃഷ്ടമാണ്.

മലക്കുകളിറങ്ങുന്ന മഹാരാത്രിയാണത്. ഖുർആന്റെ അവതരണമാരംഭിച്ചത് ആ മാസത്തിലാണ്. എന്നാൽ അനായാസം ആ വിശുദ്ധരാത്രിയുടെ സർവാതിശായിയായ സൗന്ദര്യം ആസ്വദിക്കാൻ മനുഷ്യർക്ക് കഴിഞ്ഞു എന്ന് വരരുത്. അവർ കുറച്ച് അധ്വാനിക്കണം. അതുകൊണ്ടാണ് ആ രാത്രി ഏതെന്ന് കൃത്യമായി തെളിച്ചുപറയാൻ ദൈവമൊരുങ്ങാഞ്ഞത്. സ്വല്പം അധ്വാനത്തിന്റെയും സഹനത്തിന്റെയും ഉപ്പു ചേർന്നാലേ വിഭവത്തിന് സ്വാദുണ്ടാവൂ എന്നറിയുന്ന ദൈവം മനുഷ്യനിൽ ഉൽക്കണ്ഠയും ഉദ്വേഗവും ജിജ്ഞാസയുമുണർത്താൻ ആഗ്രഹിച്ചുകാണും. പ്രവാചകന്പോലും സൗഭാഗ്യപൂർണമായ ആ രാത്രിയെക്കുറിച്ച് സൂക്ഷ്മമായി അറിയില്ലായിരുന്നു. അതുകൊണ്ടാണ് പ്രവാചകൻ റമദാൻ മാസത്തിലെ അവസാനത്തെ പത്തുദിവസം രാപകലില്ലാതെ ദൈവാരാധനയിൽ നിഷ്ണിതനായത്. അല്ലാഹുവിന്റെ ഏകത്വത്തിലും തിരുദൂതരിലും വേദഗ്രന്ഥത്തിലും വിലയിച്ചുകിടക്കുന്ന വിശ്വാസിയുടെ വിശുദ്ധമനസ്സ് അവസാനത്തെ പത്തുനാളുകളൊന്നിൽ ആ മഹാനുഭവം സ്വാംശീകരിച്ചിക്കും എന്ന കാര്യത്തിൽ സന്ദേഹമില്ല. ഇക്കാലത്ത് ഖുർആൻ മുഴുവനും ഒരാവൃത്തി വായിക്കണം. ധ്യാനനിരതരായി പള്ളിയിൽ ഉപവാസമിരിക്കണമെന്നും തിരുമൊഴികളുണ്ട്. പുണ്യകർമങ്ങൾക്ക് ഏറെ പ്രതിഫലം കിട്ടുന്ന കാലമായതിനാൽ ദാനധർമങ്ങൾക്ക് ഈ മംഗളവേള വിശിഷ്ട

മെന്ന് കീർത്തിക്കപ്പെടുന്നു. അതുകൊണ്ട് ഇസ്‌ലാമിന്റെ കർമപരിപാടിയിലെ സക്കാത്തിന്റെ നിർവഹണം ഈ കാലത്താണ് നടക്കുന്നത്.

അച്ചടക്കത്തിന്റെ മഹത്തായ ഒരനുശീലനം കൂടിയാണ് നോമ്പ്. ആത്മനിയന്ത്രണമാണ് അതിനുള്ള മാർഗം. വ്രതമനുഷ്ഠിക്കുന്ന ആൾ തെറ്റ് പറയരുത്, ഉറക്കെസംസാരിക്കുക പോലുമരുത്. ആരെങ്കിലും അവനെ ശകാരിക്കുകയോ അവനോട് ശണ്ഠയ്ക്കുചെല്ലുകയോ ചെയ്താൽ 'ഞാൻ നോമ്പുകാരനാണെ'ന്ന് അവൻ പറഞ്ഞോട്ടെ എന്നുള്ള ഹദീസ് ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്. ജീവിതമഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ക്ഷമാപൂർവം നേരിടാനുള്ള മനക്കരുത്ത് സമ്പാദിക്കാൻ കൂടി വ്രതാനുഷ്ഠാനം പ്രയോജനപ്പെടുന്നുണ്ട്.

''വെട്ടേറ്റ് ആസന്നമരണനായിപ്പിടയുന്ന ഒരു പോരാളി – ദാഹജലവുമായി ചെല്ലുന്ന സഹ സേനാനിയോട് തനിക്ക് നോമ്പുണ്ട്, നോമ്പോടുകൂടി മരണം വരിക്കാനാണ് ഞാനിഷ്ടപ്പെടുന്നത് എന്നു പറഞ്ഞു വിലക്കുന്നു!'' വിശ്വാസ വിസ്മയത്തിന് ഇതിനെക്കാൾ പ്രകാശമിയന്ന മറ്റൊരുദാഹരണം കാണിക്കാൻ പറ്റുമോ?

ആരാധനാലയങ്ങളിലൊത്തുചേർന്ന് അർഥമറിഞ്ഞ് വേദഗ്രന്ഥം ആസ്വദിക്കുന്നതിനും വിശാലമായ വിഭാവിതലക്ഷ്യങ്ങളോടെയാവിഷ്ക്കരിച്ച ദാനധർമങ്ങളിൽ ഹൃദയപൂർവകമായ നിഷ്ഠ പ്രകടിപ്പിക്കുന്നതിനും പ്രവാചകൻ തന്റെ വിടവാങ്ങൽ പ്രഭാഷണത്തിലൂടെ സംക്ഷിപ്തമായവതരിപ്പിച്ച ഖുറാനിക സന്ദേശങ്ങളെ ഒരിക്കൽക്കൂടി അറിഞ്ഞുൾക്കൊള്ളുവാനുള്ള വിശുദ്ധവേളയാണ് വ്രതകാലമെന്ന് വിശ്വാസികൾ മനസ്സിലാക്കുമെങ്കിൽ നന്ന്. വിശ്വോത്തരമായ സത്യവിശ്വാസത്തിന്റെ അഗ്നിശാലകളായി സ്വയം മാറാനും, മനസ്സിനെ മാലിന്യങ്ങളിൽനിന്ന് വിമുക്തമാക്കാനും ജീവിതത്തെതന്നെ ദോഷബാധയ്ക്കതീതമായി നില്ക്കാൻ നിതാന്ത ജാഗ്രതപാലിക്കാനും വ്രതകാലം വിശ്വാസികൾക്ക് ശക്തി സിദ്ധികളേകട്ടെ!

''മനുഷ്യരാശിക്ക് മാർഗദർശകമായും സന്മാർഗത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും വ്യക്തമായ തെളിവുകളോടുകൂടിയ ഖുർആൻ അവതരിച്ച മാസമത്രേ റമദാൻ – നിങ്ങളുടെ കൂട്ടത്തിൽ ആ മാസത്തിൽ ഹാജറുള്ളവരെല്ലാം നോമ്പനുഷ്ഠിക്കട്ടെ.'' 2:185

''സത്യവിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവരോട് കല്പിച്ചതുപോലെ നിങ്ങളോടും ഇതാ വ്രതാനുഷ്ഠാനം നിർബന്ധമായി കല്പിക്കുന്നു; നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടിയാണിത്.'' (2:183)

# 24. സംസ്കരിക്കാനും സമൃദ്ധമാക്കാനും സക്കാത്ത്

●

സത്യവിശ്വാസിയുടെ മനസ്സിൽ തെളിഞ്ഞുവിളങ്ങുന്നതും നിറഞ്ഞുവഴിയുന്നതുമായ മഹോജ്ജ്വല പ്രതിഭാസമാണ് അല്ലാഹുവിലുള്ള അചഞ്ചല വിശ്വാസം. അഖണ്ഡവും അദ്വയവുമായ ദൈവത്തിന്റെ അസ്തിത്വത്തിൽ ഉലയാത്ത വിശ്വാസം സൂക്ഷിക്കുന്ന മുസൽമാൻ തന്റെ വിചാരവൃത്തികളെല്ലാം ആ ദിവ്യ സന്നിധിയിൽ സമർപ്പിക്കുന്നു. ദിവസത്തിൽ അഞ്ചുനേരമെങ്കിലും ദൈവത്തിനുമുന്നിൽ പ്രാർഥനാഞ്ജലിയുമായി സ്വയം സമർപ്പിച്ചു സത്യവിശ്വാസി സദാ ദൈവോന്മുഖമായി ജീവിക്കുന്നു എന്നതാണ് സത്യം. എല്ലാ മതങ്ങളും അനുയായികൾക്ക് പ്രാർഥനാനിരതമായ പവിത്രവേളകൾ നിഷ്കർഷിക്കുന്നുണ്ടെങ്കിലും അതിന്ന് സത്യവേദവിശ്വാസംപോലെ ഇത്രയേറെ പ്രാമുഖ്യവും പ്രാഥമ്യവും നല്കുന്ന മറ്റൊരു മതമില്ല; അതുകൊണ്ട് ഇസ്ലാമിന്റെ സമാദൃതമായ കർമപദ്ധതികളിൽ നമസ്കാരക്രിയയ്ക്കാണ് മുഖ്യത നല്കിയിട്ടുള്ളത്. തൊട്ടടുത്തതാണ് സക്കാത്ത്.

സക്കാത്ത് കേവലമൊരു സംഭാവനയല്ല; ധാർമികമായി നിർവഹിക്കപ്പെടുന്ന ഒരു ദാനവുമല്ല. സക്കാത്ത് ഒരു നികുതിയാണ്. ലോകചരിത്രത്തിൽ, ആദ്യമായി ചുമത്തപ്പെട്ട ക്രമീകൃതവും ന്യായപൂർണവുമായ നികുതി.

സക്കാത്ത് എന്ന പദത്തിന് സംസ്കരിക്കുക, ശുദ്ധീകരിക്കുക തുടങ്ങിയ അർഥതലങ്ങളാണുള്ളത്. വളർച്ച, ധന്യത തുടങ്ങിയ അർഥാന്തരങ്ങളുമുണ്ട്. വിധിപൂർവകം സകാത്ത് കൊടുക്കുമ്പോൾ മാത്രമെ തന്റെ കൈവശമുള്ള സമ്പത്ത് വിശുദ്ധീകരിക്കപ്പെടുന്നുള്ളൂ എന്നാണ് വിവക്ഷ. വളർച്ച എന്ന അർഥമാണ് സക്കാത്ത് വിഭാവന ചെയ്യുന്നതെങ്കിൽ വിശ്വാസിയുടെ സാമ്പത്തികമായ വികാസവൃദ്ധികൾക്ക് സക്കാത്ത് അനുഗ്രഹദായകമായി വർത്തിക്കുന്നു എന്നാണുദ്ദേശ്യം. ധന്യത എന്ന അർഥവാചിയായ പദമാണ് സക്കാത്തെങ്കിൽ സമ്പന്നന്റെ മാനസിക സംതൃപ്തിക്ക് സക്കാത്ത് അനുപേക്ഷണീയം എന്ന് സിദ്ധിക്കുന്നു. മനസ്സിനെ സംസ്കരിക്കാൻ കൂടി ഇത് പ്രയോജനപ്പെടുന്നു എന്നതുകൊണ്ടാണ് അല്ലാഹു ഇതിനെ സക്കാത്ത് എന്ന് വിളിച്ചത്.

''നീ അവരുടെ സ്വത്തിൽനിന്ന് അവരെ സംസ്കരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന ദാനം വാങ്ങുക'' – (9:104) എന്ന ഖുർആനിക വചനം വെളിവാക്കുന്നത് സക്കാത്ത് ദൈവികമായ അനുശാസനമാണ് എന്നത്രേ.

നമസ്കാരം നിർവഹിക്കാൻ കല്പിക്കുന്ന ഓരോ സൂക്തത്തോടുമനുബന്ധിച്ച് സക്കാത്ത് കൊടുക്കാനുള്ള നിർദേശവും കാണാം. അതിനാൽ സത്യവിശ്വാസിയുടെ കർമപൂർണതയ്ക്കും ജീവിത ധന്യതയ്ക്കും സക്കാത്ത് അനിവാര്യമാണ് എന്നു വരുന്നു.

"നിങ്ങൾ നമസ്കാര കർമം കൃത്യമായി നിർവഹിക്കണം; സക്കാത്ത് കൊടുക്കുകയും വേണം."

"അവർ പശ്ചാത്തപിക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്താൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരന്മാരാകും." (തൗബ -11)

ജനങ്ങൾ ഭരണകൂടത്തിന് നല്കുന്ന കേവല നികുതിയല്ല സക്കാത്ത്. പ്രത്യുത മനുഷ്യൻ തങ്ങളുടെ സ്രഷ്ടാവിന്റെ ശാസനകൾക്കനുസൃതമായി സ്രഷ്ടാവിന്റെ മുന്നിലർപ്പിക്കുന്ന മഹത്തായ ആരാധനയാണത്. സക്കാത്ത് കൊണ്ട് സ്വരൂപിക്കപ്പെടുന്ന നിധി അനുഭവിക്കാനർഹരായവരാരെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

സത്യമായും കഷ്ടതയനുഭവിക്കുന്നവരും
ഞെരുക്കപ്പെട്ടു കഴിയുന്ന ദരിദ്രരും
സക്കാത്ത് വകുപ്പിലെ ജോലിക്കാരും
സത്യവിശ്വാസികളോട് ഹൃദയൈക്യമുള്ളവരും
മോചനമാഗ്രഹിക്കുന്ന അടിമകളും
ഋണബാധ്യതമൂലം വിഷമിക്കുന്നവരും
ദൈവമാർഗത്തിൽ പോരാടുന്നവരും
തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ
ആവശ്യങ്ങൾക്കുവേണ്ടി യാത്ര ചെയ്യേണ്ടിവരുന്നവരും
സക്കാത്തിനവകാശികളാണ്.

"നിശ്ചയമായും ധർമങ്ങൾ ദരിദ്രർക്കും പാവപ്പെട്ടവർക്കും അതിന്നു വേണ്ടി പ്രവർത്തിക്കുന്നവർക്കും ഹൃദയങ്ങൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ കാര്യത്തിലും കടപ്പെട്ടവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിയാത്രക്കാരന്നും തന്നെയാവുന്നു. അല്ലാഹുവിൽ നിന്നുള്ള നിർണ്ണയമത്രേ അത്. അഭിജ്ഞനും യുക്തിമാനുമാകുന്നു അല്ലാഹു." (വി.ഖു. 9:60)

അർഹരായവർക്ക് ദൈവനീത്യാ ലഭിക്കേണ്ട അവകാശങ്ങളുമായി ബന്ധപ്പെട്ടതുകൊണ്ട് ആരെങ്കിലും സക്കാത്ത് നല്കാൻ മടിക്കുന്നുവെങ്കിൽ അവരിൽനിന്ന് സക്കാത്ത് ബലംപ്രയോഗിച്ച് പിരിച്ചെടുക്കുവാൻ ഇസ്ലാമിക വ്യവസ്ഥയിൽ അനുവാദമുണ്ട്. അതിനോടുള്ള അനാദരവ് അക്ഷന്തവ്യമാണെന്ന് അധികൃത വചനങ്ങളുമുണ്ട്:

"മുസ്‌ലിം ദരിദ്രന്മാരുടെ ആവശ്യത്തിന് മതിയാവുന്ന തുക മുസ്‌ലിം സമ്പന്നരുടെ ധനത്തിൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ദരിദ്രന്മാർ വിശന്നോ നഗ്നരായോ കഷ്ടപ്പെടുന്നുണ്ടെങ്കിൽ അത് തങ്ങളുടെ ധനികന്മാരുടെ ദുഷ്പ്രവൃത്തികൊണ്ട് മാത്രമാണ്. അറിയുക, അല്ലാഹു അവരെ കഠിനമായി ചോദ്യംചെയ്യും. അവർക്ക് കഠിനമായ ശിക്ഷ നല്കുകയും ചെയ്യും."

ധനികരായ മുസ്‌ലിംകളിൽനിന്ന് നിശ്ചിത നിരക്കിൽ നിർബന്ധമായി

പിരിച്ചെടുത്ത് നിർദിഷ്ട ജനവിഭാഗങ്ങൾക്കായി വിതരണം ചെയ്യപ്പെടുന്ന പൊതുമുതലായി സക്കാത്ത് പവിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ദാനധർമങ്ങളെ കാലദേശാതീതമായി, സകലരും പുണ്യകർമമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ദാനമായോ ഉദാരതകൊണ്ട് നിർവഹിക്കപ്പെടുന്ന പുണ്യവൃത്തിയായോ കരുതപ്പെടാത്ത സക്കാത്തിന്റെ സവിശേഷത ചിന്തനീയമാണ്.

''ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നവനത്രെ അവൻ'' (2:29) എന്ന സൂക്തം ദൈവത്തിന്റെ അനിഷേധ്യമായ അധീശത്വത്തെക്കുറിച്ച് മനുഷ്യരാശിയെ അനുസ്മരിപ്പിക്കുകയാണ്. ഉപഭോഗാവകാശം മാത്രമുള്ള മനുഷ്യന് സ്ഥാവരജംഗമ വസ്തുക്കളുടെ മുന്നിൽ ക്ഷണികമായ കാലത്തേക്കാണെങ്കിലും, താനാണതിന്റെ അവകാശി എന്ന് തോന്നിയേക്കാം. അത് കേവലമൊരു തോന്നൽ. ആത്യന്തിക വിശകലനത്തിൽ എല്ലാ ഉടമാവകാശങ്ങളും ഉടയതമ്പുരാന്നുള്ളതാണ്.

ഭൂമിയിലുള്ളതെല്ലാം മനുഷ്യർക്ക് വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് ദൈവം തെളിച്ചറിയിച്ചപ്പോൾ ദൈവത്തിന്റെ മുന്നിൽ അനുസരണം കാണിക്കുന്ന മനുഷ്യർക്ക് സാമാന്യമായി ഒരവകാശം അനിഷേധ്യമായി കൈവന്നിരിക്കുന്നു–അതാണ് ഉപഭോഗാവകാശം. എന്നാൽ അനുഭവിക്കാനുള്ള അവകാശം സമൂഹത്തിൽ ആരുടെയെങ്കിലും കുത്തകയല്ല. ഏതെങ്കിലും വ്യക്തിയോ വ്യക്തികളോ ജനപദമോ അതിൽ കുത്തകയവകാശപ്പെടുന്നുവെങ്കിൽ അത് ദൈവനിന്ദയും ദൈവനിഷേധവുമാകുന്നു.

തോന്നിയെങ്കിൽ ചെയ്യാം എന്ന അയഞ്ഞ സമീപനമല്ല സത്യവിശ്വാസി സക്കാത്തിന്റെ കാര്യത്തിലനുവർത്തിക്കേണ്ടത്. നിർബ്ബന്ധമാണത്. ധനികന്ന് അല്ലാഹു നല്കിയ സ്വത്തിൽ ദരിദ്രന്നുള്ള അവകാശമാണ് സക്കാത്ത്.

''അവരുടെ സ്വത്തിൽ ചോദിക്കുന്നവന്നും കഷ്ടപ്പെടുന്നവന്നും അറിയപ്പെട്ട അവകാശമുണ്ട്'' എന്ന വാക്യം ഇവിടെ അതീവ ശ്രദ്ധേയമത്രേ. സക്കാത്ത് നല്കാൻ വിസമ്മതിക്കുന്നവനെ ഖുർആൻ ഇങ്ങനെ താക്കീത് നല്കി:

> ''അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് കൊടുത്തിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അത് തങ്ങൾക്ക് നല്ലതാണെന്ന് ഒരിക്കലും ധരിക്കരുത്. അവർ പിശുക്ക് കാണിച്ച വസ്തുകൊണ്ട് അന്ത്യനാളുകളിൽ അവർക്ക് മാലയിടും''

പാവപ്പെട്ടവന്റെ മോചനം പണ്ട് ഭരണകൂടത്തിന്റെ വിഷയമായിരുന്നില്ല. ഭരണകൂടം പ്രതിനിധാനം ചെയ്തത് സമ്പന്നരുടെ താൽപര്യങ്ങളെയായിരുന്നു. ''പുരാതനകാലത്ത് ഗവൺമെന്റ് വ്യക്തിയെയോ അവന്റെ താൽപര്യങ്ങളെയോ പ്രതിനിധീകരിക്കുന്നുണ്ടെന്ന് അവന്ന് തോന്നിയിരുന്നില്ല. പ്രത്യുത, പ്രത്യക്ഷമായ ഒരു പ്രയോജനവും നല്കാതെ പണം പിഴിഞ്ഞെടുക്കുകയും ഊറ്റിക്കുടിക്കുകയും ചെയ്യുന്ന ഒരു ശത്രുവായിട്ടാണ് അവൻ ഗവൺമെന്റിനെ വീക്ഷിച്ചിരുന്നത്. തന്മൂലം ഭാരം പേറി തളർന്ന വ്യക്തി നികുതിയെ ദുർവഹമായിക്കാണുകയും അതിൽനിന്ന് എങ്ങനെയെങ്കിലും മോചനം നേടാൻ ആഗ്രഹിക്കുകയും ചെയ്തു.'' – പബ്ലിക് ഫിനാൻസ് എന്ന ഗ്രന്ഥത്തിൽ ഡാൽറ്റൺ.

ഇസ്ലാം അവതീർണമായപ്പോൾ സക്കാത്ത് വഴി ആരംഭിച്ച സാമ്പ

ത്തിക വിപ്ലവത്തിന്റെ തുടക്കം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഈ വിപ്ലവത്തിന് മറ്റൊരു സവിശേഷത കൂടിയുണ്ടെന്ന് ചരിത്രകാരന്മാർ സൂചിപ്പിച്ചിട്ടുണ്ട്. പാവപ്പെട്ട ജനവിഭാഗത്തിന്റെ അവകാശസംരക്ഷണത്തിനുവേണ്ടിയുള്ള ഒരു 'ഔദ്യോഗിക വിപ്ലവ'ത്തിന്റെ പരിവേഷം അതിന്നവകാശപ്പെടാൻ കഴിയും. സാധാരണനിലയിൽ ഏത് ജനപദവും സ്വയം സംഘടിച്ചുകൊണ്ടാണ് തങ്ങളുടെ അവകാശസംരക്ഷണത്തിന്നുവേണ്ടി പൊരുതിയിരുന്നത്. എന്നാൽ, അവശജനവിഭാഗത്തിന് ലഭിക്കേണ്ട സക്കാത്ത് എന്ന അവകാശം പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ടി യുദ്ധം ചെയ്തത് സമ്പന്നരും സഹാബികളും സമൂഹത്തിലെ സുപ്രധാനികളും ഉൾച്ചേർന്ന ഭരണവിഭാഗമായിരുന്നു എന്നത് സർവാതിശായിയായ സവിശേഷതയത്രേ.

സക്കാത്ത് വാങ്ങുകയും കൊടുക്കുകയും ചെയ്യേണ്ടത് ഇമാമാണ് എന്ന വ്യവസ്ഥപോലും എത്ര ഉദാത്തമാണ്! സക്കാത്ത് നല്കുന്ന സമ്പന്നൻ സക്കാത്ത് അർഹിക്കുന്ന ഒരു പാവപ്പെട്ടവന് നേരിട്ട് സക്കാത്ത് കൊടുക്കുമ്പോൾ, കൊടുക്കുന്നവന്റെ മേലാളത്തം അവിടെ തലയുയർത്തി എന്നുവരാം. വാങ്ങുന്നവൻ കൊടുക്കുന്നവന്റെ മുന്നിൽ വിധേയനാവുന്നതും സ്വാഭാവികം. കൊടുക്കുന്നവൻ പ്രകടിപ്പിക്കാവുന്ന ഔദ്ധത്യവും വാങ്ങുന്നവനിൽ സ്വാഭാവികമായുണ്ടാവുന്ന അധമർണബോധവും ഒഴിവാക്കാനാണ് സക്കാത്ത് ഒരു നിധിയായി സംഭരിച്ച് അർഹതപ്പെട്ടവർക്ക് വീതിക്കുന്നത്. കൊടുക്കുന്നവനും വാങ്ങുന്നവനും അവിടെ മുഖാഭിമുഖം പ്രത്യക്ഷപ്പെടുന്നില്ല. അരുതാത്ത വികാരത്തിന്റെ നേർത്ത ലാളന പോലുമുണ്ടാകരുതെന്നും അഭിമാനം തെല്ലുപോലും വ്രണപ്പെടരുതെന്നുമുള്ള നിഷ്കർഷ പരമോൽകൃഷ്ടമത്രേ! സമ്പന്നരിൽനിന്ന്, അവർക്ക് നോവേതുമുണ്ടാക്കാതെ, അവർ മിച്ചംവെക്കുന്നതിലൊരു പങ്ക് പിരിച്ച് സമൂഹത്തിലെ പാവപ്പെട്ടവിഭാഗങ്ങൾക്ക് പങ്ക് വെക്കുമ്പോൾ സാമൂഹിക സുരക്ഷിതത്വം എന്ന ധർമമാണവിടെ സാക്ഷാൽക്കരിക്കപ്പെടുന്നത്.

പൂക്കളറിയാതെ, അവയ്ക്കേതും നോവുണ്ടാക്കാതെ, അവയിൽനിന്ന് മധുകണം സമാഹരിച്ച് തേനീച്ചകൾ മധു ശേഖരമുണ്ടാക്കി മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുന്നതുപോലെയും ജലാശയങ്ങളിൽനിന്ന് അവയറിയാതെ നീരാവിയായി ജലകണങ്ങൾ സമാഹരിച്ച് കരിമേഘങ്ങളാകുന്ന ജലനിധിയൊരുക്കി വരൾച്ച കൊണ്ട് വിണ്ട് പിളരുന്ന ലോകത്തിന് വർഷമരുളുന്നതുപോലെയുമാണ് ഇത് സാധിക്കുന്നത്. ഹിംസയുടെ മാർഗമേതുമവലംബിക്കാതെ സമ്പന്നരിൽനിന്ന് ധനസംഭരണം സാധിച്ച് പാവപ്പെട്ടവന്റെ ജീവിത മോചനത്തിന് പ്രയോജനപ്പെടുത്തുന്നത് പരിഷ്കൃത സമൂഹങ്ങൾക്കുപോലും പകർത്താൻ പറ്റുന്ന ഒന്നാം തരമൊരു സാമ്പത്തിക പദ്ധതിയാണ്. തന്റെ ആവശ്യം കഴിച്ചുള്ളതിലൊരു പങ്ക് സമസ്രഷ്ടങ്ങൾക്ക് വേണ്ടി ചെലവഴിക്കുകയെന്നത് ദൈവമാർഗത്തിലുള്ള വിനിയോഗമാണ്.

''വിഭവങ്ങളുടെ കാര്യത്തിൽ ചിലരെ മറ്റു ചിലരെക്കാൾ അല്ലാഹു മെച്ചപ്പെടുത്തിയിട്ടുണ്ട്. മെച്ചം ലഭിച്ചവർ അവരുടെ കൈയിലുള്ള വിഭവം അവരുടെ ഉടമയിലുള്ളവർക്ക് നല്കുന്നില്ല. വാസ്തവത്തിൽ അവരെല്ലാം അതിൽ സമാവകാശികളാണുതാനും. എന്ത്! അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുകയാണോ അവർ ചെയ്യുന്നത്!'' (16:17)

കുന്നുകൂടിക്കിടക്കുന്ന സമ്പത്ത് അതർഹിക്കുന്ന അവശ വിഭാഗത്തിന്റെ

കൈകളിലേക്ക് കൂടി പ്രസരിക്കുമ്പോൾ മാത്രമേ സമ്പത്തിന്റെ ദൈവ മാർഗത്തിലുള്ള വിനിയോഗം സാക്ഷാൽക്കരിക്കപ്പെടുന്നുള്ളൂ. സമൂഹത്തിലെ ദുർബലവിഭാഗത്തിന്റെ ദുഃഖനിവൃത്തിയും അവിടെ മാത്രമെ സാധിക്കുന്നുള്ളൂ. സമൂഹത്തിന്റെ താളപ്പിഴയായിക്കരുതപ്പെടുന്ന അസന്തുലിതാവസ്ഥയ്ക്കറുതി വരുന്നതും അന്നേരം മാത്രമാണ്. ദരിദ്ര വിഭാഗത്തെ അവഗണിക്കരുതെന്നും അവഗണിക്കപ്പെട്ട ദരിദ്രവിഭാഗമാണ് സമൂഹത്തിന്റെ മഹാശാപമെന്നും പ്രവാചകൻ ആവർത്തിച്ചനുസ്മരിച്ചിട്ടുണ്ട്. ദൈവം താല്ക്കാലികമായ സൂക്ഷിപ്പുകാരനായി തന്റെ കൈയിലേല്പിച്ച സമ്പത്ത് ദൈവത്തിന്റെ അനുജ്ഞയ്ക്കനുസരിച്ച് വിനിയോഗിക്കുവാൻ സമ്പന്നൻ ബാധ്യസ്ഥനാണ്.

''അവരുടെ സ്വത്തിൽ ചോദിക്കുന്നവന്നും
കഷ്ടപ്പെടുന്നവന്നും അറിയപ്പെട്ട അവകാശമുണ്ട്.'' (മആരിജ് 24)

ഇത് പാലിക്കാനാവശ്യമായ സംഭരണ വിതരണ സമ്പ്രദായങ്ങൾ അല്ലാഹു സനിഷ്കർഷം അവതരിപ്പിച്ചിട്ടുണ്ട്. സക്കാത്ത് പിരിച്ചെടുത്ത് ഖജനാവിലടയ്ക്കണം. അത് അവിടെ പൊതുസ്വത്തായി മാറും. സംഭരണവും വിതരണവും ഊനമറ്റരീതിയിൽ, ദേവസ്വത്തിന്റെ നിർവഹണ വിശുദ്ധിയോടെ സാധിക്കണം.

''എന്താണ് ധർമം ചെയ്യേണ്ടതെന്ന് അവർ താങ്കളോട് ചോദിക്കുന്നു. ആവശ്യം കഴിച്ച് മിച്ചമുള്ളത് എന്ന് താങ്കൾ പറയുക'' (2:219)

സക്കാത്ത് കൊടുക്കാൻ വിസമ്മതിച്ചവൻ ഇസ്‌ലാമിനോട് സമരം പ്രഖ്യാപിച്ചവനായി കരുതപ്പെടണം എന്ന് ഖലീഫാ അബൂബക്കർ ഒരിക്കൽ സൂചിപ്പിക്കുകയുണ്ടായി.

ഒരിക്കൽ ചിലർ സക്കാത്ത് കൊടുക്കാൻ വിസമ്മതം ഭാവിച്ചു. പ്രവാചകന്റെ കാലത്ത് സക്കാത്ത് മുടങ്ങാതെ കൊടുത്തുപോന്നവരായിരുന്നു അവർ. പ്രവാചകൻ മരിച്ചപ്പോൾ അവർ വിപ്രതിപത്തി കാട്ടിത്തുടങ്ങി. അവരുടെ മനോഭാവം ഗർഹണീയമാണെന്ന് അവരെ ധരിപ്പിക്കാൻ ഖലീഫ ശ്രമിച്ചുനോക്കി. അതവരിൽ ഫലമൊന്നുമുണ്ടാക്കിയില്ല. ഖലീഫ സഹാബിമാരെ വിളിച്ച് കാര്യവിചാരം നടത്തി. ധർമം ലംഘിച്ചവർക്കെതിരെ ഖലീഫ യുദ്ധം പ്രഖ്യാപിച്ചു. സക്കാത്തിന്റെ നിഷേധകരെ, സത്യവേദത്തെ അനാദരിച്ചവരെ അവർ പൊരുതിപരാജയപ്പെടുത്തി. അബൂബക്കർ ഇങ്ങനെ പ്രസ്താവിച്ചു:

''അല്ലാഹു സത്യം, നബിക്ക് കൊടുത്തു വന്നിരുന്ന ഒരാട്ടിൻകുട്ടിയെ വരെ അവർ എനിക്കു തരാൻ വിസമ്മതിച്ചാൽ അതിനെച്ചൊല്ലി ഞാനവരോട് യുദ്ധം ചെയ്യാതിരിക്കില്ല.''

പണം മാത്രമല്ല, സമ്പത്തേതും സക്കാത്തിന് വിധേയമാണ്. സക്കാത്ത് കൊടുക്കാതെ സമ്പത്ത് സ്വകാര്യ സ്വത്താക്കി മാറ്റുന്നവർക്ക് മുന്നിൽ പ്രവാചകൻ അതിന്റെ വരുംകാല ഭവിഷ്യത്തുകൾ അറിയിച്ചിരുന്നു.

''സ്വർണവും വെള്ളിയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ സൂക്ഷിച്ചുവെക്കുന്നവർക്കുള്ള വേദനിപ്പിക്കുന്ന ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നല്കുക. നരകത്തീയിലിട്ട് അത് ചുട്ടുപഴുപ്പിക്കുകയും (അവരുടെ നെറ്റിത്തടങ്ങളിലും മുതുകുകളിലും ചൂടുവെക്കുകയും ചെയ്യുന്ന ദിവസം.) ഇതാകുന്നു നിങ്ങൾ നിങ്ങൾക്കുവേണ്ടി ശേഖരിച്ച നിക്ഷേപം. നിങ്ങൾ സൂക്ഷിച്ചു വെച്ചത് അനുഭവിച്ചുകൊള്ളുക.'' (9:34–35)

''ഏത് ജനത സക്കാത്ത് കൊടുക്കാൻ വിസമ്മതിക്കുന്നുവോ അവർക്ക്

മാനത്തുനിന്ന് മഴ തടയപ്പെടും. നാൽക്കാലികളില്ലെങ്കിൽ അവർക്ക് ഒരിറ്റ് മഴ ലഭിക്കുമായിരുന്നില്ല.'' (ഇബ്നു മാജ)

കെട്ടിപ്പൂട്ടിവെക്കാൻ ശാഠ്യം പിടിക്കുന്ന മുതലാളിമാരുടെ ധനം സമൂഹത്തിന്റെ വിശാലതാൽപര്യത്തിന് ആവശ്യമായി വന്നാൽ പിടിച്ചെടുത്ത് വ്യവസായത്തിലിറക്കാൻ ഇസ്‌ലാമിക ഭരണ വിധാനത്തിന്നധികാരമുണ്ട്.

പ്രവാചകൻ പറഞ്ഞ ഒരു കഥയിവിടെ ഓർക്കുന്നു:

അവസാന നാളിൽ മനുഷ്യന്റെ മുന്നിൽ കറുത്തു കുറുകിയ ഒരു കാളസർപ്പം പ്രത്യക്ഷപ്പെടും. അത് അവന്റെ നേരെ അതിശീഘ്രം ഇഴഞ്ഞടുക്കും. രക്ഷപ്പെടാൻ ശ്രമിക്കണമെന്ന് അവന്ന് തോന്നും. എന്നാൽ അവൻ തീർത്തും നിസ്സഹായനാണപ്പോൾ. ഒന്നനങ്ങാൻ പോലും കഴിയാത്ത നിസ്സഹായത അവനെ വീർപ്പുമുട്ടിക്കും. ആ കരിനാഗം അവന്റെ കാല്പത്തിയിലൂടെ അവന്റെ ശരീരത്തിലേക്ക് ഇഴഞ്ഞു കയറും. തണുപ്പുറഞ്ഞ വല്ലാത്തൊരു മരവിപ്പിന് വിധേയനായതുപോലെ അവൻ നിശ്ചലനാകും. അപ്പോഴേക്കും കരിനാഗം അവന്റെ നെഞ്ചിലൂടെ ഉരുമ്മിയിഴഞ്ഞ് കഴുത്തിലൊരു വളയമായി ചുറ്റിവലിയും. അത് അവന്റെ മുഖത്തിനഭിമുഖമായി തലയുയർത്തി നില്ക്കും. അവന്റെ കണ്ണുകളിലേക്ക് അത് ചുഴിഞ്ഞുനോക്കും. നാക്ക് ചലിപ്പിച്ചുകൊണ്ട് അത് അവനോടിങ്ങനെ സംസാരിക്കും: ''നിനക്ക് എന്നെ മനസ്സിലായോ? മനസ്സിലായിക്കാണില്ല. നീയെന്നെ ഇക്കാലമത്രയും പെട്ടിയിലിട്ട് പൂട്ടിയിടുകയായിരുന്നു. ചെലവഴിക്കപ്പെടാതെ നീ സ്വരൂപിച്ചുവെച്ച പണമാണ് ഞാൻ.'' ആ കരിനാഗത്തിന്റെ കണ്ണുകളിൽ നോക്കി വിഭ്രാന്തി കൊള്ളാനേ അവന്ന് അന്നേരം കഴിയൂ.

ഫിത്ർസക്കാത്ത് എന്ന പേരിൽ മറ്റൊന്നുണ്ട്. ഇതും ഒരു നിർബന്ധദാനമാണ്. സക്കാത്ത് പോലെ ഇതിന്ന് വിപുലമായ ഉദ്ദേശ്യലക്ഷ്യങ്ങളില്ല; കർമസ്വഭാവവുമില്ല. റമദാൻ മാസം, വ്രതാനുഷ്ഠാനത്തിന്റെ സമാപന സന്ദർഭത്തിൽ നോമ്പുപെരുന്നാൾ (ഈദുൽ ഫിത്ർ) ആഘോഷിക്കുന്നതിനായി എല്ലാവരും ഒത്തുചേരുന്നു. അപ്പോഴും ഇസ്‌ലാം സംസ്കൃതി ഉൽക്കണ്ഠപ്പെടുന്നു: എല്ലാവരും ആഹ്ലാദത്തിൽ കഴിയാൻ വിധിക്കപ്പെട്ട ഈ ദിവസം ആരെങ്കിലും ആഹാരം കഴിക്കാതെ നോവുതിന്നുന്നുണ്ടാകുമോ?

ഉണ്ടാവാം–ഇല്ലായിരിക്കാം.

ഒന്നും ഉറപ്പിക്കാൻ വയ്യ.

അതിനാൽ അങ്ങനെ പോരാ. എല്ലാവരും ഈ ആഘോഷദിവസമെങ്കിലും സുഭിക്ഷമായി ആഹാരം കഴിക്കുന്നുണ്ട് എന്നുറപ്പുവരുത്തണം. ഇതിന്ന് ഒരു വഴിമാത്രമേയുള്ളൂ– എല്ലാവർക്കും സമൃദ്ധമായി ആഹാരം കൊടുക്കുക– അതാണ് ഫിത്ർസക്കാത്ത്.

ഇസ്‌ലാം കർമാനുഷ്ഠാനമനുസരിച്ച് മറ്റൊരു ദാനം കൂടിയുണ്ട്. 'സദഖ' എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളത് ആർക്കുവേണമെങ്കിലും ദാനം ചെയ്യാം. ഇതിന്ന് പുണ്യകർമത്തിന്റെ പരിവേഷമുണ്ടെങ്കിലും ഇതിൻമേൽ മതത്തിന് നിർബന്ധമില്ല. സകല ദാനങ്ങളിൽ നിന്നും സക്കാത്ത് വ്യതിരിക്തമായി നില്ക്കുന്നു. ഖുർആനിൽ നിർബന്ധിതാനുഷ്ഠാനമായ നമസ്കാരം പരാമർശിക്കവെ ഇരുപത് തവണ സക്കാത്ത് കാര്യം അനുസ്മരിച്ചിട്ടുണ്ട്. ഇത് വിശ്വാസത്തിന്റെ നിബന്ധനകളിൽപെടും. അനുഷ്ഠിച്ചാൽ പുണ്യം, ഒഴിവാക്കിയാൽ പാപവും. ''ഇല്ലാത്തവർക്ക് തിരിച്ചു

കൊടുക്കാൻ വേണ്ടി ഉള്ളവരിൽനിന്ന് ഈടാക്കുന്ന നികുതി'' അഥവാ സക്കാത്ത്. വാർഷികവരുമാനത്തിൽ സ്വന്തം ആവശ്യം കഴിച്ച് നീക്കിയിരിപ്പുള്ളതിന്റെ രണ്ടരശതമാനമാണ് സക്കാത്തായി നല്കേണ്ടത്. ഏഴര തോലയിൽ കൂടുതൽ സ്വർണം കൈയിലുള്ളവനും സക്കാത്ത് നല്കണം. ഇസ്ലാമിക തത്ത്വദീക്ഷയിൽ ഈ പരിധിക്ക് വളരെയേറെ പ്രാമുഖ്യമുണ്ട്. (അറബിയിൽ നിസാബ് എന്നാണ് ഈ പരിധിയെ പരിചയപ്പെടുത്തുന്നത്.) ആയവ്യയങ്ങളുടെ സത്യശുദ്ധമായ കണക്ക് സൂക്ഷിക്കാനും നിസാബിന്നപ്പുറത്ത് കിടക്കുന്ന 'സമുദായത്തിന്റെ പങ്ക്' യഥാർഹം, യഥാകാലം, യഥാസ്ഥാനത്തെത്തിക്കാനും മുസൽമാന്ന് മതപരമായ ബാധ്യതയുണ്ട്. വിശുദ്ധകാലം എന്നറിയപ്പെടുന്ന റമദാൻ മാസത്തിലെ സക്കാത്ത് വിനിയോഗം ഇരട്ടിഫലം ചെയ്യുമെന്ന് സത്യവിശ്വാസി കരുതുന്നു.

സമ്പന്നരുടെ താൽപര്യം അഭംഗം പരിരക്ഷിച്ചുപോന്ന പഴയകാലം. പ്രഭുക്കന്മാരെയും പുരോഹിതന്മാരെയും കുലീനവിഭാഗത്തെയും മാറ്റിനിർത്തി പാവപ്പെട്ട സാധാരണ ജനങ്ങളുടെ നേരെ പീഡനങ്ങളഴിച്ചുവിട്ട് ഭീകര ഭരണം നടത്തിപ്പോന്നവരുടെ പഴയകാലം. ക്രൂരതയുടെ ആ കാലം ഇവിടെ തുള്ളിത്തിമർത്തു കഴിയുമ്പോഴാണ് ഇസ്ലാംസംസ്കൃതിയുടെ നൂതന സാമ്പത്തിക ദർശനത്തിന്റെയും ഭരണരംഗത്തെ വിപ്ലവത്തിന്റെയും കാഹളം മുഴങ്ങാൻ തുടങ്ങിയത്.

യൂറോപ്പ് വൻകരയിൽ ക്രമീകൃതമായ ഭരണവ്യവസ്ഥകളോ നീതിനിയമങ്ങളോ അന്ന് പ്രയോഗത്തിലുണ്ടായിരുന്നില്ല. തീർത്തും അപരിഷ്കൃതിയുടെ കാലം. തമോയുഗമെന്നാണ് ചരിത്രകാരൻമാർ അക്കാലത്തെ വിശേഷിപ്പിച്ചത്. ഇസ്ലാം സംസ്കൃതിയുടെ പ്രകാശധാര വഴിഞ്ഞൊഴുകാൻ തുടങ്ങിയത് അന്നൊരു മഹാ സംഭവമായിരുന്നു.

# 25. അടിമവ്യവസ്ഥയ്ക്കെതിരെ

ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയെ എല്ലാ അർഥത്തിലും കീഴ്പ്പെടുത്തി ഉടമാവകാശം ഉറപ്പിക്കാനും ആ വ്യക്തിയെ തന്റെ ഹിതാനുസരണം തൊഴിലിനും മറ്റാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തുവാനും അധികാരപ്പെടുത്തുന്ന ഒരു സാമൂഹിക സമ്പ്രദായം പല പ്രാചീന രാജ്യങ്ങളിലും നിലനിന്നിരുന്നു. ഒരാൾ മറ്റൊരാളുടെ അധീനതയിലുള്ള സ്വത്താവുക എന്നതാണ് അടിമത്തത്തിന്റെ കർമശാസ്ത്രപരമായ നിർവചനം. അടിമയുടെ ശരീരവും ജീവനും കുടുംബവും അന്നിലയിൽ യജമാനന് അധീനമായിരുന്നു. ജനാധിപത്യയുഗമെന്ന് കീർത്തിക്കപ്പെടുന്ന ഇക്കാലത്ത് പോലും അടിമ സമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾ ചില സമൂഹങ്ങളിൽ കാലവൈകൃതം പോലെ വർത്തിക്കുന്നു എന്നതാണ് സത്യം. ചില ആഫ്രിക്കൻ രാജ്യങ്ങളിലും ലാറ്റിനമേരിക്കൻ നാടുകളിലും, പരോക്ഷമായ രീതിയിൽ ഇന്ത്യയിൽതന്നെ ചില പ്രദേശങ്ങളിലും ഇന്നും ഇത് കാണാം. ഒരുതരം പരിഷ്കൃതമായ അടിമ സമ്പ്രദായംതന്നെയാണ് ജാതിനിർണയത്തിലൂടെ സവർണ സമൂഹം ഇവിടെ പ്രതിഷ്ഠാപനം ചെയ്തതെന്ന് നരവംശ ശാസ്ത്രജ്ഞൻമാർക്കഭിപ്രായമുണ്ട്.

മനുഷ്യൻ മൗലികമായി സ്വതന്ത്രനാണ്. സ്വതന്ത്രനെ അടിമയാക്കുന്നത് പ്രകൃതിവിരുദ്ധവും ഈശ്വരനിന്ദയുമാണ്. അടിമത്തത്തോട് ഇസ്ലാമിന്റെ നിഷ്ക്കപടമായ സമീപനമതാണ്. ഇസ്ലാം അടിമ സമ്പ്രദായം നിലനിർത്തിയെന്ന ആരോപണം ശരിയല്ല. അടിമത്തത്തെ മാറ്റിയെടുക്കാൻ ആത്മാർഥമായി ശ്രമിച്ച മതദർശനമാണ് ഇസ്ലാം.

ഈജിപ്ഷ്യൻ സംസ്കാരം, അസീനിയൻ – ബാബിലോണിയൻ – പേർഷ്യൻ സംസ്കാരങ്ങൾ, ചൈനീസ് – ഇന്ത്യൻ – യവന – റോമൻ സംസ്കാരങ്ങൾ എന്നിവയിലെല്ലാം അടിമ സമ്പ്രദായം നിലനിന്നിരുന്നു. ജൂത നിയമഗ്രന്ഥമായ തോറയിലും ഹമുറാബിയുടെ നിയമസംഹിതയിലും പ്രാചീന ഭാരതത്തിലെ സ്മൃതികളിലും കൗടില്യന്റെ അർഥശാസ്ത്രത്തിലും അടിമകളെ സംബന്ധിച്ചുള്ള നിയമങ്ങളുണ്ടായിരുന്നു. അർഥശാസ്ത്രമനുസരിച്ച് തടവിലാക്കപ്പെട്ട കുറ്റവാളികളും (ദണ്ഡപ്രണീതൻ) യുദ്ധത്തടവുകാരും (ധ്വജഹൃതൻ) ഋണ ബാധ്യതകൊണ്ട് ഉത്തമർണന് സ്വയം കീഴ്പ്പെട്ട് കഴിയുന്നവനും (ആഹിതകൻ) ദാരിദ്ര്യം കൊണ്ട് വിധേയനായിക്കഴിയുന്നവനും (അനാകാലഭൃതൻ) സ്വയം വിറ്റ് അടിമത്തം വരിച്ചവനും (ആത്മവിക്രയി) കച്ചവടച്ചരക്കുപോലെ വില്ക്കപ്പെട്ടവനുമാണ് അടിമക്കൂട്ടത്തിന് എണ്ണപ്പെരുപ്പമുണ്ടാക്കിയത്.

ജാതിവിചാരത്തിന്റെ കാലത്ത് മനുഷ്യാവകാശങ്ങളും ജീവിതസുഖങ്ങളും വിലക്കപ്പെട്ട കീഴ്ജാതിക്കാരെയാണ് പല രാജ്യങ്ങളിലും അടിമകളാക്കിവെച്ചിരുന്നത്. ജന്മം വഴി അവരുടെ സംഖ്യ പെരുകി. കടൽകൊള്ളയ്ക്കിറങ്ങി ആളുകളെ പിടിച്ചുകൊണ്ടുപോയി അടിമകളാക്കി മാറ്റുന്ന സമ്പ്രദായവും പല പ്രബലനാടുകളിലും അന്ന് നിലവിലുണ്ടായിരുന്നതായി എസ്. ബി. റിച്ചാർഡ്സ് തന്റെ 'പാശ്ചാത്യനാഗരികത' എന്ന ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്.

റോമക്കാർ അടിമകളെ കന്നുകാലികളെപ്പോലെയാണ് കരുതിപ്പോന്നത്. ഈജിപ്തിലെ അടിമകളെ വളർത്തുമൃഗങ്ങളെപ്പോലെ ചങ്ങലക്കിട്ടാണ് സൂക്ഷിച്ചിരുന്നത്. അറേബ്യയിൽ അടിമസമ്പ്രദായം വ്യാപകമായി നിലനിന്നിരുന്നു. സമൂഹത്തിലെ പ്രമാണിമാർ ഒത്തുചേരുന്ന സന്ദർഭങ്ങളിൽ തങ്ങളുടെ വരുതിയിലുള്ള അടിമകളുടെ എണ്ണം പറഞ്ഞ് ഊറ്റം കൊള്ളുകയെന്നത് ഖുറൈശി പ്രമാണിമാരുടെ പ്രകൃതമായിരുന്നു. പണിയെടുക്കുന്ന മൃഗങ്ങളെപ്പോലൊരു വർഗം എന്നതിനപ്പുറം മനുഷ്യർക്കുള്ള സ്വാതന്ത്ര്യവും അവകാശങ്ങളും അവർക്കന്യമായിരുന്നു. അവരുടെ നോവും നൊമ്പരവുമറിയാനും അവരോടനുതപിക്കാനും ആർക്കും തോന്നിയിരുന്നില്ല. ദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ടവരാണവർ എന്ന ധാരണയാണതിന് കാരണം.

അറബികളുടെ കുലപ്രകൃതമായിരുന്നു ഗോത്രസംഘട്ടനം. കാരണമുണ്ടായാലും ഇല്ലെങ്കിലും ഗോത്രസംഘട്ടനം അവിടെയൊരു പതിവായിരുന്നു. പണ്ടെന്നോ, കണക്കിലെവിടെയോ ബാക്കിയായിപ്പോയ പകയും ദുരഭിമാനജന്യമായ പ്രതികാരവും ഊതി വീർപ്പിച്ച്, ആളിക്കത്തിച്ച് ഗോത്രസംഘട്ടനമുണ്ടാക്കി ചോരചിന്തി സുഖം കൊള്ളുന്ന പ്രാകൃതമായ ഒരുതരം ചേതോവികാരത്തിന്റെ അടിമകളായിരുന്നു ഖുറൈശികൾ, പണിയെടുക്കുവാൻ കുറെയാളുകളെ ആവശ്യമാണെന്ന് വരുമ്പോൾ അവർ, തല്ലാനും കൊല്ലാനും കഴിവുള്ള കരബലശാലികളായ കുറെ പരിചാരകന്മാരുമായി ചന്തകളിലും മറ്റും ചെന്ന് ആക്രമണമഴിച്ചുവിട്ടു ആളുകളെ പിടിച്ചുകൊണ്ടുപോകുന്ന പതിവ് അന്നുണ്ടായിരുന്നു. സംഘട്ടനങ്ങളിലും യുദ്ധങ്ങളിലും പിടിക്കപ്പെടുന്നവരെല്ലാം അടിമകളുടെ കൂട്ടത്തിലാണ് പെടുക. ചിലപ്പോൾ യുദ്ധത്തടവുകാരെ പരസ്പരം കൈമാറ്റാറുണ്ടായിരുന്നു. കഴിവുള്ളവരെ പിടിച്ച് മോചനദ്രവ്യം വാങ്ങി സ്വതന്ത്രരാക്കി തങ്ങളുടെ വരുതിയിൽ നിർത്തിയിരുന്നു. തങ്ങൾക്കിഷ്ടം തോന്നാത്തവരെ കഠിനമായ പീഡനങ്ങൾക്കിരയാക്കി കൊല്ലുകയെന്നത് ചില പ്രാകൃതസമുദായങ്ങളുടെ ഒരു വിനോദവൃത്തിയായിരുന്നു. ബാക്കിവരുന്നവരെല്ലാം അടിമകളായി കരുതപ്പെടുകയാണ് പതിവ്. ആർഥിക ലക്ഷ്യത്തോടെ അടിമകളെ സ്വരൂപിച്ച് അടിമവ്യാപാരം നടത്തി ജീവിച്ചുപോന്ന പ്രമാണിമാരുടെ എണ്ണവും കുറവായിരുന്നില്ല.

അടിമസമ്പ്രദായത്തിനെതിരെ പുകഞ്ഞ പല മനസ്സുകളും അന്നുണ്ടായിരുന്നു. പക്ഷേ, സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന കിരാതശക്തിക്കെതിരെ അവർക്കൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. മുഹമ്മദിന്റെ മനസ്സ് പ്രവാചകത്വ സംലബ്ധിക്കുമുമ്പേ ഇത്തരം വിഷയങ്ങളിൽ അസ്വസ്ഥമായിരുന്നു. സമൂഹത്തെ മാനവികമായ പശ്ചാത്തലത്തിൽ നവീകരിക്കാൻ ആ മനസ്സ് വല്ലാതെ മോഹിച്ചിരുന്നു. പല സന്ദർഭങ്ങളിലും ഒരു പരിഷ്കരണവാദിയുടെ തെളിഞ്ഞ സ്വരം ആ 'നിരക്ഷരനി'ൽനിന്ന് സമൂഹം കേട്ടിരുന്നു. പക്ഷേ,

ശക്തരും സമ്പന്നരുമായ ഖുറൈശികൾക്ക് മുഹമ്മദിന്റെ സ്വരം ഒന്നുമായിരുന്നില്ല. (കർശനമായ അനുശാസനകളിലൂടെയും നിയമനിർമാണങ്ങളിലൂടെയും അടിമവ്യവസ്ഥിതിയവസാനിപ്പിക്കാൻ ഇസ്‌ലാം താൽപര്യം കാണിച്ചില്ലെന്ന പരാതി സാധൂകരിക്കത്തക്കതല്ല. മനുഷ്യ സമുദായത്തിന്റെ ആദ്യകാല തലം മുതൽ നിലനിന്നുപോന്ന ഒരു സാമൂഹിക വൈകൃതത്തിനെതിരെ പൊരുതാനൊരുമ്പെടുമ്പോൾ ആവേശംകൊണ്ട് കലിയുറഞ്ഞ വെളിച്ചപ്പാടൻമാരെയല്ല പ്രയോഗക്ഷമമായ മനഃശാസ്ത്ര സമീപനങ്ങളിലൂന്നി മുന്നോട്ട് നീങ്ങുന്ന പ്രായോഗിക വാദികളെയാണ് നാം പ്രതീക്ഷിക്കുന്നത്. ഈ രംഗത്ത് ഇസ്‌ലാംവിശ്വാസികളുടെ പ്രകടനം ശ്രദ്ധേയമായിരുന്നു.)

തലമുറകളിലൂടെ തുടർന്നുവന്ന ഒരു സാമൂഹികദുരാചാരമാണ് അടിമസമ്പ്രദായം എന്നുള്ളത്കൊണ്ട് അതിന്റെ നിർമാർജനം നിർബന്ധത്തിലൂടെയോ നിയമ നിർമാണത്തിലൂടെയോ സാധിക്കാവുന്ന ഒന്നായിരുന്നില്ല. സാഹചര്യങ്ങളിൽ മാറ്റം വരുത്തുകയും അടിമയും മനുഷ്യനാണെന്ന സത്യം പ്രചരിപ്പിച്ച് മാനസിക പരിവർത്തനത്തിന് കളമൊരുക്കുകയും ചെയ്യുകയാണ് സ്ഥായിയായി അടിമ സമ്പ്രദായമവസാനിപ്പിക്കാനുള്ള ഫലപ്രദമായ മാർഗമെന്ന് പ്രവാചകൻ മനസ്സിലാക്കി. അതുകൊണ്ടാണ് സ്വന്തം അധീനതയിലുള്ള അടിമകളോട് ദൈവസൃഷ്ടികളെന്ന നിലയിൽ സമഭാവനയോടെ പെരുമാറാൻ ഖുർആൻ നിർദേശിച്ചത് (4:36). നൂറ്റാണ്ടുകളായി തുടർന്നുപോന്ന ഒരപരിഷ്കൃത സമ്പ്രദായത്തിനെതിരെയുള്ള ഒരു മഹത്തായ വിപ്ലവത്തിന്റെ കാഹളധ്വനിയാണ് അവിടെ മുഴങ്ങിക്കേട്ടത്. പ്രവാചകൻ ഇങ്ങനെ പ്രഖ്യാപിച്ചു:

''അവർ നിങ്ങളുടെ സഹോദരൻമാരും ബന്ധുക്കളുമാണ്. തന്റെ കീഴിലുള്ള ഒരു സഹോദരന് താൻ ഭക്ഷിക്കുന്നത്പോലുള്ള ഭക്ഷണവും ധരിക്കുന്നതുപോലുള്ള വസ്ത്രവും നല്കിക്കൊള്ളട്ടെ. അവർക്കസാധ്യമായ കാര്യം അവരെ ഏല്പിക്കരുത്. ഏല്പിക്കുകയാണെങ്കിൽതന്നെ നിങ്ങളവരെ സഹായിക്കണം'' (ബുഖാരി)

തന്റെ ഭർത്താവായ മുഹമ്മദ് വീട്ടിലേക്ക് കയറിവന്നപ്പോൾ സുപരിചിതയായ ഖദീജ ആദ്യമായി ചെയ്തത് തന്റെ സമ്പത്തും തന്റെ വരുതിയിലുള്ള അടിമകളെയും പൂർണമനസ്സോടെ മുഹമ്മദിനെ ഏല്പിക്കുകയായിരുന്നു. സമൂഹം അന്നോളം അടിമകളോട് കാണിച്ചുപോന്ന ക്രൂരമായ സമീപനങ്ങൾക്കെതിരെ തന്റെ മനസ്സിനുള്ളിൽ താൻ സൂക്ഷിച്ചുപോന്ന ധർമരോഷമാകെ ക്രിയാമുഖമണിഞ്ഞതുപോലെ, മുഹമ്മദ് തനിക്ക് കൈമാറിക്കിട്ടിയ മുഴുവൻ അടിമകളെയും ഖദീജയുടെ തൃപ്തിക്ക് വിധേയമായിത്തന്നെ സ്വതന്ത്രരാക്കി. അടിമവ്യവസ്ഥയോടുള്ള മുഹമ്മദിന്റെ മനസ്സറിയാൻ ഈ സംഭവം ഏറെ സഹായകമായി.

ഖദീജയുടെ അടിമകളുടെ കൂട്ടത്തിൽ സൈദ് എന്ന ഒരു ബാലനുണ്ടായിരുന്നു. മുഹമ്മദിന്റെ മനഃശോഭയിലാകൃഷ്ടനായ സൈദ് സ്വാതന്ത്ര്യത്തിന്റെ തുറന്ന ലോകത്തെക്കാൾ മുഹമ്മദിന്റെ സാമീപ്യമാണ് കൊതിച്ചത്. താൻ മുഹമ്മദിനെ സേവിച്ചു കഴിയാം – തന്നെ അതിന്നനുവദിക്കണം എന്ന സൈദിന്റെ ഉള്ളുറഞ്ഞ അപേക്ഷ നിരസിക്കാൻ മുഹമ്മദിന് കഴിഞ്ഞില്ല. സൈദ് മുഹമ്മദിനോടൊപ്പം സന്തോഷത്തോടെ കഴിഞ്ഞുപോന്നു. കുറേ കാലത്തിനുശേഷം സൈദിന്റെ പിതാവും പിതൃവ്യനും സൈദിനെ തേടി

അവിടെയെത്തി. മോചനമൂല്യം നല്കി അവനെ സ്വീകരിക്കാനാണവർ വന്നത്. അവരോട് മുഹമ്മദ് ഇങ്ങനെ പറഞ്ഞു:

"മോചന ദ്രവ്യമാവശ്യമില്ല, കാരണം
ഇവിടെ സൈദ് ഒരടിമയല്ല-
സ്വതന്ത്രനാണ്. അവന്ന് ഇഷ്ടമാണെങ്കിൽ
നിങ്ങൾക്കവനെ കൊണ്ടുപോകാം.
എനിക്കു സന്തോഷമേയുള്ളൂ."

സൈദ് ബന്ധുക്കളോടൊപ്പം പോകാനിഷ്ടപ്പെട്ടില്ല. മുഹമ്മദിനോടൊപ്പം കഴിയുന്നതിൽ സുഖവും സംതൃപ്തിയും കണ്ട സൈദ് തുടർന്നും അവിടെ ത്തന്നെ താമസിച്ചു.

പിന്നീട് മുഹമ്മദ് തന്റെ പിതൃസഹോദരീപുത്രിയായ സൈനബ് ബിൻത് ജഹ്ശിനെ സൈദിന് വിവാഹം ചെയ്തുകൊടുത്തു. കുറേകഴിഞ്ഞപ്പോൾ വിവാഹമോചനം വേണ്ടിവന്നു. അന്നും നബിക്ക് സൈദും സൈദിന് നബിയും സ്വന്തമായിരുന്നു. ഇസ്ലാമിനുവേണ്ടി ജീവത്യാഗം ചെയ്ത സൈദിനെ ഇസ്ലാം ചരിത്രം സബഹുമാനം ഓർക്കുന്നു.

സൈദിന്റെ മരണശേഷം മകനായ ഉസാമയോട് പ്രവാചകൻ അളവറ്റ വാത്സല്യം കാട്ടി. ഒരിക്കൽ ഉമറിന്റെ മകൻ അബ്ദുള്ള സ്വപിതാവിനോട് ഇങ്ങനെ ചോദിച്ചു:

"എന്റെ പിതാവ് ഇസ്ലാമിനുവേണ്ടി ഏറെ ത്യാഗങ്ങൾ അനുഷ്ഠിച്ചി ട്ടുണ്ട്- എന്നിട്ടും പ്രവാചകൻ ഉമറിന്റെ മകനായ എന്നെക്കാളേറെ ഉസമായെ യാണ് സ്നേഹിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. പരിഗണനയും അംഗീ കാരവും അവനാണ് ലഭിക്കുന്നത്. എന്താണ് ഇതിനുകാരണം?"

ഉമർ പറഞ്ഞു:

"മോനേ, ഉസാമയുടെ പിതാവ് സൈദ് നബി തിരുമേനിക്ക് നിന്റെ പിതാ വിനെക്കാളും പ്രിയംകരനായിരുന്നു എന്നതാണിതിന്ന് കാരണം."

സാഹചര്യങ്ങളിൽ മാറ്റം വരുത്തി, അടിമത്തമെന്ന സാമൂഹിക വൈകൃ തത്തിനെതിരെ സൗമ്യമായി പൊരുതാൻ പ്രവാചകൻ നടപടികൾ ആവി ഷ്കരിച്ചു. തലമുറകളിലൂടെയുള്ള അനുസ്യൂതമായ ആവർത്തനം കൊണ്ട് ചോരയിലിഴുകിച്ചേർന്ന അടിമസമ്പ്രദായത്തെ ഒരു നിയമനിർമാണത്തിലൂടെ നിരോധിക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ട പ്രവാചകൻ പടിപടി യായുള്ള മാറ്റത്തിനാണ് ശ്രമിച്ചത്. യുദ്ധം വഴി പിടിക്കപ്പെടുന്ന തടവുകാരി ലാണ് അദ്ദേഹം ഗൗരവപൂർവം ശ്രദ്ധിച്ചത്. തടവുകാരിലൂടെയാണ് അടിമക ളുടെ എണ്ണം പെരുകുന്നത്. സ്രോതസ്സടച്ചാൽ ഒഴുക്കുനില്ക്കുമെന്നറിയാ വുന്ന പ്രവാചകൻ യുദ്ധത്തടവുകാരെ പരസ്പരം കൈമാറാനുള്ള വ്യവസ്ഥ യുണ്ടാക്കി. അപകടകാരികളല്ലെന്ന് ബോധ്യമുള്ള തടവുകാരെ വിട്ടയച്ചു കൊണ്ട്, അടിമസമൂഹത്തിന്റെ വലുപ്പം കുറയ്ക്കാൻ തീരുമാനിച്ചു. അമുസ്ലിം തടവുകാരിൽനിന്ന് ജിസ്യ സ്വീകരിച്ചുകൊണ്ട് അവരെ സ്വതന്ത്രരാക്കി. തട വുകാരെ പ്രതിഫലം വാങ്ങിയോ അല്ലാതെയോ വിട്ടയയ്ക്കണമെന്ന (വി.ഖു. 47:4) ഖുർആനിക വചനം ആ നടപടികൾക്ക് സാധുത്വം നല്കി.

അടിമയും ഉടമയും തമ്മിൽ അടിസ്ഥാനപരമായി അന്തരമില്ലെന്ന് പ്രഖ്യാ പിച്ചുകൊണ്ട് ഇസ്ലാം നടത്തിയ വിചാരവിപ്ലവം വിഖ്യാതമാണ്.

ഒരു സത്യവിശ്വാസി ഗുരുതരമായ തെറ്റുചെയ്താൽ അതിന്നുള്ള പ്രായ

ശ്ചിത്തമായി അയാളുടെ അധീനതയിലുള്ള ഒരടിമയെ മോചിപ്പിക്കണമെന്ന് ഖുർആൻ അനുശാസിച്ചു. (വി.ഖു. 4: 92).

ഒരു സത്യവിശ്വാസി വികാര വിഭ്രാന്തികൊണ്ട് തന്റെ ഭാര്യയെ നോക്കി 'നീ എനിക്ക് എന്റെ മാതാവിന് തുല്യയാണ്' എന്ന് പറഞ്ഞുപോയാൽ പിന്നെ അവർ തമ്മിലുള്ള ദാമ്പത്യം പുതുക്കണമെങ്കിൽ ഒരടിമയെ മോചിപ്പിക്കണമെന്നാണ് ഖുർആൻ ആവശ്യപ്പെടുന്നത്. (58:3).

അടിമസ്ത്രീയിൽ ഉടമയ്ക്കുണ്ടാകുന്ന സന്താനങ്ങളെ സ്വതന്ത്രരായി പ്രഖ്യാപിച്ചു.

സത്യവിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുന്ന ആൾ പുനരുത്ഥാന നാളിൽ നരകശിക്ഷയിൽനിന്ന് മോചിപ്പിക്കപ്പെടും.

വാക്ക് തെറ്റിക്കുകയെന്ന വിശ്വാസവഞ്ചനക്ക് ഖുർആൻ നിർദേശിക്കുന്ന മൂന്ന് പ്രായശ്ചിത്തങ്ങളിലൊന്ന് സ്വന്തം അടിമയുടെ മോചനമാകുന്നു (5: 89) എന്നറിയുമ്പോൾ അടിമ വിമോചനമെന്ന വൃത്തിക്ക് ഇസ്‌ലാം ദൈവിക വൃത്തിയുടെ പാവനമായ പരിവേഷമാണ് നല്കിയതെന്ന് മനസ്സിലാക്കാവുന്നതാണ്.

അടിമകൾക്ക് സ്വാതന്ത്ര്യം നല്കുന്നത് ഒരു പുണ്യകർമമാണെന്ന് ഇസ്‌ലാം പ്രഘോഷിച്ചു.

''മനുഷ്യൻ കടമ്പ കടന്നിട്ടില്ല–എന്താണ് കടമ്പ എന്നറിയാമോ? അടിമയുടെ മോചനമാണത്.'' (90: 11–13).

ഒരിക്കൽ അബൂദർറ് പ്രവാചകനോട് ചോദിച്ചു:

''അടിമ മോചനത്തിൽ ഏറ്റവും ശ്രേഷ്ഠമായത് എന്താണ്?''

പ്രവാചകൻ പറഞ്ഞു:

''യജമാനന്ന് ഏറ്റവും പ്രിയപ്പെട്ട അടിമയെ മോചിപ്പിക്കൽ'' (ബുഖാരി).

അടിമകളായി തുടരാനിഷ്ടപ്പെടാത്തവർ മോചനപത്രമെന്ന ഒരു വ്യവസ്ഥ വഴി സ്വാതന്ത്ര്യം നേടാനുള്ള സൗകര്യം ഇസ്‌ലാം സമ്മാനിക്കുന്നുണ്ട്. അതനുസരിച്ച് അടിമയും ഉടമയും തമ്മിൽ ഒരു കരാറിലെത്തുന്നു. മോചനമൂല്യം നിശ്ചയിക്കുന്നു. അത് തവണകളായി അടച്ചുതീർത്ത് അടിമ സ്വാതന്ത്ര്യം നേടുന്നു. ഉടമയുടെ ഔദാര്യമായല്ല, അടിമയുടെ അവകാശമായാണ് ഖുർആൻ അതിനെ അംഗീകരിക്കുന്നത്. കരാറെഴുതിക്കഴിഞ്ഞാൽ മോചനമൂല്യം സ്വരൂപിക്കാനുള്ള സൗകര്യം ഉടമ അടിമയ്ക്ക് നല്കണം. മോചനമൂല്യം സ്വരൂപിക്കാനായില്ലെങ്കിൽ ഇസ്‌ലാമിക ഭരണകൂടത്തിന് പൊതുനിധിയിൽനിന്ന് തുക സഹായിച്ച് അടിമയെ മോചിപ്പിക്കാവുന്നതാണ്.

സക്കാത്തായി സ്വരൂപിക്കപ്പെട്ട നിധി എട്ട് വിഭാഗത്തിൽപെട്ടവർക്ക് പങ്കുവെയ്ക്കാമെന്ന് ഇസ്‌ലാമിക നിർദേശമുണ്ട്. അടിമയുടെ മോചനം ദൈവമാർഗത്തിലുള്ള ഒരു പുണ്യകർമമായി ഇസ്‌ലാം കരുതുന്നതുകൊണ്ട് (2:177) സക്കാത്തിന്റെ വിഹിതം അടിമയർഹിക്കുന്നു. (9:60).

ഉമർ ഇബ്നു അബ്ദുൽ അസീസിന്റെ കാലത്ത് ഉപയോഗിക്കപ്പെടാതെ കിടന്നിരുന്ന സക്കാത്തുവഹ മുഴുവൻ അടിമകളുടെ മോചനദ്രവ്യമാക്കി വിനിയോഗിച്ചു എന്ന ചരിത്രയാഥാർഥ്യം ഇവിടെ അനുസ്മരണീയമാണ്.

റമദാൻ മാസത്തിൽ പകൽ നേരത്ത് വിലക്കുകളോർക്കാതെ ലൈംഗിക വൃത്തി ചെയ്തുപോയെങ്കിൽ അടിമയെ മോചിപ്പിക്കുകയാണ് ഫലപ്രദമായ പ്രായശ്ചിത്തവൃത്തിയെന്ന് ഇസ്‌ലാംസംസ്കൃതി നിർദേശിക്കുന്നു.

(ബുഖാരി, മുസ്ലിം)

സ്വതന്ത്ര സ്ത്രീകളെ വിവാഹം ചെയ്യാൻ സാമ്പത്തിക ശേഷിയില്ലാത്തവർക്ക് അടിമസ്ത്രീകളെ വിവാഹം ചെയ്യാവുന്നതാണെന്ന് ഖുർആൻ അറിയിക്കുന്നു. അടിമകളുടെ ആത്മാഭിമാനം വ്രണപ്പെടരുതെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് നിങ്ങളുടെ ദാസിമാരെ നിങ്ങൾ വ്യഭിചാരത്തിന് നിർബന്ധിക്കരുതെന്ന് (24:33) ഖുർആൻ വിലക്കിയിട്ടുള്ളത്.

''വല്ലവനും തന്റെ അടിമയെ വധിച്ചാൽ നാം അവനെയും വധിക്കും. വല്ലവനും തന്റെ അടിമയെ ഷണ്ഡീകരിച്ചാൽ നാം അവനെയും ഷണ്ഡീകരിക്കും.'' (ബുഖാരി, മുസ്ലിം)

കടംവീട്ടാൻ കഴിയാതെ വരുന്ന ഒരു സ്വതന്ത്ര വ്യക്തിക്ക് ഇസ്ലാം പിറക്കുന്നതിനു മുമ്പ് അടിമയാകേണ്ടിവന്നിരുന്നു. സ്വതന്ത്രനായ ഒരു മുസ്ലിമിനെ മറ്റൊരു മുസ്ലിമിന് അടിമയാക്കാൻ പാടുള്ളതല്ല എന്ന് ഇസ്ലാം കല്പിച്ചു.

''സത്യവിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുന്ന ഒരാൾ പുനരുത്ഥാന നാളിൽ നരകശിക്ഷയിൽനിന്ന് മോചിപ്പിക്കപ്പെടും.''–നബിവചനങ്ങൾ.

നിങ്ങളുടെ വലതുകൈക്കുടമപ്പെട്ടവർ (അടിമകൾ) മോചനവും തേടി നിങ്ങളുടെയടുത്തു വരുമ്പോൾ നിങ്ങൾ അവർക്ക് അത് നിർവഹിച്ചുകൊടുക്കുക (24:33) എന്ന വാക്കുകളിലൂടെ അടിമസമ്പ്രദായത്തിനറുതി വരുത്താനുള്ള ശ്രമമാണ് ഖുർആനാരംഭിച്ചത്.

മാതാപിതാക്കൾ, ബന്ധുക്കൾ, അയൽവാസികൾ തുടങ്ങിയവരോടെന്ന പോലെ അടിമകളോടും നല്ല നിലയിൽ പെരുമാറാൻ വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നു.

അടിമകളെ വിലയ്ക്കുവാങ്ങി സ്വതന്ത്രരാക്കുന്നത് പുണ്യപൂർണമായ ഒരു കർമമാണെന്ന് ഖുർആൻ അറിയിക്കുന്നു (2: 177). അങ്ങനെ ബിലാലിന്റെ അടിമക്കുരുക്കഴിച്ചത് അബൂബക്കർ സിദ്ദീഖായിരുന്നു എന്ന് നാമോർക്കുക. ഖദീജ മുഹമ്മദിന് സമ്മാനിച്ച അടിമകളെ മുഴുവൻ സ്വതന്ത്രരാക്കിക്കൊണ്ട് ഇസ്ലാമികസംസ്കൃതിയുടെ പ്രോദ്ഘാടനം നിർവഹിച്ച മുഹമ്മദിന്റെ എല്ലാ അർഥത്തിലുമുള്ള പിൻമുറക്കാരനാണ് അബൂബക്കർ സിദ്ദീഖ്.

അടിമത്തം കർശനനിയമം വഴി നിരോധിക്കാതെ, അടിമയെ സുരക്ഷിതരായി വളർത്തി പൗരനാക്കിമാറ്റി അടിമയും ഉടമയും തമ്മിലുള്ള അന്തരമവസാനിപ്പിക്കാൻ ശ്രമിച്ച ഖുർആനികമായ പ്രായോഗിക ദർശനം സർവാതിശായിയാണ്.

മനുഷ്യർക്കിടയിൽ തട്ടുകൾ സൃഷ്ടിച്ച്, വർണഭേദങ്ങളാരോപിച്ച്, ഉച്ചനീചത്വം കല്പിക്കുന്നത് തെറ്റാണെന്ന് ഇസ്ലാം അറിയിച്ചു.

പകൽ പണിയെടുത്താൽ രാത്രി വിശ്രമം നല്കണം. ഉഷ്ണകാലത്ത് ഉച്ചയുറക്കത്തിനും നിശാനിദ്രയ്ക്കും നിർബന്ധനമസ്കാരങ്ങൾക്കും സൗകര്യം ചെയ്തുകൊടുക്കണം. യജമാനനോടൊപ്പം യാത്ര ചെയ്യുകയാണെങ്കിൽ വാഹനത്തിൽ കയറ്റണം. ഉടമയ്ക്ക് അടിമയെ വധിക്കാനോ പരുക്കേല്പിക്കാനോ അംഗഭംഗം വരുത്താനോ അധികാരമില്ല. അടിമയെ മർദിച്ചുകൂടാ–മുഖത്തടിക്കരുത്. മുഖത്തടിച്ചാൽ മോചനം നല്കുകയാണ് പരിഹാരം. അടിമയെ ചീത്തവിളിക്കുകയോ ആക്ഷേപിക്കുകയോ അരുത്. യജമാനൻ അടിമയെ അംഗഭംഗം ചെയ്താൽ അവൻ സ്വതന്ത്രനാകും. നിയമം നിഷ്കർഷിക്കുന്ന

സ്വാഭാവികമായ പരിണതിയതാണ്. അടിമ മരിച്ചാൽ അവന്റെ മരണാനന്തര കർമങ്ങളുടെ മുഴുവൻ ബാധ്യതയും യജമാനനാണ്. കുടുംബത്തിലെ മറ്റംഗങ്ങളെപ്പോലെ അടിമകളെയും വീട്ടിൽ താമസിപ്പിക്കണം. യഥാർഥത്തിൽ ആധുനിക ജനാധിപത്യ രാജ്യങ്ങളിലെതൊഴിൽ നിയമങ്ങളെ അതിശയിപ്പിക്കത്തക്ക നിലയിലുള്ളതും അവയ്ക്ക് മാർഗദർശകങ്ങളായി വർത്തിക്കുന്നവയുമായ നീതിനിയമങ്ങളാണിവ.

സമൂഹത്തിലെ മറ്റംഗങ്ങളെപ്പോലെ വിവാഹം കഴിക്കാനും കുടുംബം പുലർത്താനും അടിമകൾക്ക് ഇസ്‌ലാം അവകാശം നല്കുന്നുണ്ട്. ഒരടിമക്ക് തന്റെ ആഗ്രഹത്തിനൊത്ത് കുടുംബജീവിതം നടത്താൻ തന്റെ ദാരിദ്ര്യം കൊണ്ടു സാധിക്കുന്നില്ലെങ്കിൽ സത്യവേദ സംസ്കൃതിയിലൂന്നിനില്ക്കുന്ന സമൂഹം ആ കുടുംബത്തെ സഹായിക്കാനുണ്ടാകും. (24: 32).

അടിമയെന്നും ഉടമയെന്നും വിളിച്ച് ഔന്നത്യവും പതിത്വവും കല്പിക്കുന്ന അനാഗരിക സമ്പ്രദായത്തിന് പ്രവാചകൻ വില കല്പിക്കുന്നില്ല.

അടിമ സ്ത്രീകളുമായി ദാമ്പത്യ ബന്ധം സ്ഥാപിക്കാനുദ്ദേശിക്കുന്നവർ അത് പരസ്യമായി ചെയ്യണമെന്ന് ഇസ്‌ലാം കർശനമായി നിഷ്കർഷിച്ചു. ഉപഭോഗത്തിന് ഉൽക്കടമായ ആവേശമുണ്ടെങ്കിലും അത് പരസ്യപ്പെട്ടാൽ തന്റെ ദുരഭിമാനം വ്രണപ്പെടുമെന്നു കരുതുന്ന യജമാനത്വത്തിന്റെ അല്പത്വത്തിനും ഹൃദയശൂന്യതയ്ക്കുമെതിരായാണ് ഖുർആൻ വാളോങ്ങിയത്.

ഒരിക്കൽ ഒരാൾ തന്റെ അടിമയെ തല്ലാൻ കൈയുയർത്തി. അപ്പോൾ ആ വഴി പ്രവാചകൻ വരുന്നുണ്ടായിരുന്നു. അസ്വസ്ഥനായ പ്രവാചകൻ അദ്ദേഹത്തെ ഇങ്ങനെ ഓർമിപ്പിച്ചു:

''നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? ഒരു ദാസന്റെ മേൽ നിങ്ങൾക്കുള്ളതിനെക്കാൾ അല്ലാഹുവിന് നിങ്ങളുടെ മേൽ അധികാരമുണ്ടെന്ന് നിങ്ങളോർമിക്കണം.''

യഥാർഥത്തിൽ ഇതൊരു ഓർമിപ്പിക്കലായിരുന്നു. ആ വാക്കുകൾ അദ്ദേഹത്തിന്റെ മനസ്സിൽ പ്രതിധ്വനിച്ചു. ക്രോധാവേശമടക്കി ശാന്തചിത്തനായ ആ മനുഷ്യൻ പ്രവാചകനോട് വിനയത്തോടെ ഇങ്ങനെ പറഞ്ഞു:

''തിരുമേനീ, ഞാനിയാളെ സ്വതന്ത്രനാക്കിയിരിക്കുന്നു.''

''നിങ്ങൾ അങ്ങനെ ചെയ്തത് നന്നായി. അല്ലാത്ത പക്ഷം നിങ്ങൾ നരകശിക്ഷയ്ക്ക് പാത്രമാകുമായിരുന്നു.'' (അബൂദാവൂദ്)

ഉമറിന്റെ കാലം. ജറൂസലം ഇസ്‌ലാം സംസ്കൃതിയുടെ കൊടിപ്പടമുയർത്താൻ സന്നദ്ധത പ്രകടിപ്പിച്ച സന്ദർഭം. ഖലീഫാ ഉമറെ നേരിലൊന്നുകാണാൻ അവിടത്തെ ജനസഞ്ചയമാഗ്രഹിച്ചു. ഉമർ ജറൂസലമിലെത്തി കരാറിലൊപ്പു വെച്ച് നഗരത്തിന്റെ നിയന്ത്രണമേറ്റെടുക്കണമെന്ന് അവരഭ്യർഥിച്ചു. ഉമർ ക്ഷണം സ്വീകരിച്ചു.

ഒരുനാൾ ഒരു യുദ്ധത്തടവുകാരനെയും കൂട്ടി ഉമർ ജറൂസലമിലേക്ക് യാത്ര തിരിച്ചു. രണ്ടുപേർക്കുള്ള ആഹാരസാധനങ്ങൾ ഒട്ടകപ്പുറത്ത് ഒരുക്കിവച്ചു. രണ്ടുപേരും ഒപ്പം കയറി ഒട്ടകത്തിന് ഭാരക്കൂടുതലുണ്ടാകാതിരിക്കാൻ ഓരോരുത്തരായി ഇടവിട്ട് ഒട്ടകപ്പുറത്ത് കയറി സഞ്ചരിക്കാമെന്ന് ഉമർ നിർദേശിച്ചു. അങ്ങനെയാണ് യാത്ര തുടർന്നത്. ജറുസലമിലെത്താറായി. അപ്പോൾ തടവുകാരനാണ് ഒട്ടകപ്പുറത്തുണ്ടായിരുന്നത്. വഴിയോരങ്ങളിലെ ആൾക്കൂട്ടത്തെ കണ്ടപ്പോൾ താൻ ഇറങ്ങി നടന്നുകൊള്ളാമെന്നും ഖലീഫാ ഉമർ ഒട്ട

കപ്പുറത്തു കയറണമെന്നും തടവുകാരൻ ഉമറിനോടഭ്യർഥിച്ചു. എന്നാൽ നിശ്ചയിച്ച മുറ തെറ്റിക്കാൻ ഖലീഫ തയ്യാറായില്ല.

ജറുസലമിലെത്തി. ഒരടിമ സവാരി ചെയ്യുന്ന ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് നടക്കുന്ന ഖലീഫയെ കണ്ട ജനങ്ങൾ വിസ്മയാധീനരായി. അത് അവരുടെ സങ്കല്പത്തിനുമപ്പുറത്തുള്ള ഒരു വിസ്മയ ദൃശ്യമായിരുന്നു. (Prof. Abdul duder) ഇസ്‌ലാമിന്റെ സമഭാവനയും അടിമകളോടുള്ള സമീപനവും തെളിച്ചുകാട്ടാൻ ആ സംഭവ ശകലം സഹായകമാണ്.

ജബല രാജാവ് ഇസ്‌ലാം മതം സ്വീകരിച്ചു പരിവാര സമേതം അദ്ദേഹം മക്ക സന്ദർശിച്ചു. കഅ്ബ പ്രദക്ഷിണം നടത്തിക്കൊണ്ടിരിക്കെ അദ്ദേഹമണിഞ്ഞ വിലകൂടിയ മേലങ്കിയുടെ അഴിഞ്ഞുലഞ്ഞ ഭാഗം അറിയാതെ ചവിട്ടിപ്പോയ ബദവിയെ ക്രുദ്ധനായ ജബല രാജാവ് കണക്കിന് പ്രഹരിച്ചു. കഅ്ബക്ക് സമീപം ഇങ്ങനെയൊരനുഭവമുണ്ടായതിൽ മനംനൊന്ത് ബദവി ഖലീഫാ ഉമറിന്റെ മുന്നിൽ സങ്കടമുണർത്തിച്ചു. ഇസ്‌ലാം സംസ്കാരമനുസരിച്ച് സകലരും അല്ലാഹുവിന്റെ മുന്നിൽ സമൻമാരാണ്. ജബല രാജാവ് ചെയ്തത് കടുത്ത അപരാധവും ദൈവനിന്ദയുമാണെന്ന് ഉമർ വിധിച്ചു. ബദവിയെ തല്ലിയതുപോലെ ബദവി തിരിച്ച് രാജാവിനെയും തല്ലണം. ഈശ്വരസന്നിധിയിൽ രാജപ്രതാപവും പതിത്വവുമില്ല– ഉമർ വിധിയറിയിച്ചു. താൻ ഇസ്‌ലാം വിശ്വാസം സ്വയം വരിച്ചത് സത്യമാണെങ്കിലും അതിന്റെ പേരിൽ തന്റെ ദുരഭിമാനം നഷ്ടപ്പെടുത്താനും ഇത്രയൊന്നും സഹിക്കാനും ജബല രാജാവ് സന്നദ്ധനായിരുന്നില്ല. ഇസ്‌ലാം സംസ്കൃതിയുടെ നിരങ്കുശത്വം ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അടുത്ത പ്രഭാതം വിരിഞ്ഞു വരുമ്പോഴേക്കും അഞ്ഞൂറോളം വരുന്ന അനുചരൻമാരോടൊപ്പം അതിരഹസ്യമായി ജബല അവിടം വിട്ടുകഴിഞ്ഞിരുന്നു. ബൈസാന്റിയയിലെത്തി ജബല ക്രിസ്തുമതം സ്വീകരിച്ചു. കാലം കുറേ കഴിഞ്ഞു. ജീവിതത്തിലെ ഇന്നലകളിലേക്ക് തിരിഞ്ഞുനോക്കിയ സന്ദർഭങ്ങളിലെല്ലാം അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിയാറുണ്ടായിരുന്നുവെന്ന് എം.എം. ഷരീഫ് എഡിറ്റ് ചെയ്ത എ. ഹിസ്റ്ററി ഓഫ് മുസ്‌ലിം ഫിലോസഫി (രണ്ടാംവാല്യം) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നമസ്കാരവും ഹജ്ജ് കർമങ്ങളുമെല്ലാം അടിമയും ഉടമയും ഒപ്പം നിന്നാണ് നിർവഹിക്കേണ്ടതെന്ന് ഇസ്‌ലാം വ്യക്തമാക്കി. ഇസ്‌ലാം സംസ്കൃതിയനുസരിച്ച് ഒരു ഉടയതമ്പുരാനേയുള്ളൂ. ഒരർഥത്തിൽ മനുഷ്യരെല്ലാം ഉടയതമ്പുരാന്റെ അടിമകളും. അന്നിലയിൽ മനുഷ്യരെ ഏതെങ്കിലും മാനദണ്ഡമുപയോഗിച്ച് ഉടമകളെന്നും അടിമകളെന്നും വേർതിരിച്ച് നിർത്തുന്നത് അനുചിതമാണ്. ഉടമയെന്നോ അടിമയെന്നോ ധനികനെന്നോ ദരിദ്രനെന്നോ വെളുത്തവനെന്നോ കറുത്തവനെന്നോ വ്യത്യാസമില്ലാതെ സകല മനുഷ്യരും ഒരേ മാതാപിതാക്കളുടെ സന്താനങ്ങളും അങ്ങനെ ഏകോദര സഹോദരങ്ങളുമാണെന്ന് ഇസ്‌ലാം പ്രഖ്യാപിച്ചു. (49: 13).

അടിമകളോട് ഉദാരത കാട്ടണമെന്ന ഇസ്‌ലാമികാനുശാസനം സമൂഹരംഗത്താകെ ആശാസ്യമായ ഫലം ചെയ്തു. അടിമകളിൽ പലരും സമുന്നത സ്ഥാനങ്ങളിലെത്തി. ദാസികളിലും പരിചാരികമാരിലും പെട്ടവർ രാജപത്നിമാർ പോലുമായി. മക്കയിലെ ഭൂരിപക്ഷം അടിമകളെയും പള്ളിപ്പരിചരണ ജോലികൾക്കാണ് നിയോഗിച്ചിരുന്നത്. അന്ന് അടിമകൾക്ക് മുസ്‌ലിം യജമാ

നൻമാരിൽനിന്ന് ലഭിച്ച പെരുമാറ്റം മാന്യവും മനുഷ്യോചിതവുമായിരുന്നു. അതുകാരണം, അടിമകളിൽ പലരും സത്യവേദത്തിൽ സമാശ്വാസം കണ്ടു. യുദ്ധത്തടവുകാരെ അടിമകളാക്കുകയോ വധിക്കുകയോ ആയിരുന്നു പഴയ സമ്പ്രദായമെങ്കിൽ, യുദ്ധഭൂമിയിൽ വെച്ചല്ലാതെ പോരാളികളെ വധിക്കാൻ പാടില്ലെന്ന് ഇസ്‌ലാം കർശനമായി കല്പിച്ചു. ഇത് ചരിത്ര രത്ഥ്യയിലെ ശ്രദ്ധേയമായ ഒരു പ്രഖ്യാപനമായിരുന്നു. സ്വതന്ത്രരായ മനുഷ്യരെപ്പിടിച്ച് അടിമകളാക്കി വില്ക്കുന്നവൻ അല്ലാഹുവിന്റെ ശത്രുവാണെന്ന് പ്രവാചകൻ അറിയിക്കുകയുണ്ടായി. (ബുഖാരി)

പ്രവാചകൻ നിർമിച്ച ആദ്യത്തെ പള്ളിയിലെ (മസ്ജിദുന്നബവി) മുഅദ്ദിനായി നിയമിക്കപ്പെട്ടത് ബിലാൽ എന്ന ആഫ്രിക്കൻ അടിമയാണ്. മക്കാ വിജയത്തിനു ശേഷം നബിയുടെ കല്പനപ്രകാരം കഅ്ബയുടെ മുകളിൽ കയറി ബാങ്ക് വിളിച്ചതും ബിലാലായിരുന്നു. (ബിലാൽ മരിച്ചപ്പോൾ ഉമർ പ്രതികരിച്ചത് ''ഇന്ന് നമ്മുടെ യജമാനനാണ് എഴുന്നേറ്റ് പോയത്'' എന്നാണ്).

ഉമർ ഫാറൂഖിന്റെ മരണത്തെത്തുടർന്ന് പുതിയ ഖലീഫ സ്ഥാനമേല്ക്കുന്നതുവരെയുള്ള മൂന്ന് ദിവസക്കാലം താൽക്കാലിക ഖലീഫയായി ഉത്തരവാദിത്തങ്ങൾ നിറവേറ്റിയത് ആദ്യകാല അടിമയായ ഉസാമയായിരുന്നു. അക്കാലത്ത് അതിമനോഹരമായി ഖുർആൻ പാരായണം ചെയ്യാൻ കഴിഞ്ഞിരുന്ന സാലിം ഒരടിമയായിരുന്നു. അദ്ദേഹത്തിന് മുന്നിൽ അബൂബക്കറും ഉമറും ഉപചാരങ്ങൾ അർപ്പിച്ചിരുന്നു എന്നാണ് ചരിത്രം. ഈ നടപടികളിലൂടെയെല്ലാം വെളിവാകുന്ന ഒരു മഹാ സത്യം അടിമത്തത്തിനെതിരെ ഉറഞ്ഞു നില്ക്കുന്ന പ്രവാചകമനസ്സാണ്. പഴുതുകളേതുമുപയോഗിച്ച് അടിമകളുടെ എണ്ണം കുറച്ചുകൊണ്ടുവരുവാനും അനുസ്യൂതമായി തുടർന്നുവരുന്ന ഒരു സാമൂഹിക സമ്പ്രദായത്തെ സൗമ്യമായി നിർമാർജനം ചെയ്യുവാനും പ്രവാചകൻ ദൃഢമനസ്സോടെ ശ്രമിച്ചുപോന്നു.

അടിമകൾ വളർന്നു. അവരിൽ നാടുവാഴികളും ചക്രവർത്തിമാരുമുണ്ടായി. ഈജിപ്തിലെ മലൂക് സുൽത്താൻമാരും ഇന്ത്യയിലെ അടിമവംശരാജാക്കൻമാരും പൂർവാശ്രമത്തിൽ അടിമകളായിരുന്നു. ഇന്ത്യയിലെ ഭരണാധിപനായിരുന്ന ഐബക് അടിമയായിരുന്നതിനാൽ അദ്ദേഹം സ്ഥാപിച്ച രാജവംശത്തെ ചരിത്രകാരൻമാർ അടിമവംശം എന്നു വിളിക്കുന്നു.

# 26. കൃഷിഭൂമി കൃഷിക്കാരന്

അധ്വാനം നിക്ഷേപിക്കാതെ ഭൂസ്വത്തുകൾ പാഴ്നിലങ്ങളായിടുന്നത് ദൈവഹിതത്തിനെതിരാണെന്ന് ഇസ്ലാം വിശ്വസിക്കുന്നു. മണ്ണ് വിനിയോഗിക്കപ്പെടണം. അതിൽ വിയർപ്പൊഴുക്കി കനകം വിളയിക്കണം. അവ തലമുറകൾക്ക് ഭക്ഷ്യങ്ങൾ സമ്മാനിക്കേണ്ട ഐശ്വര്യകേദാരങ്ങളാണ്. അവ തരിശായിടുന്നത് ദൈവഹിതത്തിന്നെതിരാണ്. പാഴ്നിലങ്ങളായിടുന്ന ഭൂമി ഉടമയിൽനിന്ന് പിടിച്ചെടുത്ത് അധ്വാനവും ത്യാഗവും നിക്ഷേപിക്കാൻ പോരുന്നവർക്ക് ദാനം ചെയ്യണമെന്നാണ് ഇസ്ലാം അനുശാസിക്കുന്നത്. തുടർച്ചയായി മൂന്നുവർഷം പാഴ്നിലമായിട്ടാൽ വ്യക്തിക്ക് അതിന്മേലുള്ള ഉടമാവകാശം നഷ്ടപ്പെടുമെന്നാണ് ഖിലാഫത്ത് നിഷ്കർഷിക്കുന്നത്. മാനവ സമുദായത്തിനുവേണ്ടി അല്ലാഹു ഭൂമിയിൽ സൃഷ്ടിച്ചുവെച്ച ഏതെങ്കിലുമൊരു വസ്തു കരസ്ഥമാക്കുന്നതിലോ നന്നാക്കിയെടുക്കുന്നതിലോ ഒരു വ്യക്തി തന്റെ അധ്വാനം ചെലവുചെയ്യുന്ന പക്ഷം ആ വ്യക്തിക്ക് അതിന്മേൽ പ്രത്യേകാവകാശം ലഭിക്കുന്നതാണ്.

ശക്തിയുപയോഗിച്ച് ഭൂസ്വത്തുകൾ വളച്ചുകെട്ടി സ്വന്തമാക്കി ജന്മി-ജമീൻദാരി – ജാഗിർദാരിമാരായി സ്വയം മാറുന്ന വികൃതമായ നാടുവാഴിത്ത സമീപനത്തിന്നെതിരെ ആദ്യമായി സ്വരമുയർത്തിയത് ഇസ്ലാംസംസ്കൃതിയാണ്. ''കൃഷി ചെയ്യുന്നോൻ കൃഷി ഭൂമിതന്നവകാശി'' എന്ന വിപ്ലവകരമായ മുദ്രാവാക്യമുയർത്തിയതും ഇസ്ലാമാണ്. ധാരാളം ഭൂസ്വത്തുക്കൾ കൈവശപ്പെടുത്തിവെക്കുകയും അവയിൽ യാതൊരധ്വാനവും ചെലവഴിക്കാതിരിക്കുകയും അധ്വാനിക്കുന്ന കർഷകരുടെ പ്രയത്നഫലം ചൂഷണം ചെയ്യുകയും ചെയ്തുപോന്ന നാടുവാഴിത്തത്തിനെതിരെ നിയമങ്ങൾ നിലവിലുണ്ടായിരുന്നു.

ബിലാലുൽ മുസ്നി എന്നൊരാൾക്ക് മുഹമ്മദ് നബി കുറേ ഭൂമി പതിച്ചുകൊടുത്തിരുന്നു. ആ ഭൂമിയത്രയും വിളഭൂമിയാക്കി മാറ്റി ദൈവമാർഗത്തിൽ വിനിയോഗിക്കുമെന്ന ഉറപ്പിൻമേലാണ് പ്രവാചകൻ അങ്ങനെ ചെയ്തത്. എന്നാൽ കുറേ കഴിഞ്ഞപ്പോൾ വാഗ്ദാനത്തിൽനിന്ന് അദ്ദേഹം പിറകോട്ട് പോയി. ഭൂമിയാകെ തരിശാക്കി പാഴ്നിലമായിട്ടു. ഉമർ അത് കാണാനിടയായി. അദ്ദേഹം ബിലാലുൽ മുസ്നിയെ വിളിച്ച് ഇങ്ങനെ പറഞ്ഞു:

> ''റസൂൽ താങ്കൾക്കിതു പതിച്ചുതന്നത് ബഹുജനങ്ങൾക്ക് ഇതിലുള്ള അവകാശം തടഞ്ഞുവെക്കാൻ വേണ്ടിയല്ല; അധ്വാനം വർഷിച്ച് വിളവ് കൊയ്യാനാണ്. അതുകൊണ്ട് താങ്കൾക്കുപയോഗപ്പെടുത്താവുന്ന ഭൂസ്വ

ത്തെടുത്ത് ബാക്കി തിരിച്ചേല്പിക്കാൻ ഖലീഫ അറിയിച്ചിരിക്കുന്നു.''
''ഹേ ജനങ്ങളേ, നിർജീവമായിക്കിടക്കുന്ന ഭൂതലം ആരെങ്കിലും ഉജ്ജീവിപ്പിച്ചാൽ അത് അവന്നുള്ളതായി.''
''തരിശുനിലം അല്ലാഹുവിനും അവന്റെ റസൂലിനും ഉള്ളതാകുന്നു. പിന്നെ എന്റെ പക്കൽനിന്ന് നിങ്ങൾക്കും. അതുകൊണ്ട് ആരെങ്കിലും തരിശുനിലം വിളനിലമാക്കിയാൽ അത് അവന്നുള്ളതായിരിക്കും.'' (ഹദീസ്)

പൊതുസ്വത്ത് അല്ലാഹുവിനും റസൂലിനുമുള്ളതാണ്. അതുകൊണ്ട് തരിശുനിലം ഏതൊരാൾക്കും നല്കാനുള്ള അവകാശം റസൂലിനുണ്ട്. റസൂലിന്റെ കാലശേഷം ഭരണകൂടത്തിനും അങ്ങനെ മറ്റൊരാൾക്കും കൊടുക്കാം. തരിശുഭൂമിയിൽ അയാൾക്ക് പൂർണ്ണാവകാശം ലഭിക്കണമെങ്കിൽ അയാൾ അതിനെ വിളഭൂവാക്കണം. അങ്ങനെ ചെയ്യാതെ മൂന്ന് വർഷം തരിശായിത്തന്നെയിട്ടാൽ അയാളിൽനിന്ന് ആ ഭൂമി തിരിച്ചെടുക്കാം-അധ്വാനം നിക്ഷേപിച്ചാൽ അവകാശമായി. എത്ര ഉദാത്തം! എത്രമാത്രം വിപ്ലവകരം!

# 27. മുതലാളിത്തത്തിനും സോഷ്യലിസത്തിനുമപ്പുറത്ത്

●

**സാ**മ്പത്തിക വ്യവഹരണത്തിൽ വ്യക്തിക്ക് പരമാവധി സ്വാതന്ത്ര്യം മുതലാളിത്ത വ്യവസ്ഥയിൽ അനുവദിക്കപ്പെടുന്നു. വ്യക്തിയുടെ വികാസ വൃദ്ധികളാണ് ഇവിടെ പരമമായ ലക്ഷ്യം. വ്യക്തികൾ താൽപര്യ സംരക്ഷണത്തിന് കമ്പോളങ്ങളിൽ മത്സരിക്കുന്നു. ഉല്പാദന–സംഭരണ–വിതരണ രംഗങ്ങളിൽ വ്യക്തിക്ക് പരമമായ സ്വാതന്ത്ര്യമുണ്ടായിരിക്കും. നിരുപാധികമായ ഈ സാമ്പത്തിക സ്വാതന്ത്ര്യം സമ്പത്തിന്റെ അധീശാവകാശി വ്യക്തിയാണെന്ന് വിളംബരം ചെയ്യുന്നു. സമ്പത്ത് ചുരുക്കം ചില വ്യക്തികളിൽ കുന്നുകൂടുന്നു. മഹാഭൂരിപക്ഷം എന്നും നിസ്വരായിരിക്കും. ജീവിതത്തിന്റെ മത്സരവേദിയിൽ സ്വാഭാവികമായും അവർ പിൻതള്ളപ്പെടുന്നു. ''മേലാൾക്ക് പൂംപട്ട് കിടക്ക തുന്നിക്കൂട്ടു''ന്നതിന്നായി ജീവിതം വിനിയോഗിച്ചവർ നിരാലംബരായി മാറുന്നു. മുതലാളിത്തം കൈയാളിപ്പോരുന്ന പരിധിരഹിതമായ സാമ്പത്തിക സ്വാതന്ത്ര്യം നോവും നൊമ്പരവും കുറഞ്ഞ സാമൂഹിക ജീവിതത്തിന് കാരണമായിത്തീരുന്നു.

മുതലാളിത്തം നിർമിച്ചുവെച്ച ദുരവസ്ഥയൊഴിപ്പിക്കാനും അതിന്റെ ദുർന്നയങ്ങളവസാനിപ്പിക്കാനും വേണ്ടി പുതിയൊരു വിപ്ലവദർശനം രംഗത്തു വന്നു. സമ്പത്ത് സമൂഹത്തിന്റെ പൊതുവുടമയിലായിരിക്കണം. ഉദ്പാദന– സംഭരണ–വിതരണ രംഗങ്ങൾ, സമൂഹത്തിന്റെ അഥവാ സർക്കാരിന്റെ ശ്രദ്ധയിലും നിയന്ത്രണത്തിലുമാവണം. സമ്പത്തിന്റെ ഉടമാവകാശം സർക്കാരിന്നാകുമ്പോൾ സാമ്പത്തികരംഗത്ത് സ്വാഭാവികമായും നീതി പ്രസരിക്കും; ജോലിക്ക് ന്യായമായ കൂലി ലഭിക്കും. അവശ്യവസ്തുക്കളുടെ ലഭ്യതയിൽ നീതി പാലിക്കപ്പെടും. സാമ്പത്തിക ചൂഷണങ്ങൾ നിഷ്ക്രമിക്കും. മുതലാളിത്തത്തിന്റെ ലാഭോൻമുഖമായ നീക്കത്തിന് പകരം സമൂഹത്തിന്റെ ക്ഷേമോൻമുഖമായ നയസമീപനങ്ങളാവിഷ്കരിക്കപ്പെടും. മുതലാളിത്തത്തിന്റെ അപകടങ്ങളൊഴിവാക്കാൻ സാമൂഹികദാർശനികൻമാർ കണ്ടെത്തിയ സാമ്പത്തിക ദർശനമാണ് സോഷ്യലിസം. ഇതുവഴി ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സാമ്പത്തികമായ അന്തരം കുറഞ്ഞുവരും. സാമ്പത്തിക രംഗത്തുള്ള മത്സരങ്ങൾ കുറയും. സാമ്പത്തിക സമത്വം സമാവസരങ്ങൾക്കും സാമൂഹികമായ സംതൃപ്തിക്കും കാരണമാകും.

സർവോദയവും കമ്യൂണിസവും സ്വത്തിന്റെ–സമ്പത്തിന്റെ –പരമാവ

കാശം സമൂഹത്തിനാണെന്നാണ് സിദ്ധാന്തിക്കുന്നത്. മുതലാളിത്ത സംസ്കാരത്തിൽനിന്ന് വ്യത്യസ്തമായി സ്വത്തിന്റെയും സമ്പത്തിന്റെയും മനുഷ്യനുൾക്കൊള്ളുന്ന സമസ്ത ജീവരാശികളുടെയും അധീശാവകാശം ദൈവത്തിന്നാണെന്ന് ഇസ്‌ലാം വിശ്വസിക്കുന്നു. വായു, വെള്ളം, വെളിച്ചം എന്നിവ പോലെ ഭൂമിയും അതിലെ സമസ്ത വിഭവങ്ങളും എല്ലാവർക്കും തുല്യമായ നിലയിൽ അവകാശപ്പെട്ടതാണ്. ഉപഭോഗാവകാശം മനുഷ്യസമൂഹത്തിന് സാമാന്യമായാണ് നല്കപ്പെട്ടിട്ടുള്ളത്. ഏതെങ്കിലും വ്യക്തികൾക്കോ വിഭാഗങ്ങൾക്കോ വ്യത്യസ്തമായ അവകാശങ്ങളൊന്നും അനുവദിക്കപ്പെട്ടിട്ടില്ല.

"നാലു ഋതുക്കളിലേക്കുള്ള ആഹാരവിഭവങ്ങൾ
അല്ലാഹു ഭൂമിയിൽ നിർണയിച്ചുവെച്ചിരിക്കുന്നു.
ആവശ്യക്കാർക്ക് സമാവകാശമായ നിലയിൽ" (41:10)

"അവൻ ഭൂലോകത്തുള്ള സകലതും
നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചവനത്രേ." (2: 29)

സ്വത്തിന്റെ ഉടമാവകാശം അല്ലാഹുവിനാണെങ്കിൽ അതിന്റെ ഉപഭോഗാവകാശം മനുഷ്യസാമാന്യത്തിനുള്ളതാണെന്ന് സംശയാതീതമായി പ്രബോധിപ്പിക്കുന്ന സൂക്തങ്ങളാണ് മേലുദ്ധരിച്ചത്.

പ്രപഞ്ചവസ്തുക്കളിൽ പ്രമുഖമായത് ആഹാരപദാർത്ഥങ്ങളാണ്. പൈദാഹശമനം ജീവരാശികൾക്ക് അനുപേക്ഷണീയമായതിനാൽ ഭക്ഷ്യങ്ങളുടെ വിനിയോഗം അഥവാ ഉപഭോഗം വേദഗ്രന്ഥത്തിൽ അതിവിശദമായി പ്രതിപാദിച്ചിട്ടുണ്ട്:

"അല്ലാഹു നിങ്ങളിൽ ചിലർക്ക് മറ്റു ചിലരെക്കാൾ ആഹാര കാര്യത്തിൽ മിച്ചം നല്കിയിട്ടുണ്ട്. എന്നിട്ടും മിച്ചം നല്കപ്പെട്ടവർ അവരുടെ (വശമുള്ള) ആഹാരവിഭവങ്ങൾ തങ്ങളുടെ കീഴ്ജീവനക്കാർക്ക് തിരിച്ചുകൊടുക്കുന്നില്ല. അവരാകട്ടെ അതിൽ തുല്യാവകാശികളാണുതാനും. അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുകയാണോ അവർ ചെയ്യുന്നത്.!" (അ. 16 സൂ.17)

"അവൻ ഭൂമിയെ സംവിധാനം ചെയ്തതും മനുഷ്യർക്ക് വേണ്ടിയാണ്. അതിൽ ഫലവർഗവും കൂൺപോളകളുള്ള ഈത്തപ്പനയും വൈക്കോലുള്ള ധാന്യമണിയും സുഗന്ധച്ചെടികളുമുണ്ട്." (55: 10–12)

ഭൂമിയിൽ അല്ലാഹു ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ അനുഭവിക്കാൻ മാനവ സമുദായം ഒരേ നിലയിൽ അവകാശികളാണെങ്കിലും മാനവ സമുദായത്തിനുവേണ്ടി ദൈവം സൃഷ്ടിച്ചുവെച്ച ഏതെങ്കിലുമൊരു വസ്തു കരസ്ഥമാക്കുന്നതിലോ നന്നാക്കിയെടുക്കുന്നതിലോ ഒരു വ്യക്തി തന്റെ അധ്വാനം ചെലവുചെയ്യുന്ന പക്ഷം ആ വ്യക്തിക്ക് അതിൻമേൽ പ്രത്യേകാവകാശം ലഭിക്കുന്നതാണ്. അങ്ങനെയൊരാൾക്ക് വല്ലതിൻമേലും പ്രത്യേകാവകാശം ലഭിച്ചുകഴിഞ്ഞാൽ പിന്നെ അയാളുടെ അനുവാദം കൂടാതെ മറ്റൊരാൾക്ക് അത് ഉപയോഗിക്കാൻ പാടില്ല. ഈ പ്രത്യേകാവകാശത്തിനാണ് ഇന്ന് നാം ഉടമാവകാശം എന്നു പറയുന്നത്. എന്നാൽ ഉടമാവകാശം (Ownership) എന്ന പദത്തിന്റെ നിയതാർഥം നാമിന്ന് വിസ്മരിക്കുകയാണ്. ഇവിടെ ഉടമാവകാശം എന്നത് കേവലം താൽക്കാലികവും ഉപരിപ്ലവവുമാണ്. വ്യക്തി അധ്വാനവും ത്യാഗവും നിക്ഷേപിക്കുമ്പോൾ ദൈവം ഉടമാവകാശത്തിൽ ഉദാരത കാണിക്കുന്നു. ഉടമസ്ഥതയും മുതലാളിത്തവുമെല്ലാം പിറക്കുന്നത് അവിടെയാണ്.

ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പ് സിദ്ധാന്തം ഇവിടെ ഏറെ ശ്രദ്ധേയമാണ്. സമ്പത്ത് ദൈവത്തിന്റേതാണ്. അത് താൽക്കാലികമായി സൂക്ഷിക്കാനും ധർമ്മാനുസൃതം അഥവാ ദൈവമാർഗത്തിൽ വിനിയോഗിക്കാനും ദൈവം ചിലരെ ഏല്പിക്കുന്നു. അങ്ങനെ താൽക്കാലികമായി മുതലാളുന്ന വ്യക്തി മുതലാളിയാവുന്നു. അദ്ദേഹം കേവലം താൽക്കാലികമായ സൂക്ഷിപ്പുകാരൻ (ട്രസ്റ്റി) ആകുന്നു. മുതലാളുന്നവൻ ഉടമയാവണമെന്നില്ല. അവൻ കേവലം വ്യവഹാരി. ട്രസ്റ്റിക്ക് സൂക്ഷിപ്പവകാശമേയുള്ളൂ. ഉടമാവകാശമില്ല. ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പ് സിദ്ധാന്തവുമായി ഇസ്‌ലാമിക സാമ്പത്തിക സമീപനത്തിന് സാജാത്യമുണ്ട്.

ധനം ഒരു വർഗത്തിന്റെ കുത്തകയായി മാറിക്കൂടാ. ഉപയോഗരഹിതമായി, സ്വരൂപിച്ച് കുന്നുകൂട്ടാനുള്ളതല്ല ധനം. ധനം കുന്നുകൂട്ടുന്നതാണ് സകല വിനാശങ്ങൾക്കും കാരണം. കുത്തക സംഭരണത്തെ അടിമുടി എതിർക്കുന്ന ദർശനപഥമാണ് ഇസ്‌ലാം. അതുകൊണ്ടാണ് ഖലീഫാ ഉമർ തന്റെ അവസാന കാലത്ത് ധനികരുടെ മിച്ചധനം പിടിച്ചെടുത്ത് ദരിദ്രസമൂഹത്തിന്നായി വിതരണം ചെയ്യാനുള്ള പരിപാടികളൊരുക്കിയത്. (പക്ഷേ, അത് പ്രയോഗത്തിൽ വരുത്താൻ ഏറെ കാലതാമസം വേണ്ടിവന്നു. അതിൽ ഉമർ നിർവ്യാജം ദുഃഖിച്ചു.) ഇസ്‌ലാമിക വീക്ഷണമനുസരിച്ച് മിച്ചധനം അവശജനവിഭാഗങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടാനുള്ളതാണ്. മുഹമ്മദ് നബി ഇങ്ങനെ അറിയിച്ചു:

> ''ഹേ, മനുഷ്യപുത്രാ, മിച്ചധനം പിടിച്ചുവയ്ക്കുന്നതിനെക്കാൾ നിനക്ക് നല്ലത് അത് ദാനം ചെയ്യുകയാണ്'' –മുസ്‌ലിം.
>
> ''ദൈവമാർഗത്തിൽ ചെലവ് ചെയ്യാതെ സ്വർണവും വെള്ളിയും നിക്ഷേപിച്ച് വെക്കുന്നവർക്ക് കഠിനമായ ശിക്ഷയാണുള്ളതെന്ന സന്തോഷവാർത്തയറിയിക്കുക.'' (അ. 9 സൂ.34)
>
> ''വല്ലവന്റെയും വശം ഒരു മിച്ചവാഹനമുണ്ടെങ്കിൽ അത് വാഹനമില്ലാത്തവന് വെറുതെ കൊടുക്കേണ്ടതാണ്. വല്ലവന്റെയും പക്കൽ മിച്ചമായ പാഥേയമുണ്ടെങ്കിൽ അത് പാഥേയമില്ലാത്തവന് വിട്ടുകൊടുക്കേണ്ടതാണ്.''
>
> (ഇത് അബൂസഈദ് റിപ്പോർട്ട് ചെയ്ത നബി വചനം.)

വ്യക്തിയുടെ കൈയിൽ ഏല്പിക്കപ്പെട്ട അനാമത്താണ് ധനം. സമൂഹത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്ക് വേണ്ടിയാണ് അതേല്പിക്കപ്പെട്ടത്. വഴിമാറി വിനിയോഗിച്ച് സ്വാർഥം നേടാൻ വ്യക്തിക്കധികാരമില്ല. മറ്റുള്ളവരുടെ നിസ്സഹായാവസ്ഥയെ ചൂഷണം ചെയ്ത് കൊടുത്തതിൽ കൂടുതൽ തിരിച്ചുവാങ്ങാനും ആർക്കും അവകാശമില്ല. അന്നിലയിൽ ഇസ്‌ലാമിക ദൃഷ്ടിയിൽ പലിശ നിഷിദ്ധവും മ്ലേച്ഛവുമാണ്. വിവാഹം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ അത്യാവശ്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്ന സന്ദർഭങ്ങളിലും ചിലപ്പോൾ കുടുംബസംരക്ഷണത്തിനുതന്നെയും സാധാരണക്കാരൻ സമ്പന്നനെ ആശ്രയിക്കേണ്ടിവരുന്നു. അവന്റെ ഞെരുക്കവും ആവശ്യങ്ങളുടെ അനിവാര്യതയും മനസ്സിലാക്കിയ സമ്പന്നൻ ആ സന്ദർഭത്തെ പരമാവധി ചൂഷണം ചെയ്യുകയും അവനിൽനിന്ന് കൊള്ളപ്പലിശ വസൂലാക്കുകയും ചെയ്യുന്നു. അധ്വാനത്തിന് മഹത്വം കല്പിക്കുകയും ധർമനിഷ്ഠമായി സമ്പാദ്യം വർധിപ്പിക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്ന ഇസ്‌ലാം പണം പണത്തെ പെരു

പ്പിക്കുന്ന ചൂഷണജന്യമായ പലിശാ സമ്പ്രദായത്തെ അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. നിസ്സഹായതയെ വാറ്റിയെടുത്തൊരുക്കുന്ന വിഷവസ്തുവാണ് പലിശ. ഇന്നത്തെ ബ്ലേഡ് കമ്പനികളിൽ കാണുന്നത് കരാളകഠിനമായ അതിന്റെ ബീഭത്സരൂപമാണ്. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ആദർശപരതയുടെയും ശവപ്പറമ്പിലേ പലിശക്ക് വേരോട്ടമുണ്ടാവുകയുള്ളൂ. ഒരുകൂട്ടം ആളുകളിൽ സമ്പത്ത് കേന്ദ്രീകരിക്കാനും പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അകല്ച്ച വർധിപ്പിക്കാനുമേ പലിശ പ്രയോജനപ്പെടുന്നുള്ളൂ. ചിലന്തിവലയിൽ കുടുങ്ങിയ ശലഭത്തെപ്പോലെ പലിശക്കെണിയിൽ കുടുങ്ങിയ പാവപ്പെട്ടവൻ നശിക്കുന്നു. അവന്ന് പിന്നെ മോചനമില്ല.

> ''ഇസ്ലാമിന്റെ മൗലിക വിഭാവനയ്ക്ക് നിരക്കാത്തതാണ് പലിശ. ഇസ്ലാമിന്റെ ദൃഷ്ടിയിൽ സമ്പത്ത് അല്ലാഹുവിന്റേതാണ്. ദൈവത്തിന്റെ പ്രതിനിധിയായ മനുഷ്യൻ, തന്റെ ഹിതമനുസരിച്ചല്ല ദൈവഹിതമനുസരിച്ചാണ് സമ്പത്ത് കൈകാര്യം ചെയ്യേണ്ടത്'' എന്ന സയ്യിദ് ഖുതുബിന്റെ പരാമർശം അതീവ ശ്രദ്ധേയമാണ്. മനുഷ്യജീവിതത്തിന്റെ സമുന്നത വിഭാവിത ലക്ഷ്യം അളവറ്റ ധനംസമ്പാദിക്കലും അനുഭവിക്കലുമാണെന്ന വികലമായ അടിസ്ഥാനത്തിലാണ് പലിശ വ്യവസ്ഥ അധിഷ്ഠിതമായിരിക്കുന്നത്. ഈ വീക്ഷണം വെച്ചുപുലർത്തുന്നവൻ സമ്പത്തിൽ ആർത്തി കാണിക്കുകയും അത് നേടിക്കൂട്ടാൻ ഏതാദർശവും ഹോമിക്കുകയും ചെയ്യുന്നു.

പലിശക്ക് അംഗീകൃത സാമൂഹിക സദാചാരത്തിന്റെ പരിവേഷവും അംഗീകാരവും കൈവന്ന കാലമാണിത്. അതിന്റെ ക്രൂരവും ഹീനവും അധാർമികവുമായ പ്രകൃതത്തെക്കുറിച്ച് നാമാരും ഇന്ന് ചിന്തിക്കാറില്ല. വാങ്ങുന്ന കടംകൊണ്ട് സാധിക്കുന്ന പ്രയോജനമേ നാമാരും കീർത്തിക്കാറുള്ളൂ. വ്യക്തിപരമായ ജീവിതാവശ്യങ്ങൾ, സാമൂഹിക വികസനം, രാഷ്ട്രപുനരുദ്ധാരണം എന്നിവയ്ക്ക് ഇന്നേറെ പ്രയോജനപ്പെടുന്നത് കടമാണ്. വാങ്ങുന്ന കടം നമുക്ക് ശരണമായും സഹായമായും പരിണമിക്കുന്നുണ്ടെങ്കിൽ തിരിച്ചുകൊടുക്കേണ്ട പലിശ കെണിയായി മാറുന്നു. ഉള്ളവന്റെ കൈയിലെ സമ്പത്ത്, പ്രയാസപ്പെടുന്നവനെ വേട്ടയാടി പെരുപ്പിക്കാനുപയോഗിക്കുന്ന ഊരാക്കെണിയാണ് പലിശ. ഇത് ദൈവഹിതത്തിനെതിരാണെന്ന് ഇസ്ലാം കർശനമായി നിർദേശിക്കുന്നു. പാവപ്പെട്ടവനെ വിഷമാവസ്ഥയിൽ സഹായിച്ച് അല്ലാഹുവിന്റെ പ്രീതി പതിന്മടങ്ങനുഭവിക്കാനുള്ള മഹത്തായ സന്ദർഭം പലിശയുടെ വിഷധൂമികയേറ്റ് കൈമോശം വരുന്ന കഥ നാമോർക്കാറില്ല. ഇസ്ലാം ആ ധർമച്യുതിയുടെ നേരെ വിരൽ ചൂണ്ടുന്നു.

ഓരോ ഉപഭോക്താവും പലിശ വ്യാപാരിക്ക് പരോക്ഷ നികുതി നല്കുന്നുണ്ടെന്ന സത്യവും നാമോർക്കാറില്ല. വ്യവസായികളും വ്യാപാരികളും തങ്ങൾ കൊടുക്കുന്ന പലിശത്തുക ഉപഭോക്താക്കളിൽനിന്നാണ് വസൂലാക്കുന്നത്. കൊടുക്കുന്ന പലിശയ്ക്കനുസരിച്ച് അവർ ഉല്പന്നങ്ങൾക്ക് വില കൂട്ടുന്നു. അങ്ങനെ വരുമ്പോൾ, അന്തിമ വിശകലനത്തിൽ പലിശയുടെ ഭാരം ചുമക്കുന്നതും പാവപ്പെട്ടവരാണെന്നു കാണാം. വികസന പ്രവർത്തനങ്ങൾക്കായി ലോകബേങ്കിൽനിന്നും, അന്താരാഷ്ട്ര നാണയനിധിയിൽനിന്നും ഭരണകൂടങ്ങൾ വാങ്ങുന്ന വായ്പയുടെ പലിശ നല്കേണ്ടതും അതത് രാഷ്ട്ര

ങ്ങളിലെ പാവം ജനങ്ങളാണ്. പലിശയടക്കം കടംവീട്ടാൻ നിർബദ്ധമാവുന്ന രാഷ്ട്രം നികുതി വർധിപ്പിക്കാൻ പ്രേരിതമമാകുന്നു.. നികുതിഭാരം പൗരന്റെ നട്ടെല്ലൊടിക്കുമ്പോൾ നാമാരുംതന്നെ കടംതന്ന നാണയനിധികളെ ഓർക്കാറില്ല. സ്വതന്ത്ര രാഷ്ട്രങ്ങൾക്കിടയിൽ ഉത്തമർണനും അധമർണനുമുണ്ടാവുന്നു എന്നതിനപ്പുറം സാമ്രാജ്യത്വ വികസനവും തജ്ജന്യമായ ശീതസമരവും അനുഭവപ്പെടുന്നു. പലിശയിൽ ചൂഷണത്തിന്റെ വേതാളമുഖം കാണുന്ന ഇസ്ലാംസംസ്കൃതി എല്ലാ അർഥത്തിലും പാവപ്പെട്ടവരോട് കരുണ കാണിക്കാൻ വ്യഗ്രത കൊള്ളുന്നു.

''കൊള്ളുമ്പോഴും വില്ക്കുമ്പോഴും കിട്ടാനുള്ളത് ആവശ്യപ്പെടുമ്പോഴും വിട്ടുവീഴ്ചാമനോഭാവമുള്ളവനോട് അല്ലാഹു കനിയട്ടെ.'' (ബുഖാരി, തിർമുദി) എന്നും ''അന്ത്യനാളുകളിലെ വിഷമതകളിൽനിന്ന് അല്ലാഹുവിന്റെ രക്ഷ ഒരാൾ ആഗ്രഹിക്കുന്നുവെങ്കിൽ ഞെരുങ്ങുന്നവന്ന് ആശ്വാസം നല്കുകയോ ഇളവനുവദിക്കുകയോ ചെയ്യട്ടെ'' (മുസ്ലിം) എന്നും ''ഞെരുങ്ങുന്നവന്ന് അവധി നല്കുകയോ ഇളവനുവദിക്കുകയോ ചെയ്യുന്നവന്ന് തണലില്ലാത്ത ദിവസം അല്ലാഹു തണലേകും.'' എന്നുമുള്ള നബിവചനങ്ങൾ അതാണഭിവ്യക്തമാക്കുന്നത്.

# 28. ഇസ്‌ലാം അക്രമണോത്സുകമല്ല

●

ഇസ്‌ലാമിന്റെ തിരുവുദയത്തെ ഖുറൈശികൾ ശക്തമായി എതിർത്തുപോന്നു. ക്രമേണ അവർ ഇസ്‌ലാമിനെതിരെ വിഭ്രാന്തരും അക്രമണോത്സുകരുമായി. അപ്പോഴും സഹനസമരത്തിലൂടെ സത്യവിശ്വാസികൾ മുന്നോട്ട് പോയിക്കൊണ്ടിരുന്നു. അവർ പ്രകടിപ്പിച്ച സമാധാനത്തിന്റെയും സൗമനസ്യത്തിന്റെയും സമീപനം ദുർബലതയുടെ ദൃഷ്ടാന്തങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. മറ്റ് വഴിയൊന്നുമില്ലെന്ന് വന്നപ്പോൾ പുതിയ ദർശനങ്ങളെ നെഞ്ചിലേറ്റി മക്കയിൽനിന്ന് പലായനം ചെയ്യാൻ സത്യവിശ്വാസികൾ നിർബദ്ധരായി. സമീപസ്ഥമായ അബ്സീനിയയിലേക്കാണ് ആദ്യമായി കുറേപേർ അഭയം തേടിച്ചെന്നത്. അവിടത്തെ ചക്രവർത്തി ക്രിസ്തീയ വിശ്വാസിയായ ഒരു ഉദാരമനസ്കനായിരുന്നു. സത്യവിശ്വാസികൾക്ക് അഭയം കൊടുത്ത അബ്സീനിയൻ ചക്രവർത്തിയെ ദുർബോധനപ്പെടുത്തി അഭയം തേടിയെത്തിയവരെ തുരത്തിയോട്ടാൻ ഖുറൈശികൾ ചതുരുപായങ്ങളും പ്രയോഗിച്ചു. പക്ഷേ, നേരറിയാൻകഴിഞ്ഞ ചക്രവർത്തി ഇസ്‌ലാം വിശ്വാസികൾക്ക് മനസ്സറിഞ്ഞുതന്നെ തുടർന്നും അഭയം നല്കാൻ തീരുമാനിച്ചു.

കുറേ പേർ മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്തു. അവസാനം മുഹമ്മദും അവരോടൊപ്പം അങ്ങോട്ടു പോയി. അവിടെയും ചെന്ന് സത്യവിശ്വാസികളുടെ സ്വസ്ഥത കെടുത്താൻ ഖുറൈശികളൊരുങ്ങി. മദീനയിൽ സകലജന പ്രിയനായി മുഹമ്മദ് കൊണ്ടാടപ്പെട്ടുവെങ്കിലും ഖുറൈശികളുടെ കുബുദ്ധികൊണ്ട് അന്തരീക്ഷം അസ്വസ്ഥമായിത്തന്നെ തുടർന്നു. ഖുറൈശി പ്രമാണിമാർ മദീനയിലെ സമുദായ സാരഥികൾക്ക് ദൂഷണം നിറച്ച തരകുകളയച്ചുകൊണ്ടിരുന്നു. കലാപകാരികൾക്ക് അഭയം നല്കരുതെന്നും അവരെ തിരിച്ചയക്കണമെന്നും ഖുറൈശികളാവശ്യപ്പെട്ടു. എന്നാൽ മദീനയുടെ മനസ്സുമായി അലിഞ്ഞുചേർന്നുകഴിഞ്ഞ സത്യവിശ്വാസികളെ തിരിച്ചയക്കാനവർ ഇഷ്ടപ്പെട്ടില്ല.

വിപൽക്കരമായ ഒരു വിചാര വിപ്ലവത്തിനും സാമൂഹ്യപരിവർത്തനത്തിനും കാരണക്കാരായിത്തീരാനിടയുള്ള പുതു വിശ്വാസികളെ നശിപ്പിക്കുവാൻ ഖുറൈശികൾ വലിയൊരു സൈന്യത്തെ സജ്ജീകരിച്ച് മദീനയ്ക്കെതിരെ നീങ്ങി.

അതീവ നിർണായകമായ ആ സന്ദർഭത്തിൽ ആത്മരക്ഷയ്ക്കും ആദർശസംരക്ഷണത്തിന്നുമായി ആയുധമെടുക്കാൻ തിരുമൊഴികളുണ്ടായി. ഇസ്‌ലാമിക സംസ്കൃതിയിൽ ആയുധത്തിന്റെ പ്രസക്തി ആദ്യമായി അവിടെയാണ്

ബോധ്യപ്പെടുന്നത്.

"യുദ്ധം അടിച്ചേല്പിക്കപ്പെട്ടവർക്ക് യുദ്ധം ചെയ്യാനുള്ള അനുവാദം നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ ദ്രോഹിക്കപ്പെട്ടവരത്രെ. അവരെ സഹായിക്കുവാൻ അല്ലാഹു നിശ്ചയമായും കഴിവുള്ളവനാണ്."

"ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്ന് പറഞ്ഞതിനു മാത്രം തങ്ങളുടെ ഭവനങ്ങളിൽനിന്ന് അന്യായമായി അടിച്ചോടിക്കപ്പെട്ടവരത്രേ അവർ. മനുഷ്യരിൽ ചിലരെ മറ്റു ചിലരെക്കൊണ്ടു തടഞ്ഞുകൊള്ളുന്നില്ലെങ്കിൽ കനീസകളും ദേവാലയങ്ങളും അല്ലാഹുവിന്റെ നാമം അധികമായി അനുസ്മരിക്കപ്പെടുന്ന പള്ളികളും തീർച്ചയായും നശിപ്പിക്കപ്പെടുമായിരുന്നു. അല്ലാഹു അവനെ സഹായിക്കുന്നവനെ സഹായിക്കുന്നവനാകുന്നു. അല്ലാഹു നിശ്ചയമായും ശക്തിമാനും പ്രതാപശാലിയുമത്രേ. ഭൂമിയിൽ നാം ആധിപത്യം നൽകുന്ന പക്ഷം കൃത്യമായി നമസ്കാരമനുഷ്ഠിക്കുകയും സക്കാത്ത് നല്കുകയും നന്മ ഉപദേശിക്കുകയും തിന്മയെ നിരോധിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ഈ അനുവാദം നല്കപ്പെട്ടിരിക്കുന്നുത്. എല്ലാ കാര്യങ്ങളിലും അല്ലാഹുവത്രേ അന്തിമ വിധികർത്താവ്." (22: 40–42)

"മനുഷ്യജീവന്റെ പവിത്രതയും സമൂഹത്തിന്റെ ധാർമികനിലയും ശാന്തിയും അതിക്രമിക്കപ്പെടാതിരിക്കാൻ അതിക്രമത്തിന്റെ ശക്തികളോട് പോരാടേണ്ടിവരും. അതാണ് ഇസ്ലാമിലെ യുദ്ധം."

ഇസ്ലാം വിശ്വാസമനുസരിച്ച് യുദ്ധം ന്യായീകരിക്കപ്പെടുന്ന ചില സന്ദർഭങ്ങളുണ്ട്. "ഇടതു ചെകിടത്തടിയേറ്റാൽ വലത് ചെകിടും കാണിച്ചു കൊടുക്കുക" എന്ന സമീപനത്തോട് ഇസ്ലാമിന് ഹൃദയബന്ധമില്ല.

മർദിക്കപ്പെടുക
ആക്രമിക്കപ്പെടുക
അന്യായമായി വീട്ടിൽനിന്നും നാട്ടിൽനിന്നും
പുറംതള്ളപ്പെടുക
ജനിച്ചുവളർന്ന് താമസിച്ചുവരുന്ന നാട്ടിൽ
കഴിഞ്ഞുകൂടാനനുവദിക്കാതിരിക്കുക
വിശ്വാസ സ്വാതന്ത്ര്യം ചോദ്യം ചെയ്യപ്പെടുക
ആരാധനാലയങ്ങൾക്ക് ഭീഷണിയനുഭവപ്പെടുക

ഇത്തരം സന്ദർഭങ്ങളിൽ, യുദ്ധമാവശ്യമായി വരികയാണെങ്കിൽ സത്യവിശ്വാസികൾക്ക് ദൈവ മാർഗത്തിലെ വിശുദ്ധവൃത്തി എന്ന നിലയിൽ യുദ്ധം ചെയ്യാവുന്നതാണ്. പ്രവാചകൻ സാരഥ്യമരുളിയ ഓരോ യുദ്ധവും ഇവയ്ക്ക് നിദർശനങ്ങളായിരുന്നു.

യുദ്ധഭൂമിയിലേക്കുള്ള പുറപ്പാടിൽ പ്രവാചകൻ നല്കിപ്പോന്ന വിശുദ്ധ സന്ദേശം "ഓ, സത്യവിശ്വാസികളേ, ഫിത്ന (അക്രമം, മർദനം, മതദ്രോഹം, ആഭ്യന്തര കലഹങ്ങൾ മുതലായ തിൻമകൾക്കാണ് അറബിയിൽ ഫിതൻ എന്നു പറയുന്നത്. ഏകവചനം ഫിത്ന.) അവശേഷിക്കാതാവുന്നതുവരെയും വിധേയത്വം പൂർണ്ണമായും അല്ലാഹുവിന്നായിത്തീരുന്നതുവരെയും ഈ ധിക്കാരികളോട് സമരം ചെയ്യുക" എന്നതായിരുന്നു.

"ആരെങ്കിലും അല്ലാഹുവിന്റെ നാമത്തിൽ യുദ്ധം ചെയ്യുന്നതായാൽ, എന്നിട്ട് അവൻ വധിക്കപ്പെടട്ടെ, അല്ലെങ്കിൽ വിജയിക്കട്ടെ–നാം അവന്ന് മഹത്തായ പ്രതിഫലം നല്കുന്നതാണ്. അല്ലാഹുവിന്റെയും ദുർബലരായ പുരു

ഷൻമാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കാൻ നിങ്ങൾക്ക് എന്തുണ്ട് ന്യായം? അവർ പ്രാർഥിക്കുന്നു: ഞങ്ങളുടെ നാഥാ, അക്രമികളായ നിവാസികളുടെ ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ. ഞങ്ങൾക്ക് നിന്റെ പക്കൽനിന്ന് ഒരു രക്ഷകനെ നീ നിശ്ചയിച്ചു തരേണമേ. നിന്റെ പക്കൽനിന്നുള്ള ഒരു സഹായിയെയും നീ ഞങ്ങൾക്ക് നിശ്ചയിച്ചുതരേണമേ.... സത്യവിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. നിഷേധികൾ ദുശ്ശക്തികളുടെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അതിനാൽ നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് യുദ്ധം ചെയ്യുക. അറിഞ്ഞിരിക്കുവിൻ, പിശാചിന്റെ കുതന്ത്രം ദുർബലംതന്നെയാണ്.'' (4: 75– 77)

ദൈവമാർഗത്തിൽനിന്ന് വ്യതിചലിച്ച അക്രമികളായ മുസ്‌ലിംകൾക്കെതിരെപോലും വേണ്ടിവന്നാൽ യുദ്ധം ചെയ്യണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു.

ഒരു സാഹചര്യത്തിലും ആയുധം തൊടില്ലെന്നാണയിടുന്ന അലൗകികാദർശ വാദത്തിന്റെ ജീവിത ദർശനമല്ല ഇസ്‌ലാം. ആവശ്യമാണെങ്കിൽ 'കുരുക്ഷേത്രം' വിരചിക്കാനും കുരുക്ഷേത്രത്തിൽ ശക്തി സിദ്ധികൾ സമർഥമായി പ്രയോഗിച്ച് പോരാട്ടത്തെ ധർമകർമമായി വിശേഷിപ്പിക്കാനും മുന്നോട്ടുവന്ന ഗീതാകാരനിലൂടെ പ്രകാശിതമായ സന്ദേശവും മറ്റൊന്നല്ല. ആയുധപ്രയോഗം അഥവാ യുദ്ധം ഒരു ലക്ഷ്യമല്ല. ഉൽകൃഷ്ടമായ ഒരു ലക്ഷ്യത്തിന്റെ സാക്ഷാൽക്കാരത്തിനുള്ള ഉപാസനയുടെ ദിവ്യപരിവേഷമാണ് ഇസ്‌ലാം യുദ്ധത്തിന് നല്കിയിട്ടുള്ളത്. ധർമസമരവും ജിഹാദും കുരിശുയുദ്ധവും ആ മഹത്തായ ആശയത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. (ആധുനിക കാലത്തെ യുദ്ധമല്ല ഇവിടത്തെ വിചാരവിഷയം. ഇക്കാലത്ത് ദൈവമില്ല, ജീവിതമില്ല, സമുൽകൃഷ്ട വിഭാവിത ലക്ഷ്യങ്ങളില്ല, ധർമവും ദൗത്യവുമില്ല– കാലപ്രവാഹത്തിലെ ഒരു നിമിഷാർധത്തിൽ മിന്നിമായുന്ന കണ്ണടച്ചോട്ടമാണിന്ന് ജീവിതം. അതുകൊണ്ടിവിടെ മൂല്യവിചാരം പോലും അപ്രസക്തമാണെന്ന് തോന്നുന്നു.)

വലിയ തിൻമയെ ചെറുക്കാൻ, മറ്റ് വഴിയേതുമില്ലെങ്കിൽ ചെറിയ തിൻമ ചെയ്യാൻ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. കർണ്ണന്റെ രഥചക്രങ്ങൾ മണ്ണിലാണ്ടുപോയപ്പോഴും യുദ്ധ നീതികളെ മുഴുവൻ കാറ്റിൽപറത്തിക്കൊണ്ട് ഗദായുദ്ധത്തിൽ ദുര്യോധനന്റെ തുടക്കടിച്ചു കൊല്ലാൻ കൃഷ്ണനാവശ്യപ്പെട്ട വേളയിലും അങ്ങനെയൊരു നൂറ് സന്ദർഭങ്ങളിൽ നിയമലംഘനമുണ്ടായപ്പോഴും അവയെ വേദവിത്തുകൾ ന്യായീകരിച്ചത് വലിയ തിന്മയെച്ചെറുക്കാൻ ചെറിയ തിന്മയാവാം എന്ന സുപ്രഥിതമായ പ്രായോഗിക ദർശനത്തിന്റെ പശ്ചാത്തലത്തിലാണ്.

യുദ്ധരംഗത്ത് യുദ്ധമര്യാദകൾ അഥവാ യുദ്ധധർമങ്ങൾ ഇസ്‌ലാം കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്.

''അവിശ്വാസികൾ സന്ധിയിലേക്ക് ചാഞ്ഞാൽ നിങ്ങളതിന്ന് സമ്മതിക്കുക.'' (8: 61)

''പ്രതിയോഗികൾ യുദ്ധം നിർത്തി പിൻവാങ്ങുകയാണെങ്കിൽ യുദ്ധം തുടരാൻ നിങ്ങൾക്കവകാശമില്ല. ആക്രമണം തുടരുകയാണെങ്കിൽ മാത്രമേ അവരെ ശത്രുക്കളായിക്കരുതാവൂ. യുദ്ധരംഗത്ത് ചതിയും കുടിലതയും

കാട്ടാതെ ദൈവമാർഗത്തിൽതന്നെ പെരുമാറാൻ നിങ്ങൾക്ക് കഴിയണം. ആക്രമണത്തെ പ്രതിരോധിക്കാനും വിശ്വാസ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാനും മാത്രമേ യുദ്ധമനുവദിച്ചിട്ടുള്ളൂ.''

''മർദനം അവസാനിക്കുകയും ദൈവഹിതം നിറവേറ്റപ്പെടുന്നതിന് മതം സ്വതന്ത്രമായി അനുഷ്ഠിക്കപ്പെടുമാറാവുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് പൊരുതുവിൻ. എന്നാൽ അവർ പിന്തിരിയുന്നുവെങ്കിലോ? അക്രമകാരികളോടല്ലാതെ ശത്രുത പാടില്ലെന്ന് ഓർത്തുകൊള്ളുവിൻ.'' (2: 194)

''അല്ലയോ വിശ്വാസികളേ, നിങ്ങൾ ഒരു പടയെ നേരിടുമ്പോൾ സ്ഥൈര്യത്തോടെ നിലകൊള്ളുക.'' (8: 47.)

''അല്ലയോ വിശ്വസിച്ചവരേ, സത്യനിഷേധികളുടെ പടയെ നേരിടുമ്പോൾ നിങ്ങൽ പിൻമാറരുത്. ആരെങ്കിലും ഇത്തരം സന്ദർഭങ്ങളിൽ യുദ്ധതന്ത്രമായിട്ടോ മറ്റൊരു സൈന്യവിഭാഗത്തോടൊപ്പം ചേരുന്നതിന്നുവേണ്ടിയോ അല്ലാതെ പിന്മാറുകയാണെങ്കിൽ അവൻ അല്ലാഹുവിന്റെ കോപത്തിൽ പതിക്കുന്നതാണ്. അവന്റെ അഭയസ്ഥാനം നരകമായിരിക്കും. എന്തുമാത്രം ദുഷിച്ച സങ്കേതമാണത്!'' (8: 15, 16.) ശത്രുക്കളുടെ മുന്നിൽ നിന്നോടിപ്പോകുന്നത് ഏറ്റവും വലിയ ധർമച്യുതിയാണെന്ന് കാണിക്കുന്ന ഒന്നിലേറെ ഹദീസുകളുണ്ട്. പേടിച്ചോടുന്നവന്റെ ആണത്തമില്ലായ്മ കൊടിയ പാപമാണെന്ന് പോലും ഒരിക്കൽ പ്രവാചകൻ പറയുകയുണ്ടായി:

''എല്ലാ നന്മകളെയും ഹനിക്കുന്ന മൂന്ന് മഹാപാപങ്ങളുണ്ട്. ഒന്ന്, അല്ലാഹുവിന് പങ്കുകാരെ കല്പിക്കുക, രണ്ട്, മാതാപിതാക്കളുടെ അവകാശം നിഷേധിക്കുക, മൂന്ന്, അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ നിന്ന് പിന്തിരിഞ്ഞോടുക.''

ഒട്ടെല്ലാ നാടുകളിലും പഴയ ചക്രവർത്തിമാരുടെ പ്രതാപം അവർ നടത്തിയ യുദ്ധങ്ങളുടെ എണ്ണപ്പെരുപ്പത്തിലും നേടിയ യുദ്ധവിജയങ്ങളിലുമാണ് ഊന്നിനിന്നിരുന്നത്. രാജ്യ വിസ്തൃതി കൂട്ടാൻ മാത്രമല്ല അർഥസമ്പാദനത്തിനും അടിമകളെ പിടിച്ചടക്കുന്നതിനും വേണ്ടി പഴയകാലത്ത് യുദ്ധം നടത്തുക എന്നത് പതിവായിരുന്നു. എന്നാൽ രാജ്യം, അർഥം, അടിമ എന്നിവയ്ക്കുവേണ്ടിയുള്ള ഒരൊറ്റ യുദ്ധത്തിനുപോലും പ്രവാചകൻ നേതൃത്വം നല്കിയില്ല എന്നത് ശ്രദ്ധേയമാണ്. പ്രവാചകൻ സാരഥ്യം നല്കിയ പ്രധാനപ്പെട്ട യുദ്ധങ്ങളുടെ പശ്ചാത്തലം ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

മദീനയിൽ അഭയം തേടിയ പ്രവാചകനെയും അനുയായികളെയും അവിടെനിന്ന് തുരത്തിയോട്ടാൻ ഖുറൈശികൾ മദീനയിലെ പ്രമാണിമാരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അത്തരം ശ്രമങ്ങളെല്ലാം വിഫലങ്ങളായെന്നു വന്നപ്പോൾ ഭീഷണിപ്രയോഗമായി. മുഹമ്മദിനെ മദീനക്കാർ വധിക്കുന്നില്ലെങ്കിൽ മദീനക്കാരെ ഒന്നൊഴിയാതെ തങ്ങൾ വകവരുത്തുമെന്നായിരുന്നു കത്തുകളിലെ ഭീഷണി. ഭീഷണികൊണ്ടും ഫലമില്ലെന്നായപ്പോൾ കവർച്ചയും കൈയേറ്റവുമാരംഭിച്ചു. മദീനയിൽ കടന്നുചെന്ന് അവിടത്തെ ആടുമാടുകളെ മോഷ്ടിക്കുവാൻ തുടങ്ങി. സംഘട്ടനമൊഴിവാക്കാൻ മദീനക്കാർ ബോധപൂർവം ശ്രമിച്ചുനോക്കി. അനുനയ ശ്രമങ്ങൾ പരാജയപ്പെട്ടു. മദീനയ്ക്കെതിരെ വലിയൊരു യുദ്ധം ഖുറൈശികളുടെ മനസ്സിൽ രൂപം പ്രാപിച്ചുകഴിഞ്ഞിരുന്നു. ആവശ്യമായത്ര ആയുധ സംഭരണത്തിനായി അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ വലിയൊരു കച്ചവടസംഘം ശാമിലേക്ക് പുറപ്പെട്ടു. അവർ ആയുധക്കച്ചവടം

നടത്തി നിരപായം മക്കയിലേക്ക് മടങ്ങിയെങ്കിലും യാത്രയിൽ മുസ്‌ലിംകൾ തങ്ങളെ കൈയേറ്റം ചെയ്തുവെന്ന് അവരൊരു കള്ളക്കഥ പ്രചരിപ്പിച്ചു. ഇതിന്ന് പകരംവീട്ടാനെന്ന നിലയിൽ ക്രൂരനും കുബുദ്ധിയുമെന്ന് കുപ്രസിദ്ധി നേടിയ അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ നൂറ് കുതിരപ്പടയാളികളടങ്ങുന്ന വലിയൊരു സൈന്യം മദീനയിലേക്ക് നീങ്ങി. കാര്യമറിഞ്ഞ പ്രവാചകൻ സഹാബിമാരുമായാലോചിച്ചു. പ്രതിരോധത്തിന് തീരുമാനമെടുത്തു. മദീനയിലെ ഔസ്-ഖസ്‌റജ്ഗോത്രക്കാർ ഖുറൈശികളുടെ ധിക്കാരപൂർവമായ അനീതിയെ ജീവൻ കൊടുത്തും നേരിടണമെന്ന് പ്രവാചകനോടഭ്യർഥിച്ചു.

''നബിയേ, താങ്കളുടെ ഇടത്തും വലത്തും മുന്നിലും പിന്നിലും നിന്ന് ഞങ്ങൾ പൊരുതു''മെന്ന് പറഞ്ഞ മിഖ്ദാദ് എന്ന യുവധീരനായ സഹാബിയുടെ വാക്കുകൾ പ്രവാചകനെ രോമഹർഷമണിയിച്ചു.

''പ്രവാചകൻ കല്പിച്ചാൽ നടുക്കടലിൽ ചാടാനും ഞങ്ങൾ തയ്യാറാണ്'' എന്ന ഖസ്‌റജ് ഗോത്രനേതാവായ സഅദ്ബ്നു ഉബാദയുടെ വാക്കുകൾ അത്യന്തം ആവേശദായകമായിരുന്നു.

രണ്ടു കുതിരകളും ഏതാനും ആയുധങ്ങളുമായി മുഹമ്മദ് നബിയും കുറേ സത്യവിശ്വാസികളുമിറങ്ങി. മദീനയിൽനിന്ന് ഉദ്ദേശം നൂറ്റി മുപ്പത് കി.മീറ്റർ അകലെയുള്ള ഒരു കൊച്ചു ഗ്രാമമാണ് ബദർ. അവിടെയാണ് ഖുറൈശികളുടെ കൈയേറ്റം അഴിഞ്ഞാടിത്തിമർത്തത്. ഇതാണ് ബദർ യുദ്ധത്തിന്റെ പശ്ചാത്തലം. യുദ്ധം അനിവാര്യമാക്കപ്പെട്ട ഒരു മുഹൂർത്തമായിരുന്നു അത്. യുദ്ധം അനിവാര്യമാക്കപ്പെട്ട സന്ദർഭങ്ങളിൽ ഭീരുവെപ്പോലെ, ഗൗരവബോധമുൾക്കൊള്ളാതെ പിൻതിരിഞ്ഞോടുന്നത് അപഹാസ്യമാണെന്നാണ് ഇസ്‌ലാം സംസ്കൃതി അനുശാസിക്കുന്നത്.

സവീഖ് യുദ്ധത്തിന്റെ സാഹചര്യമൊന്ന് ശ്രദ്ധിക്കാം. ഇവിടെ ഹൈന്ദവീയ കഥാലോകത്ത് ശ്രദ്ധേയമായ ഭീഷ്മ പ്രതിജ്ഞയോ പാഞ്ചാലീ ശപഥമോ പോലുള്ള ഒരു സംഭവമുണ്ടായി. അബൂസുഫ്‌യാൻ പ്രതാപിയായ ഒരു പടനായകനായിരുന്നു. അദ്ദേഹം നേരിട്ട് പങ്കെടുത്തിരുന്നില്ലെങ്കിലും ബദ്ർ യുദ്ധത്തിൽ അദ്ദേഹത്തിന്റെ കുറേ മിത്രങ്ങൾ കൊല്ലപ്പെടുകയുണ്ടായത്രേ. സ്വന്തം മകൻ ബന്ധനസ്ഥനാക്കപ്പെട്ടുവെന്നും അദ്ദേഹമറിഞ്ഞു. കലിയുറഞ്ഞ അബൂസുഫ്‌യാൻ ഒരു പ്രതിജ്ഞ ചെയ്തു:

''ഇതിന്ന് പകരം വീട്ടാതെ താനിനി സുഖസൗകര്യങ്ങളും ആഡംബര വസ്തുക്കളും വിശിഷ്ട ഭോജ്യങ്ങൾപോലും അനുഭവിക്കുകയില്ല.'' സമനില തെറ്റിയവനെപ്പോലെ അബൂസുഫ്‌യാൻ മദീനയുടെ അയൽപ്രദേശത്ത് ചെന്ന് താവളമടിച്ച് തക്കം പാർത്തിരിപ്പായി. അവിടത്തെ യഹൂദ പ്രമാണിമാരുമായിച്ചേർന്ന് ചില രഹസ്യധാരണകളുണ്ടാക്കി. ഒരു പാതിരാത്രിയിൽ തന്റെ സൈന്യവുമായി മദീനയിൽ പാഞ്ഞുചെന്ന് ഒരു അൻസാരിയേയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ചിലരേയും വെട്ടിക്കൊന്നു. വഴിയിൽ കണ്ട വീടുകളും കുറേ ഈന്തപ്പനത്തോപ്പുകളും ചുട്ടെരിച്ചു.

പകരം വീട്ടി സംതൃപ്തിയോടെ, ഒരു ജേതാവിനെപ്പോലെ അദ്ദേഹം മക്കയിലേക്ക് മടങ്ങി. പാവപ്പെട്ടവരുടെ വസ്തുവഹകൾ ചുട്ടെരിക്കുകയും നിരപരാധികളെ കൊന്നൊടുക്കുകയും ചെയ്ത ക്രൂരതയ്ക്കെതിരെ മുഹമ്മദ് നബി ധർമരുഷ്ടനായി. ഒട്ടും വൈകാതെ കുറേ അനുചരൻമാരോടൊപ്പം

പ്രവാചകൻ അബൂസുഫ്യാനെ പിന്തുടർന്നു. പ്രവാചകനും കൂട്ടുകാരും തന്നെ പിൻതുടരുന്നുണ്ടെന്നറിഞ്ഞ സുഫ്യാൻ തന്റെ ഓട്ടത്തിന് വേഗംകൂട്ടി. ഭക്ഷണത്തിന്നായി കൂടെ കരുതിയിരുന്ന ഗോതമ്പുചാക്കുകൾ പോലും വഴിയിൽ കളഞ്ഞാണ് അവരോടിയത്. (അതുകൊണ്ടാണ് സവീഖ് [ഗോതമ്പുപൊടി] യുദ്ധമെന്ന് ചരിത്രകാരൻമാർ അതിനെ വിശേഷിപ്പിച്ചത്.) ഇവിടെയും പ്രവാചകൻ യുദ്ധോദ്യുക്തനായത് യുദ്ധം അനിവാര്യമായിത്തീർന്നു എന്ന് വന്നപ്പോഴാണ്.

ഉഹ്ദ് യുദ്ധത്തിന്റെ പശ്ചാത്തല പ്രകൃതവും വ്യത്യസ്തമല്ല. ശ്രദ്ധേയമായ ബദ്ർ യുദ്ധത്തിലെ തിരിച്ചടി ഖുറൈശികളെ വിസ്മയ വിവശരാക്കിയിരുന്നു. മക്കയിലെ കുറേ പ്രമാണിമാരാണ് കൊല്ലപ്പെട്ടവരിലേറെപ്പേരും. ഖുറൈശികൾക്ക് അത് ദുസ്സഹമായിരുന്നു. അവരിൽ പ്രതികാരാഗ്നി ആളിക്കത്തിയതിൽ അദ്ഭുതമില്ല. തങ്ങളുടെ വമ്പൻ സായുധ സൈന്യത്തെ താരതമ്യേന പരിമിത വിഭവൻമാരായ ചെറിയ മുസ്ലിം സൈന്യം എങ്ങനെ പരാജയപ്പെടുത്തി എന്നത് ഖുറൈശികളുടെ മനസ്സുകളിൽ ഒരു വിസ്മയമായി വിളഞ്ഞുനിന്നു. തുടർന്നുള്ള രാപ്പകലുകൾ ഒരു കടുത്ത യുദ്ധത്തിന്നുള്ള സൈനിക സജ്ജീകരണത്തിന്നായി അവർ വിനിയോഗിച്ചു. സമീപപ്രദേശങ്ങളിൽ ചെന്ന് ആളും ആയുധവും സജ്ജീകരിച്ചു. അപ്പോഴും യുദ്ധസംരംഭം അതിരഹസ്യമായി സൂക്ഷിക്കാൻ അവർ ജാഗ്രത പുലർത്തി. സമർഥമായ യുദ്ധതന്ത്രങ്ങൾ മെനഞ്ഞെടുത്തു. മൂവ്വായിരം ഭടൻമാരും അത്രതന്നെ ഒട്ടകങ്ങളും ഇരുനൂറ് കുതിരകളും അണിനിരന്ന ആ വലിയ സൈന്യത്തിൽ പ്രത്യേകം പരിശീലനം നേടിയ എഴുന്നൂറ് അങ്കിധാരികളുമുണ്ടായിരുന്നു. അവർ മൂന്നായിപ്പിരിഞ്ഞ് മൂന്ന് ദിശകളിലൂടെയാണ് മദീനയിലേക്ക് കടന്നത്.

ശത്രുസൈന്യം മദീനയിൽനിന്ന് ഏതാണ്ട് ആറ് കിലോമീറ്റർ അകലെയുള്ള ഉഹ്ദ് എന്ന കുന്നിന്റെ താഴ്വരയിൽ തമ്പടിച്ചിട്ടുണ്ടെന്ന് പ്രവാചകന് വിവരം ലഭിച്ചു. കൂടുതലറിയാൻ അനസ്, മുഅനീസ് എന്നിവരെ ഉഹ്ദിലേക്കയച്ചു. കേട്ടതെല്ലാം സത്യമാണെന്നറിഞ്ഞപ്പോൾ സത്യവിശ്വാസികളോട് ആയുധമണിയാനും പള്ളിയിലും പട്ടണങ്ങളിലും കാവൽ നില്ക്കാനുമാവശ്യപ്പെട്ടു. മണിക്കൂറുകൾ കൊണ്ട് സടകുടഞ്ഞെഴുന്നേല്ക്കാൻ സത്യവിശ്വാസികൾക്ക് കഴിഞ്ഞു. ഉഹ്ദിലെത്തി, ആയിരങ്ങളണിനിരന്ന ഖുറൈശിപ്പടയ്ക്ക് മുഖാഭിമുഖം നിന്നപ്പോൾ തന്റെ പക്ഷത്ത് കേവലം എഴുന്നൂറോളം അനുചരന്മാരേ ഉണ്ടായിരുന്നുള്ളൂ എന്ന വിചാരം മുഹമ്മദ് നബിയെ അസ്വസ്ഥനാക്കിയില്ല. ഇതാണ് ഉഹ്ദ് യുദ്ധത്തിന്റെ പശ്ചാത്തലം. സത്യവിശ്വാസികളുടെമേൽ യുദ്ധം അടിച്ചേല്പിക്കപ്പെടുകയായിരുന്നു.

ഏറെ വൈകാതെയാണ് ഖൻദഖ് യുദ്ധം അവതീർണമായത്. ഒരു കടുത്ത ആക്രമണത്തിലൂടെ പ്രവാചകനെയും അനുയായികളെയും നശിപ്പിക്കണമെന്ന പ്രതികാര വാഞ്ഛയോടെയാണ് യഹൂദ ഭടന്മാരിറങ്ങിപ്പുറപ്പെട്ടത്. അവരാദ്യം ചെന്നത് ഖുറൈശികളുടെ സമീപത്തേക്കാണ്. കൈവന്ന നല്ലൊരവസരം പാഴാക്കരുതെന്നു കരുതി അവരും ഒപ്പമിറങ്ങി. മക്കയിലെ ഗോത്രപ്രമാണിമാരെക്കണ്ട് ഇരുകൂട്ടരും സഹായമഭ്യർഥിച്ചു. മുസ്ലിംകൾക്കെതിരെയുള്ള യുദ്ധം ജയിച്ചാൽ യുദ്ധമുതൽ മാത്രമല്ല തങ്ങളുടെ അധീനതയിലുള്ള ഖൈബറിലെ കൃഷിത്തോട്ടങ്ങളുടെ ഒരു വർഷത്തെ ഉൽപന്നം മക്കയിലെ പ്രമാണിമാരായ ഗത്ഫാൻകാർക്ക് യഹൂദർ വാഗ്ദാനം ചെയ്തു. പര

ദേശികളിൽനിന്ന് ആവശ്യത്തിലേറെ ആയുധങ്ങൾ സംഭരിച്ച് അവർ യുദ്ധസന്നദ്ധരായി.

നാലായിരം കാലാൾപ്പട, ആയിരത്തഞ്ഞൂറ് ഒട്ടകങ്ങൾ, മുന്നൂറ് കുതിരകൾ, യുദ്ധമർമ്മമറിയാവുന്ന അബൂസുഫ്യാന്റെ സേനാധിപത്യം. ഓർക്കാപ്പുറത്തൊരടിയായി യുദ്ധം പരിണമിക്കണമെന്നായിരുന്നു അവരുടെ മോഹം.

യുദ്ധവാർത്ത പ്രവാചകന്റെ കാതുകളിലെത്തി. യഹൂദരും, ഖുറൈശികളും മക്കയിലെ ഗോത്രപ്രമാണിമാരും ഒരു മഹായുദ്ധത്തിനാണ് കോപ്പു കൂട്ടുന്നതെന്നറിഞ്ഞ മുസ്‌ലിംകൾ ആദ്യമൊന്ന് ഞെട്ടി. അറബ് ലോകം അന്നോളം കണ്ടിട്ടില്ലാത്ത ഒരു മഹായുദ്ധം അണിയറയിൽ രൂപംകൊണ്ടുവരികയായിരുന്നു.

അതിനെതിരെ സമർഹമായ രീതിയിൽ പ്രതികരിക്കാതിരിക്കുന്നത് ആത്മനാശകരമായിരിക്കുമെന്നറിഞ്ഞപ്പോൾ മുസ്‌ലിംകൾ ഗൗരവപൂർവം യുദ്ധതന്ത്രം രൂപപ്പെടുത്തി. സൈന്യബലമല്ല സൈനിക തന്ത്രമാണ് യുദ്ധ വിജയത്തിന്നവലംബമെന്ന് പ്രവാചകൻ അനുയായികളെ ഓർമിപ്പിച്ചു.

മദീനക്ക് ചുറ്റും ഉദ്ദേശം എട്ട് മീറ്റർ വീതിയിലും നാല് മീറ്റർ കയത്തിലുമുള്ള കിടങ്ങുകൾ കേവലം ഇരുപത് ദിവസം കൊണ്ട് കുഴിച്ചൊരുക്കി. (ഏഴ് ദിവസം കൊണ്ട് എന്ന് മറ്റൊരഭിപ്രായമുണ്ട്.) മുഹമ്മദ് നബിയും സഹാബികളും രാപകലന്യേ വിയർത്തുകൊണ്ട് പുതിയ യുദ്ധതന്ത്രത്തിന്റെ ഒന്നാം ഘട്ടം വിജയപൂർവം പിന്നിട്ടു. (വിശപ്പ് നിമിത്തം നബി വയറ്റത്ത് കല്ലുവെച്ച് കെട്ടിയാണ് കിടങ്ങ് കുഴിച്ചത് എന്ന വാർത്ത അക്കാലത്ത് പ്രചുരമായിരുന്നു.)

ഖൻദഖിന്റെ മൂന്നുഭാഗം വീടുകളും ഈന്തപ്പനത്തോപ്പുകളുമാണ്. ആ മൂന്ന് ഭാഗത്താണ് കിടങ്ങുകൾ നിർമിച്ചത്. ഒരു ഭാഗം സൈന്യത്തെ വിന്യസിക്കാനൊഴിച്ചിട്ടു. (ഖൻദദ് എന്നാൽ കിടങ്ങ് എന്നാണർത്ഥം.) ആയിരങ്ങളടങ്ങിയ അക്രമിസംഘം അനായാസം മദീനയെ വിഴുങ്ങുമെന്ന മട്ടിൽ പാഞ്ഞുവന്നെത്തിയപ്പോൾ കണ്ടത് മദീനക്ക് ചുറ്റുമൊരുക്കിയിട്ടുള്ള കയമുള്ള കിടങ്ങുകളും ഇസ്‌ലാമിനെയും തങ്ങൾക്കഭയസ്ഥാനമായി വർത്തിച്ച മദീനയെയും രക്ഷിക്കാൻ സ്വയം സമർപ്പിച്ചു നില്ക്കുന്ന മുസ്‌ലിം പോരാളികളെയുമാണ്.

ഇതാണ് ഖൻദഖിന്റെ പശ്ചാത്തലം. ഒന്നുകിൽ യുദ്ധം, അല്ലെങ്കിൽ ആത്മനാശം. യുദ്ധത്തെ സ്വയംവരിക്കാൻ ഇസ്‌ലാം സംസ്കൃതി മുസ്‌ലിംകളെയാശീർവദിച്ചു.

ബനുൽ മുസ്ത്വലിഖ്‌യുദ്ധം അനിവാര്യമാക്കിത്തീർത്ത സാഹചര്യം ശ്രദ്ധേയമാണ്. ജനമനസ്സുകളിൽ പുതിയ വിചാരവിപ്ലവത്തിന്റെ അലമാലകളുയർത്തിയത് മുഹമ്മദാണ്. ഉറവയടച്ചാൽ ഒഴുക്ക് നില്ക്കും. മുഹമ്മദിനെ വകവരുത്തണം. മക്കയിലെ പ്രമുഖ ഗോത്രങ്ങളിലൊന്നായ മുസ്ത്വലിഖ് ഈ ലക്ഷ്യത്തോടെ മദീനയാക്രമിക്കാൻ പടയൊരുക്കി. പടപ്പുറപ്പാടിനെക്കുറിച്ച് സൂക്ഷ്മമായറിഞ്ഞ പ്രവാചകൻ മദീനയുടെ ഭരണഭാരം സൈദ്ബിൻ ഹാരിസയെയേല്പിച്ച് അനുചരൻമാരുമായി ഒരു മഹത്തായ ദൗത്യനിർവഹണത്തിന്റെ മനഃശുദ്ധിയോടെ പുറപ്പെട്ടു. സൈന്യത്തെ രണ്ടായി പകുത്തു. മുഹാജിറുകളുടെ സാരഥ്യം അബൂബക്കർ സ്വിദ്ദീഖിനായിരുന്നു. അൻസ്വാരികളെ നയിച്ചത് സഅദ്ബിൻ ഉബാദയും. പോരിന്നുള്ള പോക്കിൽ പത്നിമാരായ ആഇശയും ഉമ്മു സലമയും നബിയെ അനുഗമിച്ചു.

ഇരുളിന്റെ മറപറ്റി, അച്ചടക്കത്തോടെ മുസ്‌ലിം സൈന്യം മുസ്ത്വലിഖ് ഗോത്രക്കാരുടെ മുറൈസീഅ് തടാകത്തിന്റെയടുത്തെത്തി. നേരം വെളുത്തപ്പോൾ തങ്ങളെ വലയം ചെയ്തുനില്ക്കുന്ന മുസ്‌ലിം പടയെക്കണ്ട് കുറേ പേർ പേടിച്ചോടി. ബാക്കിയുള്ളവർ പൊയ്ത്താരംഭിച്ചു. മുസ്‌ലിം സൈന്യം അവരെ അനായാസം കൈകാര്യം ചെയ്തു. യുദ്ധക്കൊതിയനായ ഒരാളായിരുന്നില്ല മുഹമ്മദ്. പണം, പ്രതാപം, രാജ്യാതിർത്തി വികസിപ്പിക്കൽ തുടങ്ങിയ സങ്കുചിത താൽപര്യങ്ങൾക്കായി പ്രവാചകൻ ഒരു യുദ്ധവും ആരംഭിച്ചിട്ടില്ല. സാഹചര്യം യുദ്ധത്തെ അനിവാര്യമാക്കിത്തീർത്തപ്പോൾ പ്രവാചക സൈന്യം ആയുധമണിഞ്ഞു.

ഒരുകാലത്ത് യഹൂദ മതവിഭാഗത്തിന്റെ അധിവാസ കേന്ദ്രമായിരുന്നു ഖൈബർ. മദീനയിൽനിന്ന് ഉദ്ദേശം നൂറ്റിറുപത് കിലോമീറ്റർ അകലെയാണത്. കൂറ്റൻ കോട്ടകളാൽ സുരക്ഷിതമായിരുന്നു അവിടത്തെ ഭരണകാര്യാലയം. യഹൂദർക്ക് സത്യവിശ്വാസികളോട് അടങ്ങാത്ത അമർഷവും വിദ്വേഷവുമായിരുന്നു. അവരുടെ പടത്തലവനാണ് അബൂറാഫിഅ്. സാധാരണക്കാരും നിരപരാധികളുമായ സത്യവിശ്വാസികളെ കിട്ടുന്ന സന്ദർഭങ്ങളുപയോഗിച്ച് അദ്ദേഹം പീഡിപ്പിച്ചുപോന്നു. ശാരീരികമായ ആക്രമണം, കൊള്ളയും കൊള്ളിവെപ്പും, ആടുമാടുകളെ കട്ടുകൊണ്ടുപോകൽ–അങ്ങനെ പല നിലയിലും അലോസരം തുടർന്നു. സഹികെട്ട പ്രവാചകൻ അബൂറാഫിഇനെ നേരിടാൻ അബ്ദുല്ലാബ്നു അതീകിന്റെ നേതൃത്വത്തിൽ പോരാളികളെയയച്ചു. അവർ ഖൈബറിലെത്തി. അനുചരന്മാരെ പുറത്തുനിർത്തി അദ്ദേഹം കോട്ടയിൽ കയറി. കോട്ടവാതിലുകളെല്ലാം തുറന്നുവെച്ചു. അബൂറാഫിഇന്റെ ശയനഗൃഹത്തിലെത്തി അദ്ദേഹവുമായി ഏറ്റുമുട്ടി. പോരാട്ടത്തിൽ അബൂറാഫിഅ് കൊല്ലപ്പെട്ടു.

തുടർന്നുവന്ന യഹൂദനായകനായ യാസിറുബ്നു റസ്സാമിനെ സമീപിച്ച് സർവ്വനാശകരമായ യുദ്ധയത്നത്തിൽനിന്ന് പിൻതിരിയാൻ ആകാവുന്നത്ര പ്രേരണ ചെലുത്തണമെന്ന് പ്രവാചകനാഗ്രഹിച്ചു. പ്രവാചകൻ നയകോവിദരും പക്വമതികളുമായ മുപ്പത് പടനായകൻമാരെ അനുരഞ്ജന ഭാഷണത്തിന്നയച്ചു. സംഭാഷണവേളയിൽ മുസ്‌ലിം പടനായകൻമാർ ഇങ്ങനെ അറിയിച്ചു:

''ഈ സൗഹൃദ സംഭാഷണത്തിന്റെ നല്ല പര്യവസാനമെന്ന മട്ടിൽ നമുക്കൊരുമിച്ച് പ്രവാചകസന്നിധിയിലേക്ക് പോകാം. സൗഹൃദ സൂചകമായി, ഖൈബറിന്റെ ആധിപത്യം യാസിറിനെതന്നെ ഏല്പിക്കാൻ പ്രവാചകനാഗ്രഹിക്കുന്നുണ്ട്. സമാധാനപരിരക്ഷണത്തിന്ന് ആവശ്യമായതെല്ലാം ചെയ്യാനും തിരുമേനി സന്നദ്ധനാണ്.''

യാസിർ പ്രവാചകന്റെ അനുരഞ്ജനശ്രമത്തിൽ അതീവ സന്തുഷ്ടി പ്രകടിപ്പിച്ചു. അതൊരു വഞ്ചനയുടെ തുടക്കമായിരുന്നുവെന്ന് മുസ്‌ലിം പടനായകൻമാർ ധരിച്ചില്ല. അവരെല്ലാം മദീനയിലേക്ക് സന്തോഷപുരസ്സരം യാത്രതിരിച്ചു. യാത്രാവേളയിൽ ചതിയുടെ അരങ്ങേറ്റം നടന്നു. സൗഹൃദത്തിന്റെ മുഖം വലിച്ചെറിഞ്ഞ് യാസിറും അനുചരൻമാരും മുസ്‌ലിം പടനായകൻമാരുടെ മേൽ ചാടിവീണു. ഓർക്കാപ്പുറത്തേറ്റ ആഘാതമായിരുന്നെങ്കിലും അബ്ദുല്ലയും കൂട്ടുകാരും കൗശലപൂർവം തിരിച്ചടിച്ചു. അസീറയേയും സംഘത്തേയും വകവരുത്തി. ഇനി പ്രഖ്യാപിത യുദ്ധമല്ലാതെ മറ്റൊരു

മാർഗ്ഗവുമില്ലെന്ന് ബോധ്യമായ പ്രവാചകൻ പടയണിയുമായി ഖൈബറി ലേക്ക് നീങ്ങി. ഇരുനൂറ് കുതിരപ്പട്ടാളക്കാരും ആയിരത്തിയറുന്നൂറോളം വരുന്ന പോരാളികളും മുസ്‌ലിം പടയെ അജയ്യമാക്കി.

ഒരിക്കൽ സത്യവിശ്വാസത്തിന്റെ പ്രചാരണാർഥം പ്രവാചകൻ അൻപത് പേരടങ്ങിയ ഒരു സംഘത്തെ ബനൂസുലൈമിലേക്കയച്ചു. അവരെ അവി ടത്തെ ഭരണകൂടം സ്വീകരിച്ചാദരിച്ചുവെങ്കിലും തഞ്ചം കിട്ടിയപ്പോൾ ചതി യിൽപ്പെടുത്തിക്കൊന്നുകളഞ്ഞു. സംഘത്തലവൻ എങ്ങനെയോ രക്ഷപ്പെട്ടു. തുടർന്ന് ബനൂസുലൈം ഗോത്രവുമായി സത്യവിശ്വാസികൾ ഏറ്റുമുട്ടി. അവരെ അനായാസം പരാജയപ്പെടുത്തുവാൻ മുസ്‌ലിം പടയ്ക്ക് സാധിച്ചു.

പിന്നീടൊരിക്കൽ പതിനഞ്ചുപേരടങ്ങുന്ന ഒരു പ്രചാരകസംഘത്തെ സിറിയക്ക് സമീപമുള്ള ദാത്തുബൽഹിലേക്കയച്ചു. നേതാവൊഴികെ മറ്റെല്ലാ വരും കൊല്ലപ്പെട്ടു. മനുഷ്യബന്ധങ്ങളെയും രാജ്യാന്തരീയ മര്യാദകളെപ്പോലും ചവിട്ടിയുലച്ചുകൊണ്ടുള്ള ദൗഷ്ട്യവൃത്തികൾ പ്രവാചകനെ തീർത്തും അസ്വ സ്ഥനാക്കി. അവയ്ക്കെതിരെ പ്രതികരിക്കാതിരിക്കുന്നത് ധർമവിരുദ്ധമാണെന്ന് പ്രവാചകന് തോന്നി.

ശത്രുപക്ഷത്തിന്റെ കരുത്തറിയാവുന്ന പ്രവാചകൻ നല്ലൊരു സൈന്യ സജ്ജീകരണത്തിന് ശ്രമം തുടങ്ങി. ഏറെ വൈകാതെ മൂവായിരത്തോളം അംഗസഖ്യവരുന്ന സുസജ്ജമായ ഒരു പടനിരയൊരുക്കി മുഅ്തഃയിലേക്ക യച്ചു. തന്റെ വാത്സല്യഭാജനമായ സൈദിനെയാണ് പ്രവാചകൻ സേനാപതി യായി നിയോഗിച്ചത്. മദീനയുടെ അതിർത്തിവരെ നബി അവരെ അനുഗ മിച്ചു. പടയാളികളെ ആശീർവദിച്ചുകൊണ്ട് പ്രവാചകൻ ഇങ്ങനെയറിയിച്ചു:

''സ്ത്രീകളെയും വൃദ്ധജനങ്ങളെയും കൊല്ലരുത്. കെട്ടിടങ്ങൾ തകർക്കു കയോ വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുകയോ ചെയ്യരുത്. അല്ലാഹു നിങ്ങളോ ടൊപ്പമുണ്ടാകട്ടെ. സുരക്ഷിതരായി മടങ്ങിവരാൻ അവൻ സഹായിക്കട്ടെ.''

മുസ്‌ലിംകളുടെ സൈനിക നീക്കം നേരത്തെതന്നെ മനസ്സിലാക്കിയ റോമാചക്രവർത്തിയായ ഹിരാക്ലിയസ്സ് ഒരു ലക്ഷത്തിൽപരം വരുന്ന കൂറ്റൻ സൈന്യവുമായി മുഅ്തഃയിലേക്കെത്തി. കടല്പോലെ പാഞ്ഞുവരുന്ന ശത്രു സൈന്യത്തെക്കണ്ട ചിലർക്കെങ്കിലും മനസ്സു പതറുന്നുണ്ടെന്നു മനസ്സിലാ ക്കിയ ധീരയോദ്ധാവായ അബ്ദുല്ലാഹിബ്നു റവാഹ അവരെ നോക്കി ഇങ്ങനെ ഓർമിപ്പിച്ചു:

''എന്റെ ജനങ്ങളേ, നിങ്ങൾക്കിപ്പോൾ വെറുപ്പു തോന്നുന്നത് എന്തിനോ ടാണോ അതേ രക്തസാക്ഷിത്വത്തിനു വേണ്ടിയാണ് യഥാർഥത്തിൽ നിങ്ങൾ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. നാം പൊരുതുന്നത് അംഗബലത്തിന്റെയോ ഭൗതിക ശക്തിയുടെയോ പിൻബലത്തിലല്ല. രണ്ടു നേട്ടങ്ങളിലൊന്ന് നിശ്ചയ മായും നമുക്കുണ്ട്–ഒന്നുകിൽ വിജയം അല്ലെങ്കിൽ രക്തസാക്ഷിത്വം.''

പുതുജീവനണിഞ്ഞ പോരാളികൾ പതറാത്ത കാൽവെപ്പുകളോടെ ശത്രു നിരയ്ക്ക് നേരെ നീങ്ങി. ഇതാണ് മുഅ്തഃ യുദ്ധത്തിന്റെ പശ്ചാത്തലം. യുദ്ധ ത്തോടുള്ള പ്രവാചക മനസ്സറിയുവാൻ മുഅ്തഃ യുദ്ധ പശ്ചാത്തലം ഏറെ സ ഹായകമാണ്.

അനിവാര്യമായ സന്ദർഭങ്ങളിൽ അനുപേക്ഷണീയം എന്ന അവസ്ഥ യിൽ മാത്രമേ സത്യവിശ്വാസികൾ പടക്കിറങ്ങിയിരുന്നുള്ളൂ. അക്കാലത്ത് ഇസ്‌ലാമിക ഭരണകൂടത്തിന്റെ ബഡ്ജറ്റിൽ സൈന്യച്ചെലവ് എന്നൊരിനം

കാണുമായിരുന്നില്ല. സ്ഥിരം സൈന്യമോ യുദ്ധോപകരണ നിർമാണശ്രമമോ അന്നില്ലായിരുന്നു. യുദ്ധത്തിൽ പങ്കെടുക്കേണ്ടിവരുന്ന ഓരോ പൗരനും തനിക്കാവശ്യമായ ഭക്ഷണം, പാനീയം, ആയുധം എന്നിവ സ്വന്തമായി കരുതിവെക്കേണ്ടിയിരുന്നു. യുദ്ധകാലത്തുപോലും സൈനികർക്ക് ശമ്പളം നല്കിയിരുന്നില്ല. ദൈവമാർഗത്തിൽ നടത്തുന്ന യുദ്ധത്തിൽ പങ്കെടുക്കുകയെന്നത് ഓരോ പൗരന്റെയും കടമയായി, പുണ്യവൃത്തിയായി കരുതപ്പെട്ടു. അതിന്റെ കർമവിശുദ്ധിയുടെ പ്രഭാകിരണങ്ങൾ യുദ്ധാനന്തര വൃത്തികളിലും തെളിഞ്ഞുകാണാമായിരുന്നു. യുദ്ധവേളയിൽ ശത്രുക്കളിൽനിന്ന് പിടിച്ചെടുക്കുന്ന ഒട്ടകങ്ങൾ, കുതിരകൾ, പടക്കോപ്പുകൾ എന്നിവ യോദ്ധാക്കൾക്കിടയിൽ വീതിക്കപ്പെടും. യുദ്ധത്തടവുകാരിൽനിന്ന് ലഭിക്കുന്ന 'മോചനദ്രവ്യം' പോരാളികൾക്കവകാശപ്പെട്ടതായിരുന്നു. യുദ്ധത്തടവുകാർക്ക് ദുർവഹമായിത്തോന്നുമാറ് വലുതായിരുന്നില്ല 'മോചനദ്രവ്യം.' യുദ്ധത്തടവുകാരോട് ശത്രുതയും വൈരാഗ്യവും പുലർത്തിയിരുന്നില്ല. ബദ്ർ യുദ്ധത്തിനുശേഷം മോചനദ്രവ്യം കൊടുക്കാൻ കഴിയാത്ത പരമദരിദ്രനായ ഒരു തടവുകാരൻ വിഷമിച്ചു നില്ക്കുകയായിരുന്നു. അദ്ദേഹമൊരു സാക്ഷരനായതുകൊണ്ട് പത്തു നിരക്ഷരർക്ക് അക്ഷരം കൊടുത്തു മോചനം നേടിക്കൊള്ളാൻ പ്രവാചകൻ നിർദേശിച്ചു. യുദ്ധത്തടവുകാരോട് പ്രവാചകൻ പുലർത്തിപ്പോന്ന ഉദാരത ബോധ്യപ്പെടാൻ ഇതിലും വലിയൊരു തെളിവാവശ്യമില്ല. ജയിലിൽ കഴിയുന്ന കാലത്ത് ജോലിചെയ്തുണ്ടാക്കുന്ന സമ്പാദ്യം മോചനദ്രവ്യമായി നല്കി സ്വതന്ത്രരാവാൻ തടവുകാർക്ക് സൗകര്യമുണ്ടായിരുന്നു. സകാത്ത്, ധർമനിധികൾ തുടങ്ങിയവയിൽ സ്വരൂപിക്കപ്പെടുന്ന ധനം 'മോചനമൂല്യം' നല്കുന്നതിന്നുപയോഗിക്കാമെന്ന് പ്രവാചകൻ നിർദേശിച്ചു.

ഇസ്‌ലാമിക സംസ്കൃതിയിൽ ഏറെ ശ്രദ്ധേയമായ പദങ്ങളിലൊന്നാണ് ജിഹാദ്. തെറ്റായി പ്രചരിച്ചുപോരുന്ന ഒരു പദമാണിത്. ദൈവമാർഗത്തിൽ ഒരു വ്യക്തിയർപ്പിക്കുന്ന സമസ്ത ശ്രമങ്ങൾക്കും ത്യാഗങ്ങൾക്കുമാണ് നിയതമായ അർഥകല്പനയിൽ ജിഹാദ് എന്നു പറയുന്നത്. അല്ലാഹുവിന്നെതിരെ വർത്തിക്കുന്ന സകല ശക്തികളോടുമുള്ള നിരങ്കുശമായ പോരാട്ടമാണ് ജിഹാദ്. ദൈവത്തിന്റെ ഏകത്വത്തിലുള്ള അചഞ്ചലമായ വിശ്വാസവും മനുഷ്യവർഗത്തോടുള്ള പരമമായ സ്നേഹവുമാണ് ജിഹാദിന് പ്രചോദകമായി വർത്തിക്കുന്നത്.

"ഒരു മുസ്‌ലിം തന്റെ സകല കഴിവുകളുമുപയോഗിച്ച് ചെയ്യുന്ന സർവതോമുഖമായ സമരമാണ് ജിഹാദ്" എന്ന് ദാർശനികനായ ഇബ്നുറുശ്ദ് നിർവചിച്ചിട്ടുണ്ട്.

ജിഹാദ് എന്ന ദൈവിക സമരത്തിന്റെ അവലംബം ശക്തിയല്ല, ദർശനമാണ്–സമുൽകൃഷ്ടമായ ദൈവദർശനം. അതിനാൽ ആധ്യാത്മിക പ്രചോദിതമായ സമരമേ ജിഹാദാകൂ.

യുദ്ധം (ഖിതാൽ) എന്നതിന്റെ പകരം പദമല്ല ജിഹാദ്. ജിഹാദിനെ കേവലം യുദ്ധമായിക്കാണുമ്പോൾ അതിന്റെ ആശയപരമായ പ്രവിശാലതയ്ക്ക് സങ്കോചമനുഭവപ്പെടുകയും ദൈവികമായ പരിവേഷത്തിന് മങ്ങലേല്ക്കുകയും ചെയ്യുന്നു. യുദ്ധമെന്നത് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്ര വിശാലമായാലും സമുൽകൃഷ്ടമായാലും ബാഹ്യശക്തികളോടുള്ള പോരാട്ടം മാത്രമാണ്.

ദൈവമാർഗത്തിലെ യുദ്ധമായാൽപ്പോലും ആയുധധാരികളായ ശത്രുക്കളെയാണവിടെ നേരിടുന്നത്. ദൈവമാർഗത്തിലുള്ള യുദ്ധമാകുമ്പോൾ അതൊരു ധർമസമരമായി. ധർമസമരമെന്ന നിലയിൽ അത് ജിഹാദാണ്. അതിനാൽ, എല്ലാ യുദ്ധങ്ങളും ജിഹാദല്ല. യുദ്ധത്തിന്റെ പകരം പദമല്ല ജിഹാദ്. ജിഹാദിൽ യുദ്ധമുണ്ട് എന്നുമാത്രം. ഇവിടെ ഒരു നബിവചനം അനുസ്മരണീയം:

''സ്വന്തം ശരീരത്തോടു സമരം ചെയ്യുന്നവനാണ് മുജാഹിദ്.'' സ്വന്തം ശരീരത്തിനെതിരെ, ഇച്ഛകൾക്കെതിരെ, തന്നിലെ തിൻമകൾക്കും മൃഗീയതകൾക്കുമെതിരെയുള്ള പോരാട്ടമാണ് സുപ്രധാനമായ ജിഹാദ്.

''ജിഹാദിൽ ഇന്ദ്രിയ നിഗ്രഹം സാധിച്ച് മനോജയം കൈവരിക്കാൻ കഴിഞ്ഞാലെ ദൈവമാർഗത്തിലുള്ള സമരത്തിന് ഒരുവൻ ശക്തനും സമർഹനുമായിത്തീരുന്നുള്ളൂ'' എന്ന നബിവചനം ജിഹാദിന്റെ അന്തഃരംഗ സൗഭാഗ്യം തെളിച്ചുകാട്ടാൻ പോന്നതാണ്. തന്നെ ദുർബലനാക്കുകയും നിർവീര്യപ്പെടുത്തുകയും വഴിതെറ്റിക്കുകയും ചെയ്യുന്ന തന്നിലെ ദുഷ്ടശക്തികൾക്കെതിരെ പോരാടുകയെന്നതാണ് നബിവചനത്തിന്റെ ഭാഷ്യമെന്ന് ഇസ്ലാം സംസ്കൃതിയെ ആഴപ്പരപ്പുകളിൽ വിശകലനം ചെയ്ത ഇബ്നു ഖയ്യിം പ്രസ്താവിച്ചിട്ടുണ്ട്.

മനസ്സിനെ മാലിന്യമുക്തമാക്കി, കർമ്മോൻമുഖമാക്കി, ആത്മവീര്യം വളർത്തിയെടുക്കുകയാണാവശ്യം. അക്രമിയായ ഭരണാധികാരിയുടെ മുഖത്തു നോക്കി സത്യം ഘോഷിക്കുന്നതാണ് ഏറ്റവും വലിയ ധർമസമരമെന്ന പ്രവാചകമതം ഈ ആത്മവീര്യത്തെയാണ് അനുഗാനം ചെയ്യുന്നത്. മനോവാക്കർമങ്ങൾ എന്ന ത്രികരണങ്ങളെ ആ ദിശയിലേക്ക് ഏകാഗ്രമാക്കണം. തിൻമകൾ കണ്ടാൽ, അധർമം ബോധ്യപ്പെട്ടാൽ ത്രികരണങ്ങളും പ്രയോജനപ്പെടുത്തി അവയ്ക്കെതിരെ പ്രതികരിക്കണം. പ്രവാചകൻ ഇങ്ങനെ അറിയിച്ചു:

''നിങ്ങൾ തിന്മ കണ്ടാൽ അത് കൈകൊണ്ടു തടയുക. അതിന്ന് അസാധ്യമാണെങ്കിൽ തന്റെ നാവുകൊണ്ട്; അതിനും ശക്തിയില്ലെങ്കിൽ തന്റെ മനസ്സുകൊണ്ട് അതിനെ വെറുക്കുകയെങ്കിലും ചെയ്യട്ടെ. അതത്രെ വിശ്വാസത്തിൽ ഏറ്റവും ദുർബലമായത്.''

എവിടെ നന്മ കണ്ടാലും അതിനെ പ്രോത്സാഹിപ്പിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുക; എവിടെ തിന്മയനുഭവപ്പെട്ടാലും അതിനെ ശക്തമായെതിർക്കുക. തുടർന്ന് ദൈവിക സമുദായത്തിന്റെ സംരചന സാധിക്കുക. ഭഗവദ്ഗീതയിൽ ഈ കർമ്മത്രയങ്ങളെക്കുറിച്ചുള്ള തെളിഞ്ഞ പരാമർശമുണ്ട്.

പരിത്രാണായ സാധൂനാം
വിനാശായ ചദുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥായ-

എന്ന്. നന്മയെ സംരക്ഷിക്കുക, തിൻമയെ വിപാടനം ചെയ്യുക, ധർമ സംസ്ഥാപനം സാധിക്കുക. മത തലങ്ങളിലെ ചിന്തയുടെ ഔന്നത്യത്തിലെ സമാനതയായി നാമിതിനെയാസ്വദിക്കുക.

തിന്മയോട് സന്ധിചെയ്യാൻ ഒരിക്കലും സന്നദ്ധമാവാത്ത മതദർശനമാണ് ഇസ്ലാം. ആക്രമണത്തിന് നേരെയുള്ള ചെറുത്തുനില്പ് അനിവാര്യവുമാണ്. അതിനാൽ ഇസ്ലാം സംസ്കൃതി ബലപ്രയോഗത്തെ പരിപൂർണമായി വിവർജിക്കുന്ന ഒന്നല്ല. അനിവാര്യമായ സന്ദർഭങ്ങളിലെ 'നീതീകരിക്ക

ത്തക്ക യുദ്ധം' അവിടെ സാധുവും സാർഥകവുമായിത്തീരുന്നു.

അനിവാര്യമായ സന്ദർഭങ്ങളിലെ യുദ്ധം സാധൂകരിക്കപ്പെട്ടതുപോലെ തന്നെ യുദ്ധരംഗത്തുടനീളം ധർമം നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. അന്യായമായി ഒരു ജീവിയെ വധിച്ചാൽ വധിച്ചവൻ ലോകജനതയെ ഒന്നടങ്കം വധിച്ചവന് തുല്യനാണെന്ന് ഖുർആൻ താക്കീതു നല്കിയിട്ടുണ്ട്. ''(അവർ,) അല്ലാഹു ആദരിച്ച ഒരു ജീവനെയും അന്യായമായി നശിപ്പിക്കുകയില്ല.'' (25: 68)

ഒരിക്കൽ പ്രവാചകൻ പറഞ്ഞു:

''അക്രമിയായാലും അക്രമിക്കപ്പെട്ടവനായാലും നീ നിന്റെ സഹോദരനെ സഹായിക്കുക.''

അനുചരൻമാർ ചോദിച്ചു:

''അക്രമിക്കപ്പെട്ടവനെ സഹായിക്കാം-അതു മനസ്സിലാക്കാം. എന്നാൽ അക്രമിയെ എങ്ങനെ സഹായിക്കാനാകും?'' ഉത്തരക്ഷണംതന്നെ പ്രവാചകൻ പ്രതികരിച്ചു:

''അക്രമിയെ അവന്റെ കൈ പിടിച്ചുകൊണ്ടു അക്രമവൃത്തിയിൽനിന്ന് അവനെ രക്ഷിക്കാം.''

തെറ്റ് ബോധ്യപ്പെടുത്തിക്കൊണ്ട്, പ്രേരണ ചെലുത്തിക്കൊണ്ട്, ബലം പ്രയോഗിച്ചുകൊണ്ട് പിൻതിരിപ്പിക്കണമെന്നാണ് ഈ ഹദീസിന് നല്കപ്പെട്ട ഭാഷ്യം. തിന്മയെ പ്രതിരോധിക്കാതിരിക്കുന്നത്, തിന്മയുമായി സഹവർത്തിക്കുന്നത്, തിന്മയുമൊത്ത് ധാരണയാവുന്നത് പ്രകൃതിദത്തമായ മനുഷ്യാവകാശങ്ങളുടെ ലംഘനമാണെന്ന് ഇസ്ലാം ഘോഷിക്കുന്നു.

''അക്രമത്തെ പ്രതിരോധിക്കണം. അക്രമിക്കപ്പെട്ടവന്റെ, അതിന്ന് സാധ്യതയുള്ളവന്റെ ജന്മാവകാശമാണത്.''

''യുക്തിപൂർവമായ, ശ്രേഷ്ഠമായ സദുപദേശത്തോടുകൂടിയും താങ്കളുടെ നാഥന്റെ സരണിയിലേക്ക് പ്രബോധനം ചെയ്യുക. ഉൽകൃഷ്ടമായ രീതിയിൽ ജനങ്ങളോട് സംവാദം ചെയ്യുക.'' അങ്ങനെ ചതുരുപായങ്ങളും പ്രയോഗിച്ചിട്ടും തിന്മ തുടരാനാണ് ഭാവമെങ്കിൽ അവിടെ യുദ്ധം അനിവാര്യമാണ്. യുദ്ധത്തിനുവേണ്ടിയുള്ള യുദ്ധമല്ലത്. ധർമസംരക്ഷണാർഥം നിർവഹിക്കപ്പെടുന്ന ദിവ്യ ദൗത്യമാണത്. അത് ജിഹാദിന്റെ പരിപാവനതയണിഞ്ഞു നില്ക്കുന്നു.

''സത്യവിശ്വാസികളുടെ ലക്ഷണമാണ് ദൈവമാർഗത്തിൽ സമരം ചെയ്യുക എന്നത്. യഥാർഥ സത്യവിശ്വാസികൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീടതിൽ അശേഷം സംശയിക്കാതിരിക്കുകയും സ്വന്തം ജീവധനാദികളിൽ ദൈവിക സരണിയിൽ സമരം ചെയ്യുകയും ചെയ്തവരത്രെ.'' (49:15)

ബുദ്ധിശക്തി, കായികശക്തി എന്നിവകൊണ്ടും തന്റെ അധീനതയിലുള്ള വിഭവങ്ങൾ ഉപയോഗിച്ചും നടത്തുന്ന എല്ലാ ധർമസമരങ്ങളും ജിഹാദാണ്. ബൗദ്ധികവും കായികവുമായ കഴിവുകളുപയോഗിച്ചുകൊണ്ടാവട്ടെ, തന്റെ വാഗ്വൈഭവം, ധാർമികശക്തി, ധൈര്യം, ആത്മസ്ഥൈര്യം എന്നിവകൊണ്ടുമാവട്ടെ ഒരു മുസ്ലിം തന്റെ സകല കഴിവുകളുമുപയോഗിച്ച് ചെയ്യുന്ന സർവ്വതോമുഖമായ സമരമാണ് ജിഹാദ് എന്ന് ഇബ്നുറുശ്ദ് നല്കിയ നിർവചനം പ്രസിദ്ധമാണ്. അല്ലാഹുവിനെതിരെയുള്ള സകല ശക്തികളോടുമുള്ള

സമരമാണത്.

മനുഷ്യവിരുദ്ധവും ധർമവിരുദ്ധവുമായ യാതൊരു കാര്യത്തിനും ഇസ്ലാം യുദ്ധമനുവദിക്കുന്നില്ല. മനുഷ്യനെ മാത്രമല്ല, പക്ഷിമൃഗാദികളെയും സസ്യലതാദികളെപ്പോലും അന്യായമായി നശിപ്പിക്കാവുന്നതല്ല എന്നതാണ് ഇസ്ലാമിക സമീപനം. ജീവരാശികളോടുള്ള സമീപനത്തെക്കുറിച്ച് ഇസ്ലാം പറഞ്ഞത്:

''ഭൂമിയിൽ നടക്കുന്ന ഏത് മൃഗത്തെയും വായുവിൽ പറക്കുന്ന ഏത് പറവയെയും നോക്കുവിൻ-അവയൊക്കെയും നിങ്ങളെപ്പോലുള്ള വർഗങ്ങൾ തന്നെയാകുന്നു. നാം അവരുടെ വിധിപ്രമാണത്തിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല.'' (6: 38)

''ആരെങ്കിലും ഒരു മീവൽ പക്ഷിയെ, അല്ലെങ്കിൽ അതിനെക്കാൾ അപ്രധാനമായ പറവയെ അകാരണമായി കൊന്നാൽ ദൈവത്തിനു മുമ്പിൽ അവൻ ആ ഹത്യക്ക് മറുപടി പറയേണ്ടിവരും.''

മനുഷ്യവർഗത്തിന്റെ സുരക്ഷിതവും ക്ഷേമപൂർവകവുമായ നിലനില്പിനുവേണ്ടിയാണ് ജിഹാദ് നിലകൊള്ളുന്നത്. മനുഷ്യവർഗത്തോടുള്ള പരമമായ സ്നേഹമാണ് ജിഹാദിന്റെ ജീവൻ. രോഗവിമുക്തിക്കായി ഭിഷഗ്വരൻ രോഗിയിൽ നടത്തുന്ന ശസ്ത്രക്രിയയോടാണ് പല ദാർശനികൻമാരും ജിഹാദിനെ സമാനപ്പെടുത്തിയിട്ടുള്ളത്.

ദൈവമാർഗത്തിൽനിന്ന് വ്യതിചലിച്ച അക്രമികളായ മുസ്ലിംകൾക്കെതിരെപ്പോലും വേണ്ടിവന്നാൽ യുദ്ധം ചെയ്യണമെന്ന് ഖുർആൻ അനുശാസിക്കുന്നുണ്ട്.

''സത്യവിശ്വാസികളിൽനിന്നുള്ള രണ്ടു കക്ഷികൾ പരസ്പരം കലഹിക്കാനിടയായാൽ അവർക്കിടയിൽ അനുരഞ്ജനമുണ്ടാക്കുവിൻ, പിന്നെ അവരിലൊരു വിഭാഗം മറുവിഭാഗത്തോട് അക്രമം കാട്ടുന്നുവെങ്കിൽ അതിക്രമം ചെയ്യുന്നവരോട് പടവെട്ടുവിൻ, അവർ അല്ലാഹുവിന്റെ വിധിയിലേക്ക് വരുന്നതുവരെ. അങ്ങനെ തിരിച്ചുവന്നാൽ അവർക്കിടയിൽ നീതിപൂർവം അനുരഞ്ജനമുണ്ടാക്കുവിൻ.'' (49: 9,10)

വിശ്വാസ സ്വാതന്ത്ര്യത്തിനുവേണ്ടിയും ആരാധനാ സ്വാതന്ത്ര്യത്തിനായും ചെയ്യുന്ന സമരം ഉൽകൃഷ്ടമാണെന്ന് ഇസ്ലാം ഘോഷിക്കുന്നു.

''ഓ, സത്യവിശ്വാസികളേ, ഫിത്ന അവശേഷിക്കാതാവുന്നതുവരെയും വിധേയത്വം സമ്പൂർണമായി അല്ലാഹുവിനായിത്തീരുന്നതുവരെയും ഈ ധിക്കാരികളോട് സമരം ചെയ്യുക.'' (8: 39)

മർദനം അവസാനിപ്പിക്കുന്നതും മനുഷ്യൻ മനുഷ്യനെ അടിമയാക്കി വെക്കാതിരിക്കുന്നതിന്നുമായി യുദ്ധം ചെയ്യാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു.

''ആർ ദൈവിക സരണിയിൽ സമരംചെയ്യുകയും അതുവഴി വധിക്കപ്പെടുകയോ വിജയിക്കുകയോ ചെയ്യുകയും ചെയ്യുന്നുവോ അവന്ന് നാം അതിമഹത്തായ പ്രതിഫലം നല്കുന്നതാകുന്നു. പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീ-പുരുഷൻമാർക്കും കുട്ടികൾക്കുംവേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിന് എന്തുണ്ട് ന്യായം? ആ ജനമോ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു-നാഥാ, മർദകരായ നിവാസികളുടെ ഈ പട്ടണത്തിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ! നിന്റെ പക്കൽനിന്ന്

ഞങ്ങൾക്ക് ഒരു രക്ഷകനെ നിശ്ചയിച്ചുതരേണമേ! നീ ഞങ്ങൾക്ക് ഒരു സഹായിയെയും നിശ്ചയിച്ചു തരേണമേ? വിശ്വാസത്തിന്റെ മാർഗം സ്വീകരിച്ചവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നു. നിഷേധത്തിന്റെ മാർഗം കൈക്കൊണ്ടവരോ താഗൂത്തിന്റെ മാർഗത്തിലും സമരം ചെയ്യുന്നു. അതിനാൽ, നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് സമരം ചെയ്യുവിൻ. അറിഞ്ഞിരിക്കുവിൻ, പിശാചിന്റെ തന്ത്രം അതീവ ദുർബലമാകുന്നു.'' (4:75)

''ഒരു ദിവസമെങ്കിലും ഇസ്ലാമിന്റെ അതിർത്തി സംരക്ഷിക്കുകയെന്നത് സമസ്ത ലോകത്തെക്കാളും അതിലെ സകലമാന വിഭവങ്ങളെക്കാളും ഉത്തമമാകുന്നു.''

''ദൈവമാർഗത്തിൽ സമരത്തിന് പുറപ്പെടുകവഴി പൊടിപുരണ്ട പാദങ്ങളെ ഒരിക്കലും നരകാഗ്നി സ്പർശിക്കുകയില്ല.''

ജിഹാദനുഷ്ഠിക്കുന്നവരെ സഹായിക്കുന്നവർപോലും ജിഹാദിൽ പങ്കാളികളാണെന്ന് പ്രവാചകനറിയിച്ചിട്ടുണ്ട്.

''മറ്റൊരാളെ ദൈവ മാർഗത്തിൽ പൊരുതാനായി ആയുധം നല്കി സഹായിക്കുന്നവനാണ് വിജയി. അവൻ പ്രതിഫലത്തിൽ പങ്കുകാരനുമാണ്. ഒരു സൈനികന്റെ കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുക്കുന്നതിന്നായി നാട്ടിൽ നില്ക്കുന്നവൻ രണാങ്കണത്തിൽ പോരാടുന്നവനെപ്പോലെതന്നെയാണ്.''

തന്റെ അനുചരൻമാരുടെ കാലിടറാതിരിക്കാനും സത്യപഥത്തിൽ മുന്നേറാൻ അവരെ ശക്തരാക്കാനും അവഗണിക്കപ്പെടാനിടയുള്ള ജന്മദൗത്യങ്ങളെക്കുറിച്ചനുസ്മരിപ്പിക്കാനും പ്രവാചകൻ ആവർത്തിച്ചാവർത്തിച്ചാഹ്വാനം ചെയ്തിട്ടുണ്ട്.

ദൈവം സോദ്ദേശ്യമാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അവന്ന് മാത്രം സാധിക്കാവുന്ന ഒരുപാട് ദൗത്യങ്ങൾ ദൈവം അവനെ ഏല്പിച്ചിട്ടുണ്ട്. അവ, അവന്റെ ജീവിതധർമങ്ങളാണ്. ജീവിത പൂർണതയ്ക്ക് ധർമനിർവഹണം അനുപേക്ഷണീയവും. അനീതിക്കും അധർമത്തിനും അപൂർണതയ്ക്കുമെതിരെയുള്ള സാർഥകമായ പോരാട്ടം വഴി അവൻ ദൈവമാർഗത്തിൽ മുന്നോട്ടു പോകുന്നു.

''ദൈവമാർഗത്തിൽ സമരം ചെയ്യാതെയും ദൈവമാർഗത്തിൽ സമരം ചെയ്യാൻ താൻ തയ്യാറാണെന്ന് സ്വയം മനസ്സുകൊണ്ടുറപ്പിക്കാതെയും മരിക്കുന്നവൻ കപട വിശ്വാസിയായാണ് മരിക്കുന്നത്'' എന്ന് പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ട്.

''ദൈവമാർഗത്തിലെ യുദ്ധവും അതിന്നായുള്ള ഉൽക്കടമായ അഭിലാഷവും ദൈവത്തിന്നായുള്ള ഉപാസനകളാണ്. നിങ്ങളുടെ നേതാവ് ദൈവമാർഗത്തിൽ പോരാടാൻ നിങ്ങളോടാവശ്യപ്പെട്ടാൽ അദ്ദേഹത്തെയനുസരിക്കുക... ദൈവമാർഗത്തിൽ മുറിവേറ്റവരുടെ മുറിവ് അന്ത്യദിനത്തിൽ തെളിവായിരിക്കും. അവയിൽനിന്ന് രക്തം കിനിയും. പക്ഷേ, ആ രക്തത്തിന്റെ മണം കസ്തൂരിയുടേതായിരിക്കും.''

വിശുദ്ധിയുടെ വർണരേണുക്കളണിഞ്ഞുനില്ക്കുന്ന താദൃശങ്ങളായ പരശ്ശതം ഹദീസുകളുണ്ട്. അവയെല്ലാം ഇസ്ലാം സംസ്കൃതിയിലെ ജിഹാദിന്റെ സർവാതിശായിത്വം വിളിച്ചറിയിക്കുന്നു. എന്നിട്ടും മറ്റ് മതവിഭാഗങ്ങളുമായി യുദ്ധം ചെയ്യലാണ് ജിഹാദെന്നും ദീനിന്റെ പ്രചാരണത്തിനും വ്യാപനത്തിനുമുള്ള യുദ്ധമാണതെന്നും ചിലർ കരുതിപ്പോരുന്നു. വാളുകൊണ്ടാണ്

ഇസ്‌ലാംമതം വിശ്വവിഖ്യാതി നേടിയതെന്ന ആരോപണവുമുണ്ട്. ''ദീനിൽ നിർബന്ധം ചെലുത്താവുന്നതല്ല–നേരായ മാർഗം വഴികേടിൽനിന്ന് ഉരുത്തിരിഞ്ഞു നില്ക്കുന്നു.'' എന്ന ഖുർആൻ വചനം ചിലരെങ്കിലും സബോധം വിസ്മരിക്കുകയാണിവിടെ. മതപ്രചാരണത്തിന് ഇസ്‌ലാം നിർദേശിക്കുന്ന മാർഗം പ്രബോധനമാണ്, പ്രബോധനം മാത്രം.

സാർവ ലൗകിക സ്നേഹവും സാഹോദര്യവുമാണ് ഇസ്‌ലാം സംസ്കൃതിയുടെ മുഖമുദ്ര. ഒരാണിൽനിന്നും പെണ്ണിൽനിന്നും പിറന്നവരെന്ന നിലയിൽ എല്ലാ മനുഷ്യരും സഹോദരന്മാരാണെന്ന് ഇസ്‌ലാം പ്രബോധിപ്പിക്കുന്നു. വിവിധ സമുദായങ്ങളിലേക്ക് ദൈവമയച്ച പ്രവാചകൻമാർ സാർവ ലൗകിക സ്നേഹത്തിന്റെയും വിശ്വ സാഹോദര്യത്തിന്റെയും സന്ദേശമാണ് പ്രചരിപ്പിച്ചിട്ടുള്ളത്. ഇങ്ങനെ നിയോഗിക്കപ്പെട്ട പ്രവാചകൻമാർക്കിടയിൽ വ്യത്യാസം കല്പിക്കുന്നവർ സത്യനിഷേധികളാണെന്ന് ഖുർആൻ ഖണ്ഡിതമായി പറയുന്നു. അപ്പോൾ ഇസ്‌ലാം എങ്ങനെ അസഹിഷ്ണുതാ പ്രവണവും അക്രമണോത്സുകവുമാകും?

ഒരു മതദർശനത്തെ വിലയിരുത്തുന്നത് അതിന്റെ അടിസ്ഥാന ദർശനങ്ങളെ അവലംബമാക്കിയാവണം. അടിസ്ഥാന ദർശനങ്ങളോട് ആദരവ് സൂക്ഷിച്ചുകൊണ്ടുവേണം പ്രയോഗരംഗത്തെ വൈകല്യങ്ങളെയും വൈകൃതങ്ങളെയും വിലയിരുത്താൻ. വിശ്വാസിയുടെ മനോമാലിന്യങ്ങൾ ആദർശത്തിന്റെ പൊലിമയും ഗരിമയും കുറയ്ക്കും. പ്രയോഗരംഗത്ത് ഇന്ന് അഭിദർശിക്കപ്പെടുന്നതാണ് യഥാർഥ ഇസ്‌ലാംദർശനമെന്ന നിലയിൽ വിലയിരുത്തപ്പെടുന്നത് നീതീകരിക്കത്തക്കതല്ല. ആദർശത്തിന്റെ ഔൽകൃഷ്ട്യം ആചരണരംഗത്ത് കാണുന്നില്ലെങ്കിൽ അത് പ്രയോഗരംഗത്തെ പിഴവാണെന്ന് മനസ്സിലാക്കാനും പറയാനുമുള്ള സത്യദീക്ഷയും ആർജവവും നമുക്കുണ്ടാവണം. 'മുല്ലമാർ പറയുന്നത് മാത്രമല്ല ഇസ്‌ലാം' എന്നു നാം മനസ്സിലാക്കണം.

ആധുനിക കാലത്ത് ഇസ്‌ലാമിന്റെ പേരിൽ നടന്ന യുദ്ധങ്ങളഖിലവും മുസ്‌ലിം രാജാക്കൻമാരുടെ സാമ്രാജ്യമോഹത്തിന്റെയും സ്വാർഥജടിലമായ നിക്ഷിപ്ത താൽപര്യങ്ങളുടെയും ഫലമായിരുന്നു. മുസ്‌ലിം രാജാക്കൻമാർ മാത്രമല്ല, മറ്റ് സമുദായങ്ങളിൽപെട്ട ഭരണാധികാരികളും കാലാകാലങ്ങളിൽ അനുവർത്തിച്ചുപോന്നതും ഇതേ പ്രവണതതന്നെയായിരുന്നു. മധ്യകാലഘട്ടത്തിൽ ഇന്ത്യയെയാക്രമിച്ചെത്തിയ മുസ്‌ലിം രാജാക്കൻമാർ അമുസ്‌ലിംകളായ ചെറിയചെറിയ രാജാക്കൻമാരെ വല്ലാതെ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ 'ആയവ്യയ'ങ്ങളൊക്കെ ഇസ്‌ലാം മതത്തിന്റെ കണക്കിലല്ല ചേർക്കേണ്ടത്. ഇന്ത്യയെ വെട്ടിക്കീറി പാക്കിസ്ഥാൻ രൂപം കൊടുത്തത് ഇസ്‌ലാം സംസ്കൃതിയുടെ അസഹിഷ്ണുതയ്ക്കും ഭിന്നസമുദായങ്ങളുമായി ഒത്തുകഴിയാനുള്ള ഹൃദയസംവ്യധിയുടെ നിശ്ശൂന്യതയ്ക്കും നിദർശനമായിക്കാണുന്നത് ബാലിശവും അസംബന്ധവുമാണ്.

വീരശൂര പരാക്രമങ്ങൾ കാണിക്കുകയെന്നതും വെട്ടിപ്പിടിച്ച് അധ്യക്ഷ്യത കാട്ടുന്നതും പഴയ കാലത്തെ ഒട്ടെല്ലാ രാജാക്കന്മാരുടെയും പൊതുപ്രകൃതമായിരുന്നു. മതഭേദം അവിടെയൊരു നിയാമക ഘടകമായിരുന്നില്ല. വിജയദശമി കഴിഞ്ഞാൽ ആയുധമെടുത്ത് അയൽ രാജാക്കൻമാരുമായിപ്പോലും പടവെട്ടി ചോരച്ചാലുണ്ടാക്കിയും രണ്ട് നാല് കബന്ധങ്ങളെയെങ്കിലും സൃഷ്ടിച്ചും വാർഷികൈശ്വര്യത്തിന്റെ ഉദ്ഘാടനം നിർവഹിക്കണെ

മെന്ന ദൃഢവ്രതമുള്ള ഹിന്ദുരാജാക്കൻമാരിവിടെയുണ്ടായിരുന്നു. അവരുണ്ടാക്കിയ ചോരക്കറ സനാതന ധർമത്തിന്റെ തിരുമുഖത്ത് വാരിത്തേക്കുന്നത് വിവേകമല്ല. മുസ്ലിം രാജാക്കൻമാരും ഹിന്ദുരാജാക്കൻമാരും തമ്മിൽ നടന്നതിനെക്കാൾ കൂടുതൽ യുദ്ധങ്ങൾ ഇവിടെ നടന്നത് ഹിന്ദുരാജാക്കൻമാർ തമ്മിലായിരുന്നു. അതുപോലെ മുസ്ലിം രാജാക്കൻമാർ തമ്മിലായിരുന്നു അമുസ്ലിം രാജാക്കൻമാരുമായി നടന്നതിനെക്കാൾ കൂടുതൽ സംഘട്ടനങ്ങളുണ്ടായത്. ഇന്ന്പോലും സാർവദേശീയരംഗത്ത് പല ഇസ്ലാമിക രാഷ്ട്രങ്ങളും പരസ്പരം പ്രകടിപ്പിച്ചുപോരുന്ന രാക്ഷസീയമായ ശത്രുത നമ്മെ വിസ്മയിപ്പിക്കുന്നു! ക്ഷേത്രങ്ങൾ പോലും കൊള്ളയടിച്ച് പൊന്നും പണവും വാരിക്കൂട്ടണമെന്ന് കല്പിച്ചയച്ചത് കുപ്രസിദ്ധനായ മുഹമ്മദ് ഗസ്നിയാണെങ്കിൽ കൊള്ളയടിക്ക് നേതൃത്വം കൊടുത്തത് സൈനിക മേധാവിയും ഹിന്ദുവിശ്വാസിയുമായ ജനറൽ തിലകായിരുന്നു എന്ന വസ്തുത നാമോർക്കുന്നു. യഥാർഥത്തിൽ ഇവിടെയൊന്നും മതം ഒരു സ്വാധീനശക്തിയായിരുന്നില്ല. മുസ്ലിം രാജാക്കൻമാർ ബലപ്രയോഗംവഴി പരശ്ശതങ്ങളെ മാപ്പിളമാരാക്കിയെന്ന പരാമർശമുള്ള നിരവധി ചരിത്രഗ്രന്ഥങ്ങളുണ്ട്. ആ പ്രചാരണം പൂർണമായും സത്യമല്ല. സ്വേച്ഛാധിപത്യത്തിലും ദുസ്സഹമായ അനീതിയിലും അധിഷ്ഠിതമായ ബ്രാഹ്മണ മേധാവിത്വത്തിലുള്ള അന്നത്തെ സാമൂഹികാന്തരീക്ഷമാണ് മതപ്പരിവർത്തനത്തിന് ചില ഹിന്ദു വിശ്വാസികളെ പ്രേരിപ്പിച്ചതെന്ന് പ്രൊഫസർ പാണ്ഡയെപ്പോലുള്ള ചരിത്രഗവേഷകൻമാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അംബേദ്കറും രണ്ടുലക്ഷവും ഹിന്ദുമതം വിട്ടുപോയത് സവർണാധിപത്യത്തിന്റെ പീഡനങ്ങൾ ദുസ്സഹമായിത്തീർന്നപ്പോഴാണെന്ന വസ്തുത പ്രൊ. പാണ്ഡെയുടെ പ്രസ്താവന ദൃഢതരമാക്കിത്തീർക്കുന്നു. ഹിന്ദുക്കളെയും മുസ്ലിംകളെയും പരസ്പരമകറ്റാനും അവരിൽ വിദ്വേഷം വളർത്താനും ബ്രിട്ടീഷുകാർ നടത്തിയ ഗൂഢാലോചനയുടെ പ്രത്യാഘാതമാണ് ഇരുസമുദായങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണയ്ക്ക് മൂലകാരണമെന്ന് ഡോ. പി.എസ്. അയ്യർ രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. മതദർശനങ്ങളുടെ അകക്കാമ്പറിയുമ്പോൾ അക്രമിക്കാനൊരു മതം ഇവിടെ പിറന്നിട്ടില്ലെന്ന് അനായാസം ബോധ്യമാകും. മുൻവിധികളും അബദ്ധ ധാരണകളുമല്ല, സത്യശുദ്ധമായ സൂക്ഷ്മബോധമാണ് നമ്മെ നയിക്കേണ്ടത്.

മതസൗഹാർദവും സഹിഷ്ണുതയും പൂത്തുലഞ്ഞു നിന്നകാലമായിരുന്നു മുസ്ലിംരാജാക്കൻമാർ ഭരണം നിർവഹിച്ച മധ്യകാലഘട്ടം. ദൈവത്തിന്റെ ഏകത്വം, സ്നേഹം, സാഹോദര്യം എന്നിവയുടെ സന്ദേശ വാഹകരായി ഹിന്ദു സന്യാസിമാരും സൂഫിവര്യൻമാരും കൈകോർത്തുനിന്ന കാലഘട്ടമായിരുന്നു അത്. ആ മധ്യകാലഘട്ടത്തിലെ യഥാർഥ ചരിത്രബോധം വഴി സത്യശുദ്ധമായ വസ്തുതകൾ വെളിക്ക് കൊണ്ടുവരാനുള്ള പവിത്രമായ ബാധ്യത ചരിത്രകാരൻമാർക്കുണ്ട്. അത് മതസൗഹാർദത്തിന്റെ അന്തരീക്ഷം പുനഃസ്ഥാപിക്കാൻ സഹായിക്കും. ആ കാലഘട്ടത്തെ ചൂണ്ടിയാണ് ഹിന്ദു–മുസ്ലിം വൈരം ആളിക്കത്തിക്കാൻ ഇവിടെ രാഷ്ട്രീയക്കാരും ക്രൗര്യപ്രകൃതികളായ ചില ബുദ്ധിജീവികളും ശ്രമിക്കുന്നത്. സത്യമറിയാൻ മധ്യകാലഘട്ടത്തെ പുനഃഖനനം ചെയ്യണം. ഇസ്ലാമിക സംസ്കൃതിയുടെ അടിസ്ഥാന ഗ്രന്ഥങ്ങളിലെ സുവർണാശയങ്ങൾ അനാവരണം ചെയ്യാനും ഇവിടെ വ്യാപകമായ ശ്രമമാരംഭിക്കണം.

# 29. സഹിഷ്ണുതയുടെ സത്യവേദം

●

ജനാധിപത്യഭരണവ്യവസ്ഥിതിയിലെ ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും സ്ഥാനമാണ് ഇസ്‌ലാമിക ഭരണത്തിൽ മുസ്‌ലിംകൾക്കും മറ്റു മതവിഭാഗങ്ങൾക്കും ഉണ്ടായിരിക്കുക എന്ന് ധരിക്കരുത്. മുസ്‌ലിം രാഷ്ട്രത്തിൽ അമുസ്‌ലിംകൾ പ്രതിപക്ഷം എന്ന പേരിലല്ല ദിമ്മികൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. (ദിമ്മികൾ=സംരക്ഷിതവിഭാഗം) പ്രവാചകന്റെയും അബൂബക്കറുടെയും ഉമറിന്റെയുമൊക്കെ കാലം ശ്രദ്ധിക്കുമ്പോൾ 'നിധിപോലെ കാത്തുസൂക്ഷിക്കപ്പെടുന്ന ഒരു വിഭാഗം' എന്ന് ഇസ്‌ലാമിക ഭരണത്തിലെ അമുസ്‌ലിംകളെപ്പറ്റിപ്പറയാം. മുസ്‌ലിംകൾ അധികാരം കൈയാളുന്ന കക്ഷിയായിട്ടല്ല, പ്രജാപാലനമെന്ന ഉത്തരവാദിത്തം വഹിച്ച വിഭാഗമായിട്ടാണ് അവിടെ വർത്തിച്ചത്.

തങ്ങൾ അവകാശമൊന്നുമില്ലാത്ത, അധികാരികളുടെ ഔദാര്യംകൊണ്ട് ലഭിക്കുന്നത് അനുഭവിക്കാൻ മാത്രം വിധിക്കപ്പെട്ട വിഭാഗമാണെന്ന പിൻനിരക്കാരുടെ മാനസികാവസ്ഥ ദിമ്മികൾക്കില്ല. മതപരമായ തങ്ങളുടെ ഭിന്നവിശ്വാസം അഭംഗം സൂക്ഷിക്കുവാനും ആചാരാനുഷ്ഠാനങ്ങൾ സ്വതന്ത്രമായി നിർവഹിക്കുവാനുമുള്ള പൗരാവകാശം സത്യവേദം അവർക്കനുവദിച്ചിട്ടുണ്ട്. 'എനിക്ക് എന്റെ മതം, നിങ്ങൾക്ക് നിങ്ങളുടെ മതം' എന്നറിയിച്ചുകൊണ്ട് മതപരമായ സഹവർത്തനത്തിന് സഹായകമായ അന്തരീക്ഷമവിടെ സജ്ജമാക്കിയിട്ടുണ്ട്.

സഹിഷ്ണുതയുടെ സംസ്കൃതിയാണ് ഇസ്‌ലാം ഉൾക്കൊള്ളുന്നത്. മദീനയിലാണ് ഇസ്‌ലാമിന്റെ സ്വാധീനം സാമൂഹികരംഗത്ത് ആദ്യമായി അവതീർണമായത്. മുസ്‌ലിംകളും ജൂതരും ക്രൈസ്തവരും ബഹുദൈവവിശ്വാസികളും നിറഞ്ഞ മദീനയുടെ സാമൂഹികരംഗത്ത് പരസ്പരവിശ്വാസവും സൗഹാർദവും സമാധാനവും സ്ഥാപിക്കുവാനാണ് പ്രവാചകൻ ആദ്യമായി ശ്രമിച്ചത്. തലമുറകളായി തമ്മിൽ തല്ലിയും കലഹിച്ചും കഴിഞ്ഞ സമുദായങ്ങൾക്കിടയിൽ ഐക്യം വളർത്തിയെടുക്കാനും പ്രവാചകന് സാധിച്ചു. സത്യവേദത്തിന്റെ പുതിയ സന്ദേശവുമായി മദീനയിലെത്തിയ പ്രവാചകൻ ആദ്യമായിച്ചെയ്തത് വ്യവസ്ഥാപിതമായ ഒരു സാമൂഹികക്രമം ചിട്ടപ്പെടുത്താൻപോരുന്ന ഒരു സൗഹൃദ ഉടമ്പടി രൂപപ്പെടുത്തുകയായിരുന്നു. അതിനൊരു ഭരണഘടനയുടെ ഭദ്രതയും ശില്പചാരുതയുമുണ്ടായിരുന്നു. തങ്ങളെ ആശങ്കയോടും അവിശ്വാസത്തോടുംകൂടി നോക്കിക്കാണുന്നവരുടെ സന്ദേഹനിവൃ

ത്തിക്കുതകുംവിധം തെളിവുറ്റതായിരുന്നു അതിലെ നിർദേശങ്ങളും പരാമർശങ്ങളുമെല്ലാം. നാല്പത്തേഴ് ഖണ്ഡികകളുള്ള ഒരു ബൃഹത്‌രേഖയായിരുന്നു അത്. അതനുസരിച്ച്:

മുസ്‌ലിംകളും മദീനയിലുള്ള ക്രിസ്ത്യാനികൾ, യഹൂദർ തുടങ്ങിയ ഇതര മതസ്ഥരും ഒരൊറ്റ ജനതയായി അനുരഞ്ജനത്തോടെ കഴിയും. ഒരോ വിഭാഗവും തങ്ങളുടെ വിശ്വാസാദർശങ്ങൾ പരിരക്ഷിക്കുകയും മറ്റുള്ളവരുടേതിൽ ഇടപെടാതിരിക്കുകയും ചെയ്യും. ശത്രുവിന്റെ ആക്രമണത്തിന്നെതിരെ ഏത് വിഭാഗത്തെയും മറ്റ് വിഭാഗങ്ങൾ കൂട്ടായി സഹായിക്കും.

യുദ്ധസന്ദർഭങ്ങളിലും സമാധാനകാലങ്ങളിലും പരസ്പരം കൂടിയാലോചിക്കും.

മദീനയുടെ സംരക്ഷണം എല്ലാവരുടെയും ഉത്തരവാദിത്തമായിക്കണക്കാക്കും.

മദീനയുടെ മണ്ണിൽ ആരും രക്തമൊഴുക്കുകയില്ല.

അനീതിയും അക്രമവും ആർ നടത്തിയാലും മുസ്‌ലിംകൾ അതിനെയെതിർക്കും; പ്രതിയോഗി സത്യവിശ്വാസിയായാൽപ്പോലും.

വല്ല തർക്കവുമുണ്ടാവുകയാണെങ്കിൽ അത് മുഹമ്മദ് നബിയുടെ തീരുമാനത്തിന്നായി സമർപ്പിക്കും.

(ഇതുപോലെ സഹിഷ്ണുതയും സൗമനസ്യവും വർണം കൊടുത്ത ഒരു ഭരണഘടനാശില്പം ലോകചരിത്രത്തിൽ ഒരപൂർവതയാണെന്ന് വില്യംമൂർ രേഖപ്പെടുത്തിയിട്ടുണ്ട്.) മതസ്വാതന്ത്ര്യവും സമാധാനപൂർണമായ സഹവർത്തിത്വവും ഉറപ്പുവരുത്തുന്ന ഈ ഭരണഘടന ഖുർആനിക സംസ്കൃതിയുടെ സമുന്നതിയെ ഘോഷിക്കുന്നു. വൈവിധ്യമാർന്ന വിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടുതന്നെ ഏകശിലാഖണ്ഡംപോലെ കരുത്തുറ്റ ഒരു രാഷ്ട്രമായി, ഫെഡറൽ സ്റ്റേറ്റായി ഒരിസ്‌ലാമിക രാഷ്ട്രത്തിന് ജീവിക്കാൻ കഴിയുമെന്ന് പ്രവാചകൻ ബോധ്യപ്പെടുത്തുകയായിരുന്നു. ഓരോ വ്യത്യസ്ത വിഭാഗത്തിനും അവരുടെ വിചാരവിശ്വാസങ്ങൾക്കനുസൃതമായി ജീവിക്കാമെന്നും രാഷ്ട്രത്തിന്റെ പ്രതിരോധം തുടങ്ങിയ വിഷയങ്ങൾ കൂട്ടുത്തരവാദിത്വത്തിൽപ്പെടുന്നവയാണെന്നും പ്രബോധിപ്പിക്കുകയാണിവിടെ. മദീനയിലെ എല്ലാ ജനവിഭാഗങ്ങളും പുതിയ ഭരണഘടനയെ ഹൃദയപൂർവം സ്വാഗതം ചെയ്തു. വളരെക്കാലത്തോളം ആ ഭരണഘടന അക്ഷരാർഥത്തിൽതന്നെ പ്രയോഗത്തിലുണ്ടായിരുന്നു. സമന്വയ സംസ്കാരത്തിന്റെയും സഹിഷ്ണുതയുടെയും നിദർശനമായി വർത്തിച്ച മദീനയിലെ ഭരണഘടനയെ വിലയിരുത്തിക്കൊണ്ട് ചരിത്രപണ്ഡിതനായ വില്യംമൂർ ഇങ്ങനെ തുടർന്നു:

''ലോകത്തിന് മുമ്പൊരിക്കലും പരിചയമില്ലാത്തതരത്തിലുള്ള ഒരു മതസഹിഷ്ണുതയാണ് അദ്ദേഹം (പ്രവാചകൻ) പ്രചരിപ്പിച്ചത്. മനുഷ്യമതത്തിൽ സഹിഷ്ണുത ഒരാവശ്യമാണെങ്കിൽ ആദർശപ്രവാചകനെന്ന പദവിക്കുള്ള മുഹമ്മദിന്റെ അവകാശത്തിന് ഇത് ശക്തമായ ഒരു നീതീകരണമാണ്.''

അസാധാരണ വ്യക്തിത്വം പുലർത്തിപ്പോന്ന അമുസ്‌ലിം പ്രതിഭകളെ കണ്ടെത്തി ഭരണരംഗത്ത് പല പദവികളിലും അവരെ അവരോധിച്ചതായി

കീർത്തിക്കുന്ന ചരിത്രരേഖകളുണ്ട്. ഖലീഫമാരുടെ കാലത്ത് അമുസ്‌ലിം വിഭാഗത്തിൽപ്പെട്ട ചിലരെ മന്ത്രിമാരായി നിയമിച്ചിരുന്നു. ഭരണപരമായ, ഗൗരവമിയന്ന പല ചുമതലകളും അവരെ ഭരമേല്പിച്ചിരുന്നു. ഹിജ്റ അഞ്ചാമാണ്ടിൽ അബ്സീനിയയിൽ അഭയം പ്രാപിച്ച മുസ്‌ലിംകളെ തിരിച്ചയക്കാനാവശ്യപ്പെട്ടുകൊണ്ട് മക്കയിൽനിന്ന് ഖുറൈശികളുടെ ഒരു നിവേദകസംഘം പോയിരുന്നു. ഇവരുടെ വാദമുഖങ്ങളെ നേരിട്ട്, ചക്രവർത്തിയെ സത്യം ബോധിപ്പിക്കാൻ നബി ഒരു ദൂതനെ അയച്ചു. അബ്സീനിയയുടെ പ്രാന്തപ്രദേശത്ത് കഴിയുന്ന അംറുബ്നു ഉമയ്യ എന്ന അമുസ്‌ലിം ആയിരുന്നു ആ ദൂതൻ. യുദ്ധതന്ത്രങ്ങളെക്കുറിച്ചാലോചിക്കുന്ന വിദഗ്ധസമിതികളിൽ അമുസ്‌ലിം പ്രതിഭകൾക്ക് അംഗത്വം നല്കിയിരുന്നു. ഒരു നെസ്തോറിയൻ ബിഷപ്പ് ഒരിക്കൽ തന്റെയൊരു സുഹൃത്തിന്നയച്ച കത്തിൽ ഇങ്ങനെയെഴുതി:

''ഈത്വയ്യുകാർ (അറബികൾ)ക്ക് ദൈവം ഇക്കാലത്ത് നമ്മുടെമേൽ ആധിപത്യം നല്കുകയും അവർ നമ്മുടെ യജമാനന്മാരായിത്തീരുകയും ചെയ്തിരിക്കുന്നു. എന്നാൽ, അവർ ക്രിസ്തുമതത്തെ എതിർക്കുകയേ ചെയ്യുന്നില്ല. മറിച്ച് നമ്മുടെ വിശ്വാസം സംരക്ഷിക്കുകയും നമ്മുടെ പുരോഹിതന്മാരെയും പുണ്യവാളന്മാരെയും ആദരിക്കുകയും കൂടി ചെയ്യുന്നു. നമ്മുടെ പള്ളികൾക്കും കോൺവെന്റുകൾക്കും അവർ സംഭാവന നൽകുകയും ചെയ്യുന്നു.'' (ഡോ. ഹമീദുല്ല ഉദ്ധരിച്ചത്).

ഇസ്‌ലാമികചരിത്രത്തിൽ സുവർണാക്ഷരങ്ങളിൽ ജ്വലിക്കുന്ന ചില പരാമർശങ്ങളുണ്ട്. അതിലൊന്ന് ഉമറുബ്നു അബ്ദിൽ അസീസിന്റെ ഒരു വിളംബരമാണ്.

''ദിമ്മികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അവരോട് സൗമ്യമായി പെരുമാറുകയും ചെയ്യുവിൻ. അവരിലാർക്കെങ്കിലും വാർധക്യം ബാധിക്കുകയോ ജീവിതമാർഗം മുട്ടിപ്പോവുകയോ ചെയ്താൽ അവർക്കുവേണ്ടി ചെലവുചെയ്യേണ്ടത് നിങ്ങളാണ്. അവരോട് ബാധ്യതയുള്ള സഹോദരനുണ്ടെങ്കിൽ അവരോട് ചെലവ് ചെയ്യാനാവശ്യപ്പെടുക. അവന്ന് ആരെങ്കിലും വല്ല നഷ്ടവും വരുത്തുന്നതായാൽ അതിന്ന് തക്ക പ്രതികാരനടപടി കൈക്കൊള്ളുക.''

മുഹമ്മദ് നബി ചരമശയ്യയിൽ കിടന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു:

''അമുസ്‌ലിം പ്രജകൾക്ക് ഞാൻ നല്കിയിട്ടുള്ള സംരക്ഷണം സൂക്ഷ്മമായി നിലനിർത്തുക.''

''അമുസ്‌ലിം പ്രജകളെ ആരെങ്കിലും ഉപദ്രവിച്ചാൽ പുനരുത്ഥാനദിവസത്തിൽ ഞാൻ അയാളുടെ ഭാഗത്തുനിന്ന്കൊണ്ടു വാദിക്കുന്നത് കാണാവുന്നതാണ്.'' (അബൂദാവൂദ്)

ദമാസ്ക്കസ്സിലെ പള്ളി വിപുലീകരിക്കാൻ സമീപത്തുള്ള ഒരു ക്രിസ്ത്യൻ പള്ളിപൊളിച്ച് അതിനോടൊപ്പം ചേർത്തിരുന്നു. ഉമറുബ്നു അബ്ദിൽ അസീസ് ഇക്കാര്യമറിഞ്ഞ് ആ ഭാഗം പൊളിച്ചുമാറ്റി ചർച്ച് പുനഃസ്ഥാപിക്കാൻ കല്പനയിട്ടു. സത്യവിശ്വാസിയായ ഖലീഫയുടെ ഹൃദയവിശാലതയിൽ ആകൃഷ്ടരായ ക്രിസ്ത്യാനികൾ അങ്ങനെ വേണ്ടെന്ന് പറഞ്ഞ് പിൻമാറുകയാണുണ്ടായത്.

മതപരിവർത്തനം ചെയ്യിക്കുന്നവർ മതബോധമില്ലാത്തവരാണെന്ന് തെളി

ച്ചുപറയാൻ ഇസ്‌ലാം മടിക്കുന്നില്ല. 'ദീനിൽ നിർബന്ധമില്ല' എന്ന വരിഷ്ഠ വചനം മതസംസ്കൃതിയുടെ മഹിതശബ്ദമാണ്. നിർബന്ധിച്ച് മതം മാറ്റൽ ഇസ്‌ലാം സാധൂകരിക്കുന്നില്ല. മതപ്രബോധനം മാത്രമാണ് ഒരു സത്യവിശ്വാസിയുടെ ദൗത്യം.

''നീ ഉണർത്തുക; നീ ഉണർത്തുന്നവൻ മാത്രമാണ്. നീ അവരുടെമേൽ അധികാരസ്ഥനല്ല'' (88:21)

''ദൈവദൂതൻ വ്യക്തമായ പ്രബോധനമല്ലാതെ ബാധ്യതയില്ല.'' (5:99, 24:54, 29:18)

''അവർ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ, നിനക്ക് വ്യക്തമായ പ്രബോധനം മാത്രമാണ് ബാധ്യത.'' (16:82)

''ഇനി അവർ അവഗണിച്ചുമാറിക്കളയുകയാണെങ്കിൽ, നിന്നെ നാം അവരുടെ കാവല്ക്കാരനാക്കിയിട്ടില്ല (എന്നു മനസ്സിലാക്കിക്കൊള്ളുക.) നിന്റെ ബാധ്യത പ്രബോധനം മാത്രമാണ്.'' (42:48)

''ബഹുദൈവവിശ്വാസികളിലാരെങ്കിലും നിന്നോടഭയം തേടിയാൽ അവന്നഭയം നല്കുക. അങ്ങനെയവൻ അല്ലാഹുവിന്റെ വചനം കേൾക്കുമാറാകട്ടെ. പിന്നീടവനെ അവന്റെ സുരക്ഷിതസ്ഥാനത്തെത്തിച്ചുകൊടുക്കുക. അവർ അറിഞ്ഞുകൂടാത്ത ജനങ്ങളായതുകൊണ്ടാണത്.'' (9:6)

''മതത്തിന്റെ കാര്യത്തിൽ യാതൊരു നിർബന്ധവും പാടില്ല. സന്മാർഗം ദുർമ്മാർഗത്തിൽനിന്നും വ്യക്തമായി വേർതിരിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആർ പിശാചിൽ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ നിശ്ചയമായും ശക്തമായ പിടിക്കയർ പിടിച്ചിരിക്കുന്നു.'' (2:256)

പ്രവാചകൻ ക്രൈസ്തവരുമായുണ്ടാക്കിയ സന്ധിസൗഹൃദം അത്യന്തം ശ്ലാഘനീയമാണെന്ന് സർ തോമസ് ആർണോൾഡ് പ്രസ്താവിച്ചിട്ടുണ്ട്:

''മതവിശ്വാസം രാഷ്ട്രീയ താൽപര്യത്തിൽനിന്ന് വിമുക്തമായപ്പോൾ വ്യക്തിപരമായ വിശ്വാസത്തെ കൈയേറ്റം ചെയ്യുന്നതിൽ നിന്നകന്നുനിന്ന ഏറ്റവും ഉദാരമായ മതം ഇസ്‌ലാമായിരുന്നു എന്ന് കാണാം. രാഷ്ട്രത്തിന്റെ ഭദ്രത ഭീഷണിക്ക് വിധേയമായപ്പോൾ ഇസ്‌ലാമികഭരണകൂടങ്ങൾ മതപരമായ ഏകീകരണത്തിന് എല്ലാ മാർഗങ്ങളും സ്വീകരിക്കാൻ പ്രേരിതമായി, അപ്പോൾപ്പോലും ഇസ്‌ലാമിക മൂല്യങ്ങളിൽനിന്ന് ഉയിർക്കൊണ്ട ഉദാരതയുടെ ഈ തത്ത്വം അതിന്റെ പരമകാഷ്ഠയിൽതന്നെയായിരുന്നു. പീഡനത്തിന്റെയും ബലാൽക്കാരത്തിന്റെയും യാതൊരു ലാഞ്ഛനയും എവിടെയും നമുക്ക് കാണാൻ കഴിയുന്നില്ല.'' (സർ തോമസ് ആർനോൾഡ്.)

ഇസ്‌ലാം സംസ്കൃതിയുടെ പ്രവിശാലതയ്ക്കകത്ത് വർഗ–വർണ–പ്രദേശവ്യത്യാസങ്ങളില്ല. ജാതി മതാചാര വിശ്വാസഭേദങ്ങളില്ല. ആദിപിതാവ് ആദം–പിന്നെ പരമ്പരകളായി. അത് അനുസ്യൂതം തുടരുന്നു. ഒരു സ്രോതസ്സിൽ നിന്നാരംഭിച്ച മനുഷ്യപ്രവാഹം. അതിലെ ഓരോ ജലകണവും സഹോദരർ. മാനവസാഹോദര്യം ഒരു മഹാസത്യം. മനസ്സിന്റെ ബോധ്യമനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാമനുവദിക്കുന്നുണ്ട്. ഭീഷണിയും പ്രേരണയും പ്രലോഭനവുമല്ല സ്വന്തം മനസ്സിന്റെ ബോധ്യമാണ് പരമം. മതപ്രചാരകന്ന് നിർബന്ധിക്കാനവകാശമില്ല; പ്രവാചകന്പോലും അതിന്നധികാരമില്ല– ദൈവംപോലും ബോധ്യമാണാഗ്രഹിക്കുന്നത്.

ഇസ്‌ലാം സംസ്കൃതിയിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട വിഷയങ്ങളിലൊന്നാണ് ജിസ്‌യ. അത് ഒരുതരം പിഴയുടെ പരിവേഷമണിഞ്ഞു നില്ക്കുന്ന പീഡനാത്മകമായ ഒരു സമ്പ്രദായം എന്നാണ് അമുസ്‌ലിംകളേറെയും ധരിച്ചിട്ടുള്ളത്; അഥവാ അങ്ങനെയാണവരെ ധരിപ്പിച്ചിട്ടുള്ളത്. ജിസ്‌യ ഇവിടെ സ്വല്പം വിശദീകരണം അർഹിക്കുന്നു.

സൈനികസേവനത്തിന്റെ കാര്യത്തിൽ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കുമിടയിൽ ഒരു വ്യത്യാസം കല്പിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാം മതത്തിനെതിരായി യുദ്ധം ചെയ്യുന്നവരെ മുസ്‌ലിംകൾക്ക് ചെറുക്കേണ്ടിവരും. അപ്പോൾ അമുസ്‌ലിംകൾക്ക് മുസ്‌ലിം പക്ഷത്തുനിന്ന് യുദ്ധം ചെയ്യുന്നതിൽ പ്രയാസങ്ങളുണ്ടാകും. ഒരാദർശരാഷ്ട്രത്തിൽ ആ ആദർശവുമായി യോജിക്കാത്തവർക്ക് സൈനികസേവനം പ്രയാസകരമായിരിക്കും. അത് സ്വാഭാവികം. അതുകൊണ്ട് അമുസ്‌ലിംകൾക്ക് സൈനികസേവനത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ അനുവാദം നല്കിയിട്ടുണ്ട്. എന്നാൽ അതിന് പകരമായി ഒരു തലവരി കൊടുക്കണം-അതാണ് ജിസ്‌യ.

ജിസ്‌യ സൈനികസേവനത്തിന് പകരമായി മാത്രമല്ല, അവരുടെയും നാടിന്റെയും സംരക്ഷണം മുസ്‌ലിംകൾ ഏറ്റെടുത്തിട്ടുള്ളതിന് കൂടിയാണ്. സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന അമുസ്‌ലിംകളിൽനിന്ന് ജിസ്‌യ ഈടാക്കുകയില്ല. സംരക്ഷണം നല്കാൻ മുസ്‌ലിംകൾക്ക് സാധിക്കാത്ത സന്ദർഭങ്ങളുണ്ടായപ്പോൾ, പിരിച്ച ജിസ്‌യ തിരിച്ചുകൊടുത്തതായി ചരിത്രരേഖകളുണ്ട്. രാഷ്ട്രത്തിന് ഗണ്യമായ സേവനം നല്കിയവരെയും വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, ദുർബലർ, ദരിദ്രർ തുടങ്ങിയവരെയും ജിസ്‌യയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. ജിസ്‌യ ഒട്ടും ഭാരിച്ചതുമായിരുന്നില്ല. നബിയുടെ കാലത്ത് ഒരാളിൽനിന്ന് പത്ത് ദിർഹമാണ് വസൂലാക്കിയിരുന്നത്. (പത്ത് ദിവസത്തെ ചെലവിന് വേണ്ടിവരുന്ന തുക.)

മുസ്‌ലിംകൾ പ്രതിവർഷം സകാത്ത് കൊടുക്കണം. അങ്ങനെ തങ്ങളുടെ സമ്പാദ്യത്തിന്റെ രണ്ടരശതമാനം ഖജനാവിലേക്ക് നിർബന്ധമായിത്തന്നെ അടച്ചിരിക്കണം. ഒരിസ്‌ലാമിക രാഷ്ട്രത്തിലെ നിർദ്ദിഷ്ട ധർമ കർമങ്ങളുടെ നിർവഹണത്തിന്നായി ആ നിധി പ്രയോജനപ്പെടുത്തുന്നു. സമൂഹത്തിലുള്ള സമ്പന്നരും അല്ലാത്തവരും തമ്മിലുള്ള അന്തരം ഒരളവിൽ കുറച്ചുകൊണ്ടുവരുവാനും അതുവഴി സാമ്പത്തിക സന്തുലിതത്വം പ്രയോഗത്തിൽവരുത്താനും അത് സഹായിക്കുന്നു. ഇസ്‌ലാംവിശ്വാസിയുടെ മതപരമായ സാമ്പത്തികബാധ്യതയാണ് സക്കാത്ത്.

ഇസ്‌ലാംവിശ്വാസികളല്ലാത്തവരിൽനിന്ന് സക്കാത്ത് പിരിക്കുന്നത് മേൽക്കാരണങ്ങൾകൊണ്ടുതന്നെ അനുചിതവും അനഭിലഷണീയവുമാണ്. അത് അന്യമതപീഡനമായി വ്യാഖ്യാനിക്കപ്പെടുമെന്ന കാര്യത്തിലും സന്ദേഹമില്ല. അതിനാൽ സ്റ്റേറ്റിലെ സകലാവകാശങ്ങളുമനുഭവിക്കുന്ന പൗരന്മാരെന്നനിലയിൽ മറ്റ് മതവിശ്വാസികളും സ്റ്റേറ്റ് ഖജനാവിലേക്ക് തങ്ങളുടേതായ എന്തെങ്കിലുമൊരു വിഹിതം നല്കണമെന്നത് പൗരന്റെ ബാധ്യതയായിവരുന്നു. അവിടെയാണ് ജിസ്‌യയുടെ പ്രസക്തി.

മുസ്‌ലിംകളല്ലാത്തവർ ജിസ്‌യ കൊടുക്കണമെന്നനുശാസിക്കുമ്പോൾ മുസ്‌ലിംകൾമാത്രം കൊടുക്കാൻ ബാധ്യസ്ഥമായ സക്കാത്തിനെക്കുറിച്ച് പലരുമോർക്കാറില്ല.

യുദ്ധകാലത്ത് യുദ്ധത്തിൽനിന്ന് നിസ്സംഗനായി ഒഴിഞ്ഞുനില്ക്കാൻ ഒരു സത്യവിശ്വാസിക്ക് സാധ്യമല്ല. അവൻ യുദ്ധത്തിൽ പങ്കെടുത്തേതീരൂ. അത് അവന്റെ ദൈവികബാധ്യതയായി കരുതപ്പെടുന്നു. എന്നാൽ അമുസ്ലിമിനെ സൈനികബാധ്യതയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. ഇസ്ലാം ദർശനമനുസരിച്ച് യുദ്ധം ദൈവദൗത്യമാണെന്നതുകൊണ്ട് അതിന് മതാത്മകമായ പരിവേഷമുണ്ട്. അതിനാൽ സൈനികസേവനം മുസ്ലിംകളല്ലാത്തവർക്കും നിർബന്ധമാക്കിയാൽ അത് പരമതദ്രോഹമായി ചിത്രീകരിക്കപ്പെടുമെന്നും മറ്റ് മതവിശ്വാസികളെസ്സംബന്ധിച്ചേടത്തോളം അത് വികാരപരമായ വിഷമാവസ്ഥയ്ക്ക് കാരണമായിത്തീരുമെന്നും പ്രവാചകൻ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഇസ്ലാമിക സ്റ്റേറ്റ് അമുസ്ലിംകൾക്ക് യുദ്ധം നിർബ്ബന്ധിതമല്ലെന്ന് നിശ്ചയിച്ചത്. അവിശ്വാസ്യതകൊണ്ടോ മതപരമായ അസ്പൃശ്യതകൊണ്ടോ അല്ലത്. സ്വമനസ്സാലെ സൈനികസേവനരംഗത്ത് പ്രവർത്തിക്കാനാഗ്രഹിക്കുന്ന അമുസ്ലിമിന് വിലക്കൊട്ടില്ലതാനും. അങ്ങനെ സൈനികസേവനത്തിന് സ്വയംസന്നദ്ധനായി മുന്നോട്ടുവരുന്ന അമുസ്ലിമിനെ ജിസ്യയിൽ നിന്നൊഴിവാക്കിക്കൊണ്ടുള്ള നിയമവും ഇസ്ലാം സംസ്കൃതിക്കകത്തുണ്ട്.

വ്യക്തിപരമായ താൽപര്യത്തിന്നപ്പുറത്ത് സമൂഹം, രാഷ്ട്രം എന്നീ മേഖലകളിലേക്ക് തന്റെ ശക്തിയും ശ്രദ്ധയും വ്യാപിപ്പിക്കാൻ പരിശ്രമിക്കുന്നവരോട് ഇസ്ലാമിക ഭരണകൂടം സ്നേഹവും നന്ദിയും പ്രകടിപ്പിച്ചുപോന്നിട്ടുണ്ട്. ദൈവമാർഗത്തിലുള്ള പ്രവൃത്തി എവിടെ കണ്ടാലും അതിനെ ശ്ലാഘിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഇസ്ലാം സംസ്കൃതിക്ക് സാധിച്ചിരുന്നു. രാഷ്ട്ര സംരക്ഷണത്തിൽ അമുസ്ലിംകൾ സ്വയംസന്നദ്ധരായി മുന്നോട്ടുവന്നതുകൊണ്ട് മദീനയിൽ ഇസ്ലാമിക രാഷ്ട്രം രൂപപ്പെട്ടപ്പോൾ പ്രവാചകൻ അവരെ ജിസ്യയിൽനിന്ന് ഒഴിവാക്കുകയുണ്ടായി. കെയ്റോവിൽനിന്ന് ചെങ്കടലിലേക്ക് ഒരു തോടുവെട്ടാനുള്ള സ്ഥലം തിരഞ്ഞെടുക്കാൻ സഹായിച്ച അമുസ്ലിമിനെ, കൃതജ്ഞതാസൂചകമായി ജിസ്യയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിറക്കാൻ ഖലീഫ ഉമർ ഉദാരത കാണിക്കുകയുണ്ടായി.

ഒരിക്കൽ ഖലീഫാ ഉമർ ഒരു തെരുവിലൂടെ നടന്നുപോവുകയായിരുന്നു. വഴിയിൽ ഒരു വൃദ്ധയാചകനെ കണ്ടുമുട്ടി. അദ്ദേഹം ഒരന്ധനായിരുന്നു. ആരിലും അനുതാപമുണർത്താൻ പോരുംവിധം ദയനീയമായിരുന്നു അദ്ദേഹത്തിന്റെ സ്വരവും പ്രകൃതവുമെല്ലാം. ഖലീഫാ ഉമർ യാചകനുമായി സംസാരിച്ചു. അദ്ദേഹം ഒരു ജൂത മതവിശ്വാസിയാണെന്ന് മനസ്സിലായി. ജിസ്യ കൊടുക്കാൻപോലും കഴിയാതെ ദുരിതം വിഴുങ്ങിക്കഴിയുന്ന യാചകനെ ഉമർ തന്റെ ഭവനത്തിലേക്ക് കൊണ്ടുപോയി. ഭക്ഷണവും അപേക്ഷയനുസരിച്ച് ജിസ്യക്കാവശ്യമായ കാശും കൊടുത്ത് യാചകനെ യാത്രയാക്കി. അപ്പോൾതന്നെ ഖലീഫാ ഉമർ രാജ ഖജനാവ് വ്യവഹരിക്കുന്ന അധികാരികൾക്ക് ഇങ്ങനെയെഴുതി;

"..........അയാളെയും അതുപോലുള്ളവരെയും കണ്ടെത്തുക. ദൈവം സാക്ഷി, അയാളുടെ യൗവനം നാം ഭുജിക്കുകയും വാർധക്യമായപ്പോൾ വഴിയാധാരമാക്കുകയും ചെയ്യുന്നത് നീതിയല്ല." അതോടെയാണ് നിർധനരെയും അന്ധരെയും അതുപോലെ നിസ്സഹായാവസ്ഥയിൽ കഴിയുന്നവരെയും ജിസ്യ

യിൽ നിന്നൊഴിവാക്കിക്കൊണ്ടുള്ള ഉത്തരവുണ്ടായത്.

ഇസ്ലാം സംസ്കൃതിയനുസരിച്ച് മതന്യൂനപക്ഷങ്ങൾ സുരക്ഷിതരാണ്. അവരുടെ ജീവനും സ്വത്തിനും അവിടെ പരമാവധി സംരക്ഷണം ലഭിക്കുന്നു.

''സൂക്ഷിച്ചുകൊള്ളുക. അമുസ്ലിം പ്രജകളെ വല്ലവനും അടിച്ചമർത്തുകയോ അവരുടെമേൽ കഴിവിന്നതീതമായ നികുതിഭാരം കെട്ടിയേല്പിക്കുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യവിധിനാളിൽ അവനെതിരിൽ ഞാൻ സ്വയംതന്നെ പരാതി ബോധിപ്പിക്കുന്നതാണ്'' എന്ന് പ്രവാചകനറിയിക്കുകയുണ്ടായി. (അബൂദാവൂദ്) യുദ്ധം ചെയ്തും അവരുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ടതാണെന്നും അവരുടെമേൽ അമിതമായ നികുതി ചുമത്തരുതെന്നും ഖലീഫാഉമർ തന്റെ ചരമശയ്യയിൽ വെച്ചുപോലും പറഞ്ഞിരുന്നു. ഒന്നുറപ്പിക്കുക; ജിസ്യയുടെ നിറം കറുപ്പല്ല; മതദ്വേഷത്തിന്റെ വിഷാംശവുമതിലില്ല.

# 30. എല്ലാ വേദഗ്രന്ഥങ്ങളെയും ആദരിക്കുക

സൃഷ്ടിസ്ഥിതി സംഹാരകാരകത്വം അല്ലാഹുവിന്നവകാശപ്പെട്ടതാണ്. അഥവാ അല്ലാഹുവിന്റെ കർമരംഗങ്ങളാണവമൂന്നും. അല്ലാഹു സർവശക്തനാണെന്ന പ്രയോഗം അപ്പോഴേ സാർഥകമാകുന്നുള്ളൂ. (സൃഷ്ടി, സ്ഥിതി, പരിണാമം–ഇവ മൂന്ന് വ്യവസ്ഥകളുടെയും വിധാതാവ് അല്ലാഹുവാണ് എന്ന ആശയം അഭിവ്യഞ്ജിപ്പിക്കാൻ 'റബ്ബുൽ ആലമീൻ' എന്ന പദമാണ് ഇസ്‌ലാം സംസ്കൃതി ഉപയോഗപ്പെടുത്തുന്നത്.)

ജീവരാശികളുടെ വർത്തനത്തിന്നവലംബമായി പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു. പ്രപഞ്ചരംഗം ശക്തമായ പരസ്പരാപേക്ഷയും തികഞ്ഞ താളപ്പൊരുത്തവും സർവോപരി മഹത്തായ സൗന്ദര്യാത്മകതയും പ്രഖ്യാപനം ചെയ്യുന്നു.

ജീവപ്രപഞ്ചത്തിലെ സമുന്നതസൃഷ്ടിയായ മനുഷ്യന്റെ മോചനത്തിനും പൂർണതയിലേക്കുള്ള പ്രയാണത്തിനും വഴിവിളക്കായി പ്രയോജനപ്പെടാനാണ് വേദഗ്രന്ഥങ്ങൾ നല്കപ്പെട്ടത്. സ്വരഭേദങ്ങൾ തോന്നാമെങ്കിലും ഏകമായ ലക്ഷ്യത്തിന്റെ പ്രകാശനമാണ് വേദങ്ങളെല്ലാം ഉന്നംവെക്കുന്നത്.

മുഖ്യമായ മൂന്ന് വേദഗ്രന്ഥങ്ങളെക്കുറിച്ച് ഖുർആൻ പരാമർശിച്ചിട്ടുണ്ട്. ഇസ്രായേലികൾക്ക് മൂസാനബി കൊണ്ടുവന്നിട്ടുള്ള ഗ്രന്ഥമാണ് തൗറാത്ത്. പുതിയ വേദങ്ങൾ പ്രതിഷേധമുയർത്തുകയല്ല, പൂരകമാവുകയാണ്. തൗറാത്തിനുശേഷം ഈസാനബി പുതിയൊരു വേദവുമായെത്തി. ഈസാനബി അവരോട് പറഞ്ഞു:

''എന്റെ മുന്നിലുള്ള തൗറാത്തിനെ (നിഷേധിക്കാതെ) ശരിവെച്ചു കൊണ്ടും നിങ്ങൾക്ക് വിലക്കപ്പെട്ടിരുന്ന ചില കാര്യങ്ങളെ നിങ്ങൾക്ക് നിയമാനുസൃതമാക്കിത്തരുവാനുമാണ് ഞാൻ വന്നിട്ടുള്ളത്. എന്റെയും നിങ്ങളുടെയും രക്ഷിതാവ് അല്ലാഹുവാകുന്നു. അതുകൊണ്ട് അവനെ ആരാധിക്കുവിൻ. അതാണ് ശരിയായ മാർഗം.'' (3:50)

തൗറാത്തിന്റെ അനുയായികൾ പുതിയ വേദത്തിനുനേരെ അസഹിഷ്ണുക്കളായിരുന്നു. അവരതിനെതിരെ ആക്രോശിച്ചു. കാതലായ ഒന്നും ചൂണ്ടിയായിരുന്നില്ല അവരുടെ ബഹളം. നിലവിലുള്ളത് അപ്രായോഗികവും അസത്യജടിലവുമായതുകൊണ്ടല്ലേ പുത്തനൊന്ന് വരുന്നത് എന്ന് സാമാന്യ ബുദ്ധി മാത്രമുപയോഗിച്ച് അവർ പരാതിപ്പെട്ടു. തങ്ങളുടെ ചോരയിലും വിശ്വാസത്തിലും സംസ്കാരത്തിലും സ്വാധീനിച്ചുകഴിഞ്ഞ പഴയ വേദത്തിനുവേണ്ടി അവർ ആയുധമെടുത്തു. ഖുർആനിൽ ഇങ്ങനെയൊരു സൂചന

യുണ്ട്:

"ക്രിസ്ത്യാനികൾക്ക് യാതൊരടിസ്ഥാനവുമില്ലെന്ന് ജൂതന്മാർ പറയും. ജൂതന്മാർക്ക് യാതൊരടിസ്ഥാനവുമില്ലെന്ന് ക്രിസ്ത്യാനികളും പറയും. അവരാണെങ്കിൽ (ഒരേ) വേദം വായിക്കുന്നുണ്ടുതാനും. ഇവർ പറയുന്നതുപോലെ തന്നെ അറിവില്ലാത്തവർ (മുമ്പും) പറഞ്ഞിട്ടുണ്ട്. എന്നാൽ അവർ ഭിന്നിച്ച കാര്യങ്ങളിൽ പുനരുത്ഥാനദിവസം അല്ലാഹു വിധികല്പിക്കുന്നതാണ്. (2:113)

ഇസ്ലാം മുഹമ്മദിന്റെ മാത്രം മതമല്ല. ആദ്യത്തെ പ്രവാചകനായ ആദം തൊട്ടിങ്ങോട്ട് പല കാലങ്ങളിലായി, പല ജനപദങ്ങളിലുമായി പരിസേവനം നിർവഹിച്ച പ്രവാചകന്മാരുടെയും മതം ഇസ്ലാം തന്നെയായിരുന്നു. പ്രവാചകന്മാരുടേത് പിഴയ്ക്കാത്ത സ്വരമായിരിക്കാമെങ്കിലും വൈയക്തികമായ പരിമിതികൾ സൃഷ്ടിക്കുന്ന അപൂർണതകൾപോലും ഇസ്ലാംദർശനത്തിനെതിരെ ആരോപിക്കാൻ കഴിയുകയില്ല. വൈവിധ്യമാർന്ന കാലപശ്ചാത്തലങ്ങളിൽ ജനമനസ്സുകളിൽ വർഷിക്കപ്പെട്ട പ്രവചനങ്ങളഖിലവും ഇസ്ലാമിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്. അതിനപ്പുറം മറ്റൊന്നുകൂടിയുണ്ട്. കാലപശ്ചാത്തലങ്ങളിൽ വിലക്കപ്പെട്ട വസ്തുതകളെ പുനഃശോധനയ്ക്ക് വിധേയമാക്കി സാധുത്വം നല്കി മനുഷ്യർക്ക് സമ്മാനിക്കുവാൻ പുതിയ വേദങ്ങൾക്ക് സാധിക്കുന്നു.

പഴയ പ്രവാചകന്മാരെ അനുസരിച്ചും വേദോക്തികളെ ആദരിച്ചുമാണ് പുതിയ വേദങ്ങൾ അവതീർണങ്ങളാകുന്നതെന്ന് എല്ലാ വേദഗ്രന്ഥങ്ങളും അനുസ്മരിപ്പിക്കുന്നുണ്ട്. അടിസ്ഥാനമില്ലാത്ത ആരോപണങ്ങളുമായി ശത്രുത വളർത്തി പ്രവാചകദൗത്യത്തിനുനേരെ അമർഷം കൊള്ളാനല്ല, പ്രത്യുത തങ്ങൾ പിന്തുടർന്നുപോരുന്ന വേദഗ്രന്ഥങ്ങളിലെ പ്രകാശമുൾക്കൊണ്ടുകൊണ്ട് നന്മയുടെ നിത്യഹരിത കേദാരത്തിലേയ്ക്ക്- ദൈവത്തിന്റെ തിരുസന്നിധിയിലേയ്ക്ക്-നടന്നുനീങ്ങുവാനുള്ള പരിശ്രമമാണ് നമ്മുടെ ഭാഗത്തുണ്ടാവേണ്ടത്. ഭിന്നതയിലൂടെയല്ല, അഭിന്നതയിലൂടെയാണ് അഖിലാധിനാഥനായ അല്ലാഹുവിന്റെ സമീപത്തെത്താൻ കഴിയുക.

മറ്റ് മതവിശ്വാസികളുമായി തല്ലിത്തകരാതിരിക്കുവാനും സ്പർധ വളർത്തി ജീവിതം തുലയ്ക്കാതിരിക്കാനും മാത്രമല്ല ഇസ്ലാംസംസ്കാരം പ്രബോധിപ്പിക്കുന്നത്. അവരുമായി നടത്തുന്ന സംഭാഷണങ്ങളിൽപ്പോലും സാത്വികത കൈമോശം വരരുതെന്നും വൃത്തിയിലും സമീപനത്തിലും വ്യത്യാസങ്ങൾ സൂക്ഷിക്കുന്ന ഒരു രക്ഷിതാവിന്റെ സന്തതികളാണ് തങ്ങളെന്നറിഞ്ഞുകൊണ്ട് സ്നേഹത്തോടെ പെരുമാറാൻ സാധിക്കണമെന്നും ഖുർആൻ നിഷ്കർഷിക്കുന്നു.

"വേദക്കാരോട് ഏറ്റവും നല്ല വാക്കുകളും സമീപനങ്ങളും ഉപയോഗപ്പെടുത്തിയല്ലാതെ തർക്കിക്കരുത്. അവരിൽ അക്രമികളായവരോടൊഴികെ നിങ്ങൾ പറയണം: ഞങ്ങൾക്കവതരിച്ചതിലും നിങ്ങൾക്കവതരിച്ചതിലും ഞങ്ങൾ വിശ്വസിക്കുന്നുണ്ട്. ഞങ്ങളുടെയും നിങ്ങളുടെയും ദൈവം ഒന്നാണ്. ഞങ്ങൾ അവന്ന് കീഴ്പെട്ടവരാണ്." (29:46)

മതങ്ങൾ കാണിച്ചുതരുന്ന മാർഗഭേദങ്ങളനുസരിച്ചുകൊണ്ട് മനുഷ്യകുലത്തിന്റെ ഏകതയംഗീകരിക്കുവാനും ഏകീകരണം സാക്ഷാൽക്കരിക്കുവാനും സാധിക്കും.

പല പ്രവാചകന്മാരും മനുഷ്യസമൂഹത്തിനുവേണ്ടി വേദഗ്രന്ഥങ്ങൾ

സമ്മാനിച്ചിട്ടുണ്ടെങ്കിലും ഏറെ അറിയപ്പെടുന്നവ നാലെണ്ണമാണെന്ന് ഖുർ ആൻ രേഖപ്പെടുത്തിയിട്ടുണ്ട്–

ദാവൂദ്നബിയുടെ സബൂർ
മൂസാനബിയുടെ തൗറാത്ത്
ഈസാനബിയുടെ ഇഞ്ചീൽ
മുഹമ്മദ്നബിയുടെ ഖുർആൻ

വേദങ്ങളെ പൂർണവൽക്കരിച്ച പ്രവാചക പ്രകാണ്ഡമായി മുഹമ്മദ്നബി കീർത്തിക്കപ്പെടുന്നു. പൂർവവേദങ്ങളിലെ മഹിതാശയങ്ങളെ മുഴുവൻ ഖുർ ആൻ ഉൾക്കൊള്ളുന്നുണ്ടെന്നും അതിനാൽ എല്ലാ വേദഗ്രന്ഥങ്ങളെയും ഖുർ ആനെപ്പോലെ കരുതിയാദരിക്കണമെന്നും എല്ലാ പ്രവാചകന്മാരുടെ മുന്നിലും മുഹമ്മദ്നബിക്കെന്നപോലെ വിനയാദരങ്ങൾ സമർപ്പിക്കണമെന്നും ഖുർ ആൻ നിർദേശിക്കുന്നു.

"സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ പ്രവാചകനിലും പ്രവാചകന്നവതരിപ്പിച്ച വേദഗ്രന്ഥത്തിലും അതിന്നു മുമ്പവതരിപ്പിച്ചതിലും വിശ്വസിക്കുവിൻ. അല്ലാഹുവെയും അവന്റെ മലക്കുകളെയും അവന്റെ ഗ്രന്ഥങ്ങളെയും അവന്റെ ദൂതന്മാരെയും അന്ത്യനാളിനെയും നിഷേധിക്കുന്നവർ വളരെ വിദൂരമായ നിലയിൽ പിഴച്ചുപോയിരിക്കുന്നു." – 4:136

"അവന്റെ ദൂതന്മാർക്കിടയിൽ ഞങ്ങൾ വ്യത്യാസം കല്പിക്കുകയില്ല."(2:285)

"ഈസാ പറഞ്ഞു: തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക– ഇതത്രെ നേരെയുള്ള മാർഗം." (19:36)

# 31. സ്ത്രീയെ വെളിച്ചത്തിലേക്ക് നയിച്ച വിമോചനശാസ്ത്രം

●

തെരുവുകളിൽപോലും വലിച്ചിട്ട് ചർച്ചചെയ്ത് വികൃതമാക്കപ്പെട്ട ഒരു വിഷയമാണ് 'ഇസ്‌ലാമിലെ സ്ത്രീ.' സ്ത്രീ, വിവാഹം, അനേകഭാര്യാത്വം, പിന്നെ വിവാഹമോചനം. കേട്ടറിവ് മാത്രമുള്ള കാലത്ത് പ്രചാരണതീവ്രതയുടെയും ചാരുതയുടെയും മുന്നിൽ ഞാൻ വിസ്മയം കൂറി നിന്നിട്ടുണ്ട്. അന്ധകാരയുഗത്തിലെ മനുഷ്യന്റെ പ്രാകൃതഭാവം പുതിയ വേഷമണിഞ്ഞ് സത്യവേദത്തോട് പ്രതികാരം കാണിക്കുകയായിരുന്നു എന്നും എനിക്ക് തോന്നി. സത്യവേദത്തെ മുൻവിധിയൊന്നുമില്ലാതെ താൽപര്യപൂർവം സമീപിക്കാൻ തുടങ്ങിയതോടെ അറിവില്ലായ്മയും അസഹിഷ്ണുതയും പ്രതികാരമനസ്സും ഇവിടെ കെട്ടിപ്പൊക്കിയ മിഥ്യയുടെ കോട്ടകൊത്തളങ്ങൾ എന്നിൽ മൃൺമയ ശില്പങ്ങളെപ്പോലെ ഉടഞ്ഞുവീഴുകയായിരുന്നു.

പഴയ ലോകത്ത് പതിത്വം അനുഭവിച്ചുപോന്ന ഒരഭിശപ്ത വിഭാഗമായിരുന്നു സ്ത്രീകൾ. ചില രാജ്യങ്ങളിലെ ചില ജനപദങ്ങളിൽ അപവാദങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞേക്കാമെങ്കിലും പൊതുവെ അതായിരുന്നു നില. മനുഷ്യകുലത്തിലെ ആദ്യനായി കരുതപ്പെടുന്ന ആദം തന്റെ ഇടത്തെ വാരിയെല്ലിൽനിന്ന് സൃഷ്ടിച്ച വിചിത്ര ജീവിയാണ് സ്ത്രീ എന്നാണ് സങ്കല്പം. അതുകൊണ്ടാണത്രെ സ്ത്രീക്ക് വാരിയെല്ലുകൾ എണ്ണത്തിൽ ഒന്നു കുറഞ്ഞത്!

കോളറ, മരണം, നരകം, വിഷം, സർപ്പം, അഗ്നി എന്നിവയെല്ലാം സ്ത്രീ എന്ന ശാപത്തെക്കാൾ എത്രയോ മടങ്ങ് ഉത്തമമാണെന്ന് പറയുന്ന ചില മതവാദികൾ അന്നുണ്ടായിരുന്നു. ബൈബിൾ പഴയ നിയമത്തിലെ സ്ത്രീയെക്കുറിച്ചുള്ള പരാമർശം ഉദ്ധരണാർഹമാണ്:

''പഠന-ഗവേഷണങ്ങൾ നടത്തി അറിവു നേടാനും തിന്മ അജ്ഞതയും അവിവേകം ഭ്രാന്തുമാണെന്ന് മനസ്സിലാക്കുവാനും ഞാനും എന്റെ ഹൃദയവും ചുറ്റിസ്സഞ്ചരിച്ചു. അപ്പോൾ മരണത്തെക്കാൾ ദുസ്സഹമാണ് സ്ത്രീയെന്നും അവൾ കുരുക്കും അവളുടെ ഹൃദയം വലയും കൈകൾ വിലങ്ങുകളുമാണെന്നും ഞാൻ കണ്ടു.''

അക്കാലത്ത് യൂറോപ്പിലെ പല രാജ്യങ്ങളിലും സ്ത്രീയെ വിവേകവും വിശേഷബുദ്ധിയുമില്ലാത്ത ഒരു നികൃഷ്ട ജീവിയോ ശപിക്കപ്പെട്ട അതിഹീ

നയായ ഒരു പിശാചോ ആയിട്ടാണ് ഗണിച്ചുപോന്നത്.

നാഗരികത എന്ന് കേൾക്കുമ്പോൾ ആരും ആദ്യമോർത്തുപോകുന്ന ഗ്രീസ്, വിശ്വസംസ്കാരത്തിന്റെ പിള്ളത്തൊട്ടിലായാണ് അറിയപ്പെടുന്നത്. ആ ഗ്രീസിൽ, വെളിച്ചം പ്രസരിച്ചുനിന്ന ആ പഴയ കാലത്തുപോലും സ്ത്രീ വിലകുറഞ്ഞ ഒരു വില്പനച്ചരക്കായി ചന്തകളിൽ മൃഗങ്ങളോടൊപ്പം കൈമാറ്റപ്പെടുകയായിരുന്നു എന്നതാണ് സത്യം.

അക്കാലത്തൊരിക്കൽ റോമിൽ സമ്മേളിച്ച പ്രമാണിമാരുടെയും ബുദ്ധിജീവികളുടെയും ഒരു സമ്മേളനം ഇങ്ങനെ തീരുമാനിക്കുകയുണ്ടായി:

''ആത്മാവില്ലാത്ത ഒരുതരം ജീവിയാണ് സ്ത്രീ. അതുകൊണ്ടുതന്നെ അവൾക്ക് മരണാനന്തരം ജീവിതമില്ല. മ്ലേച്ഛ ജീവിയായ അവൾ മാംസം ഭക്ഷിക്കാനോ ഭാഷ സംസാരിക്കാനോ ചിരിക്കാനോ പാടില്ല. അവളെന്നും പ്രാർഥനയിലും ആരാധനയിലും പരിചരണത്തിലും മുഴുകിയിരിക്കണം.''

ഈ തീരുമാനം പ്രയോഗത്തിൽ വരുത്തുന്നതിന്നാവശ്യമായ കർശന നടപടികളാവിഷ്കരിക്കപ്പെട്ടു. സംസാരിക്കാതിരിക്കാൻ അവളുടെ വായക്ക് മുദ്രവെച്ചു. മുഖത്ത് കരിംചായം തേച്ചത് ഭാവ പ്രകാശനം തടയാനാണത്രെ. ഉയർന്നതെന്നോ താഴ്ന്നതെന്നോ ഭേദമില്ലാതെ എല്ലാ കുടുംബത്തിലുംപെട്ട സ്ത്രീകൾ വായമൂടിക്കെട്ടിയാണ് പുറത്തിറങ്ങിയിരുന്നത്. പുരുഷമനസ്സുകളെ കുരുക്കിട്ട് പിടിക്കാൻ പിശാച് ബോധപൂർവം സൃഷ്ടിച്ചയച്ച വശീകരണായുധമാണ് സ്ത്രീ എന്നാണവർ വിശ്വസിച്ചത്.

എ.ഡി. 586–ൽ ഫ്രാൻസിൽ ചേർന്ന മതാധിപന്മാരും ബുദ്ധിജീവികളും ഉൾപ്പെട്ട ഒരു സമുന്നത കാര്യാലോചനായോഗം ചർച്ചചെയ്ത വിഷയം 'സ്ത്രീ മനുഷ്യജീവിയോ മനുഷ്യേതര ജീവിയോ?' എന്നതായിരുന്നു: ചർച്ചയുടെ സമാപനത്തിൽ ഏകകണ്ഠമായ ഒരു തീരുമാനത്തിലവരെത്തി.

''സ്ത്രീ മനുഷ്യവർഗത്തിൽപെട്ടതാണ്.
എന്നാൽ പുരുഷന്റെ
പരിചരണത്തിന്നാണ്
അവൾ സൃഷ്ടിക്കപ്പെട്ടത്.''

ഇംഗ്ലണ്ടിൽ ഹെന്റ്രി എട്ടാമൻ, സ്ത്രീകൾ വേദപുസ്തകം തൊട്ടുപോകരുതെന്ന രാജകല്പനയിറക്കിയിരുന്നു. എ.ഡി. 1850–ലെ നിയമമനുസരിച്ച് ബ്രിട്ടനിൽ സ്ത്രീക്ക് രാഷ്ട്രപൗരത്വം അവകാശപ്പെട്ടുകൂടാ. വേലചെയ്തുകിട്ടുന്ന കൂലിപ്പണം പോലും സൂക്ഷിക്കാനവൾക്കവകാശമുണ്ടായിരുന്നില്ല.

അറബ്നാടുകളിലെ കഥ അതിവിചിത്രമായിരുന്നു. ജനിച്ചുവീണത് പെൺകുട്ടിയാണെന്നറിഞ്ഞാൽ വിനാശകാരിയായ ഒരു ഭീകര വസ്തുവെപ്പോലെ അതിനെയെടുത്ത് കുഴിച്ചിടുന്ന സമ്പ്രദായം അവിടെ പ്രചുരമായിരുന്നു. പെൺകുഞ്ഞു പിറക്കുന്നതുപോലും മാനക്കേടായിക്കരുതിയ ആ കാലത്തിന്റെ ബീഭത്സമുഖം തെളിച്ചുകാട്ടാൻ പോരുന്ന ഒരു പരാമർശം ഖുർആനിലുണ്ട്:

''പെൺകുഞ്ഞ് പിറന്നിട്ടുണ്ടെന്ന സന്തോഷവാർത്ത അവരിലൊരാളെയറിയിച്ചാൽ അവന്റെ മുഖം കറുത്തിരുളുന്നു. അവൻ ദുഃഖവും കോപവും കടിച്ചൊതുക്കുന്നു. തനിക്ക് ലഭിച്ച 'സന്തോഷവാർത്ത' യുടെ അപമാനം സഹിക്കവയ്യാതെ അവൻ ജനദൃഷ്ടിയിൽനിന്ന് അപ്രത്യക്ഷനാകും. അപമാനം സഹിച്ച് ഈ കുഞ്ഞിനെ വെച്ചുകൊണ്ടിരിക്കുകയോ അതോ മണ്ണിൽ

കുഴിച്ചിടുകയോ വേണ്ടത്? ഹോ! അവരുടെ വിധി എത്ര നീചം!'' (16: 59)

മർദനത്തിനും അടിച്ചമർത്തലിനും അധമമായ പുരുഷസംസ്കാരത്തിന്റെ പൈശാചികമായ ഭേദ്യങ്ങൾക്കും വിധേയയായി കഴിയേണ്ടിവന്ന സ്ത്രീകളെ അടിമകളാക്കി ലൈംഗികാവശ്യത്തിന് വിറ്റ് പണമുണ്ടാക്കാൻപോലും അന്നത്തെ സമുദായം തയ്യാറായിരുന്നു. പെൺകുട്ടികളെ ജീവനോടെ ദഹിപ്പിക്കുകയും കുന്നിൻ മുകളിൽനിന്ന് താഴേക്കെറിഞ്ഞ് കൊല്ലുകയും ചെയ്ത സംഭവങ്ങൾ ചരിത്രത്തിന്റെ താളുകളിലുണ്ട്.

അറബ്നാട്ടിലുണ്ടായിരുന്ന വിചിത്രമായ ഒരു രീതി നമ്മെ വിസ്മയം കൊള്ളിക്കും. അതിതാണ്: ഒരുനാൾ ഒരു മരുമകൻ തന്റെ അമ്മാമനെ സമീപിച്ച്, താൻ അമ്മായിയുടെ ശരീരത്തിൽ ഒരു തുണി പുതപ്പിച്ചിട്ടുണ്ടെന്നും അതുവഴി അവരുടെ സമസ്താവകാശങ്ങളും ഇന്നുമുതൽ തനിക്കാണെന്നും പറഞ്ഞാൽ അമ്മാമന് പിന്നെ മറുവായുരിയാടാൻ അവകാശമില്ലത്രെ. ആ സ്ത്രീയെ–അമ്മായിയമ്മയെ– വിവാഹംചെയ്യാനും മരുമകന് അവകാശമുണ്ട്. വേണമെങ്കിൽ പിന്നീട് മറ്റാർക്കെങ്കിലും വിവാഹം ചെയ്തുകൊടുത്ത് പ്രതിഫലവും വാങ്ങാം. മോചനപ്പണമോ മരണാനന്തര സ്വത്തോ മോഹിച്ച് അവളെ പുനർവിവാഹം ചെയ്യാൻ സമ്മതിക്കാതെ തടഞ്ഞുവെക്കാനും അക്കാലത്ത് നിയമസഹായം ലഭിച്ചിരുന്നു.

ലോകത്തെവിടെയും, എല്ലാ സംസ്കാരങ്ങളിലും സ്ത്രീക്ക് പതിത്വം കല്പിച്ചിരുന്നുവെങ്കിലും അറബ്നാടുകളിലെപ്പോലെ ക്രൂരവും ഹീനവും നിർലജ്ജവുമായ ആചാരങ്ങൾ മറ്റേറെ നാടുകളിൽ കാണാൻ കഴിയുമായിരുന്നില്ല. പിതാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ സ്വത്തുക്കളോടൊപ്പം മറ്റ് ഭാര്യമാരെയും ചില അറബികൾ പിൻതുടർച്ചാവകാശമായി കൈവശപ്പെടുത്തി ഭാര്യമാരായി ഉപയോഗിച്ചിരുന്നുവത്രെ!

അക്കാലത്ത് പല രാജ്യങ്ങളിലും മരണപ്പെട്ടവരുടെ സ്വത്തിൽ സ്ത്രീകൾക്ക് അവകാശം നല്കിയിരുന്നില്ല. വിവാഹമോചനത്തിനും അന്ന് അവൾക്കവകാശമില്ലായിരുന്നു. വിധവകളെ പുനർവിവാഹം ചെയ്യുന്നത് നിയമരീത്യാ വിലക്കിയ നാടുകളും കുറവായിരുന്നില്ല.

കച്ചവടച്ചരക്ക്, ഭോഗവസ്തു, അടിമ–എന്നീ നിലകളിലല്ലാതെ പഴയ ലോകം സ്ത്രീയെ ആദരണീയയായ മനുഷ്യസൃഷ്ടി എന്ന നിലയിൽ കണ്ടിട്ടില്ല. അപൂർവം ചില പ്രദേശങ്ങൾ–ജനപദങ്ങൾ–അപവാദങ്ങളായി വേറിട്ട് നില്ക്കുന്നു എന്ന് മാത്രം.

മനുഷ്യചരിത്രത്തിൽ ആറാം നൂറ്റാണ്ട് അത്യന്തം ശ്രദ്ധേയമാകുന്നത്, സ്ത്രീ സ്വാതന്ത്ര്യത്തിന്റെ മന്ത്രധ്വനിയുമായി ഒരു വേദഗ്രന്ഥം രംഗത്തവതീർണമായി എന്നതുകൊണ്ടാണ്. അക്ഷരാർഥത്തിൽ അതൊരു മഹാവിപ്ലവത്തിന് ബീജാധാനം നടത്തി. സ്ത്രീയും പുരുഷനും തുല്യരാണെന്ന് ഇസ്ലാം പ്രഖ്യാപിച്ചു:

''പുരുഷനേയും സ്ത്രീയേയും നാം
ഒരേ ആത്മാവിൽനിന്ന് സൃഷ്ടിച്ചു.''

സ്ത്രീക്ക് ആത്മാവുണ്ടോ എന്നുപോലും സന്ദേഹിച്ച കാലം. ലൈംഗികാവശ്യത്തിനുള്ള കേവലമൊരു ഉപഭോഗവസ്തു–ആരുടെയെങ്കിലും അടിമ–സ്വത്തവകാശങ്ങളില്ല–പൗരാവകാശങ്ങളൊന്നുമില്ല. പിറവിയോടൊത്ത് കുഴിച്ചുമൂടപ്പെടുന്ന ദുരവസ്ഥ! ഈ പശ്ചാത്തലത്തിൽ ഖുർആൻ പ്രഘോ

ഷിച്ചു:

സ്ത്രീക്ക് ആത്മാവുണ്ട്
പുരുഷനൊപ്പം സ്ത്രീക്കും
അധികാരാവകാശങ്ങളുണ്ട്.
സ്വാഭിപ്രായം പറയാം.
ആദർശങ്ങൾ വെച്ചുപുലർത്താം
സ്വത്ത് സമ്പാദിക്കാനും വ്യവഹരിക്കാനും അവകാശം
വിദ്യാഭ്യാസത്തിനുള്ള
വിലക്കുകളഴിഞ്ഞു
പൊതുകാര്യങ്ങളിലിടപെടാം
വിവാഹം, വിവാഹമോചനം-
സ്ത്രീയുടെ അഭിപ്രായം നിർണായകം
''പുരുഷനാവട്ടെ, സ്ത്രീയാവട്ടെ നിങ്ങളിൽ ആർ പ്രവർത്തിച്ചാലും
അവരുടെ പ്രവൃത്തി ഞാൻ പാഴാക്കുകയില്ല.'' (3:195)

''ആണാകട്ടെ പെണ്ണാകട്ടെ, സത്യവിശ്വാസിയായിരിക്കെ ആർ സൽക്കർമങ്ങൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ കടക്കും. അവർക്ക് അശേഷവും നീതി നിഷേധിക്കപ്പെടുകയില്ല.''

''മനുഷ്യരേ, ഏക വ്യക്തിയിൽ നിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിൽ നിന്നും അതിന്റെ ഇണയെ ഉൽപാദിപ്പിക്കുകയും ആ രണ്ട് വ്യക്തികളിൽനിന്ന് അനേകം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിക്കണം.''

''തീർച്ചയായും മുസ്‌ലിം പുരുഷന്മാരും മുസ്‌ലിം സ്ത്രീകളും സത്യവിശ്വാസികളും വിശ്വാസിനികളും ഭക്തന്മാരും ഭക്തകളും സത്യസന്ധന്മാരും സത്യസന്ധകളും ക്ഷമാശീലന്മാരും ക്ഷമാശീലകളും ധർമിഷ്ഠന്മാരും ധർമിഷ്ഠകളും വ്രതമെടുക്കുന്ന പുരുഷന്മാരും വ്രതമെടുക്കുന്ന സ്ത്രീകളും ജനനേന്ദ്രിയങ്ങളെ സൂക്ഷിക്കുന്ന പുരുഷന്മാരും ജനനേന്ദ്രിയങ്ങളെ സൂക്ഷിക്കുന്ന സ്ത്രീകളും-അവർക്ക് അല്ലാഹു പാപമോചനവും പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട്'' (33:35)

ഇസ്‌ലാംസംസ്കൃതിയനുസരിച്ച് വിജ്ഞാനസമ്പാദനം പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും നിർബന്ധിതമത്രെ. വ്യാപാര-വ്യവസായങ്ങളും ധനപരമായ എല്ലാ ഇടപാടുകളും നടത്താൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. സ്ത്രീകൾക്ക് കോടതികളിൽ സാക്ഷികളായി മൊഴി നല്കാം. പുരുഷന്മാരുടെയും സ്ത്രീകളുടെയും കേസുകളിൽ ഒരുപോലെ വിധിനടത്തുന്ന ജഡ്ജിമാരാകാം. അഞ്ചുനേരം പള്ളിയിൽ നടത്തപ്പെടുന്ന പ്രാർഥനകളിലും വെള്ളിയാഴ്ചയിലെ സമൂഹപ്രാർഥനയിലും സ്ത്രീകൾക്ക് പങ്കെടുക്കാം. പുരുഷന്മാരെപ്പോലെ അവർക്കും ഇവ പുണ്യകർമങ്ങളാണ്. പട്ടാളസേവനരംഗത്ത് തങ്ങളുടേതായ പങ്കുവഹിക്കാൻ സ്ത്രീകൾക്കവകാശമുണ്ട്. ഉമ്മു അതിയ്യ എന്ന സ്ത്രീയുടെ വാക്കുകൾ ശ്രദ്ധേയം:

''ഞാൻ നബിതിരുമേനിയുടെ കൂടെ ഏഴ് യുദ്ധങ്ങളിൽ പങ്കെടുത്തു. സൈന്യത്തിന്റെ പിറകിൽ സാധനങ്ങളുടെയടുത്ത് കാവൽ നില്ക്കുക, മുറിവേറ്റവരെ ചികിത്സിക്കുക, രോഗികളെ ശുശ്രൂഷിക്കുക-മുതലായ പ്രവർത്തനങ്ങളാണ് ഞാൻ ചെയ്തത്.''

യുദ്ധത്തിൽ നേരിട്ട് പങ്കെടുത്ത പല സ്ത്രീ പോരാളികളും അന്നുണ്ടായിരുന്നു. ഉമ്മുൽ ഖൈർ, സർഖാഅ, അക്റശ്, ഉമ്മുസിനാൽ, ഹുശൈമ തുടങ്ങിയ സ്ത്രീപോരാളികളുടെ പേരുകൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പ്രവാചകപത്നിയായ ആയിശ ഒരിക്കൽ പട്ടാളവിഭാഗത്തിന് നേതൃത്വം വഹിക്കുകയുണ്ടായി.

ദാമ്പത്യത്തിലെ ബാധ്യതകൾക്ക് കോട്ടം തട്ടാത്തവിധം അനുയോജ്യമായ തൊഴിൽചെയ്യാൻ സ്ത്രീകൾക്കവകാശമുണ്ടായിരുന്നു. നബിയുടെ കാലത്ത് നൂൽനൂൽപ്പ് വേലയും മറ്റും ചെയ്തിരുന്ന സ്ത്രീകളെ അദ്ദേഹം പുകഴ്ത്തിയിരുന്നു.

''വിശ്വാസികളായ പുരുഷനും സ്ത്രീയും പരസ്പരം സഹായികളാണ്. അവർ നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും നമസ്കാരം മുറയ്ക്ക് നിർവഹിക്കുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യും. അവർക്ക് അല്ലാഹു കരുണ ചെയ്യുന്നതാണ്.''

നല്ലതു കല്പിക്കാനും ചീത്തയെ വിരോധിക്കാനും നല്ല പ്രവർത്തനങ്ങളിലേർപ്പെടാനുമുള്ള പ്രബുദ്ധ പൗരാവകാശം സ്ത്രീക്കുമുണ്ടെന്ന് ഈ സൂക്തം അഭിവ്യക്തമാക്കുന്നു.

''സ്ത്രീ പുരുഷന്നും പുരുഷൻ സ്ത്രീക്കും വസ്ത്രമാണെ''ന്ന് ഖുർആൻ സൂചിപ്പിക്കുന്നു. മനുഷ്യസമൂഹത്തിലെ രണ്ട് ഘടകങ്ങളെന്ന നിലയ്ക്ക് സ്ത്രീക്കും പുരുഷന്നുമിടയിൽ സമ്പൂർണ സമത്വമാണുള്ളത്. അതുകൊണ്ടുതന്നെ സകലവിധ അവകാശങ്ങൾക്കുള്ള അർഹതയും തുല്യമാണ്. വേദഗ്രന്ഥത്തിന്റെ സമീപനമതാണ്. 'സ്വർഗം മാതാവിന്റെ കാൽച്ചുവട്ടിലാണെ'ന്ന നബിവചനം മാത്രം മതി, ഇസ്ലാം സാധിച്ച സ്ത്രീവിപ്ലവത്തിന്റെ പെരുമ്പറ മുഴക്കാൻ. 'യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതഃ' എന്ന ഭാരതീയ സംസ്കൃതിയും 'സ്വർഗം മാതാവിന്റെ കാൽച്ചുവട്ടിലാണെ'ന്ന ഇസ്ലാമിക സംസ്കൃതിയും ഗുണപരതയുടെ വിശ്ലേഷണത്തിൽ തൊട്ടുരുമ്മിപ്പോവുകയാണ്.

പഴയ സമൂഹത്തിന്റെ അസ്തിത്വം ഉടമാവകാശവുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടുകിടക്കുന്നു. സ്ത്രീയുടെ അസ്തിത്വം അന്ന് അംഗീകരിക്കപ്പെട്ടില്ല എന്ന ദുരവസ്ഥയ്ക്ക് കാരണം അവർക്ക് അന്ന് ഉടമാവകാശം ഇല്ലായിരുന്നു എന്നതാണ്. താനധ്വാനിച്ചുണ്ടാക്കിയ കാശ് പോലും സ്വന്തം കൈകളിൽ സൂക്ഷിക്കുവാൻ അവൾക്ക് പാടില്ലായിരുന്നു. സമൂഹം പുരോഗതിയിലേക്ക് നടന്നടുത്തപ്പോൾ, സ്ത്രീക്കുകൂടി സാമ്പത്തികസ്വാതന്ത്ര്യം കൈവന്നപ്പോൾ മാത്രമാണ് അവൾ അംഗീകരിക്കപ്പെട്ടത്. സ്ത്രീക്ക് ആ സൗഭാഗ്യം സമ്മാനിച്ചത് ഇസ്ലാംസംസ്കൃതിയാണ്. ആരുടെയും മധ്യസ്ഥതയോ ഇടപെടലോ കൂടാതെതന്നെ സ്വയം സമ്പാദിക്കാനും സമ്പത്ത് കൈകാര്യം ചെയ്യാനും സമൂഹവുമായി സ്വതന്ത്രവ്യാപാരം നടത്താനും ഇസ്ലാം സ്ത്രീകൾക്കവകാശം നല്കി.

''ഭാര്യ പള്ളിയിൽ പോകാനനുവാദം ചോദിച്ചാൽ തടയാൻ പാടില്ലെ''ന്ന് നബി പറഞ്ഞതായി മുസ്ലിം ഉദ്ധരിച്ചിട്ടുണ്ട്. നബിയുടെ കാലത്ത് പ്രഭാതനമസ്കാരത്തിന് സ്ത്രീകൾ വെള്ളകീറുന്നതിനു മുമ്പെ, ഇരുളിൽപോലും പള്ളിയിൽ പോയിരുന്നു എന്ന് ഹദീസുകൾ വ്യക്തമാക്കുന്നു. ഉമ്മു അതിയ്യ

ഇങ്ങനെ പറയുന്നു:

"ഈദുൽഫിതറിലും (നോമ്പു പെരുന്നാൾ) ഈദുൽ അദ്ഹാ (ബലി പെരുന്നാൾ)യിലും യുവതികളും ഋതുമതികളും നാണിച്ചകത്തിരിക്കുന്ന കന്യകകളുമടക്കം എല്ലാവരെയും പ്രാർഥനയ്ക്ക് കൊണ്ടുപോകാൻ നബിതിരുമേനി ഞങ്ങളോട് കല്പിച്ചിരുന്നു. എന്നാൽ, ഋതുമതികൾ നമസ്കാരത്തിൽനിന്നൊഴിഞ്ഞുനില്ക്കുകയും മറ്റെല്ലാ പുണ്യകൃത്യങ്ങളിലും പങ്കെടുക്കുകയും വേണം. ഞാൻ ചോദിച്ചു: തിരുമേനീ, ഞങ്ങളിലൊരാൾക്ക് മൂടുപടമില്ലെങ്കിൽ അവളെങ്ങനെ വരും? അപ്പോൾ തിരുമേനി പറഞ്ഞു: 'അവളുടെ സഹോദരി ഒരു മൂടുപടം വായ്പ കൊടുക്കട്ടെ' എന്ന്." അത്രപോലും സമൂഹനമസ്കാരത്തിൽനിന്ന് അവൾ ഒഴിഞ്ഞുനില്ക്കരുതെന്നാണ് ഇവിടെ വിവക്ഷിക്കുന്നത്.

കുറ്റങ്ങളും കുറവുകളുമെല്ലാം 'അഭിശപ്ത' യായ സ്ത്രീയിലാരോപിച്ചട്ടിവെയ്ക്കുന്ന സ്ത്രീവിരുദ്ധ യുഗമാണ് ഹവ്വയെ പഴിക്കാനാവേശം കാണിച്ചത്. ആദമിനെ, വിലക്കപ്പെട്ട കനി തിന്നാൻ പ്രേരിപ്പിച്ചത് ഹവ്വയാണെന്ന് ചില മതവേദികളാരോപിച്ചപ്പോൾ, അതൊരപരാധമാണെങ്കിൽ അതിലിരുവരും ഒരേപോലെ കുറ്റക്കാരാണെന്ന് തെളിച്ചുപറയാൻ ഖുർആൻ സന്നദ്ധമായത് സ്ത്രീയോടുള്ള ആർദ്രമായ സമീപനംകൊണ്ടാണ്. ഖുർആൻ ഇങ്ങനെ പരാമർശിച്ചു:

"അവർ, ആദവും ഹവ്വയും-ഒപ്പം പ്രാർഥിച്ചു. ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. നീ ഞങ്ങൾക്ക് പാപം പൊറുത്തുതരികയും ഞങ്ങളോട് കാരുണ്യം കാണിക്കുകയും ചെയ്തിട്ടില്ലെങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരിൽ അകപ്പെട്ടുപോകും." (7:22)

ധർമ ദൗത്യങ്ങളുടെ നിർവഹണത്തിൽ ഇഴുകി മുഴുകി നില്ക്കുന്ന പുരുഷന്റെ മനസ്സിൽ പ്രശാന്തി ചൊരിയുന്ന പവിത്ര സ്രോതസ്സാണ് സ്ത്രീ എന്നാണ് ഇസ്ലാം സംസ്കൃതി ഘോഷിക്കുന്നത്. (ഖുർആനിലെ അർറൂം എന്ന അധ്യായത്തിൽ വീടിന് ശാന്തിനിലയം (അറബിയിൽ മസ്കൻ) എന്നാണ് പേർ നല്കിയിട്ടുള്ളത്. സ്ത്രീ സുകുൻ (ശാന്തി) നല്കുന്നവളാണ്, അതിനാൽ അവൾ നില്ക്കുന്ന ഇടം മസ്കൻ ആയി.)

"നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിച്ചുതന്നത് അവന്റെ ദൃഷ്ടാന്തമത്രെ, അവൾ മുഖേന നിങ്ങൾ ശാന്തത പ്രാപിക്കുവാൻ വേണ്ടി." (30: 21)

വസ്തുനിഷ്ഠമായ സൂക്ഷ്മാപഗ്രഥനത്തിലൂടെ സത്യമറിഞ്ഞ് നിർഭയമായി ലോകത്തോടു സംസാരിക്കുന്ന ഒരു സ്വതന്ത്ര മതദർശനത്തിനു മാത്രമേ മതാധികാരികളും യാഥാസ്ഥിതികരും സ്ഥാപിതതാൽപര്യക്കാരും ഇവിടെ നൂറ്റാണ്ടുകളായി അടിച്ചേല്പിച്ച് രൂക്ഷശിലാതലംപോലെ ജനമനസ്സുകളിൽ കിടക്കുന്ന, സ്ത്രീ ശാപമാണെന്ന വിശ്വാസത്തിനെതിരെ ശബ്ദമുയർത്താൻ കഴിയൂ. ലാഘവത്തോടെ കാണേണ്ട ഒരു നിസ്സാരകാര്യമല്ലിത്. ഇത് മനുഷ്യചരിത്രത്തിലെ ഒരു മഹാസംഭവമാണ്. ഇതിനെ, ഇസ്ലാം നടത്തിയ സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം എന്ന് വിശേഷിപ്പിച്ചാലും സത്യചിത്രം പൂർണമായും തെളിഞ്ഞുകിട്ടുകയില്ല. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം എന്നു പറയുമ്പോൾ സ്ത്രീ അതുവരെ അവഗണിക്കപ്പെട്ട, സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവളായിരുന്നു എന്നേ അർഥമുള്ളൂ. അതല്ല

സത്യം. ആത്മാവില്ലാത്ത, മനുഷ്യജീവി എന്ന നിലയ്ക്കുള്ള അസ്തിത്വം പോലും അനുവദിക്കപ്പെടാത്ത, ജനിച്ചുപോയാൽ വലിച്ചുകൊണ്ടുപോയി കുഴിച്ചുമൂടി രംഗം ശുദ്ധമാക്കുന്ന പൈശാചികാചാരങ്ങൾക്കുകുടി വിധേയയായ ഒരു നികൃഷ്ടജന്തുവായിരുന്നു സ്ത്രീ. ആ നികൃഷ്ടജന്തുവിനെ മനുഷ്യസൃഷ്ടിയായംഗീകരിച്ച് പുരുഷന്നൊപ്പം ഉയർത്തിക്കൊണ്ടുവരുവാൻ ഇസ്‌ലാം പ്രാരംഭകത്വമെടുത്തു എന്നതാണ് സത്യം. അവിടെ നിന്നാരംഭിക്കുന്നു വനിതാവിപ്ലവത്തിന്റെ ആദ്യക്ഷരം. അന്നിലയിൽ സ്ത്രീയെ പുനഃസൃഷ്ടിച്ച് പുരുഷന്ന് തുല്യം സമുഹത്തിലുയർത്തിക്കൊണ്ടുവന്ന മഹാവിപ്ലവത്തിന്റെ കാരകത്വമാണ് സത്യവേദത്തിന് അവകാശപ്പെടാനുള്ളത്.

ഖലീഫാ ഉമർ നാടുവാഴുന്ന കാലം. വിവാഹവേളയിൽ പുരുഷൻ സ്ത്രീക്കു നല്കുന്ന പാരിതോഷികം-മഹർ-നിയന്ത്രിച്ചുകൊണ്ട് ഉമർ പാസ്സാക്കിയ ഒരു നിയമം ശ്രദ്ധയിൽപെട്ടപ്പോൾ അത് എതിർക്കപ്പെടേണ്ട ഒന്നാണെന്നു തോന്നിയ ഒരു സ്ത്രീ നേരെ ഉമറിന്റെ മുന്നിലേക്ക് ചെന്നു. ഉപദേശകസദസ്സിൽവെച്ച് ഉമർ അവരുടെ പരാതി കേട്ടു. പുതിയ നിയമത്തിന്റെ നീതിരാഹിത്യവും യുക്തിഭംഗവും ദ്രോഹപ്രകൃതവും സമർഥിച്ചുകൊണ്ട് അവരവിടെ വികാരവായ്പോടെ സംസാരിച്ചു. അവരുടെ വാദമുഖങ്ങളെല്ലാം ശരിയാണെന്ന് ബോധ്യപ്പെട്ട ഖലീഫാ ഉമർ അവ അംഗീകരിക്കുകയും തൽക്ഷണം പുതിയ കല്പന പിൻവലിക്കുകയുമുണ്ടായി.

പെണ്ണിനെ ആണിന്റെ അടിമയാക്കുന്ന ചടങ്ങായിരുന്നു അക്കാലംവരെ വിവാഹം. എന്നാൽ കൂട്ടായ്മയുടെ കുടുംബബന്ധമാണ് വിവാഹംകൊണ്ട് സാക്ഷാൽക്കരിക്കപ്പെടുന്നതെന്ന് ഖുർആൻ പ്രബോധിപ്പിച്ചു. സ്ത്രീയുടെ അനുവാദമില്ലാതെ അവളെ ആർക്കും വിവാഹം കഴിച്ചുകൊടുക്കാൻ പാടില്ല." ബാധ്യതകൾപോലെ അവകാശങ്ങളുമുണ്ടവൾക്ക്" എന്ന് ആദ്യമായി പ്രഖ്യാപിച്ചത് ഖുർആനാണ്. വിധവാ വിവാഹത്തിന് സാധുതയും അംഗീകാരവും നല്കിക്കൊണ്ട് ഖുർആൻ നടത്തിയ പ്രഖ്യാപനവും, പ്രവാചകൻ സ്വജീവിതത്തിൽ അതിന്ന് നല്കിയ ക്രിയാരൂപവും വിപ്ലവപ്രവണതകളുൾക്കൊള്ളുന്നു. അന്നുവരെ പുരുഷന്ന് മാത്രമായിരുന്നു വിവാഹമോചനാധികാരം. വിവാഹമോചനത്തെ പരമാവധി നിരുത്സാഹപ്പെടുത്താനാഗ്രഹിക്കുന്ന മതതലമാണ് ഇസ്‌ലാമെങ്കിലും വിവാഹമോചനം അനിവാര്യമാക്കപ്പെടുന്ന സന്ദർഭങ്ങളിൽ പുരുഷനെപ്പോലെ സ്ത്രീക്കും അതിന് മുൻകൈയെടുക്കാമെന്ന് ഖുർആൻ കല്പിച്ചു.

പ്രവാചകൻ സ്ത്രീത്വത്തിന്റെ പവിത്രതയെ ശ്ലാഘിക്കുകയും സുചരിതയായ സ്ത്രീക്കെതിരെ ദുരാരോപണമുന്നയിക്കുന്നതിനെ കർക്കശമായി ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ചാരിത്ര്യത്തിനെതിരെയുള്ള ദുരാരോപണം നടത്തുന്നവർ കടുത്ത ശിക്ഷയ്ക്ക് വിധേയരാവേണ്ടിവരുമെന്ന് പ്രവാചകൻ മുന്നറിയിപ്പു നല്കി. ഖുർആനിൽതന്നെ ശിക്ഷനിർദേശിച്ചിട്ടുള്ള ഗുരുതരങ്ങളായ ചില പ്രത്യേക കുറ്റങ്ങളുടെ കൂട്ടത്തിലാണ് അതിനെപ്പെടുത്തിയിട്ടുള്ളത്.

"ചാരിത്ര്യവതികളുടെ മേൽ കുറ്റാരോപണം നടത്തുകയും (തങ്ങളുടെ ആരോപണം തെളിയിക്കുന്നതിന്) നാല് സാക്ഷികളെ ഹാജരാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നവരെ എൺപത് അടിക്കുക. അവരുടെ സാക്ഷ്യം ഒരിക്കലും നിങ്ങൾ സ്വീകരിക്കുകയുമരുത്. അവരത്രേ ആജ്ഞാലംഘകർ;

അതിനുശേഷം പശ്ചാത്തപിക്കുകയും സംസ്കൃതരാവുകയും ചെയ്യുന്നവരൊഴികെ. അല്ലാഹു ഏറ്റവും പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.'' (24: 4, 5)

സ്ത്രീ-പുരുഷന്മാർക്കിടയിൽ ഇസ്‌ലാം ഭേദഭാവന സൂക്ഷിക്കുന്നില്ല. ഖുർആൻ തെളിഞ്ഞ ഭാഷയിൽ ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്.

''അനുസരണമുള്ള പുരുഷന്മാരും അനുസരണമുള്ള സ്ത്രീകളും സത്യവിശ്വാസികളായ പുരുഷന്മാരും സത്യവിശ്വാസിനികളായ സ്ത്രീകളും വണക്കമുള്ള പുരുഷന്മാരും വണക്കമുള്ള സ്ത്രീകളും സത്യസന്ധരായ പുരുഷന്മാരും സത്യസന്ധകളായ സ്ത്രീകളും സഹനബുദ്ധികളായ പുരുഷന്മാരും സഹനശീലമുള്ള സ്ത്രീകളും വിനയശീലരായ പുരുഷൻമാരും വിനയശീലരായ സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷന്മാരും വ്രതമനുഷ്ഠിക്കുന്ന സ്ത്രീകളും ചാരിത്ര്യത്തെ കാത്തുപോരുന്ന പുരുഷന്മാരും ചാരിത്ര്യ വതികളായ സ്ത്രീകളും ദൈവത്തെ അധികമായി ധ്യാനിക്കുന്ന പുരുഷന്മാരും ദൈവത്തെ അധികമായി ധ്യാനിക്കുന്ന സ്ത്രീകളും-ഇവർക്കെല്ലാം പാപപ്പൊറുതിയും മഹത്തായ സമ്മാനവുമൊരുക്കിയിട്ടുണ്ട്.'' (33:36)

അമാന്യമായ പെരുമാറ്റം, ഹീനമായ ഭർത്സനം, കുത്സിതങ്ങളായ ആരോപണങ്ങൾ-ഇവയിൽനിന്ന് സ്ത്രീയും പുരുഷനും ഒരുപോലെ സുരക്ഷിതരായിരിക്കുമെന്നും അതിനുള്ള അവകാശം ഒരുപോലെ ഇരുവർക്കുമുണ്ടെന്നും ഖുർആൻ അറിയിച്ചിട്ടുണ്ട്.

''വിശ്വാസികളായ പുരുഷന്മാരെയും വിശ്വാസിനികളായ സ്ത്രീകളെയും ഭർത്സിക്കുന്നവർ പശ്ചാത്തപിക്കാത്തപക്ഷം അവർക്ക് നിശ്ചയമായും നരകശിക്ഷയുണ്ട്; അവർക്കത്രേ ചുട്ടെരിക്കുന്ന ശിക്ഷ.'' (85:11)

മറ്റൊരിടത്ത്:

''വിശ്വാസികളായ പുരുഷന്മാരിലും വിശ്വാസിനികളായ സ്ത്രീകളിലും അല്ലാഹു കാരുണ്യം ചൊരിയുന്നു. അല്ലാഹു ഏറ്റവും പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയുമത്രെ.'' -33:74

ഇസ്‌ലാംസംസ്കൃതിയനുസരിച്ച് പരലോകത്തും സ്ത്രീപുരുഷസമത്വം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഇരുവർക്കും ദൈവത്തിന്റെ സംതൃപ്തി വഴിയുന്ന മന്ദഹാസം ഒരുപോലെ അവിടെ കൈവരുമത്രെ.

മാതൃത്വം അതിദിവ്യമായ ഒരു കുടുംബപദവിയാണ്. ആ അവസ്ഥാന്തരം കൈവരിക്കാൻ മുന്നോട്ടുനീങ്ങുന്ന സ്വപത്നിയോട് ആർദ്രമായി, സാനുകമ്പം പെരുമാറുവാൻ പുരുഷന് ബാധ്യതയുണ്ടെന്ന് ഖുർആൻ ഭർത്താക്കന്മാരെ ഓർമിപ്പിക്കുന്നു. ഗർഭകാലത്ത് ആവശ്യമായ ശുശ്രൂഷയും സവിശേഷ പരിരക്ഷയും നല്കാൻ ഭർത്താവ് ബാധ്യസ്ഥനാണെന്നും അറിയിക്കുന്നു. ഭർത്താവിന്റെ സാന്നിധ്യവും സ്നേഹമസൃണമായ പെരുമാറ്റവും ഗർഭിണിയിൽ ആശ്വാസം പകരുമെന്ന് മാത്രമല്ല, ആത്മവിശ്വാസം വളർത്തുകയും ചെയ്യും. അഴിച്ചുമാറ്റാൻ കഴിയാത്ത ഒരാത്മബന്ധത്തിന്റെ കൂട്ടായ്മയിൽനിന്നാണ് പുതിയ തലമുറ പിറവിയെടുക്കുന്നതെന്ന ബോധ്യം കുടുംബജീവിതത്തെ ഭദ്രവും സ്നേഹമയവുമാക്കിമാറ്റും.

''ദൈവത്തെയല്ലാതെ മറ്റാരെയും ആരാധിക്കരുതെന്നും മാതാപിതാക്കളോട് വളരെ ഉദാരമായി പെരുമാറണമെന്നും നിന്റെ നാഥൻ കല്പിച്ചിരിക്കുന്നു. അവരിലൊരാൾ, അല്ലെങ്കിൽ അവരിരുവരും നിന്റെ ജീവിതകാലത്ത്

വാർധക്യം പ്രാപിച്ച നിലയിലുണ്ടെങ്കിൽ അവരോട് നീ പുച്ഛമായി 'ഛെ' എന്നുപോലും പറയരുത്. അവരെ നീ ശകാരിക്കുകയും അരുത്. അവരോട് നീ മയത്തിൽ സംസാരിക്കുക. അവരിരുവർക്കും വിനയപൂർവം നീ ചിറകുതാഴ്ത്തിക്കൊടുക്കുകയും ചെയ്യുക. പറയുക: "എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ എന്നെ ഇരുവരും കഷ്ടപ്പെട്ടു പോറ്റിവളർത്തിയതുപോലെ അവരിരുവരിലും നീ കരുണ ചെയ്യേണമേ." (17: 24, 25)

"മാതാപിതാക്കൾക്ക് നന്മ ചെയ്യുവാൻ നാം മനുഷ്യനെ അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് അവനെ ക്ലേശത്തോടെ ചുമക്കുകയും ക്ലേശത്തോടെ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിച്ച് മുലകുടി മാറുന്നതുവരെ മുപ്പതുമാസക്കാലമാണ്. ഒടുവിലവൻ പൂർണ വയസ്സെത്തിക്കഴിയുകയും നാല്പതു വയസ്സാവുകയും ചെയ്യുമ്പോൾ അവൻ പറയുന്നു: എന്റെ രക്ഷിതാവേ, എന്നിലും എന്റെ മാതാപിതാക്കളിലും നീ ചെയ്ത നിന്റെ അനുഗ്രഹത്തിന് ഞാൻ നന്ദികാട്ടുന്നതിനും നിനക്ക് തൃപ്തികരമായ സൽപ്രവൃത്തികൾ ഞാൻ ചെയ്യുന്നതിനും എന്നെ അനുഗ്രഹിച്ചരുളേണമേ! എന്റെ സന്തതികളെക്കൂടി നല്ലവരാക്കിക്കൊണ്ട് നീയെനിക്ക് സുഖമരുളേണമേ! തീർച്ചയായും നിന്നിലേക്ക് ഞാൻ തിരിയുന്നു. തീർച്ചയായും ഞാൻ കീഴ്വഴക്കമുള്ളവനാകുന്നു. ഈവിധമാളുകളിൽനിന്ന് അവരുടെ ശ്രേഷ്ഠകർമങ്ങൾ നാം സ്വീകരിക്കുന്നു. അവരുടെ അകൃത്യങ്ങളെ നാം അഗണ്യമാക്കുകയും ചെയ്യുന്നു. അവർ സ്വർഗാവകാശികളാകുന്നു. അവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന സത്യവാഗ്ദത്തം അതുതന്നെയാകുന്നു." (46: 15, 16)

"സ്വർഗം നിങ്ങളുടെ മാതാവിന്റെ പാദങ്ങൾക്കടിയിൽ സ്ഥിതിചെയ്യുന്നു" എന്ന് പ്രവാചകനറിയിക്കുകയുണ്ടായി(സുയൂത്തി). ഏറ്റവുമധികം ശ്രദ്ധയും പരിഗണനയുമർഹിക്കുന്ന ബന്ധം ഏതെന്ന് നബിയോട് ചോദിച്ചപ്പോൾ നബിയുടെ ഉത്തരം "നിന്റ മാതാവ്" എന്നായിരുന്നു.

നമ്മുടെ സ്നേഹാദരങ്ങളർഹിക്കുന്ന രണ്ടാമത്തെ ബന്ധമേതെന്ന് ചോദിച്ചപ്പോൾ "നിന്റെ മാതാവ്" എന്നുതന്നെയായിരുന്നു മറുപടി. ചോദ്യകർത്താവ് ഒന്നുകൂടി ചോദിച്ചു:

"അവരെ കഴിഞ്ഞാൽ?"

'നിന്റെ പിതാവ്' എന്നാണ് പ്രവാചകൻ പ്രതിവചിച്ചത് -ബുഖാരി.

യുദ്ധരംഗത്തേക്ക് പോകാൻ ആദർശധീരനായ ഒരു സത്യവിശ്വാസി നബിയോട് അനുവാദം ചോദിച്ചപ്പോൾ "നിങ്ങളുടെ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നുണ്ടോ" എന്ന് നബിയന്വേഷിച്ചു. ജീവിച്ചിരിപ്പുണ്ടെന്നറിയിച്ചപ്പോൾ നബി പറഞ്ഞു:

"അവരെ പരിചരിക്കൂ. അത് സൈനിക സേവനത്തോട് തുല്യം നില്ക്കും" എന്നാണ്. മറ്റൊരു സന്ദർഭത്തിൽ നബി പറഞ്ഞു:

"വൃദ്ധരായ മാതാപിതാക്കളുണ്ടായിരിക്കെ അവരെ ശുശ്രൂഷിച്ച് സ്വർഗാവകാശികളാകുവാൻ ശ്രമിക്കാത്തവരാണ് എത്രയും നിർഭാഗ്യവാന്മാർ."

# 32. സാമ്പത്തിക കാര്യത്തിൽ സമാനത, പിന്തുടർച്ചാവകാശത്തിൽ കേവല നീതി

●

**അ**റബ്സംസ്കാരം എന്ന ഗ്രന്ഥത്തിൽ ഗോസ്റ്റഫ് ലബോണി (1841–1931) ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

''സ്ത്രീ വിമോചനത്തിൽ ഖുർആൻ വഹിച്ച പങ്ക് ഗ്രഹിക്കണമെങ്കിൽ, അറബികളുടെ സുവർണയുഗത്തിൽ സ്ത്രീയുടെ സ്ഥിതി പരിശോധിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ യൂറോപ്പിൽ സ്ത്രീകൾക്കുള്ള സ്ഥാനമാണ് അന്ന് സ്ത്രീക്കവിടെയുണ്ടായിരുന്നതെന്ന് ചരിത്രരേഖകളുണ്ട്. സ്പെയ്നിലെ അറബികളിൽനിന്നാണ് യൂറോപ്പ് സദ്ഗുണങ്ങളും സദാചാരങ്ങളും പകർത്തിയത്. സ്ത്രീയെ ആദരിക്കുക എന്ന ശീലം യൂറോപ്യർ അറബികളിൽനിന്നാണ് പഠിച്ചത്. ഇസ്ലാമാണ്, ക്രിസ്തുമതമല്ല സ്ത്രീയെ അധഃപതിതാവസ്ഥയിൽനിന്ന് കൈപിടിച്ചുയർത്തിയത്.''

ഒരർഥത്തിൽ സ്ത്രീവിമോചനത്തിന്റെ മതദർശനമാണ് ഇസ്ലാം. ആത്യന്തിക വിശകലനത്തിൽ സ്ത്രീയും പുരുഷനും സമന്മാരാണ്. അതിനാൽ അവർക്കിടയിൽ ഇസ്ലാം തുല്യത ഘോഷിക്കുന്നു. സമൂഹത്തിന്റെ രഥചക്രങ്ങളായി ഇരുവർക്കും സമാനപ്രാമുഖ്യം നല്കുന്നു. എന്നാൽ, കുടുംബത്തിന്റെ സ്വത്തവകാശത്തിന്റെ പ്രശ്നം വരുമ്പോൾ ''പുരുഷന്ന്, രണ്ട് സ്ത്രീകളുടേതിന്ന് തുല്യമായ ഓഹരിയുണ്ട്'' എന്ന പ്രസ്താവം എങ്ങനെ സാധുവാകും എന്ന് പെട്ടെന്ന് തോന്നിപ്പോകും. ഒരു വിശകലനം ഇവിടെ ആവശ്യമായിവരുന്നു.

സമൂഹത്തിന്റെ അവലംബശിലയാണ് കുടുംബം
ഭാര്യയും ഭർത്താവും ചേർന്നതാണത്.
കുടുംബത്തിൽ സംതൃപ്തിയുണ്ടെങ്കിലേ
സമൂഹത്തിൽ സ്വസ്ഥതയുണ്ടാവൂ.
ഖുർആൻ കുടുംബനേതൃത്വം പുരുഷന്ന് നല്കി
കുടുംബത്തിന് അകവും പുറവുമായി
രണ്ട് കർമതലങ്ങൾ.
ഗൃഹഭരണത്തിന്റെ ചുമതല സ്ത്രീക്ക്
അവകാശങ്ങളിലും ചുമതലകളിലും
ഭാര്യാഭർത്താക്കന്മാർക്ക് തുല്യത.

''അവരുടെ കടമകൾക്ക് തുല്യം ന്യായമായ അവകാശങ്ങളും അവർ

ക്കുണ്ട്. പുരുഷന്മാർക്ക് അവരെക്കാൾ ഒരു പദവിയാണ്.''

കൂട്ടുജീവിതത്തിൽ അടക്കിഭരിക്കലും ചൊല്പടിക്ക് കീഴിൽ അടിമയാക്കി നിർത്തലും നിഷിദ്ധമാണ്. അപ്പോൾ ഭാര്യാഭർത്താക്കന്മാർ പരസ്പരം അംഗീകരിക്കുകയും അന്യോന്യം കടമകൾ നിറവേറ്റുകയും ചെയ്യുമ്പോഴേ കൂട്ടുജീവിതം സാർഥകമാകുന്നുള്ളൂ. അപ്പോൾ ''പുരുഷന്മാർക്ക് അവരേക്കാൾ (സ്ത്രീകളെക്കാൾ) ഒരു പദവിയുണ്ട്'' എന്നതിന്റെ ഭാഷ്യമെന്താണ്?

ഉത്തരം ഖുർആനിൽതന്നെയുണ്ട്.

''പുരുഷന്മാർ സ്ത്രീകളുടെമേൽ മേധാവിത്വമുള്ളവരാകുന്നു. എന്തുകൊണ്ടെന്നാൽ, അല്ലാഹു അവരിൽ ചിലർക്ക് മറ്റു ചിലരെക്കാൾ ശ്രേഷ്ഠത നല്കി. കൂടാതെ അവരുടെ മുതലുകളിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യുന്നു.'' ഇതിന്ന് അബ്ബാസ് മഹ്മൂദ് അഖാദിന്റെ (ഖുറാനിക ദർശനം എന്ന കൃതിയിൽ) ഭാഷ്യം ഏറെ യുക്തിഭദ്രമായിത്തോന്നി:

''പ്രവർത്തനക്ഷമതയിൽ പുരുഷസഹജമായ മേന്മയും സാമൂഹ്യരംഗത്ത് അവർ നിർവഹിക്കുന്ന പങ്കും കുടുംബജീവിതത്തിൽ വഹിക്കുന്ന ഭാരവുമാണ് ഈ മേധാവിത്വത്തിന് അവനെ സമർഹനാക്കുന്നത്. ജീവിതസമരത്തിന് സ്ത്രീയെക്കാൾ കരുത്ത് പുരുഷന്നാണ്. ബുദ്ധിപരവും കായികവുമായി പുരുഷനോളം ശേഷി സ്ത്രീക്കുണ്ടായാൽതന്നെ ഗർഭകാലത്തും മുലയൂട്ടുന്ന കാലത്തും ഈ സമരത്തിൽനിന്ന് അവൾ വിട്ടുനില്ക്കേണ്ടിവരും. അവൾക്ക് ഉപജീവനം സമ്പാദിച്ചുകൊടുക്കുവാനും ശിശുപരിപാലനത്തിന് അവൾക്ക് വേണ്ടത്ര സമയം നല്കുവാനുമാണ്. അവൾക്ക് വിശ്രമത്തിന്റെയും ഗാർഹികസ്വസ്ഥതയുടെയും മാർഗങ്ങൾ സുഗമമാക്കുവാനും പുരുഷന്നാണ് സാധിക്കുക.''

ഈ സമർഥനത്തിന് അനുപൂരകമായി ശൈഖ് റശീദ് റിദാ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

''പ്രതിമാസം ഒരാഴ്ചക്കാലം ആർത്തവം മൂലം സ്ത്രീ ദേഹാസ്വാസ്ഥ്യമനുഭവിക്കുന്നു. ദാമ്പത്യജീവിതം ഒരു കൂട്ടായ്മയാണെന്ന വസ്തുത കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഏത് സമൂഹത്തിനും ഒരു നായകൻ വേണം. വ്യക്തികളുടെ അഭിപ്രായങ്ങളും താൽപര്യങ്ങളും ഭിന്നങ്ങളായിരിക്കും. അതിന്റെ പേരിൽ പരസ്പരം കലഹിച്ച് ഐക്യവും സമാധാനവും തകരാതിരിക്കാൻ ഒരു നേതാവിന്റെ അഭിപ്രായമനുസരിച്ച് നീങ്ങിയേപറ്റൂ. പൊതുനന്മയ്ക്ക് അത് അത്യന്താപേക്ഷിതമാണ്. നേതൃത്വം വഹിക്കാൻ പുരുഷനാണ് കൂടുതൽ സമർഹൻ. നന്മയെക്കുറിച്ച് കൂടുതലറിവും ധനവും കഴിവുമുപയോഗിച്ച് അത് നേടിയെടുക്കാൻ കൂടുതൽ ശേഷിയും പുരുഷന്നാണ്.''

കുടുംബനാഥൻ എന്ന ഒരു പദവി ആവശ്യമാണോ? കുടുംബത്തിൽ, സമൂഹത്തിൽ–അത് ഒന്നിലധികം പേരുടെ സംഘാതമാണെന്നതിനാൽ കാര്യങ്ങൾ യഥാവിധി നടത്തിക്കുക എന്നതുൾപ്പെടെയുള്ള ചുമതലകൾ നിർവഹിക്കാൻ ഒരു നിർവാഹകൻ ഉണ്ടായിരിക്കണം. ആധുനിക സമൂഹശാസ്ത്രം പോലും അതാവശ്യപ്പെടുന്നു. അത്തരമൊരു പദവിയുടെ അഭാവത്തിൽ താളം സൂക്ഷിക്കുവാനും അച്ചടക്കം പാലിക്കുവാനും പ്രയാസമാണ്. കുത്തഴിഞ്ഞ, താറുമാറായ ദുസ്ഥിതിവരും. ക്രമത്തിലവിടെ അരാജകത്വം അരങ്ങേറും. അതിനാൽ 'മേൽക്കീഴ്ച്ചൊല്ല്' സൂക്ഷിച്ചുകൊണ്ടുപോകുന്ന ഒരു നായകൻ അത്യാവശ്യമാണ്. 'തെറ്റിദ്ധരിക്കപ്പെട്ട മതം' എന്ന ഗ്രന്ഥത്തിലെ

പരാമർശംപോലെ നായകത്വം ആരെയേല്പിക്കണം എന്നതാണ്, വേണമെങ്കിൽ ചർച്ച ചെയ്യപ്പെടാനുള്ള പ്രശ്നം.

കുടുംബനാഥനായി ഒന്നുകിൽ പുരുഷൻ, അല്ലെങ്കിൽ സ്ത്രീ, അതുമല്ലെങ്കിൽ ഇരുവരുടെയും കൂട്ടായ്മ.

ഭിന്നരുചി പ്രകൃതിയുടെ സവിശേഷതയാണെങ്കിലും (അഥവാ സൗന്ദര്യമാണെങ്കിലും) പ്രയോഗരംഗത്ത് അതേറെ പ്രയാസങ്ങളുണ്ടാക്കാറുണ്ട്. കൂട്ടായ്മ സമൂഹത്തിന്റെ ശക്തിയാണെങ്കിലും സാരഥ്യത്തിന് പറ്റിയതല്ല. സംഘടനാശാസ്ത്രത്തിൽ, കൂട്ടുനേതൃത്വം (Collective leadership) ആശാസ്യമല്ലെന്നും കൂട്ടായി വിചാരവിശകലനം സാധിച്ച് നിർവഹണാധികാരം ഒരാളിൽ അർപ്പിക്കുക എന്നതാണ് ആരോഗ്യകരം എന്നും പറയാറുണ്ട്. അവിടെ വ്യക്തിനേതൃത്വം (Individual leadership) സമുദയം ചെയ്യുന്നു. കുടുംബം ഒരു യൂനിറ്റായി പരിഗണിക്കപ്പെടുമ്പോൾ അതിലെ വ്യക്തികളെല്ലാം സംരക്ഷണഭാരം ഒരേപോലെ കൈയേറ്റ് നടത്തണം എന്ന് പറയുന്നത് ആദർശപരമായിത്തോന്നാമെങ്കിലും പ്രയോഗക്ഷമമല്ല. 'രക്ഷയന്തി പരസ്പരം' (അന്യോന്യം രക്ഷിക്കുന്നു) എന്നതിലെ പൗരബോധം വല്ലാതെ വളർന്ന പ്രബുദ്ധസമൂഹത്തിലേ പ്രതീക്ഷിക്കാൻ പറ്റൂ. കുടുംബത്തിൽ നിഷ്ക്രിയത വിളയിക്കുന്ന ജഡികതയോ ചുമതലകളുടെ പേരിൽ അന്യോന്യം തല്ലുന്ന ദുരവസ്ഥയോ ഉണ്ടാവരുതെന്ന് ഇസ്ലാം ആഗ്രഹിക്കുന്നു.

സ്ത്രീ, പുരുഷൻ–ഇവരിൽ കുടുംബാധിപത്യത്തിന് ആരാണ് കൂടുതലനുയോജ്യൻ? അതുൾക്കൊള്ളുന്ന ബാധ്യതകൾ നിറവേറ്റാനാവശ്യമായത് വിചാരമോ വികാരമോ? വിചാരമെന്നാണ് വ്യക്തമായ ഉത്തരം. ശരിയായ മാർഗത്തിൽനിന്ന്, ചിന്തയെ കാടുകയറ്റുന്ന തീക്ഷ്ണമായ വൈകാരികതയിൽ നിന്നകന്ന് സംഗതികളെ നിയന്ത്രിക്കുന്നത് വിചാരമാണ്. അന്നിലയിൽ പുരുഷനാണ് തന്റെ വിചാരപ്രധാനമായ പ്രകൃതിയും, ജീവിതസമരത്തെ നേരിടാനും അതിന്റെ ഭാരങ്ങളെയും പ്രതിബന്ധങ്ങളെയും അഭിമുഖീകരിക്കാനുള്ള കഴിവും കാരണമായി കുടുംബനായകത്വത്തിന് സ്ത്രീയെക്കാൾ കൂടുതൽ അർഹനെന്ന് വ്യക്തമാണ്.

കുടുംബനായകത്വമെന്നത് കൂടിയാലോചനയുടെയോ പരസ്പരസഹകരണത്തിന്റെയോ നിഷേധത്തിൽനിന്ന് പിറവിയെടുക്കുന്ന ഒന്നല്ല. തികഞ്ഞ പരസ്പരധാരണയുടെയും ശക്തമായ സ്നേഹബന്ധങ്ങളുടെയും അടിസ്ഥാനത്തിലുള്ള നേതൃത്വത്തിനേ വിജയിക്കാൻ കഴിയൂ. കുടുംബത്തിന്റെ ആഭ്യന്തരരംഗത്ത് ഈ ചൈതന്യം പ്രസരിപ്പിക്കാനുള്ളതാണ് ഇസ്ലാമിന്റെ എല്ലാ നിയമനിർദേശങ്ങളും. ഭിന്നിപ്പിന്റെയും മത്സരത്തിന്റെയും സ്ഥാനത്ത് സ്നേഹവും സഹകരണവും പരസ്പരധാരണയും വളർത്തുവാനാണതാഗ്രഹിക്കുന്നത്.

പിന്തുടർച്ച സ്വത്തിൽ സ്ത്രീയുടെ ഇരട്ടി പുരുഷന്ന് നല്കണമെന്ന് നിർദേശിക്കുന്ന മതതലം സ്ത്രീപുരുഷന്മാർക്കിടയിൽ തുല്യത പ്രഖ്യാപിക്കുന്നു എന്ന് പറയുന്നത് വിരോധാഭാസമായിത്തോന്നിയേക്കാം. എന്നാൽ സൂക്ഷ്മവിശകലനം നമ്മുടെ ധാരണ തിരുത്താൻ സഹായിക്കും. 'സ്ത്രീയുടേതിന്റെ ഇരട്ടി' ലഭിക്കുന്ന പുരുഷൻ ഒന്നാമതായി ഭാര്യക്കും രണ്ടാമതായി കുടുംബത്തിനും വേണ്ടി തന്റെ സമ്പത്ത് ചെലവഴിക്കാൻ ബാധ്യസ്ഥനാണ്. അപ്പോൾ കുടുംബപരമായ കർമബാധ്യതകളില്ലാത്ത സ്ത്രീ സമ്പത്തിൽ

കൂടുതൽ അനുഭവിക്കുന്നു എന്നതാണ് യാഥാർഥ്യം. ബാധ്യതകളേറെ വിധിച്ചുകൊണ്ടാണ് സമ്പത്തിന്റെ വിഹിതക്കൂടുതൽ ഇസ്‌ലാം പുരുഷന്ന് നല്കിയിട്ടുള്ളത്. സ്ത്രീയെപ്പോലെ മൂന്നിലൊന്ന് മാത്രമവകാശപ്പെടുകയും കൈപ്പറ്റുകയും ചെയ്യുന്ന പുരുഷൻ കുടുംബനാഥന്റെ ബാധ്യത എങ്ങനെ നിർവഹിക്കും എന്നൊന്നോർക്കേണ്ടതാണ്.

സാധാരണഗതിയിൽ പുരുഷൻ സമ്പത്തു മുഴുവനും ഭാര്യയുൾക്കൊള്ളുന്ന കുടുംബത്തിന്റെ സംരക്ഷണത്തിനായി ചെലവ് ചെയ്യുന്നു. ഭാര്യ എത്ര വലിയ സ്വത്ത്കാരിയായാലും കുടുംബ സംരക്ഷണ ബാദ്ധ്യതയില്ല. അതുകൊണ്ട് അതിലേക്കായി അവളൊന്നും ചെലവഴിക്കേണ്ടിവരുന്നില്ല. പുരുഷന്ന് അവളുടെ സമ്മതത്തോടുകൂടിയല്ലാതെ അതിലൊരു ചില്ലിപോലും ഉപയോഗിക്കാനും വയ്യ. ഒന്നുമില്ലാത്തവൾക്കെന്നപോലെ അവൾക്ക് വേണ്ടത് ചെയ്യാൻ പുരുഷൻ ബാധ്യസ്ഥനുമാണ്. അവനത് ചെയ്യുന്നില്ലെങ്കിൽ അതിനെതിരെ പരാതിപ്പെടാൻ അവൾക്കവകാശവുമുണ്ട്. ഇസ്‌ലാമികനിയമം അവൾക്കനുകൂലമായി നില്ക്കുന്നു.

നീതിയുടെ വെളിച്ചത്തിലും പുരുഷന്ന് ലഭിക്കുന്ന അളവിൽ ഭൂസ്വത്ത് നേടാൻ സ്ത്രീ അർഹയല്ല.

കാരണം 1. അവളുടെ എല്ലാ ചെലവുകളും വഹിക്കാൻ പുരുഷൻ ബാധ്യതപ്പെട്ടവനാണ്.

2. സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കേണ്ട സന്ദർഭങ്ങൾ (ഇസ്‌ലാം സംസ്കൃതിയനുസരിച്ച്) സ്ത്രീക്ക് വിരളമാണ്. അവൾ പുത്രി, ഭാര്യ, മാതാവ്, സഹോദരി എന്നിങ്ങനെ ഏതവസ്ഥയിൽ നിലകൊള്ളുമ്പോഴും അഭിമുഖമായുള്ള പുരുഷൻ–പിതാവ്, ഭർത്താവ്, മകൻ, സഹോദരൻ– അവളെ സംരക്ഷിക്കാൻ കടപ്പെട്ടവരാണ്.

അപ്പോൾ സ്ത്രീകളുടെകൂടി ചെലവ് വഹിക്കാൻ ബാധ്യതപ്പെട്ട പുരുഷന് ഇരട്ടി സ്വത്ത് കൊടുക്കുന്നതാണ് നീതി. സ്ത്രീയുടെ സുരക്ഷിതത്വത്തിനുകൂടി അതാവശ്യമാണ്. സാമ്പത്തികകാര്യത്തിൽ സ്ത്രീക്കും പുരുഷനും സമാനത നല്കിയ ഇസ്‌ലാം പിൻതുടർച്ചാവകാശത്തിൽ സമത്വം കല്പിക്കാതിരുന്നത് തീർത്തും നീതിപൂർവകമാണ്. അത് പ്രായോഗികത്വത്തിന്റെ നിദർശനവുമാണ്. സ്ത്രീക്ക് സാമ്പത്തികശേഷിയുണ്ടെങ്കിലും വിവാഹാനന്തരം ഭർത്താവ് ചെലവിന് കൊടുക്കണമെന്നാണ് ഇസ്‌ലാമിക വ്യവസ്ഥ. ഭർത്താവോ രക്ഷിതാവോ ഇല്ലെങ്കിൽ സ്ത്രീക്ക് പൊതുഖജനാവിൽനിന്ന് ചെലവിന് നല്കണം. കുട്ടികളുടെ ചെലവും ആ രീതിയിൽതന്നെ. പിതാവിന്നോ പിതാവിന്റെ വീട്ടുകാർക്കോ ആണ് അതിന്റെ ചുമതല. ഇക്കാരണത്താലാണ് പുരുഷനും സ്ത്രീക്കുമിടയിൽ സാമ്പത്തികസമതുലനാവസ്ഥ നിലനിർത്താനും കുടുംബഭാരം പേറുന്ന പുരുഷനോട് അനീതി ചെയ്യാതിരിക്കാനും ഇസ്‌ലാം സ്ത്രീയുടെ ഇരട്ടി പുരുഷന് വ്യവസ്ഥ ചെയ്തത്.

സ്ത്രീപുരുഷന്മാർക്കിടയിൽ സമ്പൂർണസമത്വമാണ് ഇസ്‌ലാം കല്പിച്ചിട്ടുള്ളത്. പ്രകൃതിപരമായ യോഗ്യതകൾ, നൈപുണ്യം, ബാധ്യതകൾ എന്നിവയിലുള്ള വ്യത്യാസമേ സ്ത്രീപുരുഷന്മാർക്കിടയിലുള്ളൂ. മാനുഷികാടിസ്ഥാനത്തിൽ വ്യത്യാസമേതുമില്ല. മതപരവും ആത്മീയവുമായി "ആണോ പെണ്ണോ ആവട്ടെ യഥാർത്ഥ വിശ്വാസിയായിക്കൊണ്ട് ആർ സൽക്കർമം ചെയ്താലും സ്വർഗത്തിൽ പ്രവേശിക്കും. അവർ തീരെ ആക്രമിക്കപ്പെടു

ന്നില്ല.''

''ഉടമാവകാശത്തിലും ധനവിനിമയാവകാശത്തിലും സ്ത്രീപുരുഷഭേദമില്ല.''

''പുരുഷന്മാർ സമ്പാദിച്ചതിന്റെ വിഹിതം അവർക്കുണ്ട്; സ്ത്രീകൾ സമ്പാദിച്ചതിന്റെ വിഹിതം അവർക്കും.''

പിൻതുടർച്ചാവകാശത്തിൽ സ്ത്രീയുടെ ഇരട്ടി പുരുഷന്ന് നല്കിയത് ജീവിതത്തിൽ പുരുഷൻ വഹിക്കാൻ ബാധ്യതപ്പെട്ട ഉത്തരവാദിത്തങ്ങൾ പരിഗണിച്ചാണ്. വിവാഹിതനായശേഷം ഭാര്യയുടെയും കുട്ടികളുടെയും കുടുംബത്തിന്റെയും മുഴുവൻ ഭാരവും വഹിക്കേണ്ടത് പുരുഷന്നാണ്. ക്രിമിനൽ നഷ്ടപരിഹാരവും പ്രായശ്ചിത്തവും നല്കേണ്ടതും അവൻതന്നെ. ഇതെല്ലാം കൊണ്ട് പുരുഷൻ സ്ത്രീയുടെ ഇരട്ടിവാങ്ങുന്നതിന് നീതീകരണമായി വിവാഹിതയോ വിധവയോ ആയ ഏതവസ്ഥയിലും സ്ത്രീയുടെ ഭക്ഷണത്തിനും മറ്റാവശ്യങ്ങൾക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവാഹിതയാണെങ്കിൽ അവളെ രക്ഷിക്കാൻ ഭർത്താവുണ്ട്. വീട്ടിലിരിക്കുന്നവളോ വിധവയോ ആണെങ്കിൽ അവകാശം കിട്ടിയ ധനം പ്രയോജനപ്പെടുത്താം. രണ്ടുപേരുടെയും ബാധ്യതകളിലുള്ള വ്യത്യാസമാണ് അനന്തരാവകാശത്തിന്റെ അന്തരത്തിനു കാരണം.

ഇനി ധനവിനിയോഗത്തെക്കുറിച്ച് സ്വല്പം. ഊനമറ്റ സമഗ്രസാമ്പത്തിക ദർശനംപോലെ ഇസ്‌ലാം സമ്പത്തിന്റെ സമസ്ത മേഖലകളെയും പര്യവേക്ഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. ധർമ മാർഗത്തിലൂടെ നേടിയ അർഥമുപയോഗപ്പെടുത്തി കാമം സാധിക്കുന്നവന് മോക്ഷം കൈവരുന്നു എന്ന പുരുഷാർഥങ്ങളെക്കുറിച്ചുള്ള ഹൈന്ദവസമീപനംപോലെ, നിയമവിധേയമായ മാർഗത്തിലൂടെ കൈവരുന്ന ധനത്തിന്റെ ഉടമാവകാശം ഇസ്‌ലാം നിഷേധിക്കുന്നില്ല. ധനം സൂക്ഷിക്കലും ധനവിനിയോഗത്തിൽ ലുബ്ധ് കാണിക്കലും സ്വാഭാവികമാണെന്ന് ഇസ്‌ലാം സൂചിപ്പിക്കുന്നു. ''ഹൃദയങ്ങളിൽ പിശുക്ക് കുടിയിരുത്തപ്പെട്ടിരിക്കുന്നു'' എന്ന വചനം അതിന്ന് സാക്ഷ്യമാണ്. എന്റേത് നിന്റേത് എന്ന ചിന്ത അല്പമനസ്സുകളുടേതാണെന്നും ഉദാരചരിതൻമാർക്ക് ലോകമാണ് കുടുംബം എന്നും നാമറിയുന്നുവെങ്കിലും ജീവിതയാഥാർഥ്യങ്ങളിലേക്ക് കണ്ണോടിച്ചാൽ സ്വന്തം സന്താനങ്ങൾക്കുവേണ്ടി കരുതിവെക്കാനുള്ള ആഗ്രഹവും മറ്റും ജനസാമാന്യത്തിന്റെ സഹജഭാവമാണെന്ന് കാണാൻ കഴിയും. ഈ യാഥാർഥ്യത്തിലേക്ക് ഖുർആൻ വിരൽചൂണ്ടിയിട്ടുണ്ട്. സന്താനങ്ങൾക്കായി സംഭരിച്ചുവെക്കുന്ന ധനം സമ്പത്തിന്റെ രൂപത്തിൽ നിക്ഷേപിക്കപ്പെട്ട അധ്വാനമാണെന്നാണ് ഇസ്‌ലാം കരുതുന്നത്. അതിനാൽ അത് നിഷേധിക്കപ്പെട്ടതല്ല. എന്നാൽ വ്യക്തിയുടെ പ്രകൃതിദത്തവും ധർമാധിഷ്ഠിതവുമായ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും സമൂഹതാൽപര്യങ്ങൾ പരിരക്ഷിക്കുന്നതിനും പോരുന്ന, നിയന്ത്രണങ്ങളും നിയമനിഷ്കർഷകളും ഇസ്‌ലാം വരച്ചൊരുക്കിയിട്ടുണ്ട്.

''അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുക. അവൻ നിങ്ങളെ പ്രതിനിധികളാക്കിയ സമ്പത്തിൽനിന്ന് നിങ്ങൾ ചെലവഴിക്കുക.''–അൽ ഹദീദ്:7

എന്ന സൂക്തം വിളിച്ചറിയിക്കുന്നതുപോലെ ധനവിനിയോഗ സന്ദർഭത്തിൽ പ്രവാചകനിലൂടെ അവതീർണമായ ദൈവഹിതം വിസ്മരിക്കരുത്. വ്യക്തിയുടെ ഭോഗലോലുപവും ചപലവുമായ ഹിതാഹിതങ്ങൾക്ക് വിധേയമായല്ല ധനവിനിയോഗം സാധിക്കേണ്ടത്. സമ്പത്തിന്റെ സർവ്വാധികാരിയായ

ദൈവത്തിന്റെ പ്രതിനിധിയാണ് താനെന്നോർത്തുവേണം ഓരോ ചില്ലിയും ചെലവാക്കുവാനും നാളേയ്ക്കുവേണ്ടി സ്വരൂപിക്കാനും. ചെലവഴിക്കുന്നത് ദൈവമാർഗത്തിലാവണം, സ്വരൂപിക്കുന്നതാവട്ടെ, തന്റെ വ്യക്തിധർമങ്ങൾ പൂർണമായി നിർവഹിച്ച് മിച്ചം വരുന്നതുമാവണം.

സമ്പത്ത് ഒരിടത്ത് കുന്നുകൂടുന്നത് സാമൂഹികമായ അസംതൃപ്തിക്ക് കാരണമാകും. ശരീരത്തിന്റെ ഒരു ഭാഗത്തുമാത്രം കേന്ദ്രീകരിക്കപ്പെടുന്ന പോഷകാംശംപോലെ വിനാശകരമാണത്. യഥാർഥ സത്യവിശ്വാസിയായാൽപോലും ഒരു വ്യക്തി ഭോഗവാഞ്ഛയ്ക്കടിപ്പെട്ട് വഴിവിട്ട മാർഗത്തിൽ ധനം ചെലവഴിച്ചെന്നുവരും. അളവറ്റ ധനം വ്യക്തിയുടെ ധർമബോധത്തെ ശിഥിലമാക്കുകയും അരുതായ്മകളിലേക്ക് അവനെ നയിക്കുകയും ചെയ്യും. ലോകത്തെവിടെയുമുണ്ടായിക്കണ്ട സാമൂഹിക തിന്മകളുടെ ഉറവിടം സമ്പത്തിന്റെ അനിയന്ത്രിതമായ അധികതയും അതിന്റെ സഹോദരീസ്ഥാനത്തു വർത്തിക്കുന്ന അതിഭോഗത്വവുമാണെന്ന് സാമൂഹികശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും വ്യഭിചാരവും ചൂതാട്ടവുമെല്ലാം അവിടെ പിറവിയെടുക്കും, പ്രവൃദ്ധമാകും. സമൂഹത്തിന്റെ സന്തുലിതത്വം നഷ്ടപ്പെടുത്തുന്നതും ധനപ്രമത്തതയാണ്. ജീവിക്കാൻ പാടുപെടുന്ന നിസ്വൻ സമ്പന്നന്റെ മുന്നിൽ വിധേയനാവുകയും ക്രമത്തിൽ അടിമയായി പരിണമിക്കുകയും ചെയ്യുന്നു. സമുന്നതാദർശങ്ങളും ധർമസംഹിതകളുമെല്ലാം ധനക്കൊഴുപ്പ് സൃഷ്ടിക്കുന്ന ഭീകരതയുടെ മുന്നിൽ അസ്തപ്രഭമായിപ്പരിണമിക്കുന്നു.

ധർമാവലംബിയായി രൂപകല്പന ചെയ്ത സമുദായശില്പത്തിന്റെ അടിപ്പടവിളക്കാൻ പോരുമാറ് ദുശ്ശക്തിയുറഞ്ഞുനില്ക്കുന്നതാണ് അനിയന്ത്രിതമായി വളർന്നുവരുന്ന ധനകേന്ദ്രീകരണം എന്നറിഞ്ഞതുകൊണ്ടാണ് ഇസ്‌ലാം സംസ്കൃതി അതിന്നെതിരെ നിതാന്ത ജാഗ്രത പുലർത്തിപ്പോന്നത്. ഇസ്‌ലാം സംസ്കൃതി ഉടമാവകാശത്തെ നിരോധിക്കുന്നില്ല. എന്നാൽ അതിന്റെ അനിയന്ത്രിതമായ, അപ്രതിരോധ്യമായ പ്രവൃദ്ധിയെ തടയാൻ ശ്രമിക്കുന്നു. ''....സമ്പത്ത് നിങ്ങളിലെ ധനികർക്കിടയിൽ മാത്രം കറങ്ങാതിരിക്കാൻ വേണ്ടി....''(അൽ ഹശ്ർ-7) ഇസ്‌ലാം സംസ്കൃതി മുന്നറിയിപ്പ് നല്കിയിട്ടുണ്ട്.

സത്യവിശ്വാസികൾ, ധനിക-ദരിദ്രഭേദമന്യേ മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്തപ്പോൾ അവരുടെയൊന്നും കൈകളിൽ കരുതിയിരിപ്പുണ്ടായിരുന്നില്ല. ഒഴിഞ്ഞ കൈയുമായെത്തിയ മുഹാജിറുകളെ ഹൃദയപൂർവം സ്വാഗതം ചെയ്ത അൻസാരികൾ, തങ്ങളുടെ സ്ഥാവര ജംഗമവസ്തുക്കൾക്ക് അവരെയെല്ലാം ഒരുപോലെ പങ്കാളികളാക്കി. അത് ചരിത്രപഥത്തിലെ ഒരപൂർവതയായിരുന്നു.

''തങ്ങളുടെയടുക്കൽ സ്വദേശം വിട്ടുവന്നവരെ അവർ സ്നേഹിക്കുന്നു. അവർക്കു കൊടുത്ത സമ്പത്തിൽ അവർ ആഗ്രഹം വെക്കുന്നില്ല. അവർക്ക് ആവശ്യമുണ്ടെങ്കിൽ പോലും അവർ സ്വന്തത്തെക്കാൾ അന്യർക്ക് മുൻഗണന നല്കുന്നു'' എന്നാണ് ആദർശത്താൽ ആവേശിതമായ ആ സവിശേഷ മനോഭാവത്തെ ഖുർആൻ കീർത്തിക്കുന്നത്. കാലം കുറെ കഴിഞ്ഞു. അൻസാരികളിലെ സമ്പന്നർക്കും മുഹാജിറുകൾക്കും തമ്മിലുള്ള സാമ്പത്തികമായ അന്തരം കൂടിവന്നു. സാമൂഹികമായ സന്തുലിതത്വം നഷ്ടപ്പെട്ടതുപോലെ തോന്നി.

സാമ്പത്തികമായ താളപ്പിഴ ഇസ്‌ലാമിക സങ്കല്പത്തിലുള്ള സമൂഹ സംവിധാനത്തിന്റെ പൊലിമ കെടുത്തിയേക്കുമോ എന്ന് പ്രവാചകനാശങ്കിച്ചു. ഒരിക്കൽകൂടി അൻസാരികളുടെ നല്ല മനസ്സിനുവേണ്ടിയപേക്ഷിക്കുന്നത് ഭംഗിയല്ലെന്ന് കരുതി വിഷമിക്കുകയായിരുന്നു പ്രവാചകൻ. അപ്പോഴാണ് ബനുന്നളീർ സംഭവം നടന്നത്. ഭാഗ്യവശാൽ യുദ്ധമുണ്ടായില്ല. ഉടമ്പടിയനുസരിച്ച് ബനുന്നളീർ ഗോത്രക്കാരുടെ സമ്പത്ത് മുഴുവൻ മുഹമ്മദ് നബിക്ക് ലഭിച്ചു. അനുവർത്തിക്കപ്പെട്ടുപോന്ന വ്യവസ്ഥയനുസരിച്ച്, യുദ്ധമുണ്ടാകാതെ ശത്രുക്കളിൽനിന്ന് ലഭിക്കുന്ന സമ്പത്ത് അല്ലാഹുവിനും റസൂലിനുമുള്ളതാണ്. യുദ്ധം നടന്നിരുന്നുവെങ്കിൽ സമ്പത്തിന്റെ 4/5 ഭാഗം യോദ്ധാക്കൾക്കും 1/5 ഭാഗം അല്ലാഹുവിനും റസൂലിനും എന്നാണ് വിധി. ഇത് ദൈവദത്തമായ ഒരവസരമാണെന്നുകരുതിയ പ്രവാചകൻ അൻസാരികൾക്കും മുഹാജിറുകൾക്കുമിടയിൽ അത്രയെങ്കിലും സാമ്പത്തികസമത്വം സാധിക്കട്ടെ എന്നു കരുതി സമ്പത്ത് മുഴുവൻ മുഹാജിറുകൾക്ക് നല്കി. അൻസാരികളിൽ താരതമ്യേന പാവങ്ങളായ രണ്ടുപേർക്കും. ഈ നടപടിയെ ഖുർആൻ ഇങ്ങനെ പരാമർശിക്കുന്നു:

> ''രാജ്യവാസികളിൽനിന്ന് അല്ലാഹു തന്റെ ദൂതന് യുദ്ധമൊഴിവാക്കി വാങ്ങിക്കൊടുത്ത ധനം അല്ലാഹുവിനും തന്റെ ദൂതന്നും തന്റെ അടുത്ത കുടുംബത്തിനും അനാഥർക്കും അഗതികൾക്കും പാന്ഥർക്കും അവകാശപ്പെട്ടതാണ്. ധനം ധനികർക്കിടയിൽ മാത്രം കറങ്ങിത്തിരിയാതിരിക്കാൻവേണ്ടിയാണത്. പ്രവാചകൻ നിങ്ങൾക്ക് നല്കിയത് സ്വീകരിക്കുകയും വിലക്കിയത് വർജിക്കുകയും ചെയ്യുക. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്. സ്വഭവനങ്ങളിൽനിന്നും സ്വത്തുക്കളിൽനിന്നും ബഹിഷ്കൃതരായി പലായനം ചെയ്ത പാവങ്ങൾക്കുള്ളതാണത്. അല്ലാഹുവിന്റെ പൊരുത്തവും അനുഗ്രഹവും കാംക്ഷിച്ചാണത് ചെയ്തത്. അവർ അല്ലാഹുവിനെയും പ്രവാചകനെയും സഹായിച്ചുകൊണ്ടിരിക്കുന്നു. അവരാണ് സത്യവാന്മാർ.''
> (59: 6–8)

സമ്പത്തിന്റെ കേന്ദ്രീകരണം ഇഷ്ടപ്പെടാത്ത ഒരു മതദർശനമാണ് ഇസ്‌ലാം. കുത്തകമുതലാളിത്തത്തിന്റെ ദുർലസിതങ്ങൾ ഒഴിവാക്കുവാനും ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാനും പോരുന്ന സന്മനസ്സുള്ള ചെറുകിട സ്വകാര്യ ഉടമസ്ഥതയാണ് ഇസ്‌ലാമാഗ്രഹിക്കുന്നത്; വിശേഷിച്ചും കേവലമായ സാമ്പത്തിക സമത്വം ഒരു മരീചികയായതുകൊണ്ട്.

# 33. ബഹുഭാര്യാത്വംഒഴിവാക്കാൻ കഴിയാത്ത ഒരു വിന

സ്ത്രീയും പുരുഷനും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ വിശുദ്ധ വികാരങ്ങളോടെ നിർവഹിക്കപ്പെടുന്ന ഒരുടമ്പടിയാണ് വിവാഹം. ഇസ്‌ലാം സംസ്കൃതിയിൽ പവിത്രമായ ഒരു കർമമാണിത്. സ്ത്രീയുടെയും പുരുഷന്റെയും മാനസികമായ യോജിപ്പ്, അതിന് അന്യോന്യമുള്ള അംഗീകാരം, പിന്നെ രണ്ട് സാക്ഷികളുടെ സാന്നിധ്യം (വരനും വധുവിന് വേണ്ടി അവളുടെ രക്ഷാകർത്താവുമാണ് ഈ ഉടമ്പടിയിലെ രണ്ടു പക്ഷം.) ഖാസിയുടെ സാന്നിധ്യം പോലും ഇസ്‌ലാം കർശനമാക്കിയിട്ടില്ല.

വിവാഹസന്ദർഭത്തിൽ പുരുഷൻ സ്ത്രീക്കു നല്കുന്ന പാരിതോഷികമാണ് മഹ്ർ. മഹ്റ് ഒരു പ്രതീകമാണ്. പുരുഷൻ സ്ത്രീയോട് കാണിക്കുന്ന ആദരവിന്റെ സൂചനയാണത്. വില കൊടുത്തെടുക്കേണ്ട വിശിഷ്ടവസ്തു എന്ന വിശേഷധ്വനി മഹ്റിനുണ്ട്. മഹ്റില്ലാത്ത വിവാഹം സാധുവാവുകയില്ല. മഹ്റ് നിർബന്ധമാണെങ്കിലും അതിന്റെ തരവും അളവും കർശനമാക്കിയിരുന്നില്ല. ഒരിക്കൽ ഒരു ദരിദ്രയുവാവിനോട് ''ഒരു ഇരുമ്പുമോതിരമെങ്കിലുമുണ്ടാക്കൂ'' എന്ന് പ്രവാചകൻ ഉപദേശിക്കുകയുണ്ടായി. മഹ്ർ പണമായിത്തന്നെ നല്കണമെന്നില്ല. പണമാവാം, ശുദ്ധിയുള്ള എന്തുമാവാം എന്ന് പ്രവാചക വചനങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. പ്രവാചകന്റെ കാലത്ത് നിർദനനായ ഒരു യുവാവ് 'വധുവിന് ഖുർആൻ പഠിപ്പിച്ചുകൊടുക്കാം' എന്നു പറഞ്ഞുകൊണ്ടാണ് വിവാഹം നിർവഹിച്ചത്. അതും മഹറാണ്. മധുവിധു കഴിഞ്ഞാൽ മഹ്റിന്റെ ഉടമാവകാശം പൂർണമായി ഭാര്യക്ക് ലഭിക്കുന്നു. എന്നാൽ അതിന് മുമ്പ് തന്നെ മൊഴി ചൊല്ലേണ്ടിവരികയാണെങ്കിൽ മഹ്ർ തിരിച്ചുനല്കണം. വിവാഹജീവിതത്തിൽ സ്ത്രീക്ക്നല്കുന്ന നിയമപരമായ സുരക്ഷിതത്വമാണ് മഹ്ർ.

ഇസ്‌ലാം സംസ്കൃതി ഉദാത്തമായ പദവിയാണ് സ്ത്രീക്ക് നല്കിയിട്ടുള്ളത്. വിവാഹം കാരണമായി അത് കുറയുന്നില്ല. വിവാഹകർമത്തിൽ വധുവിന്റെ സമ്മതം മുഖ്യഘടകമാണ്. വിവാഹത്തിന് മുമ്പ് വരന് വധുവിനെയും വധുവിന് വരനേയും കണ്ടു ബോധ്യപ്പെടേണ്ടതാണ്. ഭാര്യയുടെ അവകാശങ്ങളെക്കുറിച്ച് ഒരിക്കൽ പ്രവാചകൻ ഇങ്ങനെയറിയിച്ചു:

''നീ കഴിക്കുന്ന ഭക്ഷണംതന്നെ അവൾക്കും കൊടുക്കുക, നീ ധരിക്കുന്ന വസ്ത്രം അവൾക്കും നല്കുക.''

അതിനാവശ്യമായ മാനസികഭാവം സൂക്ഷിക്കുവാൻ ഭർത്താവ് സന്നദ്ധനായിരിക്കണം എന്നാണ് പ്രവാചകനുദ്ദേശിച്ചത്. ദാമ്പത്യജീവിതത്തിലെ അഭിന്നതയാണിവിടെ വിവക്ഷ. ഖുർആനിലെ ചില മൊഴിമുത്തുകൾ സവിശേഷമായ ശ്രദ്ധയർഹിക്കുന്നു:

''നിങ്ങൾ സ്ത്രീകളോട് ഏറ്റവും നല്ല നിലക്ക് പെരുമാറുക''. (4:18)

''നിങ്ങൾ താമസിക്കുന്നിടത്ത് അവളെയും താമസിപ്പിക്കുക''. (65:6)

''വീട്ടുകാരിക്ക് വേലചെയ്തുകൊടുക്കൽ ഒരു ദാനമാണ്.''

''സ്ത്രീ ഒരു വളഞ്ഞ വാരിയെല്ലുകൊണ്ട് നിർമ്മിക്കപ്പെട്ടവളാണ്. അതിനാൽ നിനക്കവളെ അനുഭവിക്കണമെങ്കിൽ ആ വളവോട് കൂടിത്തന്നെ അനുഭവിക്കാം. വളവ് നികത്താൻ ശ്രമിച്ചാലോ? നീയതു പൊട്ടിച്ചുകളയും.''

''അവരുമായി നന്മയിൽ വർത്തിക്കുക.''

''നിങ്ങളിലുത്തമൻ നിങ്ങളുടെ വീട്ടുകാരോട് ഏറ്റവും ഉത്തമമായി പെരുമാറുന്നവനാകുന്നു.''

''മാന്യന്മാരല്ലാതെ ഭാര്യയെ മാനിക്കുന്നില്ല.''

പുരുഷ മഹത്വത്തിന്റെ മാനദണ്ഡമായി ഇസ്ലാം നിശ്ചയിക്കുന്നത് ഭാര്യയോടുള്ള പെരുമാറ്റരീതിയാണ്. ഇസ്ലാം വിവാഹത്തിന്റെ പവിത്രതയംഗീകരിക്കുന്നു. ജീവിതധർമത്തിന്റെ പൂർത്തീകരണത്തിന് വിവാഹം അനിവാര്യമാണെന്ന് ഇസ്ലാം കരുതുന്നു.

സൗന്ദര്യത്തെയോ കുലമഹിമയേയോ സാമ്പത്തികശക്തിയേയോ പരിഗണിക്കാതെ ധാർമികതയേയും ആത്മീയതയേയും മുൻനിർത്തി ഭാര്യയെ തിരഞ്ഞെടുക്കുന്നുവെങ്കിൽ വിവാഹത്തിന്റെ സദുദ്ദേശ്യങ്ങൾ സഫലീകരിക്കപ്പെടുമാറാകുമെന്ന് മുഹമ്മദ് നബി മുന്നറിയിപ്പ് നല്കിയിരുന്നു. (മുസ്ലിം)

സഹനവും ത്യാഗവുമാണ് ദാമ്പത്യത്തിന്റെ വിജയരഹസ്യം. പരസ്പരമുള്ള നിരന്തരമായ സ്നേഹാർദ്ര ഭാവങ്ങളും പെരുമാറ്റവും വഴി വിവാഹബന്ധം മനഃസ്വാസ്ഥ്യത്തിന് നിദാനമായിത്തീരണം.

''അവന്റെ ദൃഷ്ടാന്തങ്ങളിൽ ഒന്ന് ഇതാകുന്നു: നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്കായി അവൻ ഇണകളെ സൃഷ്ടിച്ചു. നിങ്ങൾക്ക് ആശ്വാസം കണ്ടെത്താൻ വേണ്ടി. നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ജനത്തിന് അവൻ വെക്കുകയും ചെയ്തു. ചിന്തിക്കുന്ന ജനത്തിന് നിശ്ചയമായും ഇതിൽ ദൃഷ്ടാന്തങ്ങൾ അടങ്ങിയിരിക്കുന്നു''. (30: 20)

''അവരോട് (ഭാര്യമാരോട്) നല്ല രീതിയിൽ പെരുമാറുവിൻ. നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽതന്നെ അല്ലാഹു ഏറിയ നന്മവെച്ചിട്ടുള്ള ഒന്നിനെയാണ് നിങ്ങൾ വെറുക്കുന്നതെന്നുവരാം.'' (4: 20)

''കുടുംബിനികളോട് ഏറ്റവും നന്നായി പെരുമാറുന്നവരത്രേ നിങ്ങളിൽ അത്യുത്തമന്മാർ''. (ഇബ്നുമാജ).

'കെട്ടുന്നതും അഴിക്കുന്നതും ഇഷ്ടം പോലെ'– മുസൽമാന്റെ കുടുംബസംസ്കാരം അഥവാ വിവാഹസംസ്കാരം അതാണെന്ന ഒരു ധാരണ ഇവിടെ മറ്റു സമുദായങ്ങൾക്കിടയിൽ വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. ഇതിൽപരമൊരു പ്രാകൃതബോധവും അപരിഷ്കൃത സമ്പ്രദായവും മറ്റൊന്നുണ്ടോ എന്ന് എന്റെ മനസ്സ് പണ്ടൊക്കെ വിസ്മയിച്ചിട്ടുണ്ട്. ഇസ്ലാംസംസ്കൃതിയുടെ മൗലിക ഗ്രന്ഥങ്ങളുമായി പരിചയപ്പെടാൻ തുടങ്ങിയപ്പോൾ ഇവിടെ പ്രചരിച്ചുകേട്ടതെല്ലാം സത്യത്തിൽനിന്നെത്രയോ അകലെയാണെന്ന് മനസ്സിലായി.

ഇസ്ലാമിന്റെ വീക്ഷണത്തിൽ, സ്ത്രീ, ബഹുഭാര്യത്വം, വിവാഹമോചനം – എന്നിവയിൽ കുറെകൂടി ഗൗരവപൂർവം ശ്രദ്ധിച്ചപ്പോൾ എന്നിലുണ്ടായ പ്രബല ബോധ്യം ചുവടെ ചേർക്കുന്നു.

1. ഒരു മതതലം എന്നനിലയിൽ ലോകത്തിലാദ്യമായി സ്ത്രീ വിപ്ലവത്തിന്റെ പെരുമ്പറ മുഴക്കിയത് ഇസ്ലാംസംസ്കൃതിയാണ്.
2. ഏക ഭാര്യാത്വത്തോടാണ് ഇസ്ലാം ഹൃദയംഗമമായ ആദരവും ആഭിമുഖ്യവും സൂക്ഷിക്കുന്നത്.
3. വിവാഹ മോചനത്തെ നല്ലൊരു നടപടിയായി ഇസ്ലാം അംഗീകരിക്കുന്നില്ല.

സാമാന്യജനം വിചാരശീലരാകണമെന്നില്ല. അവർ പലപ്രേരണകളാലും നയിക്കപ്പെടുന്നവരാണ്. ചെയ്യുന്നതും പറയുന്നതും എന്തെന്ന് പലർക്കും അറിയില്ല. അതിനാൽ അവരെ പഴിക്കുന്നതിലർഥമില്ല. കാരണം അവർ നയിക്കപ്പെടുന്നവരാണ്. (മാക്സിംഗോർക്കിയുടെ 'പൊതുജനം–കഴുത', എന്ന പ്രയോഗം ഇവിടെ ശ്രദ്ധേയം.)

മുൻധാരണകളുമായി ഗ്രന്ഥത്തെ സമീപിക്കുന്നവരുണ്ട്. അവർ വിഷയസമുദ്രത്തിൽ സ്വന്തം മനസ്സിലെ വേതാളങ്ങളെ പ്രതിബിംബിച്ചുകാണും. അപ്പോൾ ആഴക്കയങ്ങളിൽ അവസ്ഥാനം ചെയ്യുന്ന സത്യം കാണാൻ അവർക്ക് കഴിഞ്ഞെന്നുവരില്ല. അവർ പൂർവ ധാരണകളുടെ അടിമകളാണ്. ഫലത്തിൽ ഇവിടെ വിചാരശീലന്മാരായി അറിയപ്പെടുന്നവരും വിചാരശൂന്യന്മാരും സമാനന്മാരായിത്തീരുന്നു. ഇരുട്ടിനെ ഇരുട്ടായും വെളിച്ചത്തെ വെളിച്ചമായും കാണാൻ കഴിയുകയാണിവിടെയാവശ്യം. നാം രണ്ടക്ഷരം പഠിച്ചത് കണ്ണുതെളിയാനാണ്. അക്ഷരം പഠിച്ചിട്ടും കണ്ണുതെളിയുന്നില്ലെങ്കിൽ കാഴ്ചയിൽ തെളിച്ചമോ തെളിഞ്ഞ കാഴ്ചയോ കൈവരുന്നില്ലെങ്കിൽ – അക്ഷരമറിയുന്നവനും നിരക്ഷരനും തുല്യരാകും. അക്ഷരത്തിന്റെ പ്രയോജനം കൈവരിക്കാൻ ചില ശീലങ്ങൾ നമ്മളനുവർത്തിക്കണം.

മനസ്സിന്റെ വാതായനങ്ങൾ
തുറന്നിടുകയാണാദ്യം വേണ്ടത്.
പിന്നെ മുൻധാരണകളെ
അടിച്ചൊഴിക്കുകയും വേണം.
അറിവിനെ സമീപിക്കുന്നത്
ചോദ്യം ചെയ്തുകൊണ്ടാവണം.
അറിഞ്ഞത് അംഗീകരിക്കുവാനുള്ള
മനസ്സും ആവശ്യമാണ്.

അന്യമതങ്ങളെക്കുറിച്ച് 'മുയൽക്കൊമ്പി'ന്റെ ന്യായമാണ് നാം സൂക്ഷിച്ചു പോരുന്നത് – വിശേഷിച്ചും ഹിന്ദു മുസ്ലിം മതവിഭാഗങ്ങൾ തമ്മിൽ.

അതുവഴി നമ്മുടെയും കുടുംബത്തിന്റെയും
സമൂഹത്തിന്റെയും മനസ്സിന്റെ ആകാശം
കരിങ്കാറ് നിറഞ്ഞിരുണ്ടുകിടക്കുന്നു.
സത്യം കാണാനും കണ്ടത് പറയാനും
നാമിന്ന് പേടിക്കുന്നു.
സത്യത്തിന്റെ മാർഗം ദൈവത്തിലേക്കുള്ളതാണ്.
സത്യപഥം കണ്ടു പേടിക്കുന്നവർക്ക്

ദൈവസന്നിധിയിലെത്താൻ സാധ്യമല്ല.
ശരണം കൊള്ളാൻ മറ്റൊരു മാർഗവുമില്ല.
അന്യമായ മാർഗങ്ങളെല്ലാം പിഴവിലേക്കുള്ളതാണ്.
പിശാചിന്റേതാണ്.
നാമറിയാതെ നടന്നടുക്കുന്നത്
ആ വഴികളിലേക്കാണ്.

ബഹുഭാര്യാത്വ സമ്പ്രദായത്തിന് പ്രാരംഭകത്വമെടുത്തത് ഇസ്ലാമാണെന്ന് പോലും ചിലരിവിടെ ധരിച്ചുവെച്ചിട്ടുണ്ട്. വിവാഹത്തിനും വിവാഹമോചനത്തിനും അനിയന്ത്രിതത്വം എന്ന അരാജകാവസ്ഥയാണ് ഇസ്ലാം സംസ്കൃതിക്കും ശരീഅത്തിനുമുള്ളതെന്നാണവരുടെ വിശ്വാസം.

ഖുർആൻ അവതീർണമാവുന്നതിന് മുമ്പേതന്നെ അറേബ്യയിൽ ബഹുഭാര്യാത്വം വ്യാപകമായിരുന്നു. ജാഹിലിയ്യാ കാലത്ത് ഇക്കാര്യത്തിലും അറബികൾ റെക്കാർഡ് ഭേദിച്ചു. ആദ്യകാല അറബികളിൽ ചിലർക്ക് പത്ത് ഭാര്യമാർ വരെ ഉണ്ടായിരുന്നു.

ബഹുഭാര്യാത്വമില്ലാതിരുന്ന പാശ്ചാത്യനാടുകളിൽ വെപ്പാട്ടികളുടെ എണ്ണം അളവറ്റതായിരുന്നു. ഇത് സദാചാരജീവിതത്തിന് കനത്ത ആഘാതമായിവർത്തിച്ചു. അനീസ് മൻസൂർ ഇന്ന് അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന ഒരു പത്രപ്രവർത്തകനാണ്. അദ്ദേഹം അൽഅഹ്റാം പത്രത്തിലെ കോളമിസ്റ്റായിരുന്നു. അനീസ്മൻസൂർ ഇങ്ങനെ എഴുതി (13.9.1973):

''ഫ്രഞ്ച് രാഷ്ട്രീയപ്പുലിയായ ജോർജ് ക്ലമൻസൊയെ (1841 – 1929) ക്കുറിച്ച് ഫ്രാൻസിൽ ഒരു പുസ്തകം പ്രകാശിതമായിട്ടുണ്ട്. ഒരേസമയം ഇരുപത് പേരോട് ഇരുപത് വിഷയത്തെക്കുറിച്ച് സംസാരിക്കാൻ കഴിവുള്ള വൈചിത്ര്യമാർന്ന മഹാപ്രതിഭയായിരുന്നു ക്ലമൻസൊ. ഇയാൾക്ക് 800 കാമുകിമാരും, 40 അനധികൃത സന്താനങ്ങളുമുണ്ടായിരുന്നു. എന്നിട്ടും അമേരിക്കക്കാരിയായ തന്റെ ഭാര്യ തന്നെ വഞ്ചിച്ചു എന്നറിഞ്ഞമാത്രയിൽ അയാൾ അർധരാത്രിതന്നെ എഴുന്നേറ്റ് ചെന്ന് കതകുതുറന്ന് നിദ്രാവേഷത്തോടെ അവളെ തെരുവിലിറക്കി. സ്വന്തം ശരീരത്തിനനുവദിച്ചത് മറ്റുള്ളവർക്ക് ഇയാളെന്തിന് വിലക്കി എന്ന് ആരും വിസ്മയിച്ചുപോകും. എല്ലാ ചെന്നായ്ക്കളേയും പോലെ ക്ലമൻസൊയും സ്ത്രീകളെ ഏറ്റവും കൂടുതൽ നിന്ദിച്ചു. വിനോദശയ്യയിലായാലും രോഗക്കിടക്കയിലായാലും ഇയാളെപ്പോലെ സ്ത്രീയെപ്പറ്റി തെറിയും ആഭാസവും പറഞ്ഞ മറ്റാരുമില്ല. എന്നിട്ടും ഫ്രഞ്ച് രാജ്യരക്ഷാമന്ത്രി ഇയാളെപ്പറ്റി ഒരു ഗ്രന്ഥം പുറത്തിറക്കി. പാശ്ചാത്യ നേതാക്കൾ ഇയാളെ മഹാന്മാരുടെ മുൻനിരയിലെണ്ണുന്നു. കാരണം ഇയാൾ ഔപചാരികമായി വിവാഹം കഴിക്കാതെ വ്യഭിചരിച്ചു എന്നതുതന്നെ!'' (ഈജിപ്ഷ്യൻ ഗ്രന്ഥകാരനായ മുഹമ്മദുൽഗസാലിയുടെ ഫന്നുദ്ദിക്റ് വദ്ദുആ എന്ന ഗ്രന്ഥത്തിൽനിന്ന് അനീസ് മൻസൂർ ഉദ്ധരിച്ചത്.) ഇത് വ്യഭിചാരമാണ്, വേശ്യാത്വമാണ്. ഇവിടെ സ്ത്രീ വഞ്ചിക്കപ്പെടുന്നു.

ബഹുഭാര്യാത്വം ഇസ്ലാം സംസ്കൃതിയുടെ സൃഷ്ടിയല്ല. അതിന്റെ പ്രാദുർഭാവത്തിന് മുമ്പേതന്നെ ലോകത്ത് ബഹുഭാര്യാത്വം നിലനിന്നിരുന്നു. ''ദൈവം തന്റെ ജനമായിതിരഞ്ഞെടുത്തത് തങ്ങളെയാണെന്ന''ഭിമാനിക്കാറുള്ള യഹൂദ വിശ്വാസികളുടെയിടയിൽ പോലും വിവാഹക്കാര്യത്തിൽ നിയന്ത്രണമുണ്ടായിരുന്നില്ല. കഴിവും കരുത്തുമുണ്ടെങ്കിൽ എത്രയുമാകാം എന്ന

തായിരുന്നു അവർക്കിടയിൽ നിലനിന്നിരുന്ന നീതി. ബൈബിളിൽ പരാമൃഷ്ടരായ ദാവൂദിനും സോളമനും നൂറുക്കണക്കിന് ഭാര്യമാരുണ്ടായിരുന്നു. ക്രിസ്തുമത വിശ്വാസികൾക്കിടയിൽ അടുത്ത കാലംവരെ ബഹുഭാര്യത്വം നിലവിലുണ്ടായിരുന്നു എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. അതിരും എതിരുമില്ലാത്ത വിധം, ചീനയിൽ നൂറ്റാണ്ടുകളായി തുടർന്നുപോന്ന ബഹുഭാര്യത്വത്തിന്റെ ബീഭത്സതയ്ക്ക് നേരെ ദാർശനികനായ ലിൻയുടാങ്ങ് വിരൽ ചൂണ്ടുകയുണ്ടായി. ഗ്രീസിലും അതീനിയയിലും സ്പാർട്ടയിലുമെല്ലാമുണ്ടായിരുന്ന ബഹുഭാര്യാത്വം കാരണമായി കുടുംബജീവിതംതന്നെ വിറങ്ങലിച്ചു നില്ക്കുകയായിരുന്നുവെന്ന് സാമൂഹികശാസ്ത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പുരാതന ഭാരതത്തിലെ പല ഋഷീശ്വരന്മാർക്കും ഒന്നിലേറെ ഭാര്യമാരുണ്ടായിരുന്നുവെന്നാണ് പുരാണേതിഹാസങ്ങൾ പ്രഘോഷിക്കുന്നത്. ചക്രവർത്തിമാർക്കിവിടെ പട്ടമഹിഷിയും മറ്റനേകം സാധാരണ പത്നിമാരുമുണ്ടായിരുന്നു. ബഹുഭാര്യാത്വം അനുവദനീയമാണെന്ന് കൗടില്യന്റെ അർഥശാസ്ത്രം വ്യക്തമാക്കിയിട്ടുണ്ട്. മനുസ്മൃതിയും അനേകം ഭാര്യാത്വം അംഗീകരിച്ചിട്ടുണ്ട്. നാടുവാഴിമാർക്കും തമ്പുരാൻമാർക്കും രാജോചിതമായ വിവാഹബന്ധങ്ങൾക്കുപുറമേ കൊതിച്ചുപോയവരെയെല്ലാം കെട്ടി സ്വന്തമാക്കുന്നത് ഒരു പതിവായിരുന്നു. നമ്പൂതിരിമാർക്ക് സാമുദായികാംഗീകാരത്തിന് വിധേയമായ ' വേളി' ക്കുപുറമെ മറ്റുജാതിയിൽപ്പെട്ടവരെ 'സമ്മന്തം ചെയ്തു സുഖിക്കുക' എന്നൊരു സ്വഭാവവുമുണ്ടായിരുന്നു. എറിഞ്ഞുകൊടുക്കുന്ന നാണയത്തുട്ടുകളല്ലാതെ രാജഭോഗാവകാശം അത്തരം ഭാര്യമാർക്കോ അവരിൽ പിറക്കുന്ന സന്താനങ്ങൾക്കോ ലഭിക്കുമായിരുന്നില്ല.

ബഹുഭാര്യാത്വം ലോകത്തെങ്ങും നിലനിന്നിരുന്നു. എന്നാൽ ചർച്ച ചെയ്യപ്പെടുമ്പോൾ ബഹുഭാര്യാത്വമെന്നത് മുസൽമാന്റെ മുഖത്തുള്ള ഒരു കറുത്ത കലയായിട്ടാണ്, പലരുമിന്നും അവതരിപ്പിക്കാറുള്ളത്. പ്രവാചകൻ പോലും അറേബിയയിൽ അന്ന് തുടർന്നുപോന്ന സമുദായാചാരമനുസരിച്ചാണ്, വ്യത്യസ്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോട്കൂടിയാണെങ്കിലും എണ്ണത്തിൽ കൂടുതൽ വിവാഹം ചെയ്തത്. ബഹുഭാര്യാത്വം സംബന്ധിച്ച് വെളിപാട് അവതീർണമാവുന്നതിന്ന് മുമ്പാണത്. അതുപോലും ലൈംഗികമായ ആഗ്രഹങ്ങളുടെ പരിശമനം വെച്ചുകൊണ്ടല്ല. സമുന്നതമായ മാനസികപരിഗണനകളുടെ ത്യാഗോജ്ജ്വലമായ മുഖമാണവയ്ക്കുണ്ടായിരുന്നത്. ആയിശയൊഴിച്ചുള്ളവരെല്ലാം അശരണരോ അഗതികളോ വൃദ്ധകളോ വിധവകളോ ആയിരുന്നു എന്ന യാഥാർഥ്യം അലക്ഷ്യമായി, അലസമായി കാണേണ്ട ഒന്നല്ല. അക്കാലത്തെ ഒരു മഹാസാമ്രാജ്യത്തിന്റെ അനിഷേധ്യനായ ഒരധികാരിക്ക് ആരെയും സ്വന്തമാക്കാനുള്ള സാഹചര്യമുണ്ടായിട്ടുപോലും ഭോഗേച്ഛയുടേതെന്നാരോപിക്കുവാൻ കഴിയുന്ന നേർത്ത ഒരു ചലനം പോലും ആ വരിഷ്ട ജീവിതത്തിൽ ദർശിക്കാൻ കഴിഞ്ഞില്ല എന്നത് നിസ്സാരമല്ല. ഒരർഥത്തിൽ തന്റെ തിളക്കമാർന്ന ജീവിതവൃത്തിക്ക് കൈവന്ന ദൈവികമായ സാധുതയാണ് പിൽക്കാലത്ത് വെളിപാടിലൂടെ കൈവന്നത്. മദീനയിൽ നിന്നാണ് ബഹുഭാര്യാത്വം സംബന്ധിച്ച വെളിപാടുണ്ടായത്.

''അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം നിങ്ങൾക്ക് നന്നായിത്തോന്നുന്ന മറ്റുസ്ത്രീകളിൽ നിന്ന് രണ്ട് വീതമോ മൂന്ന് വീതമോ നാലുവീതമോ നിങ്ങൾ വിവാഹം

ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം വിവാഹംചെയ്യുക. അല്ലെങ്കിൽ നിങ്ങളുടെ അധീനതയിലുള്ള അടിമകളിൽനിന്ന് വിവാഹം ചെയ്തുകൊള്ളുക. നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്ത മാർഗം അതാണ്.''

ബഹുഭാര്യാത്വത്തിന് വേണ്ടി വെളിപാടുറഞ്ഞുതുള്ളിയ ആളായിരുന്നില്ല പ്രവാചകൻ. പ്രത്യുത വിശ്വവ്യാപകമായി, അനിയന്ത്രിതമായി, ഭ്രാന്തമായി തുടർന്നുപോന്ന അനേകഭാര്യാത്വത്തെ നിയമംകൊണ്ട് നിയന്ത്രിച്ച് പരിധിയും ഉപാധിയും നിർണയിച്ച വിപ്ലവകാരിയായ ഒരു സാമൂഹിക പരിഷ്കർത്താവായിരുന്നു അദ്ദേഹം. ഒരു പ്രത്യേക സാമൂഹിക സാഹചര്യത്തിന്റെ ശക്തമായ സമ്മർദം കൊണ്ടാണ് പ്രവാചകൻ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണെങ്കിൽ പോലും ബഹുഭാര്യാത്വത്തെ സ്വീകരിക്കാൻ നിർബന്ധിതനായത്. ആ സവിശേഷസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വേണം ബഹുഭാര്യാത്വം സംബന്ധിച്ച പ്രവാചകചര്യയെയും വചസ്സുകളെയും വിലയിരുത്താൻ. 'നഞ്ഞും നൂലുമിട്ട്' കെണിയിൽ പെടുത്താനും വിശ്വാസികളുടെ വംശനാശം വരുത്താനും കണ്ണിമയ്ക്കാതെ ശ്രമിച്ചുപോന്ന ഖുറൈശികൾ നിരന്തരമായി നടത്തിക്കൊണ്ടിരുന്ന കലാപങ്ങളിലും യുദ്ധങ്ങളിലും വിശ്വാസികൾ വീരമൃത്യുവിനിരയായിക്കൊണ്ടിരുന്ന കാലം – മദീനയിലെ സത്യവിശ്വാസികളിൽ പുരുഷപ്രജകളുടെ എണ്ണം ശ്രദ്ധേയമാം വിധം കുറഞ്ഞുവന്ന സാഹചര്യം – വിധവകളുടെ എണ്ണം കൂടിവന്നു. കുട്ടികൾ ഏറെ പേർ അനാഥരായിത്തീർന്നു. കുടുംബനാഥനില്ലാത്ത വീടുകളുടെ ദയനീയമായ തേങ്ങൽ ഏത് കാതുകൾക്കും കേൾക്കാൻ കഴിയുമായിരുന്നു. –സമൂഹത്തിന്റെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ സമൂഹികവ്യഥയ്ക്ക് മറ്റൊരു പരിഹാരവും കാണാനാവാതെ പ്രവാചകൻ വിഷമിച്ചു. അനാഥരായ സ്ത്രീകൾക്ക് സനാഥത്വം നല്കാനും സമൂഹത്തിന്റെ സദാചാരനിലവാരം തകർന്നുപോകാതിരിക്കാനും സഹായകമാകുമാറ് ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ബഹുഭാര്യാത്വത്തെയംഗീകരിക്കാൻ പ്രവാചകൻ നിർബന്ധിതനായി. ബഹുഭാര്യാത്വത്തെ മനസ്സുകൊണ്ടംഗീകരിച്ച ഒരു മനുഷ്യനായിരുന്നില്ല പ്രവാചകൻ: ഒഴിവാക്കാൻ കഴിയാത്ത ഒരു വിനയായി മാത്രം അംഗീകരിക്കേണ്ടിവന്നതാണ്. നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ബഹുഭാര്യാത്വത്തിന്റെ പരിധി ഒതുക്കിനിർത്താൻ ഖുർആൻ നിഷ്കർഷിക്കുകയുണ്ടായി. ബഹുഭാര്യാത്വത്തിന് അനുമതി കൊടുക്കുമ്പോഴും നിയന്ത്രണമേർപ്പെടുത്തുമ്പോഴും തന്റെ ജീവിതാനുഭവങ്ങൾ പ്രവാചകന് പ്രേരകങ്ങളായിരുന്നു എന്ന് കരുതേണ്ടതില്ല. പതിമൂന്നോളം വിവാഹം നടത്തേണ്ടിവന്നതുകൊണ്ട് നിത്യദുഃഖം സ്വയം വരിക്കേണ്ടിവന്ന ഒരാളുടെ ആത്മാലാപമല്ല വെളിപാടിലൂടെ അഭിവ്യക്തമാക്കപ്പെട്ടത്. ഖദീജയുടെ വിയോഗം വഴിയുണ്ടായ അനല്പമായ ദുഃഖമല്ലാതെ പ്രവാചകന്റെ ദാമ്പത്യജീവിതത്തെ അസ്വസ്ഥമാക്കിയ മറ്റൊരു കാരണവുമുണ്ടായിരുന്നില്ല. പ്രവാചകന്റെ ഓരോ വിവാഹത്തിനും മഹത്തരമായ ഒരോ ഉദ്ദേശ്യമുണ്ടായിരുന്നു. അവ പരാർഥവും ജീവകാരുണ്യ പ്രവണവുമായിരുന്നു. അനാഥത്വം, നിസ്സഹായത, അരക്ഷിതാവസ്ഥ, രോഗാതുരത്വം എന്നിവ പരിഹരിച്ച്, തന്റെ ഭാര്യാപദത്തിലിരുന്ന ഓരോ സ്ത്രീക്കും സ്വത

ന്ത്രവും സമാനവും നീതിപൂർവകവും സുരക്ഷിതവുമായ ജീവിതം സമ്മാനിക്കുകയായിരുന്നു പ്രവാചകന്റെ ലക്ഷ്യം. അവ പൂർണമായും സാക്ഷാത്കരിക്കാൻ കഴിഞ്ഞ ചാരിതാർഥ്യം പ്രവാചകന്ന് ധന്യതയായിമാറി. തങ്ങളുടെ ജീവിത രക്ഷണത്തിന്നായി ആത്മത്യാഗം സഹിക്കുന്ന ഒരു വലിയ മനുഷ്യനായി മുഹമ്മദ് നബി ഭാര്യമാരുടെ മുന്നിൽ ജീവിച്ചു. അവരോരോരോപേരും ജന്മസാഫല്യമടഞ്ഞവരായിരുന്നു. വിവാഹവേളയിലെ വിഭാവിത ലക്ഷ്യങ്ങളെല്ലാം സാധിച്ച കൃതകൃത്യത ആ കുടുംബനാഥന്നുണ്ടായിരുന്നു.

''നിങ്ങൾക്ക് (ഭാര്യമാർക്കിടയിൽ) നീതിപാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക.)'' (4:3) ബഹുഭാര്യാത്വത്തിന് ഇസ്‌ലാം നല്കുന്ന മുഖ്യമായ ഉപാധിയിതാണ്.

ഭാര്യമാർക്കിടയിൽ നീതി പുലർത്താൻ കഴിയുന്നില്ലെന്ന ആശങ്കയുണ്ടെങ്കിൽ ഒരാൾക്ക് ബഹുഭാര്യാത്വത്തിന് അർഹതയില്ല എന്നാണ് നിബന്ധനയുടെ വിവക്ഷ. അനീതിയെക്കുറിച്ചാശങ്കയുണ്ടെങ്കിൽ ഒരു ഭാര്യയെക്കൊണ്ട് തൃപ്തികൊള്ളാൻ ഒരാൾ നിയമരീത്യാ ബാധ്യസ്ഥനാണ്. നീതിപാലിക്കൽ, അതീവ ലാഘവത്തോടെ കൈകാര്യം ചെയ്യാവുന്ന ഒന്നാണെന്ന് കരുതുന്നവരോട് അതിന്റെ ശ്രമകരമായ പ്രകൃതവും ഗൗരവവും ഖുർആൻതന്നെ ബോധ്യപ്പെടുത്തുന്നുണ്ട്:

''സ്ത്രീകൾക്കിടയിൽ നീതി കാണിക്കാൻ നിങ്ങൾക്ക് കഴിയുന്നതേയല്ല, നിങ്ങൾ ആഗ്രഹിച്ചാൽതന്നെയും.'' (4:129)

ഭാര്യയോടോ അവരുടെ കുടുംബത്തോടോ സ്വശരീരത്തോട്തന്നെയോ അനീതിചെയ്തുപോകുമെന്ന ഭർത്താവിന്റെ ആശങ്ക ഇതിന്റെ പരിധിയിൽവരും. ആഹാരം, പാർപ്പിടം, സഹവാസം എന്നിങ്ങനെയുള്ള ഒരു രംഗത്തും അനീതി വന്നേക്കുമെന്ന ആശങ്കയുണ്ടാവരുത്. ബഹുഭാര്യാത്വം നിയമവിരുദ്ധമാക്കാനും ഏകഭാര്യാത്വം നിഷ്കർഷിക്കാനും, ഭാര്യമാർക്കിടയിൽ അനീതി സംഭവിച്ചേക്കുമെന്ന ആശങ്ക മാത്രം മതി എന്നതാണ് ഖുർആന്റെ സ്വരം.

നവതാരുണ്യം തിരളുന്ന ലലനാമണികളെ അഭിഗമിക്കാനുള്ള അദമ്യമായ വൈകാരിക വിഭ്രമംകൊണ്ട് വിചാരശക്തി മരവിച്ച മനുഷ്യൻ 'ഭാര്യമാർക്കിടയിൽ നീതിപാലിക്കുക എന്നതിൽ അസാധാരണമായി എന്തിരിക്കുന്നു' എന്ന് കരുതി എടുത്തുചാടാനൊരുങ്ങുമ്പോൾ ''നിങ്ങളാഗ്രഹിച്ചാൽ പോലും സാധ്യമല്ല'' എന്ന് താക്കീത് ചെയ്യുന്ന ഇസ്‌ലാം ബഹുഭാര്യാത്വത്തിനുവേണ്ടി വിശ്വാസികളെ കയറൂരി വിട്ടിരിക്കുന്ന ഒരു ദർശനവേദിയാണെന്ന് ആർക്കെങ്കിലും പറയാനൊക്കുമോ?

ഖുർആനിലെ 4:3, 4:29 സൂക്തങ്ങൾ ഒപ്പം ചേർത്തു വായിച്ചാൽ ബഹുഭാര്യാത്വത്തോട് ഇസ്‌ലാം സംസ്കൃതിയുടെ മനസ്സെന്തെന്നറിയാൻ എളുപ്പം കഴിയും.

ഒരിക്കലും ഒരു സ്ത്രീയും ഹൃദയംകൊണ്ട് സപത്നീഭാവം ഇഷ്ടപ്പെടുന്നില്ല. ഒരു ഭർത്താവിന്നും ഒന്നിലധികം പേരെ ഒരേപോലെ സ്നേഹിക്കാൻ സാധ്യമല്ലെന്ന സത്യവും അവർ മനസ്സിലാക്കുന്നു. എന്നാൽ ചില അസാധാരണ സാഹചര്യങ്ങളുണ്ട്.

മഹായുദ്ധം കാരണമായി ഒട്ടേറെ ചെറുപ്പക്കാർ ഒന്നിച്ചുമരിക്കാനിടവരുന്ന സാഹചര്യം അവിടെ സമൂഹത്തിന്റെ സന്തുലിതാവസ്ഥ തകരാറിലാവും.

ധാർമികത്തകർച്ചയും അതുവഴി അരാജകത്വവും സംഭവിക്കും.

ഒരനാഥ സ്ത്രീ ഒരു തുണയ്ക്കുവേണ്ടി കൊതിക്കും.
ഒരനാഥ ഒരു സന്താനത്തിനുവേണ്ടി മോഹിക്കും.
ജീവിതത്തിന്റെ ഭദ്രതയ്ക്കും സാഭിമാനമായ
സുരക്ഷിതത്വത്തിനുംവേണ്ടി ഒരു സ്ത്രീ പുരുഷന്റെ
കൂട്ടായ്മയാഗ്രഹിക്കും.
ഭാര്യ നിത്യരോഗിണിയായിപ്പരിണമിച്ച
ഹതഭാഗ്യന്മാരായ ഭർത്താക്കൻമാരുണ്ടാവാം.
ചില കാരണങ്ങളാൽ ധർമകർമങ്ങൾ ചെയ്യാൻ
ഭാര്യക്ക് കഴിയാതെവരുന്നു എന്നുവരാം.
(ജീവിത ധർമം നിർവഹിക്കാനാവശ്യമായ
എല്ലാ നൈസർഗിക വികാരങ്ങളും അടിസ്ഥാനപരമായി
പരിശുദ്ധവും മാന്യവുമാണെന്നും അവയെ
വേണ്ടവിധം തൃപ്തിപ്പെടുത്തേണ്ടതാണെന്നും
ഇസ്‌ലാം കരുതുന്നു.)
മാറാവ്യാധി പിടിപെട്ട് ഭാര്യ ദാമ്പത്യപരമായ
ബാദ്ധ്യതകൾ നിർവഹിക്കാൻ കഴിയാത്തവളായി
മാറി എന്നുവരാം. ഭർത്താവിന്റെ പരിചരണമടക്കം
തന്റെ ധർമമായ ഗൃഹഭരണം നടത്താനും
അവൾക്ക് സാധിക്കാതെവരുന്നു.
ഒരു കുഞ്ഞിനെ പ്രസവിച്ച് ഭർത്താവിന്റെ
കരങ്ങളിലേല്പിച്ച് കുടുംബത്തെ ധന്യമാക്കാൻ
കഴിയാത്ത അവസ്ഥയിലേക്ക് ഭാര്യ നിസ്സഹായയായി
വീണുകഴിഞ്ഞു എന്നുംവരാം.
രോഗാതുരയായ ഭാര്യയെ പരിചരിക്കാൻ
താൻ തന്നെ പൂർണമായും ഉഴിഞ്ഞുവെക്കപ്പെടണം
എന്ന ശാഠ്യം ഒരു ഭർത്താവിനുണ്ടായിക്കൂടെന്നില്ല.
രോഗവിവശയായ ഭാര്യയെ നിരാലംബയായി
പുറം തള്ളാൻ ഭർത്താവ് തയ്യാറല്ല.
ഭാര്യയെ ശുശ്രൂഷിച്ച് ഗൃഹഭരണം നടത്താൻ
സ്വയം ഉഴിഞ്ഞുവെക്കപ്പെട്ടാൽ
സമൂഹത്തിൽ താൻ ചെയ്യാൻ ബാധ്യതപ്പെട്ട
ദൈവമാർഗത്തിലെ വൃത്തികളെല്ലാം തടയപ്പെടും.
ദാമ്പത്യസുഖം പരിത്യജിച്ച്, രോഗവിവശയായ
തന്റെ ഭാര്യയെ പരിചരിക്കുന്നതിൽ
നിർവൃതികൊള്ളാമെന്ന് കരുതിയാലും
സന്തത്യുൽപാദനം സാധിച്ച്
കുടുംബധർമം നിർവഹിക്കാൻ കഴിയാതെവരും.
ഇതെല്ലാം കണ്ടും മരവിച്ചും തന്റെ
ഹതഭാഗ്യാവസ്ഥയിൽ വേദനിച്ചുകഴിയുന്ന
സ്നേഹമയിയായ ഭാര്യ പുനർവിവാഹത്തിന്
സ്വഭർത്താവിനെ നിർബന്ധിച്ചു എന്നുംവരാം.
ഭർത്താവ് പുനർവിവാഹം നടത്താത്തത് തന്റെ

മനസ്സ് നോവുമെന്ന ആശങ്കകൊണ്ടാണെന്നുകൂടി
മനസ്സിലാക്കുന്ന ഭാര്യയെ രോഗവൈവശ്യത്തെക്കാളേറെ
അലട്ടുന്നത് ഭർത്താവിന്റെ ഏകാന്തതയും
നിസ്സഹായതയും ആത്മത്യാഗപ്രവണമായ അർപ്പണവു-
മാണന്ന് മനസ്സിലാക്കുന്ന ഭാര്യയുടെ
നിറഞ്ഞ കണ്ണുകൾ അവഗണിക്കാനാവാത്ത
പ്രേരണയായിത്തീരാം.

ഇത്തരം അസാധാരണ സാഹചര്യങ്ങൾ ഭർത്താവിനെ ബഹുഭാര്യാത്വത്തിലേക്ക് നയിച്ചുകൂടെന്നില്ല.

അന്നും ഇന്നും എന്നും ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളായിരുന്നു. പകർച്ചവ്യാധി, കലാപങ്ങൾ, മഹായുദ്ധങ്ങൾ–ഇവയുടെ ഫലമായി പുരുഷൻമാരുടെ അംഗസംഖ്യ താരതമ്യേന കുറയുന്നു. ആകസ്മികമാണെങ്കിലും സ്ത്രീകളുടെ അംഗസംഖ്യ ആനുപാതികമായി വളരെ ഉയർന്നുനില്ക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഒരു പുരുഷന് ഒരു സ്ത്രീ എന്ന നിയമ നിഷ്കർഷ പ്രയോഗത്തിലുണ്ടെങ്കിൽ നിരവധി സ്ത്രീകൾ അവിവാഹിതകളായി കഴിയേണ്ടിവരും; അനാഥകളായിത്തീരുകയും ചെയ്യും. അളവറ്റ അനാഥത്വം അനിയന്ത്രിതമായ ജീവിത സാഹചര്യങ്ങളിലേക്ക് സ്ത്രീയെ തള്ളിയിട്ടെന്നുംവരും. സർവജീവിസാധാരണമായ ലൈംഗികാസക്തി അവളെ വഴിതെറ്റിച്ചു എന്നുംവരാം. അത് സമൂഹസദാചാരത്തിന്റെയും സംസ്കാരത്തിന്റെയും ചിത്രതലങ്ങളെ വികൃതമാക്കും. സ്വന്തമായി കുട്ടികളുണ്ടാവുക, അവരെ വളർത്തി സായൂജ്യമടയുക–ഇവ മനുഷ്യസഹജമാണ്. സംസ്കാരത്തിന്റെയും സാഹചര്യത്തിന്റെയും ശക്തമായ ഒതുക്കിപ്പിടിക്കൽ കാരണം അവയെല്ലാം ഹൃദയത്തിലമർത്തപ്പെട്ട വികാരങ്ങളായി, ക്രമത്തിൽ ദോഷകാരികളായി, മനോരോഗങ്ങളായി പരിണമിക്കും. ഇത്തരമൊരസാധാരണ സന്ദർഭത്തിൽ, ഒരളവിൽ സമീപിക്കാൻ പറ്റുന്ന ധാർമികവും ആദരണീയവുമായ പരിഹാരമാർഗമാണ് ബഹുഭാര്യാത്വം. ''വന്ധ്യമോ ദുർമാർഗ ജീവിതമോ നയിച്ച് വിവാഹത്തിന്റെ നിയമപരവും പ്രകൃതിപരവുമായ ഉദ്ദേശ്യം നഷ്ടപ്പെടുത്തുന്നതിനെക്കാൾ മതത്തിന്റെ വീക്ഷണത്തിൽ ശ്രേഷ്ഠം ബഹുഭാര്യാത്വമത്രേ. ബഹുഭാര്യാത്വത്തിനനുമതി നല്കുകയും അതോടൊപ്പം ഏകഭാര്യാത്വത്തെ ശ്രേഷ്ഠമായി ഗണിക്കുകയും ചെയ്യുകയത്രേ ഇസ്‌ലാമിക സമീപനം.''

ലൈംഗികാസക്തിയെ പിടിച്ചുനിർത്താൻ കഴിയാത്തവരുണ്ടാവാം. വൈകാരിക ജീവിതത്തിലെ അസംതൃപ്തി സൃഷ്ടിക്കുന്ന അനാശാസ്യതകളിൽനിന്ന് അവരെ രക്ഷപ്പെടുത്തുവാൻ പ്രായോഗികവും ധാർമികവുമായ പരിഹാരമാർഗമായി ബഹുഭാര്യാത്വം ഒരളവിൽ ന്യായീകരിക്കപ്പെടുന്നു. അന്നിലയിൽ അവർക്ക് ബഹുഭാര്യാത്വത്തിനനുവാദം കൊടുത്തു. അസാധാരണ സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നവർക്കും, അതിന്നവസരം നല്കി.

'അവകാശമുള്ള അധികൃതഭാര്യ,' എന്ന പദവിയും പരിഗണനയും ഏത് സാഹചര്യത്തിലും സ്ത്രീക്ക് ലഭിക്കണം എന്ന് ഇസ്‌ലാം അഭിലഷിക്കുന്നു. ലൈംഗികാസക്തി അരാജകത്വത്തിലേക്കും മൃഗീയതയിലേക്കും നയിക്കാതിരിക്കുക എന്നതാണ് ബഹുഭാര്യാത്വത്തിന് നിയമസാധുത നല്കുക വഴി ഇസ്‌ലാം സാധിക്കുന്നത്. അറേബ്യയിൽ അക്കാലം വരെയുണ്ടായിരുന്ന

അളവറ്റ അനേക ഭാര്യാത്വം എന്ന ദുരവസ്ഥയ്ക്ക് പരിധി നിർണയിക്കുകയും നീതിനിഷ്കർഷിക്കണമെന്നുറപ്പുവരുത്തി നിയന്ത്രണമേർപ്പെടുത്തുകയുമാണ് ഇസ്‌ലാം ചെയ്യുന്നത്.

ബഹുഭാര്യാത്വം, ചില പ്രത്യേക പരിതഃസ്ഥിതികളിൽ അത്യപൂർവ മായി മാത്രം അനുവദിക്കപ്പെടുന്നതാണെങ്കിൽ അത്തരമൊന്നിനെക്കുറിച്ച് കീർത്തിക്കാതെ, ഇസ്‌ലാമിന്റെ മനഃസാക്ഷിക്കനുസരിച്ച്തന്നെ ഈ വിഷയ ത്തിൽ മൗനം ഭജിക്കുകയായിരുന്നില്ലേ ഭംഗി എന്ന് ചോദിക്കുന്നവരുണ്ട്. അതിനുള്ള മറുപടി ഇതാണ്:

ഇസ്‌ലാം ഒരു സമഗ്ര ജീവിത ദർശനമാണ്.
സമഗ്ര പ്രായോഗിക ജീവിതശാസ്ത്രവുമാണ്.
അന്നിലയിൽ അതിന് പൂർണതവേണം.
ജീവിതത്തിലെ എല്ലാ സമസ്യകൾക്കും
അത് ഉത്തരം നല്കണം.

ബഹുഭാര്യാത്വം വഴി ഇസ്‌ലാം സ്ത്രീകളുടെ തുല്യാവകാശത്തെ നിഷേ ധിക്കുന്നു എന്നാണ് ചിലരുടെ വിമർശം. എന്നാൽ ബഹുഭാര്യാത്വത്തിലൂടെ ഇസ്‌ലാം സ്ത്രീയുടെ തുല്യാവകാശത്തെ അംഗീകരിക്കുകയാണ് ചെയ്തിട്ടു ള്ളത്. ഏകഭാര്യാത്വം അടിച്ചേല്പിക്കുന്ന ഒരു സമൂഹത്തിൽ സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളുമായി തുലനം ചെയ്യുമ്പോൾ ബഹു ഭാര്യാത്വം വെച്ചുപുലർത്തുന്ന സമൂഹത്തിലുള്ള അവരുടെ വിഷമതകൾ ലഘുവാണ്. ബഹുഭാര്യാത്വം നിരോധിച്ച സമൂഹങ്ങളിലൊന്നും അത് വിജ യപ്രദമായിട്ടില്ലെന്ന വസ്തുതയും നമ്മുടെ വിചിന്തനത്തിന് വിധേയമാവ ണം. ഇന്ത്യയിൽ സമ്പൂർണ നിരോധനനിയമം നിലവിലുണ്ടായിട്ടും ബഹുഭാ ര്യാത്വത്തിന്റെ അനുപാതം മുസ്‌ലിംകളിലെക്കാൾ കൂടുതൽ ഹിന്ദുക്കളിലാ ണെന്ന് ന്യൂദൽഹിയിലെ രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷൻ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നു.

ഒരായിരം ഹിന്ദുക്കളിൽ ഏഴുപേർ ബഹുഭാര്യരാണ്. ബഹുഭാര്യാത്വം നിരോധിച്ച സമൂഹങ്ങളിലധികവും ഫലത്തിൽ രഹസ്യബന്ധങ്ങളിലൂ ടെയും ജാരസമ്പർക്കങ്ങളിലൂടെയും ഒന്നിലധികം സ്ത്രീകളുമായി ബന്ധ പ്പെടുന്നവരാണ്. അവിടങ്ങളിൽ വ്യഭിചാരങ്ങളും വിവാഹേതര ബന്ധങ്ങളും ജീവിതത്തിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അമേരിക്കയിൽ 90% പുരുഷന്മാരും 50% സ്ത്രീകളും വിവാഹത്തിനുമുമ്പ് ലൈംഗിക ബന്ധ ത്തിലേർപ്പെടുന്നവരാണ്. അമേരിക്കൻ സ്കൂളുകളിൽ ഗർഭനിരോധന ഉറ കൾ കുട്ടികൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. ലൈംഗിക ബന്ധത്തിലേർപ്പെടുമ്പോൾ ഗർഭനിരോധന ഉറകൾ ഉപയോഗിക്കണമെന്ന പരസ്യവാചകങ്ങൾ കുട്ടികളെ ആകർഷിക്കുവാൻ സ്കൂളുകളിൽ പ്രദർശിപ്പി ക്കാറുണ്ടത്രേ. ബ്രിട്ടനിൽ 90% പുരുഷൻമാരും ഒരളവിൽ ഭാര്യമാരെ പര സ്പരം കൈമാറുന്നവരാണ്. അവിടെ വർഷത്തിൽ ഒരു ലക്ഷത്തി എഴുപത്ത യ്യായിരം ഗർഭഛിദ്രങ്ങൾ നടക്കുന്നു. പ്രതിവർഷം എഴുപതിനായിരം അവി വാഹിതർ അമ്മമാരായി മാറുന്നു. ബ്രിട്ടനിലെ കുട്ടികളിൽ മുപ്പത്തിയഞ്ചുശത മാനം ജാരസന്തതികളാണെന്ന് അവിടത്തെ ഔദ്യോഗിക കണക്കുകൾ സൂചി പ്പിക്കുന്നു. ഇന്ത്യയിൽ മുമ്പായിൽമാത്രം പതിനായിരത്തിലധികം വേശ്യാല യങ്ങളുണ്ടെന്നാണ് കണക്ക്. ഗുജറാത്തിൽ കുറച്ചുകാലത്തേക്കുമാത്രം കൂടെ

ത്താമസിക്കാനനുവദിക്കുന്ന 'മൈത്രീ കരാർ' എന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നുപോലും. കുത്തഴിഞ്ഞ ലൈംഗികവേഴ്ചയുടെ ഫലമായി എയ്ഡ്സ് എന്ന മാരകരോഗം മനുഷ്യരെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ബഹുഭാര്യാത്വം നിരോധിച്ച പല സമൂഹങ്ങളിലും സ്ത്രീകളുടെ സംഖ്യാ ബഹുത്വം പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ബഹുഭാര്യാത്വം അനിവാര്യമാക്കുന്ന പരിതഃസ്ഥിതികളിൽ ഇസ്‌ലാം തുല്യനീതി നിർബന്ധമാക്കി ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ അനുവാദം നല്കുമ്പോൾ ബഹുഭാര്യാത്വം നിരോധിച്ച സമൂഹങ്ങൾ അധാർമികവും സംസ്കാര രഹിതവും അസാൻ മാർഗികവുമായ പരസ്ത്രീ ഗമനങ്ങളെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. തന്മൂലം സംസ്കാരത്തിനും നാഗരികതയ്ക്കും ധർമത്തിനും നേരിടുന്ന നാശനഷ്ടങ്ങൾ ബഹുഭാര്യാത്വ സമ്പ്രദായംകൊണ്ടുള്ളതിനെക്കാൾ പതിന്മടങ്ങ് വർദ്ധിച്ചതാണെന്ന് പാശ്ചാത്യനാടുകളിലെ പഠനങ്ങൾ നമുക്ക് മനസ്സിലാക്കിത്തരുന്നു. സമൂഹത്തിന്റെ ഭദ്രതയ്ക്കും ധാർമിക പരിശുദ്ധിക്കും കർക്കശമായ ഏക ഭാര്യാത്വത്തെക്കാൾ ഉത്തമം നിയന്ത്രിതമായ ബഹുഭാര്യാത്വംതന്നെയാണ്.

എന്നാൽ ബഹുഭാര്യാത്വത്തിന് പ്രവാചകൻ വരച്ചുകാട്ടിയ ആദർശപരമായ അകക്കാമ്പില്ലെങ്കിൽ അത് അതീവ അനർത്ഥകാരിയായി പരിണമിക്കുമെന്നത് അവിതർക്കിതമാണ്. ഉപാധി മറന്ന് നാല് ഭാര്യമാരാകാം എന്ന നിർദേശം മാത്രമനുസരിച്ചാൽ ബഹുഭാര്യാത്വം ഇവിടെയൊരു സാമൂഹ്യ വിനയായി പരിണമിക്കുമെന്നും സ്ത്രീ സ്വാതന്ത്ര്യം ഹനിക്കപ്പെടുമെന്നും മനസ്സിലാക്കാൻ കഴിയണം.

പ്രാചീന അറേബ്യയുടെ പരിതഃസ്ഥിതികളിൽനിന്ന് സ്ത്രീകളെ മോചിപ്പിക്കാനും അവരെ സംരക്ഷിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു നിയന്ത്രിതമായ ബഹുഭാര്യാത്വം. പുതിയ കാലാവസ്ഥയിലിന്ന് അതിന്റെ പ്രസക്തി പഴയതുപോലെ തെളിഞ്ഞുകാണുന്നുണ്ടോ എന്ന വിശോധനം സ്ഥാനത്താണ്. ധാർമികമായ പരിവേഷം നഷ്ടപ്പെടുകയും പുതിയ സാമൂഹിക സാഹചര്യത്തിൽ പ്രസക്തി കുറഞ്ഞുവരികയും ചെയ്തിട്ടുണ്ടെങ്കിൽ ബഹുഭാര്യാത്വം പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ സത്യവിശ്വാസികൾ സന്നദ്ധമാവണം. സമൂഹത്തിന്റെ വളർച്ചയ്ക്കനുസരിച്ച് തലപൊക്കുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ ഉപനിയമങ്ങൾ നിർമിക്കാനും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്താനും സാധിക്കണം. അടിസ്ഥാന ദർശനങ്ങളിൽ അല്പംപോലും വിട്ടുവീഴ്ച വരുത്താതെ ഉപനിയമങ്ങളാരചിക്കാൻ പല മുസ്‌ലിം രാജ്യങ്ങളും മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങനെയാണ് സിറിയ, മൊറോക്കോ എന്നിവിടങ്ങളിൽ ഒരാൾ തന്റെ രണ്ടാം വിവാഹത്തിനുമുമ്പ് സാമ്പത്തിക വിഷയങ്ങളിലെങ്കിലും ഭാര്യമാർക്കിടയിൽ തുല്യനീതി ഉറപ്പുവരുത്താൻ സാമ്പത്തിക സ്ഥിതി കോടതിയെ ബോധ്യപ്പെടുത്തണമെന്ന് നിർദേശിക്കപ്പെട്ടത്. രണ്ടാം വിവാഹത്തിന് ആദ്യഭാര്യയുടെ അനുമതിയാവശ്യമാണെന്ന ഉപാധിയാവിഷ്കരിച്ചുകൊണ്ടാണ് പാക്കിസ്ഥാനിൽ ബഹുഭാര്യാത്വനിയമത്തെ നവീകരിച്ചത്.

1943-ൽ സുബൈദയും ഭർത്താവ് സർദാർഷായും തമ്മിലുണ്ടായ ഒരു കേസിൽ "ഒരുവന്ന് ഈ നാലു ഭാര്യമാർക്കിടയിൽ നീതിപുലർത്താൻ കഴിയുന്നില്ലെങ്കിൽ, അയാൾക്ക് ഒറ്റ ഭാര്യയെ മാത്രമെ വിവാഹം കഴിക്കാൻ പാടുള്ളൂ"

എന്ന് ലാഹോർക്കോടതി വിധി പ്രസ്താവിച്ചത് ഖുർആനിക ശാസനത്തിന്റെ അന്തഃസംസ്കാരത്തെ അവലംബിച്ചുകൊണ്ടാണ്.

ഇസ്ലാം മൗലികമായി അംഗീകരിച്ചത് ഏക ഭാര്യാത്വമാണ്. എങ്കിലും നാഗരികവും സദാചാരപരവുമായ കാരണങ്ങളാൽ ഒന്നിലേറെ ഭാര്യമാരെ സ്വീകരിക്കേണ്ടിവരുന്നത് അനിവാര്യമോ അനുപേക്ഷണീയമോ ആയിത്തീരുന്ന സാഹചര്യങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ടായിക്കൂടെന്നില്ല. യശശ്ശരീരനായ സി.എൻ. അഹമ്മദ് മൗലവിയുടെ ഒരു പരാമർശം ഇവിടെ ശ്രദ്ധേയമാണ്:

ഒരുപീടികക്കോലായിൽ മറച്ചുകെട്ടി താമസിക്കുന്ന ഒരു യുവാവിനുപോലും ഏറ്റവും ചുരുങ്ങിയത് പത്തുപവന്റെ ആഭരണവും പതിനായിരം രൂപയും കൊടുക്കണം. ഇല്ലെങ്കിൽ അവൻ ഒരു പെണ്ണിനെ വിവാഹം കഴിക്കില്ല. മാതാപിതാക്കളാകട്ടെ, ഒരു പെണ്ണിനെ എത്രകാലം സൂക്ഷിച്ചുകൊണ്ടിരിക്കും! അങ്ങനെ നെടുവീർപ്പിട്ട് വെന്തുനീറുന്ന ഹൃദയത്തോടെ ദീർഘകാലം നരകിക്കുന്ന മാതാപിതാക്കളെ ഒരു വിവാഹിതൻ സമീപിക്കുന്നു. മകളെ രണ്ടാം ഭാര്യയായോ മൂന്നാം ഭാര്യയായോ സ്വീകരിച്ചുകൊള്ളാം. പണവും പണ്ടങ്ങളുമാവശ്യമില്ല എന്നു പറയുന്നു. മനമില്ലാമനസ്സോടെ പെണ്ണും രക്ഷിതാക്കളും സമ്മതിക്കുന്നു. ബഹുഭാര്യാത്വത്തിന് മതപരമായ അംഗീകാരമുണ്ടെന്നവർക്കറിയാം. തുല്യനീതിയുടെ പ്രയോഗതലം വൈകിയല്ലേ മനസ്സിലാക്കാൻ കഴിയൂ. കല്യാണം സർവസമ്മതമായി നടത്തപ്പെടുന്നു. അങ്ങനെയാണ് ബഹുഭാര്യാത്വങ്ങളേറെയും നടപ്പിൽവരുന്നത്. ചിലപ്പോൾ വരുന്നവന്റെ പണംകണ്ട് മോഹിച്ചിട്ടുമാവാം. ഇവിടെ ഇസ്ലാംശരീഅത്തിനെ പഴിക്കുന്നതിലർഥമില്ല. കാര്യത്തിന്റെ തിരിക്കല്ലില്ലാണ് വിരൽവെക്കേണ്ടത്. പ്രശ്നം മാറിക്കാണാനാത്മാർഥമായി ആഗ്രഹിക്കുന്നുവെങ്കിൽ ഈ സാമൂഹിക സാഹചര്യത്തെയാണ് മാറ്റേണ്ടത്. മതസംഘടനകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, രാഷ്ട്രീയകക്ഷികൾ, മഹിളാ പ്രസ്ഥാനങ്ങൾ മുന്നോട്ടുവരണം. സ്ത്രീധനം ചോദിക്കുന്നവരെ മാത്രമല്ല, അതുമായി പരോക്ഷബന്ധം സൂക്ഷിക്കുന്നവരെപ്പോലും തങ്ങളുടെ സംഘടനയിൽ പ്രവേശിപ്പിക്കില്ലെന്ന് പറയാൻ സംഘടനാ നേതൃത്വങ്ങൾ സന്നദ്ധമാവണം. സ്ത്രീധനം കൊടുക്കുകയില്ല; വാങ്ങുകയില്ല എന്ന് 'പാലിക്കപ്പെടാനുള്ള പ്രതിജ്ഞ വരിക്കാൻ' യുവജനം തയ്യാറാകണം. ബഹുഭാര്യാത്വം ഏത് സാഹചര്യത്തിലാണ് ഖുർആൻ അനുവദിച്ചതെന്ന് പറയുന്ന നാലാം അധ്യായത്തിലെ നാലാം വാക്യത്തിന്റെ അകക്കാമ്പറിയുക. ആ വാക്യമല്ലാതെ ബഹുഭാര്യാത്വത്തെക്കുറിച്ചു പറയുന്ന മറ്റൊരു വാക്യവും ഖുർആനിലില്ല.

> "അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതിപാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന രണ്ടുവീതമോ, മൂന്നുവീതമോ നാലുവീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ, നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക.) അല്ലെങ്കിൽ നിങ്ങളുടെ അധീനതയിലുള്ള അടിമകളിൽനിന്ന് (വിവാഹം ചെയ്തുകൊള്ളുക). നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്ത(മാർഗം) അതാണ്." (4:4)

# 34. ത്വലാഖ്: അനുവദിക്കപ്പെട്ട കാര്യങ്ങളിൽ ഏറെ വെറുക്കുന്നത്

ഭൗതിക പ്രലോഭനങ്ങൾക്ക് മാത്രം വശംവദരായി ഇണയെ സ്വീകരിക്കുന്നത് വിപൽക്കരമാണെന്നും മനഃസംസ്കരണവും ആത്മീയമായ സവിശേഷതകളും വിവാഹവേളയിൽ നമ്മുടെ പരിഗണനയ്ക്ക് വിധേയമാവണമെന്നും ഖുർആൻ കർശനമായനുശാസിക്കുന്നുണ്ട്.

നല്ലൊരു കുടുംബത്തിന്റെ അടിപ്പടവ് എന്ന നിലയിലാണ് വിവാഹം പരിശുദ്ധകർമമാകുന്നത്. മനുഷ്യൻ അപൂർണനാണ്. തെറ്റുകുറ്റങ്ങൾ സഹജവുമാണ്. ആ നിലയിൽ മനുഷ്യപ്രകൃതിയുടെ പരിമിതികളെയും ദുർബലതകളെയും ഇസ്‌ലാം പരിഗണിച്ചിട്ടുണ്ട്. അവിടെയും ഇസ്‌ലാം പ്രായോഗികമായ ഒരു സമീപനമാണവലംബിച്ചിട്ടുള്ളത്. വ്യക്തി കുടുംബജീവിതങ്ങളിൽ എന്ത് സംഭവിച്ചാലും അക്ഷന്തവ്യം എന്നു പറയാവുന്ന അപരാധങ്ങൾ ഏതെങ്കിലും ഭാഗത്തുണ്ടായാലും പരസ്പര ബന്ധത്തിന്റെ ആത്മവത്തയ്ക്കുതന്നെ പോറലേറ്റാലും സമാധാന പൂർണവും സൗഭാഗ്യപ്രവണവുമായ ജീവിതത്തിന് തങ്ങളുടെ ബന്ധം തുടരുന്നത് വിപത്താണെന്ന് ബോധ്യപ്പെട്ടാലും അഴിച്ചുമാറ്റാൻ പാടില്ലാത്തതാണ് ദാമ്പത്യബന്ധം എന്ന സമീപനം ഇസ്‌ലാം സൂക്ഷിക്കുന്നില്ല. വിവാഹബന്ധം ശിഥിലമാവാതെ ശക്തവും ഭദ്രവുമായി തുടരണമെന്നുതന്നെയാണ് ഇസ്‌ലാം ആഗ്രഹിക്കുന്നതെങ്കിലും ചില സാഹചര്യങ്ങളിൽ വിവാഹമോചനം അനിവാര്യമായിത്തീരുന്നു എന്ന് ഇസ്‌ലാം സംസ്കൃതിയറിയിക്കുന്നു. എന്നാൽ, മറ്റൊരു പോംവഴിയുമില്ലെന്ന നിസ്സഹായതയുടെ അവസാനത്തെ നിമിഷത്തിലേ വിവാഹമോചനത്തെക്കുറിച്ചോർക്കാവൂ എന്നും ഖുർആൻ അഭിലഷിക്കുന്നുണ്ട്. സഹനവും വിട്ടുവീഴ്ചയും പരമാവധി പ്രയോഗിക്കാൻ ഇരുപക്ഷവും ശ്രദ്ധിക്കണം. അവരിരുവരും പരാജയപ്പെട്ടാൽ ഇരുപക്ഷത്തെയും പ്രതിനിധികൾ ബന്ധമുക്തിയൊഴിവാക്കാൻ മനസ്സോടെ പരിശ്രമിക്കണം. അവിടെയും പരാജയപ്പെടുകയാണെങ്കിൽ മാത്രമെ വിവാഹമോചനത്തിന് തീരുമാനിക്കാവൂ. അപ്പോഴും ഒരുപാധി പാലിച്ചിരിക്കണം. വിവാഹ വേളയിൽ ഭർത്താവ് ഭാര്യക്ക് നല്കിയ മഹറടക്കം ഒന്നും ഭർത്താവ് തിരിച്ചുവാങ്ങരുത്. വിവാഹമോചനത്തിന്നുള്ള ശ്രമങ്ങൾ പര്യവസാനിക്കുന്നതുവരെ ഭാര്യക്കു വേണ്ട സമസ്ത പരിരക്ഷ

കളും ചെയ്യാൻ ഭർത്താവ് ചുമതലപ്പെട്ടവനാണ്. ഒരു പക്ഷേ ഈ സന്ദർഭമാകുമ്പോഴേക്കും തെറ്റിദ്ധാരണകളൊഴിഞ്ഞ് പുനരൈക്യത്തിന് ഭാര്യാ ഭർത്താക്കന്മാർ സന്നദ്ധരാവുകയാണെങ്കിൽ ദൈവത്തിന്റെ വരപ്രസാദം അവിടെയവർക്ക് ലഭിക്കുന്നു എന്നാണ് ഇസ്‌ലാം സംസ്കൃതി പ്രഘോഷിക്കുന്നത്. വിവാഹമോചനമേ മാർഗമുള്ളൂ എന്നു തോന്നുന്ന സന്ദർഭത്തിൽ അതനുവദിച്ചുകൊണ്ടുതന്നെ "നിങ്ങൾക്കനുവദിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ ദൈവദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ടത് വിവാഹമോചനമാകുന്നു" എന്ന് അനുസ്മരിപ്പിക്കാനും പ്രവാചകനൊരുങ്ങുന്നുണ്ട്.

വിവാഹമോചനം(ത്വലാഖ്) ഇസ്‌ലാം ആവിഷ്കരിച്ച ഒരു പുതിയ ആശയമല്ല. പഴയ സമൂഹങ്ങളിൽ ഈ സമ്പ്രദായം വളരെ വ്യാപകമായി നിലനിന്നിരുന്നതായി കാണാം. പുരുഷ മേധാവിത്വത്തിന്റെ കാലമായിരുന്നതിനാൽ പുരുഷന്റെ ശക്തിസ്വരങ്ങളാണ് വിവാഹമോചനക്കാര്യത്തിലും മുഴങ്ങിക്കേൾക്കാറുള്ളത്. നിസ്സാരകാര്യങ്ങൾക്ക് പോലും വിവാഹബന്ധംവേർപെടുത്തിപ്പോന്ന അനുഭവങ്ങൾ അന്നുണ്ടായിരുന്നു. ജൂതമത നിയമങ്ങൾ പ്രചാരത്തിൽ വന്നപ്പോൾ ചെറുതെങ്കിലും ആശാസ്യമായ ചില മാറ്റങ്ങളുണ്ടായി. വ്യഭിചാരം, വന്ധ്യത, ശാരീരികവും സ്വഭാവപരവുമായ കാര്യങ്ങൾ എന്നിവയ്ക്ക് വിവാഹമോചനം അനുവദനീയമാണെന്ന് ജൂതമതം നിർദേശിച്ചു. പശ്ചാത്തപിച്ച മനസ്സിന് മാപ്പുണ്ടെന്ന ക്രിസ്തീയ മതദർശനം വിവാഹമോചനത്തെ ഒരളവിൽ ഒതുക്കിക്കൊണ്ടുവരാൻ സഹായകമായിരുന്നു.

ഇസ്‌ലാമിക ദർശനം വിവാഹ മോചനക്കാര്യത്തിൽ കുറേകൂടി വ്യത്യസ്തമായ നയസമീപനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ദാമ്പത്യ ബന്ധത്തെ പരിപാവനമായ ഒരു ഉടമ്പടിയായിക്കാണുന്ന ഇസ്‌ലാം ദാമ്പത്യബന്ധം തകർക്കാനായി ആഗ്രഹിക്കുന്നവർ മതത്തിൽനിന്ന് പുറത്തേക്ക് പോവണമെന്നും ഒരു സ്ത്രീയെ അവളുടെ ഭർത്താവിന് മോശമാക്കിയവൻ നമ്മിൽ പെട്ടവനല്ല എന്നും അറിയിക്കുകയുണ്ടായി.

ഇസ്‌ലാം സംസ്കൃതി അടിസ്ഥാനപരമായി വിവാഹമോചനത്തോട് വിയോജിപ്പ് സൂക്ഷിക്കുന്നു. എന്നാൽ മൊഴിചൊല്ലലിൽ കടുകിൻ മണിയോളം പോലും തത്ത്വദീക്ഷ സൂക്ഷിക്കാത്ത ഒരു മതമാണ് ഇസ്‌ലാം എന്നാണിവിടെ മുഴങ്ങിക്കേൾക്കുന്ന അപഖ്യാതി. കെട്ടലും കെട്ടഴിക്കലും കുട്ടിക്കളിയുടെ ലാഘവത്തോടെയാണ് ഇസ്‌ലാം കൈകാര്യംചെയ്യുന്നത് എന്നാണാരോപണം.

ഇസ്‌ലാം വിവാഹമോചനത്തെ വെറുക്കുന്നു; പരമാവധി നിരുത്സാഹപ്പെടുത്തുന്നു. ചില പ്രത്യേകസാഹചര്യങ്ങളിൽ അനുവദിക്കുകയും ചെയ്യുന്നു. അനുവദിക്കപ്പെട്ട കാര്യങ്ങളിൽ ദൈവം ഏറെ വെറുക്കുന്നത് വിവാഹമോചനമാണെന്ന നബിവചനം ഇസ്‌ലാം സംസ്കൃതിയുടെ ആത്മഭാവം തെളിച്ചു കാട്ടാൻ പോന്നതാണ്. വിവാഹമോചനം അനിവാര്യമാക്കിത്തീർക്കുന്ന സന്ദർഭങ്ങളിൽതന്നെ അതിനെ പരമാവധി നിരുത്സാഹപ്പെടുത്താൻ പോരും വിധമാണ് അതിന്റെ നിർവഹണം നിഷ്കർഷിച്ചിട്ടുള്ളത്.

ദമ്പതികൾക്കിടയിൽ അകല്ച്ചയുണ്ടായാൽ ഭാര്യയുടെയും ഭർത്താവിന്റെയും ബന്ധുക്കളിൽനിന്ന് നീതിമാന്മാരായ ഓരോ വ്യക്തിയെ ക്ഷണിച്ചുവരുത്തണം. അവർ പ്രശ്നം പരിശോധിച്ചശേഷം ഭർത്താവിനോട് പുനരാലോചന നടത്താൻ ഉപദേശിക്കണം. ഇരുവരെയും അനുരഞ്ജനത്തിന് പ്രേരിപ്പിക്കണം. ശ്രമങ്ങൾ വിഫലമായാൽ മാത്രം വിവാഹമോചനത്തിന്റെ മാർഗമവ

ലംബിക്കണം. കുടുംബക്കാരുമായുള്ള പുനരാലോചനയും അനുരഞ്ജന ത്തിനുള്ള ശ്രമവും അനിവാര്യമാണ്.

ഇമാം ഗസ്സാലി പറയുന്നു:

''ത്വലാഖിനുള്ള ഈ അനുമതിതന്നെ ഇതുമൂലം തെറ്റായ നിലയ്ക്ക് ഒരു ഉപദ്രവം ചെയ്യുക എന്ന നില വരുന്നില്ലെങ്കിൽ മാത്രമാണ്. സ്ത്രീയെ ത്വലാഖ് ചെയ്യുന്നു എന്നതിനർഥം അവളെ ഉപദ്രവിക്കുന്നു എന്നാണ്. അവ ളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും പൊറുക്കാനാവാത്ത അപരാധമോ അവന്റെ ഭാഗത്ത് സാധൂകരിക്കത്തക്ക അനിവാര്യതയോ ഉണ്ടായാൽ മാത്രമേ ഈ ഉപ ദ്രവം ചെയ്യാൻ പാടുള്ളൂ.''

ഹസ്രത്ത് അലി പറയുന്നു:

''നിങ്ങൾ വിവാഹം കഴിക്കൂ. ത്വലാഖ് നടത്തരുത്. കാരണം, അതുമൂലം ദൈവിക സിംഹാസനംപോലും പ്രകമ്പിതമാകും.''

ഭർത്താവിനോട് ത്വലാഖ് ചോദിക്കുന്ന സ്ത്രീയെ നബി കഠിനമായി ആക്ഷേപിക്കുന്നു:

''ഒരു ബുദ്ധിമുട്ടുമുണ്ടായിട്ടില്ലാത്ത ഏതെങ്കിലു
മൊരു സ്ത്രീ ഭർത്താവിനോട് ത്വലാഖ് ആവശ്യപ്പെ
ടുകയാണെങ്കിൽ അവർക്ക് സ്വർഗത്തിന്റെ മണം
പോലും ലഭിക്കുകയില്ല.''

ത്വലാഖിൽതന്നെ ഇസ്ലാം ഇളവുകൾ പ്രഖ്യാപിച്ചത്, എങ്ങനെയെ ങ്കിലും അത് നടക്കാതിരിക്കട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ടാണ്.

ഒരു സ്ത്രീയെ മൂന്നുവട്ടം മൊഴിചൊല്ലാം.
ഒന്നാം തവണ മൊഴിചൊല്ലിക്കഴിഞ്ഞ്
മൂന്ന് 'ശുദ്ധികാലം' കഴിയുന്നതിനുമുമ്പാണെങ്കിൽ
വീണ്ടും വിവാഹബന്ധം തുടരാം.
ഒരു ഉപാധിയും പ്രായശ്ചിത്വവുമില്ലാതെ
അവളെ തിരിച്ചെടുക്കാം.
മൂന്ന് ശുദ്ധികാലം കഴിയുമ്പോഴാണ്
മനസ്സൊന്നു മാറുന്നതെങ്കിൽ
പുതിയൊരു ബന്ധത്തിലൂടെ
വിവാഹം പുനഃസ്ഥാപിക്കാം.

ഒന്നുമാലോചിക്കാതെ, പൊട്ടിയൊഴുകിയ വികാരത്തിനടിപ്പെട്ട് ത്വലാഖ് ചൊല്ലുകയും, പിന്നെയതിൽ പശ്ചാത്തപിച്ച് ബന്ധം പുനഃസ്ഥാപിക്കണ മെന്ന് തോന്നുകയും ചെയ്താൽ അതിന്നും മാർഗ്ഗങ്ങളുണ്ട്. മൂന്നുവട്ടം ത്വലാഖ് ചൊല്ലുന്നതുവരെ ഈ ഇളവ് പ്രയോജനപ്പെടുത്താവുന്നതാണ്.

വിവാഹമോചനത്തെ നിസ്സാരമായികാണരുതെന്നും പരമാവധി സഹിച്ചും പൊറുത്തും വിട്ടുവീഴ്ച ചെയ്തും വിവാഹബന്ധം തുടർന്നുകൊണ്ടുപോ കേണമെന്നുമാണ് ഇസ്ലാമാഗ്രഹിക്കുന്നത്. മൂന്ന് മൊഴിക്കവസരം കൊടു ക്കുന്നത് ഇതിന്ന് മകുടോദാഹരണമാണ്.

ത്വലാഖിന്റെ നിർവഹണത്തിൽ, മൊഴിചൊല്ലലിൽ സൂചിപ്പഴുതുണ്ടെ ങ്കിൽ ബന്ധം പുനഃസ്ഥാപിക്കുന്നതിനായി അതുപയോഗപ്പെടുത്തണമെന്ന കാര്യത്തിൽ പ്രവാചകന്ന് നിഷ്കർഷയുണ്ടായിരുന്നു.

ഒരുവൻ തന്റെ ഭാര്യയെ മൂന്നു ത്വലാഖും

ഒരുമിച്ചു ചൊല്ലി ബന്ധം വേർപെടുത്തിയെന്ന്
ഒരിക്കൽ പ്രവാചകനറിഞ്ഞു.
അദ്ദേഹം അയാളോട് ക്രുദ്ധനായി കയർത്തുവത്രേ
'ഞാൻ നിങ്ങളുടെയിടയിൽ ജീവിച്ചിരിക്കെ,
അവൻ അല്ലാഹുവിന്റെ ഗ്രന്ഥംകൊണ്ട് കളിക്കുകയോ?
പ്രവാചകൻ ധർമരുഷ്ടനായി.

സത്യവേദത്തിന്റെ പുരുഷാകാരമണിഞ്ഞ ഭാഷ്യമാണ് പ്രവാചകൻ. തന്റെ സ്വരചലനങ്ങളെല്ലാം ഖുർആന്റെ സൂക്തങ്ങളുടെ വിശകലനമാണ്. 'ഒരല്പബുദ്ധി, ഞാനിവിടെ ഖുർആന്റെ പ്രചാരണത്തിനുവേണ്ടി ജീവിക്കുന്നു എന്നുപോലുമോർക്കാതെ, അതിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്തവിധം കുട്ടിക്കളി കളിക്കുകയാണ്' എന്നത്രേ പ്രവാചകൻ ചോദിച്ചത്.

മറ്റൊരിക്കൽ സമാനമായ മറ്റൊരു സംഭവമുണ്ടായി.
പ്രവാചകന്റെ ശിഷ്യനായിരുന്നു റുകാന.
അദ്ദേഹം ഭാര്യയുമായി പിണങ്ങി.
പിണക്കം നിമിഷങ്ങളിലൂടെ ആളിക്കത്തി.
റുകാന ഭാര്യയെ കൈയൊഴിക്കാൻ തീരുമാനിച്ചു.
കടുകിട വിട്ടുവീഴ്ചയില്ലെന്ന മട്ടിൽ
വികാരവിഭ്രാന്തനായ റുകാന
തന്റെ ഭാര്യയെ ഒരേ വീർപ്പിൽതന്നെ
മൂന്നുമൊഴിയും ചൊല്ലി ബന്ധമറുത്തിട്ടു.
കുറേ കഴിഞ്ഞു; വികാരമൊതുങ്ങി
പശ്ചാത്താപം മുളപൊട്ടി.
മൊഴിചൊല്ലി വിട്ട ഭാര്യയെക്കൂടാതെ
ഒരുദിവസം പോലും ജീവിക്കാൻ വയ്യെന്ന നിലയായി.
നിസ്സഹായനായ റുകാന പ്രവാചകന്റെ മുന്നിലെത്തി.
പൊട്ടിക്കരഞ്ഞുകൊണ്ട്
തന്റെ ദുസ്സഹദുഃഖമറിയിച്ചു.
എന്തെങ്കിലും പരിഹാരം നിർദേശിച്ച്
രക്ഷിക്കണമെന്നപേക്ഷിച്ചു.
പ്രവാചകൻ ചോദിച്ചു:
"നീ എങ്ങനെയാണ് അവളെ മൊഴിചൊല്ലിയത്?"
റുകാന പറഞ്ഞു:
"ഒരേ വീർപ്പിൽ മൂന്നുമൊഴിയും ചൊല്ലി."
ഒരു നിമിഷം പ്രവാചകൻ മൗനം ഭജിച്ചു.
അദ്ദേഹത്തിന്റെ കണ്ണുകളിൽ
കാരുണ്യം നിറഞ്ഞുവഴിഞ്ഞു.
ദൈവം വിളക്കിച്ചേർത്ത ബന്ധമാണ് ദാമ്പത്യം.
പഴുതുണ്ടെങ്കിൽ അതിന്റെ പക്ഷത്തുനില്ക്കണം.
അതാണ് സത്യവേദത്തിന്റെ സംസ്കാരം.
പ്രവാചകൻ പറഞ്ഞു:
"റുകാന, ഒരേ വീർപ്പിൽ മൂന്നുമൊഴിയും
ചൊല്ലിയെന്നല്ലേ പറഞ്ഞത്? ശരി

അത് ഒരു ത്വലാഖേ ആകുന്നുള്ളൂ.

നിങ്ങളുടെ ബന്ധം തുടരുകയാണ് ഭംഗി.''

''ലഹരി ബാധിച്ചവന്റെയും കോപാന്ധന്റെയും ത്വലാഖ് സ്വീകരിക്കപ്പെടുകയില്ല'' എന്ന് പ്രവാചകൻ പ്രഖ്യാപിച്ചപ്പോൾ സ്വബോധം നഷ്ടപ്പെടാത്ത മനസ്സ് സുചിന്തിതമായെടുക്കുന്ന വിവാഹമോചന നിശ്ചയം മാത്രമേ അനുവദനീയമായ അളവിന്നുള്ളിൽപോലും സാധുവാകുകയുള്ളൂ എന്ന് പ്രവാചകൻ ആവർത്തിച്ചറിയിക്കുകയായിരുന്നു. ത്വല-യെന്ന് കേട്ടാൽ അക്ഷണം അടിയൊപ്പുവെക്കാൻ നീതിപീഠം തയ്യാറാവുകയില്ല എന്ന ധ്വനിയും ആ പ്രഖ്യാപനത്തിനുണ്ട്. ''കോപത്തിൽ ത്വലാഖുമില്ല മോചനവുമില്ല'' എന്ന ദൃഢസ്വരത്തിലുള്ള പ്രവാചകവചനം അക്കാര്യം പരിവ്യക്തമാക്കുന്നു.

മറ്റൊരു വഴിയുമില്ലെങ്കിലേ ത്വലാഖ് പാടുള്ളൂ. അങ്ങനെ ഗത്യന്തരമില്ലാതെ ത്വലാഖ് നിർവഹിക്കപ്പെട്ടുകഴിഞ്ഞാൽ പോലും ത്വലാഖിന് വിധേയയായ ഭാര്യയോട് എങ്ങനെ പെരുമാറണമെന്ന് ഇസ്‌ലാം നിർദേശിക്കുന്നുണ്ട്. അത് നോവുതിന്നുന്ന സ്ത്രീയുടെ മേൽ വർഷിക്കപ്പെട്ട കാരുണ്യത്തിന്റെ അമൃതവർഷമാണെന്ന് മനസ്സിലാക്കാൻ വിഷമമുണ്ടാവില്ല:

''വിവാഹമോചനം നല്കുന്ന സ്ത്രീകൾക്ക് മാന്യമായ നിലയ്ക്ക് ഉപഭോഗവസ്തുക്കൾ നല്കണം. അത് അല്ലാഹുവിനെ സൂക്ഷിക്കുന്നവരുടെ കടമയാണ്.'' (2.236)

''നിങ്ങൾ സ്ത്രീകൾക്ക് വിവാഹമോചനം നല്കുകയും അവർ കാലാവധിയിൽ എത്തുകയും ചെയ്താൽ അവരെ നല്ലനിലയ്ക്ക് വെച്ചുകൊണ്ടിരിക്കുകയോ നല്ല നിലയ്ക്ക് ഒഴിവാക്കുകയോ ചെയ്യുക. (2:231)

''നിങ്ങൾ ഭാര്യക്ക് കുന്നുകൂടിയ സ്വത്തുകൊടുത്തു. പിന്നെ, അവളെയൊഴിവാക്കി മറ്റൊരുത്തിയെ സ്വീകരിക്കാനൊരുങ്ങി. ആദ്യത്തവൾക്ക് കൊടുത്തതിൽനിന്ന് ഒന്നും തിരിച്ചുവാങ്ങരുത്. നിങ്ങൾ അതു വാങ്ങുന്നത് കാപട്യവും വ്യക്തമായ കുറ്റവുമല്ലേ?'' (4:20)

''വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകളെ കാത്തിരിപ്പിന്റെ കാലാവധി തീരുന്നതുവരെ പുരുഷൻ അവന്റെ വീട്ടിൽനിന്ന് പുറത്താക്കുവാനോ പിതാവിന്റെയോ കുടുംബാംഗങ്ങളുടെയോ സമീപത്തേക്കയയ്ക്കാനോ പാടില്ല; എന്തെങ്കിലും നീചപ്രവൃത്തി അവൾ ചെയ്താലൊഴികെ. (65:1)

''നിങ്ങൾ താമസിക്കുന്ന ഇടത്തുനിന്നുതന്നെ നിങ്ങളുടെ കഴിവിനനുസരിച്ചവിധം അവളെയും താമസിപ്പിക്കുക. അവളെ വിഷമിപ്പിക്കണമെന്നുദ്ദേശിച്ച് ഒരു ഉപദ്രവവും ചെയ്യാൻ നിങ്ങൾക്ക് പാടുള്ളതല്ല. അവൾ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നതുവരെ ചെലവിന് കൊടുക്കണം. അവൾ നിങ്ങൾക്കുവേണ്ടി കുട്ടികൾക്ക് മുലകൊടുക്കുകയാണെങ്കിൽ അതിന്നുള്ള പ്രതിഫലം നല്കണം. നിങ്ങൾ തമ്മിൽ കൂടിയാലോചിച്ച് നല്ലനിലയിൽ പ്രവർത്തിക്കണം.'' (65:6)

വിവാഹമോചനം നല്കപ്പെട്ട സ്ത്രീ രണ്ടുവർഷം കുഞ്ഞിനു മുലകൊടുക്കണമെന്നും അക്കാലത്ത് അവളെ മൊഴിചൊല്ലിയ പുരുഷനാണ് അവൾക്ക് ഭക്ഷണവും വസ്ത്രവും കൊടുക്കേണ്ടതെന്നും ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഖുർആനിൽ ഇങ്ങനെയൊരു സൂക്തമുണ്ട്:

''അവർ വിവാഹമോചനത്തിന് തീരുമാനിക്കുകയാണെങ്കിൽ അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാണ്.'' (2:227)

അവരുടെ ദാമ്പത്യബന്ധം കൂട്ടിച്ചേർക്കാനൊക്കാത്ത
വിധം ശിഥിലമായിട്ടുണ്ടോ?
ശുദ്ധീകരിക്കാനൊക്കാത്തവിധം
മലീമസമായിട്ടുണ്ടോ?
സ്വാസ്ഥ്യം പുനഃസൃഷ്ടിക്കാൻ കഴിയാത്തവിധം
കലഹാകുലമായി, വികലമായിത്തീർന്നിട്ടുണ്ടോ?
വിവാഹമോചനത്തിന് ഇസ്‌ലാം നിർദേശിക്കുന്ന
സാഹചര്യങ്ങൾ അവിടെയുണ്ടായിട്ടുണ്ടോ?
ദൈവം വെറുക്കുന്ന വിചാര-വികാരങ്ങൾക്ക്
അവർ വശംവദരായിട്ടുണ്ടോ?
ഉന്നയിച്ച കാര്യങ്ങളും കാരണങ്ങളും
സത്യസന്ധമാണോ?

എന്നിവയെക്കുറിച്ചെല്ലാം ഒരു വീണ്ടുവിചാരമാവശ്യപ്പെടുന്ന അറിയിപ്പാണ് "അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമാണ്" എന്ന അനുസ്മരണത്തിലൂടെ ധ്വനിക്കുന്നത്.

അന്ന് ഹസ്രത്ത് അലി ഖലീഫാ ധർമം അനുഷ്ഠിച്ചുപോരുന്ന കാലമായിരുന്നു. ത്വലാഖ് ചൊല്ലി ഭാര്യയെ കൈയൊഴിച്ച ഒരാൾ ഖലീഫയുടെ മുന്നിലെത്തി എന്തോ പറയാൻ ഭാവിച്ചു. അപ്പോൾ ഖലീഫ ചോദിച്ചു:

"നിങ്ങൾ അല്ലാഹു കല്പിച്ചതുപോലെ രണ്ടുപേരെ സാക്ഷിനിർത്തിയിരുന്നോ?" അയാൾ "ഇല്ല" എന്ന് ഉത്തരം നല്കിയപ്പോൾ ത്വലാഖിന്റെ ഗൗരവവും പവിത്രതയും ഒന്നനുസ്മരിച്ചുകൊണ്ട് ഖലീഫ ഇങ്ങനെ കല്പിച്ചു:

"നിങ്ങൾക്ക് പോകാം; നിങ്ങൾ നടത്തിയ ത്വലാഖ് ത്വലാഖല്ല."

ഇസ്‌ലാം സംസ്കൃതി സ്ത്രീയോട് അവഗണന കാട്ടുന്നു എന്നാരോപിക്കുന്ന വിമർശകർ പലപ്പോഴും ഉദ്ധരിച്ചുകേൾക്കുന്ന ഒന്നാണ് ത്വലാഖ്. അതിനുള്ളകാരണം ത്വലാഖിനുള്ള അധികാരം പുരുഷന്ന് നൽകി എന്നതാണ്.

പുരുഷൻ സ്ത്രീയെ വിവാഹം കഴിക്കുന്നു എന്നതാണ് ഇസ്‌ലാം സംസ്കാരമനുസരിച്ചുള്ള സമീപനം. വിവാഹത്തിന്റെ മുൻകൈ പുരുഷന്നാണെങ്കിൽ ബന്ധവിച്ഛേദനത്തിന് മുൻകൈയെടുക്കാനുള്ള അധികാരവും പുരുഷന്നുതന്നെയായിരിക്കണം. യുക്തിസഹമായ നിർണയനമതാണ്. പുരുഷനാണ് സ്ത്രീയെ വിവാഹം കഴിക്കുന്നതെങ്കിലും വിവാഹത്തിൽ അഭിപ്രായ പ്രകടനത്തിനുള്ള അവകാശം വധുവിനുണ്ട്. അവളുടെ ഹിതത്തിനെതിരായുള്ള വിവാഹം ഇസ്‌ലാം ദൃഷ്ടിയിൽ അസാധുവാണ്. അതുപോലെ വിവാഹമോചനത്തിൽ ഹിതമറിയിക്കാനും അതിന്ന് ക്രിയാമുഖം നല്കാനും ഭാര്യക്കധികാരമുണ്ട്. ഭർത്താവിൽനിന്ന് മോചനം നേടാനുള്ള അവകാശവും അവൾക്കുണ്ട്. ഭർത്താവോടൊത്തുള്ള ജീവിതം ദുസ്സഹമാണെങ്കിൽ ബന്ധം തുടരാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും അതിന്ന് ത്വലാഖ് ചൊല്ലി തന്നെ ഒഴിവാക്കണമെന്നും ഭാര്യക്ക് ഭർത്താവിനോടാവശ്യപ്പെടാം. സൗഹൃദാന്തരീക്ഷത്തിൽ പണം കൊടുത്ത് ത്വലാഖ് ആവശ്യപ്പെടാം. ഭർത്താവ് വഴങ്ങുന്നില്ലെങ്കിൽ ഭരണാധികാരിയുടെ മുന്നിൽ ഭാര്യക്ക് പരാതിപ്പെടാം. ഫലത്തിൽ സ്ത്രീയായാലും പുരുഷനായാലും ആര് ആഗ്രഹിച്ചാലും ത്വലാഖ് നിർവഹിക്കാവുന്നതാണ്.

പുരുഷനാണ് ത്വലാഖിന് മുൻകൈ എടുക്കുന്നതെങ്കിൽ പുരുഷൻ

സ്ത്രീക്ക് കൊടുത്ത മഹ്ർ തിരിച്ചുവാങ്ങാൻ പാടില്ല. സ്ത്രീയുടെ ആവശ്യമനുസരിച്ചാണ് ത്വലാഖ് നിർവഹിക്കപ്പെടുന്നതെങ്കിൽ വിവാഹനേരത്ത് പുരുഷൻ അവൾക്ക് കൊടുത്ത മഹ്ർ പുരുഷന്ന് തിരിച്ചുകൊടുത്തും വേണം ത്വലാഖ് ആവശ്യപ്പെടാൻ.

ഒരിക്കൽ ജമീല തന്റെ ഭർത്താവായ സാബിതിനെപ്പറ്റി ഖലീഫയുടെ മുന്നിൽ ചുവടെച്ചേർത്ത തരത്തിലൊരു പരാതി സമർപ്പിച്ചു.

''സാബിതുമായി ഇണങ്ങിപ്പോകാൻ എനിക്ക് കഴിയുകയില്ല. മറ്റൊന്നു കൊണ്ടുമല്ല. എന്റെ മനസ്സിൽ അദ്ദേഹത്തെക്കുറിച്ച് അറപ്പാണ്. കറുകറുത്ത നിറവും പേടിതോന്നിപ്പിക്കുന്ന വിരൂപമായ മുഖവും കുറുകിയ ശരീരപ്രകൃതിയുമുള്ള സാബിതിനെ ഞാൻ മനസ്സാ വെറുക്കുന്നു. അയാളിൽനിന്ന് വിവാഹമോചനം ആഗ്രഹിക്കുന്നു.''

ഇതു കേട്ടപ്പോൾ പ്രവാചകൻ ഇങ്ങനെ ചോദിച്ചു:

''സാബിത് വിവാഹനേരത്ത് തനിക്ക് തന്ന ഈന്തപ്പനത്തോപ്പ് തിരിച്ചു കൊടുത്തുകൂടെ?''

ജമീല: ''അത് മാത്രവുമല്ല, അതിലപ്പുറവും കൊടുക്കാം.''

നബി: (അല്പം നീരസത്തോടെ) തനിക്ക് തന്നതിലധികമൊന്നും തിരിച്ചുകൊടുക്കേണ്ട.''

പ്രവാചകൻ സാബിതിനോട് പറഞ്ഞു:

''സാബിത്, തോട്ടം സ്വീകരിച്ചു ത്വലാഖ് ചൊല്ലൂ.''

വ്യക്തികളുടെ മനസ്സമാധാനത്തിനും കുടുംബഭദ്രതയ്ക്കും വേണ്ടി ഗത്യന്തരമില്ലാത്ത സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താൻവേണ്ടി കരുതിവെച്ച ഒരായുധമാണ് ത്വലാഖ്. ത്വലാഖിന് അല്ലാഹുവിന്റെ അംഗീകാരമുണ്ട്. പക്ഷേ, ഒന്നോർക്കുക, ദാമ്പത്യബന്ധം പരിപാവനമായ ഒരു കരാറായി ഇസ്‌ലാം കരുതുന്നു. അത് ശാശ്വതമായി നിലനില്ക്കണം. ''അവൻ നിങ്ങളിൽനിന്ന് സുദൃഢമായ ഉടമ്പടി എടുത്തിരിക്കുന്നു'' എന്ന് ഖുർആൻ വിശേഷിപ്പിച്ചത് അതുകൊണ്ടാണ്. ദാമ്പത്യത്തിന് ഹാനികരമായ ഏത് നീക്കവും ഏത് ഭാഗത്തുനിന്നുണ്ടാവുന്നതും ഇസ്‌ലാം വിരോധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ, പ്രവാചകർ പറഞ്ഞു: ''ദാമ്പത്യബന്ധം തകർക്കാനായി ഇടപെടുന്നവൻ മതത്തിൽനിന്ന് പുറത്തുപോകും'' എന്ന്. ത്വലാഖ് ചൊല്ലുന്ന എല്ലാവരെയും ദൈവം ശപിച്ചു എന്ന നബിവചനം ഗൗരവമിയന്നതാണെന്ന് നാമോർക്കുക. അനുവദിക്കപ്പെട്ട കാര്യങ്ങളിൽ അല്ലാഹു ഏറ്റവും വെറുക്കുന്നത് ത്വലാഖാണ്.

# 35. പൗരോഹിത്യം വികൃതമാക്കിയ മതതലം

●

മധ്യകാലഘട്ടം മതദർശനങ്ങളുടെ നിർഭാഗ്യകാലമായിരുന്നു. സത്യദർശനത്തിന് സഹായകങ്ങളായ മതദർശനങ്ങളെല്ലാം സ്വാർഥതാൽപര്യങ്ങൾക്കായി പ്രയോജനപ്പെടുത്തപ്പെട്ടത് അന്നായിരുന്നു. മതാചാര്യന്മാരുടെ സ്ഥാനത്ത് മതനായകന്മാരും മതാധിപതികളും ഉയർന്നുവന്നു. അവർ മതത്തെ സ്ഥാപനവൽക്കരിക്കുകയും തങ്ങളുടെ രക്ഷയ്ക്കും സുസ്ഥിതിക്കും വേണ്ടി അവയ്ക്ക് ചുറ്റും ബൗദ്ധിക തന്ത്രങ്ങളുടെ മതിൽക്കെട്ടുകളുയർത്തുകയും ചെയ്തു. തങ്ങളുടെ വൈയക്തികമായ വികാസവൃദ്ധികളായിരുന്നു അവരുടെ വിഭാവിത ലക്ഷ്യം.

ദൈവത്തോടടുത്തുനില്ക്കുന്നവരും ദൈവത്തിന്റെ പരിചാരകന്മാരുമാണ് തങ്ങളെന്ന നിലയിൽ മതപുരോഹിതന്മാർ അപ്രമാദിത്വം അവകാശപ്പെട്ടു. ദൈവത്തിന്റെ പ്രതിപുരുഷന്മാരെന്ന മട്ടിൽ അവരുടെ അനുഗ്രഹാശിസ്സുകളോടുകൂടി മാത്രമേ പ്രജാപരിപാലനം പോലും വിജയിക്കുകയുള്ളൂ എന്ന് പ്രബോധിപ്പിക്കുവാൻ അവർക്കേതും വിഷമമുണ്ടായിരുന്നില്ല. നാടുവാഴിത്തത്തിന്റെ സാമൂഹികവ്യവസ്ഥ നിലനിന്ന കാലത്തും പൗരോഹിത്യംതന്നെയായിരുന്നു അധീശത്വമവകാശപ്പെട്ടത്. സമൂഹത്തെ നിയന്ത്രിക്കുവാൻ മതപരിവേഷമണിഞ്ഞ നിയമങ്ങളും വ്യവസ്ഥകളും ജീവിത സമ്പ്രദായങ്ങൾപോലും അവർ രൂപപ്പെടുത്തി. അവ ലംഘിക്കപ്പെടുന്നത് ദൈവകോപത്തിന്നിടയാക്കുന്ന പാപവുമാണെന്ന് അവർ ധരിപ്പിച്ചു.

ഇവിടെ ഹിന്ദുമതത്തിലെ പൗരോഹിത്യത്തിന്റെ കാലത്താണ് ജാതികളുണ്ടായതും ജാത്യാചാര നിർണയം സാധിച്ചതും. ജാതിയിൽ മുന്തിയ ബ്രാഹ്മണൻ സകലതും നിയന്ത്രിച്ചു. ഭൂമിയിലെ ദൈവങ്ങൾ (ഭൂദേവന്മാർ) തങ്ങളാണെന്ന് അവരവകാശപ്പെട്ടു. ക്രമത്തിലവർ വിശ്വാസികളുടെ ഒരടിമസ്സമൂഹത്തെ ഇവിടെ സൃഷ്ടിച്ചുനിർത്തി. ദൈവാരാധനപോലെ ബ്രാഹ്മണപൂജയും അക്കാലത്തിവിടെ സർവസാധാരണമായിരുന്നു. ബ്രാഹ്മണനോടെങ്ങാൻ അറിയാതെപോലും അനാദരവ് കാണിച്ചുപോയാൽ അവർ ബ്രാഹ്മണകോപത്തിനും ബ്രാഹ്മണ ശാപത്തിനും വിധേയരായിത്തീരുമത്രേ. ഗോപൂജാദികൾ നടത്തിയും ബ്രാഹ്മണന് ഭൂമി, പശു, വസ്ത്രം തുടങ്ങിയവ ദാനം ചെയ്തും പാപപരിഹാരം സാധിക്കാറുണ്ട്.

പൗരോഹിത്യത്തിന്റെ ഏറ്റവും കൗശലമിയന്ന തന്ത്രം പ്രകടമായത് കീഴ്ജാതിക്കാർക്ക് വിദ്യവിലക്കിക്കൊണ്ടുള്ള ഉത്തരവിലായിരുന്നു. ഹിന്ദുക്കളിൽ എൺപത്തഞ്ചുശതമാനത്തോളം ശൂദ്രവിഭാഗമായിരുന്നു–(കീഴാളന്മാർ)

ശൂദ്രർ അക്ഷരം പഠിക്കാൻ പാടില്ലെന്ന് വിലക്കുണ്ടായിരുന്നു. ഒരടിമസ്സമൂഹത്തെ സൃഷ്ടിക്കാനുള്ള കൗശലമായിരുന്നു അത്. അക്ഷരം ഉദീരണം ചെയ്യുന്ന ഊർജം ബുദ്ധിയെ ചടുലമായി പ്രവർത്തിപ്പിക്കും. വിദ്യ നേടിയവന് ശരിയും തെറ്റും ഗുണവും ദോഷവും നന്മയും തിന്മയും ധർമവും അധർമവും വിവേചിച്ചറിയാൻ എളുപ്പം കഴിയും. ക്രമത്തിൽ ശരിക്കും നന്മയ്ക്കും നീതിക്കും സത്യത്തിനും ധർമത്തിനുമനുകൂലമായി നില്ക്കാനും വാദിക്കാനുമുള്ള ആത്മവീര്യം അവരിൽ വളരും. അതിന്റെ ഫലമായി, അധർമത്തിലധിഷ്ഠിതമായ തങ്ങളുടെ സിംഹാസനങ്ങൾ പൊളിഞ്ഞുവീഴുമെന്ന് ബ്രാഹ്മണാധിപത്യം ഭയന്നു. അത് സംഭവിക്കാതിരിക്കാൻ മസ്തിഷ്ക്കത്തിന്റെ ഇന്ധനമായ അക്ഷരം ശൂദ്രന് അപ്രാപ്യമായ ഒന്നാക്കി മാറ്റി. മത ഗ്രന്ഥങ്ങൾപോലും പരിചയിക്കാൻ കഴിയാത്ത, ബുദ്ധിമരവിച്ച, വിചാരശക്തിക്ക് വിനാശം നേരിട്ട ഒരു മൃതസമൂഹത്തെ സബോധം സൃഷ്ടിച്ചുനിർത്താൻ പൗരോഹിത്യത്തിന് സാധിച്ചു.

''ശൂദ്രമക്ഷരസംയുക്തം ദൂരയഃ പരിവർജ്ജയേത്'' എന്നു കൂടി അവർ വിളംബരം ചെയ്തിരുന്നു. ഏതെങ്കിലുമൊരവർണനൻ, അത്യാർത്തികൊണ്ട് ഒരക്ഷരം കട്ടുപഠിച്ചു എന്ന് വന്നാൽപ്പോലും അവനെ സമൂഹഭ്രഷ്ടനാക്കുവാൻ ആ പ്രമാണം അവർക്ക് ശക്തി നല്കി. സാഹസികരായ മതപരിഷ്കർത്താക്കളുടെ പ്രവർത്തനഫലമായി ഹൈന്ദവമതരംഗത്ത് മാറ്റത്തിന്റെ ഒരു കൊടുങ്കാറ്റുതന്നെ ചീറിയടിച്ചു.

പൗരോഹിത്യം ക്രൈസ്തവ സമൂഹത്തിൽ സ്വാധീനം പ്രകടിപ്പിച്ചുപോന്ന കാലത്ത് സ്വതന്ത്രചിന്തയ്ക്കും ശാസ്ത്രവികാസത്തിനുമെതിരെ എത്രമാത്രം ക്രൂരവും ഭീകരവുമായാണ് പെരുമാറിയതെന്ന് ചരിത്രം നമ്മെ ധരിപ്പിച്ചിട്ടുണ്ട്. ഭൂമി ഉരുണ്ടതാണെന്ന് കണ്ടെത്തിയ ശാസ്ത്രകാരനെ തീയിലെറിഞ്ഞുകൊല്ലാൻ മതാധിപത്യത്തിന് മടിയുണ്ടായില്ല. 'പരിണാമവാദ'ത്തിന്റെ പ്രണേതാവിന്റെ മൃതശരീരം അവിശുദ്ധമെന്നനിലയിൽ വെസ്റ്റ് മിനിസ്റ്റർ ആബിയിൽ കയറ്റാനനുവദിക്കുകയില്ലെന്ന മത കല്പനയിറക്കാൻ അവർക്ക് വിഷമമേതുമുണ്ടായില്ല. സ്വതന്ത്രചിന്തയുടെ ആദിസ്വരമായി കീർത്തിക്കപ്പെട്ട സോക്രട്ടീസിനെ വിഷം കൊടുത്തു കൊല്ലാനുള്ള ക്രൂരത കാട്ടാൻ അവർക്ക് അശേഷം ചാഞ്ചല്യമില്ലായിരുന്നു. ചർച്ചിന്റെ തീരുമാനമെന്തായാലും അതിനെതിരെ ആർക്കും മിണ്ടിക്കൂടായിരുന്നു. ചർച്ചിന്റെ വിധിനിഷേധങ്ങളെ സ്വകാര്യസംഭാഷണത്തിൽപ്പോലും ചോദ്യം ചെയ്തുവെന്നറിഞ്ഞാൽ അവരെ കൊണ്ടുപോയി പ്രത്യേക കോടതി വിചാരണ നടത്തി തീയിലിട്ടോ കുന്നിൻപുറത്തുനിന്ന് താഴെക്കെറിഞ്ഞോ കൊല്ലുകയായിരുന്നു പതിവ്. ചിന്താശീലത്തിനും, വിദ്യാവൃത്തിക്കും ജ്ഞാന വിജ്ഞാന പ്രചാരണത്തിനുമെതിരെ മതപൗരോഹിത്യത്തിന്റെ ക്രൂരവും ഹീനവുമായ സമീപനമതായിരുന്നു. ലോകചരിത്രത്തിൽ ചിന്തിക്കുന്നത് കുറ്റമായി കണക്കാക്കിയ ഒരു കാലമായിരുന്നു അത്. മതം എന്നത് കേവലമൊരു വികാരമായും ഒരുകൂട്ടം ആചാരങ്ങളായും മാറിപ്പോയപ്പോഴാണത് സംഭവിച്ചത്. ചർച്ചിന്റെ അംഗീകൃതാശയങ്ങൾക്കെതിരെ വിചാരപരത പടർന്നുപോയാൽ അതൊരു ശിക്ഷാർഹമായ വിനയായി. അത്തരം കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ പോലും പാശ്ചാത്യനാടുകളിൽ അക്കാലത്തുണ്ടായിരുന്നു.

ഖുർആൻ അവതീർണമാവുന്നതിന് മുമ്പ് അറേബ്യയിൽ വിഗ്രഹാരാ

ധന ഏറെ പ്രചുരമായിരുന്നു. ഭവനങ്ങളിലെല്ലാം ആരാധനയ്ക്കായി വിഗ്രഹങ്ങളുണ്ടായിരുന്നു. യാത്ര പുറപ്പെടുമ്പോഴും തിരിച്ചെത്തിയാലും വിഗ്രഹങ്ങളെ ചുംബിച്ച് ദൈവഭക്തി പ്രകടിപ്പിക്കുന്ന പതിവ് സാർവത്രികമായിരുന്നു. സൂര്യചന്ദ്രന്മാരും ആരാധിക്കപ്പെട്ടു. പൂർവപിതാക്കളെ പൂജിക്കുന്നവരും അഗ്നിയാരാധകന്മാരും അന്ന് കുറവായിരുന്നില്ല. രൂപത്തിലും പ്രകീർത്തനങ്ങളിലും വൈചിത്ര്യമാർന്ന വ്യക്തിത്വം പുലർത്തിപ്പോന്ന അനേക 'ദൈവങ്ങൾ' അക്കാലത്ത് അറേബ്യയിലുണ്ടായിരുന്നു. വിസ്മയമെന്നുപറയട്ടെ, ഈശ്വരനിഷേധികളുടെ എണ്ണവും കുറവായിരുന്നില്ല. ''ഐഹികജീവിതമല്ലാതെ മറ്റൊന്നില്ല; ഞങ്ങൾ ജീവിക്കുന്നു, മരിക്കുന്നു-കാലം മാത്രമാണ് ഞങ്ങളിൽ സ്വാധീനിക്കുന്നത്, ഞങ്ങളെ സംഹരിക്കുന്നതും'' എന്ന വിശേഷ ദർശനത്തിന്റെ 'കാലസിദ്ധാന്തക്കാർ' (ദഹ്രികൾ) അന്നുണ്ടായിരുന്നു. വിഗ്രഹത്തെ ദൈവമായിക്കരുതാതെ ദൈവത്തിലേക്ക് മനുഷ്യനെ അടുപ്പിക്കുന്ന മാധ്യമമായി മാത്രം വിഗ്രഹത്തെ കരുതിപ്പോന്നവരുമുണ്ടായിരുന്നു. പൗരോഹിത്യത്തിന്റെ അന്ധവും മൂഢവും ബദ്ധവുമായ ഇരുണ്ട താൽപര്യങ്ങളുടെ വിഷധൂമിക സമസ്ത വിശ്വാസങ്ങളുടെയും നിറംകെടുത്തിയിരുന്നു. ഇസ്ലാം ഉലയാത്ത സ്വരത്തിൽ ഇങ്ങനെയറിയിച്ചു:

അല്ലാഹു ഏകൻ
ആരാധന അവന് മാത്രം
''നിങ്ങളുടെ ആരാധ്യൻ ഏകൻ
പരമകാരുണികനും കരുണാനിധിയുമായ
അവനല്ലാതെ ഒരാരാധ്യനില്ലതന്നെ''
''അവൻ അനാദ്യനാണ്, അനന്തനാണ്
പ്രത്യക്ഷനാണ്, പരോക്ഷനാണ്
സർവജ്ഞനുമാണ്.''
''അല്ലാഹുവിന്റെ കൂടെ മറ്റൊരാരാധ്യനെ
നീ പ്രാർഥിക്കരുത്.
അവനല്ലാതെ ഒരാരാധ്യനില്ലതന്നെ.
അവന്റെ മുഖമൊഴിച്ച് (അവനൊഴിച്ച്)
മറ്റെല്ലാവസ്തുക്കളും നശ്വരങ്ങളാണ്
അവന്നാണ് വിധിക്കാനധികാരം
നിങ്ങൾ അവന്റെയടുക്കലേക്ക് മടക്കപ്പെടുന്നു.''

# 36. മഹത്തരമായ പൂർത്തീകരണം

●

ഒരായിരം പരിമിതികളുടെ ഇടുങ്ങിയ വലയങ്ങൾക്കകത്ത് ഞെരുങ്ങിയൊതുങ്ങിക്കഴിയുകയാണ് നാം. ലോകത്തിന്റെ അതിർവരമ്പുകൾക്കകത്താണ് നമ്മുടെ കണ്ണും കാഴ്ചയും. നമ്മുടെ സ്വപ്നങ്ങൾപോലും ആ ചക്രവാളത്തിനകത്ത് കറങ്ങിക്കഴിയുന്നു. സ്വപ്നങ്ങൾ പരിമിതികൾക്കകത്ത് ഒതുങ്ങിനില്ക്കുമ്പോൾ സ്വപ്നസാക്ഷാൽക്കാരംകൊണ്ട് കൈവരുന്ന സുഖാസ്വാദനങ്ങൾക്കും പരിമിതിയുണ്ടാകും. ഇന്ദ്രിയവേദ്യങ്ങളായ പ്രപഞ്ചവസ്തുക്കളെ മനസ്സ് കൊതിക്കുന്നു. കൊതി സാധിക്കുമ്പോൾ സുഖം തോന്നുന്നു. എന്നാൽ അസുഖം ചെറുതും നൈമിഷികവുമാണ്. ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും വൈകാരിക പ്രതിഭാസങ്ങൾക്കും തൊട്ടുഴിയാൻ കഴിയുന്ന ഭൗതികതയ്ക്കുമപ്പുറത്ത് അതിർവരമ്പുകളില്ലാത്ത ഒരു സനാതന പ്രപഞ്ചമുണ്ടെന്ന തോന്നൽ ആത്മീയമായ വളർച്ചയുടെ തുടക്കമാണ്. ഇന്ദ്രിയപരമായ ആസ്വാദനത്തിനും വൈകാരികമായ സന്തോഷത്തിനും ബുദ്ധിപരമായ പ്രസന്നതയ്ക്കുമപ്പുറത്ത് വർത്തിക്കുന്ന സനാതന പ്രപഞ്ചത്തിന്റെ സംഭാവനയാണ് ആത്മീയവികാസം സമ്മാനിക്കുന്ന പരമാനന്ദം. അത് സ്വയം കണ്ടെത്തലിലൂടെ–ആത്മദർശനത്തിലൂടെ– കൈവരിക്കേണ്ട ഒരു മഹാനുഭവമാണ്. അണ്ഡകടാഹത്തിലെ വിസ്മയപ്രതിഭാസങ്ങളിൽ താൻ ആരെന്നറിയുമ്പോഴുണ്ടാകുന്ന അനവദ്യമായ ആനന്ദം നമ്മിലുള്ള ദിവ്യത്വത്തിന്റെ പ്രകാശനമാണ്. നമ്മിലുള്ള ദിവ്യഭാവങ്ങളുടെ സൂക്ഷ്മസ്ഫുരണങ്ങളെ പ്രോജ്ജ്വലിപ്പിക്കാൻ കഴിയുമ്പോൾ അജ്ഞാതമായ ഒരായിരം പ്രകാശഗോപുരങ്ങളവിടെ തുറക്കപ്പെടുകയായി. തമസ്സിൽനിന്ന് ജ്യോതിസ്സിലേക്കും മരണത്തിൽനിന്ന് അനശ്വരതയിലേക്കുമുള്ള മഹായാത്രയായത് മാറും. ക്ഷണികവും നിസ്സാരവുമായ ജീവിതത്തിന് അർത്ഥൗചിത്യങ്ങളുണ്ടാവുകയും നിത്യമായ ജീവിതത്തിന് അത് നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ബുദ്ധനും ക്രിസ്തുവും മുഹമ്മദുമെല്ലാം ആ അനശ്വരതയുടെ ഗോപുരകവാടം കടന്നുചെന്നവരാണ്.

''നൈമിഷിക സുഖഭ്രമദായകമായ'' ഈ ചെറിയ ലോകത്തുനിന്ന് 'അപ്രമേയ പ്രഭാവിലസിത' മായ ആ ദിവ്യപഥത്തിലേക്കുയരാൻ കഴിയുക എന്നതിൽക്കവിഞ്ഞ മറ്റൊന്ന് മനുഷ്യന് സാക്ഷാൽക്കരിക്കാനില്ല. 'വെളിച്ചമേ നയിച്ചാലും' എന്ന ആത്മാവിന്റെ വിലാപം ശ്രദ്ധിക്കുക:

From the unreal
Lead me to the real
From darkness

Lead me to the light
From death
Lead me to immortality

വിദൂരതയിൽ വർത്തിക്കുന്ന മഹാസാഗരത്തിന്റെ വിരിമാറിലെത്തി നിർവൃതി കൊള്ളാൻ കൊതിക്കുന്ന നീരുറവയുടെ മനസ്സിലും ഈ പ്രാർഥനാഗാനം സൂക്ഷ്മ ശ്രോത്രങ്ങൾക്ക് തെളിഞ്ഞുകേൾക്കാം. അജ്ഞാതമായി, അവ്യക്തതയിലമർന്നു കിടക്കുന്ന ആ വിദൂര ലക്ഷ്യത്തിലേക്കുള്ള തീർഥപ്രയാണത്തിൽ ആ നീരുറവയുമാമന്ത്രിക്കുന്നത് 'നേതി' ശബ്ദമാണ്. ഒരുതരം മതിഭ്രമത്തിന് വിധേയമായതുപോലെ വഴിയിൽ കണ്ടതിനെയെല്ലാം തൊട്ടും തഴുകിയും സൂക്ഷ്മവിശകലനത്തിൽ താൻ തിരഞ്ഞുപോകുന്നത്, തന്റെ ആത്മാവ് ദാഹം കൊള്ളുന്നത് 'ഇതല്ല' 'ഇതല്ല' എന്ന് ബോധ്യപ്പെട്ട് പരംപൊരുളിന്റെ ദിശയിലേക്ക് പാഞ്ഞുപോകുന്ന നീരുറവകൾ, ഇടയ്ക്ക് വെച്ച് ജീവിതമൊടുക്കേണ്ടിവന്നാലും ജീവിച്ചേടത്തോളം സോദ്ദേശ്യവും അർഥപൂർണവും ലക്ഷ്യോന്മുഖവുമായിരുന്നുവെന്നും ദിവ്യമാർഗത്തിലായിരുന്നു പ്രയാണഗതിയെന്നും ചാരിതാർഥ്യമടയുന്നു. 'തിരഞ്ഞാസ്വദിപ്പോർക്കമർത്ത്യത്വം' എന്ന കവിവചനം പോലെ സാഗരത്തിൽ വിലയിക്കാൻ കഴിയുന്ന സരിത്തുകൾ അനവദ്യതയുടെ സാക്ഷാൽക്കാരം കൈവരിച്ച മഹിതപ്രതിഭാസങ്ങളായി മാറുന്നു. ജീവൻ എന്ന പ്രതിഭാസം, ജീവിതത്തിന്റെ പ്രയാണഗതി, വിഭാവിത ലക്ഷ്യം-ഇവയെക്കുറിച്ചറിഞ്ഞ് സാർഥകമായി ജീവിക്കുക എന്നതാണ് ദൈവമാർഗത്തിൽ നിഷ്കർഷിക്കപ്പെടുന്നത്.

ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും മനസ്സിനും കേവലമായ അസ്തിത്വമില്ല. ഭൗതികതയുമായി ബന്ധപ്പെട്ട് മാത്രമെ അവയ്ക്ക് നിലനില്പ്പുള്ളൂ. ലൗകിക വസ്തുക്കളിൽനിന്ന് വിനിർമുക്തമായ ഇന്ദ്രിയ വ്യാപാരങ്ങളില്ല. ബൗദ്ധിക പ്രവർത്തനങ്ങളില്ല, മനോവിലാസങ്ങളുമില്ല. അതുകൊണ്ടാണ് ശ്രീരാമകൃഷ്ണപരമഹംസർ ഇങ്ങനെ മനഃപ്രയാസംകൊണ്ടത്. ഒരിക്കലദ്ദേഹം സ്വാമി തോഡാപുരിയെ സമീപിച്ച് ഇങ്ങനെയറിയിച്ചു:

"സ്വാമീ, ഞാൻ തൊടുന്നതെല്ലാം കാളി
ഞാൻ കേൾക്കുന്നതെല്ലാം കാളിയുടെ ശബ്ദം
ഞാൻ കണ്ണടച്ചിരുന്നാൽ കാളി എന്റെ മുന്നിൽ
നിതരാം നർത്തനം ചെയ്യുന്നു.
ഞാൻ വിഭാവന ചെയ്യുന്നതെല്ലാം
കാളീബന്ധിയായ കാര്യങ്ങൾ!
എന്റെ മനസ്സ് ഇപ്പോഴും അസ്വസ്ഥമാണ്."

ഇതിന്നുള്ള തോഡാപുരിയുടെ മറുപടി അതീവ ശ്രദ്ധേയമായിരുന്നു:

"കാളിക്കപ്പുറത്ത് ഒരു ദിവ്യ പ്രപഞ്ചമുണ്ട്.
അവിടെ കടന്നുചെല്ലണം
അതിനുള്ള വഴി മനോനിഗ്രഹമാണ്."

മനോനിഗ്രഹമെന്നത് മനസ്സിന്റെ വൃത്തികളുടെ-വിചാര വികാരങ്ങളുടെ-നിയന്ത്രണവും നിഗ്രഹവുമാണ്. ഇന്ദ്രിയങ്ങളും ബുദ്ധിയും ഇഴുകി മുഴുകി നില്ക്കുന്ന ഭൗതികവസ്തുക്കളിൽനിന്ന് മനസ്സിനെ വിനിർമുക്തമാക്കാൻ കഴിഞ്ഞാൽ മാത്രം കൈവരുന്ന ആനന്ദസന്ദായകമായ ഒരവസ്ഥാന്തരത്തിലേക്കാണ് തോഡാപുരി വിരൽചൂണ്ടിയത്.

ബുദ്ധിയുടെ പ്രഭാവം വിളിച്ചറിയിക്കുന്ന ശാസ്ത്രം പ്രകൃതി നിയമങ്ങൾക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്. എന്നാൽ പ്രകൃതി എവിടെ നിന്ന് എങ്ങനെ എന്തിന് എവിടേയ്ക്ക് എന്നീ ചോദ്യങ്ങൾക്കുത്തരം നൽകാൻ ശാസ്ത്രത്തിന് കഴിയുന്നില്ല. സ്ഥിരഭാവവുമില്ല. അത്രയും അപൂർണ്ണവും പരിമിതവുമാണ്. എന്തുകൊണ്ട് ശാസ്ത്രത്തിന് സ്ഥായീഭാവമില്ല? സനാതനത്വമില്ല? ഇന്നത്തെ കണ്ടെത്തലിൽ 'കണ്ടെത്തി' 'കണ്ടെത്തി' എന്നട്ടഹസിച്ച് പൊട്ടിച്ചിരിക്കുന്ന ശാസ്ത്രലോകം നാളെയതു ചൂണ്ടി പതിരാണെന്നും അന്ധവിശ്വാസമാണെന്നും പഴിക്കുമ്പോൾ അവിടെയും നേതിശബ്ദമാണാമന്ത്രിക്കപ്പെടുന്നത്. അപ്പോൾ ശാസ്ത്രം അന്വേഷണമാണ്, കണ്ടെത്തലല്ല. ബുദ്ധിയുടെയും മനസ്സിന്റെയും സിദ്ധികളാണവിടെ പ്രയോജനപ്പെടുന്നത്. പരിമിത വിഭവങ്ങളാണ് ബുദ്ധിയും മനസ്സുമെന്ന് നാമറിയുന്നു. ബുദ്ധിയുടെയും മനസ്സിന്റെയും കരങ്ങൾക്ക് സ്പർശിക്കാൻ കഴിയാത്ത അകലങ്ങളിൽ വർത്തിക്കുന്ന സനാതനാകാശത്തെക്കുറിച്ചും അതിലേക്ക് വഴി നയിക്കുന്ന അഭൗതികജ്ഞാനത്തെക്കുറിച്ചും നമുക്കറിയാൻ കഴിയണം. അറിവിന്റെ പൂർണതയ്ക്ക് അതനിവാര്യമാണ്.

ശാസ്ത്രകാരന്റെ മുന്നിൽ ആദ്യന്തങ്ങളില്ലാത്ത ഒരു സവിശേഷവസ്തുവുണ്ട്. അതാണ് പ്രകൃതി. അതിന്റെ ആദ്യവസാനങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടാക്കാൻ ശാസ്ത്രകാരൻ അശക്തനാണ്. കാരണം അവ അദ്ദേഹത്തിനും അപ്രാപ്യവും അഗോചരവുമാണ്. ശാസ്ത്രത്തിന്റെ പരിമിതിയറിയുകയും അംഗീകരിക്കുകയും ചെയ്യുന്നവർക്കേ സനാതന സത്യത്തിന്റെ സുന്ദര പ്രപഞ്ചത്തിലേക്ക് പ്രവേശിക്കാൻ പറ്റൂ. ഒരു പേർഷ്യൻകവിയുടെ വചനം ഇവിടെ ഏറെ സംഗതമത്രേ.

''പ്രകൃതി ഒരു പഴയ ഗ്രന്ഥമാണ്
ആദ്യത്തേയും അവസാനത്തേയും
പേജുകൾ നഷ്ടപ്പെട്ട ഈ ഗ്രന്ഥത്തിന്റെ
ഒരു പ്രതിയാണ് ശാസ്ത്രജ്ഞന്റെ കൈയിലുള്ളത്.''

തന്റെ കൈയിലെ പ്രകൃതി എന്ന ഗ്രന്ഥത്തിന്റെ ആദ്യത്തെയും അവസാനത്തെയും പേജുകൾ നഷ്ടപ്പെട്ടിരിക്കുകയാണെന്ന സത്യം ശാസ്ത്രകാരൻ സമ്മതിക്കണം. നഷ്ടപ്പെട്ട ആ പേജുകളിലുള്ള അജ്ഞേയങ്ങളായ ആശയങ്ങൾകൂടി ഉൾക്കൊള്ളുമ്പോഴേ പ്രകൃതിയെക്കുറിച്ചുള്ള പഠനവും പരാമർശവും പൂർത്തിയാകുന്നുള്ളൂ. പ്രകൃതിയുടെ ഇന്നലെയും നാളെയുമാണ് ആദ്യന്തങ്ങളിലെ താളുകളിൽ ആലേഖനം ചെയ്തിട്ടുണ്ടായിരിക്കുക. വസ്തുബോധത്തിൽ ഇന്നലെയും നാളെയും നിസ്സാരങ്ങളല്ല. ഒരു പക്ഷേ, ഇന്നിന്റെ അർഥൗചിത്യങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നതിലും വിലയിരുത്തുന്നതിലും നിർണായകസ്വാധീനം അവയ്ക്കായിരിക്കുകയില്ലെന്ന് പറയാൻ പറ്റുമോ? അതിനാൽ ആ നഷ്ടപ്പെട്ട പേജുകൾ നാം കണ്ടെത്തണം. അതുകൂടി ചേരുമ്പോൾ മാത്രമെ സമ്പൂർണമായ പ്രകൃതിബോധം, പ്രപഞ്ചവീക്ഷണം, സത്യ ദർശനം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ.

മനുഷ്യന്റെ പരിണാമം ജൈവപരം മാത്രമല്ലെന്നും അതിലുപരി മാനസികമാണെന്നും അത് ''മഹത്തരമായ പൂർത്തീകരണമാണെ'' ന്നും ജൂലിയൻ ഹക്സ്ലി പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യന്റെ ആത്യന്തികവും സർവോത്കൃഷ്ടവുമായ ലക്ഷ്യം 'മഹത്തരമായ പൂർത്തീകരണ' മാണെന്ന് നാമംഗീകരി

ക്കുകയാണെങ്കിൽ നമ്മുടെ മുന്നിലുള്ള മാനസിക പരിണാമത്തിന്റെ സുദീർഘ മായ ഗതിയെ സഹായിക്കുന്നതിനും നയിക്കുന്നതിനും പോരുന്ന മനുഷ്യ സാദ്ധ്യതകളുടെ ഒരു ശാസ്ത്രം നമുക്കാവശ്യമാണ്. ഡോ. രാധാകൃഷ്ണൻ പറഞ്ഞ 'ശാസ്ത്രീയമതം അഥവാ മതാത്മകശാസ്ത്രം' വിവക്ഷിക്കുന്ന ആശ യതലം ഇതിൽ നിന്നന്യമല്ല. ഇന്നത്തെ ശാസ്ത്രത്തിന്റെ അപൂർണത അവിടെ പരിഹരിക്കപ്പെടുന്നു. സാർഥകമായ ജീവിത സംപൂർത്തിക്ക് അത് സഹായ കമായി വർത്തിക്കുന്നു. മനുഷ്യസാധ്യതകളുടെ ഈ ശാസ്ത്രത്തെയാണ് ആധ്യാത്മികവിദ്യ എന്ന് വിളിക്കുന്നത്. ബ്രഹ്മവിദ്യയും സത്യവേദവുമെല്ലാം അതിന്റെ നാമാന്തരങ്ങളാണ്.

# 37. മതം മാർഗമാണ്

●

മനുഷ്യനിൽനിന്ന് ദൈവത്തിലേക്കുള്ള
യാത്രാപഥമാണ് മതം.
മതം ദൈവമല്ല,
ദൈവ സന്നിധിയിലേക്കുള്ള മാർഗമാണ്.
മതം മാർഗമാണ്, ലക്ഷ്യമല്ലതന്നെ.
മുഖം വികൃതമാക്കപ്പെട്ട ദുരവസ്ഥയിലാണ് മതമിന്ന്,
അതാണിന്ന് മതം നേരിടുന്ന വെല്ലുവിളിയും.
ജീവിതത്തിൽ മതത്തിന്റെ പങ്കെന്തെന്ന്
നാം തെറ്റിദ്ധരിച്ചിരിക്കുന്നു.
മാർഗത്തെ ലക്ഷ്യമായിക്കണ്ടാൽ
പിന്നെ യാത്രയാവശ്യമില്ല, അന്വേഷണവും.
മതം ഉദ്ദേശിക്കുന്നത്
നാം കൈവരിച്ചുകഴിഞ്ഞു എന്നു വരുമ്പോൾ
മതത്തെ ആരാധ്യമെന്നു കരുതി
പൂജിക്കാൻ തുടങ്ങും.
അതുകൊണ്ടാണ് മതനാമങ്ങൾ
സ്തുതിവചനങ്ങളാക്കി
ജപമാലകളാക്കി
അനുസ്യൂതമാമന്ത്രിച്ച് ആശ്വാസമടയുന്നത്.
ആചരിക്കപ്പെടാനായവതരിപ്പിച്ചത്
ആമന്ത്രിച്ചാശ്വാസം കൊള്ളുന്ന തലമുറ!
വഴിയല്ല, വഴിനയിച്ചെത്തുന്ന
സന്നിധിയാണ് മുഖ്യം.
മതമല്ല, മതമനുശാസിക്കുന്ന ജീവിതവും
മതം ചൂണ്ടുന്ന മഹാസത്യവുമാണ് സമാരാധ്യം.
മതം മാർഗ്ഗമാണ്, ലക്ഷ്യമല്ല.
ലക്ഷ്യത്തെ മറന്ന്, മാർഗത്തെ ആരാധ്യമായ്ക്കണ്ട്
വർണ്ണച്ചായങ്ങളിട്ട്,

തോരണങ്ങൾ കൊണ്ടലങ്കരിച്ച്
വീണുരുണ്ട് ചുംബിച്ച്
കണ്ണീരുകൊണ്ടഭിഷേചിച്ച്
സത്യത്തിലേക്കുള്ള വഴിയെ
സത്യമാക്കി മാറ്റുന്ന വൈകൃതമാണ്
നാം ചെയ്തു പോരുന്നത്.
അന്ത്യശ്വാസം വരെ
അന്തിമലക്ഷ്യമെന്തെന്നറിയാതെ
അന്ധതയിലുഴലുന്ന ജനപദം!

''നിനക്ക് ഞാൻ സമ്മാനിച്ചിരിക്കുന്ന ഒന്നാമത്തെ വിളക്ക്! വെളിച്ചം കാണിക്കുവാൻ കഴിയാത്ത ദൂരത്തേക്ക് വെളിച്ചം കാണിക്കുവാനാണല്ലോ ഞാൻ നിനക്ക് വേദം നല്കിയത്. അത് മുഴുവനും നിന്നോടുള്ള എന്റെ പ്രസംഗങ്ങളാണ്, ഉജ്ജ്വല പ്രസംഗങ്ങൾ. എന്നിട്ടും നീ എന്താണ് ചെയ്യുന്നത്? നേരം പുലർന്നയുടനെ കൈയും മുഖവുമെല്ലാം കഴുകി, വുളു ചെയ്തു, വൃത്തിയുള്ള വസ്ത്രം ധരിച്ച്, ഖിബ്ലയുടെ നേരെ തിരിഞ്ഞ്, തലയിൽ തൊപ്പിയും വെച്ച് എന്റെ ആ ഓർഡറുകളെല്ലാം അത്യുച്ചത്തിൽ എന്നെ ഇങ്ങോട്ടു നീ വായിച്ചു കേൾപ്പിക്കുന്നു. ഒടുവിൽ ഒരു ബില്ലെഴുതി എന്റെ മുന്നിലേയ്ക്ക് നീ വെച്ചുനീട്ടുന്നു – ഞാൻ ഇത്രപേജ്, ഇത്രവരി, നല്ല അക്ഷരശുദ്ധിയോടെ ഹർഫുകളുടെ മഖ്റജുകൾ തർക്കീക്ക്, തഫ്ഖീം, ഗുന്നത്ത്, ഇമാലത്ത് മുതലായ വായനാമുറകൾ സസൂക്ഷ്മം പാലിച്ചുകൊണ്ട് നിന്നെ വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. ഒരൊറ്റ മട്ടും നിശ്ചിത തോതിലേറെ ഞാൻ നീട്ടിയിട്ടില്ല. അതുകൊണ്ട് ഈ വകയിൽ എനിക്ക് ഇത്രയിത്ര കൂലി കിട്ടേണ്ടതുണ്ട്. ഇതാണ് ബില്ല്. ''ഞാൻ എന്റെ കൈകൾ കൊണ്ട് സൃഷ്ടിച്ച'' (38:75) നീയാണല്ലോ ഇങ്ങനെ താഴ്ന്നു പോയത്! എന്ന് വിലപിക്കാനേ തോന്നുന്നുള്ളൂ (സി.എൻ)

മാർഗത്തെ ലക്ഷ്യമായിക്കരുതി, ആചാരങ്ങൾക്ക് അമിത പ്രാധാന്യം നല്കി, അല്ലാഹുവിന്റെ പവിത്ര ഭൂമികയിലെത്താൻ വിഭ്രമചിത്തരായിക്കഴിയുന്ന നമ്മെയൊന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും നാം വഴിയിൽ ഒരേയിടത്ത് കിടന്നുരുളുകയാണെന്ന്. ജീവിതം വ്യർഥമായെന്ന് അപ്പോൾ ബോധ്യമാവും.

ഖുർആനിൽ മതത്തിന്റെ വ്യത്യസ്ത വശങ്ങളെയും പ്രകൃതത്തെയും പ്രതിപാദിക്കാനുപയോഗിച്ച പദങ്ങളെല്ലാം മതം ലക്ഷ്യമല്ല മാർഗമാണെന്ന മഹാ സത്യത്തെ പ്രബോധിപ്പിക്കുകയാണ്.

ദീൻ – പാത
മസ്ലക് – ഇടുങ്ങിയ മലമ്പാത
ശരീഅത്ത് – നദിയിലേക്ക് നീണ്ടുപോകുന്ന വഴി
തരീഖ – ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണത്തിലേക്കുള്ള വഴി.
സ്വിറാത്ത് – ആരാധനാകേന്ദ്രങ്ങളിലേക്കുള്ള വഴി
ഉമ്മഃ– ഒരു നേതാവിന്റെ കീഴിൽ ഒരു പ്രത്യേക ദിശയിലേക്ക് ഒറ്റയടിപ്പാതയിലൂടെ നീങ്ങുന്ന സംഘം.

സബീൽ, മില്ലത്, മിൻഹാജ്, മഹജ്ജത്, ശിർഅത്, ശർഅ്–തുടങ്ങിയ പദങ്ങളെല്ലാം മാർഗം എന്ന ആശയത്തെ ആവഹിച്ചു നില്ക്കുന്നവയാണെന്ന്

നാം മനസ്സിലാക്കുന്നു.

മതമെന്നത് മാർഗമാണ്–മണ്ണിൽനിന്ന് ദൈവ സന്നിധിയിലേക്കുള്ള മാർഗം. അജ്ഞതയിലും ആലസ്യത്തിലും അലംഭാവത്തിലും ആണ്ടുകിടക്കുന്ന ജനങ്ങളെക്കൂടി വഴിനയിച്ചുകൊണ്ട് ദൈവമാർഗത്തിലൂടെയുള്ള യാത്ര. അതാണിവിടെ വിവക്ഷിതം. ചിലരിവിടെ പാതയുടെ സൗഭാഗ്യത്തെ കീർത്തിച്ചുകഴിയുകയാണ്. മറ്റു ചിലരാകട്ടെ പാതയിൽ കയറിയിരുന്ന് അതിന്റെ ഗുണപരത വിശകലനം ചെയ്യുന്നു. ഇരുവരും മാർഗം ലക്ഷ്യമാണെന്ന് കരുതി കഴിയുന്നു. മതം മാർഗമാണ്, മതം ലക്ഷ്യമല്ല.

# 38. മണ്ണിലേക്കോ വിണ്ണിലേക്കോ?

സർവശക്തനായ ദൈവം, അഖിലാണ്ഡകോടി ബ്രഹ്മാണ്ഡകടാഹത്തിന്റെയും അധിനായകനായ ദൈവം മലക്കുകളോട് പറഞ്ഞു, ഞാൻ ഭൂമിയിലേക്ക് എന്റെ പ്രതിനിധിയായി മനുഷ്യനെ സൃഷ്ടിച്ചയക്കാൻ പോവുകയാണെന്ന്.

ഇതുകേട്ടപ്പോൾ മലക്കുകൾ പരസ്പരം നോക്കി വിസ്മയംകൂറി. മലക്കുകൾ ദൈവത്തോട് ഇങ്ങനെ വിലപിച്ചു:

''രക്തം ചൊരിയാനും കുറ്റം ചെയ്യാനും
വിദ്വേഷവും പ്രതികാരവും വളർത്താനുമാണോ
അങ്ങ് മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നത്?''

എന്തുകൊണ്ടാണ് മലക്കുകൾ ദൈവസന്നിധിയിൽ അങ്ങനെയറിയിച്ചത്? ദൈവം പ്രതിവചിച്ചു:

''നിങ്ങൾക്കറിയാത്തത് എനിക്കറിയാം.''

മനുഷ്യനെക്കുറിച്ച് മലക്കുകൾ സത്യമായും പൂർണമായും ധരിച്ചിട്ടില്ലെന്നും കുറ്റം ചെയ്യാനും വിദ്വേഷവും പ്രതികാരവും വളർത്താനും മാത്രം പോരുന്ന ക്ഷുദ്രജീവിയല്ല മനുഷ്യനെന്നും ദൈവം കരുതുന്നു. നേരാംവണ്ണം പ്രയോജനപ്പെടുത്തിയാൽ വിസ്മയങ്ങൾ വിളയിക്കാൻ പോരുന്ന വിശിഷ്ട സൃഷ്ടിയാണ് മനുഷ്യനെന്നും ദൈവമറിയുന്നു. ആ വിസ്മയത്തിന്റെ വിളനിലമായ മനുഷ്യനെ മലക്കുകൾ വേണ്ടവിധം മനസ്സിലാക്കിയില്ല. അതുകൊണ്ടാണ് അതറിയുന്ന ദൈവം മലക്കുകളോട് പറഞ്ഞത് ''നിങ്ങൾക്കറിയാത്ത ചിലതെനിക്കറിയാ''മെന്ന്.

ഭൂമിയിൽ ഒരു മഹേതിഹാസം ആരംഭിക്കുന്നു. അതിന്റെ പെരുമ്പറയാണവിടെ മുഴങ്ങിയത്. ദൈവം മനുഷ്യനെ സൃഷ്ടിക്കാൻ തുടങ്ങി.

ദൈവത്തിന്റെ പ്രതിനിധിയായതുകൊണ്ട് വിലപിടിപ്പുള്ള അപൂർവ വസ്തുക്കളെക്കൊണ്ടായിരിക്കും മനുഷ്യ സംരചനയെന്ന് ആരും കരുതിപ്പോകും. എന്നാൽ സകലജ്ഞനായ ദൈവം മണ്ണുകൊണ്ടാണ് മനുഷ്യനെ സൃഷ്ടിച്ചത്.

മണ്ണുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ച കാര്യം ഖുർആൻ നിരവധി പ്രാവശ്യം പരാമർശിക്കുന്നുണ്ട് (55:14, 15:26, 6:2, 23:12). അടിഞ്ഞുകൂടിയ മണ്ണുകൊണ്ടെന്ന്, അഴുകിയമണ്ണുകൊണ്ടെന്ന്, കളിമണ്ണുകൊണ്ടെന്ന്.

നിസ്സാരവസ്തുക്കളിൽ അതീവനിസ്സാരമാണ് മൺചളി. ചളിയിലമരുന്ന ജീവികളെക്കാൾ നിസ്സാരമായ ജീവികൾ ജന്തു പ്രപഞ്ചത്തിലില്ല. സർവാരാ

ധ്യനായ ദൈവം ഭൂമിയിലെ തന്റെ പ്രതിനിധിയെ സൃഷ്ടിക്കുന്നത് നിസ്സാരത്തിലും നിസ്സാരമായ ചളികൊണ്ട്-പ്രതിനിധിയിലൂടെ ദൈവത്തെ കാണാൻ ശ്രമിച്ചാൽ? എന്തായാലും ഒരു പന്തികേടുണ്ടതിൽ. ഒരു പക്ഷേ അബോധമായ ഒരു നിമിഷത്തിൽ ദൈവത്തിന് പിണഞ്ഞ അബദ്ധമാണോ അത്? അങ്ങനെ വരില്ല. നിത്യചൈതന്യധന്യമായ ദേവഭാവത്തിൽ അബോധനിമിഷങ്ങളാരോപിച്ചുകൂടാ. പരിപൂർണതയുടെ ഈശ്വരത്വത്തിൽ അബദ്ധവൃത്തി എന്നൊന്നുണ്ടാവുകയുമില്ല. ദൈവത്തിന്റെ ലീലാവിലാസങ്ങൾപോലും സബോധം സോദ്ദേശ്യം നിർവഹിക്കപ്പെടുന്ന സാർത്ഥകവൃത്തികളാണ്.

മനുഷ്യനെന്നത് ഒരു സമന്വയസത്വമാണ്. നിസ്സാരതയുടെ മൺചളിയും സനാതനത്വത്തിന്റെ വരിഷ്ഠ ചൈതന്യവും മനുഷ്യനിൽ സമന്വയിക്കുന്നു. ചളിമണ്ണും വരിഷ്ഠ ചൈതന്യവും സമന്വയിച്ചപ്പോഴാണ് ദൈവത്തിന്റെ കൈകളിൽ മനുഷ്യൻ രൂപപ്പെടുന്നത്. ധ്രുവസംഗമത്തിന്റെ സുന്ദരേതിഹാസമാണ് മനുഷ്യ സംരചന.

അപ്പോൾ മനുഷ്യന്റെ മുന്നിൽ സുപ്രധാനമായ ഒരു പ്രശ്നം ഉയർന്നു വരുന്നു:

നീ മൺചളിയിലേക്കോ
അതോ മഹിത ചൈതന്യത്തിലേക്കോ?
നീ മൺചളിയിലേക്ക് തരംതാഴാൻ
കൊതിക്കുന്നോ?
നീ ഈശ്വരസന്നിധിയിലുയർന്നുപൊങ്ങാ
നാഗ്രഹിക്കുന്നുണ്ടോ?

മനുഷ്യനെ സൃഷ്ടിച്ചു കഴിഞ്ഞപ്പോൾ ദൈവം അവനെ നാമങ്ങൾ പഠിപ്പിച്ചു. (ആദം-മാനുഷ്യകത്തിന്റെ പ്രതീകം) അവൻ നാമങ്ങളുടെ കൈവശക്കാരനായി. ഇതറിഞ്ഞ മാലാഖമാർ അസ്വസ്ഥരായി. അവരിങ്ങനെ തങ്ങളുടെ പരിഭവമറിയിച്ചു:

''പ്രകാശംകൊണ്ടാണ് ഞങ്ങളെ സൃഷ്ടിച്ചത്
മണ്ണിൽനിന്നാണ് മനുഷ്യനെയുണ്ടാക്കിയത്
എന്നിട്ടും ദൈവം ഞങ്ങളെക്കാൾ
അവനെ ഇഷ്ടപ്പെടുന്നു.''

അല്ലാഹു ഇങ്ങനെയറിയിച്ചു:

''നിങ്ങൾക്കറിയാത്തത് ഞാനറിയുന്നു.
നിങ്ങൾ എന്റെ സൃഷ്ടിയുടെ മുന്നിൽ നമിക്കുക.''

മാലാഖമാർ മനുഷ്യന്റെ മുന്നിൽ ദീർഘദണ്ഡം പ്രണമിച്ചു.

ഇസ്ലാം മനുഷ്യന് നല്കിയ പദവിയും പ്രാമുഖ്യവും എത്ര ഉദാത്തമാണ്! തന്റെ സാമീപ്യം ഏറെ അവകാശപ്പെടുന്നവരെന്ന സത്യവും പ്രകാശത്തിൽനിന്ന് പിറവിയെടുത്തവരെന്ന അഭിജാത ഭാവവും ഓർമ്മിച്ചുകൊണ്ടു തന്നെ ആദമിന്റെ പിന്നിൽ നടക്കാനാണ്, മനുഷ്യനെ നമിക്കാനാണ് അല്ലാഹു മാലാഖമാരോടാവശ്യപ്പെട്ടത്. കാര്യമത്രയുമായപ്പോൾ എന്തുകൊണ്ട് മനുഷ്യന്-ആദമിന് മുഖ്യത നല്കി എന്ന് മാലാഖമാരെ ധരിപ്പിക്കാൻ അല്ലാഹു തീരുമാനിച്ചു.

അല്ലാഹു ഇരുകൂട്ടർക്കുമായി ഒരു പരീക്ഷ നടത്തി. കുറേ വസ്തുക്കളെ ചൂണ്ടി അവയുടെ പേർ പറയാൻ ദൈവം മാലാഖമാരോടാവശ്യപ്പെട്ടു. അവർക്ക്

അവയുടെ പേരുകളറിയില്ലായിരുന്നു. ആദം തൃപ്തികരമായി ഉത്തരം പറഞ്ഞു. മാലാഖമാർ സലജ്ജം തലതാഴ്ത്തി. അറിവും സിദ്ധികളും വളർത്തിയെടുത്ത മനുഷ്യന്റെ മുന്നിൽ മാലാഖമാർ പരാജിതരായി. മാലാഖമാരെക്കാൾ പ്രാഥമ്യവും പ്രാമുഖ്യവും മനുഷ്യന് കൈവന്നത് അവൻ നേടിയ അറിവു കൊണ്ടാണ്. അറിവിന്റെ പരീക്ഷയിൽ മനുഷ്യൻ വിജയം കൈവരിച്ചതുമുതൽ മാലാഖമാരുടെ മുൻനിരയിലേയ്ക്ക് അവൻ ഉയർത്തപ്പെട്ടു. മാലാഖമാർ അർഹത അംഗീകരിച്ചുകൊണ്ട് മനുഷ്യനുമുന്നിൽ വിനയാന്വിതരായി. ഇതാണ് മനുഷ്യനെ സംബന്ധിച്ച ഇസ്‌ലാമിക സങ്കല്പം.

തനിക്ക് കൈവന്ന വിശേഷബുദ്ധിയുടെ അനുഗ്രഹംകൊണ്ട് മനുഷ്യൻ ലോകരഹസ്യങ്ങൾ–പ്രപഞ്ചരഹസ്യങ്ങളാകെ–അറിയുന്നു. അതിനാൽ അവൻ ലോകത്ത് രാജഭാവമണിഞ്ഞ് വർത്തിക്കുന്നു. അവന്റെ മുന്നിൽ സമസ്ത ചരാചരങ്ങളും അടിപണിയുന്നു. സൂര്യചന്ദ്രന്മാരും ഭൂമിയും ആകാശവും എന്തിന്, മാലാഖമാർപോലും! അവൻ ഒരേകാലത്ത് സൃഷ്ടിയും സ്രഷ്ടാവും പരിചാരകനും യജമാനനും ദൈവപ്രീതിക്ക് സമർഹനും ദൈവത്തിന്റെ പ്രതിനിധിഷോലുമായി പ്രഭാസിക്കുന്നു.

മനുഷ്യന്റെ അർധാംഗം ദൈവകൃത ചൈതന്യത്തിന്റേതാണ്. അതു കൊണ്ടാണവന് ദൈവസന്നിധിയിലേക്ക് സഞ്ചരിക്കാൻ കഴിയുമെന്ന് പറയുന്നത്. പക്ഷേ, തന്നെയറിയണം. തന്റെ മാർഗവും മനസ്സിലാക്കണം. ആത്മബോധം വഴി കൈവന്ന കരുത്തും ദൈവമാർഗത്തെക്കുറിച്ചുള്ളതെളിഞ്ഞ ബോധവും അവന്നുണ്ടായിരിക്കണം. ദൈവാവബോധമില്ലാത്ത ഒരു സൃഷ്ടിക്ക് ദൈവസന്നിധി പ്രാപിക്കുക സാധ്യമല്ല. മനുഷ്യനിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത് മറ്റൊന്നാണ്. അതുകൊണ്ടാണ് ദൈവം അവന്ന് മാത്രം വിശേഷബുദ്ധി സമ്മാനിച്ചത്. അതുകൊണ്ടാണ് അവന്നുവേണ്ടി പ്രവാചകനെയയച്ചതും വേദഗ്രന്ഥം നല്കിയതും.

തന്നെക്കുറിച്ചറിയാനും ദൈവമാർഗ്ഗത്തിലൂടെ പ്രയാണമാരംഭിക്കാനും ശ്രമിക്കുമ്പോൾതന്നെ മറ്റൊരു ശക്തി അവനെ പിറകോട്ട് വലിക്കുന്നുണ്ട്. പിശാചിന്റെ ശക്തിയാണ് തന്റെ വരുതിയിലേക്കൊതുക്കാൻ അവനെ പിറകോട്ട് വലിക്കുന്നത്. അത് തകർച്ചയിലേക്കും ആലസ്യത്തിലേക്കും അലംഭാവത്തിലേക്കും മരവിപ്പിലേക്കും മരണത്തിലേക്കുമാണ്. നിസ്സാരവും വികൃതവും മലിനവുമായ ഏതൊരു വസ്തുകൊണ്ട് മനുഷ്യൻ നിർമിക്കപ്പെട്ടുവോ ആ ചളിയിലേക്കു അവനെ അമർത്തിയൊതുക്കുന്നതുവരെ അത് തുടരും. മനുഷ്യനവിടെ മരവിച്ച്, വിറങ്ങലിച്ച് ഒടുക്കം കുശവന്റെ കൈയിലെ ഉണക്കപ്പൊടിപോലാകും; ദയനീയ മരണമതാണ്.

ദൈവമാർഗത്തിലേക്കുള്ള പ്രയാണഗതിയിൽ മനുഷ്യൻ കൂടുതൽ കൂടുതൽ പ്രകാശവും ചൈതന്യവുമുള്ളവനായിമാറുന്നു. കൂടുതൽ കൂടുതൽ ശക്തിയും സൗഭാഗ്യവും പൂർണതയും അവനെ അകമ്പടി സേവിക്കുന്നു. ക്രമത്തിലവൻ വിസ്മയങ്ങളുടെ മായൂര പിഞ്ഛം വിടർത്തി വളർന്നുയർന്ന് പൊങ്ങുന്നത് സനാതന സൗന്ദര്യത്തിന്റെ ഹരിതഭൂമികയിലേക്കായിരിക്കും.

മണ്ണിന്റേയും വിണ്ണിന്റേയും സവിശേഷതകളാവാഹിച്ചുകൊണ്ട് മനുഷ്യൻ നില്ക്കുന്നു. പ്രകൃതിയിൽ–പ്രപഞ്ചത്തിൽ–ദൈവവും പിശാചും പരസ്പരം മത്സരിച്ചുകൊണ്ട് വർത്തിക്കുന്നു എന്ന ധാരണയാണ് മതങ്ങളെല്ലാം ഇവിടെ പ്രചരിപ്പിച്ചത്. എന്നാൽ ഇസ്‌ലാം മതം പ്രബോധിപ്പിക്കുന്നത് പ്രകൃ

തിയിൽ ദൈവികശക്തി മാത്രമേ, അവസ്ഥാനം ചെയ്യുന്നുള്ളു എന്നാണ്. മനുഷ്യമനസ്സാണ് യുദ്ധഭൂമി. അവിടെയാണ് പോരാട്ടം. മനുഷ്യനിലെ ദൈവാംശത്തിനെതിരെ പിശാച് പൊരുതാൻ ശ്രമിക്കുകയാണ്. മനുഷ്യൻ ധർമനിഷ്ഠനായി, ഗുണപക്ഷപാതിയായി ചെറുത്തുനിന്ന് പൊരുതി മുന്നേറണം. ആ പോരാട്ടത്തിനാവശ്യമായ വരായുധങ്ങൾ അല്ലാഹു മനുഷ്യന് നല്കിയിട്ടുണ്ട്. അവയെടുത്ത് പ്രയോഗിക്കാനവന് ശക്തിയും പ്രാപ്തിയുമുണ്ടാവണം. തന്നിലെ ദൗർബല്യങ്ങളുടെ പഴുതിലൂടെ പിശാചിന്റെ കടന്നുകയറ്റത്തെ കണ്ടറിയാനുള്ള ജാഗ്രതയാണിവിടെയാവശ്യം. ആസുരശക്തിക്കെതിരെ പൊരുതിജയിച്ച്, മനുഷ്യശക്തിയെ പ്രവൃദ്ധമാക്കി വിഭാവിതലക്ഷ്യം സാധിക്കുമ്പോഴാണ് ജീവിതധന്യതയണിയുന്നത്. മണ്ണിലൂന്നി അല്ലാഹുവിന്റെ തിരുസന്നിധിയിലേക്കുയർന്നെത്തുക എന്ന പ്രതീകാത്മകമായ പ്രബോധനമാണ് മണ്ണുകൊണ്ടുള്ള മനുഷ്യസംരചനയിൽ പ്രദ്യോതിക്കുന്നത്.

തന്നിലെ പിശാചിന് പിടികൊടുക്കാതെ, മനുഷ്യൻ അല്ലാഹുവിന്റെ വെളിപാടുകൾ ശ്രദ്ധിച്ച് മുന്നോട്ട് പോകണം. ആ യാത്രാപഥത്തെ വിചാരമതികൾ ഇങ്ങനെയാണ് വിവരിച്ചത്:

" ...........minus to the power of infinity"

" ........... plus to the power of infinity"

അപ്പോൾ മനുഷ്യന്റെ മുന്നിലുള്ള ചോദ്യം ഇതുമാത്രം.

''മണ്ണിലേക്കോ വിണ്ണിലേക്കോ?''

സത്യമായും നമ്മൾ അല്ലാഹുവിന്റേതാണ്-അതിനാൽ അങ്ങോട്ട് തിരിച്ചുചെല്ലേണ്ടവരാണ് നാം.

## 39. അസദൃശം, അത്യുദാത്തം

●

**തി**ന്മയെ നിഷേധിക്കുക, നിരാകരിക്കുക
നിർമാർജ്ജനം ചെയ്യുക
നന്മയെ പരിചയപ്പെടുത്തുക;
പരമമെന്നറിയിക്കുക
നന്മ നിറഞ്ഞ ധീരനൂതന സമൂഹം
സംവിധാനം ചെയ്യുക.
ഇത്രയുമാണ് ഏത് വിപ്ലവ പ്രസ്ഥാനത്തിന്റെയും കർമകാണ്ഡം.
ഇസ്‌ലാം സൂക്ഷ്മാർഥത്തിൽ ഒരു വിപ്ലവ പ്രസ്ഥാനമാണ്.
ഈ കർമകാണ്ഡത്തിലൂടെ, അവധാനതയോടെ
ഉറച്ച കാല്‌വെപ്പുകളോടെ, ഇസ്‌ലാം മുന്നോട്ട് നടന്നു.
അറബികളുടെയിടയിലെ അത്യാചാരങ്ങൾക്കെതിരെ
അന്ധവിശ്വാസങ്ങൾക്കെതിരെ,
അവരുടെ ജീവിതത്തിലഭിദർശിക്കപ്പെട്ട
ഭീകരമായ പ്രാകൃതാവസ്ഥയ്ക്കെതിരെ
ഇസ്‌ലാം പൊരുതി.
അടിമത്തമവസാനിപ്പിക്കാൻ
ആവശ്യമായതെല്ലാം ചെയ്തു.
അടിമകളേയും സ്ത്രീകളേയും ദുർബലരേയും
സ്വാഭിമാനത്തോടെ, സ്വന്തം കാലിൽ നില്ക്കാൻ
സഹായിക്കുന്ന വ്യവസ്ഥകളുണ്ടാക്കി.
അറിവില്ലായ്മയുടെ അനർഥങ്ങൾക്കറുതിവരുത്താൻ
അക്ഷരവിപ്ലവത്തിന്റെ
പെരുമ്പറ മുഴക്കി.
സമ്പത്തിന്റെ കേന്ദ്രീകരണം തടയാൻ
പുത്തൻ നീതി നിയമങ്ങളവതരിപ്പിച്ചു.
മദ്യപാനം, ചൂതാട്ടം, വ്യഭിചാരം, കൊള്ളപ്പലിശ
എന്നിവയ്ക്കെതിരെ
സനിഷ്കർഷമായ സമീപനങ്ങളാവിഷ്കരിച്ചു.
ചൂഷണ മുക്തമായ സ്വതന്ത്രസമുദായത്തിന്
വേണ്ടിയുള്ള ഭരണക്രമം ചിട്ടപ്പെടുത്തി.
അഭിപ്രായ സ്വാതന്ത്ര്യവും

ന്യൂനപക്ഷരക്ഷണവും
വിശ്വാസതലങ്ങളിലെ സഹിഷ്ണുതയും
ഉറപ്പുവരുത്തി.
ഖുർആൻ പൂർണവും അന്യൂനവുമാണ്,
ഒരു സചേതന ഗ്രന്ഥമാണ്,
അതിരറ്റതും അപരിമേയവുമാണ്.
അസദൃശമാണ്
സാർവലൗകികമാണ്
സ്ഫോടകമാണ്
വിപ്ലവാത്മകമാണ്.

● ● ●

അന്ന് പ്രവാചകന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു ദിവസമായിരുന്നു. തന്റെ ജീവിത ദൗത്യം പൂർത്തിയാവാറായി എന്നൊരു തോന്നൽ അദ്ദേഹത്തിനുണ്ടായി. ദൈവം തന്നെയേല്പിച്ച ബാധ്യതയാണ് സമർപ്പണമനസ്സോടെ പ്രവാചകൻ അന്നോളം ചെയ്തുപോന്നത്. തന്റെ കാലശേഷവും അല്ലാഹുവിന്റ തിരുവചസ്സുകൾ ജനമനസ്സുകളിലും കാലത്തിന്റെ അന്തരീക്ഷത്തിലും മുഴങ്ങിനില്ക്കണം എന്ന് അദ്ദേഹമാഗ്രഹിച്ചു. ചരമദിശയിൽനിന്ന് കൊണ്ട് നിർവഹിക്കുന്ന ഒരൊസ്യത്ത്പോലെ ജനങ്ങളെ അതറിയിക്കണമെന്ന് പ്രവാചകനാഗ്രഹിച്ചു. അവിടന്ന് ആദ്യമായും അവസാനമായും നിർവഹിച്ച ഹജ്ജ് കർമവേളയിൽ മക്കയിൽ കുറച്ചകലെയുള്ള അറഫാ മലയാണ് തന്റെ സമാപന ഭാഷണത്തിനുള്ള വേദിയായി അദ്ദേഹം തിരഞ്ഞെടുത്തത്. അങ്ങോട്ട് നടന്നു. അറഫാ മലമുകളിൽ കയറിനിന്നു. പരസഹസ്രങ്ങൾ കണ്ണും കാതും കൂർപ്പിച്ച് ചുവടെ നില്ക്കുന്നു. പ്രവാചകൻ ഭാഷണമാരംഭിച്ചു. താനന്നോളം ദൈനംദിന ജീവിതത്തിലാചരിച്ചും പ്രബോധിപ്പിച്ചും പോന്ന കർമ പ്രപഞ്ചത്തിന്റെ സാരസംക്ഷേപമാണ് അദ്ദേഹം തന്റെ പ്രഭാഷണത്തിലാവിഷ്കരിച്ചത്. അവ ഇസ്ലാം സംസ്കൃതിയുടെ ഹൃദയഭാഗത്തെയാകെ തെളിച്ചുകാട്ടാൻ പോന്നവയായിരുന്നു. അദ്ദേഹം ദീർഘമായി സംസാരിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ വാക്കുകൾ അവിടെ കൂടിനിന്നവരിൽ പ്രതിസ്ഫന്ദമുളവാക്കി. അവർ ചുമതലപ്പെടുത്തപ്പെട്ടവരെപ്പോലെ, ദൗത്യവാഹകരെപ്പോലെ പല ദിശകളിലേക്കുമായി പിരിഞ്ഞുപോയി.

ഇവിടെ മറ്റൊരു കാര്യം നമ്മുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിധേയമാവണം. പ്രവാചകൻ തന്റെ ശ്രദ്ധേയമായ വിടവാങ്ങൾ പ്രസംഗം നിർവഹിക്കാൻ എന്തിന് അറഫാ മല തിരഞ്ഞെടുത്തു? സത്യവേദ ദർശനത്തിന്റെ അന്തഃസംസ്കാരത്തോട് ആദരവ് കാണിക്കുന്ന പ്രവാചകമനസ്സ് നമുക്കവിടെ കാണാം.

അറഫാ മലയ്ക്ക് ഒരു സവിശേഷപശ്ചാത്തലമുണ്ട്. ആദ്യത്തെ പ്രവാചകനായ ആദം സ്വർഗത്തിൽനിന്ന് ബഹിഷ്കൃതനായപ്പോൾ അഭയം തേടിയെത്തിയത് (യാദൃച്ഛികമാവാം) അറഫയുടെ മുകൾപ്പരപ്പിലായിരുന്നു. പ്രവാചക പരമ്പരയുടെ ആദിസ്ഫന്ദം അവിടെയനുഭവപ്പെട്ടു. ആ പ്രവാചക പരമ്പര മുഹമ്മദ് നബിയിൽ വന്നെത്തിനില്ക്കുന്നു എന്നാണ് മുസൽമാൻ കരുതുന്നത്. പ്രവാചകൻ തന്റെ വിടവാങ്ങൽ പ്രഭാഷണത്തിന് അറഫാ മല മുകളിൽ കയറിനിന്നപ്പോൾ ആദമിലാരംഭിച്ച് തന്നിലെത്തിനില്ക്കുന്ന പ്രവാ

ചകപരമ്പരയെ സ്മരിച്ചിരിക്കും. ഇസ്‌ലാംസംസ്കൃതി ഏതെങ്കിലുമൊരു പ്രവാചകനിലൂടെയവതീർണമായ ദർശന സമുച്ചയമല്ല. അത് ആദ്യത്തെ പ്രവാചകൻ തൊട്ടുള്ളവരിലൂടെ പ്രകാശിതമായ ദർശന വൈവിധ്യങ്ങളുടെ സാരസംക്ഷേപമാണ്. ഇസ്‌ലാംദർശനത്തെ സംപൂർത്തീകരിച്ച മുഹമ്മദ് നബി അറഫയുടെ മുകളിൽ നില്ക്കുമ്പോൾ പ്രവാചകപരമ്പരയെ പ്രതിനിധാനം ചെയ്യുന്നു എന്നാണ് ഭാഷ്യം. അപ്പോഴേ ഇസ്‌ലാംസംസ്കൃതിയുടെ സർവാതിശായിയായ സമഗ്രത ലോകത്തിന് ബോധ്യപ്പെടുകയുള്ളൂ. ഈയൊരു വിശേഷവിചാരമാണ് തന്റെ വിടവാങ്ങൽ പ്രഭാഷണത്തിന് അറഫാമല തിരഞ്ഞെടുക്കാൻ പ്രവാചകനെ പ്രരിപ്പിച്ചത്.

പൂർവവേദങ്ങളെ അവയുടെ മൗലികമായ രൂപഭാവതലങ്ങളിൽ ഇസ്‌ലാം ഉൾക്കൊള്ളുന്നു. എന്നാൽ കാലവും അനുചരന്മാരുടെ നിക്ഷിപ്തതാൽപര്യങ്ങളും വരുത്തിവെച്ച വിനകളെയും വൈകൃതങ്ങളെയും ഇസ്‌ലാം നിരാകരിക്കുന്നു. പൗരോഹിത്യവും വർണാവർണ ഭേദങ്ങളും സങ്കുചിത താൽപര്യങ്ങളും മതങ്ങളെ മലിനമാക്കിയിട്ടുണ്ട്. മനുഷ്യൻ സദാചാരപരമായി തരം താഴുകയും ചെയ്തു.

> ''ഈ ഗ്രന്ഥം സത്യസമേതം നാം താങ്കൾക്ക് ഇറക്കിത്തന്നു. ഇതിന്റെ മുമ്പുള്ള ഗ്രന്ഥത്തെ ശരിവെക്കുന്നതും മേല്നോട്ടം ചെയ്യുന്നതുമാണിത്. അതുകൊണ്ട് അല്ലാഹു ഇറക്കിയതിനെ ആധാരമാക്കി അവർക്കിടയിൽ താങ്കൾ വിധി കല്പിക്കണം. താങ്കൾക്ക് ലഭിച്ച സത്യം വെടിഞ്ഞ് അവരുടെ അഭീഷ്ടങ്ങളെ താങ്കൾ പിന്തുടരരുത്. നിങ്ങളിൽ ഓരോ കാലഘട്ടത്തിനും ഓരോനിയമസംഹിതയും നടപടിച്ചട്ടവും നാം ഏർപ്പെടുത്തിയിട്ടുണ്ട്.''

# വേദഗ്രന്ഥത്തെക്കുറിച്ച്

"**ഖു**ർആൻ ഭക്തിപൂർവം പഠിക്കുന്ന ഓരോ വിദ്യാർഥിക്കും ക്രമേണ അനുഭവപ്പെടുന്നത് പറഞ്ഞറിയിക്കാൻ കഴിയാത്ത അനിർവചനീയമായ ഒരാനന്ദമാണ്. ആ വിദ്യാർഥിയുടെ കഴിവ് വർധിക്കുന്നതനുസരിച്ച് അയാൾക്കുണ്ടാകുന്ന അവബോധവും വർധിച്ചുകൊണ്ടേയിരിക്കും. ആ പഠനം ഒരു പർവതാരോഹകന്റെ അനുഭവത്തിനോട് തുല്യം ചെയ്യാവുന്നതാണെന്ന് പറയാം. അയാൾ മുകളിലോട്ട് കയറുമ്പോഴും ദൂരെയുള്ള സ്ഥലങ്ങൾ ക്രമത്തിൽ ക്രമത്തിൽ കൂടുതലായി ദൃഷ്ടിയിൽ പെടുമല്ലോ. ചാപ്മാൻ വിവർത്തനം ചെയ്ത ഹോമറുടെ ഇതിഹാസ കാവ്യം ആദ്യമായി വായിച്ചപ്പോൾ കീറ്റ്സ് എന്ന ആംഗല കവിക്ക് ഉളവായ അനുഭൂതി സുപ്രസിദ്ധമായ ഒരു ഗീതകത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഒരു വ്യോമ നിരീക്ഷകൻ ഒരു പുതിയ ഗ്രഹം കണ്ടെത്തുമ്പോൾ അയാൾക്കുണ്ടാകുന്ന അനുഭവത്തോടും ഒരു ഭൂഖണ്ഡത്തിന്റെ മുനമ്പിലുള്ള ഒരു ഗിരിശൃംഗത്തിൽ കയറിനിന്ന ഒരു ദിഗ്സഞ്ചാരി മഹാസമുദ്രം കണ്ടപ്പോൾ അയാൾക്കുണ്ടായ അനുഭവത്തോടുമാണ് കീറ്റ്സ് സ്വാനുഭവത്തെ താരതമ്യപ്പെടുത്തുന്നത്. വിശുദ്ധ ഖുർആൻ നമ്മുടെ ആധ്യാത്മിക നേത്രങ്ങളെ തുറക്കുമ്പോൾ നമുക്കുണ്ടാകുന്ന ആനന്ദവും വിസ്മയവും മേലുദ്ധരിച്ച അനുഭവങ്ങളെ ബഹുദൂരം അതിശയിക്കുന്നതായിരിക്കും. പുതിയ പുതിയ അർഥങ്ങൾ നമുക്ക് കാണാൻ സാധിക്കും. അഭിനവമായ മേഖലകളിൽ നാമെത്തിച്ചേരും.

*-അബ്ദുല്ല യൂസുഫലി*

ഖുർആന്റെ സ്വാധീനമില്ലെങ്കിൽ ലോകത്തിൽ
ശാന്തിയും സമാധാനവും നിനനില്ക്കില്ല.

*-മോഡിഫ് കാസ്റ്റിൻകാർ*

**ഖു**ർആന്റെ ശൈലിഹൃദയാവർജകമാണ്. അത് സമഗ്രവും സമ്പൂർണവും കാവ്യകാന്തിയുറ്റതുമാണ്. സുന്ദരമായമാർഗത്തിലൂടെ അത് ദൈവസ്മരണയുണർത്തുന്നു.

*-ഡോ. ചാർട്ടർ*

വേദങ്ങളുടെയും പുരാണങ്ങളുടെയും കാലം കഴിഞ്ഞു. ഇപ്പോൾ ലോകത്തെ നയിക്കാൻപോന്ന ഒരേയൊരു ഗ്രന്ഥം ഖുർആൻ മാത്രം

*-ഗുരുനാനാക്ക്*

ഒരു സംശയത്തിനും ഇട നല്കാത്ത മഹദ്ഗ്രന്ഥമാണ് ഖുർആൻ. ആത്മാർഥതയാണ് അതിന്റെ ഏറ്റവും വലിയ മഹത്വം. വിവിധങ്ങളായ ഗുണങ്ങൾ ഖുർആൻ കൊണ്ടുണ്ടായിട്ടുണ്ട്. ഒരു വിഷയത്തെക്കുറിച്ച് അവസാനവാക്ക് പറയാൻപോരുന്ന ഗ്രന്ഥം കൂടിയാണത്.

*-തോമസ് കാർലൈൽ.*

ഖുർആന്റെ ഭാഷ സാഹിത്യ പുഷ്ക്കലമാണ്. സവിശേഷമായ ഘടനയും ആവിഷ്കാര ചാതുരതയും അതിനെ എന്നെന്നും അതുല്യവും അനുപമവുമാക്കിത്തീർക്കുന്നു. അതിലെ നിയമങ്ങൾ ബുദ്ധിക്കും പ്രകൃതിക്കും യോജിച്ചതാണ്.

*- പോപ്പുലർ എൻസൈക്ളോപീഡിയ*

എന്റെ സത്തയുടെ ന്യൂനതയെക്കുറിച്ചുള്ള ചിന്ത സമ്പൂർണ്ണമായ ഒരു സത്തയുടെ അസ്തിത്വത്തെക്കുറിച്ച് എന്നെ ബോധവാനാക്കിത്തീർക്കുന്നു. ആ സമ്പൂർണ സത്തയാണ് അപൂർണതയെക്കുറിച്ചുള്ള ബോധം എന്നിൽ നിക്ഷേപിച്ചത് എന്ന് വിശ്വസിക്കുവാൻ ഞാൻ നിർബന്ധിതനാണ്. അതെ, അതാണ് ദൈവം; അതിനെനിക്ക് വഴികാട്ടിയത് ഖുർആനും.

*- ഡെക്കാർട്ട്.*

മനുഷ്യഹൃദയത്തിൽ ദൈവാസ്തിത്വത്തെക്കുറിച്ചു ബോധമുണ്ടെന്നതാണ് എന്റെ അഭിപ്രായത്തിൽ ദൈവാസ്തിത്വത്തിനുള്ള ഏറ്റവും വലിയ ദൃഷ്ടാന്തം. ദൈവിക ഭാവന ഹൃദയത്തിലങ്കുരിക്കത്തക്ക ആത്മീയ ശക്തിയുള്ള ഏക ജീവി ഈ പ്രപഞ്ചത്തിൽ മനുഷ്യൻ മാത്രമാണ്. ഈ ശക്തിയെ നാം വിചാരമെന്നും വിചിന്തനമെന്നും വിളിക്കുന്നു. വിചാരങ്ങൾ കൊണ്ടും ദൈവിക ദൃഷ്ടാന്തങ്ങളിലുള്ള വിചിന്തനങ്ങൾകൊണ്ടും മനുഷ്യന്റെ അന്തരംഗത്ത് വമ്പിച്ച ആത്മീയോൽക്കർഷം സംജാതമാകുന്നു. തൻമൂലം ഈ അവസ്ഥാവിശേഷത്തിൽ അദൃശ്യവസ്തുക്കളുടെ യാഥാർഥ്യം അവന് ഗ്രഹിക്കാൻ കഴിയുന്നു. ഈ ശക്തിവിശേഷം ഒരു മനുഷ്യന് മുന്നിൽ യാഥാർഥ്യങ്ങളുടെ ദിവ്യവെളിപാടിന്റെ വിശാലരംഗം തുറന്നുവെക്കുന്നു. അവന്റെ മാനസികവിഭാവനകൾ ആത്മീയ യാഥാർഥ്യങ്ങളുടെ രൂപം പ്രാപിക്കുന്നു. അവന്ന് പ്രാപഞ്ചികവും ആത്മീയവുമായ അസംഖ്യം ദൃഷ്ടാന്തങ്ങളിലൂടെ ദൈവസത്തയെക്കുറിച്ച് തെളിവ് ലഭിക്കുന്നു. ദൈവം എല്ലാ വസ്തുക്കളിലുമുണ്ടെന്ന്, സർവോപരി നമ്മുടെ ഹൃദയങ്ങൾക്ക് സമീപത്തുതന്നെയുണ്ടെന്ന് അവൻ തിരിച്ചറിയുന്നു. ഈ ദിശയിലേക്ക് മനുഷ്യമനസ്സുകളെ പ്രചോദിപ്പിക്കുകയാണ് ഖുർആൻ.

*- ക്രെസ്റ്റിമോറിസൺ*

മുഹമ്മദിനാൽ ദാനം ചെയ്യപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്ത അതേ മൂലപാഠംതന്നെ നമുക്ക് കൈവരുമാറ് അന്തരവും ബാഹ്യവു

മായ എല്ലാ സുരക്ഷിതത്വവും അതിനുണ്ട്. ലോകത്തിലെ മറ്റെല്ലാ മതങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു സവിശേഷത ഇസ്‌ലാമിന് എന്തുകൊണ്ടവകാശപ്പെട്ടുകൂടാ? ഇതര മതങ്ങളൊക്കെ ഗ്രന്ഥങ്ങളുടെ താളുകളിൽ അടഞ്ഞുകിടക്കുമ്പോൾ, മുസ്‌ലിംകൾ അവരുടെ ഖുർആനെ സ്വന്തം ഹൃദയങ്ങളിൽ കാത്ത്സൂക്ഷിക്കുന്നു.

*- സർ വില്യംമൂർ*

ഖുർആന്റെ അധ്യാപനങ്ങളിൽ അയിത്തവും ജാതിയുമില്ല. കാലം, ജാതി, സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ ഒരാൾക്കും അത് മഹത്വം കല്പിക്കുന്നില്ല.

*- ബിപിൻ ചന്ദ്രപാൽ*

ദൈവം ഏകനാണെന്നതിന് ഖുർആൻ സാക്ഷിയാണ്. ദൈവവിശ്വാസിയായ ഒരു ശാസ്ത്രജ്ഞന് വല്ലമതവും സ്വീകരിക്കാൻ കഴിയുമെങ്കിൽ അത് ഇസ്‌ലാം മാത്രമാണ്.

*- ഗിബ്ബൺ*

ഖുർആൻ വായിച്ചുതുടങ്ങുമ്പോൾ ആദ്യം നീരസം തോന്നും. താമസിയാതെ അത് നമ്മെ ആകർഷിക്കും, അദ്ഭുതപ്പെടുത്തും. ഒടുവിൽ അത് നമ്മുടെ ആദരവ് പിടിച്ചുപറ്റും. ഉള്ളടക്കത്തിന്റെ ഗൗരവമനുസരിച്ച് അതിന്റെ ശൈലിഗഹനവും ഭീതിജനകവുമാകും. എന്നാൽ അത് ആദ്യന്തം മനോഹരമാണ്. അതിനാൽ ഈ ഗ്രന്ഥം എക്കാലവും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കും.

*- ഗോയ്ഥേ*

ഖുർആന്റെ കർത്താവ് ആർതന്നെയായാലും ശരി, അദ്ദേഹം ഒരു കാലഘട്ടത്തിന്റെ മാത്രമല്ല, നിരവധി കാലഘട്ടങ്ങളുടെ അധ്യാപകനാണ്. ഖുർആൻ പാരായണം ചെയ്താൽ മനസ്സിലാകും, ഇസ്‌ലാം, ലോകത്തിലെ സർവമതങ്ങളിലും വെച്ച് നിസ്തുലമാണെന്ന്. ഇത് മനഃശാസ്ത്രത്തിന്റെ ആദിഗ്രന്ഥവും ആത്മീയതയുടെ അവസാന ഗ്രന്ഥവുമാണ്.

*- ഗോർഡൺ ചൈൽഡ്*

**(What happened in History)** എന്ന ഗ്രന്ഥം.

ആയുധത്തിന്റെ കരുത്തുകൊണ്ടല്ല ഇന്ത്യയിൽ മുഹമ്മദൻ അധികാരം ഉറപ്പിക്കപ്പെട്ടത്. ഇസ്‌ലാമികപ്രബോധനം കൊണ്ടും ഇസ്‌ലാമിക നിയമങ്ങളുടെ പുരോഗമന സ്വഭാവം കൊണ്ടുമായിരുന്നു.

*- എം.എൻ. റോയ്*

നീക്കുപോക്കില്ലാത്ത ദൈവിക നിയമങ്ങൾക്ക് കീഴ്പ്പെടുവാനുള്ള മുസ്‌ലിം ഹൃദയത്തിലെ ആ സജീവപ്രേരണ അഥവാ ദൈവത്തിന്റെ സർവാതിശായിത്വത്തിലുള്ള അവന്റെ സുദൃഢമായ വിശ്വാസം ഭയഭക്തികളിലൂടെയും സദ്ഗുണങ്ങളും സൽകൃത്യങ്ങൾ മുഖേനയും ദൈവത്തെ പ്രാപിക്കുവാനും ദൈവത്തിന്റെ കാരുണ്യവായ്പിന് പാത്രീഭവിക്കുമാറാകാനും ഉള്ള അവന്റെ ശ്രമങ്ങളെ തടസ്സപ്പെടുത്തും പോലും! പൂർണനിലയിൽ

ആരാധന നടത്തുകയും തന്റെ ദൗർബല്യങ്ങളും ഉൾപ്രേരണകളും അറിഞ്ഞുകൊണ്ട് എല്ലാ ശക്തികളുടെയും പൂർണതകളുടെയും ഉറവിടമായ ആ സർവശക്തനിലേക്ക് ആത്മാവിനെ ഉയർത്തുവാൻ സവിനയം ശ്രമിക്കുകയും ചെയ്യുന്ന ഒരാളുടെ ആന്തരഭക്തിയെ നേരെയാക്കാൻ മതങ്ങളിലെ തത്വശാസ്ത്രപരമായ വിതർക്കങ്ങൾക്ക് സാധിക്കും പോലും. ഖുർആൻ സംശയനിവാരണത്തിനും ദൃഢരൂഢബോധ്യത്തിനും നിദർശനമാണ്.

*- ഗോൾഴിഹർ (Goldzhihar)*

കാപട്യത്തിന്റെ മയൂരമാലകൾ വിരിയിച്ച ഒരു വ്യാജ ദർശനമല്ല ഇസ്‌ലാം. അതിന്റെ വിജയോന്മുഖമായ നാളുകളിൽ അത് അസദൃശമായിരുന്നു. ലോകഹൃദയത്തെ അതു സമാകർഷിച്ചു. ലോകം അന്ധകാരത്തിലാണ്ടു നിന്നപ്പോൾ, നോവും നൊമ്പരവുമണിഞ്ഞുകഴിഞ്ഞപ്പോൾ കിഴക്കൻ ചക്രവാളത്തിലുയർന്ന സമാശ്വാസത്തിന്റെ ദിവ്യതാരകമായിരുന്നു അത്.

*- ആർണോൾഡ് ജോസഫ് ടോയിൻബി*